# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### നാലാം സമ്മേളനം

### 2017 മാർച്ച് 2, വ്യാഴം

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 165 - നമ്പർ 5

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

2017 മാർച്ച് 2, വ്യാഴം

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബു പ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

799/2019

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...23

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...23
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...24

**II ഉത്തരത്തിൽ തിരുത്ത്**

**III അടിയന്തരപ്രമേയം**

സിവിൽ സർവ്വീസ് ഉദ്യോഗസ്ഥതല പ്രശ്നങ്ങൾ–
(അവതരണാനുമതി നിഷേധിച്ചു ) ...388

**IV ശ്രദ്ധ ക്ഷണിക്കൽ**

1. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ—
ശ്രീ. എം. രാജഗോപാലൻ ...407
2. 'സ്റ്റുഡന്റ്സ് വെൽഫെയർ കമ്മീഷൻ' രൂപീകരണം—
ശ്രീ. വി. ഡി. സതീശൻ ...411

**V സബ്മിഷൻ**

1. ഫാ. ടോം ഉഴുന്നാലിലിന്റെ മോചനം—
ശ്രീ. കെ. എം. മാണി ...417
2. ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡിന്റെ സംരക്ഷണം—
ശ്രീ. വി. എസ്. അച്ചുതാനന്ദൻ ...419
3. കർഷക പെൻഷൻ വിതരണം—
ശ്രീ. പി. സി. ജോർജ് ...421
4. അട്ടപ്പാടിയിലെ ശിശു മരണം—
ശ്രീ. എൻ. ഷംസുദ്ദീൻ ...424

പേജ്

5. 'ഭൂമി തിരികെ നൽകൽ'—

ശ്രീ. സി. കെ. ശശീന്ദ്രൻ ...427

6. ബോട്ട് ജെട്ടിയുടെ ആഴംകൂട്ടൽ—

ശ്രീ. തോമസ് ചാണ്ടി ...429

7. ആലത്തൂർ മോഡേൺ റൈസ് മിൽ തുറന്നു പ്രവർത്തിപ്പിക്കൽ—

ശ്രീ. കെ. ഡി. പ്രസേനൻ ...430

8. ശബരി റെയിൽ നിർമ്മാണ പ്രവർത്തനങ്ങൾ—

ശ്രീ. രാജു എബ്രഹാം ...432

9. കരമന-കളിയിക്കാവിള ദേശീയപാതയുടെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ—

ശ്രീ. വി. എസ്. ശിവകുമാർ ...434

10. ബിനാനി സിങ്ക് ലിമിറ്റഡ് അടച്ചുപൂട്ടൽ—

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് ...436

11. ട്രാവൻകൂർ സിമന്റ്സ് നേരിടുന്ന പ്രതിസന്ധി—

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ...437

**VI മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ ...439

**VII റിപ്പോർട്ട് സമർപ്പണം**

സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് ...439

*പേജ്*

**VIII ചട്ടം 303 അനുസരിച്ചുള്ള ക്രമപ്രശ്നം**

മേശപ്പുറത്തുവയ്ക്കുന്ന കടലാസ്സുകൾ സംബന്ധിച്ച്—

ശ്രീ. വി. ഡി. സതീശൻ ...439

**റൂളിംഗ്** ...440

**IX നിയമനിർമ്മാണകാര്യം**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും ...441

(1) 2016-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (സാധൂകരണം) ബിൽ

(2) 2017-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ (ഭേദഗതി) ബിൽ ...460

റൂളിംഗ്

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### നാലാം സമ്മേളനം

*2017 മാർച്ച് 2, വ്യാഴം*

വാല്യം 165] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 5

നിയമസഭ 2017 മാർച്ച് മാസം 2-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ...... ഓർഡർ.... ചോദ്യം നമ്പർ *91.

### ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

1(*91) ശ്രീ. അനിൽ അക്കര:

ശ്രീ. റോജി എം. ജോൺ:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ:

ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാർ ഈ പദ്ധതിക്കുവേണ്ടി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) പദ്ധതി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

റവന്യൂവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരന്‍): സര്‍,

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം 14 ജില്ലകളിലായി 58398 കുടുംബങ്ങള്‍ക്ക് ഭൂമി അനുവദിച്ചിരുന്നു. എന്നാല്‍ അനുവദിച്ച ഭൂമി ചട്ടപ്രകാരം ബന്ധപ്പെട്ട ഗുണഭോക്താക്കള്‍ക്ക് കൈമാറാന്‍ കഴിഞ്ഞിരുന്നില്ല. കൈമാറിക്കഴിഞ്ഞ പ്ലോട്ടുകളെ സംബന്ധിച്ച് വീട് വയ്ക്കാന്‍ അനുയോജ്യമല്ലെന്നും വഴിസൗകര്യം ലഭ്യമല്ലെന്നുമുള്ള ആക്ഷേപങ്ങള്‍ വ്യാപകമായി ഉണ്ടായിരുന്നു. ആക്ഷേപങ്ങളില്‍ അന്വേഷണം നടത്തി തികച്ചും അനുയോജ്യമല്ലാത്ത ഭൂമി വിതരണം ചെയ്തുവ മാറ്റി നല്‍കാനും അവശേഷിക്കുന്ന പ്ലോട്ടുകള്‍ ചട്ടപ്രകാരം കൈമാറാനും നടപടി സ്വീകരിച്ചുവരുന്നു.

(ബി) പദ്ധതി പ്രവര്‍ത്തനം ഏകോപിപ്പിക്കുന്നതിനായി ലാന്‍ഡ് റവന്യൂ ജോയിന്റ് കമ്മീഷണറെ സ്പെഷ്യല്‍ ഓഫീസറായി നിയമിച്ചുകൊണ്ട് സംസ്ഥാന തലത്തില്‍ ഒരു സ്പെഷ്യല്‍ സെല്ലും ഡെപ്യൂട്ടി കളക്ടര്‍ (എല്‍.ആര്‍.)-ന്റെ നേതൃത്വത്തിലുള്ള ജില്ലാതല സ്പെഷ്യല്‍ സെല്ലുകള്‍ക്കും കഴിഞ്ഞ സര്‍ക്കാര്‍ രൂപം നല്‍കുകയും പദ്ധതി പ്രവര്‍ത്തനങ്ങള്‍ക്കുള്ള ഫണ്ട് ബഡ്ജറ്റില്‍ വകകൊള്ളിക്കുകയും ചെയ്തിരുന്നു. സര്‍ക്കാര്‍ ഭൂമിയുടെ ദൗര്‍ലഭ്യം കണക്കിലെടുത്ത് ഭൂമി വിലയ്ക്ക് വാങ്ങുന്നതിനുള്ള ധനശേഖരണാര്‍ത്ഥം ഭൂമിഗീതം എന്ന പേരില്‍ എറണാകുളം, തൃശ്ശൂര്‍ ജില്ലകളില്‍ പ്രത്യേക സ്റ്റേജ് പ്രോഗ്രാം നടത്തുകയും 3.41 കോടി രൂപ സമാഹരിക്കുകയും ചെയ്തു.

(സി) പ്രസിദ്ധീകരിച്ചിട്ടുള്ള ലിസ്റ്റ് പ്രകാരം ഉദ്ദേശം 1.75 ലക്ഷം ഭൂരഹിത കുടുംബങ്ങള്‍ക്ക് ഭൂമി നല്‍കേണ്ടതായിട്ടുണ്ട്. വീട് വയ്ക്കാന്‍ അനുയോജ്യമായ സര്‍ക്കാര്‍ ഭൂമിയുടെ കണക്കെടുപ്പ് പൂര്‍ത്തീകരിക്കാന്‍ കഴിഞ്ഞിട്ടില്ലെങ്കിലും അവശേഷിക്കുന്ന മുഴുവന്‍ ഗുണഭോക്താക്കള്‍ക്കും നല്‍കാന്‍ ആവശ്യമായ ഭൂമി ലഭ്യമാകുമോ എന്ന് പ്രതീക്ഷയില്ലാത്തതിനാല്‍ മറ്റ് പോംവഴികള്‍ കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ശ്രീ. അനില്‍ അക്കര: സര്‍, കഴിഞ്ഞ ഗവണ്‍മെന്റിന്റെ കാലത്ത് ആരംഭിച്ചതും ഏറെ മാതൃകാപരവുമായ ഈ പദ്ധതി തുടരാന്‍ തീരുമാനിച്ചതില്‍ നന്ദി രേഖപ്പെടുത്താന്‍ ഞാന്‍ ഈ അവസരം ഉപയോഗിക്കുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ, കഴിഞ്ഞ ഗവണ്‍മെന്റിന്റെ കാലത്ത് ഏറ്റെടുത്ത് വിതരണം ചെയ്ത ഭൂമിയില്‍ വാസയോഗ്യമല്ലാത്ത പല പ്രദേശങ്ങളുമുണ്ട്. എന്റെ മണ്ഡലത്തിലെ കൈപ്പറമ്പ് ഗ്രാമപഞ്ചായത്തില്‍ അഞ്ഞൂര്‍ വില്ലേജില്‍ ഇരുന്നൂറോളം ആളുകള്‍ക്ക് ഇത്തരത്തില്‍ ഭൂമി കൊടുത്തിട്ടുണ്ട്. കുത്തനെ ചരിഞ്ഞ ഭൂമിയാണ് കൊടുത്തിട്ടുള്ളത്. എന്നാല്‍ ഇപ്പോള്‍ ആ ഭൂമിയിലേക്ക് യാത്ര ചെയ്യാനുള്ള സൗകര്യങ്ങളില്ല. അവിടെ കുടിവെള്ള സൗകര്യമൊരുക്കാനും റോഡ് നിര്‍മ്മിക്കാനും പ്രത്യേക പദ്ധതികളുണ്ട്. കുത്തനെ ചരിഞ്ഞ ഭൂമി ഡെവലപ് ചെയ്താല്‍ അളവില്‍ കുറവു വരുമെന്നുള്ളതുകൊണ്ട് തട്ടുകളായി തിരിച്ച് ഗുണഭോക്താക്കളെ സര്‍ക്കാരിന്റെ ലൈഫ് പദ്ധതിയിലോ മറ്റേതെങ്കിലും പദ്ധതിയിലോ ഉള്‍പ്പെടുത്തി ഫ്ലാറ്റ് നിര്‍മ്മിച്ച് നല്‍കാന്‍ സാധിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയിൽ ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് നേരത്തെ നിശ്ചയിച്ച പ്രകാരം മൂന്ന് സെന്റ് ഭൂമി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. അതിന് സാധ്യതയില്ലാത്ത സ്ഥലങ്ങൾ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ലൈഫ് പദ്ധതിയുമായി ബന്ധപ്പെടുത്തി അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്. ഇപ്പോൾ അതുമായി ബന്ധപ്പെട്ട് സർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ശ്രീ. അനിൽ അക്കര: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ധാരാളം സ്വകാര്യ വ്യക്തികൾ പല പദ്ധതികൾക്കായി സർക്കാരിന് ഭൂമി കൈമാറിയിട്ടുണ്ട്. ഞാൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആയിരിക്കുന്ന സമയത്ത് അടാട്ട് ഗ്രാമപഞ്ചായത്തിൽ 10 ഏക്കർ ഭൂമിയും തിരുവില്വാമല വില്ലേജിൽ ഏതാണ്ട് മുപ്പതോളം ഏക്കർ ഭൂമിയും സർക്കാരിന് കൈമാറിയിട്ടുണ്ട്. അന്ന് ഗുണഭോക്താക്കളെ കണ്ടെത്തി പ്ലോട്ട് ഐഡന്റിഫൈ ചെയ്തെങ്കിലും ഇതുവരെ ആ ഭൂമി കൊടുത്തിട്ടില്ല. അമല ആശുപത്രിക്ക് ഭൂമി കൈമാറുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന ഗവൺമെന്റിറക്കിയ ഉത്തരവാണ്. ഇപ്പോൾ അടാട്ട് പഞ്ചായത്തിലെ ആളുകൾക്ക് ഭൂമി ലഭിക്കുകയും അവർ പ്ലോട്ട് തിരിച്ച് പഞ്ചായത്ത് ധനസഹായത്താൽ വീട് വയ്ക്കാൻ തയ്യാറായിരിക്കുകയുമാണ്. പ്ലോട്ട് ഐഡന്റിഫൈ ചെയ്ത ആളുകൾക്ക് ഇതുവരെ ഭൂമി കൊടുത്തിട്ടില്ല; എന്നത്തേക്ക് ആ ഭൂമി കൊടുക്കാൻ കഴിയും?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഇതുസംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. റോജി എം. ജോൺ: സർ, മുൻ വർഷങ്ങളിൽ സംസ്ഥാനത്ത് കയ്യേറ്റ ഭൂമിയും എക്സസ് ഭൂമിയും ഏറ്റെടുക്കുന്നതിന് വലിയ പ്രക്ഷോഭങ്ങളും രാപ്പകൽ സമരങ്ങളും സംഘടിപ്പിക്കുകയുണ്ടായി. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എവിടെയൊക്കെ, എത്രത്തോളം കയ്യേറ്റഭൂമി ഇത്തരത്തിൽ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്; പദ്ധതിയുടെ ഭാഗമായി എത്ര കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ചിട്ടുണ്ട്?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഭൂരഹിതർക്ക് മൂന്ന് സെന്റ് ഭൂമി അനുവദിക്കുന്ന പദ്ധതിപ്രകാരം ഭരണമാറ്റത്തിനുശേഷം കുറഞ്ഞത് അയ്യായിരത്തിൽപ്പരം ആളുകൾക്ക് ഭൂമി അനുവദിച്ചു കൊടുത്തിട്ടുണ്ട്. ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ബന്ധപ്പെട്ട കളക്ടർമാരുമായി ചേർന്ന് മൂന്നു യോഗങ്ങൾ കൂടുകയും ചർച്ച നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ വിവിധ ജില്ലകളിൽ ഭൂമി കണ്ടെത്തുന്നതിനും അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിനുമുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, ഒരുതുണ്ട് ഭൂമിയില്ലാത്തവരുടെ ദു:ഖം വളരെ വലുതാണ്. കേരളത്തെപ്പോലെ ജനസാന്ദ്രതയുള്ള ഒരു സംസ്ഥാനത്ത് മുൻഗണന കൊടുത്ത് കൈകാര്യം ചെയ്യപ്പെടേണ്ട വിഷയമാണിത്. 58398 പേർക്ക് ഭൂമി അനുവദിച്ചതായാണ് ബഹുമാനപ്പെട്ട മന്ത്രി ഉത്തരത്തിൽ പറഞ്ഞിരിക്കുന്നത്. 1,75,000 പേർക്കുകൂടി ഭൂമി കൊടുക്കേണ്ടതുണ്ട്. ഈ പദ്ധതിപ്രകാരം ഇതുവരെ ലഭ്യമായ ഭൂമി എത്ര പേർക്ക് കൊടുക്കാൻ കഴിയും; പിന്നീട് എത്രപേർക്ക് ഭൂമി കണ്ടെത്തേണ്ടിവരുമെന്ന കണക്ക് സർക്കാരിന്റെ പക്കലുണ്ടോ; ധാരാളം ഭൂമി ഇന്നും സ്വകാര്യ വ്യക്തികളുടെ കയ്യിലുണ്ട്. ലീസ് കാലാവധി കഴിഞ്ഞതും തെറ്റായി കൈവശം വച്ചിരിക്കുന്നതുമായ ഭൂമി അതിൽ ഉൾപ്പെടും. ഭൂമിയില്ലെന്ന വിഷയം കേരളത്തിൽ ഉണ്ടാകില്ല. പലരുടെ പക്കലുള്ള ഭൂമി കണ്ടെത്തി കൈമാറ്റം ചെയ്യപ്പെടുക എന്നത് നിസ്സാരമായ കാര്യമല്ലെന്നറിയാം. അത് ഗൗരവമായി കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനമുണ്ടോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ശ്രീ. വി.ഡി. സതീശൻ ഉന്നയിച്ച ചോദ്യത്തിലെ പ്രധാന വിഷയം, ഭൂമി കണ്ടെത്താനുള്ള ശ്രമം നടത്തിയിട്ടുണ്ടോ; ഭൂമി കണ്ടെത്തിയിട്ടുണ്ടോ എന്നുള്ളതാണ്. ലഭ്യമായ കണക്കനുസരിച്ച് 286.91 ഹെക്ടർ ഭൂമി 3 സെന്റ് വീതം വിതരണം ചെയ്താൽ 20000 പേർക്കെങ്കിലും ഭൂമി ലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ സംസ്ഥാനത്ത് ഒട്ടേറെ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടോ അല്ലെങ്കിൽ ഇത്തരം ആവശ്യങ്ങൾക്ക് വിനിയോഗിക്കേണ്ടതായിട്ടുണ്ടോ എന്ന് കണ്ടെത്താൻ കഴിയുമെന്ന് തന്നെയാണ് ഗവൺമെന്റിന്റെയും അഭിപ്രായം. എന്നാൽ അതിന് ചില കാര്യങ്ങളിൽ നിയമപരമായ നടപടി സ്വീകരിക്കേണ്ടതും അനധികൃതമായി കൈവശം വച്ചിരിക്കുന്ന ആളുകളിൽനിന്നും ഭൂമി ഒഴിപ്പിച്ചെടുക്കേണ്ടതുമുണ്ട്. അത്തരത്തിൽ അവശേഷിക്കുന്ന ഭൂമിയുടെ കണക്ക് നോക്കിയാൽ ആയിരക്കണക്കിന് ഏക്കർ ഭൂമി കണ്ടെത്താൻ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. ഭൂമി കണ്ടെത്തുന്ന മുറയ്ക്ക് 1.75 ലക്ഷം ഭൂരഹിതരായ ആളുകൾക്ക് ലഭ്യമാക്കാൻ കഴിയുമെന്ന് തന്നെയാണ് വിശ്വസിക്കുന്നത്.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, വീടും ഭൂമിയും ഇല്ലാത്ത ആളുകൾക്ക് അഞ്ച് സെന്റ് വരെ വയൽ നികത്തി വീട് വയ്ക്കാമെന്ന തീരുമാനമെടുത്തിരുന്നു. അത് ധാരാളം ആളുകൾക്ക് ഗുണകരവുമായിരുന്നു. എന്നാൽ ആരാണ് അത് തീരുമാനിച്ചുകൊടുക്കേണ്ടതെന്ന കാര്യത്തിൽ അവ്യക്തതയുണ്ട്. അതു സംബന്ധിച്ച് എന്തെങ്കിലും വ്യക്തമായ ഉത്തരവിറക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉത്തരവിറക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യം കഴിഞ്ഞ സഭയിലും ഉയർന്നുവന്നതാണ്. അതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പരിധിയിൽപ്പെടുന്ന കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിന് സഹായകരമാകുന്ന വിധത്തിൽ വകുപ്പ് ഒരു സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. റവന്യൂ വകുപ്പും അതുമായി ബന്ധപ്പെട്ട ഒരു സർക്കുലർ കഴിഞ്ഞ സമ്മേളനത്തിനുശേഷം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഈ രണ്ട് സർക്കുലറുകളും നിലവിലിരിക്കുമ്പോഴും ഇതുമായി ബന്ധപ്പെട്ട് തദ്ദേശഭരണ സ്ഥാപനങ്ങളെയോ റവന്യൂ അധികാരികളെയോ സമീപിച്ചാൽ ചില സംശയങ്ങൾ പ്രകടിപ്പിക്കുന്നതായും വേണ്ടത്ര രീതിയിൽ ഫലപ്രദമാകുന്നില്ലെന്ന ആക്ഷേപവും ബഹുമാനപ്പെട്ട അംഗങ്ങളിൽ നിന്നുൾപ്പെടെ ഉയർന്നുവന്നിട്ടുണ്ട്. തീർച്ചയായും അതിലെ അവ്യക്തത മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, 1960-കളുടെ അവസാനം മുതൽ സ്വന്തം ഭൂമിയിൽ അന്യരായി ജീവിക്കുന്ന കുറച്ചധികം ആളുകളുണ്ട്. അവർക്ക് പട്ടയം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും ഇതുവരെയും ലഭിച്ചിട്ടില്ല. എന്റെ നിയോജകമണ്ഡലത്തിലെ ചിങ്ങവനത്ത്, അത്തരത്തിൽ താമസമായതിനുശേഷം ഒരു കനാൽ വെട്ടുകയുണ്ടായി. ആ കനാൽ പുറമ്പോക്കിലാണെന്ന കാരണത്താൽ മുനിസിപ്പാലിറ്റി എൻ.ഒ.സി. നൽകിയിട്ടും അവർക്ക് ആ ഭൂമി കൊടുക്കുന്നില്ല. എന്നാൽ പുത്തൻതോടിന്റെയും കനാലിന്റെയും പുറമ്പോക്കിൽ താമസിക്കുന്ന ആളുകൾക്ക് പട്ടയം കൊടുക്കുന്നതിന് പഴയ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഈ discrimination പരിശോധിച്ച് പരിഹാരം കാണാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ചൂണ്ടിക്കാണിച്ച വിഷയം നഗരപ്രദേശങ്ങളിലെ അംഗങ്ങൾ നേരത്തേ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. പല പ്രദേശങ്ങളിലും ഇത്തരം ആളുകൾ താമസിച്ചുവരുന്ന ഭൂമി പതിച്ചുകൊടുക്കുന്നതിന് നിയമപരമായ തടസ്സം നിലനിൽക്കുന്ന സാഹചര്യത്തിലാണ് കാലതാമസം ഉണ്ടാകുന്നത്. സുപ്രീംകോടതി വിധിയനുസരിച്ച് ഇത്തരം സ്ഥലങ്ങളിൽ മറ്റൊരു മാർഗ്ഗവുമില്ലെങ്കിൽ അപൂർവ്വമായി ചില നടപടികൾ സ്വീകരിക്കാമെന്നതൊഴിച്ചാൽ വ്യാപകമായി ഇങ്ങനെ പതിച്ചുകൊടുക്കുന്നതിന് നിയമപരമായ തടസ്സമുണ്ട്. വളരെ പാവപ്പെട്ട ആളുകളാണ് ഇത്തരം പ്രദേശങ്ങളിൽ താമസിക്കുന്നത് എന്ന കാര്യത്തിൽ സംശയമില്ല. ഇക്കാര്യത്തിൽ അനുകൂലമായ തീരുമാനമെടുക്കാൻ കഴിയുമോ എന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

ശ്രീ. ഇ. കെ. വിജയൻ: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പതിച്ചു നൽകിയ ഭൂമിയിൽ പലതും വാസയോഗ്യമായിരുന്നില്ല എന്നാണ് ഇവിടെ നേരത്തേ ബഹുമാനപ്പെട്ട മെമ്പർ അനിൽ അക്കര സൂചിപ്പിച്ചത്. ഭൂമി ഒരുമിച്ച് പതിച്ചുനൽകുമ്പോൾ യാത്രാസൗകര്യം കൂടി ഉറപ്പുവരുത്തിക്കൊണ്ടുള്ള സംവിധാനത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വിതരണം ചെയ്ത ഭൂമിയിൽ പലതും വാസയോഗ്യമല്ലാത്തതും യാത്രാസൗകര്യങ്ങളില്ലാത്തതും, വെള്ളവും വെളിച്ചവുമില്ലാത്തതും ആണെന്നത് സംബന്ധിച്ച് ഒട്ടേറെ പരാതികൾ ഉയർന്നുവന്നിട്ടുണ്ട്. അത്തരം അസൗകര്യങ്ങൾ മാറ്റി വഴിയും വെള്ളവും വെളിച്ചവുമുള്ള വാസയോഗ്യമായ ഭൂമി കണ്ടെത്താനുള്ള ശ്രമമാണ് സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാവുക. അതിനാവശ്യമായ ഭൂമി സർക്കാരിന്റെ പക്കൽ ഇതുവരേയും എത്തിച്ചേരാത്ത സാഹചര്യത്തിലാണ് പൂർണ്ണമായ രീതിയിൽ ഒറ്റയടിക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് പറയാൻ സാധിക്കാത്തത്. വാസയോഗ്യവും വഴിയും വെള്ളവും വെളിച്ചവുമുള്ള പ്രദേശങ്ങൾ നൽകാനുള്ള നടപടിയാണ് സർക്കാർ സ്വീകരിക്കാൻ പോകുന്നത്.

ശ്രീ. അടൂർ പ്രകാശ്: സർ, ബഹുമാന്യനായ മന്ത്രി ഇന്ന് ഉത്തരം നൽകിയപ്പോൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ 58398 കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ചുനൽകി എന്ന് പറയുകയുണ്ടായി. കഴിഞ്ഞ സമ്മേളനത്തിൽ എന്റെ ചോദ്യത്തിന് 36000-ലധികം ആളുകൾക്കേ ഭൂമി നൽകാൻ കഴിഞ്ഞിട്ടുള്ളൂ എന്നാണ് മറുപടി നൽകിയത്. മന്ത്രി എന്ന നിലയിൽ ടി ഭൂമി നേരിട്ട് പോയി പരിശോധന നടത്തി പതിച്ചുകൊടുക്കുകയെന്നത് പ്രായോഗികമല്ല. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നിർദ്ദേശിക്കുന്നതിനനുസിച്ചാണ് ഭൂമി വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കുന്നത്. ബഹുമാന്യനായ മന്ത്രി ബാക്കിയുള്ള ആളുകൾക്കുകൂടി ഭൂമി കൊടുക്കാൻ നടപടി സ്വീകരിക്കുമെന്ന് സൂചിപ്പിക്കുകയുണ്ടായി. അത് നല്ല കാര്യമാണ്. എന്തായാലും അങ്ങയുടെ മറുപടിയിൽത്തന്നെ പറഞ്ഞിട്ടുള്ളത് വീട് വയ്ക്കാനുള്ള ഭൂമി കൊടുത്തെങ്കിലും അവിടേയ്ക്ക് പോകാനുള്ള വഴിയോ മറ്റ് സൗകര്യങ്ങളോ ഇല്ല എന്നാണ്. പരിശോധന നടത്തി വാസയോഗ്യമായി കണ്ടെത്തിയ ഭൂമി കൊടുക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട മുൻ റവന്യൂ വകുപ്പുമന്ത്രി ഈ ചോദ്യം ചോദിച്ചത് എന്തായാലും നന്നായി. കഴിഞ്ഞ സഭാ സമ്മേളനത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഞാൻ ആവർത്തിക്കുകയാണ്. എന്നാൽ കഴിഞ്ഞ സഭാ സമ്മേളനത്തിനുശേഷം, പുതുതായി കണ്ടെത്തിയ ഭൂമികൂടി ഉൾപ്പെടുത്തി, അനുവദിച്ചവരുടെ എണ്ണത്തിൽ അല്പം വർദ്ധനവുണ്ടായിട്ടുണ്ട്. പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളിലായി 58398 ഗുണഭോക്താക്കൾക്ക് ഭൂമി അനുവദിച്ചിരുന്നു. കാസർഗോഡ്, കണ്ണൂർ, ഇടുക്കി ജില്ലകളിലുള്ള മുഴുവൻ ഗുണഭോക്താക്കൾക്കും പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്. നാളിതുവരെ ജില്ലാതലത്തിൽ വിതരണം ചെയ്ത പട്ടയങ്ങളുടെയും ഭൂമിയുടെയും കണക്ക് ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് സഹിതം ഉണ്ട്. അനുവദിച്ച പട്ടയങ്ങളുടെ എണ്ണം 58398, അന്ന് വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം ഏകദേശം 39000-ത്തിൽ താഴെയാണ്. അതിനുശേഷം കൊടുത്തത് ഉൾപ്പെടെ 45654 ആയി വർദ്ധിച്ചിട്ടുണ്ട്.

ഇത്രയും പട്ടയം കൊടുത്തതിനുശേഷം ഭൂമി കൈമാറിയത് 30650 ആളുകൾക്കാണ്. അതിനുശേഷം പട്ടയം വിതരണം ചെയ്ത ഭൂമി കൈമാറാൻ കഴിയാത്ത കേസുകളുടെ എണ്ണം നോക്കിയപ്പോൾ അത് 14903 ആണ്.

മി.സ്പീക്കർ: പ്ലീസ്, പ്ലീസ്.....ശ്രീ. അടൂർ പ്രകാശ്, അങ്ങിരിക്കൂ..... അങ്ങ് ചോദിച്ചത് അതല്ലല്ലോ; എത്രപേർക്ക് ഭൂമി കൊടുത്തു എന്നല്ലേ; അർഹതപ്പെട്ടവർക്കെല്ലാം ഭൂമി കൊടുക്കാൻ നടപടി സ്വീകരിക്കുമോ എന്നല്ലേ ചോദിച്ചത്? അതിനുള്ള മറുപടിയല്ലേ പറയുന്നത്... ഇരിക്കൂ.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ചെങ്ങറക്കാർ ഇപ്പോഴും സെക്രട്ടേറിയറ്റിനു മുൻപിൽ സമരത്തിലാണ്. അവർക്ക് മുഴുവൻ ഭൂമി കൊടുത്തെങ്കിൽ സെക്രട്ടേറിയറ്റിന് മുൻപിൽ കിടക്കേണ്ട ആവശ്യമില്ലല്ലോ?

മി.സ്പീക്കർ: റെക്കോർഡില്ലാതെ, ഉച്ചഭാഷിണിയില്ലാതെ പറയുന്ന ചോദ്യങ്ങൾക്ക് മറുപടി പറയേണ്ട.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, മുൻ റവന്യൂ വകുപ്പുമന്ത്രിയാണ് ചോദിച്ചത് എന്നതു കൊണ്ടാണ് ഞാൻ മറുപടി പറയുന്നത്. 58000 പേർക്ക് ഭൂമി അനുവദിച്ചെങ്കിലും കൊടുക്കാൻ കഴിഞ്ഞത് 45684 ആളുകൾക്കാണ്. അതിൽ 30000 പേർക്ക് മാത്രമാണ് കൈമാറ്റം ചെയ്തത്. പക്ഷേ മഹാഭൂരിപക്ഷം സ്ഥലങ്ങളും ആളുകൾക്ക് താമസിക്കാൻ കഴിയാത്തവയാണ് എന്നുള്ളതുകൊണ്ട് അതിന്റെ വിശദമായ കണക്കുകൾ ഞാൻ ഇവിടെ സൂചിപ്പിച്ചു എന്നേയുള്ളൂ. സമരം നടത്തുന്നതിൽ 3 സെന്റിന്റെ പട്ടയം കിട്ടിയിട്ട് ഇപ്പോഴും ഭൂമി കൈമാറ്റം ചെയ്തുകിട്ടാത്ത ഒരുപാടുപേരുണ്ട്. അവർക്ക് ഭൂമി കണ്ടെത്തിക്കൊടുക്കാനുള്ള ശ്രമത്തിലാണ് ഈ ഗവൺമെന്റ്. തീർച്ചയായും അതിനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകും.

ശ്രീ. ജെയിംസ് മാത്യു: സർ, 58000 പേർക്ക് ഭൂമി അനുവദിച്ചു, 39000 പേർക്ക് പട്ടയം കൊടുത്തു, 30000 പേർക്ക് ഭൂമി കാണിച്ചുകൊടുത്തു. എന്നാൽ ഇവിടത്തെ സ്ഥിതി പരമ ദയനീയമാണ്. ഒരു തുള്ളി വെള്ളം പോയിട്ട്, അവിടേക്ക് കയറാൻ പോലും സാധിക്കില്ല. ബഹുമാന്യനായ ഇ. കെ. വിജയൻ എം.എൽ.എ.-യുടെ ചോദ്യത്തിന് മറുപടിയായി അങ്ങ് പറഞ്ഞതിനെ ഞാൻ പൂർണ്ണമായി സ്വാഗതം ചെയ്യുകയാണ്. അതിനുള്ള ഒരു മെക്കാനിസവും കൂടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് എന്റെ അഭ്യർത്ഥന. ഇതുസംബന്ധിച്ച് കളക്ടറോട് ഞങ്ങളാരെങ്കിലും ചോദിച്ചാൽ ഇല്ല എന്ന ഉത്തരമാണ് ലഭിക്കുക. അതിനാൽ വാസയോഗ്യമല്ലാത്ത ഭൂമി കൈമാറ്റം ചെയ്ത് കിട്ടിയതുകൊണ്ട് ഗതികേടനുഭവിക്കുന്ന ആളുകളുടെ പ്രശ്ന പരിഹാരത്തിന് സഹായകരമാകുന്ന ഉത്തരവ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. മന്ത്രിക്ക് നേരിട്ട് പോയി പരിശോധിക്കാൻ നിവൃത്തിയില്ലെന്ന് മുൻ

റവന്യൂ വകുപ്പുമന്ത്രി പറയുകയുണ്ടായി. അതുകൊണ്ട് ഭാവിയിൽ കൈമാറ്റം ചെയ്യുന്ന ഭൂമി മന്ത്രിക്ക് നേരിട്ട് പോയി പരിശോധിക്കാൻ സാധിക്കില്ലെങ്കിലും വാസയോഗ്യമായ ഭൂമിയാണോ എന്ന് പരിശോധിക്കാനുള്ള സംവിധാനം ഉറപ്പുവരുത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഇത്തരത്തിലുള്ള 286.91 ഹെക്ടർ ഭൂമി കണ്ടെത്തിയിട്ടുണ്ടെന്നാണ് ഞാൻ നേരത്തേ ഇവിടെ സൂചിപ്പിച്ചത്. അതിൽ വാസയോഗ്യമല്ലാത്ത ഭൂമിയുണ്ടെങ്കിൽ തീർച്ചയായും പരിശോധനാ വിധേയമാക്കും. ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ജനപ്രതിനിധികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളും ഉൾപ്പെടെ അത്തരം സ്ഥലങ്ങൾ പ്രത്യേകം പരിശോധിച്ചാൽ വാസയോഗ്യമായ ഭൂമി കണ്ടെത്താൻ കഴിയും. ഇതിന് പരമാവധി ശ്രമിക്കാം. നേരത്തേ വിതരണം ചെയ്ത ഭൂമി സംബന്ധിച്ച ആക്ഷേപങ്ങളും പരാതികളും ബന്ധപ്പെട്ട ജില്ലാ കലക്ടർമാർക്കാണ് ലഭിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ അങ്ങനെയുള്ള ഭൂമി വിതരണം ചെയ്യുമ്പോൾ ഇത്തരം പോരായ്മകൾ ആവർത്തിക്കപ്പെടാതിരിക്കണമെന്ന് പൊതുവായി നിർദ്ദേശം നൽകാനും ആ കുറവ് പരിഹരിക്കാനുമുള്ള നടപടികൾ ഉണ്ടാകും.

ശ്രീ. സി. മമ്മൂട്ടി: സർ, ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽപ്പെടുത്തി ഭൂമി കൊടുക്കുമ്പോൾ സ്വാഭാവികമായും ഈ പറയുന്ന പ്രശ്നങ്ങൾ ആവർത്തിച്ചു കൊണ്ടേയിരിക്കും. കാരണം ഭൂമി പരിമിതമാണ്, ആളുകളുടെ എണ്ണം വർദ്ധിക്കുന്നു. നമുക്ക് ചെയ്യാൻ കഴിയുന്ന പ്രായോഗികമായ കാര്യം, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർ ശ്രദ്ധിക്കേണ്ട ഒരു വിഷയം, പരിമിതമായ ഭൂമി ഇങ്ങനെ കൊടുത്തു തീരുമ്പോൾ പുതിയ തലമുറയ്ക്ക് ഭൂമി ഉണ്ടാവില്ല. ലഭ്യമായ ഭൂമിയിൽ (ഫ്ലാറ്റ്) പാവപ്പെട്ടവർക്ക് വീട് നിർമ്മിച്ച് കൊടുക്കാനുള്ള സംവിധാനം ഉണ്ടാക്കണം. അത് രണ്ടുംകൂടി സമന്വയിപ്പിച്ചുകൊണ്ട് പത്തോ പതിനാലോ നിലയിൽ ടൗൺഷിപ്പ് കൊണ്ടുവരാൻ കഴിയും. അതുവഴി ഭൂരഹിതരുടെ പ്രശ്നം പരിഹരിക്കാനും അവർക്ക് വീടുകൊടുക്കാനും കഴിയും. അല്ലാതെ കേരളത്തിലെ മുഴുവൻ ഭൂമി കൊടുത്താലും ഈ പ്രശ്നം ഉണ്ടായിക്കൊണ്ടേയിരിക്കും. പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാൻ ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. സി. മമ്മൂട്ടി ചൂണ്ടിക്കാണിച്ച കാര്യം വളരെ ശരിയാണ്. 'ഭൂരഹിതരില്ലാത്ത കേരളം' എന്ന ഭാവനാപൂർണ്ണമായ ഒരു പദ്ധതി, സങ്കൽപ്പം വളരെ നല്ലതാണ്. പക്ഷെ, കുടുംബങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്ന മുറയ്ക്ക് ഭൂരഹിതരുടെ എണ്ണവും വർദ്ധിക്കുന്നു. അതുമാത്രമല്ല, തങ്ങളുടെ കയ്യിൽ കിട്ടുന്ന ഭൂമി കൈമാറ്റം ചെയ്ത് ഭൂരഹിതരായി മാറുന്ന ആളുകളുടെ

എണ്ണവും കുറവല്ല. ഇത്തരം വിഷയങ്ങളുള്ള സാഹചര്യത്തിൽ തീർച്ചയായും "LIFE" (സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി) പോലുള്ള പദ്ധതിയുടെ ഭാഗമായി എല്ലാ സ്ഥലങ്ങളിലും ഫ്ലാറ്റുകൾ നിർമ്മിച്ചുകൊടുത്തുകൊണ്ട് പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. ചിലയിടങ്ങളിൽ ഫ്ലാറ്റുകളിൽ താമസിക്കുന്നതിന് താൽപ്പര്യം കാണിക്കാത്ത ജനവിഭാഗങ്ങളുണ്ട്. മറ്റ് ചില പ്രദേശങ്ങളിൽ 3 സെന്റ് നൽകിയാൽ അവിടെ വീട് വച്ച് താമസിക്കാൻ താൽപ്പര്യമുള്ളവരുണ്ട്. എന്നാൽ പരമാവധി ഭൂമിയുടെ അളവ് ചുരുങ്ങുകയും ആവശ്യക്കാരുടെ എണ്ണം വർദ്ധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഫ്ലാറ്റുകൾ ഉൾപ്പെടെയുള്ളവ നിർമ്മിച്ചുകൊടുക്കാൻ കഴിയുന്ന മേഖലകളിൽ, പ്രത്യേകിച്ച് നഗരപ്രദേശങ്ങളിൽ ഇത്തരം പദ്ധതികൾക്ക് രൂപം നൽകുന്നത് ഏറ്റവും ഉചിതമായിരിക്കുമെന്നും ഈ നിർദ്ദേശം സ്വാഗതാർഹമാണെന്നുമാണ് അത് സംബന്ധിച്ച് പറയാനുള്ളത്.

<u>ശ്രീ. എം. സ്വരാജ്</u>: സർ, ഇവിടെ 'ഭൂരഹിതരില്ലാത്ത കേരള'മെന്ന ഏറ്റവും പ്രതീക്ഷാനിർഭരമായ ഒരു പദ്ധതിയെ സംബന്ധിച്ചാണ് നാം സംസാരിക്കുന്നത്. നാം അഭിമുഖീകരിക്കേണ്ടിവരുന്ന പ്രധാനപ്പെട്ട ഒരു വെല്ലുവിളി, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തിട്ട് വിവിധ കാരണങ്ങളാൽ അടവ് മുടങ്ങിപ്പോയിട്ടുള്ള ആളുകളുടെ നിലവിലുള്ള വീട് ജപ്തി ചെയ്യപ്പെടുന്ന ഒരു സാഹചര്യം നമ്മുടെ മുമ്പിലുണ്ട്. എല്ലാവർക്കും വീട് കൊടുക്കുന്ന പദ്ധതിയെക്കുറിച്ച് ചർച്ച ചെയ്യപ്പെടുമ്പോൾത്തന്നെ നിലവിലുള്ള വീട് നഷ്ടപ്പെടുന്ന ഒരു സ്ഥിതിവിശേഷവുമുണ്ടാകുന്നു. ആ കാര്യത്തിൽ ധനകാര്യ സ്ഥാപനങ്ങൾ മനുഷ്യത്വപരമല്ലാത്ത ഒരു സമീപനമാണ് സ്വീകരിക്കുന്നത്. റവന്യൂ റിക്കവറി നടപടികളിൽനിന്നും വീട് ഒഴിവാക്കുന്നത് സംബന്ധിച്ച്, ഈ പുതിയ പദ്ധതിയുടെ വെളിച്ചത്തിൽ, നമുക്ക് എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ശ്രീ. എം. സ്വരാജ് ഇവിടെ ചൂണ്ടിക്കാണിച്ചത് വളരെ നല്ലതും ശരിയായതുമായ ഒരാശയമാണ്. പക്ഷെ, നിലവിലുള്ള നിയമമനുസരിച്ചാണ് ഈ കാര്യങ്ങളൊക്കെ നടക്കുന്നതെന്ന പ്രത്യേകതയാണ് നമ്മുടെ മുമ്പിലുള്ളത്. റവന്യൂ വകുപ്പുമന്ത്രിയെന്ന നിലയിൽ എന്റെ മുമ്പിലെത്തുന്ന, റവന്യൂ റിക്കവറി നടപടികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വരുമ്പോൾ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച കാര്യം പലപ്പോഴും തോന്നിയിട്ടുള്ളതാണ്. ഭൂമിയില്ലാത്തവർക്ക് ഭൂമിയും വീടില്ലാത്തവർക്ക് വീടും കൊടുക്കാനുള്ള പദ്ധതി നടപ്പാക്കാൻ എല്ലാതരത്തിലും ഒരുങ്ങി നമ്മൾ മുന്നോട്ടുപോകുകയാണ്. അത്തരമൊരു സാഹചര്യത്തിൽ വീടുള്ളവരെ വീട്ടിൽനിന്ന് ഇറക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്ന നിലവിലുള്ള നിയമത്തിന്റെ പ്രശ്നങ്ങൾ സംബന്ധിച്ച് എന്തുചെയ്യാൻ കഴിയുമെന്നത് ഗൗരവമായി ആലോചിക്കേണ്ട വിഷയമാണ്. തീർച്ചയായും അത്തരമൊരു ആശയത്തെ അടിസ്ഥാനപ്പെടുത്തി അതിന്റെ തുടർ ചർച്ചയും തീരുമാനവുമെല്ലാം സ്വീകരിക്കാവുന്നതാണ്.

ശ്രീ. അൻവർ സാദത്ത്: സർ, പഞ്ചായത്ത് തലങ്ങളിൽ ധാരാളം ഭൂമിയുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഇപ്പോഴും സർവ്വേയർമാരുടെ ലഭ്യതക്കുറവ് ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിൽ വലിയ പ്രശ്നമുണ്ടാക്കുന്നുണ്ട്. അതിനൊരു പരിഹാരം കണ്ടെത്താൻ ഗവൺമെന്റ് ശ്രദ്ധിക്കുമോ; അതോടൊപ്പംതന്നെ നിലം നികത്തുന്നത് സംബന്ധിച്ച് ഗവൺമെന്റ് ഓർഡർ ഇറക്കിയെങ്കിലും വേണ്ട രീതിയിൽ കൃഷി വകുപ്പും റവന്യൂ വകുപ്പും ഏകോപനത്തിലെത്താനുള്ള സാഹചര്യമുണ്ടായിട്ടില്ല. ഭൂമിയില്ലാത്ത ആളുകൾക്ക് നിലമായി കിടക്കുന്ന സ്ഥലം കരഭൂമിയാക്കി വീട് പണിയുന്നതിനുള്ള അപേക്ഷകളിൽ എത്രയും വേഗം തീർപ്പ് കൽപ്പിക്കാനുള്ള ഒരു സാഹചര്യമുണ്ടാക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട മെമ്പർ രണ്ടാമത് ചൂണ്ടിക്കാണിച്ച കാര്യം ഞാനാദ്യം സൂചിപ്പിച്ചുകഴിഞ്ഞതാണ്. ഇതുമായി ബന്ധപ്പെട്ട് നേരത്തെ ഒരു സർക്കുലർ ഇറക്കിയിട്ടുണ്ട്. അതിൽ ഏതെങ്കിലും തരത്തിലുള്ള അപര്യാപ്തതയോ, സ്പഷ്ടീകരണം നടത്തേണ്ടതിന്റെ ആവശ്യകതയോ ഉണ്ടെങ്കിൽ അത് സ്വീകരിക്കാവുന്നതാണ്. മറ്റൊന്ന്, ഭൂമി അളന്ന് തിട്ടപ്പെടുത്താനാവശ്യമായ സർവ്വേയർമാരില്ല എന്ന രീതിയിൽ അദ്ദേഹം ഒരു കാര്യം ചൂണ്ടിക്കാണിക്കുകയുണ്ടായി. സർവ്വേയർമാരുടെ എണ്ണം മോശമല്ലാത്ത വിധത്തിൽ നമ്മുടെ സംസ്ഥാനത്തുണ്ട്. തീർച്ചയായും ഏതെങ്കിലും മേഖലകളിൽ അത്തരം വിഷയമുണ്ടെങ്കിൽ, സർക്കാരിലേക്ക് എടുക്കേണ്ട ഭൂമിയുടെ റീ സർവ്വേ പുനരാരംഭിക്കുകയാണ്. റീസർവ്വേ നടപടികളുമായി മുന്നോട്ടുപോകാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. സർക്കാരിൽ നിക്ഷിപ്തമാക്കേണ്ട ഭൂമിയെ സംബന്ധിച്ച വ്യക്തമായ ഒരു ചിത്രം റീ സർവ്വേയിലൂടെ നമുക്ക് ലഭ്യമാകും. അതിനുപുറമെ ഏതെങ്കിലും പ്രദേശത്തെ ഭൂമിയുമായി ബന്ധപ്പെട്ട വിഷയത്തിൽ സർവ്വേ നടത്തേണ്ടതുണ്ടെങ്കിൽ ശ്രദ്ധയിൽപ്പെടുത്തിയാൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ: വിഷയം ഭൂമി ആയതുകൊണ്ട് നമ്മൾ കുറച്ചധികം സമയമെടുത്തു. ഇനി നിവൃത്തിയില്ല.

## സോഷ്യൽ ഓഡിറ്റിംഗ്

2(*92) ശ്രീമതി സി. കെ. ആശ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീമതി ഗീതാ ഗോപി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് ജോലികൾക്ക് സോഷ്യൽ ഓഡിറ്റിംഗ് നിർബന്ധമാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആരെയാണ് സോഷ്യൽ ഓഡിറ്റിംഗിന് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഏതൊക്കെ തലത്തിലാണ് സോഷ്യൽ ഓഡിറ്റിംഗ് നടത്തുന്നത്; വിശദാംശങ്ങൾ നൽകുമോ;

(സി) സോഷ്യൽ ഓഡിറ്റിംഗ് വഴി എന്തെല്ലാം നേട്ടങ്ങളാണ് ഉണ്ടാകുന്നതെന്ന് അറിയിക്കുമോ;

(ഡി) കരാറുകാരും ഉദ്യോഗസ്ഥരും തമ്മിലുള്ള ഒത്തുകളി അവസാനിപ്പിക്കുന്നതിന് സോഷ്യൽ ഓഡിറ്റിംഗ് മുഖേന സാധ്യമാകുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ,

(എ&ബി) 2016 ജൂൺ 24-ന് ഈ സഭയിൽ ബഹുമാനപ്പെട്ട ഗവർണർ നടത്തിയ പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ സോഷ്യൽ ഓഡിറ്റിംഗ് നിർബന്ധമാക്കിയിട്ടുണ്ട്. പ്രസംഗത്തിലെ 146-ാം ഖണ്ഡികയിൽ 'പി.ഡബ്ല്യു.ഡി. പ്രവൃത്തികളിൽ സോഷ്യൽ ഓഡിറ്റ് സ്വീകരിക്കുന്നതാണെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. ജില്ലാ-സംസ്ഥാന തലങ്ങളിലും അസംബ്ലി മണ്ഡലാടിസ്ഥാനത്തിലുമാണ് ഓഡിറ്റ് നടത്താൻ ഉദ്ദേശിക്കുന്നത്. പൊതുമരാമത്ത് വകുപ്പ് നടത്തുന്ന ഓരോ പ്രവൃത്തിയും ആവശ്യം വന്നാൽ പരിശോധിക്കപ്പെടണമെന്നാണ് തീരുമാനം. ജനപ്രതിനിധികളും സാങ്കേതിക വിദഗ്ദ്ധരും ഇത്തരം കാര്യങ്ങളിൽ പൊതുവേ സ്വീകാര്യരായ വ്യക്തികളുമടങ്ങുന്ന കമ്മിറ്റികളാണ് തീരുമാനമെടുക്കുന്നത്. കമ്മിറ്റികൾ രൂപീകരിച്ച് പ്രഖ്യാപിച്ചിട്ടില്ല. അതിന്റെ ഘടനയെപ്പറ്റിയാണ് ഞാൻ പറയുന്നത്.

(സി) പ്രവൃത്തികളുടെ ഗുണനിലവാരം, നിർമ്മാണ പ്രവൃത്തികളുടെ ഉദ്ദേശ ലക്ഷ്യങ്ങളുടെ സാക്ഷാത്കാരം, അതിന്റെ ജനകീയത, സുതാര്യത, സമയബന്ധിതമായി പൂർത്തിയാക്കൽ, സാമ്പത്തികമായിട്ടുള്ള ദുർവിനിയോഗമില്ലായ്മ എന്നിവ ഉറപ്പാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ഇന്നുള്ളതിനെക്കാൾ കുറേക്കൂടി മുന്നോട്ടുവന്ന് വലിയൊരു പരിധിവരെ, പൊതുമരാമത്ത് വകുപ്പിലുണ്ടെന്ന് പൊതുവേ ആക്ഷേപമുള്ള അഴിമതി അവസാനിപ്പിക്കാൻ കഴിയുമെന്നാണ് കണക്കാക്കുന്നത്, അനുഭവവും അതുതന്നെയാണ്. അങ്ങനെ ഏതെങ്കിലും ഒരു പ്രവൃത്തിയിൽ ക്രമക്കേടുണ്ടെന്ന റിപ്പോർട്ട് സോഷ്യൽ ഓഡിറ്റിംഗ് കമ്മിറ്റി തന്നാൽ ഗവൺമെന്റിന്റെ അംഗീകൃത ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നുള്ളതാണ് അത് സംബന്ധിച്ചുള്ള ധാരണ. ഇത് വളരെ വിജയകരമായി 2016-ൽ ആലപ്പുഴ ദേശീയപാതയിൽ നടപ്പാക്കിയിരുന്നു. ദേശീയപാതയുടെ നിർമ്മാണ കാലാവധി മൂന്ന് വർഷമായിരുന്നതിൽ ആദ്യ വർഷംതന്നെ ചേർത്തല മുതൽ ഓച്ചിറ വരെയുള്ള 80 കിലോമീറ്റർ ഈ ഗവൺമെന്റ് വരുമ്പോൾ തകർന്ന് തരിപ്പണമായി കിടക്കുകയായിരുന്നു. അതിന്റെ റിപ്പയർ വർക്കൊന്നും ശരിയായില്ല.

അപ്പോഴാണ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. വേണുഗോപാൽ ചെയർമാനും കായംകുളം മുനിസിപ്പൽ ചെയർമാൻ ശ്രീ. എൻ. ശിവദാസൻ കൺവീനറും, ചേർത്തല മുനിസിപ്പൽ ചെയർമാൻ ശ്രീ. ഐസക് മാടവനയും, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി ദലീമാ ജോജോ അംഗവും മറ്റൊരു വിദഗ്ദ്ധ എഞ്ചിനീയറുമടങ്ങുന്ന കമ്മിറ്റിയെ നിയോഗിച്ചത്. അവരുടെ പ്രാഥമിക റിപ്പോർട്ടും അന്തിമ റിപ്പോർട്ടും വളരെ പ്രയോജനകരമായി. അതിനുശേഷം അവിടെ റിപ്പെയർ ആന്റ് മെയിന്റനൻസ് കഴിഞ്ഞ 7 മാസമായി യാതൊരു കുഴപ്പവുമില്ലാതെ നടത്തുന്നുണ്ട്. ഇതുപോലെതന്നെ വയനാട്ടിൽ കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഗുരുതരമായ ആരോപണങ്ങൾ വന്നു. അതന്വേഷിക്കാൻ അവിടത്തെ എം.എൽ.എ. ശ്രീ. സി. കെ. ശശീന്ദ്രൻ ചെയർമാനും 3 മുനിസിപ്പൽ ചെയർമാൻമാർ അംഗങ്ങളും കോഴിക്കോട് സൂപ്രണ്ടിംഗ് എഞ്ചിനീയർ കൺവീനറുമായ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. അതിന്റെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. ഇത് പെട്ടെന്ന് ചെയ്യുന്നതാണ്. ഇത് സംസ്ഥാനാടിസ്ഥാനത്തിലും ജില്ലാടിസ്ഥാനത്തിലും മണ്ഡലാടിസ്ഥാനത്തിലും ശരിയായ രീതിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഗവർണറുടെ പ്രസംഗത്തിലെ മാൻഡേറ്റും അതിലുണ്ട്.

<u>ശ്രീമതി സി. കെ. ആശ</u>: സർ, പൊതുമരാമത്ത് വകുപ്പ് സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കുന്നത് പ്രവൃത്തികളുടെ സുതാര്യതയും ഗുണനിലവാരവും വർദ്ധിപ്പിക്കുമെന്നതിനാൽ ഈ നടപടിയെ സർവ്വാത്മനാ സ്വാഗതം ചെയ്യുകയാണ്. സംസ്ഥാന-ജില്ലാ-മണ്ഡല തലങ്ങളിൽ ഇത് വേഗത്തിൽ നടപ്പിലാക്കാനുള്ള നടപടികൾ അങ്ങ് സ്വീകരിക്കുമെന്നുറപ്പുണ്ട്. എന്റെ മണ്ഡലത്തിലെ പി.ഡബ്ല്യു.ഡി. ബിൽഡിംഗ്സ് വിഭാഗത്തിന് സ്വന്തമായി കെട്ടിടമുണ്ടെങ്കിലും ആ കെട്ടിടം എസ്.ടി. ഓഫീസിന് പ്രവർത്തിക്കുവാനായി നൽകിയതിനാൽ നിലവിൽ വൈക്കത്തുള്ള പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസിലെ കോൺഫറൻസ് ഹാളിലാണ് പ്രവർത്തിക്കുന്നത്. റസ്റ്റ് ഹൗസിൽ പ്രവർത്തിക്കുന്ന കാന്റീനിന്റെ പ്രവർത്തനം വർഷങ്ങളായി നിലച്ചിരിക്കുകയാണ്. ഇത് തുടർന്നും പ്രവർത്തിക്കുന്നതിന് അടുക്കള ഉപകരണങ്ങൾ വാങ്ങുവാൻ മൂന്നുലക്ഷം രൂപ ഡിപ്പാർട്ട്മെന്റിൽനിന്നും അലോട്ട് ചെയ്തിരുന്നുവെങ്കിലും ഇപ്പോഴും അതിന്റെ പ്രവർത്തനം തുടങ്ങിയിട്ടില്ല. ഈ വിഷയത്തെക്കുറിച്ച് പലതവണ ഞാൻ വകുപ്പിൽ അറിയിപ്പ് തന്നെങ്കിലും യാതൊരു തീരുമാനവും ഇതുവരെ സ്വീകരിച്ചിട്ടില്ല ആയതിനാൽ പി.ഡബ്ല്യു.ഡി. ബിൽഡിംഗ്സ് വിഭാഗത്തെ തിരികെ സ്വന്തം കെട്ടിടത്തിലേക്ക് മാറ്റുന്നതിനും റസ്റ്റ് ഹൗസിൽ ക്യാന്റീൻ പ്രവർത്തിപ്പിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, സോഷ്യൽ ഓഡിറ്റിംഗുമായി ബന്ധപ്പെട്ട കാര്യമല്ല ഇവിടെ ഉന്നയിച്ചത്. എന്നാലും ഉന്നയിച്ച കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പി.ഡബ്ല്യു.ഡി. ബിൽഡിംഗ്സ് വിഭാഗം സ്വന്തം കെട്ടിടത്തിലേക്ക് മാറണമെന്ന് ഉത്തരവ് കൊടുത്തിട്ടുണ്ട്.

അവിടെയൊരു പുതിയ കെട്ടിടവുംകൂടി നിർമ്മിച്ചിട്ടുണ്ട്. റസ്റ്റ് ഹൗസ് ക്യാന്റീനിൽ അടുക്കളയിലേക്ക് ആവശ്യമുള്ള പാത്രങ്ങൾ വാങ്ങാനുള്ള പണം നൽകുകയും ആ കാര്യത്തിൽ നിർദ്ദേശം കൊടുക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീമതി സി. കെ. ആശ: സർ, വൈക്കം നിയോജകമണ്ഡലത്തിലെ മുറിഞ്ഞിപുഴ പാലത്തിൽ ഇപ്പോഴും ടോൾപിരിവ് നിലനിൽക്കുന്നു. എന്നാൽ സമീപ മണ്ഡലങ്ങളിലെ പാലങ്ങളുടെ ടോൾപിരിവ് നിർത്തലാക്കുകയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ ഞാൻ ഡിപ്പാർട്ട്മെന്റിൽ തന്നിട്ടുള്ള റിക്വസ്റ്റുകളും ഇപ്പോൾ ഇവിടെ ഉന്നയിച്ച ചോദ്യവും പരിഗണിച്ചുകൊണ്ട് ടോൾ നിർത്തലാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, എല്ലാ ടോളുകളും നിർത്തലാക്കണമെന്നതാണ് ഈ ഗവൺമെന്റിന്റെ അഭിപ്രായം. നാഷണൽ ഹൈവേ അതോറിറ്റിയുടെ 100 കോടിയിൽ താഴെയുള്ള നാല് ടോളുകൾ നിർത്തലാക്കിയിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് നേരിട്ട് നടപ്പിലാക്കിയ ടോൾ പിരിവുകളിൽ ഏഴെണ്ണം നിർത്തലാക്കിയത് ചില സാമ്പത്തിക പ്രയാസങ്ങൾക്ക് കാരണമായിട്ടുണ്ട്. ചെലവഴിച്ച പണം തിരിച്ചു വരുന്നതുവരെയോ അല്ലെങ്കിൽ ഇത്ര വർഷംവരെയോ എന്നതാണ് കണ്ടീഷൻ. അതിനുള്ള ആക്ട് അസംബ്ലിയിൽ പാസ്സാക്കിയിട്ടുള്ളതാണ്. സംസ്ഥാന ഗവൺമെന്റിന്റെ ടോളുകൾ നിർത്തലാക്കുന്നതിൽ യാതൊരു അഭിപ്രായവ്യത്യാസവുമില്ല. ഇപ്പോൾ നിർമ്മിക്കുന്ന റോഡുകളിൽ ടോൾ ഉണ്ടാകില്ലെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിതന്നെ ഈ സഭയിൽ പറഞ്ഞിട്ടുണ്ട്.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, പല വകുപ്പുകളും സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കുന്നതു സംബന്ധിച്ച് ആലോചിക്കുകപോലും ചെയ്യാതിരിക്കുന്ന കാലഘട്ടത്തിൽ പൊതുമരാമത്ത് ജോലികൾക്ക് സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കുന്നതിന് അങ്ങെടുത്ത പ്രവർത്തനങ്ങളെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. പി.ഡബ്ല്യു.ഡി. ആണെങ്കിലും നാഷണൽ ഹൈവേ ആണെങ്കിലും സ്റ്റേറ്റ് ഹൈവേ ആണെങ്കിലും കിലോമീറ്ററോളം വരുന്ന പഴയ റോഡുകൾ കയ്യേറി നഷ്ടപ്പെടുന്ന സാഹചര്യമുണ്ട്. റസ്റ്റ് ഹൗസുകൾ അടക്കം എൻ.എച്ച്.-ന്റെയും എസ്.എച്ച്.-ന്റെയും പഴയതും പുതിയതുമായ റോഡുകളെ സംബന്ധിച്ച ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നത് നന്നായിരിക്കും. അതോടൊപ്പംതന്നെ സോഷ്യൽ ഓഡിറ്റിംഗിന്റെ ഭാഗമായോ അല്ലാതെയോ കോൺട്രാക്ടറുടെ കുറ്റംകൊണ്ട് സംഭവിക്കുന്ന പ്രവൃത്തികൾ റീ-ടെണ്ടർ ചെയ്യുമ്പോൾ ഉണ്ടാകുന്ന നഷ്ടം സ്വാഭാവികമായും കോൺട്രാക്ടറുടെ ബാധ്യതയായി കണക്കാക്കി നടപടി സ്വീകരിക്കുന്ന കാര്യത്തിൽ അനാവശ്യമായ കാലതാമസം ഉണ്ടാകുന്നുണ്ട്. ഈ കാലതാമസം ഒഴിവാക്കി കുറ്റക്കാരുടെ പേരിൽ നടപടി സ്വീകരിക്കുന്നത് വേഗത്തിലാക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, പി.ഡബ്ല്യൂ.ഡി.-യുടെ സ്വത്തുക്കൾക്കെല്ലാം ആസ്തി രജിസ്റ്റർ ഉണ്ട്. പക്ഷെ അതനുസരിച്ചുള്ള പരിപാലനം ദീർഘകാലമായി നടക്കുന്നില്ല. അത് വീണ്ടും തുടങ്ങാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഒരു ദിവസംകൊണ്ട് അത് തീരില്ല. കാരണം, കേരളമാകെ വ്യാപിച്ചുകിടക്കുകയാണ്. കയ്യേറിയതും കയ്യേറാത്തതുമായി ധാരാളം സ്വത്തുക്കളുണ്ട്. പി.ഡബ്ല്യൂ.ഡി.-യുടെ സ്വത്തുക്കൾ നിയമപ്രകാരം കൈവശമാണെന്ന് ഉറപ്പിക്കുന്നതിനുള്ള നടപടികളെടുക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. പക്ഷെ അതിന് കുറച്ച് കാലതാമസം വരുമെങ്കിലും നടപ്പിലാക്കുന്നതായിരിക്കും. സോഷ്യൽ ഓഡിറ്റിന്റെ കാലതാമസത്തെക്കുറിച്ചാണ് രണ്ടാമത് ചോദിച്ചത്. ടെണ്ടറിന്റെ കാര്യത്തിലുണ്ടാകുന്ന കാലതാമസം റിസ്ക് ആന്റ് കോസ്റ്റിൽതന്നെ പിടിക്കും. നടപടികളെടുക്കുന്നുണ്ട്. ചിലപ്പോൾ കാലതാമസം വരാം. കാരണം, നൂറുകണക്കിന് വർക്കുകളാണ് നടക്കുന്നത്. കാലതാമസം ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. എന്നാൽ കാലതാമസം വരുത്തി കോൺട്രാക്ടറെ സഹായിക്കുന്നവരുണ്ടെങ്കിൽ നടപടിയെടുക്കാനും തയ്യാറാണ്. ഏതായാലും ഇക്കാര്യത്തിൽ വലിയ തലത്തിൽ ബഹുജന ബോധം വളർന്നുവന്നിട്ടുണ്ട്. അത് ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. തീർച്ചയായും നടപടികൾ ശക്തിപ്പെടുത്തും.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, എഞ്ചിനീയർമാരുണ്ടാക്കുന്ന എസ്റ്റിമേറ്റുകളും വിശദമായ പ്രോജക്ട് റിപ്പോർട്ടുകളും ഇംഗ്ലീഷിലായതുകൊണ്ട് സാധാരണക്കാർക്ക് മനസ്സിലാക്കാൻ കഴിയാത്ത സ്ഥിതിയുണ്ട്. അതുപോലെ ചില സാങ്കേതിക പദങ്ങൾ സോഷ്യൽ ഓഡിറ്റിംഗിന് വിഘാതമായി നിൽക്കുന്നുണ്ട്. ഈ രംഗത്തുള്ള അഴിമതി അവസാനിപ്പിക്കാൻ നല്ല ശ്രമങ്ങൾ നടത്തുമ്പോൾ സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ കഴിയുന്ന രീതിയിൽ എന്ത് നിയമനിർമ്മാണം നടത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്? അതോടൊപ്പം എഞ്ചിനീയർമാർക്കും കോൺട്രാക്ടർമാർക്കും കൂടുതൽ ഉത്തരവാദിത്വം നൽകുന്ന തരത്തിൽ പി.ഡബ്ല്യൂ.ഡി. മാനുവൽ പരിഷ്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ജി. സുധാകരൻ: സർ, സാധാരണയുള്ള എല്ലാ ഭരണ നടപടികളും മാതൃഭാഷയിലായിരിക്കണമെന്ന തീരുമാനം നടപ്പാക്കുന്നതിന് ഗവൺമെന്റ് ശക്തമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. പൂർണ്ണമായും ആയിട്ടില്ല. അവിടെ ഭാഷ മലയാളത്തിലാക്കുന്നതിന് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടാകുമെന്ന് തോന്നുന്നില്ല. അത് അവരുമായി ചർച്ച ചെയ്യാം. സാങ്കേതിക പദങ്ങളൊന്നും ഒഴിവാക്കാൻ കഴിയില്ല. സാങ്കേതിക പദങ്ങൾ ഒഴിവാക്കിയാൽ എസ്റ്റിമേറ്റ് ഉണ്ടാക്കാൻ സാധിക്കില്ല. എസ്റ്റിമേറ്റ് തന്നെ സാങ്കേതികമാണ്. അത് പ്രൊഫഷണലാണ്.

മി. സ്പീക്കർ : എസ്റ്റിമേറ്റ് വായിച്ചാൽ മനസ്സിലാകുന്ന രീതിയിലാണെങ്കിൽ നന്നായിരിക്കും.

ശ്രീ. ജി. സുധാകരൻ : സർ, മലയാളത്തിലാക്കുന്ന കാര്യം അവരുമായി ചർച്ച ചെയ്യാം. ദീർഘകാലമായി ഇംഗ്ലീഷിൽ എഴുതി ശീലിച്ചുപോയവരാണ്. നമ്മുടെ ഭാഷയിലാക്കാൻ പറയാം. പക്ഷെ സാങ്കേതിക പദങ്ങളൊന്നും ഒഴിവാക്കാൻ കഴിയില്ല. കോൺട്രാക്ടർക്ക് കൂടുതൽ ഉത്തരവാദിത്വങ്ങൾ ചെലുത്തി നിയമനിർമ്മാണം നടത്താമോ എന്നതാണ് മറ്റൊരു ചോദ്യം. ഇപ്പോൾത്തന്നെ കോൺട്രാക്ടർക്ക് ഉത്തരവാദിത്വമുണ്ട്. അതാണ് റിസ്ക് ആന്റ് കോസ്റ്റ്, കരിമ്പട്ടികയിൽപ്പെടുത്തുക എന്നിവ. എന്നാൽപോലും കോൺട്രാക്ടർ ബോധപൂർവ്വമൊരു പിശക് കാണിച്ചാൽ പൂർണ്ണമായും അയാളെ ശിക്ഷിക്കാനുള്ള അർഹമായ നിയമം ഇപ്പോഴുമുണ്ടെന്ന് തോന്നുന്നില്ല. കുറച്ച് ബെനിഫിറ്റ് കിട്ടിയിട്ടുണ്ട്. നമ്മുടെ ചില ഉദ്യോഗസ്ഥരും അതിന് കൂട്ടുനിൽക്കാറുണ്ട്. ഏതായാലും ശരി ഈ കാര്യം അന്വേഷിക്കാം. ചില യൂറോപ്യൻ രാജ്യങ്ങളിൽ എഞ്ചിനിയേഴ്സ് ആക്ട് എന്ന ഒരു നിയമമുണ്ട്. ആ നിയമം ഇവിടെയും കൊണ്ടുവരാൻ നോക്കുകയാണ്. എഞ്ചിനീയർമാരും സൂപ്പർവൈസറും നേരെയാണെങ്കിൽ കോൺട്രാക്ടർമാർക്ക് ഒന്നും ചെയ്യാൻ കഴിയില്ല. കോടിക്കണക്കിന് രൂപയുടെ ആധുനിക രീതിയിലുള്ള വികസനം വരികയാണ്. ഇനി ഏതൊരുകാലത്തും വരും. അവ നല്ലരീതിയിലും കുറ്റമറ്റതരത്തിലും ധനദുർവിനിയോഗമില്ലാതെയും നടത്താനും ഗുണമേന്മയോടുകൂടി പൂർത്തീകരിക്കാനുമുള്ള വിദഗ്ദ്ധരെയാണ് ഇനി ആവശ്യം. അതിന് പുതിയ നിയമനിർമ്മാണം ആവശ്യമാണെങ്കിൽ അക്കാര്യം പരിഗണിക്കുന്നതാണ്.

ശ്രീമതി ഗീതാ ഗോപി: സർ, ഗവൺമെന്റ് സ്ഥാപനങ്ങളിലെ സോഷ്യൽ ഓഡിറ്റും പെർഫോമൻസ് ഓഡിറ്റും ഫിനാൻഷ്യൽ ഓഡിറ്റുമെല്ലാം സ്ഥാപനത്തെ ഏറ്റവും മികവുറ്റതാക്കാൻ സഹായിക്കുമെന്ന് വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. തൃശ്ശൂർ ജില്ലയിൽ എന്റെ മണ്ഡലത്തിൽ ഐ.ടി. വികസനവുമായി ബന്ധപ്പെടുത്തി ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി മൂന്ന് കോടി രൂപ അനുവദിച്ചു. അതുമായി ബന്ധപ്പെട്ടുള്ള ബിൽഡിംഗിന്റെ എല്ലാ ഫയൽ നടപടികളും പൂർത്തീകരിച്ചു. ഞാൻ ഇന്നലെ ബന്ധപ്പെട്ട സെക്ഷനിൽ അന്വേഷിച്ചപ്പോൾ ആ ഫയലിലെ നടപടികൾ വളരെ കൃത്യമായി അറിഞ്ഞു. ഇതിൽ ഒരു ജനകീയ താല്പര്യമുണ്ട്. സോഷ്യൽ ഓഡിറ്റ് ജില്ലാതലത്തിലും ഏർപ്പെടുത്തുന്നതിനുള്ള നടപടിയുണ്ടാകണം.

ശ്രീ. ജി. സുധാകരൻ: സർ, പൊതുമരാമത്ത് വകുപ്പിന്റെ ഏത് ഓഫീസും സോഷ്യൽ ഓഡിറ്റിന് വിധേയമാണ്. സോഷ്യൽ ഓഡിറ്റ് വന്നതിനുശേഷം ആലപ്പുഴയിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർക്കെതിരെ നടപടിയെടുത്തു. ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർക്കെതിരെയും രണ്ട് ഓവർസീയർമാർക്കെതിരെയും എ.ഇ.-മാർക്കെതിരെയും നടപടിയെടുത്തു. സസ്പെന്റ് ചെയ്തില്ല, സ്ഥലം മാറ്റി. അതിനുശേഷം അവിടെ കാര്യങ്ങൾ ഭംഗിയായി നടന്നു. പൊതുജനങ്ങൾ ആധികാരികമായി ആവശ്യപ്പെട്ടാൽ ഓഡിറ്റ് റിപ്പോർട്ട് കൊടുക്കുന്നതാണ്. അതിന് യാതൊരു തടസ്സവുമില്ല. വിവരാവകാശ കമ്മീഷനിൽ പോകുകയൊന്നും വേണ്ട. നേരിട്ട് കത്ത് തന്നാൽ കോപ്പി നൽകുന്നതാണ്.

ശ്രീ. ഹൈബി ഈഡൻ: സർ, സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളെ ഉൾപ്പെടുത്തി ഏതെങ്കിലും തലത്തിലുള്ള കൺസൾട്ടേറ്റീവ് കമ്മിറ്റികൾ രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; റോഡിന്റെ ഡ്യൂറബിലിറ്റിയാണ് പ്രധാനപ്പെട്ട ഒരു കാര്യം. റോഡ് ടാർ ചെയ്തശേഷം കുഴിക്കൽ പോലുള്ള പ്രവൃത്തികൾക്ക് അനുമതി നൽകുന്നത് പൊതുമരാമത്ത് വകുപ്പിന്റെ ഓഫീസിൽ നിന്നുതന്നെയാണ്. ഒന്നുകിൽ റോഡ് ടാർ ചെയ്യുന്നതിനുമുമ്പ് ഇത്തരം പ്രവൃത്തികൾക്ക് ഓർഡറുകൾ കൊടുക്കണം. അല്ലെങ്കിൽ അതിനുശേഷമുള്ള നടപടികൾ നിർത്തിവയ്ക്കാൻ പൊതുമരാമത്ത് വകുപ്പ് തയ്യാറാകണം. ഇത് സോഷ്യൽ ഓഡിറ്റിന്റെ ഭാഗമായി കൊണ്ടുവരാൻ സാധിക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. ജി. സുധാകരൻ: സർ, സോഷ്യൽ ഓഡിറ്റിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങളും വരും. കമ്മിറ്റിയെ സംബന്ധിച്ച് പറഞ്ഞു, മണ്ഡലം, ജില്ല, സംസ്ഥാന തലങ്ങളിൽ...., കൺസൾട്ടേറ്റീവ് കമ്മിറ്റിയല്ല, പവറുള്ള കമ്മിറ്റിയാണ്. ആലപ്പുഴയിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർക്കെതിരെ നടപടിയെടുത്തത് ആ കമ്മിറ്റിയാണ്. ജനപ്രതിനിധികൾ അതിൽ അംഗങ്ങളാണ്. മറ്റൊന്ന് കേബിളിടുന്ന കാര്യമാണ്. കേബിളിടേണ്ടെന്ന് പറയാൻ പറ്റില്ല. ഗവൺമെന്റ് വകുപ്പുകളായ കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി, ബി.എസ്.എൻ.എൽ. ഇവർക്കെല്ലാം പൈപ്പിടേണ്ടതായി വരും. നാട്ടിൽ വെള്ളവും വൈദ്യുതിയും കൊടുക്കണം. വേണ്ടെന്ന് പറയാൻ സാധിക്കില്ല. റിലയൻസ് പോലുള്ള കുത്തക കമ്പനികൾക്കും അതിനുള്ള അനുമതി കൊടുക്കണം, കൊടുക്കാതിരിക്കാൻ പറ്റില്ല. മൊബൈലെല്ലാം വർക്ക് ചെയ്യണ്ടേ. ഈ ഗവൺമെന്റ് വന്നതിനുശേഷം റോഡ് കട്ട് ചെയ്യുന്നതിനുള്ള അനുമതി കൊടുക്കുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ബഹുമാന്യരായ ജലവിഭവ വകുപ്പുമന്ത്രി, വൈദ്യുതി വകുപ്പുമന്ത്രി എന്നിവരുമായി യോഗം ചേർന്നും അല്ലാതെയും വ്യക്തമായ മാനദണ്ഡമുണ്ടാക്കി. റോഡിന്റെ ടാർ പോർഷൻ കുഴിക്കാൻ പാടില്ല, മണ്ണുള്ള ഭാഗം കുഴിക്കാം. അങ്ങനെ 34 ക്ലോസുകളുണ്ട്. ഇതിനുള്ള പണം കെട്ടിവയ്ക്കേണ്ടത് റോഡ് മുറിക്കുന്ന വകുപ്പാണ്. പി.ഡബ്ല്യു.ഡി.-യും ബന്ധപ്പെട്ട വകുപ്പിലെ എഞ്ചിനീയർമാരും സംയുക്തമായാണ് എല്ലാ പരിശോധനകളും നടത്തുന്നത്. എല്ലാ കാര്യങ്ങളും ഒരുമിച്ച് ചെയ്യണമെന്ന തീരുമാനമുണ്ട്. അതുപോലെ പ്രൈവറ്റ് കമ്പനികളാണെങ്കിൽ അവരുടെ എഞ്ചിനീയറും നമ്മുടെ എഞ്ചിനീയറുമുണ്ടാകും. നിയമപ്രകാരം ചെയ്യുന്നിടത്തൊന്നും കുഴപ്പമില്ല. പക്ഷേ റിലയൻസിന് അഹങ്കാരം വളരെ കൂടുതലാണ്. റിലയൻസ് സർക്കാരിനോട് ചോദിച്ചിട്ടില്ല, രാത്രിയിലാണ് കുഴിക്കുന്നത്. എം.എൽ.എ.-മാർക്കും ജനപ്രതിനിധികൾക്കും ഇത്തരം പണികൾ സ്റ്റോപ്പ് ചെയ്യിക്കാനുള്ള അധികാരമുണ്ട്. തെറ്റായോ ഉത്തരവ് ലംഘിച്ചോ ആണ് പണി ചെയ്യുന്നതെങ്കിൽ നിങ്ങൾ സ്റ്റോപ്പ് ചെയ്യിക്കണം. പക്ഷേ അത് കുറവാണ്. നമ്മളെല്ലാവരും ചേർന്ന് റോഡ് പരിപാലിക്കണം. വലിയ സാമ്പത്തിക നഷ്ടമുണ്ടാകുന്നതാണ്, പക്ഷേ കേബിൾ ഇടേണ്ടെന്ന് പറയാനും സാധിക്കില്ല. ഇതിനെതിരെ ശക്തമായ നിലപാടാണ് സ്വീകരിക്കുന്നത്.

ശ്രീ. പി. സി. ജോർജ്: സർ, ഈ സഭയും കേരളത്തിലെ ജനങ്ങളും അങ്ങയെ അഭിനന്ദിക്കുന്ന സ്ഥിതിക്ക് ഞാൻ അങ്ങയെ അഭിനന്ദിക്കുന്നില്ല. കാരണം അങ്ങ് ഒരു അഹങ്കാരി ആകരുതെന്ന് എനിക്ക് നിർബന്ധമുണ്ട്. അല്ലെങ്കിൽ ഞാനും അങ്ങയെ അഭിനന്ദിച്ചേനെ.

മി. സ്പീക്കർ: ആ പറഞ്ഞതിലും ഒരു അഭിനന്ദനമുണ്ട്.

ശ്രീ. പി. സി. ജോർജ്: ശ്രീ. ജി. സുധാകരൻ വകുപ്പുമന്ത്രിയായശേഷം ഇ-ടെണ്ടർ വന്നപ്പോൾ എസ്റ്റിമേറ്റ് കോസ്റ്റിനും 26 ശതമാനം താഴെ വരെ ടെണ്ടർ ചെയ്യാൻ കോൺട്രാക്ടർമാർ തയ്യാറായിവന്നു. മുമ്പ് എസ്റ്റിമേറ്റ് കോസ്റ്റിനും 16 ശതമാനം വരെ മുകളിലാണ് കോൺട്രാക്ട് കൊടുത്തിരുന്നത്. പാറമട ലോബിയോടും കോൺട്രാക്ടർമാരോടും പണം വാങ്ങിക്കൊണ്ട് പി.ഡബ്ല്യു.ഡി.-യിൽ വൻ ക്രമക്കേടുകൾ മുൻകാലങ്ങളിൽ നടക്കുകയുണ്ടായി. അതുകൊണ്ട് ഷെഡ്യൂൾ പുതുക്കുന്ന നടപടി നിർത്തിവയ്ക്കണം. ഒന്നുകൂടി പഠിച്ചിട്ടേ ഷെഡ്യൂൾ പുതുക്കാവൂ. കൺസ്ട്രക്ഷൻ കോർപ്പറേഷൻ എന്ന സ്ഥാപനത്തിൽ 10 ശതമാനം ബിലോ റേറ്റിന് വർക്കെടുത്തശേഷം ഏതെങ്കിലും കോൺട്രാക്ടർക്ക് കൊടുക്കുകയാണ് ചെയ്യുന്നത്. മുണ്ടക്കയം-വാഗമൺ റോഡ്, വേമ്പുഴ-ഇളങ്കാട് റോഡ് ഇവയുടെ പണി കൺസ്ട്രക്ഷൻ കോർപ്പറേഷൻ എടുത്തശേഷം വേറൊരു കോൺട്രാക്ടർക്ക് കൊടുത്തു. ലാഭമുള്ള മറ്റൊരു വർക്ക് കിട്ടിയപ്പോൾ കോൺട്രാക്ടർ ഈ വർക്ക് ഉപേക്ഷിച്ചുപോയി. ഇത്തരം കാര്യങ്ങളിൽ അങ്ങയുടെ ഭാഗത്തുനിന്നും ശക്തമായ ഇടപെടലുണ്ടാകണം.

ശ്രീ. ജി. സുധാകരൻ: സർ, മെറ്റീരിയൽസിനെല്ലാം ഇപ്പോൾ വളരെ കൂടിയ റേറ്റാണ്. 2014-ൽ അന്നത്തെ പി.ഡബ്ല്യു.ഡി. നേതൃത്വം ഇവിടെ ഡൽഹി റേറ്റ് നടപ്പാക്കിയതോടെ റേറ്റ് വർദ്ധിച്ചു. കുട്ടനാട് പോലുള്ള സ്ഥലങ്ങളിൽ മണ്ണടിക്കാൻ പോലും റേറ്റ് നിശ്ചയിച്ചുകൊടുക്കുന്നില്ല. അതുകൊണ്ട് മുമ്പുണ്ടായിരുന്ന കേരള റേറ്റ് പുനഃസ്ഥാപിക്കുന്ന കാര്യം പരിശോധിക്കുകയാണ്. റേറ്റിലും എസ്റ്റിമേറ്റിലും റിവിഷനിലും കുഴപ്പമുണ്ട്. ആ സിസ്റ്റം സമയമെടുത്ത് തിരുത്തണം. വർക്കുകളൊന്നും സ്തംഭിക്കാൻ പാടില്ല, ആരെയും അനാവശ്യമായി അഴിമതിക്കാരെന്ന് പറയാൻ പാടില്ല. ഒരു സിസ്റ്റത്തിന്റെ ഭാഗമായി സംഭവിക്കുന്ന പ്രശ്നങ്ങളാണ്. ബോധപൂർവ്വം സംഭവിക്കുന്നതിനെതിരെ നടപടി എടുക്കും. ബഹുമാനപ്പെട്ട ജനപ്രതിനിധികളുടെ ശക്തമായ നിലപാടുകളും പൊതുജനങ്ങളുടെ ബോധവും ഉയർന്നുവന്നതിന്റെ ഫലമായി അഴിമതി പരമാവധി തടയാൻ കഴിയും. അതിനുവേണ്ടിയുള്ള എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, പൊതുമരാമത്ത് റോഡുകളുടെ കയ്യേറ്റം വലിയ പ്രശ്നമായി നമ്മുടെ മുന്നിൽ നിൽക്കുകയാണ്. പൊതുമരാമത്തിന്റെ കീഴിലുള്ള റോഡുകൾ കയ്യേറി കെട്ടിടങ്ങൾ നിർമ്മിച്ച് യാത്രാക്ലേശം ഉണ്ടാക്കുന്ന ഒട്ടേറെ

അനുഭവങ്ങളുണ്ട്. എന്റെ മണ്ഡലമായ കൊട്ടാരക്കരയിൽ പഴയ കൊല്ലം-ചെങ്കോട്ട റോഡ് അടച്ചുകൊണ്ട് നിർമ്മിച്ചിരിക്കുന്ന ഷിബു ഏജൻസീസ് എന്ന കടയ്ക്കെതിരെ ജനകീയ പ്രക്ഷോഭം നടന്നു. വ്യക്തിയിൽനിന്നും കട ഒഴിപ്പിക്കാനുള്ള അനുകൂല വിധി സമ്പാദിച്ചെങ്കിലും ഉത്തരവാദപ്പെട്ട ഓഫീസർ ഒഴിപ്പിക്കാൻ നോട്ടീസ് കൊടുത്തപ്പോൾ അതിന്മേൽ സ്റ്റേ വാങ്ങിയതുമൂലം ഒഴിപ്പിക്കൽ നീണ്ടുപോവുകയാണ്. അവിടെ അതിരൂക്ഷമായ ഗതാഗത കുരുക്ക് ഉണ്ടാകുന്ന പ്രശ്നമുണ്ട്. ഇത് ഒഴിവാക്കാനുള്ള ശക്തമായ നടപടി എത്രയും പെട്ടെന്ന് സ്വീകരിക്കുമോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ഈ ഗവൺമെന്റ് വന്നതിനുശേഷം ആഗസ്റ്റ് മാസത്തിൽ ക്യാബിനറ്റ് തന്നെ പി.ഡബ്ല്യു.ഡി. റോഡുകളെല്ലാം നാഷണൽ ഹൈവേ പ്രൊട്ടക്ഷൻ ആക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. റോഡിൽ സ്ഥിരമായി ഇട്ടിരിക്കുന്ന ഏത് വാഹനവും എടുത്തുകൊണ്ടുപോകാം, ഏത് കടയും പൊളിക്കാം. നാലുവരി ഹൈവേ ആക്കുമ്പോൾ എല്ലാം എടുത്ത് മാറ്റിയേപറ്റൂ. അതിനൊന്നും ആരും തടസ്സം നിൽക്കുന്നില്ല. സ്റ്റേറ്റ് ഹൈവേയിലുള്ള കയ്യേറ്റങ്ങൾ എടുത്ത് മാറ്റുന്നുണ്ട്. റോഡുകൾ ജനങ്ങളുടെ പൊതുസ്വത്താണെന്നുള്ള കാര്യമാണ് നമ്മൾ പ്രചരിപ്പിക്കുന്നത്. ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞ കൊല്ലം-ചെങ്കോട്ട റോഡിന്റെ കാര്യം, കോടതി സ്റ്റേ നൽകിയാൽ നമുക്കൊന്നും പറയാൻ കഴിയില്ല. കോടതിയുടെ സ്റ്റേ മാറിയാലുടൻ തന്നെ എടുത്തുമാറ്റും. അങ്ങനെ ഓരോ കാര്യത്തിലും പൊതുതാൽപ്പര്യം കണക്കിലെടുത്ത് നിലപാടുകൾ സ്വീകരിക്കാമെന്നാണ് പറയാനുള്ളത്.

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, ലക്ഷങ്ങൾ ചെലവിട്ട് റോഡ് നവീകരിച്ചു കഴിഞ്ഞയുടൻ തന്നെ റിലയൻസ് പോലുള്ള കമ്പനിക്കാർ റോഡ് വെട്ടി പൊളിക്കുകയാണ്. അവിടെ കുഴിക്കുക മാത്രമല്ല, കുടിവെള്ളത്തിന്റെ പൈപ്പ് കൂടി പൊട്ടിച്ചതിനുശേഷം മാത്രമേ അവരുടെ പ്രവൃത്തി അവസാനിക്കൂ. അവസാനം എല്ലാംകൂടി മൂടിയിട്ട് പോകും. റോഡും വെള്ളവും ഉണ്ടാകില്ല. ഇങ്ങനെയുള്ള കേസ്സുകളിൽ കർശനമായ നിലപാട് സ്വീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെടുക്കുമോ;

<u>ശ്രീ. ജി. സുധാകരൻ</u>: സർ, റിലയൻസിനെതിരായാണ് ഏറ്റവും കൂടുതൽ കർശനമായ നിലപാട് സ്വീകരിച്ചിട്ടുള്ളത്. ഒരുഘട്ടത്തിൽ റിലയൻസിന്റെ മുഴുവൻ പ്രവർത്തനവും മൂന്ന് മാസത്തേയ്ക്ക് ക്യാൻസൽ ചെയ്തു. സർക്കാർ ശക്തമായ നിലപാടാണ് എടുക്കുന്നത്. അങ്ങനെ ചെയ്തുകഴിഞ്ഞാൽ ആ വർക്ക് ക്യാൻസൽ ചെയ്യും. കേബിൾ ഇടുന്നത് നാട്ടുകാരുടെ കൂടി ആവശ്യമാണെന്ന പ്രശ്നത്തെ ഇവർ ഉപയോഗിക്കുകയാണ്. ഇതിനെതിരെ സർക്കാർ തീർച്ചയായും ശക്തമായ നിലപാടാണ് സ്വീകരിക്കുന്നത്.

ശ്രീ. റ്റി. വി. രാജേഷ്: സർ, മേജർ റോഡുകളുടെ ഗുണനിലവാരം ഉറപ്പു വരുത്താൻ ഇൻവെസ്റ്റിഗേറ്റ് ചെയ്യണമെന്ന് തീരുമാനിച്ചിട്ടുണ്ട്. പക്ഷെ, ഇൻവെസ്റ്റിഗേറ്റ് ചെയ്യുന്ന ഏജൻസികളുടെ എണ്ണം വളരെ പരിമിതമാണ്. ഇൻവെസ്റ്റിഗേഷൻ അനന്തമായി നീണ്ടുപോകുന്നത് ഒഴിവാക്കാനും സമയബന്ധിതമായി പൂർത്തീകരിക്കാനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, പി.ഡബ്ല്യൂ.ഡി.യുടെ ഇൻവെസ്റ്റിഗേഷന് കാലതാമസമൊന്നുമില്ല. പാലം ഉൾപ്പെടെയുള്ള വൻകിട പദ്ധതികൾക്ക് നാലോ അഞ്ചോ മാസത്തെ സമയമാണെടുക്കുന്നത്. അതാണ് ഉദ്ദേശിച്ചതെങ്കിൽ ശരിയാണ്. അത് പി.ഡബ്ല്യൂ.ഡി. അല്ല ഇൻവെസ്റ്റിഗേറ്റ് ചെയ്യുന്നത്. സ്പെഷ്യൽ പാനൽ ആണ്. പി.ഡബ്ല്യൂ.ഡി.-യുടെ ഭാഗത്തുള്ള ഇൻവെസ്റ്റിഗേഷന്റെ കാലതാമസം ഒഴിവാക്കാൻ എല്ലാ നടപടിയും സ്വീകരിക്കും.

**റാഗിംഗ്**

3(*93) ശ്രീ. പി. കെ. ബഷീർ:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിംഗിന്റെ കാര്യത്തിൽ സർക്കാർ നയം വ്യക്തമാക്കുമോ ;

(ബി) റാംഗിംഗ് എന്ന പേരിൽ ദളിത് വിദ്യാർത്ഥികളുൾപ്പെടെയുള്ള നിരാലംബർക്കെതിരെ നടമാടുന്ന ഗുണ്ടാ ആക്രമണങ്ങളുടെ കാര്യത്തിൽ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിദ്യാഭ്യാസ അധികൃതർക്കു മുമ്പാകെയും പോലീസിലും റിപ്പോർട്ട് ചെയ്യപ്പെട്ട ഇത്തരം ആക്രമണങ്ങളെക്കുറിച്ചുള്ള വിശദവിവരം വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ,

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ നേരത്തെ തന്നെ റാഗിംഗ് നിയമ വിരുദ്ധമായി പ്രഖ്യാപിച്ചിട്ടുണ്ട്. കേരള സർവ്വകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ റാഗിംഗ് തടയുന്നതിനായി വൈസ് ചാൻസലർ അദ്ധ്യക്ഷനായി ആന്റി റാഗിംഗ് കമ്മിറ്റിയും ആന്റി റാഗിംഗ് സ്ക്വാഡും മോണിറ്ററിംഗ് സെല്ലും രൂപീകരിക്കുകയും പരാതികൾ ലഭിക്കുന്ന മുറയ്ക്ക് ആയതിന്മേൽ നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു.

എല്ലാ മാസവും ഒന്നാം തീയതി ബഹുമാനപ്പെട്ട ചാൻസലർക്ക് റാഗിംഗ് സംബന്ധിച്ച നടപടിക്കുറിപ്പ് നൽകി വരുന്നുണ്ട്. വിദ്യാർത്ഥികളുടെ ഇടയിൽ റാഗിംഗ് സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനായി ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും അതിനെതിരെ ശക്തമായ മുൻകരുതലുകൾ എടുക്കുവാനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലും റാഗിംഗ് നിയമവിരുദ്ധമായി പ്രഖ്യാപിച്ചിട്ടുണ്ട്. റാഗിംഗ് റിപ്പോർട്ട് ചെയ്താൽ AICTE നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾ പ്രകാരം പ്രതികൾക്കെതിരെ ശക്തമായ നടപടികൾ എടുക്കാറുണ്ട്. AICTE നിർദ്ദേശിക്കുന്ന തരത്തിൽ ആന്റി റാഗിംഗ് സെൽ രൂപീകരിക്കുകയും റാഗിംഗ് റിപ്പോർട്ട് ചെയ്യപ്പെട്ടാൽ പോലീസ് കേസ്സെടുക്കൽ, കുറ്റകൃത്യം ചെയ്തവരെ പുറത്താക്കൽ എന്നീ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ റാഗിംഗ് ഒരു കാരണവശാലും അനുവദിക്കരുതെന്നും ആയത് അവലോകനം ചെയ്യുന്നതിനായി ഒരു സ്ഥിരം സമിതി കോളേജ് തലത്തിലും വിവിധ ഡിപ്പാർട്ടുമെന്റ്തലത്തിലും രൂപീകരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഓരോ അദ്ധ്യയന വർഷവും ആരംഭിക്കുന്നതിനു മുമ്പേ ഇതു സംബന്ധിച്ച യു.ജി.സി., എ.ഐ.സി.റ്റി.ഇ. മാനദണ്ഡങ്ങൾ എല്ലാ കോളേജ് പ്രിൻസിപ്പാൾമാർക്കും നൽകുകയും അഡ്മിഷൻ സമയത്ത് വിദ്യാർത്ഥിയും രക്ഷകർത്താവും 'റാഗിംഗിനെക്കുറിച്ചുള്ള കാര്യങ്ങൾ മനസ്സിലാക്കിയതായും ആയതിൽ ഒരു കാരണവശാലും ഭാഗഭാക്കാകുകയില്ല' എന്നുമുള്ള സാക്ഷ്യപത്രം വാങ്ങണമെന്ന് നിഷ്കർഷിക്കുകയും ചെയ്തുവരുന്നു. സ്കൂൾ തലത്തിൽ റാഗിംഗുമായി ബന്ധപ്പെട്ട വിഷയത്തിൽ എല്ലാ അദ്ധ്യയന വർഷവും വിദഗ്ദ്ധരെ പങ്കെടുപ്പിച്ച് വിദ്യാർത്ഥികൾക്ക് ബോധവത്കരണം നൽകിവരുന്നു.

(ബി) കേരള സർവ്വകലാശാലയുടെ കാര്യവട്ടം ക്യാമ്പസിലെ ഒന്നാം വർഷ എം.എസ്.സി. കമ്പ്യൂട്ടേഷണൽ ബയോളജി വിദ്യാർത്ഥി ശ്രീ. രാജേഷ് ബാബുവിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ പ്രാഥമികാന്വേഷണത്തിൽ കുറ്റക്കാരനാണെന്ന് കണ്ട വിദ്യാർത്ഥിയെ സസ്പെന്റ് ചെയ്യുകയും ഹോസ്റ്റലിൽനിന്നും പുറത്താക്കുകയും ചെയ്തിട്ടുണ്ട്. 2017 ജനുവരി 11-ാം തീയതി മഹാത്മാഗാന്ധി സർവ്വകലാശാല ഹോസ്റ്റലിൽവച്ച് മർദ്ദിക്കപ്പെട്ട ദളിത് വിദ്യാർത്ഥിയുടെ പരാതി അന്നേ ദിവസം തന്നെ പോലീസിന് കൈമാറിയിട്ടുണ്ട്. കോഴിക്കോട് ഗവ. ലോ കോളേജിൽനിന്ന് ലഭിച്ച രണ്ട് പരാതികൾ പോലീസിന് കൈമാറുകയും ആന്റി റാഗിംഗ് സ്ക്വാഡ് നടത്തിയ അന്വേഷണത്തിൽ പരാതിക്കാർ മൊഴി നൽകാൻ തയ്യാറാകാത്തതിനാൽ തെളിവില്ലാതെ പരാതി തീർപ്പാക്കിയിട്ടുമുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള നാട്ടകം പോളിടെക്നിക് കോളേജിൽ റാഗിംഗ് നടന്നതായി റിപ്പോർട്ട് ചെയ്യുകയുണ്ടായി. മെൻസ് ഹോസ്റ്റലിൽ അവിനാഷ് ഒ., ഷൈജു ഡി., ഗോപി

എന്നീ വിദ്യാർത്ഥികളെ 8 സീനിയർ വിദ്യാർത്ഥികൾ ചേർന്ന് റാഗിംഗ് നടത്തുകയും അന്വേഷണത്തിൽ കുറ്റക്കാരായ വിദ്യാർത്ഥികളെ കോളേജിൽ നിന്നും പുറത്താക്കുകയും ചെയ്തു. കേസ് ഇപ്പോൾ കോടതിയുടെ പരിഗണനയിലാണ്. മറ്റ് സർവ്വകലാശാലകളിൽ ദളിത് വിദ്യാർത്ഥികൾക്കെതിരെ റാഗിംഗ് കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

റാഗിംഗിന്റെയും ദളിത് പീഡനാരോപണത്തിന്റെയും തുടരന്വേഷണത്തിന് കേരള സർവ്വകലാശാല ക്യാമ്പസ് ഭരണ വിഭാഗത്തിലെ ജോയിന്റ് രജിസ്ട്രാറെ ചുമതലപ്പെടുത്തുകയും ശ്രീകാര്യം പോലീസ് സ്റ്റേഷനിൽ കേസ് ഫയൽ ചെയ്യുകയും ചെയ്തു. സർവ്വകലാശാല ഹോസ്റ്റലിലെ സുരക്ഷ ശക്തമാക്കുകയും പോലീസിന്റെയും സർവ്വകലാശാല സെക്യൂരിറ്റി ജീവനക്കാരുടെയും പെട്രോളിംഗ് ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ആന്റി റാഗിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കോഴിക്കോട്, ഗവൺമെന്റ് ലാ കോളേജിൽ റാഗിംഗുമായി ബന്ധപ്പെട്ട് ലഭിച്ച രണ്ട് പരാതികൾ പോലീസിന് കൈമാറുകയും ആന്റി റാഗിംഗ് സ്ക്വാഡ് അന്വേഷണം നടത്തുകയും ചെയ്തതിൽ പരാതിക്കാർ മൊഴി നൽകാൻ തയ്യാറാകാതെ യിരുന്നതിനാൽ കേസ് തീർപ്പാക്കിയിട്ടുണ്ട്. കട്ടപ്പന ഗവൺമെന്റ് കോളേജിൽ റാഗിംഗുമായി ബന്ധപ്പെട്ട് 6 വിദ്യാർത്ഥികളെ ഒരു സെമസ്റ്റർ കാലയളവിലേയ്ക്ക് സസ്പെന്റ് ചെയ്തു. പ്രസ്തുത വിദ്യാർത്ഥികളിൽ 3 പേരെ കോളേജ് ഹോസ്റ്റലിൽ നിന്നും പുറത്താക്കുകയും ചെയ്തു. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ റാഗിംഗ് സംബന്ധിച്ച എല്ലാ പരാതികളും പോലീസിന് കൈമാറിയിട്ടുണ്ട്. ഗവൺമെന്റ് കോളേജ്, കട്ടപ്പനയിൽ റാഗിംഗുമായി ബന്ധപ്പെട്ട് 18-10-2016-ലെ എഫ്.ഐ.ആർ. നമ്പർ 123 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരള പ്രൊഹിബിഷൻ ഓഫ് റാഗിംഗ് ആക്ട് 1998-ലെ സെക്ഷൻ 13, 14 എന്നിവ പ്രകാരവും ഐ.പി.സി. 1860 ആക്ടിലെ വകുപ്പുകൾ 143, 342, 451, 506 (1) R/W 149 പ്രകാരവുമാണ് ടി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. കളമശ്ശേരി സർക്കാർ പോളിടെക്നിക് കോളേജ് ഹോസ്റ്റലിലെ റാഗിംഗുമായി ബന്ധപ്പെട്ട് മാധ്യമങ്ങളിൽ വന്ന വാർത്തകളുടെയും വിദ്യാർത്ഥികളിൽ നിന്നും ലഭിച്ച പരാതികളുടെയും അടിസ്ഥാനത്തിൽ ആന്റി റാഗിംഗ് സെൽ നടത്തിയ പ്രാഥമികാന്വേഷണത്തിനുശേഷം പ്രസ്തുത സംഭവത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് പ്രഥമ ദൃഷ്ട്യാ കണ്ടെത്തിയ 11 വിദ്യാർത്ഥികളെ കോളേജിൽനിന്ന് അന്വേഷണ വിധേയമായി പുറത്താക്കിയിട്ടുണ്ട്. റാഗിംഗുമായി ബന്ധപ്പെട്ട് പോലീസിൽ ആകെ 56 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അവയിൽ 3 കേസുകൾ എസ്.സി. വിഭാഗത്തിൽ നിന്നും ബാക്കിയുള്ള 53 കേസുകൾ മറ്റ് വിഭാഗത്തിൽ നിന്നുള്ളതുമാണ്.

ശ്രീ. പി. കെ. ബഷീർ: സർ, സീനിയർ വിദ്യാർത്ഥികൾ ജൂനിയർ വിദ്യാർത്ഥികളെ റാഗ് ചെയ്യുന്നതാണ് റാഗിംഗ്. ജൂനിയർ വിദ്യാർത്ഥികൾ തമ്മിലാണെങ്കിൽ അത് റാഗിംഗിന്റെ പരിധിയിൽ വരില്ല. അതുപോലെ വിദ്യാർത്ഥികളെ റാഗ് ചെയ്യുന്ന

അദ്ധ്യാപകരുണ്ട്. വിദ്യാർത്ഥികളെ മാനസികമായി പീഡിപ്പിക്കുന്ന മാനേജ്മെന്റ്, പ്രൊഫസർമാർ ഇവരുടെ പേരിലും നടപടിയെടുക്കണ്ടേ? സെമിനാറിൽ നല്ല പെർഫോർമൻസ് നടത്തുന്ന കുട്ടികൾക്ക് മാർക്ക് കൊടുക്കണ്ടേ? അതൊരു മാനസിക പീഡനമല്ലേ; അത് റാഗിംഗിന്റെ പരിധിയിൽ ഉൾപ്പെടുത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, പ്രൊഫ. കെ.പി.എസ്. ഉണ്ണി റിപ്പോർട്ട്, രാഘവൻ കമ്മിറ്റി റിപ്പോർട്ട്, യൂണിവേഴ്സിറ്റി-യു.ജി.സി.-എ.ഐ.സി.റ്റി.ഇ. ബൈലാ ഇവയിലൊക്കെ റാഗിംഗിന്റെ നിർവ്വചനമുണ്ട്. ആ നിർവ്വചനത്തിനകത്ത് വരുന്ന റാഗിംഗിനെതിരെ നടപടിയെടുക്കുക/ശിക്ഷിക്കുക, അതിനുള്ളതാണ് നിയമങ്ങൾ. ആ നിയമങ്ങൾ നടപ്പിലാക്കാൻ ഓരോ സർവ്വകലാശാലയിലും ഓരോ ഇൻസ്റ്റിറ്റ്യൂഷനിലും ആന്റി റാഗിംഗ് കമ്മിറ്റിയും, ആന്റി റാഗിംഗ് സ്ക്വാഡും, മോണിറ്ററിംഗ് കമ്മിറ്റിയുമുണ്ട്. ഇതെല്ലാം എ.ഐ.സി.റ്റി.ഇ.-യുടെയും യു.ജി.സി.യുടെയും നിയമപ്രകാരമുണ്ട്. ഈ നിയമത്തിനുള്ളിൽ റാഗിംഗ് എന്ന മേഖലയിൽ വരുന്ന പ്രശ്നങ്ങൾക്ക് വളരെ ശക്തമായ നിലപാടെടുക്കാനുള്ള സമിതികൾ നിയമപരമായുണ്ട്. സംസ്ഥാനത്തെ ഏതെങ്കിലും ഇൻസ്റ്റിറ്റ്യൂഷനുകളിൽ അവ കാര്യമായി പ്രവർത്തിക്കുന്നില്ലെങ്കിൽ ആ മാനേജ്മെന്റിനെതിരെ അതിശക്തമായ നടപടിയെടുക്കും. കേരളത്തിൽ ഇവ കൃത്യമായി പ്രവർത്തിക്കുമെന്നുള്ളത് ഉറപ്പ് വരുത്തും. മാത്രമല്ല ഇത്തരത്തിൽ സംസ്ഥാനത്തെ എല്ലാ ഇൻസ്റ്റിറ്റ്യൂഷനുകളിലും മൂന്ന് സമിതികൾ മോണിറ്റർ ചെയ്യുന്നതിനുവേണ്ടി, സംസ്ഥാന തലത്തിൽ റാഗിംഗ് നടക്കാതിരിക്കുന്നതിനുവേണ്ടി ഒരു മോണിറ്ററിംഗ് സമിതി രൂപീകരിക്കാനും സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. മറ്റ് പ്രശ്നങ്ങളൊക്കെ മറ്റ് തരത്തിലുള്ള കേസ്സുകളാണ്. അത് ഏത് കേസ്സിന്റെ പരിധിയിൽ വരുന്നുവോ അതനുസരിച്ച് കേസ്സെടുത്ത് നടപടിയെടുക്കും. അത്തരത്തിലുള്ള ഒരു തെറ്റും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കാൻ ഇനി അനുവദിക്കില്ല.

ശ്രീ. പി. കെ. ബഷീർ: സർ, ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ചത് നിലവിലുള്ള നിയമങ്ങളും അതിന്റെ ഗൈഡ്ലൈൻസും കാര്യങ്ങളുമാണ്. അതൊക്കെ നൂറ് ശതമാനവും അംഗീകരിക്കുന്നു. പക്ഷെ, മാറി വരുന്ന കാലഘട്ടത്തിൽ പുതിയതായി വരുന്ന ഈ വക കേസ്സുകൾ റാഗിംഗിൽ ഉൾപ്പെടുത്തുവാനുള്ള നടപടി ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന്.....എല്ലാം സുതാര്യമായി നടപ്പിലാക്കുമെന്ന് പറയുന്ന നിങ്ങൾ, എല്ലാ ശരിയാക്കുമെന്ന് പറയുന്ന നിങ്ങൾ ഇക്കാര്യത്തിൽ ഒരു നടപടി സ്വീകരിക്കുമോയെന്നാണ് ചോദിക്കാനുള്ളത്.

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, ഇന്റേണൽ അസസ്മെന്റ് പ്രശ്നങ്ങളൊന്നും റാഗിംഗ് പ്രശ്നമല്ല. അത് ഞാൻ നേരത്തേ സൂചിപ്പിച്ച മറ്റ് പ്രശ്നങ്ങളാണ്. അതിൽ അക്കാഡമിക് പ്രശ്നങ്ങളുണ്ട്, മറ്റ് നിരവധി പ്രശ്നങ്ങളുണ്ട്. മൂന്ന്-നാല് തരം കാറ്റഗറിയിൽ വരുന്ന പ്രശ്നങ്ങളാണ്. ഓരോ തരത്തിലുള്ള നിയമങ്ങൾ അനുസരിച്ചാണ് അതിന്

ശിക്ഷ/നടപടിയെടുക്കാൻ കഴിയുന്നത്. ഓരോ തരത്തിലുള്ള പ്രശ്നങ്ങൾ എന്താണെന്ന് മനസ്സിലാക്കിയാണ് നടപടി സ്വീകരിക്കുന്നത്. അതിനുള്ള നിയമങ്ങളുമുണ്ട്. അത് വേണമെങ്കിൽ കൃത്യമായി പറയാം. അതനുസരിച്ചാണ് നടപടിയെടുക്കുന്നത്. ഇത്തരത്തിലുള്ള തെറ്റായ നടപടികൾ സ്വാശ്രയ കോളേജുകളിലോ കേരളത്തിലെ മറ്റ് കോളേജുകളിലോ നടക്കുകയാണെങ്കിൽ അതിനെതിരെ ശക്തമായ നടപടിയെടുക്കും. സ്വാശ്രയ കോളേജുകളിൽ ഇത്തരം പ്രശ്നങ്ങൾ പഠിക്കുന്നതിനുവേണ്ടി ജസ്റ്റിസ് ദിനേശൻ കമ്മീഷൻ പ്രവർത്തിച്ച് തുടങ്ങിയിട്ടുണ്ട്. ജസ്റ്റിസ് ദിനേശൻ കമ്മീഷന്റെ റിപ്പോർട്ട് അനുസരിച്ച് ഈ പ്രശ്നങ്ങൾ ഇല്ലാതിരിക്കാനുള്ള നടപടി സർക്കാർ എടുക്കുന്നതാണ്.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, റാഗിംഗിന് എതിരെയുള്ള നിയമ നടപടികളെക്കുറിച്ച് അങ്ങ് പറഞ്ഞതെല്ലാം ശരിയാണ്. ആ നിയമ നടപടികൾ നടക്കുന്ന കൂട്ടത്തിൽ, റാഗിംഗിന്റെ ഒരു ഭാഗത്ത് ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ എസ്.എഫ്.ഐ. വിദ്യാർത്ഥികൾ വരികയാണ്. ആ നിലപാടിനെതിരെ പ്രാസ്ഥാനികപരമായി പുരോഗമന ആശയമെന്ന് പറയുന്ന പ്രാചീന ആളുകൾ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, റാഗിംഗ് കുറ്റകരമാണ്. റാഗിംഗ് നടത്തിയവർക്കെതിരെ മുഖം നോക്കാതെ ശക്തമായ നടപടിയെടുക്കും.

(ചോദ്യോത്തരസമയം കഴിഞ്ഞു)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പൊതുവിദ്യാഭ്യാസ സംരക്ഷണം

4 (*94) <u>ശ്രീ. എ. പ്രദീപ്കുമാർ</u> :

<u>ശ്രീമതി പി. അയിഷാ പോറ്റി</u> :

<u>ശ്രീ. പി. ഉണ്ണി</u> :

<u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസം സംരക്ഷിക്കാനായി സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പരിപാടികളുടെ വിശദാംശം നൽകുമോ;

(ബി) ഭൗതിക സൗകര്യങ്ങൾ വിപുലീകരിച്ചും സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിയും പഠന നിലവാരം ഉയർത്താനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) വിദ്യാഭ്യാസത്തിന്റെ ജനാധിപത്യവൽക്കരണത്തോടൊപ്പം വിദ്യാർത്ഥിയിൽ സാമൂഹ്യബോധവും ജനാധിപത്യബോധവും സൃഷ്ടിക്കുന്നതിനാവശ്യമായ ഇടപെടലുകൾ ഉണ്ടാകുമോ ;

(ഡി) പ്രാഥമിക തലത്തിലെങ്കിലും എല്ലാ കുട്ടികളും മത-ജാതി വേർതിരിവ് ഇല്ലാതെ പൊതുവിദ്യാലയങ്ങളിൽത്തന്നെ പഠിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസം സംരക്ഷിക്കാനായി സർക്കാർ താഴെപ്പറയുന്ന പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട് :

1. ആയിരം സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക
2. ഹൈസ്കൂൾ, ഹയർസെക്കണ്ടറി തലത്തിൽ എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കി പഠന പ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകുക.
3. എൽ.പി., യു.പി. ക്ലാസ്സുകളിൽ പൊതുവിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കുന്നതിനായി അദ്ധ്യാപക രക്ഷാകർതൃ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ കാലോചിതമായ വികസനം ഉറപ്പാക്കുക.
4. 50 വർഷം, 100 വർഷം പൂർത്തിയാക്കിയ സ്കൂളുകൾക്ക് പ്രത്യേക പാക്കേജ് അടിസ്ഥാനത്തിൽ സഹായം നൽകും. ഇംഗ്ലീഷ് ഭാഷാ പഠനത്തിന് പ്രോത്സാഹനം നൽകും. അടുത്ത രണ്ടുവർഷം കൊണ്ട് രണ്ടാമത്തെ പ്രധാന ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ഓരോ ജില്ലയിലും അഞ്ച് സ്കൂളുകൾ ഒന്നാമത്തെ പ്രധാന ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്യുന്നതാണ്.

(ബി) പൊതുവിദ്യാലയങ്ങളിലെ പഠനനിലവാരം ഉയർത്തുന്നതിനായി വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങളുടെ വിപുലീകരണവും സാങ്കേതിക വിദ്യാധിഷ്ഠിത പഠനവും നടപ്പിലാക്കിവരികയാണ്. പൊതുവിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വായനശാല, ലബോറട്ടറികൾ എന്നിവയുടെ നവീകരണം, കലാകായിക സാംസ്കാരിക പാർക്ക്, ജൈവ വൈവിദ്ധ്യ പാർക്ക് തുടങ്ങിയവ സ്ഥാപിക്കൽ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുകയും. പ്രീപ്രൈമറി തലം മുതൽ ശിശുകേന്ദ്രീകൃത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകിക്കൊണ്ട് പൊതുവിദ്യാഭ്യാസത്തിന്

ഒരു പുതിയ മാനം സൃഷ്ടിക്കുന്നതിന് ഉതകുന്ന പദ്ധതികളാണ് സർക്കാർ വിഭാവന ചെയ്ത് നടപ്പിലാക്കി വരുന്നത്. സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 8 മുതൽ 12 വരെ ക്ലാസ്സുകൾ ഹൈടെക്കാക്കുന്ന പദ്ധതിയുടെ പൈലറ്റ് പ്രവർത്തനങ്ങൾ നാല് മണ്ഡലങ്ങളിൽ നടന്നുവരികയാണ്. സ്കൂളുകൾക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ലഭ്യമാക്കുക, അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രത്യേക പരിശീലനം, ഐസിടി അധിഷ്ഠിത പഠന പ്രവർത്തനങ്ങൾ, ഐസിടി അധിഷ്ഠിത ഉള്ളടക്കം, പ്രത്യേക ഐസിടി പാഠപുസ്തകങ്ങൾ, ഐ.ടി. പരീക്ഷ എന്നീ പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമായി നടപ്പിലാക്കിവരുന്നു.

(സി) ഉണ്ടാകും.

(ഡി) നിലവിൽ മത-ജാതി വേർതിരിവ് ഇല്ലാതെയാണ് പൊതുവിദ്യാലയങ്ങളിൽ കുട്ടികൾ പഠിക്കുന്നത്. മതനിരപേക്ഷ ജനാധിപത്യ ജനകീയ സമീപന രീതി ഉൾക്കൊണ്ടുകൊണ്ട് പൊതുവിദ്യാഭ്യാസ രംഗം ആധുനികവൽക്കരിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ആവിഷ്കരിച്ചിരിക്കുന്ന 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ലക്ഷ്യങ്ങൾതന്നെ പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കുക, വിദ്യാഭ്യാസത്തിന്റെ ജനാധിപത്യവൽക്കരണം അർത്ഥപൂർണ്ണമാക്കുക തുടങ്ങിയവയാണ്. ഇപ്രകാരം പൊതുവിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കുകവഴി എല്ലാ കുട്ടികളും ജാതി-മത വേർതിരിവില്ലാതെ പൊതുവിദ്യാലയങ്ങളിൽത്തന്നെ പഠനം നടത്തുന്നതിനുള്ള പദ്ധതികളാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി മുഖേന സർക്കാർ വിഭാവന ചെയ്തിട്ടുള്ളത്.

## വിദ്യാർത്ഥികളുടെ ജനാധിപത്യ അവകാശങ്ങൾ

5 (*95) <u>ശ്രീ. പി. കെ. ശശി</u> :
<u>ശ്രീ. ഇ. പി. ജയരാജൻ</u> :
<u>ശ്രീ. പുരുഷൻ കടലുണ്ടി</u> :
<u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഉൾപ്പെടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികളുടെ ജനാധിപത്യ അവകാശങ്ങൾ നിഷേധിക്കപ്പെടുന്നതു തിരുത്താനായി നിയമനിർമ്മാണം നടത്താൻ തയ്യാറാകുമോ ;

(ബി) കോർപ്പറേറ്റ് അടിമകളെ സൃഷ്ടിക്കുന്നതാണ് വിദ്യാഭ്യാസമെന്ന സമൂഹത്തിന്റെ തെറ്റായ ധാരണ അകറ്റാനും സാമൂഹ്യ പ്രതിബദ്ധതയുള്ള പുതുതലമുറയെ വാർത്തെടുക്കുന്ന രീതിയിൽ കലാലയങ്ങളെ മാറ്റിത്തീർക്കാൻ വേണ്ട ഇടപെടൽ നടത്താനും സാധ്യമാണോ ;

(സി) സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മാനേജ്മെന്റ് അസോസിയേഷൻ, പ്രിൻസിപ്പൽസ് കൗൺസിൽ തുടങ്ങിയ പേരുകളിൽ സ്ഥാപന ഉടമകൾക്കും മേധാവികൾക്കും നിർബാധം സംഘടനാ പ്രവർത്തനം നടത്താമെന്നിരിക്കെ ഗുണഭോക്താക്കളായ വിദ്യാർത്ഥികൾക്ക് ആ അവകാശം നിഷേധിക്കുന്ന നിലപാട് തിരുത്തിക്കാൻ ഇടപെടുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഉൾപ്പെടെയുള്ള സർക്കാർ നിയന്ത്രിത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തെരഞ്ഞെടുപ്പ് പോലുള്ള നിയമപ്രകാര മാർഗ്ഗങ്ങളിലൂടെ ജനാധിപത്യ രീതിയിൽത്തന്നെ വിദ്യാർത്ഥികൾക്ക് അവരുടെ ജനാധിപത്യ അവകാശം നിലവിൽ അനുവദിച്ചുവരുന്നുണ്ട്.

(ബി) സാമൂഹ്യ പ്രതിബദ്ധതയും മൂല്യബോധവും സഹജീവികളോട് സ്നേഹവും നന്മയുമുള്ള പൗരൻമാരെ വാർത്തെടുക്കുന്നതിൽ പൊതുവിദ്യാഭ്യാസത്തിനും ഉന്നത വിദ്യാഭ്യാസത്തിനും വലിയ പങ്കുള്ളതിനാൽ അത്തരമൊരു തലമുറയെ വാർത്തെടുക്കുന്നതിനായി കലാലയങ്ങളിലെ വിദ്യാഭ്യാസ വ്യവസ്ഥിതിയിൽ ഘടനാപരമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിന് ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

(സി) വിദ്യാഭ്യാസത്തോടൊപ്പം സാമൂഹ്യബോധവും നീതിയുമുള്ള ഒരു തലമുറയാണ് ഇന്നത്തെ സമൂഹത്തിന് ആവശ്യം. തന്മൂലം സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികളുടെ ജനാധിപത്യ അവകാശങ്ങൾ ധ്വംസിക്കപ്പെടാതിരിക്കുവാൻ സർക്കാർ ആവശ്യമായ ഇടപെടൽ നടത്തുന്നതാണ്.

**ഗ്രീൻ കോറിഡോർ പദ്ധതി**

6(*96) ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ കടലോരമേഖലയിൽ ഗ്രീൻ കോറിഡോർ പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇന്ത്യയിൽ ജനസാന്ദ്രത ഏറ്റവും കൂടുതലുള്ള കേരളതീരത്ത് ഈ പദ്ധതി നടപ്പിലാക്കുന്നത് ജനജീവിതം ദുസ്സഹമാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കടലോരത്ത് താമസിക്കുന്ന 36000-ത്തോളം കുടുംബങ്ങളെ ഈ പദ്ധതി നടപ്പിലാക്കിയാൽ കുടിയൊഴിപ്പിക്കേണ്ടിവരുമോ;

(ഡി) വ്യാപകമായ പ്രതിഷേധത്തിന്റെ വെളിച്ചത്തിൽ ഈ പദ്ധതി പുനഃപരിശോധിക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) തീരദേശ മേഖലയിലെ മത്സ്യബന്ധന തുറമുഖങ്ങളെയും മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളെയും ബന്ധിപ്പിച്ചുകൊണ്ട് ഗ്രീൻ കോറിഡോർ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രീ-ഫീസിബിലിറ്റി റിപ്പോർട്ട് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കി നൽകിയിട്ടുണ്ട്. എന്നാൽ തീരദേശ ഹൈവേ പി.ഡബ്ല്യു.ഡി. മുഖേന നടപ്പാക്കുമെന്നാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്.

(ബി) ഇല്ല. വിശദമായി പരിശോധിച്ചതിനുശേഷമേ ഇക്കാര്യത്തിൽ സർക്കാർ അന്തിമ തീരുമാനം എടുക്കുകയുള്ളൂ. തീരദേശ ഗ്രീൻ കോറിഡോർ നിലവിൽ വന്നാൽ ജനജീവിതം കൂടുതൽ സൗകര്യപ്രദമാവുകയാണ് ചെയ്യുന്നത്.

(സി&ഡി) ഉദിക്കുന്നില്ല.

## സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലും ലാ അക്കാദമിയിലും നടന്ന വിദ്യാർത്ഥി പീഡനം

7 (*97) പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ബി. സത്യൻ :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലും തിരുവനന്തപുരത്തുള്ള ലാ അക്കാദമിയിലും നടന്നതായി പറയപ്പെടുന്ന വിദ്യാർത്ഥി പീഡനത്തിന് അറുതിവരുത്താനായി നടത്തിയ ഇടപെടലുകൾ എന്തൊക്കെയെന്ന് അറിയിക്കുമോ ;

(ബി) സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാഭ്യാസ നിലവാരത്തെക്കുറിച്ച് പഠിക്കാനായി നിയമിക്കപ്പെട്ട സമിതി അത്തരം സ്ഥാപനങ്ങളിലെ അദ്ധ്യയനരീതിയെക്കുറിച്ച് പരിശോധന നടത്തിയിരുന്നോ; എങ്കിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയായിരുന്നു; അതിന്റെ അടിസ്ഥാനത്തിൽ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്;

(സി) പി.റ്റി.എ., വിദ്യാർത്ഥി സംഘടനകൾ എന്നിവ ഉൾപ്പെടെയുള്ള സാമൂഹ്യനിയന്ത്രണ സംവിധാനങ്ങൾ കർശനമായി ഏർപ്പെടുത്തുന്നതിനായി ആവശ്യമെങ്കിൽ നിയമനിർമ്മാണം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഇടയ്ക്കുവച്ച് പഠനം നിർത്തിപ്പോകുന്ന വിദ്യാർത്ഥികളെ ലിക്വിഡേറ്റഡ് ഡാമേജിൽനിന്നും ഒഴിവാക്കുക, എ.ഐ.സി.റ്റി.ഇ./സർവ്വകലാശാല എന്നിവയുടെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി അവധി ദിവസങ്ങളിലും ക്ലാസ്സുകൾ നടത്തുക, അനാവശ്യമായ പിഴ ഈടാക്കുക തുടങ്ങിയ വിഷയങ്ങൾ ഉന്നയിച്ചുകൊണ്ട് നിരവധി പരാതികൾ സർക്കാരിൽ ലഭിക്കുന്നുണ്ട്. അത്തരം പരാതികൾ സർക്കാർ തലത്തിലും സർവ്വകലാശാല തലത്തിലും വിശദമായി പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിച്ചുവരുന്നു. പാമ്പാടി നെഹ്റു കോളേജിലെ വിദ്യാർത്ഥി ജിഷ്ണു പ്രണോയിയുടെ മരണത്തിന്റെ പശ്ചാത്തലത്തിൽ സാങ്കേതിക സർവ്വകലാശാല വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 'വിദ്യാർത്ഥികളെ മാനസികമായി പീഡിപ്പിക്കുന്നു' എന്ന ആരോപണത്തിന് വിധേയമായ മറ്റക്കര ടോംസ് കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ, പരാതി ലഭിച്ച ഉടൻതന്നെ സാങ്കേതിക സർവ്വകലാശാല അന്വേഷണം നടത്തുകയും, കോളേജിന്റെ പ്രവർത്തനങ്ങൾ സർവ്വകലാശാലയുടെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണെന്ന് കണ്ടെത്തുകയും ചെയ്തതിനെതുടർന്ന് കോളേജിന് തുടർ അഫിലിയേഷൻ നൽകാതിരിക്കാനും, ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികളെ അവരുടെ താൽപ്പര്യാർത്ഥം മറ്റ് കോളേജുകളിലേക്ക് മാറ്റുന്നതിനുമുള്ള അവസരം നൽകിക്കൊണ്ടും സാങ്കേതിക സർവ്വകലാശാല തീരുമാനം എടുക്കുകയുണ്ടായി. കൊല്ലം ഓയൂർ ട്രാവൻകൂർ കോളേജ് ഓഫ് എഞ്ചിനീയറിംഗ് എന്ന സ്ഥാപനത്തിൽ ക്ലാസ്സുകൾ നടത്താതെ വിദ്യാർത്ഥികളുടെ പഠനം തടസ്സപ്പെടുത്തുന്നതായി പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സാങ്കേതിക സർവ്വകലാശാല അന്വേഷണം നടത്തുകയും വിദ്യാർത്ഥികളെ മറ്റ് കോളേജുകളിലേക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുമുണ്ട് കൂടാതെ ഇത്തരം പരാതികൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാർത്ഥി വിരുദ്ധ നടപടികൾ അവലോകനം ചെയ്യുന്നതിനും യുക്തമായ നടപടി സ്വീകരിക്കുന്നതിനുമായി സാങ്കേതിക സർവ്വകലാശാലയിൽ ഒരു ഓംബുഡ്സ്മാനെ നിയമിക്കുവാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പാമ്പാടി നെഹ്റു കോളേജിലും മറ്റക്കര ടോംസ് കോളേജ് ഓഫ് എഞ്ചിനീയറിംഗിലും നടന്ന വിദ്യാർത്ഥി വിരുദ്ധ നടപടികളുടെ ഭാഗമായി ടി കോളേജുകളിൽ അന്വേഷണം നടത്തുവാനായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ രണ്ട് സീനിയർ പ്രൊഫസർമാരെ ഉൾപ്പെടുത്തി ഒരു എൻക്വയറി കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. കേരള ലാ അക്കാദമി ലാ കോളേജുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അന്വേഷിക്കുന്നതിന് നിയോഗിക്കപ്പെട്ട

സിൻഡിക്കേറ്റ് സബ്കമ്മിറ്റിയുടെ റിപ്പോർട്ടും ഇതിന്റെ അടിസ്ഥാനത്തിൽ കേരള സർവ്വകലാശാല സിൻഡിക്കേറ്റ് എടുത്ത തീരുമാനങ്ങളും സർക്കാർ വിശദമായി പരിശോധി ക്കുകയുണ്ടായി. കോഴ്സ് റെഗുലേഷനിലെ ന്യൂനതകൾ, ഇന്റേണൽ മാർക്ക് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ, പരീക്ഷാ ക്രമക്കേടുകൾ തുടങ്ങിയ പ്രശ്നങ്ങൾ പഠിക്കുന്നതിന് നിയോഗിക്കപ്പെട്ട ഉപസമിതികൾ അടിയന്തര യോഗം ചേരണമെന്നും ശക്തമായ നടപടി സർവ്വകലാശാല സ്വീകരിക്കണമെന്നും നിർദ്ദേശിച്ചിരുന്നു.

(ബി) സ്വാശ്രയ കോളേജുകളെ സംബന്ധിച്ച വ്യാപകമായ പരാതികൾ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ സ്വാശ്രയ കോളേജുകളുടെ വിദ്യാഭ്യാസ നിലവാരത്തെക്കുറിച്ച് പഠിക്കുവാൻ സർക്കാർ 4-2-2017-ലെ G.O. (MS) No. 37/2017/H.Edn. എന്ന ഉത്തരവ് പ്രകാരം ഒരു മൂന്നംഗ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. നാല് മാസത്തിനകം ഇതുസംബന്ധിച്ച റിപ്പോർട്ട് നൽകുവാൻ ടി കമ്മിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) എല്ലാ കോളേജുകളിലും പി.ടി.എ. സംവിധാനം ഫലപ്രദമായി നടപ്പിലാക്കണമെന്ന് സർക്കാരിൽനിന്നും കർശന നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ സാങ്കേതിക സർവ്വകലാശാല ടി വിവരം നിഷ്കർഷിച്ചുകൊണ്ട് എല്ലാ കോളേജുകൾക്കും അറിയിപ്പ് നൽകിയിട്ടുണ്ട്.

**തീരദേശ ഹരിത ഇടനാഴി പദ്ധതി**

8(*98) ശ്രീ. കെ. ദാസൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന തീരദേശ ഹരിത ഇടനാഴി പദ്ധതിയുടെ വിശദാംശം നൽകുമോ; പദ്ധതിക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതി നടപ്പാക്കിയാൽ തീരദേശത്ത് ഉണ്ടാകാവുന്ന പുരോഗതിയെ കുറിച്ച് അറിയിക്കാമോ;

(സി) പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി എത്ര കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇവരുടെ പുനരധിവാസം ആസൂത്രണം ചെയ്തിരി ക്കുന്നത് ഏതു വിധത്തിലാണ് എന്ന് വിശദീകരിക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) തീരദേശ മേഖലയിലെ മത്സ്യബന്ധന തുറമുഖങ്ങളെയും മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളെയും ബന്ധിപ്പിച്ചുകൊണ്ട് ഗ്രീൻ കോറിഡോർ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രീ-ഫീസിബിലിറ്റി റിപ്പോർട്ട് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽനിന്നും ലഭ്യമായിട്ടുണ്ട്. പദ്ധതി സംബന്ധിച്ച് അവസാന തീരുമാനമെടുത്തിട്ടില്ല. അതിനാൽ കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടില്ല. കൂടാതെ ടി പദ്ധതി പൊതുമരാമത്ത് വകുപ്പ് മുഖാന്തരം നടപ്പാക്കുമെന്നാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്.

(ബി) സംസ്ഥാനത്തെ ഒൻപത് തീരദേശ ജില്ലകളിലെ മത്സ്യബന്ധന തുറമുഖങ്ങളേയും കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളേയും പരസ്പരം ബന്ധിപ്പിക്കുക എന്ന ലക്ഷ്യമിട്ടാണ് തീരദേശത്തെ നിലവിലുള്ള റോഡുകളെ ബന്ധിപ്പിച്ചുകൊണ്ട് ഒരു റോഡ് ശൃംഖല 'ഹരിത ഇടനാഴി' എന്ന പേരിൽ ആരംഭിക്കുന്നതിനെക്കുറിച്ച് സർക്കാർ ആലോചിച്ചത്. തീരദേശ മേഖലയിലെ മെച്ചപ്പെട്ട യാത്രാസൗകര്യവും സമഗ്ര വികസനവും പദ്ധതി ലക്ഷ്യമിടുന്നു.

(സി) പദ്ധതിയുടെ അന്തിമ രൂപം തയ്യാറാക്കിയിട്ടില്ലാത്തതിനാൽ പുനരധിവസിപ്പിക്കേണ്ടവരുടെ കൃത്യമായ എണ്ണം കണക്കാക്കുവാൻ കഴിഞ്ഞിട്ടില്ല. ഗ്രീൻ കോറിഡോറിന്റെ അലൈൻമെന്റും മറ്റും കൃത്യമായി നിശ്ചയിച്ചു കഴിയുമ്പോൾ മാത്രമാണ് പുനരധിവസിപ്പിക്കേണ്ടവരുടെ എണ്ണം കൃത്യമായി കണക്കാക്കുവാൻ കഴിയുക. പരമാവധി നിലവിലുള്ള റോഡുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തിയും അവയ്ക്ക് പ്രധാന റോഡുകളുമായി ലിങ്കേജ് ഉണ്ടാക്കിയുമാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നത്. ആയതിനാൽ പുനരധിവാസവും ഏറെ കുറവായിരിക്കും. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന സമയത്ത് പുനരധിവാസ പദ്ധതിയും ഉൾപ്പെടുത്താവുന്നതാണ്. എന്നാൽ തീരദേശഹൈവേ പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലാണ്.

## ലാൻഡ് ട്രൈബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾ

9 (*99) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ലാൻഡ് ട്രൈബ്യൂണലുകളിൽ പതിനായിരക്കണക്കിന് അപേക്ഷകൾ ദീർഘകാലമായി കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത അപേക്ഷകൾ തീർപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 30-9-2016-ൽ ലാൻഡ് ബോർഡ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനത്തെ 17 ലാൻഡ് ട്രൈബ്യൂണൽ ഓഫീസുകളുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച് അവലോകനം നടത്തുകയും 30-12-2016 വരെ തീർപ്പാക്കേണ്ട കേസ്സുകളുടെ ടാർജറ്റ് നിശ്ചയിച്ചു നൽകുകയും ചെയ്തിരുന്നു. അയതുപ്രകാരം 92211 കേസ്സുകൾ തീർപ്പാക്കുവാനുണ്ടായിരുന്നതിൽ 4774 കേസ്സുകൾ 30-12-2016 വരെ തീർപ്പാക്കിയിട്ടുണ്ട്. 2017 ജനുവരി മാസത്തിൽ 1163 കേസ്സുകൾ തീർപ്പാക്കിയിട്ടുണ്ട്. ട്രൈബ്യൂണൽ ഓഫീസുകളിലെ കേസ്സുകൾ തീർപ്പാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് പരിശീലന ക്ലാസ് നൽകിവരുന്നു. ഭൂപരിഷ്കരണ നടപടികളുടെ ചുമതലയുള്ള ഉദ്യോഗസ്ഥന്മാരെ കഴിയുന്നതും മറ്റ് ചുമതലകളിൽനിന്നും ഒഴിവാക്കുന്നതിനും കേസ്സുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് ലാൻഡ് ട്രൈബ്യൂണൽ തഹസിൽദാർമാർ കുറഞ്ഞത് രണ്ടുവർഷമെങ്കിലും ടി ഓഫീസുകളിൽ സേവനമനുഷ്ഠിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ലാൻഡ് ട്രൈബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന കേസ്സുകളിൽ തീർപ്പുകൽപ്പിക്കുന്നതിന് 29 സ്പെഷ്യൽ തഹസിൽദാർമാർക്ക് ലാൻഡ് ട്രൈബ്യൂണലുകളുടെ അധിക ചുമതല നൽകി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

**സ്കൂളുകൾ വാടകയ്ക്ക് നൽകുന്ന നടപടി**

10 (*100) ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കെ. ബാബു :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകൾ, സ്കൂൾ ഗ്രൗണ്ട്, ഓഡിറ്റോറിയം എന്നിവ ഏതൊക്കെ തരത്തിലുള്ള പരിപാടികൾക്ക് വാടകയ്ക്കോ അല്ലാതെയോ നൽകാനാണ് ചട്ടങ്ങൾ അനുവദിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) ആർ.എസ്.എസ്. ആയുധപരിശീലനത്തിനായി വിവിധ വിദ്യാലയങ്ങളുടെ വളപ്പ് ഉപയോഗപ്പെടുത്തുന്നതായി വന്ന ആക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ വകുപ്പ് അന്വേഷണം നടത്തിയിരുന്നോ; വിശദാംശം അറിയിക്കുമോ;

(സി) ഇത്തരം പ്രവർത്തികൾ നടത്തുന്നതിന് അനുമതി നൽകിയ സ്കൂൾ മാനേജ്മെന്റുകൾക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) കേരള വിദ്യാഭ്യാസ ചട്ടം 15 അദ്ധ്യായം IV പ്രകാരം സംസ്ഥാനത്തെ ഗവൺമെന്റ്/സ്വകാര്യ സ്കൂളുകളുടെ ഗ്രൗണ്ട്, ഓഡിറ്റോറിയം എന്നിവ പ്രസ്തുത സ്കൂളുകളുടെ പരിപാടികൾ അവതരിപ്പിക്കുവാനോ, മാനേജ്മെന്റ്/കേന്ദ്ര-സംസ്ഥാന സർക്കാർ വകുപ്പുകൾ സംഘടിപ്പിക്കുന്ന പൊതുപരിപാടികൾ നടത്തുന്നതിനോ മറ്റാവശ്യങ്ങൾക്കോ സോപാധികം അനുവാദം നൽകുവാൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള സ്കൂളുകളിൽ അതാത് തദ്ദേശഭരണ സ്ഥാപനത്തിനും ഗവൺമെന്റ് സ്കൂളുകളിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും സ്വകാര്യ മാനേജ്മെന്റ് സ്കൂളുകളിൽ മാനേജർമാർക്കും അധികാരമുണ്ട്. കേരള വിദ്യാഭ്യാസ ചട്ടം 16 അദ്ധ്യായം IV പ്രകാരം സ്വകാര്യ വ്യക്തികൾക്ക് യോഗങ്ങൾ കൂടുവാനോ മറ്റാവശ്യങ്ങൾക്കോ ഗവൺമെന്റ് സ്കൂൾ സോപാധികം വിട്ടുനൽകുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 5-4-1984-ലെ സർക്കാർ ഉത്തരവ് (എംഎസ്.) 68/84/പൊ.വി.വ. പ്രകാരം സാമൂഹിക അസമത്വം സൃഷ്ടിക്കുന്നതോ മതവിദ്വേഷം സൃഷ്ടിക്കുന്നതോ സാമൂഹിക ക്രമസമാധാനത്തെ തകർക്കുന്നതോ ആയ പ്രവണതകളുള്ള പരിപാടികൾ സംഘടിപ്പിക്കുന്നതിന് സ്കൂൾ വസ്തുവകകൾ വിട്ടുകൊടുക്കുവാൻ പാടില്ല.

(ബി&സി) ആർ.എസ്.എസ്.-ന്റെ 'പ്രാഥമിക് ശിക്ഷാവർഗ്ഗ്' എന്ന പേരിലുള്ള ഒരാഴ്ച നീണ്ടുനിൽക്കുന്ന പരിശീലന പരിപാടി സ്കൂൾ വളപ്പിൽ നടന്നതുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള പരാതിയിന്മേൽ അന്വേഷണം നടത്തിവരുന്നു.

**സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറക്കാത്ത നടപടി**

11 (*101) ശ്രീ. എം. നൗഷാദ് :

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :

ശ്രീ. എം. മുകേഷ് :

ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറക്കണമെന്ന് ആവശ്യപ്പെട്ട് നിരാഹാര സമരം ചെയ്ത പൊതുപ്രവർത്തകന് ജീവൻ നഷ്ടപ്പെട്ടിട്ടും ധാർഷ്ട്യം നിറഞ്ഞ നിലപാട് സ്വീകരിക്കുന്നതായി ആക്ഷേപമുള്ള മുതലാളിമാർക്കെതിരെ എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ;

(ബി) വൻതോതിൽ തോട്ടണ്ടി സ്റ്റോക്കുണ്ടായിട്ടും ഫാക്ടറി തുറക്കില്ലെന്ന് വാശിപിടിക്കുന്ന മുതലാളിമാരുടെ ഫാക്ടറികൾ കശുവണ്ടി വികസന കോർപ്പറേഷൻ ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നത് പരിഗണിക്കുമോ ;

(സി) കാഷ്യു സ്പെഷ്യൽ ഓഫീസർ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങളും ഫാക്ടറി തുറപ്പിക്കാനായി സ്വീകരിച്ച നടപടികളും അറിയിക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച് ആലോചിക്കാൻ ബഹുമാനപ്പെട്ട ഫിഷറീസ് & കാഷ്യു വ്യവസായവും വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രത്യേകം യോഗങ്ങൾ വിളിച്ചുചേർക്കുകയും ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ വ്യവസായികളിൽനിന്നുതന്നെ മനസ്സിലാക്കി പരിഹാര മാർഗ്ഗങ്ങൾ സ്വീകരിച്ചുവരികയുമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ തോട്ടണ്ടി കൈവശമുള്ളവർ ഫാക്ടറി തുറക്കാത്ത വിഷയം പരിഗണിക്കുകയും കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ വ്യവസായികളോട് അഭ്യർത്ഥിക്കുകയുമുണ്ടായി. സംസ്ഥാനത്തെ 800-ൽ അധികം സ്വകാര്യ കശുവണ്ടി ഫാക്ടറികളിൽ ഭൂരിഭാഗവും അടഞ്ഞുകിടന്നിരുന്ന സ്ഥിതിയിൽ നിന്നും ഈ സർക്കാരിന്റെ നിരന്തര ഇടപെടലിനെത്തുടർന്ന് 428-ൽ അധികം ഫാക്ടറികൾ ഇതിനകം തുറന്നു പ്രവർത്തിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. കശുവണ്ടി ഫാക്ടറികൾ അടഞ്ഞുകിടക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികളിൽ കൊല്ലം ജില്ലാ ലേബർ ഓഫീസർ നടത്തിയ അനുരഞ്ജന ചർച്ചകളിൽ ആറ് ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുവാൻ ധാരണയായിട്ടുണ്ട്. മാനേജ്മെന്റ് ഹാജരാകാത്ത അഞ്ച് പരാതികൾ അഡ്ജ്യൂഡിക്കേഷന് റഫർ ചെയ്യുകയും അനുരഞ്ജന ചർച്ചകളിൽ ഒത്തുതീർപ്പാകാത്ത 15 പരാതികൾ പ്രശ്ന പരിഹാരത്തിനായി കൊല്ലം റീജിയണൽ ജോയിന്റ് കമ്മീഷണർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ഫാക്ടറികൾ മനഃപ്പൂർവ്വം അടച്ചിട്ട് തൊഴിലാളികൾക്ക് തൊഴിൽ നൽകാതിരിക്കുന്ന വ്യവസായികൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. റൂൾ 127 (3) പ്രകാരമുള്ള നോട്ടീസ് പോലും നൽകാതെയാണ് മനഃപൂർവ്വം പല ഫാക്ടറികളും അടച്ചിട്ടിരിക്കുന്നത്. ഈ നടപടിമൂലം തൊഴിലാളികളെ ദുരിതത്തിലാക്കിയതിനുള്ള ശിക്ഷാ നടപടിക്ക് വ്യവസായികൾ ബാധ്യസ്ഥരാകും. ഇക്കാര്യങ്ങൾ കാണിച്ചുകൊണ്ട് കാഷ്യു സ്പെഷ്യൽ ഓഫീസർ അടഞ്ഞുകിടക്കുന്ന ഫാക്ടറികൾക്ക് നോട്ടീസും നൽകിയിട്ടുണ്ട്. കൂടാതെ മുഖ്യമന്ത്രിയും കശുവണ്ടി വ്യവസായ വകുപ്പുമന്ത്രിയും നടത്തിയ ചർച്ചയെത്തുടർന്ന് വി.എൽ.സി. ഉൾപ്പെടെയുള്ള കശുവണ്ടി മുതലാളിമാർ അവരുടെ ഫാക്ടറികൾ വരുംമാസങ്ങളിൽ തുറന്നു പ്രവർത്തിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. അതോടൊപ്പം ഈ രംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾ പഠന വിധേയമാക്കാനും ഉദ്ദേശിക്കുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന സമയം ഭൂരിഭാഗം ഫാക്ടറികളും അടഞ്ഞുകിടന്ന സാഹചര്യത്തിൽ സർക്കാർ നിർദ്ദേശ പ്രകാരം വാണിജ്യ നികുതി വകുപ്പിലെ ഉദ്യോഗസ്ഥർ ഉൾപ്പെട്ട സ്ക്വാഡ് സ്പെഷ്യൽ ഓഫീസറുടെ മേൽനോട്ടത്തിൽ ഫാക്ടറികളിൽ പരിശോധന നടത്തിയിരുന്നു. അവയിൽ ചില ഫാക്ടറികളിൽ തോട്ടണ്ടി നീക്കിയിരുപ്പ് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ നോട്ടീസ് നൽകിയിരുന്നു. ഫാക്ടറീസ് റൂൾ (5) പ്രകാരം ഫാക്ടറികൾക്ക് ലൈസൻസ് അനുവദിക്കുന്നത്, തുറന്ന് പ്രവർത്തിപ്പിച്ച് തൊഴിലാളികൾക്ക് തൊഴിൽ നൽകാമെന്ന വ്യവസ്ഥയിലാണ്. പൊതുജനക്ഷേമം ലക്ഷ്യമിട്ടിരിക്കുന്ന സർക്കാരിന് തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് ബാദ്ധ്യതയുള്ളതിനാൽ നിരന്തരമായതും ശക്തവുമായ ഇടപെടലിലൂടെ ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കാൻ ശ്രമിക്കുകയാണ്. റൂൾ 127 (3) പ്രകാരമുള്ള നോട്ടീസ് പോലും നൽകാതെയാണ് പല ഫാക്ടറികളും മനഃപ്പൂർവ്വമായി അടച്ചിട്ടിരിക്കുന്നത് എന്നതിനാൽ തൊഴിലാളികളെ ദുരിതത്തിലാക്കിയതിനുള്ള ശിക്ഷാ നടപടികൾക്ക് വ്യവസായികൾ ബാദ്ധ്യസ്ഥരാകും. ഇക്കാര്യങ്ങൾ കാണിച്ചുകൊണ്ട് കാഷ്യൂ സ്പെഷ്യൽ ഓഫീസർ അടഞ്ഞുകിടക്കുന്ന ഫാക്ടറികൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്.

**കേരളത്തിലെ വരൾച്ച**

12 (*102) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി എല്ലാ ജില്ലകളെയും വരൾച്ച ബാധിതമായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച ദുരിതാശ്വാസ നടപടികൾ എന്തെല്ലാമാണ്;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിൽനിന്ന് ഏതു തരത്തിലുള്ള സഹായങ്ങൾ അഭ്യർത്ഥിച്ചെന്നും കേന്ദ്ര സർക്കാർ അനുവദിച്ചത് ഏതൊക്കെയെന്നും അറിയിക്കാമോ ;

(സി) ജനങ്ങളുടെയും വളർത്തുമൃഗങ്ങളുടെയും സുരക്ഷയ്ക്കായി എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) സംസ്ഥാനത്ത് വരൾച്ച പ്രഖ്യാപിച്ചതിനുശേഷം 31-10-2016-ലെ 42830/കെ3/2016/ഡി.എം.ഡി. നമ്പർ സർക്കുലർ പ്രകാരം വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 26 ഇന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു (പരിപത്രം അനുബന്ധമായി ചേർക്കുന്നു*.) ജില്ലയിലെ വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ ജില്ലയുടെ ചുമതലയുള്ള മന്ത്രിയുടെ മേൽനോട്ടത്തിൽ വിലയിരുത്തുന്നതിനും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന യോഗങ്ങൾ ജില്ലാ/താലൂക്ക്/തദ്ദേശഭരണ തലങ്ങളിൽ നടത്തുന്നതിനും നിർദ്ദേശിച്ചതിൻപ്രകാരം പ്രസ്തുത യോഗങ്ങൾ വിവിധ ജില്ലകളിൽ കൂടുകയും വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. 11-11-2016-ലെ സ.ഉ. (സാധാ) നമ്പർ 4743/2016/ഡി.എം.ഡി. ഉത്തരവ് പ്രകാരം എല്ലാ ജില്ലകൾക്കും 50 ലക്ഷം രൂപ വീതം ആകെ 7 കോടി രൂപ കുടിവെള്ള വിതരണത്തിനായും കൃഷിനാശത്തിനുള്ള ആശ്വാസ ധനസഹായമായി 13 കോടി രൂപയും അനുവദിച്ചു (ഉത്തരവ് അനുബന്ധമായി ചേർക്കുന്നു*). വരൾച്ചയുടെ കാഠിന്യംമൂലം വന്യമൃഗങ്ങളുടെ ആക്രമണം വർദ്ധിക്കുന്നത് ചെറുക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിലയിരുത്താൻ ചീഫ് സെക്രട്ടറിയും റവന്യൂ വകുപ്പ് സെക്രട്ടറിയും ആഭ്യന്തര വകുപ്പുസെക്രട്ടറിയും വനം വകുപ്പ് ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി സ്ഥിതിഗതികൾ വിലയിരുത്തുകയുമുണ്ടായി. 19-12-2016-ലെ സ.ഉ. (കൈ) നമ്പർ 598/2016/റവ. നമ്പർ ഉത്തരവ് പ്രകാരം കർഷകർ വിവിധ ധനകാര്യ സ്ഥാപങ്ങളിൽനിന്നും എടുത്തിട്ടുള്ള വായ്പകളിന്മേലുള്ള ജപ്തിനടപടികൾക്ക് 2017 മേയ് മാസം 31 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചു (ഉത്തരവ് അനുബന്ധമായി ചേർക്കുന്നു*). 11-11-2016, 17-12-2016, 5-1-2017, 30-1-2017, 15-2-2017 എന്നീ തീയതികളിൽ ചീഫ് സെക്രട്ടറിയും 31-1-2017-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ജില്ലാ കളക്ടർമാരുമായും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും വീഡിയോ കോൺഫറൻസ് വഴി ജില്ലകളുടെ വരൾച്ചാ പ്രതികരണ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ദുരന്ത നിവാരണ നിയമം 2005 പ്രകാരം ഭൂഗർഭ ജലത്തിന്റെ അനിയന്ത്രിതമായ ഉപയോഗം നിയന്ത്രിക്കുന്നതിനും ഭൂഗർഭ ജലം വിനിയോഗിച്ചുകൊണ്ടുള്ള വ്യവസായങ്ങൾക്ക് അവയുടെ നിലവിലുള്ള വിനിയോഗം കുറയ്ക്കുന്നതിന് നിർദ്ദേശം നൽകുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ സ്വകാര്യ കുഴൽക്കിണർ നിർമ്മാണം 31-5-2017 വരെ നിയന്ത്രിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട് (പരിപത്രം അനുബന്ധമായി ചേർക്കുന്നു*). 20-2-2017-ലെ സ.ഉ. (സാധാ) നമ്പർ 714/2017/

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഡി.എം.ഡി. നമ്പർ ഉത്തരവ് പ്രകാരം പാലക്കാട് ജില്ലയ്ക്ക് 2.5 കോടി രൂപയും വയനാട് ജില്ലയ്ക്ക് 2 കോടി രൂപയും മറ്റ് എല്ലാ ജില്ലകൾക്കും 1.5 കോടി രൂപയും ഉൾപ്പെടെ ആകെ 22.5 കോടി രൂപ കുടിവെള്ള വിതരണത്തിനായി അനുവദിച്ചു (ഉത്തരവ് അനുബന്ധമായി ചേർക്കുന്നു*). 23-2-2017-ലെ സ.ഉ. (സാധാ) നമ്പർ 787/2017/ഡി.എം.ഡി. ഉത്തരവ് പ്രകാരം വാട്ടർ കിയോസ്കുകളിലും ടാങ്കർ മുഖാന്തരവും കുടിവെള്ള വിതരണം നടത്തുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു (ഉത്തരവ് അനുബന്ധമായി ചേർക്കുന്നു*). വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുവാനായി ടാങ്കുകളുടെ റേറ്റ് കോൺട്രാക്ട് നിർണ്ണയിച്ചിട്ടുണ്ട്. രണ്ട് മാസംകൊണ്ട് പോളിമർ ടാങ്ക് നിർമ്മാതാക്കൾക്ക് ലഭ്യമാക്കാവുന്ന 2000 മുതൽ 10000 ലിറ്റർ വരെ ശേഷിയുള്ള BIS മാനദണ്ഡം പാലിക്കുന്ന ടാങ്കുകളുടെ എണ്ണം 5000 മാത്രം ആയതിനാൽ വാട്ടർ കിയോസ്കുകൾ വഴിയുള്ള ജലവിതരണത്തിന് പുറമെ GPS ഘടിപ്പിച്ച ടാങ്കർ ലോറികൾ വഴിയും കുടിവെള്ള വിതരണം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, കെ.എസ്.ആർ.ടി.സി. ബസ്സുകളിലും സാമൂഹ്യ മാധ്യമങ്ങളിലും റേഡിയോയിലും 'ജലത്തെ ബഹുമാനിക്കു, വരൾച്ചയെ പ്രതിരോധിക്കു' എന്ന പരസ്യ വാചകം ഉൾപ്പെടുത്തി ജലവിനിയോഗം കാര്യക്ഷമമാക്കുവാൻ പ്രചരണം നടത്തി വരുന്നു. ജില്ലകളിലെ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും 24 മണിക്കൂറും സജ്ജമായിട്ടുള്ള കൺട്രോൾ റൂമുകളുടെ സഹായത്തോടെ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള കുടിവെള്ള ആവശ്യം വിളിച്ചറിയിക്കുവാൻ പ്രാപ്തമായ രീതിയിൽ ജില്ലാ അടിയന്തരഘട്ട കാര്യ നിർവ്വഹണ കേന്ദ്രം പ്രവർത്തിപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തിന്റെ പ്രാപ്തിക്ക് അതീതമായി വരൾച്ചാ സാഹചര്യം രൂക്ഷമായേക്കും എന്ന വിലയിരുത്തലിൽ കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽനിന്ന് വരൾച്ചയ്ക്ക് അധിക സഹായം ആവശ്യപ്പെട്ടുകൊണ്ട് മെമ്മോറാണ്ടം നൽകുവാൻ 22-2-2017-ൽ ചേർന്ന മന്ത്രിസഭായോഗം തീരുമാനിച്ചു. 991 കോടി രൂപയാണ് അധിക സഹായമായി ആവശ്യപ്പെടുന്നത്. കേന്ദ്ര സർക്കാരിന് ഏറ്റവും ഉചിതമായ സമയത്ത് സമർപ്പിക്കുന്നതിനാവശ്യമായ മെമ്മോറാണ്ടം തയ്യാറാക്കിയിട്ടുണ്ട്.

(സി) ദീർഘകാല വരൾച്ചാ പ്രതിരോധവും കൂടി പരിഗണിച്ചുകൊണ്ട് കുളങ്ങൾ, കിണറുകൾ, കനാലുകൾ എന്നിവ ഉപയോഗയോഗ്യമാക്കി. സംസ്ഥാനത്താകെ 4752 കുളങ്ങളും 1,93,226 കിണറുകളും ഉപയോഗയോഗ്യമാക്കിയിട്ടുണ്ട്. കൂടാതെ 10 ലക്ഷത്തോളം മഴക്കുഴികൾ നിർമ്മിച്ചിട്ടുള്ളതും 5698 കുഴൽക്കിണറുകൾ നന്നാക്കിയിട്ടുള്ളതുമാണ്. എല്ലാ ജില്ലകളിലേയും ജലലഭ്യത ഉറപ്പുള്ള ചെറുകിട

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കുടിവെള്ള വിതരണ പദ്ധതികൾ നവീകരിക്കുകയും ഒട്ടനവധി ചെറിയ താൽക്കാലിക തടയണകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. വരൾച്ചയെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ബോധവൽക്കരണം നടത്തുന്നതിനും സ്കൂൾ വിദ്യാർത്ഥികളിൽ വരൾച്ചാ അവബോധം സൃഷ്ടിക്കുന്നതിനും ജില്ലാതലത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. വളർത്തുമൃഗങ്ങളുടെ സംരക്ഷണത്തിനായി മൃഗസംരക്ഷണ വകുപ്പ് എല്ലാ ജില്ലകളിലും രണ്ട് ലക്ഷം രൂപ വീതം ആകെ 28 ലക്ഷം രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത തുക അടിയന്തരഘട്ടങ്ങളിൽ മരുന്ന്, ഫ്ലൂയിഡുകൾ, വൈറ്റമിനുകൾ എന്നിവ വാങ്ങുന്നതിനായാണ് നൽകിയിട്ടുള്ളത്. വരൾച്ച നേരിടുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ മൃഗസംരക്ഷണ വകുപ്പ് ജില്ലാ മൃഗസംരക്ഷണ ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. കൂടാതെ ആവശ്യമായ ധാതു, ലവണ മിശ്രിതം വാങ്ങുന്നതിനും അത് എല്ലാ പഞ്ചായത്തിലുമുള്ള മൃഗാശുപത്രി വഴി വിതരണം നടത്തുന്നതിനുമായി രണ്ട് കോടി രൂപയുടെ സപ്ലൈ ഓർഡർ കേരള ഫീഡ്സ് ലിമിറ്റഡിന് (KFL)-ന് നൽകിയിട്ടുള്ളതും ധാതു, ലവണ മിശ്രിതത്തിന്റെ വിതരണം കെ.എഫ്.എൽ. ആരംഭിച്ചിട്ടുള്ളതുമാണ്.

**പാലങ്ങളുടെ സുരക്ഷ**

13 (*103) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. രാജു എബ്രഹാം :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണത്തിലെ അപാകതകൊണ്ട് ഏനാത്ത് പാലം അപകടാവസ്ഥ യിലായതിന്റെ പശ്ചാത്തലത്തിൽ, മറ്റ് പ്രധാനപ്പെട്ട ഇരുനൂറ് പാലങ്ങളുടെ സുരക്ഷയെ കുറിച്ച് പരിശോധിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ കാര്യങ്ങൾ വെളിപ്പെടുത്താമോ;

(ബി) അപകടാവസ്ഥയിലുള്ള പാലങ്ങളുടെ പുനർനിർമ്മാണത്തിനോ കേടുപാട് തീർക്കുന്നതിനോ സത്വര നടപടിയുണ്ടാകുമോ; ഇതിന്റെ ചെലവ്, വീഴ്ച വരുത്തിയ കരാറുകാരിൽ നിന്നോ മേൽനോട്ടം വഹിച്ച ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കാൻ നടപടിയെടുക്കുമോ; വ്യക്തമാക്കുമോ;

(സി) പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന പാലങ്ങളുടെയും കെട്ടിടങ്ങളുടെയും റോഡുകളുടെയും ഗുണനിലവാരം ഉറപ്പുവരുത്താനായി എന്തു മാർഗ്ഗമാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) സോഷ്യൽ ഓഡിറ്റിംഗും ഗുണനിലവാര പരിശോധനയ്ക്കായി സ്വതന്ത്ര ഏജൻസി രൂപീകരിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളും പരിഗണിക്കുമോ; വിശദമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) ഏനാത്ത് പാലം അപകടാവസ്ഥയിലായതിന്റെ പശ്ചാത്തലത്തിൽ നിലവിലുള്ള പാലങ്ങൾക്ക് സുരക്ഷാ സംബന്ധമായ എന്തെങ്കിലും പ്രശ്നങ്ങളുണ്ടോ എന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കേരളത്തിലെ ദേശീയപാതയിൽ വരുന്ന എല്ലാ പാലങ്ങളുടേയും ഇൻവെന്ററി സർവ്വേയും പ്രീ മൺസൂൺ ആന്റ് പോസ്റ്റ് മൺസൂൺ കണ്ടീഷൻ സർവ്വേയും നടത്താൻ മെസ്സേഴ്സ് എസ്.എൻ. ബോബ് ആന്റ് അസോസിയേറ്റ്സ് പ്രൈവറ്റ് ലിമിറ്റഡുമായി കേന്ദ്ര സർക്കാർ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രസ്തുത സർവ്വേ റിപ്പോർട്ടും ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ടും ലഭിക്കുന്ന മുറയ്ക്ക് ഇതുസംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയും.

(ബി) അപകടാവസ്ഥയിലായിരുന്ന പാലങ്ങളുടെ പുനർനിർമ്മാണത്തിനും കേടുപാടുകൾ തീർക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുസംബന്ധിച്ച റിപ്പോർട്ടുകൾ ലഭിച്ചതിനുശേഷം തുടർ നിയമ/വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) നിലവിൽ പാലങ്ങളുടെയും കെട്ടിടങ്ങളുടെയും റോഡുകളുടെയും നിർമ്മാണത്തിലുള്ള ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി PWD മാന്വലിൽ പ്രതിപാദിച്ചിട്ടുള്ള വിവിധ രീതിയിലുള്ള ലാബ് ടെസ്റ്റുകളും മറ്റ് ഗുണപരിശോധനയും നടത്താറുണ്ട്. കൂടാതെ വകുപ്പ് ഉദ്യോഗസ്ഥന്മാരുടെയും കൺസൾട്ടന്റുമാരുടേയും പരിശോധനകളും നടത്താറുണ്ട്. പ്രസ്തുത പരിശോധനകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) പൊതുമരാമത്ത് വകുപ്പിന്റെ ദേശീയ പാതാ വിഭാഗത്തിൽ ഇപ്പോൾ സോഷ്യൽ ഓഡിറ്റിംഗ് നടന്നുവരുന്നു. ആയത് മറ്റ് വിഭാഗങ്ങളായ നിരത്തുകളും പാലങ്ങളും വിഭാഗങ്ങളിലും ഘട്ടംഘട്ടമായി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഗുണനിലവാര പരിശോധനയ്ക്കായി പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽത്തന്നെ നിലവിൽ ഒരു Quality Control വിഭാഗം പ്രവർത്തിച്ചുവരുന്നുണ്ട്. അതിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ഗുണനിലവാര പരിശോധനയ്ക്കായി സ്വതന്ത്ര ഏജൻസിയെ ചുമതലപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## മത്സ്യമാർക്കറ്റുകളുടെ നിയന്ത്രണം

14 (*104) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യമാർക്കറ്റുകളുടെ നിയന്ത്രണത്തിനായി എന്തെങ്കിലും നടപടികൾ ആലോചിക്കുന്നുണ്ടോയെന്നും ഇതിനായി ഏതെങ്കിലും തരത്തിലുള്ള നിയമനിർമ്മാണം പരിഗണനയിലുണ്ടോയെന്നും വ്യക്തമാക്കുമോ;

(ബി) മത്സ്യമാർക്കറ്റുകൾ ആധുനികവത്കരിക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഏതെങ്കിലും തരത്തിലുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ ;

(സി) മത്സ്യലേലത്തിലെ അപാകതകൾ പരിഹരിക്കുന്നതിനും ഇടത്തട്ടുകാരുടെ ഇടപെടൽ ഇല്ലാതാക്കുന്നതിനും എന്തെങ്കിലും നടപടികൾ പരിഗണിക്കുന്നുണ്ടോയെന്നും മത്സ്യലേലം കുറ്റമറ്റതാക്കുന്നതിന് ഉതകുന്ന തരത്തിലുള്ള നിയമനിർമ്മാണം പരിഗണനയിലുണ്ടോയെന്നും വിശദമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ-സി) മത്സ്യ വിൽപ്പന നടത്തുന്ന മത്സ്യത്തൊഴിലാളികൾക്ക് ശുചിത്വം ഉറപ്പാക്കി മത്സ്യവിൽപ്പന നടത്തുന്നതിന് സൗകര്യപ്രദമാകുന്ന വിധത്തിൽ മാർക്കറ്റുകളിൽ ബാത്ത്റൂം സൗകര്യം, ഡ്രെസ്സിംഗ് റൂം, ശുദ്ധജലം, സ്റ്റോറേജ് സൗകര്യം എന്നിവ ഒരുക്കുന്ന വിധത്തിൽ തുടക്കമെന്ന നിലയിൽ ഓരോ ജില്ലകളിലും ഒന്ന് എന്ന ക്രമത്തിൽ ഹൈടെക് മാർക്കറ്റുകൾ നടപ്പാക്കുന്നതിന് എൻ.എഫ്.ഡി.ബി.-യുടെ ധനസഹായത്തോടെ പദ്ധതി തയ്യാറാക്കിവരുന്നു. മത്സ്യം കേടാകാതിരിക്കാൻ ഹാനികരമായ പല രാസവസ്തുക്കളും ചേർത്ത് വിൽപ്പന നടത്തുന്നതായും ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഭക്ഷ്യ സുരക്ഷാ വിഭാഗം ഫിഷറീസ് വകുപ്പുമായി ചേർന്ന് എല്ലാ ജില്ലകളിലും സംയുക്ത പരിശോധനാ സ്ക്വാഡുകൾ രൂപീകരിക്കുകയും, മാർക്കറ്റുകളിലും, ഫിഷിംഗ് ഹാർബറുകളിലും ഫിഷ് ലാന്റിംഗ് സെന്ററുകളിലും പരിശോധന നടത്തുകയും ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചുവരികയുമാണ്. പരിശോധന സമയത്ത് ശേഖരിക്കുന്ന സാമ്പിളുകൾ ഭക്ഷ്യ സുരക്ഷാ വിഭാഗത്തിന്റെ ലാബുകളിൽ പരിശോധന നടത്തി കുറ്റക്കാർക്കെതിരെ നിലവിലെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട് പ്രകാരം ശിക്ഷണ നടപടികൾ സ്വീകരിച്ചുവരുന്നു. മത്സ്യലേലം, വിൽപ്പന, ഗുണനിലവാരം ഉറപ്പുവരുത്തൽ എന്നീ ലക്ഷ്യങ്ങളോടെ Fish Auctioning, Marketing and Quality Management 2017 എന്ന പേരിൽ ഒരു ബില്ല് തയ്യാറാക്കി വരുന്നു.

## റീ-സർവ്വേ പ്രവർത്തനങ്ങൾ

15 (*105) ശ്രീ. കെ. രാജൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റീ-സർവ്വേ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ വിശദമാക്കുമോ;

(ബി) റീ-സർവ്വേ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ റീ-സർവ്വേ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സാധിക്കുമോയെന്ന് വെളിപ്പെടുത്തുമോ ;

(സി) റീ-സർവ്വേ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) സംസ്ഥാനത്ത് റീ-സർവ്വേ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്.

(ബി) 24-1-2017-ലെ ജി.ഒ.(എംഎസ്.) നമ്പർ 28/2017/റവന്യൂ പ്രകാരം സംസ്ഥാനത്ത് റീ-സർവ്വേ പ്രവർത്തനങ്ങൾ പുനഃസ്ഥാപിച്ച് ഉത്തരവായിട്ടുണ്ട്. റീ-സർവ്വേ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമുള്ള കർമ്മ പദ്ധതികൾ തയ്യാറാക്കിയും യഥാസമയം പുരോഗതി വിലയിരുത്തിയും സർവ്വേ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) റീ-സർവ്വേ പ്രവർത്തനങ്ങൾ ആധുനിക സർവ്വേ ഉപകരണങ്ങളായ ജി.പി.എസ്. (ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം), ഇ.റ്റി.എസ്. (ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ) എന്നീ ഉപകരണങ്ങൾ ഉപയോഗിച്ച് പൊതുജന പങ്കാളിത്തത്തോടെ ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്.

## കുടിവെള്ള ക്ഷാമവും കൃഷിനാശവും നേരിടുന്നതിന് നടപടി

16 (*106) ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടുത്ത വരൾച്ചയിൽ കുടിവെള്ള ക്ഷാമവും കൃഷിനാശവും നേരിടാനായി ഏർപ്പെടുത്തിയിട്ടുള്ള സജ്ജീകരണങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) വ്യാപകമായി കൃഷിനാശം ഉണ്ടാകുന്ന സാഹചര്യത്തിൽ കർഷകർക്ക് നഷ്ടപരിഹാരം നൽകാൻ നടപടിയുണ്ടാകുമോ;

(സി) കേന്ദ്രസർക്കാരിൽനിന്നും വരൾച്ചാ ദുരിതാശ്വാസം നേടിയെടുത്ത് ജനങ്ങൾക്ക് ആശ്വാസം എത്തിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) 31-10-2016-ലെ 42830/കെ.3/2016/ഡി.എംഡി. നമ്പർ പരിപത്രം പ്രകാരം വെള്ളം ഉപയോഗിക്കുന്നതിന് കുടിവെള്ളം, ഗാർഹിക ഉപയോഗം, വളർത്തുമൃഗങ്ങൾക്ക്, വന്യജീവികൾക്ക്, കൃഷിക്ക്, വ്യവസായത്തിന് എന്നരീതിയിൽ 2017 മേയ് മാസം വരെ മുൻഗണനാക്രമം പാലിക്കുവാൻ തീരുമാനിച്ചു. വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ (31-10-2016-ലെ 42830/കെ. 3/2016/ഡി.എം.ഡി. നമ്പർ പരിപത്രം) അനുബന്ധം 'എ' ആയി ചേർക്കുന്നു*. സംസ്ഥാനത്തെ വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ചതിനുശേഷം കുടിവെള്ള വിതരണത്തിന് മാത്രമായി പാലക്കാട് ജില്ലയിൽ 3 കോടി രൂപയും, വയനാട് ജില്ലയിൽ 2.5 കോടി രൂപയും, മറ്റെല്ലാ ജില്ലകൾക്കും രണ്ട് കോടി രൂപയും അനുവദിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവുകൾ അനുബന്ധം 'ബി' ആയി ചേർക്കുന്നു*. കൃഷിനാശം നേരിടുന്നതിനായി നടപ്പുസാമ്പത്തിക വർഷത്തിൽ എല്ലാ ജില്ലകൾക്കുമായി ആകെ 17.03 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കുടിവെള്ള വിതരണത്തിന് എല്ലാ ജില്ലകൾക്കുമായി നടപ്പ് സാമ്പത്തിക വർഷം ആകെ 56,99,11,749 (അമ്പത്തിയാറ് കോടി തൊണ്ണൂറ്റി ഒമ്പത് ലക്ഷത്തി പതിനൊന്നായിരത്തി എഴുന്നൂറ്റി നാൽപ്പത്തിയൊമ്പത് രൂപ മാത്രം) രൂപ അനുവദിച്ചിട്ടുണ്ട്. കേരള ജല അതോറിറ്റി സ്രോതസ്സുകളിൽ തടയണ കെട്ടിയും നീർച്ചാലുകൾ നിർമ്മിച്ചും ജലലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടാതെ ഇറിഗേഷൻ, വൈദ്യുതി എന്നീ വകുപ്പുകളുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം പരമാവധി കുടിവെള്ള ആവശ്യത്തിനായി വാട്ടർ അതോറിറ്റിയുടെ സ്രോതസ്സുകളിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി അടിക്കടി ലീക്കുള്ള വിതരണ ലൈനുകൾ മാറ്റി പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനും ജലലഭ്യതയുള്ള സ്ഥലങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിച്ച് പൊതുജനങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നതോടൊപ്പം നിയമവിരുദ്ധമായി ജലം ചോർത്തുന്നതും അനധികൃത ഉപയോഗവും കണ്ടെത്തുന്നതിന് ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനം ഉപയോഗപ്പെടുത്തുകയും നിയമാനുസൃത നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ജൂൺ 2016 മുതൽ ഡിസംബർ 2016 വരെ ലഭിക്കേണ്ടതിൽ 40% കുറഞ്ഞ മഴയാണ് ലഭിച്ചത്. അതിനാൽ ജലാശയങ്ങളിൽ ശരാശരി അളവിലും വളരെ താഴ്ന്ന നിലയിലാണ് ജലലഭ്യത ഉണ്ടായിരുന്നത്. കുടിവെള്ളം ഉറപ്പുവരുത്തുന്നതിനാണ് മുൻഗണന നൽകേണ്ടതെന്നതിനാൽ കൃഷി സംരക്ഷണം ഈ വരൾച്ചാ കാലഘട്ടത്തിൽ സമ്പൂർണ്ണമായി നടപ്പിലാക്കുവാൻ സാധിക്കില്ല. കുടിവെള്ള ആവശ്യത്തിനായി ജലം പരമാവധി സംരക്ഷിക്കുവാനും സംഭരിക്കുവാനുമാണ് ഈ വരൾച്ചയിൽ ശ്രമിക്കുന്നത്. കൃഷി വകുപ്പ് വരൾച്ചയുടെ ആഘാതം ലഘൂകരിക്കുന്നതിനും ജലസേചനം സുഗമമാക്കുന്നതിനായി തോടുകളും ചാലുകളും ആഴം കൂട്ടുന്നതിനും മണ്ണും ചെളിയും നിറഞ്ഞവ വൃത്തിയാക്കുന്നതിനും മറ്റും കർഷകർക്ക് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. കടുത്ത വരൾച്ചമൂലമുള്ള പ്രതിസന്ധി പരിഹരിക്കുന്നതിനായി നെൽകർഷകർ മൂപ്പ് കുറഞ്ഞ വിത്തിനങ്ങൾ ഉപയോഗിച്ച് കൃഷി ചെയ്യുവാനും എല്ലാ കർഷകരും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകാനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന പ്രധാനമന്ത്രി ഫസൽ ബീമാ യോജനാ പദ്ധതി (PMFBY), കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി, കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി എന്നീ പദ്ധതികൾ വഴിയും കൃഷിവകുപ്പ് കർഷകർക്ക് ആനുകൂല്യം നൽകിവരുന്നു.

(ബി) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും കേന്ദ്ര മാനദണ്ഡപ്രകാരം ദുരിതാശ്വാസം മാത്രമാണ് നൽകുവാനാകുന്നത്. കാർഷിക ദുരിതാശ്വാസമായി വരൾച്ച പ്രഖ്യാപിച്ചശേഷം 13 കോടി രൂപയും നടപ്പുസാമ്പത്തിക വർഷം ഇതുവരെ 17.03 കോടി രൂപയും വിവിധ ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തിന്റെ പ്രാപ്തിക്കതീതമായി വരൾച്ചാ സാഹചര്യം രൂക്ഷമായേക്കും എന്ന വിലയിരുത്തലിൽ കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽനിന്ന് വരൾച്ചയ്ക്ക് അധിക സഹായം ആവശ്യപ്പെട്ടുകൊണ്ട് മെമ്മോറാണ്ടം നൽകുവാൻ 22-2-2017-ൽ ചേർന്ന മന്ത്രിസഭായോഗം തീരുമാനിച്ചു. 991 കോടി രൂപയാണ് അധിക സഹായമായി ആവശ്യപ്പെടുന്നത്. ഏറ്റവും ഉചിതമായ സമയത്ത് കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനായി മെമ്മോറാണ്ടം തയ്യാറാക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ മെമ്മോറാണ്ടം സമർപ്പിക്കുന്നതും കർഷകർക്ക് ദുരിതാശ്വാസം അനുവദിക്കുന്നതുമായി നേരിട്ട് ബന്ധമില്ല. വരൾച്ചമൂലം കൃഷിനാശം അനുഭവിക്കുന്ന കർഷകർക്ക് കൃഷി നാശത്തിന് അനുവദിക്കാവുന്ന ദുരിതാശ്വാസം കേന്ദ്ര മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നൽകുവാൻ ആവശ്യമായ പണം നിലവിൽ ലഭ്യമാണ്.

## സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുവാനുള്ള പദ്ധതി

17 (*107) ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുവാനുള്ള പദ്ധതിയുടെ വിശദമായ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്തെ സ്കൂളുകളിലെ എത്ര ക്ലാസ്സ് റൂമുകളെയാണ് പദ്ധതിയിൻ കീഴിൽ ഡിജിറ്റലാക്കുന്നത്; ഇതിനായുള്ള ഫണ്ട് എപ്രകാരം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) കിഫ്ബിയിൽ നിന്നാണ് ഫണ്ട് ലഭ്യമാക്കുന്നതെങ്കിൽ ഇതിനകം അംഗീകാരം ലഭിച്ച പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഉണ്ട്. സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തിക്കൊണ്ട് മികച്ച പഠനാനുഭവങ്ങൾ വിദ്യാർത്ഥികൾക്ക് ലഭ്യമാകത്തക്ക രീതിയിൽ കാലാനുസൃതമായ മാറ്റങ്ങൾ അദ്ധ്യാപന-അദ്ധ്യയന തലങ്ങളിൽ വരുത്തുന്നതിനുതകുന്ന വിശദമായ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയിൽ കാലോചിതമായ ആധുനികവത്കരണം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ്, കോഴിക്കോട് ജില്ലയിലെ കോഴിക്കോട് നോർത്ത്, തൃശ്ശൂർ ജില്ലയിലെ പുതുക്കാട്, ആലപ്പുഴ ജില്ലയിലെ ആലപ്പുഴ എന്നീ മണ്ഡലങ്ങളിൽ 8 മുതൽ 12 വരെയുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ ക്ലാസ്സുകൾ ഹൈടെക് ആക്കുന്നതിനുള്ള പൈലറ്റ് പദ്ധതി നടത്തുന്നതിന് 14-10-2016-ലെ സ.ഉ.(സാധാ) നമ്പർ 3390/16/പൊ.വി.വ. സർക്കാർ ഉത്തരവ് പ്രകാരം ഐടി@സ്കൂളിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഹൈടെക് സ്കൂൾ പ്രോജക്ട് മുഴുവൻ സ്കൂളുകളിലും 2017 ഡിസംബറോടെ പൂർത്തിയാക്കുന്ന വിധത്തിലാണ് ഐടി@സ്കൂൾ ഇതിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കിയിട്ടുള്ളത്. കുട്ടികളുടെ ബഹുമുഖമായ കഴിവുകളെ പരിപോഷിപ്പിക്കുകവഴി സംസ്കാര സമ്പന്നമായ ഒരു പുതുതലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടുകൂടിയുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി കലാകായിക സാംസ്കാരിക പാർക്ക്, ജൈവ

വൈവിദ്ധ്യ പാർക്ക് തുടങ്ങിയവയുടെ നിർമ്മാണം, ഹൈസ്കൂൾ ലബോറട്ടറികൾ, വായനശാലകൾ എന്നിവയുടെ നവീകരണം തുടങ്ങിയ വിവിധ പദ്ധതികൾ സർക്കാർ വിഭാവന ചെയ്തിട്ടുണ്ട്. സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി അടിസ്ഥാനതലത്തിൽത്തന്നെ, അതായത് പ്രീ പ്രൈമറിതലം മുതൽ തന്നെ പഠനരീതി ശിശുകേന്ദ്രീകൃതമായി ആധുനികവൽക്കരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ മേഖലയിൽ കാലോചിതമായ മാറ്റം വരുത്തുന്നതിനായി ശിശുകേന്ദ്രീകൃതമായ വിദ്യാഭ്യാസം കുട്ടികൾക്ക് ലഭ്യമാക്കുന്നതിനുതകുന്ന അദ്ധ്യാപക പരിശീലന പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി എട്ട് മുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളിലെ ഏകദേശം 45000 ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിന് ഡി.പി.ആർ. (ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട്) സമർപ്പിച്ചിട്ടുണ്ട്. ഇതിനായുള്ള ഫണ്ട് കിഫ്ബി മുഖേന ലഭ്യമാക്കുന്നതിനാണ് ഡി.പി.ആർ. നൽകിയിരിക്കുന്നത്.

(സി) ഹൈടെക് സ്കൂൾ പദ്ധതി കിഫ്ബിയിലേക്ക് അയയ്ക്കുവാൻ തയ്യാറാക്കിയിട്ടുണ്ട്.

**അക്ഷരസാഗരം പദ്ധതി**

18 (*108) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരപ്രദേശങ്ങളിലെ സാക്ഷരത ലക്ഷ്യമിട്ട് 'അക്ഷരസാഗരം' പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ ജില്ലകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് ഏത് ഏജൻസിയാണെന്ന് വ്യക്തമാക്കാമോ;

(ഡി) പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും ഇതിന്റെ ഗുണഭോക്താക്കൾ ആരൊക്കെയാണെന്നും വ്യക്തമാക്കാമോ; വിശദാംശം നൽകാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) ഉണ്ട്. തീരപ്രദേശങ്ങളിലെ സാക്ഷരതാ നിലവാരം ഉയർത്തുന്നതിനുവേണ്ടി ഫിഷറീസ് വകുപ്പിന്റെ ധനസഹായത്തോടെ സംസ്ഥാന സാക്ഷരതാ മിഷന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന പദ്ധതിയാണ് 'അക്ഷരസാഗരം'.

(ബി) 'അക്ഷരസാഗരം' ഒന്നാംഘട്ടം എന്ന നിലയിൽ സംസ്ഥാനത്ത് തീരദേശ സാക്ഷരതാ നിരക്കിൽ ഏറ്റവും പിന്നിൽ നിൽക്കുന്ന തിരുവനന്തപുരം, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിലാണ് നടപ്പിലാക്കുന്നത്. തീരദേശ മേഖലകളിൽ പ്രാഥമിക വിദ്യാഭ്യാസംപോലും പൂർത്തീകരിക്കാൻ കഴിയാത്തവരുണ്ട്. ഇത്തരത്തിൽ വിവിധ കാരണങ്ങളാൽ പഠനം പൂർത്തിയാക്കാൻ കഴിയാത്തവരെ അക്ഷര ജ്ഞാനമുള്ളവരാക്കി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

(സി) കേരള സംസ്ഥാന സാക്ഷരതാ മിഷൻ മുഖേനയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

(ഡി) പദ്ധതിയുടെ ലക്ഷ്യങ്ങൾ

1. തീരദേശ സാക്ഷരതാ നിലവാരം ഉയർത്തുക.
2. നാലാം തരം തുല്യതാ പരിപാടികൾ ശക്തിപ്പെടുത്തുക.
3. തീരദേശത്ത് തുടർവിദ്യാഭ്യാസത്തിന് അനുകൂലമായ സാഹചര്യം ഉണ്ടാക്കുക.
4. മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുക.
5. മത്സ്യസമ്പത്ത്/തീരപ്രദേശ സംരക്ഷണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക.
6. സ്ത്രീ ശാക്തീകരണം സാധ്യമാക്കുക.
7. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.
8. ശുചിത്വം/ആരോഗ്യം/പരിസ്ഥിതി രംഗത്ത് പുത്തൻ അവബോധം ഉണ്ടാക്കുക.
9. തീരദേശത്ത് സമ്പൂർണ്ണ സാക്ഷരത കൈവരിക്കുക.
10. കേരള ഗവൺമെന്റ് നടപ്പിലാക്കുന്ന ക്ഷേമപ്രവർത്തനങ്ങൾ, സേവനങ്ങൾ സാധാരണ ജനങ്ങളിൽ എത്തുന്നതിന് അനുകൂലമായ സാഹചര്യം സൃഷ്ടിക്കുക.

അക്ഷരസാഗരം പദ്ധതിയുടെ ഗുണഭോക്താക്കൾ

1. തീരദേശ മത്സ്യമേഖലയിലെ നിരക്ഷരർ
2. നവസാക്ഷരർ
3. വിവിധ കാരണങ്ങളാൽ പഠനം നിർത്തി സ്കൂളിൽനിന്ന് കൊഴിഞ്ഞ് പോയവർ
4. ശാരീരിക/മാനസിക വെല്ലുവിളികൾ നേരിടുന്നവർ
5. നാലാംതരം വിജയിക്കാൻ കഴിയാത്ത മത്സ്യത്തൊഴിലാളികളും അനുബന്ധ തൊഴിലാളികളും.

**മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതികൾ**

19 (*109) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭവനരഹിതരായ മത്സ്യബന്ധന തൊഴിലാളികൾക്ക് വീട് നിർമ്മിച്ച് നൽകാനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണ്;

(ബി) കടലോരത്ത് അമ്പത് മീറ്ററിനുള്ളിൽ വസിക്കുന്നവരെ പുനരധിവസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇങ്ങനെ എത്രപേർ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രപേരുണ്ടെന്നും അവർക്കായി ആവിഷ്കരിച്ചിട്ടുള്ള ഭവന നിർമ്മാണ പദ്ധതിയുടെ വിശദാംശവും നൽകുമോ;

(സി) ഭവന നിർമ്മാണത്തോടൊപ്പം മത്സ്യത്തൊഴിലാളികൾക്ക് സാമൂഹ്യ സാമ്പത്തിക സുരക്ഷിതത്വം ഉറപ്പാക്കാൻ എന്തു പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് സമ്പൂർണ്ണ പാർപ്പിടം ലക്ഷ്യമിട്ട് 2016-17 സാമ്പത്തിക വർഷത്തിൽ ചുവടെ ചേർക്കുന്ന പദ്ധതികൾ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. സംസ്ഥാന സർക്കാരിന്റെ ഭവന നിർമ്മാണ മിഷനായ 'ലൈഫ് മിഷനുമായി' സഹകരിച്ചാണ് പദ്ധതികൾ നടപ്പാക്കുന്നത്.

1. <u>സമഗ്രഭവന പദ്ധതി - 100 കോടി രൂപ</u>

ഭവന രഹിതരായ 2600 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് രണ്ട് ലക്ഷം രൂപ വീതവും ഭൂരഹിതരായ 800 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിനായി 2 മുതൽ 3 സെന്റ് വരെ സ്ഥലം വാങ്ങുന്നതിന് 6 ലക്ഷം രൂപ വീതവും ധനസഹായം അനുവദിക്കുന്നു.

2. <u>മത്സ്യത്തൊഴിലാളി കോളനികളിൽ ഭവന നിർമ്മാണം - 5 കോടി രൂപ</u>

മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യവികസനവും മാനവശേഷി വികസനവും എന്നതിൽപ്പെടുത്തി നടപ്പിലാക്കുന്ന ഫിഷർമെൻ കോളനി നവീകരണ പദ്ധതി പ്രകാരം തിരുവനന്തപുരം, ആലപ്പുഴ, മലപ്പുറം, കോട്ടയം എന്നീ ജില്ലകളിലെ തെരഞ്ഞെടുത്ത ഫിഷറീസ് കോളനികളിലെ ഭവന രഹിതരായ 250 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് രണ്ട് ലക്ഷം രൂപ വീതം ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നു.

3. <u>ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന പദ്ധതി</u>

50% കേന്ദ്രസർക്കാർ ധനസഹായത്തോടെയുള്ള ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമഭവന പദ്ധതി പ്രകാരം 299 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് രണ്ട് ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കുന്നു.

4. <u>കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി - 25 കോടി രൂപ</u>

സംസ്ഥാനത്ത് കടലാക്രമണത്തിൽ വീടും ഭൂമിയും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടമെന്ന നിലയിൽ 248 കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നതിനായി 25 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം യൂണിറ്റിന് 10 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. സ്ഥലം വാങ്ങുന്നതിന് പരമാവധി 7 ലക്ഷം രൂപയും ഭവന നിർമ്മാണത്തിന് 3 ലക്ഷം രൂപയുമാണ് നിശ്ചയിച്ചിരിക്കുന്നത്. ഇതിനായി ഈ സാമ്പത്തിക വർഷം 2 കോടി രൂപ അഡീഷണൽ ആതറൈസേഷൻ മുഖേന ലഭിക്കുകയും പദ്ധതി നടപ്പിലാക്കുന്നതിനായി ജില്ലകൾക്ക് അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) കടലോരത്ത് 50 മീറ്ററിനുള്ളിൽ വസിക്കുന്നവരെ പുനരധിവസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന 24454 കുടുംബങ്ങൾ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്. 2017-18 വർഷം മുതൽ ഘട്ടംഘട്ടമായി പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിത വാസസ്ഥലം ഉറപ്പാക്കുന്നതിനായി നടപ്പാക്കിവരുന്ന ഭവന നിർമ്മാണ ധനസഹായ പദ്ധതിക്ക് പുറമെ മത്സ്യത്തൊഴിലാളി മേഖലയിൽ വിദ്യാഭ്യാസം-ആരോഗ്യം-കുടിവെള്ളം എന്നിവ ഉറപ്പാക്കുന്നതിന് ഉതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ നൈപുണ്യ വികസനത്തിനും മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് നൽകുന്നതിനുള്ള പദ്ധതി തയ്യാറാക്കുന്നതിനും ഉദ്ദേശിക്കുന്നു.

**മലയോര-തീരദേശ ഹൈവേ**

20 (*110) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയോര-തീരദേശ ഹൈവേകളുടെ വിശദമായ പഠന റിപ്പോർട്ട് നാറ്റ്പാക് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ഹൈവേകളുടെ നിർമ്മാണത്തിനാവശ്യമായ ഫണ്ട് എപ്രകാരം സ്വരൂപിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇവയുടെ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) മലയോര ഹൈവേ സംബന്ധിച്ചുള്ള ഒരു പഠന റിപ്പോർട്ട് നാറ്റ്പാക് സമർപ്പിക്കുകയും രണ്ടു ഘട്ടങ്ങളായി അവയുടെ അലൈൻമെന്റിന് സർക്കാർ അംഗീകാരം നൽകിയിട്ടുള്ളതുമാണ്. നിർദ്ദിഷ്ട തീരദേശ ഹൈവേയുടെ പ്രാഥമിക സർവ്വേ NATPAC പൂർത്തീകരിച്ചിട്ടുള്ളതാകുന്നു. അതിൻപ്രകാരം തിരുവനന്തപുരം ജില്ലയിൽ പൂവാറിൽനിന്നും ആരംഭിക്കുകയും കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലൂടെ കടന്ന് കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം താലൂക്കിലെ കണ്വതീർത്ഥ എന്ന സ്ഥലത്ത് അവസാനിക്കുകയും ചെയ്യുന്ന രീതിയിലാണ് രൂപരേഖ തയ്യാറാക്കിയിട്ടുള്ളത്. തീരദേശ ഹൈവേയുടെ മുഖ്യപ്രയോജനങ്ങൾ താഴെ പറയുന്നതാണ്.

1. ദേശീയപാതയിലെ ഗതാഗതക്കുരുക്ക് ലഘൂകരിക്കുക
2. പ്രധാനപ്പെട്ട ഹാർബറുകളും മത്സ്യവിപണന കേന്ദ്രങ്ങളും ബന്ധിപ്പിക്കൽ
3. തീരദേശ മേഖലയുടെ സർവ്വതോന്മുഖ പുരോഗതിക്ക് വഴി തുറക്കും
4. വിനോദ സഞ്ചാര മേഖലയിൽ പുത്തൻ ഉണർവ് ഉണ്ടാകും.

NATPAC-ന്റെ പ്രാഥമിക സർവ്വേ പ്രകാരം നിർദ്ദിഷ്ട തീരദേശ ഹൈവേയ്ക്ക് 591.5 കി.മീ. നീളവും 6612 കോടി രൂപയുടെ ചെലവുമാണ് പ്രതീക്ഷിക്കുന്നത്. നിർദ്ദിഷ്ട ഹൈവേയ്ക്ക് 12 മീറ്റർ റൈറ്റ് ഓഫ് വേയും, 7 മീറ്റർ കാരിയേജ് വേയുമാണ് നിർദ്ദേശിച്ചിരിക്കുന്നത്. സ്ഥലപരിമിതിയുള്ള പ്രദേശങ്ങളിൽ കാരിയേജ് വേയുടെ വീതി 5.5 മീറ്ററായി നിജപ്പെടുത്തിയിട്ടുണ്ട്.

ജില്ല തിരിച്ചുള്ള വിവരം ചുവടെ കൊടുക്കുന്നു :

| ജില്ല | നീളം | പ്രതീക്ഷിക്കുന്ന പുനരുദ്ധാരണ ചെലവ് (കോടി) |
|---|---|---|
| തിരുവനന്തപുരം | 75.2 | 1048 |
| കൊല്ലം | 45.5 | 465 |
| ആലപ്പുഴ | 78.6 | 1256 |
| എറണാകുളം | 47.2 | 644 |
| തൃശ്ശൂർ | 64.2 | 562 |
| മലപ്പുറം | 63.9 | 634 |
| കോഴിക്കോട് | 63.6 | 463 |
| കണ്ണൂർ | 70.2 | 551 |
| കാസർഗോഡ് | 83.1 | 989 |
| ആകെ | 591.5 | 6612 |

(ബി) കിഫ്ബി വഴിയാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്.

(സി) മലയോര ഹൈവേ അലൈൻമെന്റിൽ വരുന്ന കണ്ണൂർ ജില്ലയിലെ ചെറുപുഴ മുതൽ വള്ളിത്തോടുവരെയുള്ള 59.415 കി.മീ. ഭാഗത്തിന്റെ നിർമ്മാണ പ്രവൃത്തികൾ നല്ല രീതിയിൽ പുരോഗമിച്ചുവരികയാണ്. കാസർഗോഡ് ജില്ലയിൽ നന്ദാരപ്പടവ് മുതൽ ചെറുപുഴ വരെയുള്ള 33 കി.മീ. ഭാഗം സർക്കാർ ഉത്തരവ് G.O. (Rt) No. 109/2017/PWD. dt. 25-1-2017 പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ളതാണ്. ഈ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മലയോര ഹൈവേ സംബന്ധിച്ച് NATPAC ഉദ്യോഗസ്ഥരുമായി സംയുക്ത പരിശോധന നടത്തിയിട്ടുണ്ട്. ഇവ ഘട്ടംഘട്ടമായി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. NATPAC സർവ്വേ പ്രകാരമുള്ള റിപ്പോർട്ട് അംഗീകരിക്കുന്ന മുറയ്ക്ക് തീരദേശ ഹൈവേയുടെ പ്രവൃത്തി നടപ്പാക്കുന്നതാണ്.

## സംസ്ഥാന സ്കൂൾ കലോത്സവം

21 (*111) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ സംസ്ഥാന സ്കൂൾ കലോത്സവത്തിലുണ്ടായ അപ്പീൽ ബാഹുല്യം ആവർത്തിക്കാതിരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ;

(ബി) സംസ്ഥാന സ്കൂൾ കലോത്സവത്തിന് നൽകുന്ന പ്രാധാന്യം ജില്ല, സബ് ജില്ല മത്സരങ്ങൾക്ക് നൽകി അവിടങ്ങളിലെ വിധിനിർണ്ണയം കുറ്റമറ്റതാക്കി അപ്പീലുകളുടെ എണ്ണം കുറയ്ക്കാനാകുമെന്ന് കരുതുന്നുണ്ടോ;

(സി) സംസ്ഥാന സ്കൂൾ കലോത്സവ വിധിനിർണ്ണയം വിജിലൻസിന്റെ നിരീക്ഷണത്തിൽ നടത്തിയത് കാര്യക്ഷമമായിരുന്നോ; ഭാവിയിലും വിധി നിർണ്ണയം നീതിയുക്തമെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയർമാനായി സംസ്ഥാന സ്കൂൾ കലോത്സവ മാന്വൽ പരിഷ്കരണ കമ്മിറ്റി 10-11-2016-ലെ സ.ഉ. (കൈ) നമ്പർ 188/2016/ പൊ.വി.വ. പ്രകാരം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി അടുത്ത കലോത്സവത്തിന് മുമ്പായി നിലവിലുള്ള കലോത്സവ മാന്വൽ പൂർണ്ണമായും പരിഷ്കരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അപ്പീൽ ബാഹുല്യം നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗങ്ങളും ഈ കമ്മിറ്റി പരിശോധിക്കുന്നതാണ്.

(ബി) ഈ വിഷയം സംബന്ധിച്ച് മാന്വൽ പരിഷ്കരണ കമ്മിറ്റി വിശദമായി പരിശോധിക്കുന്നതാണ്.

(സി) സംസ്ഥാന സ്കൂൾ കലോത്സവത്തിലെ വിധി നിർണ്ണയത്തിൽ ആരോപണ വിധേയരായ വിധികർത്താക്കൾക്കെതിരെ കേരള വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. വിധിനിർണ്ണയം നീതിയുക്തമായി നടത്താനുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

**ഉന്നത വിദ്യാഭ്യാസ മേഖലയിലെ കച്ചവടവത്കരണം**

22 (*112) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാമ്പാടി നെഹ്റു കോളേജിലെ വിദ്യാർത്ഥിയുടെ മരണത്തിന്റെ പശ്ചാത്തലത്തിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാരും സാങ്കേതിക സർവ്വകലാശാലയും സ്വീകരിച്ചതെന്ന് വിശദമാക്കുമോ ;

(ബി) സ്വാശ്രയകോളേജുകളിലെ അക്കാദമികവും ഭൗതികവുമായ സാഹചര്യങ്ങൾ പരിശോധിക്കുന്ന സമിതി, പാഠ്യേതര പ്രവർത്തനങ്ങളും വിദ്യാർത്ഥികളുടെ താമസസൗകര്യം, പരീക്ഷ നടത്തിപ്പ്, ഇന്റേണൽ അസ്സസ്സ്മെന്റ് എന്നിവയും വിലയിരുത്തുമോയെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത സമിതിയുടെ റിപ്പോർട്ട് പ്രകാരം പ്രവർത്തനം തൃപ്തികരമല്ലാത്ത കോളജുകളുടെ അഫിലിയേഷൻ റദ്ദാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഉന്നതവിദ്യാഭ്യാസ മേഖലയിലെ കച്ചവടവത്ക്കരണം അവസാനിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) പാമ്പാടി നെഹ്റു കോളേജിലെ വിദ്യാർത്ഥി ജിഷ്ണു പ്രണോയിയുടെ മരണത്തിന്റെ പശ്ചാത്തലത്തിൽ സാങ്കേതിക സർവ്വകലാശാല അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ എല്ലാ കോളേജുകളിലും നിയമാനുസൃതമായി പി.ടി.എ. സംവിധാനം നടപ്പിലാക്കണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. കൂടാതെ എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാർത്ഥി വിരുദ്ധ നടപടികൾ അവലോകനം ചെയ്യുന്നതിനും യുക്തമായ നടപടി സ്വീകരിക്കുന്നതിനുമായി സാങ്കേതിക സർവ്വകലാശാലയിൽ ഒരു ഓംബുഡ്സ്മാനെ നിയമിക്കുവാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ബി) സ്വാശ്രയ കോളേജുകളെ സംബന്ധിച്ച വ്യാപകമായ പരാതികൾ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ സ്വാശ്രയ കോളേജുകളുടെ വിദ്യാഭ്യാസ നിലവാരത്തെക്കുറിച്ച് പഠിക്കുവാൻ സർക്കാർ ഒരു മൂന്നംഗ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. കൂടാതെ ഇന്റേണൽ അസ്സസ്സ്മെന്റ് സംബന്ധിച്ചുള്ള നടപടികൾക്കും പരിഷ്കാരങ്ങൾക്കുമായി നാല് സർവ്വകലാശാലാ വി.സി.-മാർ അടങ്ങിയ ഒരു സമിതിയേയും നിയോഗിച്ചിട്ടുണ്ട്. കോളേജുകൾക്ക് അഫിലിയേഷൻ നൽകുന്നതിന് മുന്നോടിയായി സ്ഥാപനങ്ങളുടെ അക്കാദമികവും, ഭൗതികവുമായ സാഹചര്യങ്ങൾ വിലയിരുത്തുന്നതിനായി ഇ.വി.സി. (എക്സ്പേർട്ട് വിസിറ്റ് കമ്മിറ്റി) രൂപീകരിക്കുകയും ആയത് വിലയിരുത്തുകയും ചെയ്യാറുണ്ട്. അക്കാദമികവും പാഠ്യേതര പ്രവർത്തനങ്ങളും വിലയിരുത്തുന്നതിനായി എല്ലാ സെമസ്റ്ററുകളിലും അക്കാദമിക് ഓഡിറ്റിംഗ് നടത്തിവരുന്നു.

(സി&ഡി) ഉന്നത വിദ്യാഭ്യാസ മേഖലയിൽ കച്ചവടവത്കരണം നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സർക്കാരിൽനിന്നും എ.ഐ.സി.റ്റി.ഇ., സർവ്വകലാശാലകൾ എന്നിവയിൽനിന്നും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കും, നിബന്ധനകൾക്കും വിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ അഫിലിയേഷൻ റദ്ദാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

**സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകനം**

23 (*113) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) ഇവയുടെ മേൽ ഏതൊക്കെ തരത്തിലുള്ള ഭരണപരവും അക്കാദമികവും സാമൂഹികവുമായ നിയന്ത്രണങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ;

(സി) വിദ്യാർത്ഥി സംഘടനകളെ ഇല്ലായ്മ ചെയ്യുന്ന അശാസ്ത്രീയമായ ഇന്റേണൽ മാർക്ക് സംവിധാനം നിർത്തലാക്കാൻ നടപടിയെടുക്കുമോ;

(ഡി) അച്ചടക്കത്തിന്റെ പേരിൽ അടിമത്തം നടമാടുന്ന സ്ഥാപനങ്ങളിൽ സ്വതന്ത്ര വിദ്യാർത്ഥി ജീവിതം ഉറപ്പുവരുത്താൻ എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ&ബി) സംസ്ഥാനത്തെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനം ബന്ധപ്പെട്ട സർവ്വകലാശാലകൾ, യു.ജി.സി., എ.ഐ.സി.റ്റി.ഇ., കൗൺസിൽ ഓഫ് ആർക്കിടെക്ചർ എന്നിവയുടെ മാനദണ്ഡമനുസരിച്ച് അവലോകനം ചെയ്തുവരുന്നു. എന്നിരുന്നാലും ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സമഗ്രമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 4-2-2017-ലെ തീയതിയിലെ ജി.ഒ. (എം.എസ്.) നമ്പർ 37/2017/ഉവിവ ഉത്തരവ് പ്രകാരം ജസ്റ്റിസ് കെ. കെ. ദിനേശൻ ചെയർമാനും ഡോ. കെ. കെ. എൻ. കുറുപ്പ്, ഡോ. ആർ.വി.ജി. മേനോൻ എന്നിവർ അംഗങ്ങളുമായി ഒരു കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്.

(സി) ഇന്റേണൽ അസ്സസ്സ്മെന്റുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനുമായി 3-2-2017-ലെ ജി.ഒ. (സാധാ) നമ്പർ 179/2017/ഉവിവ ഉത്തരവ് പ്രകാരം എം.ജി. സർവ്വകലാശാല വൈസ് ചാൻസലർ കൺവീനറും എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല, ആരോഗ്യ സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല വൈസ് ചാൻസലർമാർ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

(ഡി) ജസ്റ്റീസ് കെ. കെ. ദിനേശൻ കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചതിനുശേഷം മാത്രമേ തുടർനടപടികൾ സംബന്ധിച്ച കാര്യങ്ങൾ തീരുമാനിക്കാൻ കഴിയുകയുള്ളൂ.

**പൊതുമരാമത്ത് റോഡുകളുടെ ഈടുനിൽപ്പ് ഉറപ്പുവരുത്താൻ നടപടി**

24(*114) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റോഡുകൾ വെട്ടിപ്പൊളിച്ചുകൊണ്ടുള്ള കേബിൾ സ്ഥാപിക്കൽ, ജലവിതരണ പൈപ്പുകളുടെ അറ്റകുറ്റപ്പണികളുടെ നിർവ്വഹണം തുടങ്ങിയ പ്രവൃത്തികൾമൂലം റോഡിന്റെ ഈടിന് കോട്ടം സംഭവിക്കുന്നുവെന്ന കാര്യം ഗൗരവമായി എടുത്തിട്ടുണ്ടോ;

(ബി) ഇപ്രകാരം പൊതുമരാമത്ത് റോഡുകൾക്കുണ്ടാകുന്ന കോട്ടംമൂലം പ്രതിവർഷം ശരാശരി എത്ര തുകയുടെ നഷ്ടം ഖജനാവിനുണ്ടാകുന്നുവെന്നാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) റോഡുകളുടെ ഈടുനില്പിന് കോട്ടം ഉണ്ടാക്കാവുന്ന മേൽസാഹചര്യങ്ങൾ ഭാവിയിൽ ഒഴിവാക്കുന്നതിന് ഭൂഗർഭ കേബിളുകളും പൈപ്പുലൈനുകളും ഇരുവശങ്ങളിലേക്ക് മാറ്റിസ്ഥാപിക്കുന്നതിന് ഇതുമായി ബന്ധപ്പെട്ട ഇതര വകുപ്പുകളുടെ സഹകരണം ഉറപ്പുവരുത്തി റോഡുനിർമ്മാണം നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) നിലവിൽ പൊതുനിരത്തുകൾക്കടിയിൽ സ്ഥാപിച്ചിട്ടുള്ള കേബിളുകളുടേയും പൈപ്പുലൈനുകളുടേയും കാര്യത്തിൽ എന്ത് നടപടിയാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) ഉണ്ട്. സംസ്ഥാനത്തെ റോഡുകളിൽ കേബിൾ സ്ഥാപിക്കൽ, ജലവിതരണ പൈപ്പുകൾ സ്ഥാപിക്കൽ, അവയുടെ അറ്റകുറ്റപ്പണികളുടെ നിർവ്വഹണം എന്നിവയ്ക്കായി റെസ്റ്റൊറേഷൻ ചാർജ് അടയ്ക്കേണ്ടതുണ്ട്. കളക്ടർ അദ്ധ്യക്ഷനായുള്ള ജില്ലാതല ഏകോപന സമിതിയുടെ അനുമതി ലഭ്യമായാൽ മാത്രമാണ് ഈ വകുപ്പിൽനിന്നും പൈപ്പ്ലൈൻ ഇടുന്നതിനുള്ള അനുവാദം നൽകുന്നത്. പൈപ്പ്ലൈൻ ഇടുന്നതനുസരിച്ച് റീസ്റ്റോറേഷൻ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ മുൻകൂർ അനുമതി വാങ്ങാതെ ജലവിഭവം, ബി.എസ്.എൻ.എൽ. എന്നീ വകുപ്പുകൾ റോഡുകൾ വെട്ടിപ്പൊളിക്കുന്നത് ടി റോഡിന്റെ കേടുപാടുകൾക്ക് കാരണമാകുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട മന്ത്രിമാരുമായി യോഗം ചേർന്നശേഷം ഇതുസംബന്ധിച്ച് പാലിക്കേണ്ട വ്യവസ്ഥകൾ നിശ്ചയിച്ചുകൊണ്ട് 21-11-2016-ലെ ജി.ഒ. (ആർറ്റി.) 1602/2016/പൊ.മ.വ. പ്രകാരം മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുകൂടാതെ സർക്കാർ ഉത്തരവ് ജി.ഒ.(ആർ.റ്റി.) 63/2016/ പൊ.മ.വ. തീയതി 3-9-2016 പ്രകാരം സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിനും കാൽനടയാത്രക്കാർക്കും, വാഹനങ്ങൾക്കും സുരക്ഷിത യാത്ര സാദ്ധ്യമാക്കുന്നതിനുംവേണ്ടി കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ബാധകമാക്കികൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവുകൾ കർശനമായി നടപ്പാക്കുന്നതിനുള്ള നിർദ്ദേശവും എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നൽകിയിട്ടുണ്ട്.

(ബി) ഒരുവർഷം ഏകദേശം അയ്യായിരത്തിൽപ്പരം സ്ഥലങ്ങളിൽ റോഡ് വെട്ടിപ്പൊളിക്കുന്നുണ്ട്. റോഡ് വെട്ടിപ്പൊളിച്ച വകുപ്പ് ഒരു തുക പുനർ നിർമ്മാണത്തിന് കെട്ടിവയ്ക്കണം. എന്നാൽ റോഡ് പിന്നീട് പഴയപടി ആകുന്നതായി കാണുന്നില്ല.

വലിയ ക്രമക്കേടുകളും കണ്ടെത്തിയിട്ടുണ്ട്. 3000 കോടിയിലധികം രൂപയുടെ നഷ്ടം ഖജനാവിന് ഉണ്ടാകുന്നുണ്ട്. കോൺട്രാക്ടർമാരുടെ തൊഴിലാളികൾ ലക്കും ലഗാനുമില്ലാതെ പലപ്പോഴും റോഡുകൾ വെട്ടിപ്പൊളിക്കാറുണ്ട്. ഈ സർക്കാർ വന്നശേഷം ഇക്കാര്യത്തിൽ സജീവ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. ഒരു അവധി ദിവസം അർദ്ധരാത്രിയിൽ മരാമത്ത് വകുപ്പിന്റെ സാന്നിദ്ധ്യമില്ലാതെ കണ്ണൂർ സെൻട്രൽ ജയിലിനുമുന്നിൽ ദേശീയപാതയിൽ റിലയൻസിന്റെ കോൺട്രാക്ടർമാർ തൊഴിലാളികളെക്കൊണ്ട് റോഡ് പൊളിക്കുമ്പോൾ നാട്ടുകാർ പിടികൂടി വകുപ്പുമന്ത്രിയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറെ സസ്പെന്റ് ചെയ്തിരുന്നു. തത്തുല്യമായ അച്ചടക്ക നടപടി റിലയൻസ് എടുക്കാത്തതിനാൽ കണ്ണൂർ-പയ്യന്നൂർ പാതയിൽ തുടർപൊളികൾ തടഞ്ഞിരിക്കുകയാണ്. മരാമത്ത് വകുപ്പ് നേരിടുന്ന ഭീമമായ പ്രശ്നമാണ് ഈ വെട്ടിപ്പൊളികൾ. നിയമാനുസരണം ശ്രദ്ധിച്ച് റോഡിന്റെ ഇരുവശത്തുമുള്ള മണ്ണ്പ്രദേശത്തുകൂടി പൈപ്പുകളും കേബിളുകളും ഇടുന്നതിനാണ് നിർദ്ദേശം. റോഡിനുകുറുകേ തുടർന്നും വെട്ടിപ്പൊളിക്കാതെ അടിയിൽകൂടി ഡ്രില്ല ചെയ്ത് പൈപ്പുകളും കേബിളുകളും ഇടാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ധാരാളം അപകടങ്ങളും ഉണ്ടാകുന്നുണ്ട്. ഇത് പരിഗണിച്ച് ന്യായമായ നിലയിൽ പൈപ്പുകളും കേബിളുകളും ഇടുന്നതിന് സജീവ ശ്രദ്ധ നൽകിവരുന്നു.

(സി) റോഡുകളുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലത്തിന്റെയും ഫണ്ടിന്റെയും ലഭ്യതയ്ക്കനുസരിച്ച് Duct-കൾ സ്ഥാപിക്കുന്നതിനും, നിർമ്മാണ പ്രവൃത്തികൾ നടത്തുമ്പോൾ ഇതുമായി ബന്ധപ്പെട്ട ഇതര വകുപ്പുകളുടെ സഹകരണം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ദേശീയപാതകൾ അന്താരാഷ്ട്ര നിലവാരത്തിൽ വികസിപ്പിക്കൽ നടന്നുവരികയാണ്. ഈ രീതിയിൽ വികസിപ്പിക്കുമ്പോൾ കേബിളുകളും, മറ്റ് യൂട്ടിലിറ്റി സർവ്വീസുകളും സ്ഥാപിക്കുന്നതിന് ആവശ്യമായ Duct-കൾ ആവശ്യാനുസരണം ഉൾപ്പെടുത്താറുണ്ട്. പൊതുമരാമത്ത് വകുപ്പിൻകീഴിലുള്ള റോഡുകളിൽ OFC കേബിൾ ഇടുന്നതിന് താഴെപ്പറയുന്ന നിബന്ധനകൾ പാലിക്കണമെന്ന് തീരുമാനിക്കുകയുണ്ടായി :

1. അനുവാദം ആവശ്യപ്പെട്ടിട്ടുള്ള ഏജൻസികൾ തങ്ങൾ ആവശ്യപ്പെട്ടിട്ടുള്ള റോഡുകളിൽ പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയറും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും കമ്പനിയുടെ എഞ്ചിനീയറും സംയുക്തമായി പരിശോധന നടത്തേണ്ടതാണ്.

2. കേബിളിനായി കുഴിയെടുക്കുമ്പോൾ ടാർ കട്ടിംഗ് ഒഴിവാക്കേണ്ടതാണ്.

3. കേബിളിടുന്നത് ടാർ റോഡിൽനിന്ന് പരമാവധി അകലെയായി റോഡിന്റെ അതിർത്തിയോട് ചേർന്നായിരിക്കണം.

4. സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ റെസ്റ്റോറേഷന് ആവശ്യമായ തുക നിലവിലുള്ള നിരക്കിന്റെ അടിസ്ഥാനത്തിൽ ഏജൻസികൾ ഡിപ്പാർട്ട്മെന്റിൽ അടയ്ക്കേണ്ടതാണ്.

5. ഹൈവേ അതോറിറ്റിയായ എക്സിക്യൂട്ടീവ് എഞ്ചിനീയറും കമ്പനിയുമായി റോഡ് കുഴിക്കുന്നത് സംബന്ധിക്കുന്ന നിബന്ധനകളും വർക്ക് പ്രോഗ്രാമും ഉൾപ്പെടുത്തിയ എഗ്രിമെന്റ് വയ്ക്കേണ്ടതാണ്.

6. പൊതുജനത്തിന് അസൗകര്യവും അപകടങ്ങളും ഒഴിവാക്കുന്നതിന് വേണ്ട മുൻകരുതലുകൾ എടുക്കേണ്ടതാണ്.

7. ഏജൻസിയുടെ എഞ്ചിനീയറും വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയറും ഓവർസീയറും പ്രവൃത്തികൾക്ക് മേൽനോട്ടം വഹിക്കേണ്ടതാണ്.

8. അനധികൃതായി റോഡ് കുഴിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ നൽകിയിട്ടുള്ള അനുമതി റദ്ദുചെയ്യുന്നതാണ്.

9. പ്രവൃത്തി പൂർത്തീകരിക്കുമ്പോൾ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയറും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും പൂർത്തീകരണം സംബന്ധിച്ച സർട്ടിഫിക്കറ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകേണ്ടതാണ്.

10. പൊതുമരാമത്ത് റോഡുകളിൽ കേബിൾ ഇടുന്നതിന് വാടക ഈടാക്കുന്നത് സംബന്ധിച്ച് പിന്നീട് തീരുമാനമെടുക്കുന്നതാണ്.

11. വിവിധ ഏജൻസികൾ കേബിൾ ഇടുമ്പോൾ പല തവണ കുഴിക്കുന്നത് ഒഴിവാക്കുന്നതിനായി കോമൺ ട്രഞ്ചിംഗ് നടത്തേണ്ടതാണ്.

12. മുകളിൽ പറഞ്ഞിരിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കപ്പെടാതിരുന്നാൽ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉത്തരവാദിയായിരിക്കുന്നതാണ്.

13. ഓരോ ജില്ലയിലേയും കേബിളിടുന്നതിന്റെ പുരോഗതി വിലയിരുത്തുന്നതിനും പൂർത്തീകരണത്തിനും ചുമതലയുള്ള ഒരു എഞ്ചിനീയറെ ഓരോ ഏജൻസിയും നിയമിക്കേണ്ടതാണ്.

14. പൊതുമരാമത്ത് വകുപ്പിലെ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും കർശനമായി പാലിച്ചായിരിക്കണം ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടത്.

15. ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരമുള്ള ഉത്തരവുകൾ പാലിക്കേണ്ടതാണ്.

(ഡി) നിലവിൽ പൊതുനിരത്തുകൾക്കടിയിൽ സ്ഥാപിച്ചിട്ടുള്ള കേബിളുകളും പൈപ്പ് ലൈനുകളും മാറ്റുന്നതിന് വലിയ രീതിയിലുള്ള സാമ്പത്തിക ബാദ്ധ്യതയും, ഗതാഗത അസൗകര്യവും ഉണ്ടാകുന്നതാണ്. പല പ്രദേശങ്ങളിലും ആവശ്യമായ സ്ഥലങ്ങൾ ലഭ്യമല്ല. നിലവിലുള്ള റോഡുകളുടെ വികസനവും, പുനരുദ്ധാരണ പ്രവർത്തനങ്ങളും പരിഗണിക്കുമ്പോൾ നിരത്തുകൾക്കിടയിൽ സ്ഥാപിച്ചിട്ടുള്ള Utility Service-കൾ മാറ്റി സ്ഥാപിക്കുന്നതിനായി Cable Duct-കൾ നിർമ്മിക്കുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ പരിശോധിച്ചുവരുന്നു. ഇതുകൂടാതെ, പുതുതായി റോഡുകൾ നിർമ്മിക്കുമ്പോൾ Cable Duct-കൾ കൂടി ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

### ലൈഫ്-ന്റെ സർവ്വേ നടപടികൾ

25 (*115) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ ഭവന പദ്ധതിയായ 'ലൈഫ് '-ന്റെ സർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സർവ്വേയ്ക്കുള്ള മാർഗ്ഗനിർദ്ദേശം തയ്യാറാക്കിയത് ആരാണെന്ന് വ്യക്തമാക്കാമോ;

(സി) വിവിധ വകുപ്പുകൾ തയ്യാറാക്കിയ ഭവനരഹിതരുടെ നിലവിലെ പട്ടികയിൽ വിട്ടുപോയ അർഹരെ ഉൾപ്പെടുത്തുന്നതിനും അനർഹരെ ഒഴിവാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഭവനനിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തവരെയും വാസയോഗ്യമല്ലാത്ത ഭവനങ്ങളിൽ താമസിക്കുന്നവരെയും പുറമ്പോക്കിലോ തീരദേശ മേഖലയിലോ തോട്ടം മേഖലയിലോ താത്ക്കാലിക ഭവനമുള്ളവരെയും പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) ഉണ്ട്. സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ ഭവനപദ്ധതിയായ ലൈഫ്-ന്റെ സർവ്വേ നടപടികൾ തദ്ദേശ സ്വയംഭരണ വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

(ബി) തദ്ദേശ സ്വയംഭരണ വകുപ്പാണ് പ്രസ്തുത സർവ്വേക്കുള്ള മാർഗ്ഗനിർദ്ദേശം തയ്യാറാക്കിയത്.

(സി) ഉണ്ട്.

(ഡി) ഭവനനിർമ്മാണം പൂർത്തിയാകാത്തവർ, വാസയോഗ്യമല്ലാത്ത ഭവനങ്ങളിൽ താമസിക്കുന്നവർ എന്നിവരെ കണ്ടെത്തുന്നതിനായി നടപടി സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. മാത്രവുമല്ല പുറമ്പോക്ക്, തീരദേശ മേഖല, തോട്ടം മേഖല എന്നിവിടങ്ങളിൽ താൽക്കാലിക ഭവനമുള്ളവരേയും സർവ്വേയിൽ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## പ്രധാന റോഡുകൾ ബി.എം.& ബി.സി. ചെയ്യുന്നതിന് നടപടി

26 (*116) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ പ്രധാന റോഡുകളും ബി.എം.&ബി.സി. ചെയ്യുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) ബി.എം. & ബി.സി. ചെയ്ത റോഡുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) സംസ്ഥാനത്തെ എല്ലാ പ്രധാന റോഡുകളും ബി.എം. & ബി.സി. ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഫണ്ടിന്റെ ലഭ്യതയ്ക്കും റോഡിന്റെ പ്രാധാന്യത്തിനും അനുസൃതമായി ബി.എം. & ബി.സി. മാതൃകയിൽ റോഡുകൾ പുനരുദ്ധരിക്കാനാണ് നടപടികൾ സ്വീകരിച്ചുവരുന്നത്.

(ബി) സംസ്ഥാനത്തെ റോഡുകളുടെ നിർമ്മാണത്തിനും പരിപാലനത്തിനുമായുള്ള പ്രവൃത്തികൾക്ക് സർക്കാർ ഉത്തരവ് (കൈ) നമ്പർ 73/2013/പൊ.മ.വ. തീയതി 31-8-2013 പ്രകാരം Defect Liability Period നിശ്ചയിച്ചിട്ടുണ്ട്. ഈ കാലയളവിൽ പ്രസ്തുത പ്രവൃത്തിയിൽ വരുന്ന കേടുപാടുകൾ അതാത് കരാറുകാർ അവരവരുടെ ചെലവിൽത്തന്നെ പരിഹരിക്കുന്നതാണ്. നിലവിൽ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും അടിയന്തര സ്വഭാവമുള്ള പ്രവൃത്തികൾ ചെയ്യുന്നതിനും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിൽ ഡിസ്ട്രിക്ട് ലെവൽ ടാസ്ക് ഫോഴ്സ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. റോഡ് പരിശോധന നടത്തിയശേഷം അസി. എഞ്ചിനീയർ/അസി. എക്സി. എഞ്ചിനീയർ മുഖേന നൽകുന്ന റിപ്പോർട്ടുകൾ ഡിസ്ട്രിക്ട് ലെവൽ ടാസ്ക് ഫോഴ്സ് കമ്മിറ്റി പരിശോധിച്ച് ശിപാർശ ചെയ്യുന്ന പ്രവൃത്തികൾക്ക് ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിലുള്ള സ്റ്റേറ്റ് ലെവൽ ടാസ്ക് ഫോഴ്സ് കമ്മിറ്റി പരിഗണിച്ച് നോൺ പ്ലാൻ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകി യഥാസമയത്ത് പൂർത്തീകരിച്ച് വരുന്നുണ്ട്.

## കെ.എസ്.റ്റി.പി. രണ്ടാംഘട്ട പ്രോജക്റ്റുകളിലെ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ

27 (*117) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.റ്റി.പി. രണ്ടാം ഘട്ട പ്രോജക്റ്റുകളിലെ പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ വ്യക്തമാക്കുമോ ;

(ബി) പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി നീങ്ങുന്നില്ലെന്ന വസ്തുത പരിഗണിച്ച് പണികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി കൈക്കൊള്ളുമോ; വിശദമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തികളുടെ ഗുണനിലവാരം സംബന്ധിച്ച് ഉയർന്നുവന്നിട്ടുള്ള പരാതിയുടെ അടിസ്ഥാനത്തിൽ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് പ്രത്യേക നടപടി കൈക്കൊള്ളുമോ; വിശദാംശം വെളിപ്പെടുത്തുമോ ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) കെ.എസ്.റ്റി.പി. രണ്ടാംഘട്ട പ്രോജക്റ്റുകളുടെ പ്രവൃത്തിതിരിച്ചുള്ള ഇപ്പോഴത്തെ സ്ഥിതി ചുവടെ ചേർക്കുന്നു :

പാക്കേജ് I

കാസർഗോഡ് - കാഞ്ഞങ്ങാട് റോഡ് (27.78 കി.മീ.) - 72% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ കാലാവധി 23-3-2017-ൽ അവസാനിക്കുന്നതാണ്. കാഞ്ഞങ്ങാട് ടൗൺ ഒഴികെ പ്രധാന നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിക്കഴിഞ്ഞു. അവശേഷിക്കുന്ന റോഡ് സുരക്ഷാ പ്രവൃത്തികൾ ഉൾപ്പെടെയുള്ള പണികൾ പുരോഗമിച്ചുവരുന്നു. 2017 മാർച്ചിൽ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

പാക്കേജ് II

പിലാത്തറ-പാപ്പിനിശ്ശേരി റോഡ് (20.9 കി.മീ.)-70% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ കാലാവധി 31-3-2017-ൽ അവസാനിക്കുന്നതാണ്. താവം മേൽപ്പാലം ഒഴിച്ചുള്ള പ്രവൃത്തികൾ 2017 മാർച്ച് മാസത്തിൽ പൂർത്തിയാകും. ജൂലൈ 2017-ൽ പദ്ധതി പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

<u>പാക്കേജ് III A</u>

തലശ്ശേരി - കളറോഡ് റോഡ് (28.8 കി.മീ.) - ഈ പ്രവൃത്തി 31-5-2016-ന് ആരംഭിച്ചു. നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. 30-5-2018 വരെ നിർമ്മാണ കാലാവധിയുണ്ട്.

<u>പാക്കേജ് III B</u>

കളറോഡ് - വളവുപാറ റോഡ് (25.2 കി.മീ.) - ഈ പ്രവൃത്തി 10-6-2016-ന് ആരംഭിച്ചു. നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. 17-8-2018 വരെ നിർമ്മാണ കാലാവധിയുണ്ട്.

<u>പാക്കേജ് IV</u>

ചെങ്ങന്നൂർ-ഏറ്റുമാനൂർ റോഡ് (45.8 കി.മീ.)-68% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ കാലാവധി അവസാനിക്കുന്ന 24-11-2017-നുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

<u>പാക്കേജ് IV A</u>

തിരുവല്ല ബൈപ്പാസ് (2.3 കി.മീ.) 57% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഡിസൈനിൽ മാറ്റം വേണ്ടിവന്നതിനാലും സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കാത്തതിനാലും പ്രവൃത്തിയുടെ ഉദ്ദേശിച്ച പുരോഗതി കൈവരിക്കാനായിട്ടില്ല. സ്ഥലം ലഭ്യമാക്കുന്ന വിഷയത്തിൽ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ടുവരുന്നു.

<u>പാക്കേജ് V</u>

ഏറ്റുമാനൂർ-മൂവാറ്റുപുഴ റോഡ് (40.96 കി.മീ.) 57% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>പാക്കേജ് VI</u>

പൊൻകുന്നം-തൊടുപുഴ (50 കി.മീ.) 95% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2017 മാർച്ചിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പാക്കേജ് VII

പുനലൂർ-പൊൻകുന്നം റോഡ് - പി.പി.പി. വ്യവസ്ഥയിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുള്ള പദ്ധതിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. പെരിമ്പലാവ് - പെരിന്തൽമണ്ണ (41 കി.മീ. ) - ഉപരിതലം പുതുക്കൽ 95% പ്രവൃത്തി പൂർത്തീകരിച്ചു. 2017 മാർച്ചിൽ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

മോഡൽ റോഡ് സുരക്ഷാ പദ്ധതി

കഴക്കൂട്ടം-അടൂർ (80 കി.മീ.) സുരക്ഷാ റോഡ് പദ്ധതി 28-12-2016-ൽ ആരംഭിച്ചു. പദ്ധതിയുടെ ആരംഭഘട്ട പണികൾ നടന്നുവരുന്നു.

(ബി) ചില പ്രശ്നങ്ങൾ/തടസ്സങ്ങൾ ചില സ്ഥലങ്ങളിൽ ഉണ്ടായിരുന്നു. എല്ലായിടത്തുമില്ല. ലോകബാങ്ക് പ്രതിനിധികൾ മൂന്ന് തവണ വകുപ്പ് മന്ത്രിയുമായും എഞ്ചിനീയർമാരുമായും ചർച്ച നടത്തി.

(സി) കെ.എസ്.റ്റി.പി.-യുടെ പ്രവൃത്തികൾ മാനദണ്ഡങ്ങൾ അനുസരിച്ചുള്ള എല്ലാവിധ ടെസ്റ്റുകളും ചെയ്ത് അതിന്റെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തന്നെയാണ് നടത്തിവരുന്നത്. പ്രസ്തുത പ്രവൃത്തികളുടെ ഗുണനിലവാരം സംബന്ധിച്ച് ഉയർന്നു വന്നിട്ടുള്ള പരാതികളിന്മേൽ കൂടുതൽ ശ്രദ്ധ പതിപ്പിച്ച് വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.റ്റി.പി. പണിയുടെ നിലവാരം കഴിഞ്ഞ അഞ്ച് വർഷം മെച്ചപ്പെട്ടില്ല എന്ന ആക്ഷേപം ഉണ്ടായി. പരിശോധിച്ച് തിരുത്തലുകൾ വരുത്തുന്നുണ്ട്. ഗുണനിലവാരം കാത്തുസൂക്ഷിക്കാൻ ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

**കുടിയേറ്റ കർഷകർക്ക് പട്ടയം**

28 (*118) ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദീർഘകാലമായി ഭൂമി കൈവശം വച്ചിരിക്കുന്ന കുടിയേറ്റ കർഷകർക്ക് പട്ടയം നല്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ബി) ഏതുവർഷം മുതലുള്ള കുടിയേറ്റക്കാർക്കാണ് പട്ടയം നല്കുന്നതെന്നും അർഹരായവർക്ക് എന്നു മുതൽ പട്ടയം നല്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്നറിയിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) ഉണ്ട്. 1-1-1977-നുമുമ്പ് വനഭൂമിയിൽ കുടിയേറ്റം നടത്തിയിട്ടുള്ള കൈവശക്കാർക്ക് കേരള ഭൂമി പതിച്ചുനൽകൽ (1-1-1977-നുമുമ്പ് വനഭൂമിയിൽ നടത്തിയിട്ടുള്ള കുടിയേറ്റങ്ങൾ ക്രമപ്പെടുത്തൽ) പ്രത്യേക ഭൂമിപതിവ് ചട്ടങ്ങൾ 1993-ലെ വ്യവസ്ഥകൾ പ്രകാരം കൈവശത്തിന് അർഹരാണോ എന്ന് വനം-റവന്യൂ-സർവ്വെ വകുപ്പുകൾ സംയുക്ത പരിശോധന നടത്തിയാണ് പട്ടയം നൽകുന്നത്. 1-8-1971-നുമുമ്പ് വനേതര ഭൂമി കൈവശം വച്ചിരിക്കുന്ന കുടിയേറ്റ കർഷകർക്ക് 1964-ലെ കേരള ഭൂമിപതിവ് ചട്ടപ്രകാരം പട്ടയം നൽകിവരുന്നു.

(ബി) 1-1-1977-നുമുമ്പ് വനഭൂമി കൈവശം വച്ചിരിക്കുന്ന കുടിയേറ്റക്കാർക്ക് കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് പട്ടയം നൽകിവരുന്നു. 1-8-1971-നുമുമ്പുള്ള വനേതര ഭൂമി കൈവശം വച്ചിട്ടുള്ളവർക്ക് 1964-ലെ ഭൂമി പതിവ് ചട്ടപ്രകാരം പട്ടയം അനുവദിക്കുന്നു.

(സി) പട്ടയം അനുവദിക്കുന്നതിനായി ലഭിക്കുന്ന അപേക്ഷകളിൽ സർക്കാർ അനുമതിയോടെ വനം-റവന്യൂ-സർവ്വെ വകുപ്പുകൾ സംയുക്ത പരിശോധന നടത്തി അർഹരെന്ന് കണ്ടെത്തുന്നവരുടെ സംയുക്ത പരിശോധന റിപ്പോർട്ടുകൾ വനം വകുപ്പ് മുഖേന കേന്ദ്രാനുമതിക്കായി അയയ്ക്കുന്നു. ഇടുക്കി ജില്ലയിൽ 2004-ലും 2010-ലുമുള്ള ഗവൺമെന്റ് നോട്ടിഫിക്കേഷൻ മുഖേന 1993-ലെ സ്പെഷ്യൽ റൂൾസ് പ്രകാരമുള്ള പട്ടയങ്ങൾക്ക് അപേക്ഷ ക്ഷണിക്കുകയും അപ്രകാരം ലഭിച്ച അപേക്ഷകളിൽ ബാക്കി നിൽക്കുന്ന അപേക്ഷകർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ഏഴ് സ്പെഷ്യൽ (എൽ.എ.) തഹസിൽദാർ ഓഫീസുകളിൽ നടന്നുവരുന്നു. 4-1-2017-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഇടുക്കി ജില്ലയിൽ 30-4-2017-നകം 10,000 പട്ടയങ്ങൾ വതരണം ചെയ്യുന്നതിന് തീരുമാനമെടുത്തിട്ടുള്ളതും ആയതിന് പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കി നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

**സാഗരമാല പദ്ധതി**

29 (*119) ശ്രീ. കെ. ആൻസലൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ മേഖലയുടെ സുസ്ഥിര വികസനം ഉറപ്പാക്കുന്ന കേന്ദ്ര സർക്കാരിന്റെ സാഗരമാല പദ്ധതി പരിഷ്കരിച്ച് സംസ്ഥാനത്ത് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി സംസ്ഥാനത്തിന് ഏതൊക്കെ രീതിയിൽ ഗുണകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) തീരദേശ സമൂഹത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):

(എ-ഡി) രാജ്യത്തെ തുറമുഖങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് 'സാഗരമാല'. തുറമുഖങ്ങളുടെ ആധുനികവത്കരണം, തുറമുഖങ്ങളുമായി ബന്ധപ്പെട്ട വ്യവസായവത്കരണം, കണക്ടിവിറ്റി, തീരദേശത്തെ ജനവിഭാഗങ്ങളുടെ സമഗ്ര വികസനം എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഘടകങ്ങൾ. ടി പദ്ധതിയുടെ പ്രയോജനം സംസ്ഥാനത്തിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചുവരികയാണ്. സാഗർമാലാ പദ്ധതിയിൽ ഉൾപ്പെടുത്തി അഴീക്കൽ തുറമുഖ വികസനത്തിനായി 3491 കോടി രൂപയുടെ പദ്ധതി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ തീരദേശത്തെ ജനവിഭാഗങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതുമായി ബന്ധപ്പട്ട കോസ്റ്റൽ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിനായി വിഴിഞ്ഞം തുറമുഖ പദ്ധതി പ്രദേശത്തിനോടടുത്ത് കിടക്കുന്ന 20 വാർഡുകളെ ഉൾപ്പെടുത്തി തയ്യാറാക്കിയ ശിപാർശയും കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. തീരദേശത്തെ ജനങ്ങളുടെ കഴിവുകൾ വികസിപ്പിക്കുക, പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, വിദ്യാഭ്യാസം, ആരോഗ്യം, ശുദ്ധജല ലഭ്യത, വൈദ്യുതി, ശുചിത്വം എന്നിങ്ങനെ ടി ജനതയുടെ സമഗ്ര വികസനമാണ് പദ്ധതി ലക്ഷ്യമിടുന്നത്. കൊല്ലം പാസഞ്ചർ ടെർമിനലും, കൊല്ലം, ബേപ്പൂർ, അഴീക്കൽ പോർട്ടുകളിലേക്കുള്ള റോഡ് കണക്ടിവിറ്റി, വിഴിഞ്ഞം തുറമുഖത്തിലേക്കുള്ള റെയിൽ കണക്ടിവിറ്റി മുതലായവയും സംസ്ഥാനം നിർദ്ദേശിച്ചിട്ടുള്ള പദ്ധതികളാണ്.

**മത്സ്യക്കുഞ്ഞുങ്ങളെ ഉപയോഗിച്ച് വളം നിർമ്മാണം**

30 (*120) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യക്കുഞ്ഞുങ്ങളെ വളംനിർമ്മാണത്തിന് ഉപയോഗിക്കുന്നത് കടലിലെ മത്സ്യസമ്പത്ത് വൻതോതിൽ കുറയുന്നതിന് കാരണമാകുന്നുവെന്ന പഠനറിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ മത്സ്യസമ്പത്തിന്റെ നിലനിൽപ്പ് ഉറപ്പാക്കി മീൻ പിടിത്ത രീതികൾക്ക് കാതലായ നിയന്ത്രണം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) നിശ്ചിത വലിപ്പവും വളർച്ചയുമെത്താത്ത മീനുകളെയും മലയാളികൾ സാധാരണ ഉപയോഗിക്കുന്ന തീരക്കടലുകളിലെ മീനുകളെയും പിടിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുമോ ;

(ഡി) എങ്കിൽ ഇതിനായി 1980-ലെ സമുദ്ര മീൻപിടിത്ത നിയന്ത്രണ നിയമം ഭേദഗതി ചെയ്യുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) ഉണ്ട്. പൂർണ്ണവളർച്ച കൈവരിക്കാത്ത ചെറുമീനുകളെ കൂട്ടത്തോടെ പിടികൂടി മത്സ്യസമ്പത്തിന് നാശമുണ്ടാക്കുന്ന പ്രവൃത്തി നടക്കുന്നുണ്ട്. ഈ ചെറുമീനുകളെ അന്യസംസ്ഥാനങ്ങളിൽ കൊണ്ടുപോയി വളം, മത്സ്യത്തീറ്റ എന്നിവയുടെ നിർമ്മാണത്തിന് ഉപയോഗിക്കുന്നുണ്ട്.

(ബി&സി) ചെറുമത്സ്യങ്ങളെ പിടിച്ചെടുക്കുന്നത് മത്സ്യ സമ്പത്തിനെ പ്രതികൂലമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 14 ഇനം മത്സ്യങ്ങളുടെ ചെറുമത്സ്യങ്ങളെ പിടിക്കുന്നത് നിരോധിച്ചുകൊണ്ട് 24-7-2015-ലെ SRO 477/2015 നമ്പരായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 44 ഇനം മത്സ്യങ്ങളുടെ ചെറുമത്സ്യങ്ങളെ പിടിക്കുന്നത് നിരോധിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് ഇതുവരെയായി ഇത്തരം 56 കേസ്സുകൾ പിടികൂടുകയും 17 ലക്ഷം രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ചെറുമത്സ്യക്കുഞ്ഞുങ്ങളെ പിടിക്കുന്നത് പൂർണ്ണമായും നിരോധിക്കുന്നതിലേക്കായി 1980-ലെ സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമം ഭേദഗതി ചെയ്യേണ്ട ആവശ്യമില്ല. ഇതിനായി KMFR Act-ലെ വ്യവസ്ഥകൾ ഉപയോഗിച്ച് ചെറുമത്സ്യങ്ങളെ പിടിക്കുന്നത് തടയുന്നതിനായുള്ള വിജ്ഞാപനം പുറപ്പെടുവിക്കാവുന്നതാണ്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### നെന്മാറ നിയോജകമണ്ഡലത്തിലെ റോഡുകളുടെ നവീകരണം

1 (1085) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ ഏതെല്ലാം റോഡുകളുടെ നവീകരണ പ്രവൃത്തിക്കാണ് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) ഈ റോഡുകളുടെ നവീകരണ പ്രവൃത്തി എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ ചുവടെ ചേർത്തിരിക്കുന്ന റോഡുകളുടെ നവീകരണ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട് :

1. കൊടുവായൂർ-പല്ലാവൂർ-വിത്തനശ്ശേരി റോഡ് കി. മീ. 0/000 മുതൽ 5/000 വരെ അഭിവൃദ്ധിപ്പെടുത്തൽ - 197 ലക്ഷം രൂപ
2. പുതുനഗരം - കൊല്ലങ്കോട് റോഡ് കി.മീ. 5/250 - 7/250 വരെ അഭിവൃദ്ധിപ്പെടുത്തൽ - 92 ലക്ഷം രൂപ
3. വടക്കഞ്ചേരി - പൊള്ളാച്ചി റോഡ് കി. മീ. 25/00- 38/912 ബി.എം. & ബി.സി. ചെയ്ത് അഭിവൃദ്ധിപ്പെടുത്തൽ - 280 ലക്ഷം രൂപ

ക്രമ നമ്പർ 1, 2 എന്നിവയിലെ പ്രവൃത്തികൾക്ക് സ.ഉ. (സാധാ) നമ്പർ 179/2017/പൊ.മ.വ തീയതി, 14-2-2017 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഭരണാനുമതി നൽകിയ ക്രമ നം. 1, 2 എന്നിവയ്ക്കുള്ള ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 3-ാമത്തെ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

**കാൽനടയാത്ര സുരക്ഷിതമാക്കുന്നതിന് നടപടി**

2 (1086) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ തിരക്കേറിയ പൊതു റോഡുകളിൽ കാൽനട യാത്രക്കാർക്ക് യാതൊരു പരിഗണനയും നൽകാത്ത വിധം, വാഹനങ്ങൾ തിങ്ങിനിറയുന്നതുമൂലം കാൽനടയാത്രക്കാർ അപകടങ്ങളിൽപ്പെട്ട് അതിദാരുണമായി കൊല്ലപ്പെടുന്നതായ വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ഗുരുതര പ്രശ്നപരിഹാരത്തിന് എന്തെങ്കിലും നടപടികൾ ആലോചിച്ചിട്ടുണ്ടോ ;

(സി) തിരുവനന്തപുരം ജില്ലയിലെ പേയാട്, പ്രാദേശിക ഭരണ സമിതിയും പൊതുജനവും യോജിച്ച് സ്വീകരിച്ച അടിയന്തര ഇടപെടൽ മറ്റിടങ്ങളിലും സർക്കാർ സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) തിരക്കേറിയ ടൗണിലും വിദ്യാലയങ്ങളുടെ സമീപവും റോഡിന്റെ വശങ്ങളിൽ ഹാൻഡ്റീലും, ഇന്റർലോക്കും ഉൾപ്പെടെയുള്ള നടപ്പാതയും ഫ്ലൈഓവറും അടിപ്പാതയും നിർമ്മിച്ച് കാൽനടയാത്ര സുരക്ഷിതമാക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കാൽനടയാത്രക്കാർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി സുരക്ഷിത നടപ്പാതകളും മേൽപ്പാലങ്ങളും ഏർപ്പെടുത്താനാണ് ആഗ്രഹിക്കുന്നത്. പുതിയ റോഡ് നിർമ്മാണത്തിൽ കാൽനടയാത്രക്കാർക്കായി നടപ്പാത നിർബന്ധമാക്കിയിട്ടുണ്ട്. കാൽനടയാത്രക്കാരുടെ സുരക്ഷയ്ക്കായി സീബ്രാ ക്രോസിംഗ് ആവശ്യമുള്ളിടത്ത് നൽകാറുണ്ട്. തിരക്കേറിയ ജംഗ്ഷനുകളിൽ ട്രാഫിക് സിഗ്നൽ സംവിധാനം നൽകി ഗതാഗത നിയന്ത്രണം നടത്താറുണ്ട്. കേരള റോഡ് ഫണ്ട് ബോർഡ് നടപ്പിലാക്കി വരുന്ന നഗര റോഡു വികസന പദ്ധതിയിൽ കാൽനടയാത്രക്കാരുടെ സുരക്ഷിതത്വത്തിന് മുന്തിയ പരിഗണനയാണ് നൽകുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായ തിരുവനന്തപുരം നഗര റോഡ് വികസന പദ്ധതിയിൽ എല്ലാ റോഡുകളിലും നടപ്പാതകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. കാൽനടയാത്രക്കാരുടെ സൗകര്യാർത്ഥം ഈ നടപ്പാതകളിൽ ഉന്നത ഗുണനിലവാരമുള്ള ഓടുകൾ (Polymer Coated Interlocking Block) പാകി മനോഹരമാക്കിയിട്ടുണ്ട്. കൂടാതെ, കാൽനട യാത്രക്കാരുടെ സുരക്ഷിതത്വത്തിനായി പ്രധാന ജംഗ്ഷനുകളിൽ കമ്പിവേലികൾ സ്ഥാപിക്കുകയും റോഡ് മുറിച്ച് കടക്കേണ്ട സ്ഥലങ്ങളിൽ സീബ്രാ ക്രോസിംഗ് വരച്ച് നൽകുകയും ചെയ്തിട്ടുണ്ട്. സിഗ്നലുകൾ സ്ഥാപിച്ചിട്ടുള്ള ജംഗ്ഷനുകളിൽ കാൽനട യാത്രക്കാർക്ക് റോഡ് മുറിച്ച് കടക്കുന്നതിനുവേണ്ടി പ്രത്യേക സിഗ്നലിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്. കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്കും സുഗമമായ യാത്ര ഉറപ്പാക്കുന്നതിന് കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ബാധകമാക്കി ഉത്തരവായിട്ടുണ്ട്. തിരുവനന്തപുരം നഗര റോഡ് വികസന പദ്ധതിയുടെ കീഴിൽ ഏകദേശം 43 കി.മീ. റോഡാണ് ഇപ്രകാരം കാൽനടയാത്രക്കാർക്ക് സുരക്ഷിതമായി നടക്കത്തക്കവിധം വികസിപ്പിച്ചിട്ടുള്ളത്.

(സി&ഡി) കാൽനടയാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി ജംഗ്ഷനുകൾ, മറ്റ് പ്രധാന സ്ഥലങ്ങൾ എന്നിവയിലും കുട്ടികളുടെ സുരക്ഷയ്ക്കായി സ്കൂൾ മേഖലകളിലും നടപ്പാതകൾ നിർമ്മിച്ചുവരുന്നു. പുതുതായി ഏറ്റെടുത്തുവരുന്ന നഗര വികസന പദ്ധതികളിൽ റോഡ് വികസനത്തോടൊപ്പം, നടപ്പാതകളും പൂർണ്ണമായി നടപ്പിലാക്കിവരുന്നു. ഗതാഗത തിരക്കുള്ള സ്ഥലങ്ങളിൽ അടിപ്പാതകൾ, മേൽപ്പാലങ്ങൾ എന്നിവ ആവിഷ്കരിക്കുന്നതിനായി നാറ്റ്പാക്ക് തുടങ്ങിയ ഏജൻസികൾ മുഖേന പല പദ്ധതികളുടേയും പഠനം നടന്നുവരുന്നു. കേരള റോഡ് ഫണ്ട് ബോർഡ് ഏറ്റെടുത്ത റോഡുകളിൽ കാൽനടയാത്രക്കാരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് തിരക്കേറിയ ടൗണുകളിലും, വിദ്യാലയങ്ങളുടെ സമീപത്തും, റോഡിന്റെ വശങ്ങളിൽ ഹാന്റ്റെയിൽ, ഇന്റർലോക്ക് ഉൾപ്പെടെയുള്ള നടപ്പാത നിർമ്മിച്ചിട്ടുണ്ട്.

## കെ.സി. പാലത്തിന്റെ പുനർനിർമ്മാണം

3 (1087) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങനാശ്ശേരി-ആലപ്പുഴ ബോട്ട്റൂട്ട് കനാലിൽ കിടങ്ങറയിലുള്ള കെ.സി. പാലത്തിന്റെ പുനർ നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) സാധാരണ യാത്രാ ബോട്ടുകളും ടൂറിസ്റ്റ് ബോട്ടുകളും ചങ്ങനാശ്ശേരിയിൽ എത്തുന്നതിന് തടസ്സമായിട്ടുള്ള പ്രസ്തുത പാലത്തിന്റെ പുനർ നിർമ്മാണ നടപടികൾ ത്വരിതപ്പെടുത്തുമോ?

ഉത്തരം

(എ&ബി) ചങ്ങനാശ്ശേരി-ആലപ്പുഴ ബോട്ട്റൂട്ട് കനാലിൽ കിടങ്ങറയിലുള്ള കെ. സി. പാലത്തിന്റെ പുനർനിർമ്മാണ നടപടികൾ സംബന്ധിച്ച ടെണ്ടർ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലിരിക്കുകയാണ്.

## കെ.എസ്.ടി.പി. ഏറ്റെടുത്തിരിക്കുന്ന പ്രവൃത്തികൾ

4 (1088) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ടി.പി. ഏറ്റെടുത്തിരിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ നിർമ്മാണ പുരോഗതി വിശദമാക്കുമോ;

(സി) ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ചില പ്രദേശങ്ങളിൽ കേസും തർക്കങ്ങളും നിലനിൽക്കുന്നതിനാൽ ഇവയ്ക്ക് പരിഹാരം കാണുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) കെ.എസ്.ടി.പി. ഏറ്റെടുത്തിരിക്കുന്ന പ്രവൃത്തികളുടെ ഗുണനിലവാരം യഥാസമയം പരിശോധിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) കെ.എസ്.ടി.പി. ഏറ്റെടുത്തിരിക്കുന്ന പ്രവൃത്തികൾക്ക് മേൽനോട്ടം വഹിക്കുന്നത് അവർ നിയമിക്കുന്ന സൂപ്പർവൈസറി കൺസൾട്ടന്റുമാരാണ്. പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഇടയ്ക്കിടെ കെ.എസ്.ടി.പി. ഉദ്യോഗസ്ഥർ സ്ഥല പരിശോധന നടത്തുകയും കോൺട്രാക്ടറും കൺസൾട്ടന്റും ഉൾപ്പെടെയുള്ളവരുടെ അവലോകനയോഗംകൂടി കർശന നിർദ്ദേശം നൽകുയും ചെയ്യുന്നുണ്ട്.

(ബി) <u>പാക്കേജ് I</u>

കാസർഗോഡ്-കാഞ്ഞങ്ങാട് റോഡ് (27.78 കി.മീ.) - 72% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ കാലാവധി 23-3-2017-ൽ അവസാനിക്കുന്നതാണ്. കാഞ്ഞങ്ങാട് ടൗൺ ഒഴികെ പ്രധാന നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിക്കഴിഞ്ഞു. അവശേഷിക്കുന്ന റോഡ് സുരക്ഷാ പ്രവൃത്തികൾ ഉൾപ്പെടെയുള്ള പണികൾ പുരോഗമിച്ചു വരുന്നു. 2017 മാർച്ചിൽ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

<u>പാക്കേജ് II</u>

പിലാത്തറ-പാപ്പിനിശ്ശേരി റോഡ് (20.9 കി.മീ) 70% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ കാലാവധി 31-3-2017-ൽ അവസാനിക്കുന്നതാണ്. താവം മേൽപ്പാലം ഒഴിച്ചുള്ള പ്രവൃത്തികൾ 2017 മാർച്ച് മാസത്തിൽ പൂർത്തിയാകും. 2017 ജൂലൈയിൽ പദ്ധതി പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

<u>പാക്കേജ് III A</u>

തലശ്ശേരി-കളറോഡ് റോഡ് (28.8. കി.മീ.) ഈ പ്രവൃത്തി 31-5-2016-ന് ആരംഭിച്ചു. നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. 30-5-2018 വരെ നിർമ്മാണ കാലാവധിയുണ്ട്.

<u>പാക്കേജ് III B</u>

കളറോഡ്-വളവുപാറ റോഡ് (25.2 കി.മീ.)-ഈ പ്രവൃത്തി 10-6-2016-ന് ആരംഭിച്ചു. നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. 17-8-2018 വരെ നിർമ്മാണ കാലാവധിയുണ്ട്.

പാക്കേജ് IV

ചെങ്ങന്നൂർ-ഏറ്റുമാനൂർ റോഡ് (45.8. കി.മീ.)-68% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ കാലാവധി അവസാനിക്കുന്ന 24-11-2017-നുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

പാക്കേജ് IV A

തിരുവല്ല ബൈപ്പാസ് (2.3 കി.മീ.)-57% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഡിസൈനിൽ മാറ്റം വേണ്ടിവന്നതിനാലും സ്ഥലമെടുപ്പ് സംബന്ധിച്ചുള്ള നടപടികൾ പൂർത്തിയാക്കാത്തതിനാലും പ്രവൃത്തിയുടെ ഉദ്ദേശിച്ച പുരോഗതി കൈവരിക്കാനായിട്ടില്ല. സ്ഥലം ലഭ്യമാക്കുന്ന വിഷയത്തിൽ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ടുവരുന്നു.

പാക്കേജ് V

ഏറ്റുമാനൂർ-മൂവാറ്റുപുഴ റോഡ് (40.96 കി.മീ.)-57% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പാക്കേജ് VI

പൊൻകുന്നം-തൊടുപുഴ (50 കി.മീ.) 95% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2017 മാർച്ചിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

പാക്കേജ് VII

പുനലൂർ-പൊൻകുന്നം റോഡ്-പി.പി.പി. വ്യവസ്ഥയിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുള്ള പദ്ധതിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. പെരുമ്പിലാവ്-പെരിന്തൽമണ്ണ (41 കി.മീ)- ഉപരിതലം പുതുക്കൽ 95% പ്രവൃത്തി പൂർത്തീകരിച്ചു. 2017 മാർച്ചിൽ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

മോഡൽ റോഡ് സുരക്ഷാ പദ്ധതി

കഴക്കൂട്ടം-അടൂർ (80 കി.മീ.) സുരക്ഷാ റോഡ് പദ്ധതി 28-12-2016-ൽ ആരംഭിച്ചു. പദ്ധതിയുടെ ആരംഭഘട്ട പണികൾ നടന്നുവരുന്നു.

(സി) ഉടമസ്ഥാവകാശ തർക്കമുള്ളയിടങ്ങളിൽ പൊന്നുംവില നടപടി പൂർത്തിയാക്കി നഷ്ടപരിഹാരം കോടതിയിൽ അഡ്മിനിസ്ട്രേറ്റർക്ക് നൽകിയ ശേഷം സ്ഥലമേറ്റെടുക്കുന്നു. മറ്റ് കേസുകളിൽ കോടതിക്ക് പുറത്തുവച്ച് കേസ് തീർപ്പാക്കുന്നതിന് കളക്ടർ ചെയർമാനായുള്ള ജില്ലാതല ഭൂമി വാങ്ങൽ കമ്മിറ്റി, പരാതി പരിഹാര കമ്മിറ്റി (Grievance Redressal Committee) എന്നിവയുടെ സഹായവും ഉപയോഗപ്പെടുത്തുന്നുണ്ട്.

(ഡി) കഴിഞ്ഞ 5 വർഷത്തെ പണികളുടെ ഗതിവേഗം, സുതാര്യത, ഗുണനിലവാരം എന്നിവയെപ്പറ്റി വകുപ്പുമന്ത്രി വിമർശനം ഉന്നയിച്ചിരുന്നു. ലോകബാങ്ക് പ്രതിനിധി ശ്രീ. ബർണാഡ് ഈ കാര്യത്തിൽ ചില ആശങ്കകൾ അറിയിച്ചു. അവർ വകുപ്പുമന്ത്രിയും എഞ്ചിനീയർമാരുമായി കഴിഞ്ഞ 9 മാസത്തിനകം 3 തവണ ചർച്ചകൾ നടത്തി. നിശ്ചയിച്ച നിലവാരത്തിൽ നിർമ്മാണങ്ങൾ നടത്താൻ നിശ്ചയിച്ചിരിക്കുകയാണ്. ലോകബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ കെ.എസ്.ടി.പി. പദ്ധതിയിൽ ഏറ്റെടുത്ത് നടത്തുന്ന റോഡ് വികസന പദ്ധതികൾ ഇൻഡ്യൻ റോഡ് കോൺഗ്രസ് നിർദ്ദേശിക്കുന്ന മാനദണ്ഡ പ്രകാരവും MoRTH സ്പെസിഫിക്കേഷൻ അനുസരിച്ചുമാണ് ഡിസൈൻ ചെയ്ത് നടപ്പിലാക്കുന്നത്. റോഡിന്റെ അടിസ്ഥാനം ഉൾപ്പെടെ പുതുതായി നിർമ്മിക്കുന്ന രീതിയിലും ആധുനിക രീതിയിലുള്ള യന്ത്രസാമഗ്രികൾ ഉപയോഗിച്ചുമാണ് പദ്ധതികൾ നടത്തുന്നത്. ഈ പദ്ധതികൾക്ക് മേൽനോട്ടം വഹിക്കുന്നത് അവർ നിയമിച്ചതായ കൺസൾട്ടന്റുമാരാണ്. ഇവരെ ലോകബാങ്കിന്റെ നിബന്ധന പ്രകാരമാണ് തെരഞ്ഞെടുക്കുന്നത്. റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്ന പ്രധാന നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം ലാബുകളിൽ ഉറപ്പുവരുത്തിയതിനുശേഷമാണ് പ്രവൃത്തികൾക്ക് ഉപയോഗിക്കുന്നത്. നിർമ്മാണ സാമഗ്രികൾ ഖനനം ചെയ്തെടുക്കുന്ന സ്ഥലത്തും പ്രവൃത്തികൾക്കായി ഉപയോഗിക്കുമ്പോഴും അതിനുശേഷവും ഗുണനിലവാരം പരിശോധിക്കുന്നുണ്ട്. ഇതിനായി പ്രത്യേക ലബോറട്ടറികൾ എല്ലാ പ്രവൃത്തികളിലും കരാറുകാരൻതന്നെ സ്ഥാപിച്ച് ആവശ്യമായ എല്ലാ ഗുണനിലവാര പരിശോധനയും നടത്താറുണ്ട്. ഈ പരിശോധന സൂപ്പർവൈസ് ചെയ്യുന്ന കൺസൾട്ടന്റ് ചെയ്യുന്നുണ്ട്. ആധുനിക യന്ത്രസാമഗ്രികൾ ഉപയോഗിച്ച് ഉന്നത നിലവാരത്തിൽ പണികൾ ചെയ്യുന്നതിനാൽ കെ.എസ്.ടി.പി. പദ്ധതിയിൽ പൂർത്തിയാക്കുന്ന റോഡ് വികസന പ്രവൃത്തികൾ ദീർഘകാലം അറ്റകുറ്റപ്പണികൾ കൂടാതെ ഈട് നിൽക്കുന്നതായി കാണുന്നു. ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും പൂർത്തിയായ പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിച്ച് വിലയിരുത്തുന്നതിനും പ്രാഗൽഭ്യം നേടിയ വ്യക്തികളെക്കൊണ്ട് ടെക്നിക്കൽ ഓഡിറ്റ് നടത്തുന്നതിനുള്ള ദർഘാസ് നടപടികൾ പുരോഗമിച്ചുവരുന്നു.

## എം.എൽ.എ.-മാരുടെ പി.എ.-മാർക്ക് ഗവൺമെന്റ് ക്വാർട്ടേഴ്സ്

5 (1089) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മന്ത്രിമാരുടെ സ്റ്റാഫുകൾക്ക് നൽകുന്നതുപോലെ എം.എൽ.എ.-മാരുടെ പി.എ.-മാർക്കും ഗവൺമെന്റ് ക്വാർട്ടേഴ്സ് ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് പി.എ.-മാർ നിവേദനം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്മേൽ നാളിതുവരെ എന്തെല്ലാം നടപടികൾ പൂർത്തീകരിച്ചുവെന്ന് വിശദീകരിക്കുമോ;

(സി) റൂളിൽ ആവശ്യമായ ഭേദഗതികൾ വരുത്തി പി.എ.-മാർക്ക് ക്വാർട്ടേഴ്സ് നൽകുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) നിവേദനം ലഭ്യമായിട്ടുണ്ട്. പ്രസ്തുത വിഷയത്തിൻമേലുള്ള പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസുകൾ

6 (1090) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.ഡബ്ല്യൂ.ഡി.-യുടെ കീഴിൽ എത്ര റസ്റ്റ് ഹൗസുകൾ ഉണ്ടെന്ന് വിശദമാക്കാമോ;

(ബി) അറ്റകുറ്റപ്പണി നടത്താത്തതിനാൽ ഇവയിൽ പലതും ഉപയോഗ ശൂന്യമാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസുകൾ ഏറ്റവും നല്ല രീതിയിൽ നവീകരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ 149 റസ്റ്റ് ഹൗസുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) റസ്റ്റ് ഹൗസുകളുടെ അറ്റകുറ്റപ്പണികളുടെ അപര്യാപ്തത ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അവ പരിഹരിച്ച് പൊതുജനങ്ങൾക്കും മറ്റും ഉപകാരപ്രദമാക്കുന്നതിന് ആവശ്യമായ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) റസ്റ്റ് ഹൗസുകളുടെ നിലവിലുള്ള സ്ഥിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് നേരിട്ട് വിലയിരുത്തിവരുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും 20-1-2017-ലെ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ മീറ്റിംഗിന്റെയും ശിപാർശയുടെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പുമന്ത്രി ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിക്കുകയും റസ്റ്റ് ഹൗസുകളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനും ജനോപകാര പ്രദമാക്കുന്നതിനും വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതിന് പഠനം നടത്തുന്നതിനും മാർഗ്ഗനിർദ്ദേശം നൽകുന്നതിനുമായി ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. കമ്മിറ്റിയുടെ ശിപാർശ അനുസരിച്ച് പൊതുമരാമത്ത് റസ്റ്റ് ഹൗസുകളുടെ ഗുണനിലവാരം വർദ്ധിപ്പിച്ച് പൊതുജനോപകാരപ്രദമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. റസ്റ്റ് ഹൗസുകളിലെ അനധികൃത താമസവുംമറ്റും കണ്ടെത്തി നടപടി സ്വീകരിച്ചുവരുന്നു. ശോചനീയാവസ്ഥയിൽ നിലനിന്ന തമിഴ്നാട്ടിലെ കുറ്റാലം പാലസിൽ പ്രത്യേക സംഘം പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾ തയ്യാറാക്കി വിപുലീകരി ക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## പി.ഡബ്ല്യു.ഡി. റോഡുകളിലെ മുന്നറിയിപ്പ് ബോർഡുകൾ

7 (1091) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ പി.ഡബ്ല്യു.ഡി. റോഡുകളിലുള്ള മുന്നറിയിപ്പ് ബോർഡുകളിൽ മിക്കവയും കാണാത്ത വിധത്തിലും മാഞ്ഞുപോയതും വൃക്ഷക്കമ്പുകൾ കൊണ്ട് മൂടിയതും മറ്റും ആയതിനാൽ യാത്രക്കാർക്ക് വളരെയധികം ബുദ്ധിമുട്ടുകൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വണ്ടികളുടെ സ്പീഡ് കുറയ്ക്കുന്നതിനായി റോഡിൽ നിർമ്മിച്ചിട്ടുള്ള വലിയ ഹമ്പുകൾക്ക് മുന്നറിയിപ്പ് ബോർഡോ പ്രത്യേക നിറങ്ങളോ നൽകാത്തതിനാൽ വളരെയധികം അപകടങ്ങൾ ഉണ്ടാകുന്നുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) റോഡുകളെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നതിനായി ബോർഡുകൾ കുറ്റമറ്റ രീതിയിൽ സ്ഥാപിക്കാൻ പ്രത്യേക സെൽ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ പൊതുമരാമത്ത് റോഡുകളിൽ സ്ഥിതി ചെയ്യുന്ന ഹമ്പുകൾക്ക് മുന്നറിയിപ്പ് ബോർഡുകളും റോഡ് മാർക്കിംഗുകളും നൽകുന്നതിന് എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അതിനായി നിലവിലുള്ളതും പുതിയതുമായ ഹമ്പുകൾ സ്ഥാപിക്കുമ്പോൾ നൽകേണ്ട മുന്നറിയിപ്പ് ബോർഡ്, റോഡ് മാർക്കിംഗ് എന്നിവ നൽകുന്നതിനായി ചീഫ് എഞ്ചിനീയർ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ദേശീയപാതയിൽ ഹമ്പ് അനുവദനീയമല്ല. ചിലയിടങ്ങളിൽ റമ്പിൾ സ്ട്രിപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. ആയതിന് മുന്നറിയിപ്പ് ബോർഡുകളും സ്ഥാപിച്ചിട്ടുള്ളതാണ്.

(സി) റോഡുകളിൽ സ്ഥാപിക്കുന്ന മുന്നറിയിപ്പ് ബോർഡുകൾ, റോഡ് മാർക്കിംഗ്, മറ്റ് പലവിധ റോഡ് സുരക്ഷാ സംവിധാനങ്ങളെല്ലാം ഇന്ത്യൻ റോഡ് കോൺഗ്രസ്സ് അനുശാസിക്കുന്ന ഘടനയിലും നിറങ്ങളിലുമാണ് നൽകിവരുന്നത്. ഇത്തരത്തിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ റോഡ് സുരക്ഷാ സെൽ നിലവിലുണ്ട്.

**കരമന-കളിയിക്കാവിള നാലുവരിപ്പാത**

8 (1092) <u>ശ്രീ. വി. എസ്. ശിവകുമാർ</u> :
<u>ശ്രീ. എം. വിൻസെന്റ്</u> :
<u>ശ്രീ. കെ. മുരളീധരൻ</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരമന-കളിയിക്കാവിള നാലുവരിപ്പാതയുടെ രണ്ടാംഘട്ട നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതായ വാർത്ത ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ;

(ബി) രണ്ടാംഘട്ട നിർമ്മാണ പ്രവൃത്തികൾക്കായി സ്ഥലം ഏറ്റെടുക്കുന്നതിന് എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; അനുവദിച്ച തുകയിൽ എത്ര രൂപയാണ് നാളിതുവരെ വിതരണം ചെയ്തതെന്നും വ്യക്തമാക്കാമോ;

(സി) നാലുവരിപ്പാതയുടെ നിർമ്മാണ പ്രവൃത്തികൾ ഏകോപിപ്പിക്കുന്നതിന് ഐ.എ.എസ്. കേഡറിലുള്ള ഉദ്യോഗസ്ഥനെ സ്പെഷ്യൽ ഓഫീസറായി നിയമിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

ഉത്തരം

(എ&ബി) കരമന-കളിയിക്കാവിള നാലുവരിപ്പാതയുടെ ഒന്നാംഘട്ടം രണ്ടാം റീച്ചായ പ്രവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ പ്രവൃത്തിക്കായി കിഫ്ബിയിൽ ഉൾപ്പെടുത്തി 153 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ നടപടികളാണ് ഇപ്പോൾ നിലവിൽ പുരോഗമിക്കുന്നത്. ഇതിൽ പ്രാവച്ചമ്പലം മുതൽ ബാലരാമപുരം വരെയുള്ള സ്ഥലമേറ്റെടുക്കുന്നതിനായി അഞ്ച് തവണകളായി അനുവദിച്ച 266.67 കോടി രൂപ റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. ഇതിൽ 122.46 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. പ്രാവച്ചമ്പലം മുതൽ ബാലരാമപുരം വരെയുള്ള അഞ്ച് കി.മീറ്ററിൽ 3.25 കി.മീറ്റർ ഭാഗത്തെ സ്ഥലം റവന്യൂ വകുപ്പ് പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. ഏറ്റെടുത്ത സ്ഥലങ്ങളിലുള്ള ചമയങ്ങൾ പൊളിച്ചുമാറ്റുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു. ബാലരാമപുരം മുതൽ വഴിമുക്ക് വരെയുള്ള ഭാഗത്തെ സ്ഥലം പുതിയ എൽ.എ. ആക്ട് 2013 പ്രകാരം ഏറ്റെടുക്കുന്നതിനുള്ള റവന്യൂ നടപടികൾ പുരോഗമിക്കുന്നു. സ്ഥലമെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണ പ്രവൃത്തികൾ തുടങ്ങാൻ കഴിയുകയുള്ളൂ.

(സി) നാലുവരിപ്പാതയുടെ നിർമ്മാണ പ്രവൃത്തികൾ ഏകോപിപ്പിക്കുന്നതിന് ഐ.എ.എസ്. കേഡറിലുള്ള ഉദ്യോഗസ്ഥനെ സ്പെഷ്യൽ ഓഫീസറായി നിയമിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

**റോഡ് സൗകര്യം മെച്ചപ്പെടുത്താൻ നടപടി**

9 (1093) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. പി. വി. അൻവർ :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അതിദ്രുതം പെരുകുന്ന വാഹനങ്ങളുടെ എണ്ണത്തിനനുസരിച്ച് റോഡ് സൗകര്യം വർദ്ധിപ്പിക്കാൻ സാധ്യമാകുന്നുണ്ടോ; ഇല്ലെങ്കിൽ ഗതാഗതപ്രശ്നം പരിഹരിക്കാൻ എന്തു മാർഗ്ഗമാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള സംസ്ഥാന ഹൈവേകളുടെയും ജില്ലാതല റോഡുകളുടെയും കേടുപാട് യഥാസമയം തീർക്കാനും അവയുടെ നിലവാരം ഉയർത്താനും വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) റബ്ബർ, പ്ലാസ്റ്റിക് തുടങ്ങിയവ ചേർത്ത് കൂടുതൽ കാലം നിലനിൽക്കുന്ന തരത്തിലുള്ള പുതിയ സാങ്കേതികവിദ്യകൾ റോഡുനിർമ്മാണത്തിന് പ്രയോഗിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ;

(ഡി) മേൽപ്പാലങ്ങളും ബൈപാസ്സുകളും നിർമ്മിച്ച് പട്ടണങ്ങളിലെയും നഗരങ്ങളിലെയും ഗതാഗതക്കുരുക്ക് ഒഴിവാക്കുവാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് വകുപ്പ് പുതുതായി നിർമ്മിക്കുന്ന റോഡുകൾ ട്രാഫിക് സർവ്വേ നടത്തിയാണ് വിഭാവനം ചെയ്യുന്നത്. നിലവിലുള്ള റോഡുകളിൽ ഗതാഗത സാന്ദ്രതയ്ക്കനുസരിച്ച് വീതി കൂട്ടൽ, മേൽപ്പാലങ്ങളുടെയും അടിപ്പാതകളുടെയും നിർമ്മാണം എന്നിവ ആവശ്യമാണ്. ഇത്തരം പ്രവൃത്തികൾ ഘട്ടംഘട്ടമായി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നടപ്പിലാക്കിവരുന്നു. ദേശീയപാതകൾ (എൻ.എച്ച്. 17, എൻ.എച്ച്. 47) നാലുവരി ആക്കുന്നതിനും ആയത് സാധ്യമല്ലാത്ത റോഡുകളിൽ പരമാവധി വീതികൂട്ടി പുനർ നിർമ്മാണം നടത്തുവാനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. മറ്റ് ദേശീയപാതകൾ, പേവ്ഡ് ഷോൽഡറോടുകൂടി രണ്ടുവരിപ്പാതയായി വികസിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സ്വീകരിച്ചിട്ടുണ്ട്. ആധുനിക ബി.എം.&ബി.സി. നിർമ്മാണ രീതി അനുസരിച്ച് പുനർനിർമ്മാണവും ഉപരിതല നവീകരണവും നടത്തിവരുന്നു.

(സി) ശുദ്ധീകരിച്ച ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡുകൾ നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിൽ തിരുവനന്തപുരം, കൊല്ലം, കോട്ടയം, പാലക്കാട്, മഞ്ചേരി, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ് ജില്ലകളിൽ 27.45 കി. മീ. റോഡുകൾ ഷ്രെഡ്ഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ച് പരമ്പരാഗതമായി ചെയ്യുന്ന 20 എം.എം. ചിപ്പിംഗ് കാർപ്പറ്റ് ഉപരിതലം നിർമ്മിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം-നെയ്യാറ്റിൻകര താലൂക്കിൽ ചുള്ളിയൂർ-ചടച്ചി-മാർത്താണ്ഡം റോഡിൽ മാരായമുട്ടം ഭാഗത്ത് 1.00 കി.മീ. ദൂരം ബി.എം.&ബി.സി. ഉപരിതലം പരീക്ഷണാടിസ്ഥാനത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ നിരത്തുകളും, പാലങ്ങളും വിഭാഗത്തിന് കീഴിൽ വരുന്ന പുതിയ 100 കി. മീ. റോഡ് നിർമ്മാണങ്ങൾ സാങ്കേതിക രീതിയിൽ ചെയ്യാൻ ഉദ്ദേശിക്കുന്നു. നിർദ്ദേശങ്ങൾ അസിസ്റ്റന്റ് എഞ്ചിനീയർ തലംവരെ നൽകിയിട്ടുണ്ട്.

(ഡി) ആവശ്യമായ ഭൂമി/സ്ഥലം ലഭ്യമാണെങ്കിൽ മേൽപ്പാലങ്ങളും, ബൈപ്പാസുകളും നിർമ്മിക്കുന്നത് നഗരങ്ങളിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് ഒരു പരിധിവരെ സഹായകരമാകുമെന്നതിനാൽ അവയുടെ നിർമ്മാണത്തിന് പ്രാധാന്യം നൽകി വിവിധ സ്ഥലങ്ങളിൽ നിർമ്മാണ പ്രവൃത്തികൾ നടത്തിവരുന്നു.

## വൺടൈം മെയിന്റനൻസ്

10 (1094) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ കാലത്ത് വൺ-ടൈം മെയിന്റനൻസ് പദ്ധതി പ്രകാരം ഓരോ ജില്ലയ്ക്കും നൽകിയിട്ടുള്ള പ്രവൃത്തികളുടെ എണ്ണവും തുകയും എത്ര വീതമെന്ന് വ്യക്തമാക്കാമോ ;

(ബി) ഇക്കാര്യത്തിൽ നിയോജക മണ്ഡലങ്ങൾക്കിടയിൽ വിവേചനം കാണിച്ചിരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) ഈ സർക്കാർ ഈ ഇനത്തിൽ പണം അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) ജില്ല തിരിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

(ബി) ഫണ്ട് അനുവദിക്കുന്നതിൽ ചില മണ്ഡലങ്ങളോട് വിവേചനം കാണിച്ചിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) 2016-17 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതി പരിഗണിക്കുന്ന കാര്യത്തിൽ തീരുമാനമായിട്ടില്ല.

## ദേശീയ-സംസ്ഥാന പാതകളിൽ സുരക്ഷാ മുന്നറിയിപ്പ് ബോർഡുകൾ

11 (1095) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. ജെ. ജോസഫ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ-സംസ്ഥാന പാതകളിൽ സുരക്ഷാ മുന്നറിയിപ്പു ബോർഡുകൾ പലയിടങ്ങളിലും വേണ്ടത്ര സ്ഥാപിച്ചിട്ടില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എം.സി. റോഡിൽ നിരന്തരം അപകടമുണ്ടാകുന്ന സ്ഥലങ്ങളെക്കുറിച്ചുള്ള പത്രവാർത്തകൾ ഉണ്ടായിട്ടും മുന്നറിയിപ്പ് സംവിധാനങ്ങൾ ഏർപ്പെടുത്താത്തതും, അപകടത്തിൽ തകർന്നുപോയ മുന്നറിയിപ്പു ബോർഡുകളും മറ്റും താമസംവിനാ പുനഃസ്ഥാപിക്കാത്തതും എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) എം.സി റോഡിൽ വട്ടപ്പാറ ടൗൺ കഴിഞ്ഞതിനുശേഷം വരുന്ന 'എസ്' വളവിൽ അടിക്കടി അപകടം ഉണ്ടായിട്ടും യാത്രികരുടെ ശ്രദ്ധയാകർഷിക്കാൻ ഉതകുന്ന തരത്തിൽ യാതൊരു സംവിധാനവും ഏർപ്പെടുത്തിയിട്ടില്ലായെന്ന കാര്യം അടിയന്തരമായി പരിശോധിച്ച് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതി, പദ്ധതിയേതര ഫണ്ട്, റോഡ് സുരക്ഷാ അതോറിറ്റിയിൽനിന്നും ലഭ്യമാകുന്ന ഫണ്ട് എന്നിവയുടെ ലഭ്യത അനുസരിച്ച് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളിൽ സുരക്ഷാ മുന്നറിയിപ്പ് ബോർഡുകളും അപകട നിവാരണത്തിനായി പല ഹ്രസ്വകാല പദ്ധതികളും നടപ്പിലാക്കിവരുന്നു.

(ബി) മണ്ണന്തല മുതൽ തൈക്കാട് വരെയുള്ള ഭാഗത്തെ സുരക്ഷാ മുന്നറിയിപ്പ് ബോർഡുകൾ പുനഃസ്ഥാപിക്കാനും വട്ടപ്പാറ മുതൽ കണക്കോട് വരെയുള്ള ഭാഗങ്ങളിൽ ക്രാഷ് ബാരിയർ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് (തുക 32.50 ലക്ഷം) ജില്ലാ കളക്ടർ, തിരുവനന്തപുരത്തിന് കേരള റോഡ് സേഫ്റ്റി അതോറിറ്റിയിൽനിന്നും ഫണ്ട് ലഭ്യമാക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ട്. കഴക്കൂട്ടം മുതൽ ചെങ്ങന്നൂർ വരെയുള്ള എം.സി. റോഡിൽ ഉൾപ്പെട്ട കഴക്കൂട്ടം-അടൂർ ഭാഗത്ത് എസ്.സി.ഡി.പി.-യുടെ ഭാഗമായി അപകടത്തിലോ അല്ലാതെയോ നീക്കം ചെയ്യപ്പെട്ട മുന്നറിയിപ്പ് ബോർഡുകൾ പുനഃസ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

(സി) മണ്ണന്തല-തൈക്കാട് റോഡിൽ, വട്ടപ്പാറ, ചിറ്റാഴ, അമ്പല നഗർ, പള്ളിവിള, കണക്കോട് എന്നീ ഭാഗങ്ങളിൽ റോഡിന്റെ ഒരു വശത്ത് താഴ്ന്ന പ്രദേശങ്ങളാകയാൽ അപകടം ഒഴിവാക്കാനായി ക്രാഷ് ബാരിയർ സ്ഥാപിക്കുന്നതിനും, മറ്റ് സുരക്ഷാ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുന്നതിനുമായി 32.5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് റോഡ് സേഫ്റ്റി ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്താൻ 20-1-2017-ൽ ജില്ലാ കളക്ടർ, തിരുവനന്തപുരത്തിന് സമർപ്പിച്ചിട്ടുണ്ട്.

**മലയോര ഹൈവേ**

12 (1096) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയോര ഹൈവേയുടെ പ്രവർത്തനങ്ങൾ ഏതുവരെയായി എന്നും ഇതിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടിയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ;

(ബി) മലയോര ഹൈവേയുടെ റൂട്ട് പ്ലാനിൽ മാറ്റം വരുത്തിയിട്ടുണ്ടോ; കാട്ടാക്കട, നെടുമങ്ങാട്, നെയ്യാറ്റിൻകര താലൂക്കുകളിൽ ഏതൊക്കെ പ്രദേശങ്ങളിലൂടെയാണ് മലയോര ഹൈവേ കടന്നു പോകുന്നത് എന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) മലയോര ഹൈവേ സംബന്ധിച്ച ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ച ഓരോ നിർദ്ദേശത്തെപ്പറ്റിയും വിശദമായ പഠന റിപ്പോർട്ട് NATPAC തയ്യാറാക്കി വരുന്നു. മലയോര ഹൈവേയുടെ തിരുവനന്തപുരം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിന്റെ പരിധിയിൽ വരുന്ന ഭാഗങ്ങൾ നാറ്റ്പാക്കുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുകയുണ്ടായി. 12 മീറ്റർ വീതിയിൽ റോഡ് നിർമ്മിക്കുന്നതിന് ആവശ്യമായ ഭൂമി അതാത് ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ സ്ഥലം ഉടമകളിൽനിന്നും സൗജന്യമായി ലഭിക്കുന്നതിനുവേണ്ടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുമായി ചർച്ച നടത്തിയിട്ടുണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിൽ മലയോര ഹൈവേയുടെ റൂട്ട് പ്ലാനിൽ മാറ്റം വരുത്തിയിട്ടില്ല. നെടുമങ്ങാട്, കാട്ടാക്കട, നെയ്യാറ്റിൻകര താലൂക്കുകളിൽ ചല്ലിമുക്ക്, പാലോട്, പെരിങ്ങമ്മല, തെന്നൂർ, വിതുര, ഇരുതലമൂല, ആര്യനാട്, കള്ളിക്കാട്, വെള്ളറട, കാരക്കോണം, പാറശ്ശാല എന്നീ പ്രദേശങ്ങളിൽക്കൂടിയാണ് തിരുവനന്തപുരം ജില്ലയിലെ മലയോര ഹൈവേ കടന്നുപോകുന്നത്.

**മലയോര ഹൈവേ**

13 (1097) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയോര ഹൈവേ പ്രോജക്ടിൽ മലപ്പുറം ജില്ലയിൽ എത്ര കിലോ മീറ്റർ റോഡാണ് നിർമ്മിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ; ഈ റോഡ് നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ;

(ബി) പാലുണ്ട-പോത്തുകല്ല് 10 കി.മീറ്റർ റോഡിന് ആവശ്യമായ ഡി.പി.ആർ. നാറ്റ്പാക് തയ്യാറാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഉടനടി നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മലയോര ഹൈവേ പ്രോജക്ടിൽ മലപ്പുറം ജില്ലയിൽ 109 കി.മീ. റോഡാണ് നിർമ്മിക്കുന്നത്.അരണിപ്പുഴ-വാണിയപ്പുഴ-മുണ്ടേരി-പോത്തുകല്ല്-പാലുണ്ട എടക്കര-കരുളായി-പൂക്കോട്ടുംപാടം-കാളികാവ്-കിഴക്കേത്തല-തരിശ്-കുണ്ടോട-പുൽവെട്ട കരിങ്കല്ലത്താണി-പൊൻപാറ റോഡും, പൂക്കോട്ടുംപാടം-വെളിയംതോട്-കക്കാടംപൊയിൽറോഡും ഡി.പി.ആർ. തയ്യാറാക്കുന്നതിന് സർക്കാർ നാറ്റ്പാക്കിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) പാലുണ്ട-പോത്തുകല്ല് റോഡ് 10 കി.മീ. ഡി.പി.ആർ. തയ്യാറാക്കുന്നതിന് നാറ്റ്പാകിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ഊട്ടറ പാലം പുനർനിർമ്മാണം**

14 (1098) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലങ്കോട്-പാലക്കാട് പ്രധാനപാതയിലെ ഊട്ടറ പാലത്തിന്റെ കാലപ്പഴക്കം സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പാലത്തിന്റെ പുനർനിർമ്മാണ പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(സി) പാലത്തിന്റെ പുനർ നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഊട്ടറ പാലത്തിന്റെ കാലപ്പഴക്കം സംബന്ധിച്ച് പ്രത്യേക പഠനം ഇതുവരെ നടത്തിയിട്ടില്ല.

(ബി) എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. സോയിൽ ഇൻവെസ്റ്റിഗേഷൻ നടപടികൾ നടന്നുവരുന്നു.

(സി) സോയിൽ ഇൻവെസ്റ്റിഗേഷൻ വിവരങ്ങൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഡിസൈൻ തയ്യാറാക്കിക്കഴിഞ്ഞാൽ പുനർനിർമ്മാണത്തിനുള്ള തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്.

**മലയോര ഹൈവേ പ്രോജക്ട്**

15 (1099) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയോര ഹൈവേ പ്രോജക്ടിൽ കാസർഗോഡ് ജില്ലയിൽ എത്ര കിലോമീറ്റർ റോഡാണ് നിർമ്മിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ റോഡ് നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ മലയോര ഹൈവേയ്ക്ക് നന്ദാരപടവ്-പുത്തികെ-പെർള-ബദിയടുക്ക മുള്ളേരിയ-അത്തനടി-പാണ്ടി-പടുപ്പ്-ബന്തടുക്ക ഇരഞ്ഞിലംകോട്-കോളിച്ചൽ-18-ാം മൈൽ-വള്ളിക്കടവ്-ചിറ്റാരിക്കാൽ-ചെറുപുഴ വരെ 133 കി.മീ. ദൈർഘ്യമാണുള്ളത്. ഇതിൽ 53.90 കി.മീ. ദൂരത്തിൽ വിവിധ പദ്ധതികളിലായി 5.5 മീറ്റർ വീതിയിൽ ബി.എം.&ബി.സി. ചെയ്തിട്ടുണ്ട്.

(ബി) നന്ദാരപടവ് മുതൽ മൊർത്താണ വരെയും, ഇടിയടിക്ക മുതൽ ബദിയടുക്ക വരെയുള്ള 18 കി.മീ. റോഡ് നീളം കൂടി ഉൾപ്പെടുത്തി 7 മീറ്റർ വീതിയിൽ ബി.എം.& ബി.സി. ചെയ്യാനുള്ള ഭരണാനുമതി DFIP സ്കീമിൽ ഉൾപ്പെടുത്തി 25-1-2017-ലെ ജി.ഒ.(ആർറ്റി.) 109/2017/പൊ.മ.വ. പ്രകാരം നൽകിയിട്ടുണ്ട്. റോഡിന്റെ ബാക്കിയുള്ള ഭാഗങ്ങളിൽ വിശദമായ പഠനം നടത്തുന്നതിനായി നാറ്റ്പാക്കിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**മാതൃകാ സുരക്ഷാ ഇടനാഴി**

16 (1100) ശ്രീ. കെ. മുരളീധരൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മാതൃകാ സുരക്ഷാ ഇടനാഴി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എം. സി. റോഡിൽ കഴക്കൂട്ടം മുതൽ അടൂർ വരെ മാതൃകാ സുരക്ഷാ ഇടനാഴി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; ഈ പദ്ധതിയുടെ അടങ്കൽ എത്രയാണ്; ആരുടെ സഹായത്തോടെയാണ് പദ്ധതി പ്രാവർത്തികമാക്കുന്നതെന്നും ഏത് ഏജൻസിയെയാണ് റോഡ് വികസനത്തിനായി തെരഞ്ഞെടുത്തതെന്നും വ്യക്തമാക്കാമോ;

(സി) ഈ പദ്ധതി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) ലോകബാങ്ക് സഹായത്തോടുകൂടി കെ.എസ്.ടി.പി.-രണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി എം.സി. റോഡിൽ കഴക്കൂട്ടം മുതൽ അടൂർ വരെ മാതൃകാ സുരക്ഷാ ഇടനാഴിയാക്കുന്നതിനുള്ള പദ്ധതിയുടെ ടെണ്ടർ അംഗീകരിച്ചു. അടങ്കൽ തുക 146.67 കോടി രൂപയാണ്. പ്രസ്തുത പ്രവൃത്തിക്ക് EKK & Co., പെരുമ്പാവൂർ എന്ന ഏജൻസിയെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

(സി) ഈ പദ്ധതി വിജയകരമായി പൂർത്തീകരിച്ചു കഴിഞ്ഞാൽ, കെ.എസ്.ടി.പി. (രണ്ട്) പദ്ധതിയിൽത്തന്നെ ഉൾപ്പെടുത്തി 10 റോഡുകൾ കൂടി മാതൃകാ സുരക്ഷാ ഇടനാഴിയായി മാറ്റുന്ന കാര്യം പരിഗണനയിലാണ്.

## അറ്റ്ലാന്റിസ് റെയിൽവേ ഓവർബ്രിഡ്ജ്

17 (1101) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി നഗരസഭയിൽ അറ്റ്ലാന്റിസ് റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മാണത്തിനായി ഏറ്റെടുത്ത 1 ഹെക്ടർ 00 ആർ 99 സെന്റ് കഴിച്ചുള്ള, ഏറ്റെടുക്കേണ്ടതായ 31.19 ആർ സ്ഥലം ഏറ്റെടുക്കാൻ നടപടി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ;

(ബി) സ്ഥലമെടുപ്പ് നടപടികൾ ആരംഭിക്കുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത മേൽപ്പാലം രണ്ട് വരിയാണോ നാലു വരിയാണോ എന്ന കാര്യത്തിൽ തീരുമാനമായിട്ടുണ്ടോ; ഇല്ലെങ്കിൽ തീരുമാനമെടുക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(ഡി) മേൽപ്പാലത്തിന്റെ അലൈൻമെന്റിന് അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

### ഉത്തരം

(എ) കൊച്ചി നഗരസഭയിൽ അറ്റ്ലാന്റിസ് റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണത്തിനായി ഇനിയും 31.09 ആർ സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. എന്നാൽ പുതിയ എൽ.എ. നിയമം The Right to fair compensation and Transparency in Land Acquisition, Rehabilitation and Resettlement Act 2013-ലെ സെക്ഷൻ 4 പ്രകാരം social impact assessment നടത്തുന്നതിന് രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) 22 മീറ്റർ വീതിയിൽ നിർമ്മാണം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ഡി) മേൽപ്പാലത്തിന്റെ അലൈൻമെന്റിന് അംഗീകാരം നൽകിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഫയർ സ്റ്റേഷന് കെട്ടിട നിർമ്മാണം

18 (1102) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നിലമ്പൂർ ഫയർ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി ലഭ്യമാണെങ്കിൽ കെട്ടിടം, ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

നിലമ്പൂർ ഫയർ സ്റ്റേഷന് കെട്ടിടം, ക്വാർട്ടേഴ്സ് എന്നിവ നിർമ്മിക്കുന്നതിന് ആവശ്യമായ ഭൂമി ഇതുവരെ ലഭ്യമായിട്ടില്ല. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## പല്ലന കുമാരികോടി പാലത്തിന്റെ സർവ്വീസ്/അപ്രോച്ച് റോഡിന് സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച്

19 (1103) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പല്ലന കുമാരികോടി പാലത്തിന്റെ സർവ്വീസ്/അപ്രോച്ച് റോഡിന് സ്ഥലം ഏറ്റെടുക്കുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര തുക അനുവദിക്കാൻ തീരുമാനിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതു സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച ഫയൽ ക്യാബിനറ്റ് ഉപസമിതിയുടെ പരിഗണനയിലുണ്ടോ; ഉപസമിതി തീരുമാനമെടുത്തിട്ടുണ്ടോ;

(ഡി) അപ്രോച്ച് റോഡ് ഇല്ലാത്തതു കാരണം സ്ഥലവാസികൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഗണിച്ച് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തുക അടിയന്തരമായി അനുവദിക്കുമോ?

ഉത്തരം

(എ&ബി) 140 കോടി രൂപ അനുവദിക്കാൻ തീരുമാനിച്ചു. തുക ലഭ്യമായിരുന്നില്ല. എന്നാൽ പാലം പണി തുടങ്ങാൻ ഈ വർഷം ഫൈനാൻസ് വകുപ്പിന്റെ നിർദ്ദേശ പ്രകാരം അനുവദിച്ചിട്ടുണ്ട്.

(സി) 2016 ജനുവരി മുതലുള്ള സാമ്പത്തിക തീരുമാനങ്ങൾ സംബന്ധിച്ച് ഉപസമിതി പരിശോധിച്ചുവരുന്നു.

(ഡി) പണി തുടർന്നു വരികയാണ്. ഫണ്ട് പ്രശ്നം ഇപ്പോഴില്ല.

## റോഡുകൾ പി.ഡബ്ല്യു.ഡി. ഏറ്റെടുക്കൽ

20 (1104) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലാകമാനമുള്ള ചെറുതും, വലുതുമായ എല്ലാ റോഡുകളും പി.ഡബ്ല്യൂ.ഡി ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) കേരളത്തിലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള ചെറിയ റോഡുകളുടെ അവസ്ഥ വളരെ മോശമായതിനാൽ കേരളത്തിലെ എല്ലാ റോഡുകളും പി.ഡബ്ല്യൂ.ഡി ഏറ്റെടുത്ത് നവീകരണം നടത്തി നല്ല നിലയിൽ ഗതാഗത യോഗ്യമാക്കുന്നതിനാവശ്യമായ നിയമനിർമ്മാണം നടത്താൻ മുൻകൈ എടുക്കുമോ?

### ഉത്തരം

(എ&ബി) കേരളത്തിലാകമാനമുള്ള ചെറുതും, വലുതുമായ എല്ലാ റോഡുകളും പി.ഡബ്ല്യൂ.ഡി. ഏറ്റെടുത്ത് നവീകരണം നടത്തുന്നത് നിലവിലുള്ള സാമ്പത്തിക സ്ഥിതി അനുസരിച്ച് പ്രായോഗികമല്ല. ഫണ്ട് ലഭ്യതയ്ക്ക് വിധേയമായി ഏതാനും ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പഞ്ചായത്തുകൾ പ്രമേയം പാസ്സാക്കി എം.എൽ.എ.-മാർ മുഖേന നൽകുന്ന റോഡുകൾ ഏറ്റെടുക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## കിഫ്ബി മുഖേനയുള്ള പി.ഡബ്ല്യു.ഡി. പ്രവൃത്തികൾ

21 (1105) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബി മുഖേന എന്ത് തുകയുടെ എത്ര പൊതുമരാമത്ത് പ്രവൃത്തികളാണ് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പേരും അടങ്കൽ തുകയും ജില്ലതിരിച്ച് ലഭ്യമാക്കാമോ;

(സി) കിഫ്ബി വഴി നിർവ്വഹിക്കപ്പെടുന്ന എത്ര പ്രവൃത്തികൾ ആരംഭിച്ചുവെന്ന് ജില്ലതിരിച്ച് കണക്കും പേരും സഹിതം വ്യക്തമാക്കാമോ;

(ഡി) കിഫ്ബി വഴി നടപ്പിലാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള ഏതൊക്കെ പ്രവൃത്തികൾക്കാണ് ഇനിയും ഭരണാനുമതി ലഭ്യമാകാത്തത് എന്ന് വ്യക്തമാക്കുമോ; ഭരണാനുമതി നൽകിയിട്ടില്ലാത്ത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനും പ്രവൃത്തികൾ ആരംഭിക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിലും, മറുപടി പ്രസംഗത്തിലും ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾക്കാണ് KIIFB മുഖേന ഫണ്ട് ലഭ്യമാക്കി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ അധീനതയിലുള്ള 75 പാലങ്ങൾക്കായി 1435 കോടി രൂപയുടെയും 176 റോഡുകൾക്കായി 3086 കോടി രൂപയുടെയും പ്രവൃത്തികൾ KIIFB മുഖേന ഫണ്ട് ലഭ്യമാക്കി ചെയ്യുന്നതിനായി 20-8-2016-ലെ സ.ഉ.(സാധാ) നമ്പർ 1192/2016/പൊ.മ.വ., 31-10-2016-ലെ സ.ഉ.(സാധാ) നമ്പർ 1496/2016/പൊ.മ.വ., 1-11-2016-ലെ സ.ഉ.(സാധാ) നമ്പർ 1502/2016/പൊ.മ.വ. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ഭരണാനുമതി നല്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികളുടെ പേരും അടങ്കൽ തുകയും അടങ്ങുന്ന ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(സി) ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ-തിരുവല്ല റോഡിന്റെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

(ഡി) ഭരണാനുമതി നൽകിയിട്ടില്ലാത്ത, കിഫ്ബി വഴി നടപ്പാക്കുവാൻ നിശ്ചയിച്ചിട്ടുള്ള 2016-17-ലെ പൊതുമരാമത്ത് വകുപ്പിന്റെ ബഡ്ജറ്റ് പ്രവൃത്തികളുടെ പേരും വിശദാംശങ്ങളും അനുബന്ധം II ആയി ചേർക്കുന്നു.*

**തീരദേശ ഹൈവേ**

22 (1106) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തീരദേശ ഹൈവേ നിർമ്മിക്കുന്ന വിഷയം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ കാസർഗോഡ് ജില്ലയിൽ ഇതിന്റെ അലൈമെന്റ് ഫൈനലൈസ് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത അലൈൻമെന്റ് പ്രകാരം ജില്ലയിൽ പുതുതായി എത്ര കിലോ മീറ്റർ റോഡ് നിർമ്മിക്കേണ്ടതുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പരിഗണനയിലുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) നിർദ്ദിഷ്ട തീരദേശ ഹൈവേയുടെ പ്രാഥമിക സർവ്വേ NATPAC പൂർത്തീകരിച്ചിട്ടുണ്ട്. വിശദമായ റിപ്പോർട്ട് NATPAC തയ്യാറാക്കിവരുന്നു.

(സി) NATPAC-ന്റെ പ്രാഥമിക സർവ്വേ പ്രകാരം നിർദ്ദിഷ്ട തീരദേശ ഹൈവേയ്ക്ക് കാസർഗോഡ് ജില്ലയിൽ 83.1 കി.മീ. നീളവും 989 കോടി രൂപയുടെ ചെലവുമാണ് പ്രതീക്ഷിക്കുന്നത്.

**റോഡ് നിർമ്മാണത്തിന് ടാർ**

23 (1107) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

റോഡു നിർമ്മാണത്തിന് ആവശ്യമായ ടാർ ലഭിക്കുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആവശ്യത്തിന് ടാർ ലഭ്യമാക്കുന്നതിന് ഐ.ഒ.സി.-യുമായി ചേർന്ന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകുമോ?

ഉത്തരം

റോഡ് നിർമ്മാണത്തിന് ആവശ്യമായ ടാർ ലഭിക്കുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബി.പി.സി.എൽ.-ൽ (കൊച്ചി) ടാർ ലഭ്യമാണെന്നാണ് അറിയിച്ചിട്ടുള്ളത്.

**തിരുമല-പൂജപ്പുര-വഴുതക്കാട്-തിരുവനന്തപുരം റോഡിലെ ഗതാഗതക്കുരുക്ക്**

24 (1108) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന നഗരിയിലേക്കുള്ള പ്രധാന റോഡുകളിൽ ഒന്നായ തിരുമല-പൂജപ്പുര-വഴുതക്കാട്-തിരുവനന്തപുരം റോഡിൽ അനുഭവപ്പെടുന്ന ഗതാഗതക്കുരുക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന്റെ ഭാഗമായി റോഡിന്റെ ഇരുവശങ്ങളിലും ഭൂമി ഏറ്റെടുക്കേണ്ടതായുണ്ട്. ഇതിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കേണ്ട ഭാഗങ്ങൾ അളന്ന് തിട്ടപ്പെടുത്തി റവന്യൂ വകുപ്പ് അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. പൂർണ്ണമായി ഭൂമി ലഭ്യമായതിനുശേഷം മാത്രമേ പൊതുമരാമത്ത് വകുപ്പിന് പ്രസ്തുത നിർമ്മാണത്തിന്റെ അനന്തര നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

## വൈറ്റില-കുണ്ടന്നൂർ മേൽപ്പാലവും അരൂർ ഇടപ്പള്ളി പാത നവീകരണവും

25 (1109) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാതയിലെ തിരക്കേറിയ വൈറ്റില, കുണ്ടന്നൂർ ജംഗ്ഷനുകളിലെ മേൽപ്പാല നിർമ്മാണം ഏത് ഘട്ടത്തിലാണ്; പ്രസ്തുത മേല്പാല നിർമ്മാണത്തിന് എത്ര കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു;

(ബി) പാലം നിർമ്മാണത്തിന്റെ പകുതി തുക നൽകാമെന്ന് ദേശീയ ഉപരിതല ഗതാഗതവകുപ്പ് സമ്മതിച്ചിട്ടുണ്ടോ; കേന്ദ്രത്തിൽനിന്നും സഹായം ലഭ്യമല്ലെങ്കിൽ മുഴുവൻ തുകയും സംസ്ഥാനം വഹിക്കുമോ;

(സി) ദേശീയപാതയിൽ അരൂർ മുതൽ ഇടപ്പള്ളിവരെയുള്ള മേഖലയുടെ നവീകരണത്തിൽ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) വൈറ്റില, കുണ്ടന്നൂർ ജംഗ്ഷനുകളിലെ മേൽപ്പാലങ്ങൾ ദേശീയപാതയിൽ വരുന്നതുകൊണ്ട് എൻ.എച്ച്.എ.ഐ. തന്നെ അവ നിർമ്മിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. സർക്കാർ ഉത്തരവ് (കൈ) നമ്പർ 7/2016/പൊമവ. തീയതി 20-2-2016 പ്രകാരം വൈറ്റില ഫ്ലൈ ഓവറിന് 100.90 കോടിയും കുണ്ടന്നൂർ ഫ്ലൈ ഓവറിന് 85 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

(ബി&സി) നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (എൻ.എച്ച്.എ.ഐ.) പകുതി തുക നൽകാൻ സമ്മതിച്ചിട്ടില്ല. 20-10-2016-ലെ സർക്കാർ കത്ത് നമ്പർ 788/സി13/16/പി.ഡബ്ല്യു.ഡി. പ്രകാരം എൻ.എച്ച്.എ.ഐ. തന്നെ വൈറ്റില, കുണ്ടന്നൂർ മേൽപ്പാലങ്ങളുടെ നിർമ്മാണം ഏറ്റെടുക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. 25-11-2016-ലെ ദേശീയപാതാ അതോറിറ്റിയുടെ കത്ത് നമ്പർ എൻ.എച്ച്/47/2016/91522 മറുപടി പ്രകാരം ഫ്ലൈ ഓവറുകൾ കേരള സർക്കാർ ചെലവിൽ നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. വീണ്ടും കേരള മുഖ്യമന്ത്രി കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രിക്ക് അയച്ച കത്തിലൂടെ കുണ്ടന്നൂർ, വൈറ്റില ഫ്ലൈ ഓവർ കൂടാതെ ഇടപ്പള്ളി മുതൽ അരൂർ വരെയുള്ള ബൈപ്പാസിന്റെ നവീകരണ പ്രവൃത്തികൾ ചെയ്യുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ കത്തിന് മറുപടി ലഭിച്ചിട്ടില്ല. എൻ.എച്ച്.എ.ഐ. പ്രസ്തുത മേൽപ്പാലങ്ങൾ നിർമ്മിച്ചില്ലെങ്കിൽ സംസ്ഥാന സർക്കാർ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. അതിനായി സംസ്ഥാന ബഡ്ജറ്റിൽ (2017-18) മരാമത്ത് വകുപ്പ് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. ഗവർണ്ണറുടെ 2017 ഫെബ്രുവരി 23-ലെ പ്രസംഗത്തിൽ ഈ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ഏനാത്ത് ബെയ്‌ലി പാലം

26 (1110) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏനാത്ത് ബെയ് ലി പാലം സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ബെയ്‌ലി പാലം സ്ഥാപിക്കുന്നതിനുള്ള ആവശ്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയത് എന്നാണെന്ന് വ്യക്തമാക്കാമോ ;

(സി) ബെയ്‌ലി പാലം സ്ഥാപിക്കുന്നതിനായി പാർലമെന്റ് അംഗങ്ങൾ സംസ്ഥാന സർക്കാരുമായി ചേർന്ന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## ഉത്തരം

(എ) ഏനാത്ത് ബെയ്‌ലി പാലം നിർമ്മിക്കുന്നതിനായി 9-2-2017-ലും 10-2-2017-ലും 17-2-2017-ലും സൈന്യം ഏനാത്ത് സ്ഥലം സന്ദർശിക്കുകയും പാലത്തിന് ആവശ്യമായ അബട്ട്മെന്റുകളും അപ്രോച്ച് റോഡുകളും കെ.എസ്.ടി.പി. (പി.ഡബ്ല്യൂ.ഡി) നിർമ്മിച്ച് നൽകണമെന്ന് ആവശ്യപ്പെടുകയുമുണ്ടായി. സൈന്യത്തിന്റെ നിർദ്ദേശമനുസരിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു. താമസംവിനാ ഈ നിർമ്മാണങ്ങൾ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു.

(ബി) 7-2-2017-ലെ 155/M (PWD&R) നമ്പർ കത്ത് പ്രകാരം വകുപ്പുമന്ത്രി കേന്ദ്രമന്ത്രിക്ക് കത്തയച്ചു. കോപ്പി ശ്രീ. കൊടിക്കുന്നിൽ സുരേഷ് എം.പി.-ക്ക് അയച്ചു.

(സി) ശ്രീ. കൊടിക്കുന്നിൽ സുരേഷ് എം.പി. വകുപ്പുമന്ത്രി അയച്ച കത്തുമായി കേന്ദ്ര മന്ത്രിയെ കണ്ട് പണി തുടങ്ങുവാൻ സഹായിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.

## ഗ്രാമീണ റോഡുകൾ

27 (1111) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ റോഡുകളുടെ പ്രവൃത്തി ഏറ്റെടുത്ത് ചെയ്യാൻ പൊതുമരാമത്ത് വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ ഏതെല്ലാം ഗ്രാമീണ റോഡുകൾ ഏറ്റെടുക്കാനായി പൊതുമരാമത്ത് വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പിന്റെ അനുമതി തേടിയിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഇതുപോലെ കേരളത്തിലെ ഏതെല്ലാം നിയോജകമണ്ഡലങ്ങളിലെ ഗ്രാമീണ റോഡുകൾ ഏറ്റെടുക്കാൻ പൊതുമരാമത്ത് വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അനുമതി തേടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ആവശ്യങ്ങൾ പരിഗണിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അനുമതിയോടുകൂടി പൊതുമരാമത്ത് റോഡുകളുടെ മാനദണ്ഡങ്ങൾ പാലിക്കുന്ന റോഡുകൾ പരിശോധിച്ച് ഏറ്റെടുക്കാറുണ്ട്. ഇതിനായി ഗ്രാമപഞ്ചായത്ത് എം.എൽ.എ. മാർ വഴി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നുണ്ട്.

(ബി) അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ പുന്നപ്ര തെക്ക്, പുന്നപ്ര വടക്ക്, അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തുകളുടെ തീരുമാനമനുസരിച്ച് താഴെപ്പറയുന്ന 22 റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിനായി 14-2-2017-ലെ ജി.ഒ. (ആർ.റ്റി.) 425/2017/ത.സ്വ.വ. പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്.

പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത് :

1. പുന്നപ്ര ജംഗ്ഷൻ - ബീച്ച് റോഡ്
2. എൻ.എച്ച്. 47 മുതൽ റെയിൽവേ വരെ റോഡ് (വാർഡ് 2)
3. പുന്നപ്ര ജംഗ്ഷൻ -കുറുത്തമഠം റോഡ്
4. പവർഹൗസ് ജംഗ്ഷൻ മുതൽ കരയോഗം ജംഗ്ഷൻ റോഡ്
5. കുരിശ്ശടി-ഹാർബർ റോഡ്
6. വട്ടത്തിൽ -നർബോന റോഡ്
7. പഴയ നടക്കാവ് - പോത്തശ്ശേരി റോഡ്
8. കളത്തട്ട് - മാത്തുച്ചിറ റോഡ്
9. പോലീസ് സ്റ്റേഷൻ - പൊന്നാകരി റോഡ്.

അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത് :

1. പഞ്ചായത്ത് ഓഫീസ് റോഡ് - നാഷണൽ ഹൈവേ മുതൽ പഴയ നടക്കാവ് റോഡ് വരെ
2. ആശുപത്രി ജംഗ്ഷൻ റോഡ് - നീർക്കുന്നം ആശുപത്രി ജംഗ്ഷൻ മുതൽ പഴയ നടക്കാവ് റോഡ് വരെ
3. അഴീക്കോടൻ റോഡ് - വണ്ടാനം മെഡിക്കൽ കോളേജ് ആശുപത്രി അഴീക്കോടൻ റോഡു മുതൽ വളഞ്ഞവഴി ബീച്ച് റോഡ് വരെ

4. പ്രതീക്ഷ തിയേറ്റർ റോഡ് - വളഞ്ഞവഴി പ്രതീക്ഷ തിയേറ്റർ മുതൽ കിഴക്ക് പഴയ നടക്കാവ് റോഡ് വരെ
5. വണ്ടാനം കാവ് റോഡ് - വണ്ടാനം കാവ് മുതൽ മുക്കയിൽ റോഡ് വരെ
6. വളഞ്ഞവഴി ബീച്ച് റോഡ് - വളഞ്ഞവഴി മുതൽ വളഞ്ഞവഴി ഫിഷ് ലാന്റിംഗ് സെന്റർ വരെ

<u>പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത്</u> :

1. ഐ.റ്റി.സി. റോഡ് , വാർഡ് - 2
2. പോളേപ്പറമ്പ് പാലം മുതൽ തെക്കോട്ട് കൊഴമാത്ത്, വാർഡ് - 4
3. ഫോക്കസ്- പഴയ നടക്കാവ് റോഡ്, വാർഡ് - 6
4. അസംബ്ലി ജംഗ്ഷൻ സുരേന്ദ്രന്റെ കട മുതൽ വടക്കോട്ട് കൈമുട്ടിൽ ജംഗ്ഷൻ വരെ റോഡ് -കാണയുൾപ്പെടെ, വാർഡ് - 7
5. കപ്പക്കട ജംഗ്ഷൻ മുതൽ കിഴക്കോട്ട് കരിമ്പാവളവ് വരെ, വാർഡ് - 9
6. കപ്പക്കട പനച്ചുവട് റോഡ്, വാർഡ് - 10
7. എൻ.എച്ച്.-ന് പടിഞ്ഞാറ് അക്ഷര നഗരി റോഡ് കുതിരപ്പന്തി റോഡ് വരെ (കാണ നിർമ്മാണം ഉൾപ്പെടെ), വാർഡ് - 14

അമ്പലപ്പുഴ മണ്ഡലത്തിൽ പൊതുമരാമത്ത് റോഡുകൾ കുറവാണ്. 9 റോഡുകൾ ഉണ്ട്. ആകെ ദൈർഘ്യം 50 Km-ൽ താഴെയാണ്. 2001-2006 കാലത്ത് ഒന്നും 2006-2011-ൽ ഒന്നും റോഡ് (36 km) പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിരുന്നു. ഇപ്പോഴത്തെ 22 റോഡുകൾക്ക് ഏകദേശം 50 km ദൈർഘ്യം കാണും. ഇതോടെ ഏകദേശം 142 km ദൈർഘ്യമുള്ള പൊതുമരാമത്ത് റോഡുകൾ ഈ മണ്ഡലത്തി ലുണ്ടാകും. പൊതുമരാമത്ത് റോഡുകൾ തീരെ കുറവായ മണ്ഡലങ്ങളിൽനിന്നും ചട്ട പ്രകാരം വരുന്ന അപേക്ഷകൾക്ക് അനുമതി നേടുന്ന കാര്യം പരിഗണനയിലാണ്.

(സി) ഹർജികൾ സംബന്ധിച്ച സമിതി മുമ്പാകെ ശ്രീ. പി. രാമചന്ദ്ര, കാസർഗോഡ് സമർപ്പിച്ച പരാതിയിന്മേലുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിലെ പുതിഗെ ഗ്രാമപഞ്ചായത്ത് റോഡ് പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. ഫണ്ട് ലഭ്യതയ്ക്ക് വിധേയമായി ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. ധർമ്മടം പഞ്ചായത്ത് റോഡുകളുടെ അനുമതിക്കായി LSGD-ക്ക് നൽകിയിട്ടുണ്ട്. ബുധനൂർ, ചെന്നിത്തല പഞ്ചായത്തുകളും അനുമതി തേടിയിട്ടുണ്ട്.

## ചേലക്കര ബൈപ്പാസ് നിർമ്മാണം

28 (1112) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-17 ലെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ചേലക്കര ബൈപ്പാസ് നിർമ്മാണ നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്; വിശദാംശം വ്യക്തമാക്കുമോ; ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് ഇതിൽ പൂർത്തീകരിക്കാനുള്ളത്;

(ബി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ചേലക്കര ബൈപ്പാസ് നിർമ്മാണം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

### ഉത്തരം

(എ) 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച്, ചേലക്കര ബൈപ്പാസ് നിർമ്മാണ പ്രവൃത്തി KIIFB വഴി നടപ്പിലാക്കുന്നതിനായി 27-9-2016 -ലെ സ.ഉ.(സാധാ). നമ്പർ 1324/2016/പൊ.മ.വ. പ്രകാരം 20 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ (RBDCK) നിയമിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. പൊതുമരാമത്ത് വകുപ്പുതന്നെ തയ്യാറാക്കാമെന്ന് ആർ.ബി.ഡി.സി.കെ.-യെ അറിയിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരികയാണ്.

(ബി) ഡി.പി.ആർ. KIIFB അംഗീകരിച്ചതിനുശേഷം പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തീകരിച്ചശേഷം മാത്രമേ നിർമ്മാണം ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

## ഏനാത്ത് പാലത്തിന് ഉണ്ടായ ബലക്ഷയം

29 (1113) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏനാത്ത് പാലത്തിന് ഉണ്ടായ ബലക്ഷയം പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പാലത്തിലൂടെയുണ്ടായിരുന്ന ഗതാഗതം തിരിച്ചുവിട്ടതുമൂലം ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ട് പരിഗണിച്ച് കരസേനയുടെ ബെയ്‌ലി പാലം നിർമ്മിക്കുന്നതിന് തീരുമാനമായിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ;

(സി) കെ.എസ്.റ്റി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥിരം പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഏനാത്ത് പാലത്തിന് ഉണ്ടായ ബലക്ഷയം പരിഹരിക്കുന്നതിനായി റിട്ട. ഐ.ഐ.റ്റി. പ്രൊഫ. ഡോ. പി. കെ. അരവിന്ദന്റെ നിർദ്ദേശമനുസരിച്ച് പാലം ബലപ്പെടുത്തുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഈ പ്രവൃത്തികൾ ചെയ്യുന്നതിനായി ഇപ്പോൾ കഴക്കൂട്ടം മുതൽ അടൂർ വരെ നടത്തുന്ന മാതൃകാ സുരക്ഷാ ഇടനാഴി പദ്ധതിയുടെ കോൺട്രാക്ടറെ (M/s GHV-EEK (JV) പെരുമ്പാവൂർ) ഏൽപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ടി പ്രവൃത്തികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

(ബി) ഏനാത്ത് പാലത്തിന്റെ ബലക്ഷയംമൂലം എം.സി. റോഡിലൂടെയുള്ള ഗതാഗതം സുഗമമാക്കുന്നതിന് ബെയ്‌ലി പാലം നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ബെയ്‌ലി പാലത്തിന്റെ നിർമ്മാണത്തിനാവശ്യമായ അബട്ട്മെന്റുകളുടെയും അപ്രോച്ച് റോഡുകളുടെയും നിർമ്മാണം 15-3-2017-ഓടുകൂടി പൂർത്തിയാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. തുടർന്ന് അടുത്ത രണ്ടാഴ്ച സമയത്തിനുള്ളിൽ ബെയ്‌ലി പാലം പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പാലം ബലപ്പെടുത്തുന്ന പ്രവൃത്തി ചെയ്യുന്നതോടുകൂടി ഏനാത്ത് പാലത്തിന്റെ ബലക്ഷയം പൂർണ്ണമായി പരിഹരിച്ച് ഗതാഗതയോഗ്യമാക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**കോട്ടയം പട്ടണത്തിലെ റോഡുകൾ**

30 (1114) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം പട്ടണത്തിലെ ഗതാഗത കുരുക്ക് ഒഴിവാക്കുന്നതിനായി നിർമ്മിച്ച പടിഞ്ഞാറൻ ബൈപാസ് എന്നത്തേയ്ക്ക് പണി പൂർത്തിയാക്കി ഗതാഗതത്തിനായി തുറന്നു കൊടുക്കുമെന്ന് അറിയിക്കാമോ ;

(ബി) കോട്ടയം നിയോജക മണ്ഡലത്തിൽ ട്രാഫിക് കുരുക്ക് ഒഴിവാക്കുന്നതിന് നിർമ്മിച്ച കോട്ടയം ഡെവലപ്മെന്റ് കോറിഡോർ, ഈരയിൽകടവ് പാലം എന്നിവയുടെ ടാറിംഗ് ജോലികളും അനുബന്ധ പ്രവർത്തനങ്ങളും എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കോട്ടയം പട്ടണത്തിലെ ഗതാഗത കുരുക്ക് ഒഴിവാക്കുന്നതിനായി നിർമ്മിച്ച പടിഞ്ഞാറൻ ബൈപ്പാസ് 2017 ഏപ്രിൽ 30-ന് പണി പൂർത്തിയാക്കി ഗതാഗതത്തിനായി തുറന്ന് കൊടുക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) കോട്ടയം നിയോജകമണ്ഡലത്തിൽ പുതുതായി നിർമ്മിച്ച ഈരയിൽ കടവ്-മണിപ്പുഴ റോഡിൽ ബി.എം.&ബി.സി. പ്രവൃത്തിക്കുള്ള 170 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**തൊടുപുഴ-മൂലമറ്റം പാതയിലെ കുഴികൾ നികത്താൻ നടപടി**

31 (1115) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിലെ തൊടുപുഴ-മൂലമറ്റം പാതയിൽ ശങ്കരപിള്ളിയ്ക്കും ഏഴാംമൈലിനും ഇടയിൽ റോഡുവളവുകളിൽ രൂപപ്പെട്ടിട്ടുള്ള കുഴികൾ വാഹന യാത്രികർക്ക് അടിക്കടി അപകടം ഉണ്ടാക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ കുഴികൾ അടിയന്തരമായി നികത്തി ടാർ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കുഴികൾ അടിയന്തരമായി നികത്തി ടാർ ചെയ്യുന്നതിന് നിലവിലുള്ള മെയിന്റനൻസ് കോൺട്രാക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പരിശോധിക്കുന്നതിന് കെ.എസ്.റ്റി.പി.-യുടെ മൂവാറ്റുപുഴ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ഒറ്റൂർ-മണലൂർ-ആലംകോട്-കിളിമാനൂർ റോഡ്**

32 (1116) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-17 സാമ്പത്തിക വർഷത്തെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ ഒറ്റൂർ-മണലൂർ-ആലംകോട്- കിളിമാനൂർ റോഡ് നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി എന്തായി; വിശദാംശങ്ങൾ നൽകുമോ;

(ബി) 2016-17 സാമ്പത്തിക വർഷം ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ ഭരണാനുമതി ലഭ്യമായ റോഡ്, പാലം, കെട്ടിടം എന്നിവയുടെ വിശദാംശം നൽകുമോ;

(സി) ദേശീയപാതയിൽ ആറ്റിങ്ങൽ പട്ടണത്തിൽ സൗജന്യമായി സ്ഥലം നൽകി റോഡ് വീതികൂട്ടുന്ന പദ്ധതി പ്രകാരം എന്തെല്ലാം പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു; തുടർപ്രവർത്തനത്തിനാവശ്യമായ തുക വകയിരുത്തിയോ ; തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 2016-17 സാമ്പത്തിക വർഷത്തെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ ഒറ്റൂർ-മണലൂർ-ആലംകോട്-കിളിമാനൂർ റോഡ് നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പുരോഗമിക്കുകയാണ്.

(ബി) 2016-17 സാമ്പത്തിക വർഷം ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ കെട്ടിട വിഭാഗത്തിൻ കീഴിൽ ഭരണാനുമതി ലഭിച്ച പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.* ദേശീയപാത വിഭാഗത്തിൻകീഴിൽ കേന്ദ്ര സർക്കാരിന്റെ സി ആർ എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി കല്ലമ്പലം-പുതുശ്ശേരിമുക്ക്-നഗരൂർ-കാരേറ്റ് റോഡിന്റെ നവീകരണത്തിന് 16 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിരത്തുകളും പാലങ്ങളും വിഭാഗത്തിൻകീഴിൽ ബാബ ഹോസ്പിറ്റൽ-അവനവഞ്ചേരി-ഊരുപൊയ്ക റോഡ് നവീകരണത്തിന് രണ്ടു കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ദേശീയപാത 47-ൽ ആറ്റിങ്ങൽ പട്ടണത്തിൽ പൂവമ്പാറ പാലം (കി.മീ. 535/600) മുതൽ മൂന്നുമുക്ക് വരെ (കി.മീ. 532/600) വീതി കൂട്ടുന്ന പദ്ധതിക്ക് 22.75 കോടി രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുകയും പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന കമ്മിറ്റി തീരുമാന പ്രകാരം സൗജന്യമായി ലഭ്യമാക്കാമെന്നേറ്റിരുന്ന ഭൂമി നാളിതുവരെയും പൊതുമരാമത്ത് വകുപ്പിന് കൈമാറി കിട്ടിയിട്ടില്ല. ഭൂമി ലഭ്യമാക്കുന്നതിനുള്ള സർവ്വേ നടപടികൾ റവന്യൂ വിഭാഗത്തിന്റെ നേതൃത്വത്തിൽ പുരോഗമിക്കുന്നു. വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആറ്റിങ്ങൽ മുനിസിപ്പൽ ഓഫീസിൽ വച്ച് ഇക്കാര്യത്തിനായി യോഗം ചേർന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

## ഉള്ളൂർ കടവ് പാലത്തിന്റെ പുരോഗതി

33 (1117) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി മണ്ഡലത്തിലെ ഉള്ളൂർ കടവ് പാലത്തിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ ;

(ബി) ഈ പാലത്തിന്റെ പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം ലഭ്യമാക്കേണ്ട നടപടികൾ എപ്പോൾ പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ ;

(സി) 2009-ൽ ഭരണാനുമതി ലഭിച്ച ഈ പാലത്തിന്റെ പുതുക്കിയ എസ്റ്റിമേറ്റിന് ഇതുവരെയും പുതുക്കിയ ഭരണാനുമതി ലഭ്യമാകാത്തതു കാരണം വർഷങ്ങളായി ഈ പദ്ധതി നടപ്പിലാകാതെ പോകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ&ബി) ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയായിട്ടില്ല. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം നൽകാൻ കഴിയും.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**ദേശീയപാത വികസന നടപടികൾ**

34 (T*1118) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാത വികസന കാര്യത്തിൽ നടന്നുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) കോഴിക്കോട് ജില്ലയിൽ ഇതിനകം സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ;

(സി) മുൻ സർക്കാരിന്റെ സമീപനത്തിൽ നിന്ന് വ്യത്യസ്തമായി പുനരധിവാസ കാര്യത്തിൽ സർക്കാരിന്റെ പ്രഖ്യാപിത നയം വിശദമാക്കാമോ?

ഉത്തരം

(എ &ബി) ദേശീയപാതാ വികസനത്തിന്റെ സ്റ്റേജുകൾ ചുവടെ ചേർക്കുന്നു :

പാക്കേജ് 1 (കാസർഗോഡ്) :

വിശദമായ ഡി.പി.ആർ., ബിഡ് ഡോക്യുമെന്റ് എന്നിവ തയ്യാറാക്കി ദേശീയപാതാ വികസന അതോറിറ്റി ഹെഡ്ക്വാർട്ടേഴ്സിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

പാക്കേജ് 2 (കണ്ണൂർ) :

ഡിസൈൻസ്, ഡ്രോയിംഗ്സ്, കോസ്റ്റ് എസ്റ്റിമേറ്റ് എന്നിവ തയ്യാറായിട്ടുണ്ട്. ഷെഡ്യൂൾ, ബിഡ് ഡോക്യുമെന്റ് എന്നിവ തയ്യാറായി വരുന്നു.

പാക്കേജ് 3 (തലശ്ശേരി - മാഹി ബൈപ്പാസ്) :

ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട 3 എ നോട്ടിഫിക്കേഷനുള്ള നടപടികളെടുത്തുവരുന്നു.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

പാക്കേജ് 4 (കോഴിക്കോട്) :

കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി ബൈപ്പാസ് ഒഴികെയുള്ള ഭാഗത്തിന്റെ ഡിസൈൻസ്, ഡ്രോയിംഗ്സ്, കോസ്റ്റ് എസ്റ്റിമേറ്റ് എന്നിവ തയ്യാറായിട്ടുണ്ട്. ഷെഡ്യൂൾ, ബിഡ് ഡോക്യുമെന്റ് എന്നിവ തയ്യാറായി വരുന്നു. കോഴിക്കോട് ബൈപ്പാസിന്റെ ശേഷിക്കുന്ന നാലുവരിപ്പാത നിർമ്മാണ പ്രവൃത്തിയുടെ ബിഡ് ഡോക്യുമെന്റ് കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുണ്ട്.

ചേർത്തല-ഓച്ചിറ-കഴക്കൂട്ടം :

നാലുവരിപ്പാതയാക്കുന്നതിന്റെ അലൈൻമെന്റ് സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുണ്ട്. അംഗീകൃത അലൈൻമെന്റിനുവേണ്ടി 3 എ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനുള്ള നടപടികളെടുത്തുവരുന്നു. ഇതിൽ കൊല്ലം-ആലപ്പുഴ ബൈപ്പാസുകളുടെ ശേഷിക്കുന്ന 2 വരിപ്പാതയുടെ പ്രവൃത്തിയും ഉൾപ്പെടും. കൂടാതെ ആറ്റിങ്ങൽ ടൗണിൽ 10.9 കി. മീ. നീളത്തിൽ റീ അലൈൻമെന്റ് ഉൾപ്പെടും.

(സി) ദേശീയപാതയുടെ വികസനത്തിനുള്ള സ്ഥലമെടുപ്പും പുനരധിവാസവും കേന്ദ്ര സർക്കാർ തീരുമാനം അനുസരിച്ചാണ്. പുതുക്കിയ വിശദമായ പദ്ധതി രേഖ തയ്യാറാക്കൽ പൂർത്തിയായാൽ മാത്രമേ ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി എത്രപേരെ പുനരധിവസിപ്പിക്കേണ്ടി വരുമെന്ന പൂർണ്ണമായ വിവരം ലഭിക്കുകയുള്ളൂ.

**റെയിൽവേ ഓവർബ്രിഡ്ജിന്റെ നിർമ്മാണം**

35 (1119) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരുനാഗപ്പള്ളി-ശാസ്താംകോട്ട റോഡിൽ മാളിയേക്കൽ റയിൽവേ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഡി.പി.ആർ. തയ്യാറാക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് എന്നും ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി കിഫ്ബി യോഗം പരിഗണിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മാളിയേക്കൽ റയിൽവേ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഡി.പി.ആർ. തയ്യാറാക്കുന്നതിന് റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് (RBDCK)-യെ ആണ് ഏൽപ്പിച്ചിരിക്കുന്നത്. വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കുവാൻ കൺസൾട്ടന്റിനെ നിയമിച്ച് പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

(ബി) പ്രസ്തുത പദ്ധതിയുടെ DPR തയ്യാറാക്കിയതിനുശേഷമേ പരിഗണനയ്ക്കായി കിഫ്ബിയിൽ സമർപ്പിക്കുകയുള്ളു.

## മരാമത്ത് പണികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം

36 (1120) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. വി. ജോയി :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മരാമത്ത് പണികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ വിശദമാക്കുമോ ;

(ബി) റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണത്തിലെ അപാകതകൾ കണ്ടുപിടിക്കുന്നതിന് പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) കരാറുകാർ ആധുനിക യന്ത്രങ്ങൾ ഉപയോഗിച്ച് ശാസ്ത്രീയമായ രീതിയിൽ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നുവെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ചുമതലയിൽ ക്വാളിറ്റി കൺട്രോൾ റീജിയണൽ ലാബുകളും, മറ്റ് എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകളും സ്ഥാപിച്ച് പ്രവർത്തനം നടപ്പിലാക്കിവരുന്നു. ഇതുവഴി പദ്ധതികൾക്ക് ഉപയോഗിക്കുന്ന സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതാണ്. പ്രവൃത്തികൾ നടപ്പിലാക്കുന്ന അവസരത്തിൽ വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥർ മേൽനോട്ടം വഹിച്ച് സ്പെസിഫിക്കേഷൻ ഉറപ്പുവരുത്തുന്നതാണ്. ഇത് കൂടാതെ, ക്വാളിറ്റി കൺട്രോൾ സർട്ടിഫിക്കറ്റ് സമർപ്പിച്ചാൽ മാത്രമാണ് പേമെന്റ് നൽകാനുള്ള നടപടികൾ സ്വീകരിക്കുന്നത്.

(സി) പുതിയ നയപ്രകാരം നടപടികൾ സ്വീകരിക്കുന്നുണ്ട്.

## കണ്ണൂർ ജില്ലയിലെ പി.ഡബ്ല്യൂ.ഡി., കെ.എസ്.റ്റി.പി., സി.ആർ.എഫ്. പ്രവൃത്തികൾ

37 (1121) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 മേയ് മുതൽ 2016 മേയ് വരെ കണ്ണൂർ ജില്ലയിൽ പി. ഡബ്ല്യൂ. ഡി., കെ. എസ്. റ്റി. പി., സി. ആർ. എഫ്. സ്കീമുകളിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും ഓരോ പ്രവൃത്തിയും ഏതെല്ലാം നിയോജക മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്നതാണെന്നും ഓരോന്നിനും എസ്റ്റിമേറ്റ് തുക എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര പ്രവൃത്തികൾ ആരംഭിച്ചുവെന്നും ഏതെല്ലാം പ്രവൃത്തികൾ ആരംഭിക്കാൻ അവശേഷിക്കുന്നുവെന്നും വെളിപ്പെടുത്തുമോ;

(സി) 2016 മേയ് മാസത്തിനു ശേഷം കണ്ണൂർ ജില്ലയിൽ ഇതുപോലെ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയെന്നും ഇവ ഓരോന്നും ഏതെല്ലാം നിയോജക മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്നതാണെന്നും ഓരോ പ്രവൃത്തിക്കും എത്ര രൂപയാണ് എസ്റ്റിമേറ്റ് തുകയെന്നും വെളിപ്പെടുത്തുമോ?

### ഉത്തരം

(എ&ബി) 2011 മേയ് മുതൽ 2016 മേയ് വരെ കണ്ണൂർ ജില്ലയിൽ പി.ഡബ്ല്യൂ.ഡി., കെ.എസ്.റ്റി.പി., സി.ആർ.എഫ്. സ്കീമുകളിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ദേശീയപാത, കെ.എസ്.റ്റി.പി. എന്നീ വിഭാഗങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.* ഇതിൽ തലശ്ശേരി, നാദാപുരം, ചിറയ്ക്കൽ, കാട്ടമ്പള്ളി, ചൊവ്വ, അഞ്ചരക്കണ്ടി എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ചേലാരിമുക്ക്-കൊളച്ചേരിമുക്ക് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ഒടുവള്ളിത്തട്ട്-നടുവിൽ കുടിയാൻമല റോഡിന് ടെണ്ടർ അനുമതി ലഭിക്കാത്തതിനാൽ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. കെ.എസ്.റ്റി.പി.-യിൽ വരുന്ന രണ്ട് പ്രവൃത്തികളുടെയും നിർമ്മാണം തുടങ്ങിയിട്ടുണ്ട്. നിരത്തുകളും പാലങ്ങളും വിഭാഗത്തിൻകീഴിൽവരുന്ന പ്രവൃത്തികൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(സി) 2016 മേയ് മാസത്തിനുശേഷം കണ്ണൂർ ജില്ലയിൽ ദേശീയപാത വിഭാഗത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ പട്ടിക അനുബന്ധം 3* ആയും നിരത്തുകളും പാലങ്ങളും വിഭാഗത്തിൻകീഴിൽ വരുന്ന പ്രവൃത്തികൾ അനുബന്ധം 4 ആയും ചേർത്തിരിക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പള്ളിക്കര റെയിൽവേ മേൽപ്പാലം**

38 (1122) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ പള്ളിക്കര റെയിൽവെ മേൽപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പ്രവൃത്തി എന്ന് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പള്ളിക്കര റെയിൽവേ ഓവർബ്രിഡ്ജിന്റെ നിർമ്മാണം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ മുഖേന, എൻ.എച്ച്-17 നാലുവരിയായി വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഏറ്റെടുത്ത് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. വിശദമായ രൂപരേഖ (DPR) തയ്യാറാക്കി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ ഡൽഹി കാര്യാലയത്തിൽ സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരാണ് ഭരണാനുമതി പുറപ്പെടുവിക്കുന്നത്. പ്രവൃത്തി ചെയ്യുന്നത് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയാണ്.

**കണ്ണൂർ ജില്ലയിൽ സെൻട്രൽ റോഡ് ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ**

39 (1123) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ ഏതെല്ലാം പ്രവൃത്തികളാണ് സെൻട്രൽ റോഡ് ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി കേന്ദ്ര ഗവൺമെന്റ് അനുവദിച്ചതെന്നും ഓരോന്നിനും എസ്റ്റിമേറ്റ് തുക എത്രയാണെന്നും വെളിപ്പെടുത്തുമോ ;

(ബി) ഒടുവള്ളിത്തട്ട്-നടുവിൽ-കുടിയാൻമല റോഡിന്റെ പ്രവൃത്തി ടെണ്ടർ ചെയ്തോ; വർക്ക് അവാർഡ് ചെയ്യാതെയിരിക്കാൻ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) എസ്റ്റിമേറ്റ് നിരക്കിനെക്കാൾ കുറഞ്ഞ നിരക്കിൽ ആരെല്ലാമാണ് ടെണ്ടർ സമർപ്പിച്ചതെന്നും ഇവരുടെ ഓരോരുത്തരുടെയും ടെണ്ടർ, എസ്റ്റിമേറ്റ് നിരക്കിനേക്കാൾ എത്ര ശതമാനം വീതം കുറവാണെന്നും വെളിപ്പെടുത്തുമോ;

(ഡി) ഒ.എൻ.കെ.റോഡ് പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കണ്ണൂർ ജില്ലയിൽ സെൻട്രൽ റോഡ് ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി കേന്ദ്ര ഗവൺമെന്റ് അനുവദിച്ച പ്രവൃത്തികൾ അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) ഒടുവള്ളിത്തട്ട്-നടുവിൽ-കുടിയാൻമല റോഡിന്റെ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർക്ക് 27-2-2017-ൽ നൽകിയിട്ടുണ്ട്.

(സി) എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ ടെണ്ടർ സമർപ്പിച്ചവരുടെ വിവരം അനുബന്ധം 2 ആയി ചേർക്കുന്നു.*

(ഡി) ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.

**കടലുണ്ടി പാലത്തിന്റെ നിർമ്മാണം**

40 (1124) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽപ്പെട്ട കടലുണ്ടി പാലത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാലത്തിന്റെ ഉദ്ഘാടനം എന്നാണ് നടന്നതെന്ന് വ്യക്തമാക്കുമോ;

(സി) പാലത്തിനായി ഭൂമി വിട്ടുനൽകിയവർക്ക് നാളിതുവരെയും ഭൂമി വില ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഭൂമിയുടെ വില നൽകുന്നതിന് കാലതാമസമുണ്ടാകുന്നതിന്റെ കാരണമെന്തെന്ന് അന്വേഷിക്കുമോ;

(ഇ) ഭൂമി വിട്ടുകൊടുത്തവർക്ക് ഭൂമിയുടെ വില നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 31-12-2007-ൽ പൂർത്തിയായി.

(ബി) പ്രസ്തുത പാലത്തിന്റെ ഉദ്ഘാടനം 18-4-2008-ൽ നടന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) എൽ.എ. നടപടികൾ പൂർത്തിയാക്കുന്നതിനുള്ള കാലതാമസം നേരിട്ടതിനാൽ നേരിട്ട് ഭൂമി ഏറ്റെടുക്കുന്നതിനുള്ള അനുവാദം ലഭിക്കുന്നതിനായി ചീഫ് എഞ്ചിനീയർ (നിരത്തുകളും പാലങ്ങളും) ലഭ്യമാക്കിയ അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ്.

(ഇ) ഇതുസംബന്ധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. ഭൂമി ഏറ്റെടുക്കാതെ പാലം പണി ആരംഭിക്കാൻ പാടില്ല എന്നതാണ് ചട്ടം. എന്നാൽ പാലം പണി ആരംഭിച്ചതിനാൽ ഭൂമി ഏറ്റെടുക്കുന്നതിൽ കാലതാമസം ഉണ്ടായി. അത് പരിഹരിക്കുന്നതാണ്.

**കോങ്ങാട് മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

41 (1125) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-17-ലെ പുതുക്കിയ ബജറ്റിൽ കോങ്ങാട് മണ്ഡലത്തിന് പ്രഖ്യാപിച്ച പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദവിവരം നൽകുമോ;

(ബി) ഇല്ലെങ്കിൽ ആയത് പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കുമോ; ഇതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ കോങ്ങാട് മണ്ഡലത്തിന് പ്രഖ്യാപിച്ച പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയവയുടെ വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ബാധകമല്ല.

**നാദാപുരം മണ്ഡലത്തിലെ പ്രവൃത്തികൾക്ക് സ്പെഷ്യൽ സാംഗ്ഷൻ**

42 (1126) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഭരണാനുമതി ഇല്ലാത്തതും എന്നാൽ ബജറ്റിൽ ടോക്കൺ പ്രൊവിഷനുള്ളതുമായ ഏതെല്ലാം പ്രവൃത്തികൾക്ക് നാദാപുരം മണ്ഡലത്തിൽ സ്പെഷ്യൽ സാംഗ്ഷൻ നൽകി ഫണ്ട് അനുവദിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

പൊതുമരാമത്ത് വകുപ്പിൻകീഴിൽ നാദാപുരം മണ്ഡലത്തിൽ എം.എൽ.എ. നിർദ്ദേശിച്ച റോഡ് പ്രവൃത്തികൾക്ക് സ്പെഷ്യൽ സാംഗ്ഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കണ്ണൂർ പഴയങ്ങാടിപ്പാലം പുതുക്കിപ്പണിയാൻ നടപടി**

43 (1127) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിലാത്തറ-പാപ്പിനിശ്ശേരി കെ.എസ്.ടി.പി റോഡിന്റെ നിർമ്മാണ പ്രവൃത്തി അവസാന ഘട്ടത്തിലെത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ, ഇതുവഴിയുള്ള വാഹനപ്പെരുപ്പം കണക്കിലെടുത്ത് ബലക്ഷയം സംഭവിച്ചുകൊണ്ടിരിക്കുന്ന പഴയങ്ങാടിപ്പാലം പുതുക്കിപ്പണിയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; പ്രസ്തുത പാലം ബലപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ റോഡിൽ വരുന്ന പഴയങ്ങാടി പാലത്തിന്റെ അറ്റകുറ്റപ്പണികൾക്കായി 497 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയുണ്ടായി. എന്നാൽ ഈ പ്രവൃത്തി, ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പിലാത്തറ-പാപ്പിനിശ്ശേരി പദ്ധതിയിൽ ഉൾപ്പെടുത്തിയാൽ നിശ്ചിത സമയത്തിനുള്ളിൽ നിലവിലുള്ള പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുകയില്ല. നിർമ്മാണ തുക വർദ്ധിക്കുകയും ചെയ്യും. ഇതുസംബന്ധിച്ച് സർക്കാർ നടത്തിയ പുനരവലോകന യോഗത്തിൽ പഴയങ്ങാടി പാലത്തിന്റെ ബലപ്പെടുത്തൽ നിലവിലുള്ള പി.പി. റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ നിർദ്ദേശിക്കുകയുണ്ടായി. അതനുസരിച്ച് ഇപ്പോൾ എടുത്തിരിക്കുന്ന എസ്റ്റിമേറ്റ് വിശദമായി പരിശോധിക്കുന്നതിനും വിശദമായ റിപ്പോർട്ടും, എസ്റ്റിമേറ്റും, സമർപ്പിക്കുന്നതിനുമായി കൺസൾട്ടന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിർമ്മാണം ത്വരിതപ്പെടുത്തുന്നതാണ്.

**കണ്ണൂർ വിമാനത്താവളത്തിലേക്കുള്ള ഗ്രീൻഫീൽഡ് റോഡ്**

44 (1128) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ വിമാനത്താവളത്തിലേയ്ക്കുള്ള ഗ്രീൻഫീൽഡ് റോഡിന്റെ പ്രവർത്തികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) വിമാനത്താവളവുമായി ബന്ധിപ്പിക്കാൻ ഏതെല്ലാം അനുബന്ധ റോഡുകൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ഇവയിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടെന്നും വിശദമാക്കുമോ?

ഉത്തരം

(എ) കണ്ണൂർ വിമാനത്താവളത്തിലേക്കുള്ള ഗ്രീൻഫീൽഡ് റോഡിന്റെ പ്രവൃത്തികൾക്കായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കണ്ണൂർ വിമാനത്താവള കുടിയിറക്ക് വിരുദ്ധ സമിതിയുടെ പ്രാദേശിക എതിർപ്പുകൾ ഉണ്ടായതിനെത്തുടർന്ന് നിർദ്ദിഷ്ട 20 കി.മീ. റോഡിൽ 9 കി. മീ. റോഡിന്റെ സർവ്വേ നടപടികൾ മാത്രമേ പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുള്ളു. ബാക്കി 11 കി. മീ. റോഡിന്റെ സർവ്വേ നടപടികൾ പൂർത്തീകരിച്ചാൽ മാത്രമേ ഇതുസംബന്ധിച്ചുള്ള തുടർനടപടികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളു.

(ബി) പയ്യന്നൂർ - മട്ടന്നൂർ റോഡ്, കൊട്ടുവള്ളി-പിണറായി-അഞ്ചരക്കണ്ടി - കണ്ണൂർ എയർപോർട്ട് നാലുവരിപ്പാത എന്നിവയ്ക്കായി കിഫ്ബിയിൽ ഉൾപ്പെടുത്തി 20-8-2016-ലെ സ.ഉ. (സാധാ) നമ്പർ 1192/2016/പൊ.മ.വ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. തലശ്ശേരി - മട്ടന്നൂർ റോഡും കർണ്ണാടക ബോർഡർ - മട്ടന്നൂർ റോഡും കെ.എസ്.ടി.പി.-യുടെ മേൽനോട്ടത്തിൽ അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി പുരോഗതിയിലാണ്. വയനാട് മട്ടന്നൂർ റോഡ് ആകെയുള്ള 34.32 കി.മീ. -ൽ 16.72 കി.മീ. 5.5 മീറ്റർ വീതിയിൽ മലയോര ഹൈവേയുടെ ഭാഗമായി അഭിവൃദ്ധിപ്പെടുത്തിയിട്ടുണ്ട്. ബാക്കി ഭാഗം 5.5 മീറ്റർ വീതിയിൽ ചിപ്പിംഗ് കാർപ്പെറ്റ് ഉപരിതലമാണ്. നാദാപുരം-തലശ്ശേരി റോഡ് വിവിധ പദ്ധതികളിലായി 7 മീറ്റർ വീതിയിൽ കണ്ണൂർ റോഡ്സ് ഡിവിഷനു കീഴിൽ വരുന്ന ഭാഗം മെക്കാഡം ടാറിംഗ് നടത്തി അഭിവൃദ്ധി പെടുത്തിയിട്ടുണ്ട്. 25-11-2015-ലെ സ.ഉ (സാധാ) നമ്പർ 1726/2015/പൊ.മ.വ. പ്രകാരം കാര-പേരാവൂർ റോഡ്, മട്ടന്നൂർ-പഴശ്ശിക്കനാൽ- കാര റോഡ്, പാറക്കടവ് - കല്ലിക്കണ്ടി-പാറാട്ട്-ചെറുവാഞ്ചേരി-വലിയവെളിച്ചം - കൂത്തുപറമ്പ് - എയർപോർട്ട് റോഡ് എന്നിവ അഭിവൃദ്ധിപ്പെടുത്തുന്നതിന് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്. ഇതുകൂടാതെ 1-3-2017-ലെ സ.ഉ. (സാധാ) നമ്പർ 253/2017/ പൊ.മ.വ. പ്രകാരം മേലെചൊവ്വ-മട്ടന്നൂർ റോഡ്, ചൊവ്വ-അഞ്ചരക്കണ്ടി-കീഴല്ലൂർ - മട്ടന്നൂർ റോഡ്, തലശ്ശേരി-ഇരിക്കൂർ റോഡ് എന്നിവയുടെ ഓവർലേ പ്രവൃത്തികൾക്കായി യഥാക്രമം 1030 ലക്ഷം, 600 ലക്ഷം, 652 ലക്ഷം എന്നീ തുകകൾക്ക് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്.

## പൈങ്കുളം - തൊഴപാടം റോഡിന്റെ പുനരുദ്ധാരണം

45 (1129) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-13 സാമ്പത്തിക വർഷത്തെ ചേലക്കര നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 1 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയ പൈങ്കുളം- തൊഴപ്പാടം റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ മുടങ്ങാനുള്ള കാരണം വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തി ചെയ്തു തീർക്കുന്നതിന് പൊതുമരാമത്ത് വകുപ്പിലെ റോഡ് വിഭാഗം, ഇതുവരെ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; എത്രയും വേഗത്തിൽ റോഡ് നിർമ്മാണ പ്രവൃത്തി ചെയ്തു തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) പൈങ്കുളം-തൊഴപാടം റോഡിന്റെ പ്രവൃത്തി നടന്നുകൊണ്ടിരിക്കുമ്പോൾ തദ്ദേശവാസികൾ റോഡിന്റെ അതിർത്തി നിർണ്ണയിക്കുന്നതിന് സർവ്വേ നടത്തണമെന്നാവശ്യപ്പെട്ട് റോഡ് പണി തടസ്സപ്പെടുത്തുകയും തുടർന്ന് ഒരു വ്യക്തി ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച ഹർജിയിന്മേൽ റോഡിന്റെ അതിർത്തി നിർണ്ണയിക്കുന്നതിനും അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുവാനും ബഹു. ഹൈക്കോടതി നിർദ്ദേശിച്ചതിനെ തുടർന്ന് പണികൾ തൽക്കാലം മുടങ്ങിയിട്ടുണ്ട്.

(ബി) 2.30 കി. മീ. ദൂരത്തെ സർവ്വേ നടപടികൾ പൂർത്തിയാക്കി സർവ്വേ വകുപ്പ് അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിന്റെ കൃത്യത ഉറപ്പാക്കുന്നതിനായി സർവ്വേ വകുപ്പിന്റെയും ഇറിഗേഷൻ വകുപ്പിന്റെയും പൊതുമരാമത്ത് വകുപ്പിന്റെയും ഒരു സംയുക്ത പരിശോധന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ നടത്തി പ്രസ്തുത വിവരം ബഹു, ഹൈക്കോടതിയെ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേസ് അവസാനിച്ചതിനുശേഷം മാത്രമേ തുടർ നടപടികൾ കൈക്കൊള്ളുവാൻ സാധിക്കുകയുള്ളു.

## പുനലൂർ - മൂവാറ്റുപുഴ സംസ്ഥാന പാത

46 (1130) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂർ-മൂവാറ്റുപുഴ സംസ്ഥാന പാതയുടെ പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള ഭാഗം ആധുനിക രീതിയിൽ പുനർനിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്;

(ബി) റോഡിന്റെ വികസനത്തിന് ആവശ്യമായ മുഴുവൻ ഭൂമിയും ലഭിച്ചിട്ടും നിർമ്മാണ പ്രവൃത്തി ടെണ്ടർ ചെയ്യാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഈ റോഡിന്റെ നിർമ്മാണം ആരംഭിക്കാൻ ഇനിയും എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കാനുള്ളതെന്നും എന്നത്തേക്ക് നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള റോഡിന്റെ Pre qualification tender വിളിച്ച് സൂക്ഷ്മ പരിശോധന കഴിഞ്ഞിട്ടുണ്ട്. ഇതിൽ യോഗ്യത നേടിയവരുടെ ലിസ്റ്റ് സ്റ്റിയറിംഗ് കമ്മിറ്റിയിൽ വച്ച് അംഗീകാരം നേടിയിട്ടുണ്ട്. ഇതിന് ലോകബാങ്കിന്റെ NOC കിട്ടുന്ന മുറയ്ക്ക് മാത്രമേ ഫിനാൻഷ്യൽ ബിഡ് ക്ഷണിക്കാൻ കഴിയുകയുള്ളൂ.

(ബി) ആദ്യത്തെ ടെണ്ടർ സിംഗിൾ ഓഫറായിരുന്നതിനാൽ നിരാകരിക്കേണ്ടി വന്നു. രണ്ടാമത്തെ ടെണ്ടർ പരിശോധിച്ചുവരുന്നു. പൊതു-സ്വകാര്യ പങ്കാളിത്ത ത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതിയായതിനാലും നടപടിക്രമങ്ങളുള്ളതിനാലും കൂടുതൽ സമയം വേണ്ടിവരുന്നു.

(സി) Pre qualification-ൽ യോഗ്യത നേടിയ കരാറുകാരുടെ ലിസ്റ്റിന് ലോകബാങ്കിൽനിന്ന് NOC കിട്ടുന്ന മുറയ്ക്ക് മാത്രമേ ഫിനാൻഷ്യൽ ബിഡ് ക്ഷണിക്കുവാൻ കഴിയുകയുള്ളൂ. ഇതിന്റെ സൂക്ഷ്മ പരിശോധന കഴിഞ്ഞ് യോഗ്യത നേടിയ കരാറുകാരനുമായി എഗ്രിമെന്റ് വെച്ച് ഒക്ടോബർ-നവംബർ മാസത്തോടെ പണി ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**നാടുകാണി - പരപ്പനങ്ങാടി പാതയുടെ നവീകരണം**

47 (1131) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മലപ്പുറം ജില്ലയിലെ നാടുകാണി-പരപ്പനങ്ങാടി പാതയുടെ നവീകരണ പദ്ധതിയുടെ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദവിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

മലപ്പുറം ജില്ലയിലെ നാടുകാണി-പരപ്പനങ്ങാടി പാതയുടെ നിർമ്മാണം തത്കാലം നിർത്തിവച്ചിരിക്കുകയാണ്. എന്നാൽ തുടങ്ങിവച്ച കലുങ്ക്, ഓട, സംരക്ഷണഭിത്തി എന്നീ പ്രവൃത്തികൾ അപകട സാധ്യത കണക്കിലെടുത്ത് പൂർത്തിയാക്കുന്നുണ്ട്. ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നിർദ്ദേശ പ്രകാരം ലഭിച്ച റിവൈസ്ഡ് എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.

## പിലാത്തറ-പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡ്

48 (1132) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പിലാത്തറ-പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡിന്റെയും പാപ്പിനിശ്ശേരി, താവം റെയിൽവെ മേൽപ്പാലത്തിന്റെയും നിർമ്മാണപുരോഗതി അറിയിക്കുമോ, ഇവയുടെ പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

കെ.എസ്.ടി.പി. (രണ്ട്) പദ്ധതിയിൽപ്പെട്ട പിലാത്തറ-പാപ്പിനിശ്ശേരി റോഡ് നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. താവം റെയിൽവേ മേൽപ്പാലത്തിന്റെ 50% പ്രവൃത്തികൾ പൂർത്തിയായി. ബാക്കിയുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ഇത് 2017 ജൂലൈയിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. പാപ്പിനിശ്ശേരി റെയിൽവേ മേൽപ്പാലത്തിന്റെ 90% പ്രവൃത്തികൾ പൂർത്തിയായി. ബാക്കിയുള്ളവ പുരോഗതിയിലാണ്. 31-3-2017-ൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

## ഹിൽ-ഹൈവേ

49 (1133) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയോര ഹൈവേ നിർമ്മാണത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ;

(ബി) കോഴിക്കോട് ജില്ലയിലെ ഹിൽ ഹൈവേയുടെ അന്തിമ രൂപരേഖ അംഗീകരിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശവും പകർപ്പും ലഭ്യമാക്കുമോ;

(സി) സ്ഥലം വിട്ടുകിട്ടിയ പ്രദേശങ്ങളിൽ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രവൃത്തി ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ&ബി) മലയോര ഹൈവേ സംബന്ധിച്ച വിശദമായ പഠന റിപ്പോർട്ട് NATPAC തയ്യാറാക്കി വരുന്നു. കോഴിക്കോട് ജില്ലയിൽ അലൈൻമെന്റ് സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനായി 23-11-2016-ൽ ബഹു. ഗതാഗത വകുപ്പുമന്ത്രി ശ്രീ. ടി. പി. രാമകൃഷ്ണൻ, എം.എൽ.എ.-മാരായ ശ്രീ. ഇ. കെ. വിജയൻ, ശ്രീ. പുരുഷൻ കടലുണ്ടി, ശ്രീ. ജോർജ് എം. തോമസ്, ശ്രീ. കാരാട്ട് റസാഖ് എന്നിവരുൾപ്പെട്ട യോഗത്തിന്റെ തീരുമാനം അനുസരിച്ച് നാറ്റ്പാക് ഉദ്യോഗസ്ഥരോടൊപ്പം കൂട്ടായ പരിശോധന നടത്തി റിവൈസ്ഡ് അലൈൻമെന്റ് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(സി&ഡി) NATPAC-ന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അലൈൻമെന്റ് അംഗീകരിച്ച് DPR തയ്യാറാക്കേണ്ടതുണ്ട്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## പെരുമ്പളം പാലം നിർമ്മാണം

50 (1134) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബഡ്ജറ്റ് പ്രസംഗത്തിൽ, പെരുമ്പളം പാലത്തിന് എത്ര രൂപയാണ് കിഫ്ബി മുഖേന പ്രഖ്യാപിച്ചത് ;

(ബി) പെരുമ്പളം പാലത്തിന്റെ ഫീസിബിലിററി റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ;

(സി) പെരുമ്പളം പാലത്തിന്റെ നിർമ്മാണ നടപടികൾ വേഗത്തിലാക്കണമെന്ന് ആവശ്യപ്പെട്ട് ജില്ലാ പഞ്ചായത്ത് അംഗം ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ പൊതുമരാമത്ത് വകുപ്പ് മന്ത്രിയുമായി നടത്തിയ ചർച്ചയെ തുടർന്ന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) പെരുമ്പളം പാലം നിർമ്മാണം കിഫ്ബി-ക്ക് നൽകുന്നതിന് ഉത്തരവായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ഇ) പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുള്ള നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; ആയതിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണ് ; ഈ പാലത്തിന്റെ ടൂറിസം പ്രാധാന്യം കൂടി കണക്കിലെടുത്ത്, മുംബൈയിൽ 4 കിലോമീറ്റർ നീളത്തിൽ നിർമ്മിച്ചതുപോലെ റോപ്പുകളുടെ കൂടി സപ്പോർട്ടോടു കൂടിയുള്ള നിർമ്മാണ ഡിസൈൻ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട അധികൃതർക്ക് നിർദ്ദേശം നൽകുമോ?

### ഉത്തരം

(എ) 100 കോടി രൂപ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) സാധ്യതാപഠന റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. സാധ്യത ഉണ്ടെന്നാണ് റിപ്പോർട്ട്.

(സി-ഇ) പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനായി വേണ്ട തുക കെ.ആർ.എഫ്.ബി.-യുടെ ഫണ്ടിൽനിന്നും ലഭ്യമാക്കുന്നതിനായി ചീഫ് എഞ്ചിനീയർ (നിരത്തുകളും പാലങ്ങളും) വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ചതിനുശേഷം ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ ഉൾപ്പെടുത്തുന്നതായിരിക്കും. മുംബൈയിൽ 4 കിലോമീറ്റർ നീളത്തിൽ നിർമ്മിച്ചതുപോലെ റോപ്പുകളുടെ സപ്പോർട്ടോടുകൂടിയുള്ള നിർമ്മാണ ഡിസൈൻ സ്വീകരിക്കുന്നത് സംബന്ധിച്ച വിഷയം ഡിസൈൻ വിഭാഗം പരിശോധിക്കുന്നതാണ്. എല്ലാ KIIFB പദ്ധതികളും അങ്ങനെയാണ്. പാലങ്ങൾ താരതമ്യേന കൂടുതൽ സമയം എടുക്കുന്നുണ്ട്. മറ്റ് തടസ്സങ്ങൾ ഒന്നുമില്ല. തടസ്സങ്ങളുണ്ടെന്ന മട്ടിൽ വന്ന റിപ്പോർട്ടുകൾ ശരിയല്ല.

**ചേർത്തല മനോരമ കവലയുടെ വികസനം**

51 (1135) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചേർത്തല മനോരമ കവലയിലെ അപകടങ്ങൾക്ക് കാരണം പ്രസ്തുത കവലയുടെ വികസനം നടപ്പിലാക്കാത്തതു കൊണ്ടാണെന്ന വസ്തുത പരിഗണിച്ച് എത്രയും വേഗം ഈ കവലയുടെ വികസനത്തിനുള്ള നടപടികൾ കൈകൊള്ളുമോ?

ഉത്തരം

ചേർത്തല മനോരമ കവലയുടെ വികസനവുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു.

**ചാലക്കുടി കോടതി ജംഗ്ഷനിലെ ഗതാഗതക്കുരുക്ക്**

52 (1136) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മുനിസിപ്പൽ ജംഗ്ഷനിൽ നിരന്തരമായുണ്ടാകുന്ന അപകടങ്ങളും ഗതാഗതക്കുരുക്കുകളും ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സർവ്വകക്ഷി യോഗത്തിന്റെ തീരുമാനപ്രകാരം മുരിങ്ങൂർ ഡിവൈൻ മോഡൽ സംവിധാനം ചാലക്കുടി കോടതി ജംഗ്ഷനിൽ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചാലക്കുടി മുനിസിപ്പൽ ജംഗ്ഷനിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് ചാലക്കുടി കോടതി ജംഗ്ഷൻ കി.മീ. 295/950 അണ്ടർ പാസ്സേജ് നിർമ്മിക്കുന്നതിനുവേണ്ടി National Highways Authority of India പദ്ധതി തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഡിസൈനിംഗ് വർക്ക് പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(ബി) പരിശോധിക്കുന്നതാണ്.

**ചിറ്റൂർ നിയോജകമണ്ഡലത്തിലെ റോഡുകൾ**

53 (1137) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2016-17 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച, ചിറ്റൂർ നിയോജക മണ്ഡലത്തിലെ ഏതൊക്കെ റോഡുകൾക്കാണ് ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

2016-17 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ചിറ്റൂർ നിയോജക മണ്ഡലത്തിലെ താഴെപ്പറയുന്ന റോഡുകൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു :

1. പള്ളിമുക്ക് - കല്യാണപ്പേട്ട – ആലംകടവ് റോഡ്
2. നല്ലേപ്പിള്ളി - അഞ്ചാംമൈൽ റോഡ്

**വൈപ്പിൻ നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ**

54 (1138) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈപ്പിൻ നിയോജക മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചിട്ടും പ്രവർത്തനം ആരംഭിക്കാത്ത പൊതുമരാമത്ത് പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(ബി) ഇവയുടെ പ്രവർത്തനം ആരംഭിക്കുവാൻ തടസ്സമെന്താണെന്നും പ്രവൃത്തികൾ തുടങ്ങുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) ബഡ്ജറ്റ് വർക്ക് 2013-14 ഇക്ബാൽ റോഡ് ഇംപ്രൂവ്മെന്റ് എന്ന പ്രവൃത്തിയാണ് വൈപ്പിൻ നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചിട്ടും പ്രവർത്തനം ആരംഭിക്കാത്തത്.

(ബി) ഇക്ബാൽ റോഡ് പണി ആരംഭിച്ച് പ്രാരംഭ നടപടികളായപ്പോൾ റോഡിന്റെ വീതി വർദ്ധിപ്പിച്ച് മാത്രമേ പണി നടത്താവൂ എന്ന പൊതുജനങ്ങളുടെ തടസ്സവാദം കാരണം പണി ആരംഭിക്കാൻ സാധിച്ചില്ല. വീതി ലഭ്യമായപ്പോഴേയ്ക്കും കരാറുകാരന്റെ കാലാവധി കഴിഞ്ഞുപോയതിനാൽ എൽ എം ആർ റേറ്റിൽ റേറ്റ് റിവൈസ് ചെയ്താൽ പണി ചെയ്യാമെന്ന് അറിയിക്കുകയും എന്നാൽ ഈ റേറ്റ് ന്യായീകരിക്കാൻ സാധിക്കുകയില്ല എന്നതിനാൽ കരാറുകാരനെ റിസ്ക് & കോസ്റ്റ് ഇല്ലാതെ ടെർമിനേറ്റ് ചെയ്ത് റീടെണ്ടർ ചെയ്യുവാനും നടപടി ആരംഭിച്ചു. പ്രവൃത്തി ടെർമിനേറ്റ് ചെയ്ത് ബാക്കി ഭാഗത്തെ പ്രവൃത്തിക്ക് പുതിയ നിരക്ക് അനുസരിച്ചുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി നടപടി സ്വീകരിച്ചുവരികയാണ്.

**ഭരണാനുമതി നൽകിയ പദ്ധതികൾ**

55 (1139) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയ പദ്ധതികളുടെ വിശദാംശങ്ങൾ ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) ആയതിൽ നൂറ് കോടിക്ക് മുകളിലും നൂറ്റി അൻപത് കോടിക്ക് മുകളിലും എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേശീയപാത വിഭാഗത്തിൽ ഭരണാനുമതി നൽകിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-I* ആയും നിരത്തുകളും പാലങ്ങളും, കെട്ടിട വിഭാഗങ്ങളിലെ വിശദാംശങ്ങൾ എന്നിവ അനുബന്ധം- II *ആയും ചേർത്തിരിക്കുന്നു.

(ബി) ദേശീയപാത വിഭാഗത്തിൽ ഭരണാനുമതി നൽകിയ പദ്ധതികളിൽ കരമന-കളിയിക്കാവിള നാലുവരി പാത നിർമ്മാണം ഒന്നാം ഘട്ടം രണ്ടാം ഭാഗം പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെ മാത്രമാണ് 150 കോടിക്ക് മുകളിൽ എസ്റ്റിമേറ്റ് തുക വരുന്നത്.

**പാലക്കാട് ജില്ലയിലെ മലയോര ഹൈവേ**

56 (1140) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ മലയോര ഹൈവേ കടന്നുപോകുന്ന നിയോജക മണ്ഡലങ്ങൾ ഏതൊക്കെയെന്ന് വിശദമാക്കുമോ; എത്ര കിലോമീറ്റർ റോഡാണ് ജില്ലയിലൂടെ കടന്നുപോകുന്നതെന്ന് വിശദമാക്കുമോ;

(ബി) നെന്മാറ നിയോജകമണ്ഡലത്തിലൂടെ മലയോര ഹൈവേ കടന്നു പോകുന്ന സ്ഥലങ്ങൾ ഏതൊക്കെയാണെന്നും എത്ര കിലോമീറ്റർ ദൂരമാണെന്നും വിശദമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) പാലക്കാട് ജില്ലയിലെ മലയോര ഹൈവേ കടന്നുപോകുന്ന നിയോജക മണ്ഡലങ്ങൾ മണ്ണാർക്കാട്, കോങ്ങാട്, മലമ്പുഴ, പാലക്കാട്, ചിറ്റൂർ, നെന്മാറ, ആലത്തൂർ, തരൂർ എന്നിവയാണ്. ആകെ 125.614 കി. മീ.

(ബി) നെന്മാറ നിയോജകമണ്ഡലത്തിലെ പുതുനഗരം മുതൽ കൊല്ലങ്കോട് വരെ (8/414 കി.മീ)-ഉം കൊല്ലങ്കോട് മുതൽ എൻ.എസ്.എസ്. കോളേജിന് സമീപമുള്ള ജപമാല പള്ളി വരെ (13/900 കി.മീ.) ഉം ആകെ - 22.300 കി.മീ ദൂരമാണ് മലയോര ഹൈവേ കടന്നുപോകുന്നതിന് ഉദ്ദേശിക്കുന്നത്.

**ഒറ്റത്തവണ നവീകരിക്കൽ പദ്ധതി**

57 (1141) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് 'ഒറ്റത്തവണ നവീകരിക്കൽ'പദ്ധതിയിൽപ്പെടുത്തി റോഡുകൾ നവീകരിക്കുന്നതിന് പദ്ധതി തയ്യാറാക്കുന്നുണ്ടോ; എങ്കിൽ പദ്ധതിയുടെ പൂർണ്ണ വിവരം ലഭ്യമാക്കുമോ?

ഉത്തരം

2016-17 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതി പരിഗണിക്കുന്ന കാര്യത്തിൽ തീരുമാനമായിട്ടില്ല.

**ചാലക്കുടി മുനിസിപ്പൽ ജംഗ്ഷനിൽ അടിപ്പാത**

58 (1142) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മുനിസിപ്പൽ ജംഗ്ഷനിലെ ഗതാഗതപ്പെരുപ്പം കാരണം റോഡ് മുറിച്ച് കടക്കുന്നതിന് വിദ്യാർത്ഥികളും പൊതുജനങ്ങളും അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അതിനു പരിഹാരമായി അവിടെ ഒരു അടിപ്പാതയോ ഫ്ലൈ ഓവറോ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്ഥലം എം.എൽ.എ. ശ്രീ. ബി. ഡി. ദേവസ്സി 15-8-2016-ന് നൽകിയ ഇതുസംബന്ധിച്ച നിവേദനം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് നടപടികൾക്കായി അയച്ചുകൊടുത്തതിന്റെ ഫലമായി അവർ ഈ പദ്ധതി കണക്കിലെടുത്തിരുന്നു. ചാലക്കുടി മുനിസിപ്പൽ ജംഗ്ഷനിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനുവേണ്ടി ചാലക്കുടി കോടതി ജംഗ്ഷൻ കി.മീ. 295/950 അണ്ടർ പാസ്സേജ് നിർമ്മിക്കുന്നതിനുള്ള പദ്ധതി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഡിസൈൻ വർക്ക് പുരോഗമിക്കുന്നു.

## ചേർത്തല-തിരുവനന്തപുരം ദേശീയപാത നാലുവരിയാക്കൽ

59 (T*1143) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല-തിരുവനന്തപുരം ദേശീയപാത നാലുവരിയാക്കുന്ന പ്രവൃത്തി ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ; ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) കേന്ദ്ര സർക്കാർ ഇതിനായി തുക അനുവദിച്ചിട്ടുണ്ടോ;

(സി) ആറ്റിങ്ങൽ ബൈപ്പാസ് പദ്ധതിക്കായി സ്ഥലം കല്ലിട്ടുതിരിക്കൽ പൂർത്തീകരിച്ചിട്ടുള്ളതിനാൽ ദേശീയപാതയിൽ ആറ്റിങ്ങൽ പട്ടണത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി പ്രത്യേക പദ്ധതി ആരംഭിക്കുന്നതിന് തടസ്സമുണ്ടോ?

ഉത്തരം

(എ&ബി) ചേർത്തല-തിരുവനന്തപുരം ദേശീയപാത നാലുവരിയാക്കുന്ന പ്രവൃത്തി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ മുഖേനയാണ് നടപ്പിലാക്കുന്നത്. ഇതിലേയ്ക്കായി പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കുന്ന നടപടി പുരോഗമിച്ചുവരുന്നു. ചേർത്തല-കഴക്കൂട്ടം നാലുവരിയാക്കുന്നതിന്റെ അലൈൻമെന്റ് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് പൂർത്തീകരിച്ചാൽ മാത്രമേ തുക കണക്കാക്കാൻ കഴിയുകയുള്ളൂ.

(സി) ദേശീയപാത 47 നാലുവരിയായി വികസിപ്പിക്കുന്നതിന്റെ ഭാഗമായി വരുന്ന ആറ്റിങ്ങൽ ബൈപ്പാസ് പദ്ധതിക്കായി സ്ഥലം കല്ലിട്ടു തിരിച്ചെങ്കിലും ഭൂമി ഏറ്റെടുക്കാൻ സാധിക്കാത്തതിനാൽ പദ്ധതി നടത്തിപ്പിനുള്ള കാലതാമസം കണക്കിലെടുത്ത് ആറ്റിങ്ങൽ പട്ടണത്തിലെ നിലവിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി പൂവമ്പാറ മുതൽ മൂന്നുമുക്കുവരെയുള്ള 3 കി.മീറ്റർ ദൂരം നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് സംസ്ഥാന സർക്കാർ അനുമതി നൽകി കരാർ നൽകിയിട്ടുണ്ട്. ഫ്രീ സറണ്ടർ ആയി പൂർണ്ണമായും സ്ഥലം ലഭിക്കുന്ന മുറയ്ക്ക് പണികൾ ആരംഭിക്കുവാൻ കഴിയും.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

**അമ്പലപ്പുഴ-എടത്വ-ചക്കുളത്തുകാവ്-തിരുവല്ല റോഡ് നവീകരണം**

60 (1144) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ-എടത്വ-ചക്കുളത്തുകാവ്-തിരുവല്ല റോഡ് നവീകരണം വേഗം പൂർത്തീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) റോഡുകൾ ടാറിംഗ് പൂർത്തീകരിച്ചു കഴിഞ്ഞാൽ ഉടനെ കേബിൾ ഇടുന്നതിനായി വീണ്ടും കുത്തിപ്പൊളിക്കുന്നത് ഒഴിവാക്കാനും പ്ലാനിങ്ങോടുകൂടി ഇത്തരം ജോലികൾ നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) അമ്പലപ്പുഴ-എടത്വ-ചക്കുളത്തുകാവ്-തിരുവല്ല റോഡ് നവീകരണം വേഗം പൂർത്തീകരിക്കുന്നതിനായി കരാറുകാരനുമായി 16-1-2017-ൽ എഗ്രിമെന്റ് വച്ചിട്ടുണ്ട്. എന്നാൽ ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട് സർക്കാരിനെതിരെ മറ്റ് കരാറുകാർ ബഹു. ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്തിട്ടുണ്ട്.

(ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കാസർഗോഡ് പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസിലെ അഡീഷണൽ കെട്ടിടം**

61 (1145) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് പി. ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസിലെ അഡീഷണൽ കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവഹിച്ചത് എന്നാണെന്ന് അറിയിക്കാമോ;

(ബി) ഈ കെട്ടിടത്തിൽ എത്ര നിലകളുണ്ടെന്നും ഓരോ നിലയിലും എത്ര മുറികൾ ഉണ്ടെന്നും വ്യക്തമാക്കാമോ;

(സി) മുറികൾ ഇപ്പോൾ വാസയോഗ്യമാണോ; അല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) എത്ര രൂപ ചെലവഴിച്ചാണ് ഈ കെട്ടിടം നിർമ്മിച്ചതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 2016 ജനുവരി മാസം 18-ാം തീയതിയാണ് കാസർഗോഡ് റസ്റ്റ് ഹൗസിന്റെ അഡീഷണൽ കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത്.

(ബി) പ്രസ്തുത കെട്ടിടത്തിന് രണ്ട് നിലകളാണുള്ളത്. താഴത്തെ നിലയിൽ അഞ്ച് മുറികളും, ഒന്നാം നിലയിൽ മൂന്ന് മുറികളും ഒരു മീറ്റിംഗ് ഹാളുമാണുള്ളത്.

(സി) വാസയോഗ്യമായിട്ടില്ല. ഫർണിച്ചറിന്റെ അഭാവമാണ് പ്രധാന കാരണം. പ്രസ്തുത കെട്ടിടത്തിന് ഫർണിച്ചർ വാങ്ങുന്നതിലേയ്ക്കായി 8,24,000 രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. സർക്കാർ സ്ഥാപനമായ റബ്കോ ഇൻഡസ്ട്രീസിന് പർച്ചേസ് ഓർഡർ നൽകി ഫർണിച്ചറുകൾ വാങ്ങുവാനാണ് നടപടികൾ സ്വീകരിച്ചുവരുന്നത്. മുറികൾ വാസയോഗ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇക്കാര്യത്തിൽ കാലതാമസം വന്നതിനുള്ള കാരണങ്ങൾ പരിശോധിക്കുന്നതാണ്.

(ഡി) 82,11,132 രൂപ ചെലവഴിച്ചാണ് പ്രസ്തുത കെട്ടിടം പൂർത്തീകരിച്ചത്.

**ബാലുശ്ശേരി ഗവ. കോളേജിന്റെ നിർമ്മാണം**

62 (1146) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി ഗവ.കോളേജിന്റെ നിർമ്മാണ പ്രവൃത്തിയുടെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കോളേജിന്റെ ഡിസൈൻ പൂർണ്ണമായും തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണമറിയിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബാലുശ്ശേരി ഗവൺമെന്റ് കോളേജ് കെട്ടിടത്തിന്റെ നാല് ബ്ലോക്കുകളുടെ ഫൗണ്ടേഷന്റെയും ബ്ലോക്ക്-I ന്റെ ഒന്നാം നിലയുടെയും സ്ട്രക്ചറൽ ഡിസൈൻ, ഡിസൈൻ വിഭാഗം തയ്യാറാക്കിയതനുസരിച്ച് പണികൾ നടന്നുവരുന്നു. ഇപ്പോൾ നടക്കുന്ന പ്രവൃത്തികൾക്ക് ആവശ്യമായിട്ടുള്ള മറ്റ് ബ്ലോക്കുകളുടെയും (2,3,4) ഒന്നാം നിലയുടെ ഡിസൈൻ തയ്യാറാക്കിയിട്ടുണ്ട്.

## കോട്ടപ്പടി വലിയ വരമ്പ് ബൈപ്പാസ് സ്ഥലമെടുപ്പ്

63 (1147) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം കോട്ടപ്പടി വലിയ വരമ്പ് ബൈപ്പാസ് സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) സ്ഥലമുടമകൾക്ക് നഷ്ടപരിഹാര തുക എന്നത്തേക്ക് വിതരണം ചെയ്യാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ;

(സി) ബൈപ്പാസിനുള്ള സ്ഥലമെടുപ്പിൽ ഇനിയും സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടെങ്കിൽ അത് വെളിപ്പെടുത്തുമോ;

(ഡി) ബൈപ്പാസ് റോഡ് എന്നത്തേക്ക് തുറന്നുകൊടുക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) മലപ്പുറം കോട്ടപ്പടി വലിയ വരമ്പ് ബൈപ്പാസ് നിർമ്മാണത്തിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി 15-2-2017-ലെ സ.ഉ. (സാധാ) നമ്പർ 183/17/ പൊ.മ.വ. പ്രകാരം23.96 കോടി രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഭരണാനുമതി നൽകിയ തുകയ്ക്കുള്ള ഫണ്ട് ധനകാര്യ വകുപ്പിൽനിന്നും അനുവദിച്ച് റവന്യൂ വകുപ്പിന് കൈമാറുന്ന മുറയ്ക്ക് മാത്രമേ ഭൂവുടമകൾക്ക് നഷ്ടപരിഹാരം വിതരണം ചെയ്യുവാൻ സാധിക്കുകയുള്ളൂ.

(സി) ധനകാര്യ വകുപ്പിൽനിന്നും ഫണ്ട് ലഭ്യമായി പ്രസ്തുത തുക റവന്യൂ വകുപ്പിന് കൈമാറേണ്ടതുണ്ട്. പൂർണ്ണമായി ഭൂമി ലഭ്യമായതിനുശേഷം മാത്രമേ പൊതുമരാമത്ത് വകുപ്പിന് ബൈപ്പാസ് നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ. കൂടാതെ ടി സ്ഥലമേറ്റെടുക്കൽ നടപടികൾ ചോദ്യം ചെയ്ത് ശ്രീ. എ. വി. ബഷീർ, ശ്രീ. രവീന്ദ്രനാഥ് എന്നിവർ ബഹു. കേരള ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുള്ള WP(C) നമ്പർ 5056/2016 കേസിൽ അന്തിമ വിധി ആയിട്ടില്ല.

(ഡി) WP(C) നമ്പർ 5056/2016 കേസിൽ അന്തിമ വിധി വന്ന് റവന്യൂ വകുപ്പ് ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കേണ്ടതും, സ്ഥലം പൊതുമരാമത്ത് വകുപ്പിന് കൈമാറേണ്ടതുമാണ്. തുടർന്ന് ബൈപ്പാസ് നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി, ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ടെണ്ടർ ചെയ്ത് തുടർ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ഗതാഗതത്തിനായി തുറന്നുകൊടുക്കുവാൻ സാധിക്കുകയുള്ളൂ.

## കുന്ദമംഗലം മിനി സിവിൽ സ്റ്റേഷൻ

64 (1148) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം മിനി സിവിൽ സ്റ്റേഷന്റെ ഒന്നാംഘട്ട പ്രവൃത്തി പൂർത്തീകരിച്ചുവരുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രണ്ടാംഘട്ട പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) രണ്ടാംഘട്ട പ്രവൃത്തിയുടെ ഭരണാനുമതിക്ക് വേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

## പെരിങ്ങോം ഫയർ സ്റ്റേഷന് കെട്ടിടം

65 (1149) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരിങ്ങോം ഫയർ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി ലഭ്യമാണോ; വിശദമാക്കാമോ ;

(ബി) ഭൂമി ലഭ്യമാണെങ്കിൽ ഫയർ സ്റ്റേഷൻ കെട്ടിടം, ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) കെട്ടിട നിർമ്മാണം സംബന്ധിച്ച നടപടിക്രമങ്ങൾ ഏതുഘട്ടം വരെയായി എന്ന് വിശദമാക്കുമോ?

ഉത്തരം

(എ-സി) പെരിങ്ങോം ഫയർ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി ലഭ്യമാണ്. പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനായി 275 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ ഫയർ & റസ്ക്യൂ സർവ്വീസസ് കമാൻഡന്റ് ജനറലിന് സമർപ്പിച്ചിട്ടുണ്ട്. അവിടെനിന്ന് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കുന്നതാണ്.

## ബെഡിയടുക്ക-യേതടുക്ക-സുല്ല്യാപടവ് റോഡ്

66 (1150) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയെ കർണ്ണാടകവുമായി ബന്ധിപ്പിക്കുന്ന ബെഡിയടുക്ക-യേതടുക്ക-സുല്ല്യാപടവ് റോഡ് തകർന്ന് ഗതാഗതയോഗ്യമല്ലാതായ വസ്തുത ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡിന്റെ പുനർനിർമ്മാണത്തിനായി അടിയന്തരമായി ഫണ്ട് അനുവദിക്കുമോ?

ഉത്തരം

(എ&ബി) കാസർഗോഡ് ജില്ലയെ കർണ്ണാടകവുമായി ബന്ധിപ്പിക്കുന്ന ബെഡിയടുക്ക-യേതടുക്ക-സുല്ല്യാപടവ് റോഡ് തകർന്ന് ഗതാഗത യോഗ്യമല്ലാതായ വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത റോഡിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടില്ല. പുനരുദ്ധാരണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി നൽകുന്നതാണ്.

## ബാലുശ്ശേരി ബൈപ്പാസ്

67 (1151) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി മണ്ഡലത്തിലെ 'ബാലുശ്ശേരി ബൈപ്പാസി'ന്റെ അലൈൻമെന്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ബൈപ്പാസ് നിർമ്മാണത്തിന്റെ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കാമോ ;

(സി) ബൈപ്പാസ് നിർമ്മാണ പ്രവർത്തിയുടെ ഡി.പി.ആർ. സമർപ്പിക്കാൻ ഡിപ്പാർട്ട്മെന്റിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; എങ്കിൽ ആയത് വ്യക്തമാക്കുമോ?

ഉത്തരം

(എ) അലൈൻമെന്റ് തയ്യാറാക്കിയിട്ടില്ല.

(ബി) അലൈൻമെന്റ് തയ്യാറാക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ബൈപ്പാസ് നിർമ്മാണത്തിനായുള്ള ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയായാൽ മാത്രമേ ഡി.പി.ആർ. തയ്യാറാക്കാൻ കഴിയുകയുള്ളൂ.

## കോഴിക്കോട് ജില്ലയിലെ മൂരാട് പാലത്തിന്റെ പണി

68 (1152) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ വടകരയ്ക്ക് സമീപമുള്ള മൂരാട് പാലത്തിന്റെ പണിക്ക് എത്ര തുകയാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പാലത്തിന്റെ പണി അടിയന്തരമായി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) റിവൈസ്ഡ് ബഡ്ജറ്റ് സ്പീച്ച് 2016-17-ൽ 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) എൻ.എച്ച്. 17 നാലുവരിപ്പാതയാക്കുന്നതിന്റെ ഭാഗമായി ഡി.പി.ആർ. തയ്യാറാക്കുന്നതിൽ മൂരാട് പാലം ഉൾപ്പെടുത്തിയിട്ടുള്ളതായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ അറിയിച്ചിട്ടുണ്ട്.

## കാര്യംകോട് പുഴയ്ക്ക് കുറുകെയുള്ള പാലം

69 (1153) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ നാഷണൽ ഹൈവേയിൽ കാര്യംകോട് പുഴയ്ക്ക് കുറുകെ മയ്യിച്ചയിലുള്ള പാലം തകർച്ചയിലായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാലത്തിന്റെ പുനർനിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ദേശീയപാത 17-ൽ കാര്യംകോട് പുഴയ്ക്ക് കുറുകെ നിലവിലുള്ള പഴക്കം ചെന്ന മയ്യിച്ചയിലുള്ള പാലത്തിന് പകരമായി ഒരു പുതിയ പാലത്തിന്റെ നിർമ്മാണം നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിനുവേണ്ടി ദേശീയപാതാ അതോറിറ്റി തയ്യാറാക്കിയ ഡി.പി.ആർ.-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് ദേശീയപാതാ അതോറിറ്റി മുഖേന പ്രവൃത്തി നടപ്പിലാക്കാൻ കഴിയും.

**മാവേലിക്കര കണ്ടിയൂർ ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനം**

70 (1154) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര കണ്ടിയൂർ ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നാളിതുവരെ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തി ഈ സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) മാവേലിക്കര കണ്ടിയൂർ ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി രണ്ട് കോടി രൂപയുടെ ഭരണാനുമതിയും 2.30 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ ക്ഷണിച്ചെങ്കിലും കരാറുകാർ ആരുംതന്നെ പങ്കെടുക്കാതിരുന്നതിനാൽ ക്വട്ടേഷൻ സ്വീകരിക്കുകയും ചെയ്തു. എന്നാൽ ലഭിച്ച ക്വട്ടേഷൻ അധിക നിരക്കിലുള്ളതായതിനാൽ അംഗീകരിച്ചിട്ടില്ല.

(ബി) മാവേലിക്കര കണ്ടിയൂർ ബൈപ്പാസിന്റെ നിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഏറ്റവും കൂടുതൽ ഗ്രാവൽ ഉപയോഗിച്ചുള്ള നിരത്തലാണ്. കമ്പോള വിലയേക്കാൾ വളരെ കുറഞ്ഞ നിരക്കാണ് ഇതിന് എസ്റ്റിമേറ്റിലുണ്ടായിരുന്നത്. ഇതിന് പരിഹാരം കാണുന്നതിനായി വെള്ളക്കെട്ടുള്ള പ്രദേശങ്ങളിലും മണ്ണിന് ദൗർലഭ്യമുള്ള പ്രദേശങ്ങളിലും മണ്ണിന്റെ യഥാർത്ഥ വിലയോടൊപ്പം യഥാർത്ഥ കൺവെയൻസുംകൂടി ഉൾപ്പെടുത്തി യുക്തമായ നിരക്ക് നിശ്ചയിച്ച് രണ്ടാഴ്ചയ്ക്കകം സർക്കാരിൽ സമർപ്പിക്കുവാൻ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുപ്രകാരമുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**കാസർഗോഡ് മണ്ഡലത്തിലെ റോഡുകളുടെ പുനർനിർമ്മാണം**

71 (1155) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് മണ്ഡലത്തിലെ ചെർക്കള-കല്ലടുക്ക, ബദിയടുക്ക-എത്തടുക്ക-ചിന്നിങ്കാർ-ചൂളപദവ്, മുള്ളേരിയ-അർളപദവ് എന്നീ മൂന്ന് റോഡുകൾ പുനർനിർമ്മിക്കണമെന്ന് ആവശ്യപ്പെട്ട് ബദിയടുക്ക പി.ഡബ്ല്യു.ഡി. ഓഫീസിന് മുന്നിൽ ജനങ്ങൾ സത്യാഗ്രഹം നടത്തിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുവരെ ഇക്കാര്യത്തിൽ ഇടപെടാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത റോഡുകൾ എപ്പോഴാണ് പുനർനിർമ്മിക്കാൻ കഴിയുക എന്ന് വ്യക്തമാക്കാമോ; ഇതിന് വേണ്ട എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഭരണാനുമതിയും സാങ്കേതികാനുമതിയും എപ്പോഴാണ് ലഭ്യമാകുക; ഓരോ റോഡിന്റെയും എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പത്രവാർത്ത വഴി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സത്യഗ്രഹം നടത്തിവരുന്ന സമര സമിതിയുമായി ബന്ധപ്പെട്ടവരോട് ഈ റോഡുകളുടെ പുനർ നിർമ്മാണത്തിനായി എടുത്ത നടപടികളുടെ വിവരങ്ങൾ കാസർഗോഡ് നിരത്ത് വിഭാഗം ഡിവിഷൻ ഓഫീസിൽനിന്നും ധരിപ്പിച്ചിട്ടുണ്ട്.

(സി) ചെർക്കള-കല്ലടുക്ക റോഡിന് 1-11-2016-ലെ സ.ഉ.(സാധാ)നമ്പർ 1502/2016/പൊ.മ.വ. (ക്രമ നമ്പർ 35) പ്രകാരം 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിലേയ്ക്കുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ടെണ്ടർ നടപടി പൂർത്തിയാക്കി പുരോഗമിച്ചുവരുന്നു. ബദിയടുക്ക-എത്തടുക്ക-ചിന്നിങ്കാർ-ചൂളപദവ് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിക്ക് ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മുള്ളേരിയ-അർളപദവ് റോഡിന്റെ അടിയന്തര അറ്റകുറ്റപ്പണികൾക്കായി 5 ലക്ഷം രൂപയുടെ ഭരണാനുമതി 25-2-2017-ൽ എസ്.ടി.എഫ്-ൽ നൽകിയിട്ടുണ്ട്. പ്രസ്തുത റോഡ് ബി.എം.&ബി.സി. നിലവാരത്തിൽ ഉയർത്തുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ആയത് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

## കൊയിലാണ്ടി മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

72 (1156) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊയിലാണ്ടി മണ്ഡലത്തിൽ നടന്നുവരുന്ന വിവിധ പൊതുമരാമത്ത് പ്രവൃത്തികൾ (റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ മുതലായവ) ഏതെല്ലാം; ഓരോ പ്രവൃത്തിയുടെയും പുരോഗതി വ്യക്തമാക്കുമോ?

ഉത്തരം

ദേശിയപാത, നിരത്തുകളും പാലങ്ങളും വിഭാഗത്തിൻകീഴിൽ നടന്നുവരുന്ന പൊതുമരാമത്ത് പ്രവൃത്തികൾ അനുബന്ധം-I* ആയും കെട്ടിട വിഭാഗത്തിൻകീഴിൽ വരുന്ന പ്രവൃത്തികൾ അനുബന്ധം-II ആയും ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പത്തനാപുരം നിയോജകമണ്ഡലത്തിലെ മാക്കുളം പാലം നിർമ്മാണം

73 (1157) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനാപുരം നിയോജകമണ്ഡലത്തിൽ സ്ഥിതിചെയ്യുന്നതും കാലപ്പഴക്കം കൊണ്ട് അപകടാവസ്ഥയിലായതുമായ മാക്കുളം പാലം പുനർനിർമ്മിക്കുന്നതിനുള്ള നടപടി ഇപ്പോൾ ഏതു ഘട്ടം വരെയെത്തി; വിശദമാക്കുമോ;

(ബി) പ്രസ്തുത പാലം പുനർ നിർമ്മിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) 14-2-2017-ലെ ജി.ഒ. (ആർറ്റി.) 179/2017/പൊ.മ.വ. ഉത്തരവ് പ്രകാരം ടി പാലത്തിന്റെ പുനർനിർമ്മാണത്തിനായി 231.20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## സാംസ്കാരിക വിനോദ കേന്ദ്രത്തിന്റെ പുരോഗതി

74 (1158) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം അസംബ്ലി മണ്ഡലത്തിൽ കൃഷ്ണപുരത്ത് പണിതുകൊണ്ടിരിക്കുന്ന സാംസ്കാരിക വിനോദ കേന്ദ്രത്തിന്റെ പുരോഗതി എന്തായെന്നും ഇനിയും ഇവിടെ പൂർത്തീകരിക്കപ്പെടാനുള്ള പ്രവൃത്തികൾ ഏതൊക്കെയെന്നും എന്നത്തേക്ക് ഈ പദ്ധതി നാടിന് സമർപ്പിക്കാൻ കഴിയുമെന്നും വിശദമാക്കാമോ;

(ബി) സാംസ്കാരിക വിനോദ കേന്ദ്രത്തിന് ചുറ്റുമതിൽ സ്ഥാപിച്ച് സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) കായംകുളം അസംബ്ലി മണ്ഡലത്തിൽ കൃഷ്ണപുരത്ത് പണിതുകൊണ്ടിരിക്കുന്ന സാംസ്കാരിക വിനോദ കേന്ദ്രത്തിന്റെ പൂർത്തീകരണം, എഗ്രിമെന്റ് കാലാവധിയായ 12-5-2017-നുള്ളിൽ പൂർത്തീകരിക്കത്തക്ക രീതിയിൽ പ്രവൃത്തികൾ പുരോഗമിക്കുന്നു. കെട്ടിടങ്ങളുടെയും ലാന്റ് സ്കേപ്പിംഗ് മുതലായ അനുബന്ധ പണികളുടെയും നിർമ്മാണം അവസാനഘട്ടത്തിലാണ്. ശിൽപ്പ നിർമ്മാണത്തിനും പെഡൽ ബോട്ടിനും

ക്വട്ടേഷൻ ക്ഷണിക്കേണ്ടതുണ്ട്. ശിൽപ്പ നിർമ്മാണത്തെ സംബന്ധിച്ച് ഫൈൻ ആർട്സ് കോളേജിലെ സബ്ജക്ട് വിദഗ്ദ്ധരുമായി ചർച്ച ചെയ്ത് ഉചിതമായ തീരുമാനം എടുക്കുന്നതിന് സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഭരണ വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## ആര്യങ്കാവ്-കവളപ്പാറ-കാരക്കാട് റോഡിന്റെ ശോച്യാവസ്ഥ

75 (1159) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുനത്തുറയിൽ നിന്നും ആര്യങ്കാവ്-കവളപ്പാറ-കാരക്കാട് വഴി ഷൊർണ്ണൂർ പൊതുവാൾ ജംഗ്ഷനിലെത്തുന്ന റോഡിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത റോഡ് ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത റോഡിന്റെ വീതി കൂട്ടുന്നതിനായി കേരള വാട്ടർ അതോറിറ്റിയുടെ ശുദ്ധജല വിതരണ കുഴൽ മാറ്റിയിടേണ്ടതുണ്ട്. പ്രസ്തുത പ്രവൃത്തി പൂർത്തിയായി. റോഡ് അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകുന്നതാണ്.

## ഇരിക്കൂർ-ബ്ലാത്തൂർ റോഡ്

76 (1160) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരിക്കൂർ-ബ്ലാത്തൂർ റോഡ് കിഫ്ബി പദ്ധതിയിലോ സി.ആർ.എഫ്. പദ്ധതിയിലോ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) സി.ആർ.എഫ്.-ൽ ഉൾപ്പെടുത്തിയെങ്കിൽ എത്ര കോടിരൂപയാണ് എസ്റ്റിമേറ്റ് തുക;

(സി) ഈ പ്രവൃത്തി ടെണ്ടർ ചെയ്തോ; ഇല്ലെങ്കിൽ എന്താണ് കാലതാമസമെന്ന് അറിയിക്കുമോ;

(ഡി) പൂർണ്ണമായും ഗതാഗത യോഗ്യമല്ലാത്ത ഈ റോഡിലെ ആദ്യ ഭാഗത്തിന്റെ അടിയന്തര റിപ്പയറിംഗിനായി 25 ലക്ഷം രൂപയുടെ രണ്ട് എസ്റ്റിമേറ്റുകൾ അംഗീകരിച്ചിരുന്നോ; ഇതു പ്രകാരം പ്രവൃത്തി ആരംഭിക്കാതിരിക്കാൻ കാരണം വിശദമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത പ്രവൃത്തി സി.ആർ.എഫ്. സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) 21 കോടി രൂപയാണ് എസ്റ്റിമേറ്റ് തുക.

(സി) ഈ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്.

(ഡി) 2015-16 സാമ്പത്തിക വർഷത്തിൽ പ്രസ്തുത റോഡിന്റെ പ്രാരംഭ അറ്റകുറ്റപ്പണിക്കായി 25 ലക്ഷം രൂപയുടെ രണ്ട് പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചിരുന്നുവെങ്കിലും ഫണ്ടിന്റെ ലഭ്യതക്കുറവുമൂലം ഭരണാനുമതി നൽകിയില്ല.

**കഴക്കൂട്ടം-കേശവദാസപുരം ദേശീയപാത**

77 (1161) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴക്കൂട്ടം-കേശവദാസപുരം ദേശീയപാത നാലു വരിയായി വികസിപ്പിക്കുന്ന പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ടോ; എത്ര മീറ്റർ വീതിയിലാണ് റോഡ് വികസിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇതിനായി എത്ര ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടി വരുമെന്നും എത്ര കോടി രൂപ വേണ്ടിവരുമെന്നും വിശദമാക്കാമോ;

(ബി) ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കഴക്കൂട്ടം-കേശവദാസപുരം ദേശീയപാത നാലുവരിയായി വികസിപ്പിക്കുന്ന പദ്ധതിക്ക് M/s. NATPAC തയ്യാറാക്കിയ വിശദമായ പ്രോജക്ടിന് അംഗീകാരം നൽകിയിട്ടുണ്ട്. തിരുവനന്തപുരം ലൈറ്റ് മെട്രോ പ്രോജക്ടിന്റെ ഭാഗമായി 24 മീറ്റർ വീതിയിലാണ് റോഡ് വികസിപ്പിക്കുന്നത്. ഇതിനായി 6.7543 ഹെക്ടർ സ്വകാര്യഭൂമി ഏറ്റെടുക്കുന്നതിന് 16-1-2017-ലെ ജി.ഒ.(ആർറ്റി.) നമ്പർ 79/2017/പൊ.മ.വ. പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ലൈറ്റ് മെട്രോ പ്രോജക്ടിന്റെ ഭാഗമായി ഇത് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനാണ് വിഭാവന ചെയ്തിട്ടുള്ളത്.

**വൈപ്പിൻ-പള്ളിപ്പുറം തീരദേശപാതയുടെ നിർമ്മാണം**

78 (1162) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈപ്പിൻ-പള്ളിപ്പുറം തീരദേശപാതയുടെ നിർമ്മാണത്തിനായി സംസ്ഥാന ബജറ്റിൽ എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വൈപ്പിൻ-പള്ളിപ്പുറം പാതയുടെ സമാന്തര പാതയ്ക്ക് KIIFB മുഖേന ഫണ്ട് ലഭ്യമാക്കുന്നതിനായി 1-11-2016-ലെ സ.ഉ.(സാധാ) നമ്പർ 1502/2016/പൊ.മ.വ. പ്രകാരം 75 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ടി പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ നടപടിക്രമങ്ങൾ നടന്നുവരുന്നു. ഇൻവെസ്റ്റിഗേഷൻ പൂർത്തിയാകുന്ന മുറയ്ക്ക് സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കേരളാ റോഡ് ഫണ്ട് ബോർഡ് മുഖാന്തരം വിശദമായ പ്രോജക്ട് റിപ്പോർട്ട് KIIFB-യുടെ അംഗീകാരത്തിനായി സമർപ്പിക്കുവാൻ കഴിയുന്നതാണ്.

(സി) മേൽ നടപടിക്രമങ്ങൾ പൂർത്തിയാകുന്നമുറയ്ക്ക് മാത്രമേ ടെണ്ടർ ചെയ്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

**ഞാറയ്ക്കൽ വലിയവട്ടം ദ്വീപിലെ നിർമ്മാണ പ്രവൃത്തികൾ**

79 (1163) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഞാറയ്ക്കൽ വലിയവട്ടം ദ്വീപിൽ ജിഡ ഫണ്ട് ഉപയോഗിച്ച് പൊതുമരാമത്ത് വകുപ്പിനുകീഴിൽ നടന്നുവരുന്ന റോഡ്, കലുങ്ക് മുതലായ നിർമ്മാണപ്രവൃത്തികൾ തടസ്സപ്പെട്ടുകിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) എഗ്രിമെന്റ് പ്രകാരം പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിനുള്ള കാലാവധി അവസാനിക്കുന്നത് എന്നാണെന്ന് വ്യക്തമാക്കാമോ ;

(സി) ഇതിന് കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടെങ്കിൽ എത്ര നാളെന്നും എന്തൊക്കെ കാരണത്താലെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇപ്പോൾ നിർമ്മാണ പ്രവൃത്തികൾക്കുള്ള തടസ്സം മാറിയിട്ടുണ്ട്. രണ്ടാമത്തെ കൾവർട്ടിന്റെ wing wall നിർമ്മാണപ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

(ബി) കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലാവധി 29-5-2016-വരെ ആയിരുന്നു.

(സി) ആദ്യം 28-9-2016 വരെയും തുടർന്ന് 31-3-2017 വരെയും രണ്ട് തവണ കാലാവധി നീട്ടികിട്ടുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട്. സൈറ്റ് മണ്ണിട്ട് നികത്തുന്നതിന് സഹായിക്കുന്ന റോഡ് നാട്ടുകാരുടെ ഭാഗത്തുനിന്ന് തടസ്സപ്പെടുത്തിയതിനാലാണ് കാലാവധിക്കുള്ളിൽ പണി തീർക്കാൻ സാധിക്കാത്തത്.

## പള്ളിപ്പുറം കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണം

80 (1164) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പള്ളിപ്പുറം കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണത്തിനായി എത്ര തുകയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ;

(സി) ഈ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാനാകുമെന്നും എഗ്രിമെന്റ് കാലാവധി എന്ന് അവസാനിക്കുമെന്നും വിശദമാക്കാമോ?

### ഉത്തരം

(എ) പള്ളിപ്പുറം കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണത്തിന് 1690 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്.

(ബി) നിലവിൽ തടസ്സങ്ങൾ ഒന്നുമില്ല. പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) 7-12-2016-ൽ സൈറ്റ് കരാറുകാരന് കൈമാറിയിട്ടുണ്ട്. ഈ പ്രവൃത്തി ഉടൻ ആരംഭിക്കാൻ കഴിയും. എഗ്രിമെന്റ് തീയതി 29-11-2016. എഗ്രിമെന്റ് കാലാവധി (18 മാസം) 28-5-2018-ൽ അവസാനിക്കും.

## ആഞ്ഞിലിമൂട് പാലത്തിന്റെ വടക്കുഭാഗത്തെ റോഡ് നിർമ്മാണം

81 (1165) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഹരിപ്പാട് നിയോജകമണ്ഡലത്തിലെ പള്ളിപ്പാട് ആഞ്ഞിലിമൂട് പാലത്തിന്റെ വടക്കോട്ടുള്ള റോഡിന്റെ പണി അടിയന്തരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

ഹരിപ്പാട് നിയോജകമണ്ഡലത്തിലെ പള്ളിപ്പാട് ആഞ്ഞിലിമൂട് പാലത്തിന്റെ വടക്കോട്ടുള്ള വൈപ്പിൻകാട് പാടശേഖരം-ട്രാക്ടർ ബണ്ട് റോഡിന്റെ പുനരുദ്ധാരണ ത്തിനുള്ള എസ്റ്റിമേറ്റ് എം.എൽ.എ.-എ.ഡി.എസ്.-ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

## നെടുമങ്ങാട് മണ്ഡലത്തിൽ എസ്.എൽ.റ്റി.എഫ്. പദ്ധതി

82 (1166) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ 2016-17 കാലഘട്ടത്തിൽ എസ്.എൽ.റ്റി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര തുക ഏതെല്ലാം പ്രവൃത്തികൾക്ക് അനുവദിച്ചു എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ 2016-17 കാലഘട്ടത്തിൽ എസ്.എൽ.റ്റി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തിയ 25 പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## വെഞ്ഞാറമൂട്-ആറ്റിങ്ങൽ റോഡ്

83 (1167) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെഞ്ഞാറമൂട്-ആറ്റിങ്ങൽ റോഡ് ദേശീയപാതയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ദേശീയപാതയായി അംഗീകരിക്കുന്നതിനു വേണ്ട മാനദണ്ഡങ്ങൾ എന്തൊക്കെയാണ്?

### ഉത്തരം

(എ) വെഞ്ഞാറമൂട്-ആറ്റിങ്ങൽ റോഡ് ദേശീയപാതയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) പ്രസ്തുത റോഡ് ദേശീയപാതയിൽ ഉൾപ്പെടുത്തുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) ദേശീയപാതയായി അംഗീകരിക്കുന്നതിനുള്ള കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പൊതുമരാമത്ത് വകുപ്പിന് കീഴിലെ ഡിവിഷനുകൾ

84 (1168) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിന് കീഴിൽ ഒരു നിയോജക മണ്ഡലത്തിൽ തന്നെ രണ്ടും മൂന്നും ഡിവിഷനുകൾ ഉൾപ്പെടുന്നതിനാൽ ജനപ്രതിനിധികൾക്കും മറ്റും ഉണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏറനാട് മണ്ഡലം നിലവിൽ എത്ര ഡിവിഷനുകളുടെ കീഴിലാണ് വരുന്നത് ; വ്യക്തമാക്കുമോ; പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നതിനും അതിന് മുന്നോടിയായിട്ടുള്ള മറ്റ് നടപടി ക്രമങ്ങൾക്കും വളരെയധികം പ്രയാസമുണ്ടാകുന്നതിനാൽ ഒരു നിയോജക മണ്ഡലം ഒരു ഡിവിഷന് കീഴിൽ ആക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഏറനാട് മണ്ഡലത്തിലെ റോഡുകൾ മഞ്ചേരി റോഡ്സ് ഡിവിഷൻ, കെട്ടിടങ്ങൾ മലപ്പുറം ബിൽഡിംഗ്സ് ഡിവിഷൻ, നാഷണൽ ഹൈവേ റോഡുകൾ മലപ്പുറം നാഷണൽ ഹൈവേ ഡിവിഷൻ എന്നിവയുടെ കീഴിലാണ് പ്രവർത്തിച്ചു വരുന്നത്. ഒരു നിയോജകമണ്ഡലം ഒരു ഡിവിഷനുകീഴിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## പൊതുമരാമത്ത് വകുപ്പിലെ പ്രതിമാസ പുരോഗതി റിപ്പോർട്ട്

85 (1169) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് ജില്ലയിൽനിന്ന് പൊതുമരാമത്ത് വകുപ്പിലെ കെട്ടിടം, റോഡുകളും പാലങ്ങളും, ഇലക്ട്രിക്കൽ എന്നീ ജില്ലാതല ഓഫീസുകളിൽനിന്നും 2017 ജനുവരിയിൽ അയച്ച പ്രതിമാസ പുരോഗതി റിപ്പോർട്ടിന്റെ പകർപ്പ് (നിയോജക മണ്ഡലം അടിസ്ഥാനത്തിൽ) ലഭ്യമാക്കുമോ?

### ഉത്തരം

പ്രതിമാസ പുരോഗതി റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പാലത്തിന്റെ അപ്രോച്ച് റോഡിന് ഭൂമി

86 (1170) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ കണ്ണങ്കാട്ട്-ഐലൻറ് പാലത്തിൻെറ നിർമ്മാണ പ്രവർത്തനത്തിൻെറ നിജസ്ഥിതി വിശദമാക്കാമോ;

(ബി) എത്ര സെൻറ് ഭൂമിയാണ് അപ്രോച്ച് റോഡിനായി ഏറ്റെടുക്കേണ്ടതായിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) പാലത്തിൻെറ അപ്രോച്ച് റോഡിന് ഭൂമി ഏറ്റെടുക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) ജില്ലാ കളക്ടർ തലത്തിൽ നെഗോസിയേഷൻ പർച്ചേസ് നടപടികൾ പൂർത്തീകരിച്ചോ; സ്ഥലം ഉടമകൾ സ്ഥലവില അംഗീകരിച്ച് സമ്മതപത്രം നല്കിയോ; ആരെല്ലാമാണ് സമ്മതപത്രം ലഭ്യമാക്കേണ്ടതായിട്ടുള്ളത്; ജില്ലാതലത്തിൽ അംഗീകരിച്ചിട്ടുള്ള വിലയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) സ്ഥലമുടമകൾക്ക് നഷ്ടപരിഹാരം നല്കി സ്ഥലം ഏറ്റെടുത്ത് അപ്രോച്ച് റോഡിൻെറ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി പൂർത്തീകരിക്കേണ്ട നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലവിൽ ബ്രിഡ്ജ് വർക്ക് പൂർത്തിയായിട്ടുണ്ട്. തേവര ഭാഗത്ത് അപ്രോച്ച് റോഡ് പൂർത്തിയാക്കിയിട്ടുള്ളതും കണ്ണങ്കാട്ട് ഭാഗത്ത് റോഡ് നിർമ്മാണം ആരംഭിച്ചിട്ടുള്ളതും ആണ്.

(ബി) 77.392 സെന്റ്

(സി) ഡിസ്ട്രിക്ട് ലെവൽ ഫെയർ വാല്യൂ കമ്മിറ്റി ചേർന്ന് സ്ഥലവില അംഗീകരിച്ച് 2.83 കോടി രൂപ മതിപ്പ് വരുന്ന സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ നടന്നുവരുന്നു.

(ഡി) ജില്ലാ കളക്ടർ തലത്തിൽ നെഗോസിയേഷൻ നടപടികൾ പൂർത്തീകരിച്ചു. രണ്ടുപേർ സമ്മതപത്രം നൽകിയിട്ടുണ്ട്.

1. ആർ.എഫ്. മംഗൾ -S/o. സുന്ദരംസ്
2. സി.കെ. ജിനൻ -S/o. കേശവൻ
3. റിഷി.

എന്നീ മൂന്നുപേർ സമ്മതപത്രം നൽകേണ്ടതുണ്ട്. ഡി.എൽ.എഫ്.സി. അംഗീകരിച്ച തുക താഴെപ്പറയുന്നു :

| | | |
|---|---|---|
| പുരയിടത്തിന് സെന്റിന് | - | 600715 രൂപ |
| നിലം നികത്തിയ പുരയിടത്തിന് | - | 298883 രൂപ |
| നിലത്തിന് | - | 239109 രൂപ |

(ഇ) 2.83 കോടി രൂപയുടെള്ള ലെറ്റർ ഓഫ് ക്രെഡിറ്റിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു. ആയതിന് സർക്കാർ അംഗീകാരം നൽകുന്ന മുറയ്ക്ക് റവന്യൂ വകുപ്പിന് തുക കൈമാറി സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തികൾ സ്വീകരിക്കുന്നതാണ്.

**അസിസ്റ്റന്റ് എഞ്ചിനീയർ നിയമനം**

87 (1171) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ നിയോജക മണ്ഡലത്തിലെ പൊതുമരാമത്ത് റോഡ്സ് സെക്ഷനിലും ബിൽഡിംഗ്സ് സെക്ഷനിലും അസിസ്റ്റന്റ് എഞ്ചിനീയർമാർ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ കൂടുതൽ മരാമത്തു പണികൾ നടക്കുന്നതിനാൽ പ്രസ്തുത സ്ഥാപനങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരെ എപ്പോൾ നിയമിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ ഉദ്യോഗാർത്ഥികളെ നിയമനത്തിനായി ശിപാർശ ചെയ്തിട്ടില്ല. അതിനുമുമ്പ് സ്ഥലംമാറ്റം മുഖേന നിയമിക്കാൻ സാധിക്കുമോയെന്ന കാര്യവും പരിശോധിക്കുന്നുണ്ട്. പി.എസ്.സി. ഉടൻതന്നെ ഇരുനൂറിലേറെ ഒഴിവുകളിലേയ്ക്ക് നിയമന ഉപദേശം ഒരു മാസത്തിനകം നൽകുമെന്ന് ബഹുമാനപ്പെട്ട ചെയർമാൻ തന്നെ വകുപ്പുമന്ത്രിയെ അറിയിച്ചിട്ടുണ്ട്.

## പൊതുമരാമത്ത് വകുപ്പിനുള്ള പദ്ധതികൾ

88 (1172) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-17 വർഷത്തെ ബഡ്ജറ്റിൽ കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് വകയിരുത്തിയ പദ്ധതികളുടെ പേരും ഓരോ പദ്ധതികളുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളും വിശദമാക്കുമോ;

(ബി) ഏതെങ്കിലും പദ്ധതികളിൽ നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ പദ്ധതിയുടെ പേരും നടപടി സ്വീകരിക്കാത്തതിന്റെ കാരണവും വിശദമാക്കുമോ ?

ഉത്തരം

(എ) നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ 2016-17 വർഷത്തെ ബഡ്ജറ്റിൽ കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് വകയിരുത്തിയ പദ്ധതികളുടെ പേരും, ഓരോ പദ്ധതികളുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളുടെ പട്ടികയും അനുബന്ധം 1* ആയും കെട്ടിടവിഭാഗത്തിന്റെ വിശദാംശങ്ങൾ അനുബന്ധം 2 ആയും ചേർത്തിരിക്കുന്നു.*

(ബി) നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള മറ്റ് പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കുന്നതിനുള്ള എസ്റ്റിമേറ്റുകൾ സർക്കാരിലേക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കെട്ടിടവിഭാഗത്തിൽ നടപടി സ്വീകരിക്കാൻ താമസം നേരിടുന്ന പദ്ധതികളുടെ പേരും ഓരോ പദ്ധതികളുടെ കാരണങ്ങളും അടങ്ങിയ പട്ടിക അനുബന്ധം 3 ആയും ചേർത്തിരിക്കുന്നു.*

## പൊതുമരാമത്ത് വകുപ്പുകൾക്ക് പ്രവൃത്തി ആരംഭിക്കാൻ കഴിയാത്ത സാഹചര്യം

89 (1173) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പദ്ധതിയുടെ പ്രാധാന്യവും വർഷങ്ങളായുള്ള ജനങ്ങളുടെ അഭ്യർത്ഥനയും മാനിച്ച് പൊതുമരാമത്ത് വകുപ്പ് ചില പ്രവൃത്തികൾക്ക് ഭരണാനുമതിയും ബജറ്റിൽ തുകയും വകയിരുത്തുമ്പോഴും സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ആരംഭിക്കാൻ കഴിയാത്ത സാഹചര്യം ഉള്ളതായി പരിശോധിച്ചിട്ടുണ്ടോ ;

(ബി) കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി ബൈപ്പാസ് നിർമ്മാണത്തിന് ഭരണാനുമതിയും ബജറ്റിൽ പത്ത് കോടി രൂപയും വയിരുത്തിയിട്ടും പ്രവൃത്തി ഇനിയും ആരംഭിക്കാത്ത കാര്യം പരിശോധിച്ചിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പ്രസ്തുത ബൈപ്പാസിന്റെ കുറെ ഭാഗം നെൽപാടങ്ങളിലൂടെ കടന്നുപോകുന്നതാണ് പദ്ധതിക്ക് തടസ്സമായി നിൽക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ തടസ്സപ്പെട്ടു നിൽക്കുന്ന കുറ്റ്യാടി ബൈപ്പാസ് നിർമ്മാണം ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു ;പദ്ധതി പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാനാകും എന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ-സി) ഉണ്ട്.

(ഡി) നെൽവയൽ തണ്ണീർത്തട നിരീക്ഷണ സമിതി സ്ഥലം പരിശോധന നടത്തിയിട്ടുണ്ട്. ബ്ലോക്ക് നമ്പർ 125-ൽ ഉൾപ്പെട്ട 3, 4, 5 എന്നീ നമ്പരുകളിലായി സൂചിപ്പിച്ച പ്രദേശം നിലവിലുള്ള തണ്ണീർത്തട ഡാറ്റാബാങ്കിൽ ഉൾപ്പെട്ട സ്ഥലങ്ങളാണെന്ന് മനസ്സിലാക്കുവാൻ കഴിഞ്ഞു. എന്നാൽ ഈ പ്രദേശങ്ങളിൽ കഴിഞ്ഞ 20 വർഷത്തിനും 30 വർഷത്തിനും ഇടയിൽ പ്രായമുള്ള തെങ്ങുകളും കവുങ്ങുകളും കൃഷി ചെയ്തുവരുന്നതായും 2008-നുമുമ്പ് നികത്തിയ സ്ഥലമാണെന്നും സമിതിക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് ഇനി ബയോഡൈവേഴ്സിറ്റി ബോർഡിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചതിനുശേഷം മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

**ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പള്ളിക്കാമണ്ണടി പാലവും അപ്രോച്ച് റോഡും**

90 (1174) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പള്ളിക്കാമണ്ണടി പാലവും അപ്രോച്ച് റോഡും നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലമെടുപ്പ് നടപടികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) ഏറ്റെടുത്ത മുഴുവൻ സ്ഥലങ്ങളും നികത്തുന്നതിനുള്ള അംഗീകാരം ഇതിനകം ലഭിച്ചിട്ടുണ്ടോ;

(സി) സ്ഥലമേറ്റെടുപ്പ് പൂർത്തിയാക്കുന്നതിനും പാലം പണി ആരംഭിക്കുന്നതിനും അവശേഷിക്കുന്ന തടസ്സങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) പള്ളിക്കാമണ്ണടി പാലം നിർമ്മാണത്തിനായി Stimulus Package Budget 2009-ൽ ഉൾപ്പെടുത്തി 315 ലക്ഷം രൂപയുടെ ഭരണാനുമതി 14-8-2009-ലെ ജി.ഒ.(ആർറ്റി.) നമ്പർ. 1185/09/PWD ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. സർവ്വേയും മണ്ണുപരിശോധനയും നടത്തിയിരുന്നു. അതിൻപ്രകാരം ജനറൽ ഡിസൈൻ തയ്യാറാക്കിയിട്ടുണ്ട്. പാലത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനായി അതിർത്തി നിർണ്ണയിച്ച് കല്ലുകൾ സ്ഥാപിച്ചു. സ്ഥലം ഉൾപ്പെട്ട നിലം നികത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ പുനർ സർവ്വേയിൽ കുറേ നിലം കൂടി അതിർത്തി കല്ലിൽ ഉൾപ്പെട്ടിട്ടുള്ളതായി റവന്യൂ അധികൃതർ അറിയിച്ചു. അതിന്റെ അടിസ്ഥാനത്തിൽ കൃഷി വകുപ്പിന്റെ അനുമതി തേടിയിരിക്കുകയാണ്.

**റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി നടപടി**

91 (1175) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. പി. വി. അൻവർ :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പൊതുമരാമത്ത് റോഡുകൾ അനധികൃതമായി കയ്യേറി കച്ചവടം നടത്തിവരുന്നത് റോഡ് സുരക്ഷയ്ക്ക് തന്നെ ഭീഷണിയാണെന്ന വസ്തുത ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഇപ്രകാരമുള്ള കയ്യേറ്റങ്ങൾ യഥാസമയം കണ്ടെത്തുന്നതിനും അവ ഒഴിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് റോഡുകളെ അപകടരഹിതമാക്കുന്നതിനും സുരക്ഷ വർദ്ധിപ്പിക്കുന്നതിനുമായി കേരളത്തിലുടനീളമുള്ള എല്ലാ റോഡുകളുടെയും സുരക്ഷ ഉറപ്പുവരുത്തുന്നതിനായി പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതി പദ്ധതിയേതര ഫണ്ട് ഉപയോഗിച്ച് അപകട സാധ്യതാ മേഖലകളിൽ റോഡ് സുരക്ഷാ സംവിധാനങ്ങൾ സ്ഥാപിച്ചുവരുന്നു. ഇതോടൊപ്പം പുതുതായി കേരളത്തിലുടനീളം 355 അതീവ അപകടമേഖലകൾ (ബ്ലാക്ക് സ്പോട്ട്) കണ്ടെത്തുകയും അവ നിവാരണം ചെയ്യുവാനുള്ള

പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. കൂടാതെ റോഡ് സുരക്ഷിതത്വത്തിനായി നിലവിൽ കേരള റോഡ് സുരക്ഷ അതോറിറ്റിയുമായി ചേർന്ന് പൊതുമരാമത്ത്, മോട്ടോർ വാഹനം, ആഭ്യന്തരം, ആരോഗ്യം, വിദ്യാഭ്യാസം എന്നീ വകുപ്പുകൾ ഏകോപിപ്പിച്ച് പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ദേശീയപാതകളിൽ തുടർച്ചയായി അപകടം നടക്കുന്ന സ്ഥലങ്ങൾ ബ്ലാക്ക് സ്പോട്ട് ആയി കണ്ടുകൊണ്ട് പഠനം നടത്തി റോഡ് സുരക്ഷാ പ്രവൃത്തികൾ നടത്തിവരുന്നു. റമ്പിൾ സ്ട്രിപ്പ്, ബ്ലിങ്കേഴ്സ് ലൈറ്റ്, ആവശ്യമായ മുന്നറിയിപ്പ് ബോർഡുകൾ മുതലായവ സ്ഥാപിക്കാറുണ്ട്. റോഡ് സേഫ്റ്റി ഓഡിറ്റ് നടത്തി അതിനനുസരിച്ച് ട്രാഫിക് സേഫ്റ്റി എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. സമയാസമയങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തി സുരക്ഷിതമാക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിതയാത്ര ഉറപ്പാക്കുന്നതിന് കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ബാധകമാക്കിയും ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ഹൈവേ അതോറിറ്റിയായി നിയമിച്ചും ഉത്തരവായിട്ടുണ്ട്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 3-9-2016-ലെ സ.ഉ.(കൈ) നമ്പർ 63/2016/ പൊ.മ.വ. പ്രകാരം സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിനും കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിതമായ യാത്ര സാധ്യമാക്കുന്നതിനും വേണ്ടി കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം സംസ്ഥാനത്തെ നാഷണൽ ഹൈവേയും സ്റ്റേറ്റ് ഹൈവേയും പ്രധാന ജില്ലാ റോഡുകളും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ 3) പ്രകാരമുള്ള ഹൈവേയായി പ്രഖ്യാപിച്ച് സംരക്ഷിച്ചുകൊണ്ടും ടി കാര്യങ്ങളുടെ നിരീക്ഷണത്തിനായി എൻ.എച്ച്-ന്റെ പരിധിയിൽ വരുന്ന റോഡുകളുടെ അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (എൻ.എച്ച്.)-നേയും, സ്റ്റേറ്റ് ഹൈവേയുടെയും പ്രധാനപ്പെട്ട ജില്ലാ റോഡുകളുടെയും അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (ആർ&ബി.)-യേയും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ 4) പ്രകാരം നിയമിച്ചും ഉത്തരവായിട്ടുണ്ട്. ടി ഉത്തരവുകൾ കർശനമായി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നൽകിയിട്ടുണ്ട്.

### ചെങ്ങന്നൂർ-പന്തളം കെ.എസ്.റ്റി.പി. റോഡിലെ അപകട നിയന്ത്രണം

92 (1176) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ ചെങ്ങന്നൂർ-പന്തളം കെ.എസ്.റ്റി.പി. റോഡിൽ ആഞ്ഞിലിച്ചുവട് ജംഗ്ഷനിൽ അപകടങ്ങൾ പതിവാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആഞ്ഞിലിച്ചുവട് ജംഗ്ഷനിലെ അപകടങ്ങൾ ഒഴിവാക്കാൻ പ്രതിരോധ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ; ഇല്ലെങ്കിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) എം.സി. റോഡിൽ ചെങ്ങന്നൂർ ആഞ്ഞിലിച്ചുവട് ഭാഗത്ത് വളവും ബൈറോഡുകളും ഉള്ളതിനാൽ അപകടസാധ്യത കൂടുതലാണെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ബി) ആഞ്ഞിലിച്ചുവട് ജംഗ്ഷനിൽ അപകടം ഒഴിവാക്കുന്നതിനായി നോൺ ഓവർടേക്കിംഗ് ഡബിൾ സെന്റർ ലൈൻ സുരക്ഷാക്രമീകരണങ്ങൾ ചെയ്യുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു.

**പയ്യന്നൂരിൽ കോടതി സമുച്ചയം**

93 (1177) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യന്നൂരിൽ കോടതി സമുച്ചയം നിർമ്മിക്കുന്നതിന് ഭൂമി ലഭ്യമാണോ എന്ന് വിശദമാക്കാമോ;

(ബി) ഭൂമി ലഭ്യമാണെങ്കിൽ പ്രസ്തുത നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) കോടതി സമുച്ചയ നിർമ്മാണം സംബന്ധിച്ച നടപടിക്രമങ്ങൾ ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) നിലവിലുള്ള മുൻസിഫ് കോടതി കെട്ടിടം പൊളിച്ചുമാറ്റി പയ്യന്നൂർ കോടതി സമുച്ചയം നിർമ്മിക്കുന്നതിന് ഭൂമി ലഭ്യമാക്കാമെന്ന് കോടതി അധികാരികൾ അറിയിച്ചിട്ടുണ്ട്.

(ബി&സി) ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കുന്നതാണ്.

**മനയ്ക്കൽചിറ കലുങ്ക് പുനർനിർമ്മാണം**

94 (1178) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങനാശ്ശേരി-ആലപ്പുഴ റോഡിൽ പെരുന്നയുടെ പടിഞ്ഞാറ് ഭാഗത്ത് "മനയ്ക്കൽചിറ കലുങ്ക്" പുനർനിർമ്മാണം നടത്തുവാനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജോലിക്ക് മുൻപ് ടെണ്ടർ വിളിച്ചിട്ടുണ്ടായിരുന്നോ;

(സി) പ്രസ്തുത ടെണ്ടർ അനുസരിച്ച് പണി ആരംഭിക്കാൻ സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ കലുങ്കിന് വടക്കു വശത്ത് വന്നെത്തുന്ന, നഗരമദ്ധ്യത്തിലൂടെയുള്ള ആവണിത്തോട്ടിലെ വെള്ളം ഇപ്പോഴുള്ള കലുങ്കിൽ കൂടി ഒഴുകിപ്പോകുന്നതിന് സൗകര്യം ഇല്ലാത്തതുകൊണ്ട് ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കുവാൻ കലുങ്കിന്റെ പുനർനിർമ്മാണം അടിയന്തരമായി നടത്തുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) ചങ്ങനാശ്ശേരി-ആലപ്പുഴ റോഡിൽ പെരുന്ന ഭാഗത്ത് മനയ്ക്കൽചിറ കലുങ്ക് നിർമ്മിക്കുന്നതിന് 59,57,769 രൂപയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി രണ്ട് പ്രാവശ്യം ടെണ്ടർ ചെയ്തെങ്കിലും പ്രവൃത്തി നടത്തുന്നതിനായി കോൺട്രാക്ടർമാർ ആരും രംഗത്ത് വന്നിട്ടില്ല. സമീപപ്രദേശത്തെ പാലത്തിന്റെ അപ്രോച്ചുകൾ ക്രമാതീതമായി താഴ്ന്നത് ശ്രദ്ധയിൽപ്പെട്ടതുകൊണ്ട് മണ്ണ് പരിശോധനയ്ക്കുള്ള ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

(ഡി) ചങ്ങനാശ്ശേരി-ആലപ്പുഴ റോഡ് ദേശീയപാതയായി ഉയർത്തുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. എന്നിരുന്നാലും മണ്ണ് പരിശോധനയ്ക്കുള്ള ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**തിരുവനന്തപുരം ജില്ലയിലെ വള്ളക്കടവ് പാലം പുനർനിർമ്മാണം**

95 (1179) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ വള്ളക്കടവ് പാലം പുനർനിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) വള്ളക്കടവ് പാലത്തിന്റെ ബലക്ഷയം സംബന്ധിച്ച് പത്ര മാധ്യമങ്ങളിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തെല്ലാം അടിയന്തര നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) വള്ളക്കടവ് പാലം പുനർനിർമ്മിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പുതിയ ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരം വള്ളക്കടവ് പാലം പുനർനിർമ്മാണത്തിന് ആവശ്യമായ സ്ഥലം ഏറ്റെടുത്ത് നൽകുന്നതിന് വേണ്ടിയുള്ള പുതുക്കിയ റിക്വിസിഷൻ റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ട്. പുതിയ പാലത്തിനുവേണ്ടി

നിലവിലുള്ള 2011-ലെ ഡിസൈൻ നിബന്ധനകളും പുതിയ ഇൻലാന്റ് നാവിഗേഷൻ നിബന്ധനകളും നിലവിലുള്ള സ്ഥലപരിമിതികളും പരിഗണിച്ച് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗം പുതിയ രൂപകല്പന ചെയ്തുവരികയാണ്. ആവശ്യമായ സ്ഥലവും പുതുക്കിയ ഡിസൈനും ലഭ്യമാകുന്ന മുറയ്ക്ക് പാലം പുനർനിർമ്മാണത്തിനു വേണ്ട ഭരണാനുമതി നൽകാൻ കഴിയും.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലുള്ള വള്ളക്കടവ് പാലത്തിന്റെ സ്ഥിതി പരിശോധിക്കുന്നതിനായി ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറും ഡിസൈൻ വിഭാഗം ചീഫ് എഞ്ചിനീയറും സ്ഥലം പരിശോധിക്കുകയും ഇതിന്റെ ബലക്ഷയം പരിഗണിച്ച് ഗതാഗത നിയന്ത്രണത്തിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. എന്നാൽ സ്ഥലവാസികളുടെ എതിർപ്പുമൂലം ഇത് നടപ്പിലാക്കാൻ സാധിച്ചില്ല. ഇക്കാര്യം ഉന്നത ഉദ്യോഗസ്ഥരും ജില്ലാ കളക്ടറുമായി ചർച്ച ചെയ്യുകയുണ്ടായി. വള്ളക്കടവ് പാലത്തിൽ കൂടിയുള്ള വാഹനങ്ങൾ പൊന്നറ പാലം വഴിയാണ് തിരിഞ്ഞു പോകേണ്ടത്. എന്നാൽ ടി റോഡിന്റെ നവീകരണപ്രവൃത്തികൾ നടന്നുവരികയാണ്. ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ സ്ഥലം എം.എൽ.എ., പൊതുമരാമത്ത് ഉദ്യോഗസ്ഥർ, മറ്റ് ജനപ്രതിനിധികൾ എന്നിവരുടെ ഒരു യോഗം ഉടനെ വിളിച്ചു ചേർക്കുന്നതാണ്. മേൽ പറഞ്ഞ റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ തീരുന്ന മുറയ്ക്ക് വാഹനഗതാഗത നിയന്ത്രണം നടപ്പിലാക്കാൻ കഴിയും. പാലം പുതുക്കി നിർമ്മിക്കരുതെന്ന നിലപാടെടുക്കുന്ന ശക്തികൾ ഉണ്ടായത് എന്തുകൊണ്ടാണെന്ന് വ്യക്തമായിട്ടില്ല.

(സി) പുതിയ പാലത്തിന്റെ ഡിസൈനും സ്ഥലവും ലഭിക്കുന്ന മുറയ്ക്ക് പാലം പുനർനിർമ്മാണത്തിനായുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്.

**കുന്ദമംഗലത്തെ ഗതാഗതക്കുരുക്ക്**

96 (1180) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ ഹൈവേ 212-ലെ മുഖ്യ ജംഗ്ഷനായ കുന്ദമംഗലത്തെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി ഒരു തീരദേശ ബൈപ്പാസ് നിർമ്മിക്കുവാൻ റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ സാദ്ധ്യതാ പഠനം നടത്തിയിട്ടുണ്ടോ; ഇതു സംബന്ധിച്ച പ്രൊപ്പോസലിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ പദ്ധതിയുടെ ഒന്നാം ഘട്ടമായി പടനിലം മുതൽ ഉണ്ടോടിക്കടവ് വഴി പണ്ടാരപ്പറമ്പ പാലം വരെയുള്ള റോഡ് പരിഷ്കരിച്ച് ഗതാഗതയോഗ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) കുന്ദമംഗലത്ത് പണ്ടാരപ്പറമ്പ്-ഉണ്ടോടിക്കടവ് ബൈപ്പാസിന്റെ സാധ്യതാപഠനം നടത്തുവാൻ റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ ഏൽപ്പിച്ചിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്നതിന് കൺസൾട്ടന്റിനെ നിയമിക്കുവാനുള്ള നടപടികളെടുത്തുകൊണ്ടിരിക്കുന്നു.

**കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ മരാമത്ത് പ്രവൃത്തികൾ**

97 (1181) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് നിർദ്ദേശപ്രകാരമുള്ള മരാമത്ത് പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികളാണ് ഈ സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതിന് ഡി. പി. ആർ. സമർപ്പിച്ചിട്ടുള്ളത്; പ്രസ്തുത പ്രവൃത്തികളുടെ നാളിതുവരെയുള്ള പുരോഗതി വിശദമാക്കുമോ;

(ബി) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളാണ് കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) ദേശീയപാതയ്ക്ക് സമാന്തരമായി കരുനാഗപ്പള്ളിയിൽ ബൈപ്പാസ് നിർമ്മിക്കുന്ന പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് നിർദ്ദേശപ്രകാരം നിരത്തുകളും പാലങ്ങളും വിഭാഗത്തിനുകീഴിൽ താഴെപ്പറയുന്ന പ്രവൃത്തികൾക്ക് ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ട് :

1. ചിറ്റുമൂല-മാല്യമേൽ റോഡ് 0/000 മുതൽ 6/000 വരെ - 3.99 കോടി രൂപ
2. പഴയ ദേശീയപാത ഓച്ചിറ റോഡ് - 2.31 ലക്ഷം രൂപ

ആല്യംകടവ്-പദ്മനാഭൻ ജെട്ടി റോഡ് 0/000 മുതൽ 4/300 വരെ 3.235 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതിക്കായുള്ള നടപടികൾ നടന്നുവരുന്നു. കെട്ടിടവിഭാഗത്തിൽ

1. നമ്പർ 64, പേജ് 6-കരുനാഗപ്പള്ളി അയണിവേണിക്കുളങ്ങര വില്ലേജ് ഓഫീസ് നിർമ്മാണം-ബന്ധപ്പെട്ട വകുപ്പിൽനിന്ന് ഭരണാനുമതി ലഭിച്ചിട്ടില്ല.

2. നമ്പർ 165, പേജ് 29, മിനി സിവിൽ സ്റ്റേഷൻ കരുനാഗപ്പള്ളി-അറ്റകുറ്റപ്പണികൾ-ബന്ധപ്പെട്ട വകുപ്പിൽ നിന്ന് ഭരണാനുമതി ലഭിച്ചിട്ടില്ല.

(ബി) കിഫ്ബിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്.

## മാതിരപ്പിള്ളി-കോഴിപ്പിള്ളി ബൈപ്പാസ്

98 (1182) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട എൻ.എച്ച്. 49 (പുതിയ 85)മാതിരപ്പിള്ളി കി.മീ.238/0 മുതൽ 243/0 കോഴിപ്പിള്ളി വരെയുള്ള ബൈപ്പാസ് നിർമ്മാണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ബൈപ്പാസ് നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) കോതമംഗലം ബൈപ്പാസിന്റെ നിർമ്മാണത്തിനുവേണ്ടിയുള്ള ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

(ബി) പ്രസ്തുത ബൈപ്പാസിന്റെ രൂപരേഖയ്ക്കുള്ള അനുമതി ലഭിച്ച് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിച്ച് പൂർത്തീകരിക്കുന്നതാണ്.

## ഇരിങ്ങാലക്കുട-കൊടകര-കനകമല-അതിരപ്പിള്ളി റോഡ്

99 (1183) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ ഇരിങ്ങാലക്കുട-കൊടകര സ്റ്റേറ്റ് ഹൈവേയുമായി ബന്ധിപ്പിച്ച് കൊടകര-കനകമല-അതിരപ്പിള്ളി റോഡ് വികസിപ്പിക്കുന്നതിന് പദ്ധതി ഉണ്ടോയെന്ന് വിശദമാക്കാമോ;

(ബി) വിനോദ സഞ്ചാരമേഖലയായ കനകമലയുടെയും അതിരപ്പിള്ളിയുടെയും വികസനത്തിനായി പ്രസ്തുത റോഡിന്റെ വികസനത്തിന് മുൻഗണന നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) തൃശ്ശൂർ ജില്ലയിൽ ഇരിങ്ങാലക്കുട-കൊടകര സ്റ്റേറ്റ് ഹൈവേയുമായി ബന്ധിപ്പിച്ച് കൊടകര-കനകമല-അതിരപ്പിള്ളി റോഡ് വികസിപ്പിക്കുന്നതിന് നിലവിൽ പദ്ധതികളില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**കുണ്ടന്നൂരിൽ ഫ്ലൈ ഓവർ നിർമ്മിക്കുന്നതിന് നടപടികൾ**

100 (1184) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളത്തെ കുണ്ടന്നൂരിൽ ദേശീയപാതയിൽ നിലവിലുള്ള ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിലേക്കായി ഫ്ലൈ ഓവറുകൾ നിർമ്മിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) നാഷണൽ ഹൈവേ അതോറിറ്റി മുഖേന കുണ്ടന്നൂർ ഫ്ലൈ ഓവർ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അവയുടെ വിശദവിവരം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) എറണാകുളം വൈറ്റില, കുണ്ടന്നൂർ ജംഗ്ഷനുകളിലെ മേൽപ്പാലങ്ങൾ ദേശീയപാതയിൽ വരുന്നതുകൊണ്ട് എൻ.എച്ച്.എ.ഐ. തന്നെ അവ നിർമ്മിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി&സി) 20-10-2016-ലെ സർക്കാർ കത്ത് നമ്പർ 788/സി3/16/ പി.ഡബ്ല്യു.ഡി. പ്രകാരം എൻ.എച്ച്.എ.ഐ തന്നെ വൈറ്റില, കുണ്ടന്നൂർ മേൽപ്പാലങ്ങളുടെ നിർമ്മാണം ഏറ്റെടുക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. 25-11-2016-ലെ ദേശീയപാത അതോറിറ്റിയുടെ കത്ത് നമ്പർ എൻ.എച്ച്.47/2016/91522 മറുപടിപ്രകാരം ഫ്ലൈഓവറുകൾ കേരള സർക്കാർ ചെലവിൽ നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. വീണ്ടും കേരള സർക്കാർ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രിക്ക് അയച്ച കത്തിലൂടെ കുണ്ടന്നൂർ, വൈറ്റില ഫ്ലൈഓവർ കൂടാതെ ഇടപ്പള്ളി മുതൽ അരൂർ വരെയുള്ള ബൈപ്പാസിന്റെ നവീകരണപ്രവൃത്തികൾ ചെയ്യുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് തുടർ കത്തുകൾ മുഖേനയും നേരിട്ടും കേന്ദ്രമന്ത്രാലയവുമായി ബന്ധപ്പെട്ട് വരുന്നു. എന്നാൽ നാളിതുവരെ അനുമതി ലഭിച്ചിട്ടില്ല. എൻ.എച്ച്.എ.ഐ. അവ നിർമ്മിച്ചില്ലെങ്കിൽ സംസ്ഥാന സർക്കാർ അവ നിർമ്മിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. 2017 ഫെബ്രുവരി 23-ന് ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ ഈ രണ്ട് മേൽപ്പാലങ്ങളും പ്രതിപാദിച്ചിട്ടുണ്ട്. 2017-18-ലെ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്താൻ മരാമത്ത് വകുപ്പ് ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. ഇവ നിർമ്മിക്കാൻ തന്നെയാണ് തീരുമാനം. അടങ്കൽ തുക 213 കോടി രൂപ.

## ഗ്രാമീണറോഡുകളിൽ പി.ഡബ്ല്യൂ.ഡി. ചെലവാക്കിയ തുക

101 (1185) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽപ്പെട്ട ഏതെങ്കിലും ഗ്രാമീണ റോഡുകൾ പി.ഡബ്ല്യൂ.ഡി. നവീകരിച്ചിരുന്നോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത റോഡുകളുടെ പൂർണ്ണ വിവരം (ചെലവാക്കിയ തുക ഉൾപ്പെടെ) വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽപ്പെട്ട ഗ്രാമീണ റോഡുകളുടെ നവീകരണത്തിന് ഭരണാനുമതി നൽകിയിട്ടില്ല.

## പെരിന്തൽമണ്ണ കാടിക്കടവ് പാലം നിർമ്മാണം

102 (1186) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട കാളിക്കടവ് പാലത്തിന്റെ നിർമ്മാണം ഈ പ്രദേശവാസികൾക്ക് വളരെ ഉപകാരപ്രദമായിരിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാളിക്കടവ് പാലം നിർമ്മാണത്തിന് NABARD-RIDF-XXII പദ്ധതിയിൽ ഉൾപ്പെടുത്തി തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് ഭരണാനുമതി ലഭിച്ചത്;

(സി) ഈ പാലത്തിന്റെ നിർമ്മാണത്തിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഭരണാനുമതി ലഭിച്ച് ഇത്രകാലമായിട്ടും വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) പാലം നിർമ്മാണത്തിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് അടിയന്തര നിർദ്ദേശം നൽകുന്നതിനും പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) G.O.(Rt) No. 546/2016/PWD dated 3-3-2016 പ്രകാരം NABARD RIDF XXII-ൽ ഉൾപ്പെടുത്തി തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

(സി) ആവശ്യമായ മുഴുവൻ ഭൂമിയും ലഭ്യമാകാത്തതിനാൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. ഭൂമിയില്ലാതെ റിപ്പോർട്ട് തയ്യാറാക്കരുതെന്നാണ് നിലവിലുള്ള ചട്ടം.

(ഡി) ഭൂമി ലഭ്യമാകുന്നമുറയ്ക്ക് മാത്രമേ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

### കുടിയൊഴിപ്പിച്ച കച്ചവടക്കാർക്ക് നഷ്ടപരിഹാരത്തുക

103 (1187) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ കച്ചേരിപ്പടി മുതൽ പഷ്ണിത്തോട് പാലം വരെ റോഡ് വീതി കൂട്ടി പുനരുദ്ധരിക്കുന്നതിനായി കുടിയൊഴിപ്പിച്ച കച്ചവടക്കാർക്ക് നൽകാമെന്നേറ്റിരുന്ന നഷ്ടപരിഹാര തുക നൽകുന്നതിൽ നേരിടുന്ന കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ;

(ബി) ഈ തുക എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ കച്ചേരിപ്പടി മുതൽ പഷ്ണിത്തോട് പാലം വരെ റോഡ് വീതികൂട്ടി പുനരുദ്ധരിക്കുന്നതിനുവേണ്ടി ഏറ്റെടുത്ത കെട്ടിടങ്ങളുടെയും ഭൂമിയുടെയും മുഴുവൻ തുകയും പൊതുമരാമത്ത് വകുപ്പ് റവന്യൂ ഡിപ്പാർട്ടുമെന്റിൽ കെട്ടിവെച്ച തുകയിൽ നിന്നും കൊടുത്തു കഴിഞ്ഞതാണ്. വാടകക്കാരായ കച്ചവടക്കാർക്ക് നൽകേണ്ട നഷ്ടപരിഹാരത്തുക അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടില്ല എന്ന വിവരമാണ് തഹസിൽദാർ, ലാന്റ് അക്വിസിഷൻ (ജനറൽ), കാക്കനാട് അറിയിച്ചിട്ടുള്ളത്.

### നെടുമ്പ്രക്കാട്-വിളക്കുമരം പാലം

104 (1188) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ-ചേർത്തല മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന നെടുമ്പ്രക്കാട്-വിളക്കുമരം പാലത്തിന് 2016-17 വർഷത്തെ ബഡ്ജറ്റിൽ എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ പുതുക്കിയ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിൻെറ പകർപ്പ് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ ആയതിന്റെ നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 30 കോടി രൂപ.

(ബി) 31-10-2016-ലെ G.O.(Rt) No.1496/2016/PWD നമ്പർ ഉത്തരവ് പ്രകാരം KIIFB പദ്ധതിയിൽ ഉൾപ്പെടുത്തി 30 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**ചങ്ങനാശ്ശേരിയിലെ പൂവം പാലത്തിന്റെ നിർമ്മാണം**

105 (1189) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങനാശ്ശേരിയിലെ പൂവം പാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാത്തതുമൂലം ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അടിയന്തരമായി പാലം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പാലത്തിന്റെ തകർന്ന അപ്രോച്ച് റോഡിന്റെയും പാർശ്വഭിത്തിയുടെയും പുനർനിർമ്മാണത്തിന്റെ രൂപകല്പന പുരോഗമിച്ചുവരുന്നു.

**കഞ്ഞിക്കുഴിയിൽ ഫ്ലൈ ഓവർ**

106 (1190) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗതാഗതക്കുരുക്കിനാൽ ശ്വാസം മുട്ടുന്ന കോട്ടയം പട്ടണത്തിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് കെ. കെ. റോഡിൽ കഞ്ഞിക്കുഴിയിൽ ഫ്ലൈ ഓവർ നിർമ്മിക്കാനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) വർക്ക് ഓർഡർ നൽകിയവയിന്മേലുള്ള അനന്തര നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന കോട്ടയം പട്ടണത്തിലെ കഞ്ഞിക്കുഴിയിൽ 590 മീറ്റർ ദൈർഘ്യത്തിലും 7.5 മീറ്റർ വീതിയിലും ഒരു ഫ്ലൈഓവർ നിർമ്മിക്കുന്നതിന് 30.71 കോടി രൂപയുടെ പദ്ധതിക്ക് സർക്കാർ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

4-12-2015-ലെ സ.ഉ.(സാധാ)നമ്പർ 1804/2015/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകുകയുണ്ടായി. പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൊതുമരാമത്ത് വകുപ്പ് നാഷണൽ ഹൈവേ വിഭാഗം (സെൻട്രൽ സർക്കിൾ) പൂർത്തിയാക്കുകയും 1-10-2016-ലെ സ.ഉ.(സാധാ) നമ്പർ 1349/2016/പൊ.മ.വ. പ്രകാരം ടെണ്ടർ നടപടികൾക്ക് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ഫ്ലൈഓവറിന്റെ അപ്രോച്ച് റോഡിനുള്ള സ്ഥലം ലഭ്യമായിട്ടില്ല. ആയതിനാൽ പ്രവൃത്തിയുടെ കരാർ നൽകിയിട്ടില്ല. പദ്ധതിക്കാവശ്യമായ ഫണ്ടിന്റെ കാര്യത്തിൽ തീരുമാനം എടുക്കുന്നതാണ്.

## രജിസ്ട്രേഷൻ വകുപ്പിലെ ഇ-പേമെന്റ് സംവിധാനം

107 (1191) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രജിസ്ട്രേഷൻ വകുപ്പിലെ ഇ പേമെന്റ് സംവിധാനം സംബന്ധിച്ച് പഠനമോ പ്രത്യേക ഒരുക്കങ്ങളോ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഫയലിംഗ് ഷീറ്റ് സമ്പ്രദായം നിർത്താൻ ആലോചനയുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(സി) സൈബർ മേഖലയിൽ ആധികാരിക രേഖകൾക്ക് സുരക്ഷിതത്വം ഉണ്ടോ; ഇതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) രജിസ്ട്രേഷൻ നടക്കുന്നതിന് മുൻപ് രജിസ്ട്രേഷൻ ഫീസ് ഈടാക്കുന്നുണ്ടോ; വിശദമാക്കാമോ ;

(ഇ) ആധാരമെഴുത്ത് തൊഴിലാളി ക്ഷേമനിധി ബോർഡ് സ്വതന്ത്രമാക്കാൻ സർക്കാർ തലത്തിൽ ആലോചനയുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. രജിസ്ട്രേഷൻ, ട്രഷറി എന്നീ വകുപ്പുകളും NIC-യും സംയുക്തമായി പഠനം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ രൂപരേഖ തയ്യാറാക്കി പരീക്ഷണ പരിപാടികൾ നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ വകുപ്പിൽ രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി ഒടുക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഫയലിംഗ് ഷീറ്റ് സമ്പ്രദായം നിർത്തലാക്കുവാൻ വകുപ്പ് ആലോചിച്ചിട്ടില്ല.

(സി) സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളുടെ വെബ്സൈറ്റുകൾ/ വെബ് ആപ്ലിക്കേഷനുകൾ കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന രണ്ട് സ്റ്റേറ്റ് ഡാറ്റാ സെന്ററുകളിലായി ഹോസ്റ്റ് ചെയ്തിരിക്കുന്നു. ഈ വെബ് സൈറ്റുകൾ/വെബ് ആപ്ലിക്കേഷനുകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി അത്യാധുനിക സുരക്ഷാ സൗകര്യങ്ങൾ ഡാറ്റാ സെന്ററിൽ സജ്ജമാക്കിയിട്ടുണ്ട്.

(ഡി) സബ് രജിസ്ട്രാർ ഓഫീസുകളിലെ സേവനങ്ങൾ സുഗമമാക്കുന്നതിന്റെ ഭാഗമായി സബ് രജിസ്ട്രാർ ഓഫീസുകളിൽ ആധാര രജിസ്ട്രേഷനുകൾക്ക് ഇ-പേയ്മെന്റ് നടപ്പിലാക്കിയിട്ടുണ്ട്. രജിസ്ട്രേഷൻ നടത്തുവാൻ ഉദ്ദേശിക്കുന്ന ആധാരത്തിനായി ടോക്കൺ എടുക്കുന്ന വേളയിൽ ബന്ധപ്പെട്ട ആധാരത്തിന്മേൽ ഒടുക്കേണ്ട ഫീസ് വിവരങ്ങൾ മുൻകൂട്ടി അറിയുന്നതിനുള്ള സൗകര്യം പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ഈ രീതിയിൽ കണക്കാക്കുന്ന ഫീസുകൾ ഇ-പേയ്മെന്റ് മുഖാന്തരം ഒടുക്കിയശേഷം ആധാര രജിസ്ട്രേഷനുവേണ്ടി സമർപ്പിക്കുമ്പോൾ ഒടുക്കുന്ന വിവരങ്ങൾ സബ് രജിസ്ട്രാർ പരിശോധിക്കുന്ന വേളയിൽ ഫീസുകൾ അപര്യാപ്തമാണെന്ന് ബോധ്യപ്പെടുന്നപക്ഷം ആധാരകക്ഷികളോട് കുറവ് തുക കൂടി അടയ്ക്കുവാൻ ആവശ്യപ്പെടുകയും ഇങ്ങനെ ബന്ധപ്പെട്ട ആധാരത്തിന്റെ ഫീസിനത്തിലുള്ള മുഴുവൻ തുകയും സർക്കാരിലേയ്ക്ക് ഒടുക്കി വിവരം ബോധ്യപ്പെട്ടശേഷം മാത്രമാണ് ആധാര രജിസ്ട്രേഷൻ നടത്തുകയും ചെയ്യുന്നത്.

(ഇ) ഇല്ല.

### മുദ്രപ്പത്രങ്ങളുടെ ലഭ്യതക്കുറവ്

108 (1192) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുദ്രപത്രങ്ങൾ ലഭിക്കാത്തതിനാൽ കോട്ടയം പട്ടണത്തിൽ രജിസ്ട്രേഷൻ നടക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സർക്കാരിന്റെ വരുമാനം ഗണ്യമായി കുറയ്ക്കുവാൻ ഇടയാക്കിയിട്ടുണ്ട് എന്ന് മനസ്സിലാക്കി ആയത് പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പരാതിയൊന്നും വന്നിട്ടില്ല.

(ബി) സ്റ്റാമ്പിന്റെ വിലയ്ക്ക് ആനുപാതികമായി വരുമാനം കുറയും. സ്റ്റാമ്പ് നികുതി ധനകാര്യ വകുപ്പാണ് കൈകാര്യം ചെയ്യുന്നത്.

### ഫറോക്ക് റെയിൽവേ മേൽപ്പാലം

109 (1193) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഫറോക്ക് റെയിൽവേ മേൽപ്പാലത്തിൻെറ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ; ആയതിൻെറ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

ഫറോക്ക് മേൽപ്പാല നിർമ്മാണത്തിന് 10-11-2011-ലെ ജി.ഒ.(ആർറ്റി.) നമ്പർ 1551/2011/പൊ.മ.വ. പ്രകാരം 1547 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനുവേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ആകെ 37 പേരിൽ 28 പേരുടെ ഭൂമി ഇതുവരെ ഏറ്റെടുത്തു. ബാക്കിയുള്ള 9 പേരുടെ സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ടി മേൽപ്പാല നിർമ്മാണ ഏജൻസിയായ RBDCK സമർപ്പിച്ചിരിക്കുന്ന 1901.55 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന്റെ അനുമതിക്കായുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

**കുണ്ടായിത്തോട് റെയിൽവേ അണ്ടർ ബ്രിഡ്ജ്**

110 (1194) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബേപ്പൂർ നിയോജകമണ്ഡലത്തിലെ കുണ്ടായിത്തോട്, റെയിൽവേ അണ്ടർ ബ്രിഡ്ജ് നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; റെയിൽവേയുടെ അനുമതി ലഭിച്ച ഈ പ്രവൃത്തിക്ക് (ഡെപ്പോസിറ്റ് വർക്ക്) പണമടയ്ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

പരിശോധിച്ച് വരുന്നു.

**അദ്ധ്യാപകർക്ക് പരിശീലനം**

111 (1195) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ (ടി.ടി.ഐ) എൻ.സി.ടി.ഇ. മാനദണ്ഡപ്രകാരമുള്ള നിർദ്ദിഷ്ട യോഗ്യതയില്ലാത്തവർ പരിശീലനം നൽകുന്ന സാഹചര്യം നിലവിലുണ്ടോ; എങ്കിൽ എന്താണ് ഈ സ്ഥിതിവിശേഷത്തിന് കാരണമെന്ന് വ്യക്തമാക്കുമോ ;

(ബി) എൻ.സി.ടി.ഇ. ചട്ടപ്രകാരമുള്ള സ്പെഷ്യൽ റൂൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നാളിതുവരെയായി സ്പെഷ്യൽ റൂൾ രൂപീകരിക്കാത്തതെന്ന് വ്യക്തമാക്കുമോ;

(സി) നിർദ്ദിഷ്ടയോഗ്യതകളില്ലാത്ത പല ടി.ടി.ഐ.കളും കോഴ്സ് നടത്തുന്ന സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ഇത് വിലക്കുന്നതിന് കഴിയാത്ത സാഹചര്യമെന്താണെന്ന് വിശദമാക്കുമോ;

(ഡി) ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സിന്റെ മാനദണ്ഡപ്രകാരം നിർദ്ദിഷ്ട യോഗ്യതകൾ ടി.ടി.ഐ.കൾക്കും പരിശീലകർക്കും ഉറപ്പുവരുത്തുന്ന തരത്തിൽ കർശനമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഹൈസ്കൂൾ അസിസ്റ്റന്റുമാരാണ് നിലവിൽ കേരളത്തിലെ എല്ലാ ഗവൺമെന്റ് എയ്ഡഡ് ടി.ടി.ഐ.-കളിലും അദ്ധ്യാപകരായി പ്രവർത്തിക്കുന്നത്. ഹൈസ്കൂൾ അസിസ്റ്റന്റുമാരിൽ നിന്നും എൻ.സി.ടി.ഇ. ചട്ടപ്രകാരം യോഗ്യതയുള്ളവരെ കണ്ടെത്തി ടി.ടി.ഐ.-കളിൽ നിയമിക്കുവാൻ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പുതിയ നിയമനങ്ങൾ നടത്തുമ്പോൾ NCTE മാനദണ്ഡം പാലിക്കണമെന്നുള്ള നിർദ്ദേശം എയ്ഡഡ് സ്കൂൾ മാനേജർമാർക്ക് നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ മേഖലയിലും പുതിയ നിയമനങ്ങൾ നടത്തുമ്പോൾ NCTE മാനദണ്ഡപ്രകാരമുള്ള അദ്ധ്യാപകരെ മാത്രം നിയമിക്കുന്നതാണ്.

(ബി) സ്പെഷ്യൽ റൂൾ നിലവിലില്ല. സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഉണ്ട്. എല്ലാ ടി.ടി.ഐ.-കളും എൻ.സി.ടി.ഇ. മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് അന്വേഷിച്ച് ഉറപ്പുവരുത്തി നിജസ്ഥിതി അറിയിക്കുവാൻ എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ അടുത്ത അദ്ധ്യയന വർഷം മുതൽ NCTE മാനദണ്ഡപ്രകാരമുള്ള TTI-കൾക്ക് മാത്രമേ പ്രവർത്തനാനുമതി നൽകുകയുള്ളൂ.

(ഡി) പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുമ്പോഴും പുതിയ നിയമനങ്ങൾ നടത്തുമ്പോഴും ഇവ ബാധകമാക്കുന്നതാണ്.

**ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽമാർ**

112 (1196) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഒഴിഞ്ഞ് കിടക്കുന്ന പ്രിൻസിപ്പൽ തസ്തികയുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്രൻസിപ്പൽ നിയമനത്തിന് നിലവിൽ പ്രമോഷൻ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രിൻസിപ്പൽ നിയമനത്തിന് സർക്കാർ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

| | | |
|---|---|---|
| (എ) | തിരുവനന്തപുരം | 4 |
| | കൊല്ലം | 2 |
| | പത്തനംതിട്ട | 2 |
| | ആലപ്പുഴ | 4 |
| | കോട്ടയം | 3 |
| | ഇടുക്കി | 12 |
| | എറണാകുളം | 13 |
| | തൃശ്ശൂർ | 6 |
| | പാലക്കാട് | 14 |
| | കോഴിക്കോട് | 19 |
| | മലപ്പുറം | 37 |
| | വയനാട് | 12 |
| | കണ്ണൂർ | 16 |
| | കാസർഗോഡ് | 32 |
| | ആകെ | 176 |

(ബി&സി) സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്രിൻസിപ്പൽ നിയമനത്തിനായി കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവ് അനുസരിച്ച് എച്ച്.എസ്.എസ്.റ്റി.-മാരുടെ പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. പ്രിൻസിപ്പൽ നിയമനത്തിനായുള്ള സീനിയോറിറ്റി ലിസ്റ്റിന്മേലുള്ള കോടതി സ്റ്റേ നീക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ കോടതി വിധിയുടെ അടിസ്ഥാനത്തിൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കാനാകുകയുള്ളൂ.

**ശാലസിദ്ധി പദ്ധതി**

113 (1197) ശ്രീ. എം. സ്വരാജ് :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. പി. ഉണ്ണി :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാലയങ്ങളുടെ സമഗ്ര വികസനത്തിനായി ശാലസിദ്ധി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ വിദ്യാലയവും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ കണ്ടെത്തുന്നതിനും അവ പരിഹരിക്കുന്നതിനും വിലയിരുത്തുന്നതിനുമായി എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) കുട്ടികളുടെ പഠനനിലവാരം, ബോധനം, അദ്ധ്യാപകരുടെ അക്കാദമിക് മികവ്, പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ വികസനം, പി.ടി.എ.- യുടെ കാര്യക്ഷമത, സമൂഹ പങ്കാളിത്തം എന്നിവയ്ക്കായി പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിദ്യാലയങ്ങളിൽ 2016-17 മുതൽ ശാലസിദ്ധി നടപ്പിലാക്കി വരുന്നു.

(ബി) വിദ്യാലയങ്ങളെ സമഗ്രമായി വിലയിരുത്തുകയും അതുവഴി വിദ്യാലയങ്ങളുടെ പുരോഗതി ഉറപ്പുവരുത്തുകയും ചെയ്യുക എന്നതാണ് ശാലസിദ്ധിയുടെ പ്രധാനലക്ഷ്യം.

(സി) ഓരോ വിദ്യാലയത്തിന്റെയും മൊത്തം പ്രവർത്തനങ്ങൾ ഏഴ് മുഖ്യ മേഖലകളെ അടിസ്ഥാനമാക്കിയും 46 നിലവാര സൂചകങ്ങളെ അടിസ്ഥാനമാക്കിയും ശാലസിദ്ധി ഉപയോഗിച്ച് വിലയിരുത്താൻ കഴിയും. കൂടാതെ മെച്ചപ്പെടുത്തലിനുള്ള അവസരങ്ങൾ അവയ്ക്കുള്ള സാധ്യതകൾ, വിദ്യാലയത്തിന്റെ ശക്തികൾ, ദൗർബല്യങ്ങൾ എന്നിവയും ശാലസിദ്ധി ഉപയോഗിച്ച് തിരിച്ചറിയാൻ കഴിയും. അതുവഴി വിദ്യാലയത്തിന്റെ വികസനത്തിനുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കാൻ കഴിയും.

(ഡി) 1. വിദ്യാലയ വിഭവങ്ങൾ (ഒരുക്കൽ, ലഭ്യത, പര്യാപ്തത, ഉപയോഗക്ഷമത)

2. പഠനബോധന രീതികളും വിലയിരുത്തലും

3. പഠിതാക്കളുടെ പുരോഗതി, നേട്ടം, വികാസം
4. അദ്ധ്യാപക പ്രകടനത്തിന്റെയും തൊഴിൽ വികസനത്തിന്റെയും മാനേജ്മെന്റ്
5. വിദ്യാലയ നേതൃത്വവും മാനേജ്മെന്റും
6. ഭിന്നശേഷിക്കാരുടെ ഉൾച്ചേർക്കൽ, ആരോഗ്യം, സുരക്ഷ
7. സക്രിയ സാമൂഹിക പങ്കാളിത്തം എന്നീ ഏഴ് മുഖ്യ മേഖലകളുടെ അടിസ്ഥാനത്തിലാണ് വിദ്യാലത്തിന്റെ മൊത്തം പ്രവർത്തനങ്ങൾ ശാലസിദ്ധി ഉപയോഗിച്ച് വിലയിരുത്തുന്നത്.

**സി-ആപ്റ്റിൽനിന്നും പിരിച്ചുവിട്ടവരെ തിരിച്ചെടുക്കാൻ നടപടി**

114 (1198) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി-ആപ്റ്റിൽ 2016-17 കാലയളവിൽ എത്ര ജീവനക്കാർ റിട്ടയർ ചെയ്യും എന്നറിയിക്കാമോ; എത്ര ജീവനക്കാർ നിലവിൽ അവിടെ ജോലി ചെയ്യുന്നുവെന്നും എത്ര പേർ ഡെപ്യൂട്ടേഷൻ പ്രകാരം പുറത്ത് ജോലി നോക്കുന്നുവെന്നും അറിയിക്കാമോ;

(ബി) സി-ആപ്റ്റിൽ റിട്ടയർമെന്റ് വേക്കൻസികൾ ഉൾപ്പടെ എത്ര ഒഴിവുകൾ നിലവിൽ ഉണ്ട്; ഇവ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഏതു രീതിയിലാണ് ഇവ നികത്താൻ ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത സ്ഥാപനത്തിൽനിന്നും പിരിച്ചുവിട്ട ആരെയെങ്കിലും തിരിച്ചെടുത്തിട്ടുണ്ടോ; വേക്കൻസി വരുന്ന മുറയ്ക്ക്, കോടതി ഉത്തരവ് പ്രകാരം, ഇവരെ തിരിച്ചെടുക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സി-ആപ്റ്റിൽ, 2016-17 കാലയളവിൽ, 2016 ഏപ്രിൽ മുതൽ 2017 മാർച്ച് വരെ 11 ജീവനക്കാർ വിരമിക്കുന്നുണ്ട്. നിലവിൽ ഡെപ്യൂട്ടേഷൻ ഒഴികെ 621 ജീവനക്കാർ സി-ആപ്റ്റിലും 62 ജീവനക്കാർ ഡെപ്യൂട്ടേഷനിലും ജോലി ചെയ്യുന്നുണ്ട്.

(ബി) സി-ആപ്റ്റിലെ ജീവനക്കാരുടെ തസ്തിക, യോഗ്യത, സേവനവേതന വ്യവസ്ഥകൾ എന്നിവ നിശ്ചയിച്ചുകൊണ്ടുള്ള വ്യക്തമായ നിയമനിർമ്മാണം സർക്കാരിന്റെ പരിശോധനയിലാണ്.

(സി) ഇല്ല. സ്റ്റാഫ് പാറ്റേൺ നിലവിൽ വന്നശേഷം, വേക്കൻസികളുടെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിക്കേണ്ടതുണ്ട്.

## ബി.എഡ്./എം.എഡ് കോഴ്സിന്റെ കാലാവധി

115 (1199) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബി.എഡ്./എം.എഡ്. കോഴ്സിന്റെ കാലാവധി ഒരു വർഷം എന്നത് രണ്ട് വർഷമായി മാറ്റിയതുകൊണ്ട് ഈ മേഖലയിൽ കടന്നുവരുന്ന കുട്ടികളുടെ എണ്ണം കുറഞ്ഞിട്ടുണ്ടോ;

(ബി) ഡിഗ്രി+ബി.എഡ്. ഇന്റഗ്രേറ്റഡ് കോഴ്സുകൾ കോളേജുകളിൽ (സെൽഫ് ഫിനാൻസിംഗ് കോളേജുകൾ ഉൾപ്പെടെ) ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(സി) ഇത് സംബന്ധിച്ച് യൂണിവേഴ്സിറ്റികളുടെ അഭിപ്രായം ചോദിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ മറുപടി ലഭ്യമായോ; മറുപടി വിശദമാക്കാമോ;

(ഡി) മറുപടി നൽകാത്ത യൂണിവേഴ്സിറ്റികളിൽനിന്നും അത് ലഭ്യമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു; വിശദമാക്കുമോ ?

ഉത്തരം

(എ) അഡ്മിഷൻ തേടുന്ന കുട്ടികളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ട്.

(ബി-ഡി) കേരള സർവ്വകലാശാലയിൽ ഡിഗ്രി+ബി.എഡ്. ഇന്റഗ്രേറ്റഡ് കോഴ്സുകൾ കോളേജുകളിൽ (സെൽഫ് ഫിനാൻസിംഗ് കോളേജുകൾ ഉൾപ്പെടെ) ആരംഭിക്കുന്നതിനുള്ള നടപടികൾ അക്കാദമിക് സമിതികൾ ആരംഭിച്ചിട്ടുണ്ട്. അക്കാദമിക് സമിതികളുടെ നിർദ്ദേശങ്ങൾ അക്കാദമിക് കൗൺസിലിന്റെ അംഗീകാരത്തിന് സമർപ്പിക്കുന്നതായി കേരള സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. കണ്ണൂർ സർവ്വകലാശാല, ഡിഗ്രി+ബി.എഡ്. ഇന്റഗ്രേറ്റഡ് കോഴ്സുകൾ കോളേജുകളിൽ ആരംഭിക്കുന്നത് പ്രായോഗികമല്ല എന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ നിരാക്ഷേപപത്രം (എൻ.ഒ.സി) പുറപ്പെടുവിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണെന്ന് എം.ജി. സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. നിലവിലെ ചട്ടപ്രകാരം പ്രസ്തുത കോഴ്സ് അനുവദിക്കാവുന്നതല്ല എന്ന് കാലിക്കറ്റ് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

## പി.എസ്.സി. ലാബ് അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം

116 (1200) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ ഹയർ സെക്കണ്ടറി വകുപ്പിൽ ലാബ് അസിസ്റ്റന്റ് പി.എസ്.സി റാങ്ക് ലിസ്റ്റ് എന്ന് നിലവിൽ വന്നുവെന്ന് അറിയുമോ ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നല്കിയിട്ടുണ്ട്; എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) ഒഴിവുകൾ യഥാക്രമം പി.എസ്.സി.-യെ അറിയിക്കുന്നതിനും കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം നല്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 6-3-2014-ന് നിലവിൽ വന്നു.

(ബി) 125 ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്. 31-1-2017-ൽ നാല് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു.

(സി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**വി.എച്ച്.എസ്.ഇ. കോഴ്സുകൾക്ക് പി.എസ്.സി. അംഗീകാരം**

117 (1201) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വി.എച്ച്.എസ്.ഇ. വിഭാഗത്തിൽ ആകെ എത്ര തരം കോഴ്സുകളാണ് നിലവിലുള്ളതെന്നും ഇതിൽ ഏതെല്ലാം കോഴ്സുകൾക്ക് പി.എസ്.സി.-യുടെ അംഗീകാരം ഉണ്ടെന്നും അംഗീകാരമില്ലാത്ത കോഴ്സുകൾക്ക് പി.എസ്.സി. അംഗീകാരം ലഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

പുതുക്കിയ കരിക്കുലം പ്രകാരം 35 കോഴ്സുകളാണ് വി.എച്ച്.എസ്.ഇ.-യിൽ നിലവിലുള്ളത്. ടി കോഴ്സുകൾക്കെല്ലാം പി.എസ്.സി. അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വി.എച്ച്.എസ്.ഇ. പരീക്ഷാ ബോർഡിന് കോബ്സ്-ൽ അംഗീകാരം**

118 (1202) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വി.എച്ച്.എസ്.ഇ. പരീക്ഷാ ബോർഡിന് കൗൺസിൽ ഓഫ് ബോർഡ്സ് ഓഫ് സ്കൂൾ എഡ്യൂക്കേഷൻ ഇൻ ഇന്ത്യയിൽ (കോബ്സ്) അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) കോബ്സ്-ൽ അംഗമാകാത്തതുമൂലം മറ്റ് സംസ്ഥാനങ്ങളിൽ പഠനത്തിന് പോകുന്ന വി.എച്ച്.എസ്.ഇ. വിദ്യാർത്ഥികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടും ഉപരിപഠനത്തിന് രജിസ്ട്രേഷൻ ലഭിക്കാത്തതുമൂലം ഉണ്ടാകുന്ന വി.എച്ച്.എസ്.ഇ വിദ്യാർത്ഥികളുടെ പരാതിയിലും ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) കോബ്സ്-ൽ അംഗമാകുന്നതു സംബന്ധിച്ച കാര്യങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) അടുത്ത അദ്ധ്യയന വർഷം വി.എച്ച്.എസ്.ഇ. വിദ്യാർത്ഥികളുടെ ഉപരിപഠനത്തിനുള്ള രജിസ്ട്രേഷൻ പ്രശ്നം ഏതു രീതിയിൽ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത്?

<u>ഉത്തരം</u>

(എ&ബി) ഇല്ല. എന്നാൽ ആന്ധ്രാപ്രദേശിൽ പഠനത്തിന് പോയവർക്ക് കോബ്സ്-ൽ അംഗീകാരമില്ല എന്നതിനാൽ പ്രവേശനം നിരസിച്ചത് ശ്രദ്ധയിൽ പെട്ടതിന്റെ അടിസ്ഥാനത്തിൽ വി.എച്ച്.എസ്.ഇ. കോഴ്സ് കൂടി COBSE-ൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനായി COBSE-ന്റെ നിർദ്ദേശപ്രകാരം ആവശ്യപ്പെട്ട മുഴുവൻ രേഖകളും അംഗത്വഫീസും സഹിതം COBSE-ൽ ലഭ്യമാക്കിയിട്ടുണ്ട്. അപ്രകാരം അംഗത്വം ലഭിക്കുന്നതുവരെ ഉപരിപഠനത്തിനായി മറ്റ് സംസ്ഥാനങ്ങളിൽ പോകുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന തുല്യതാ സർട്ടിഫിക്കറ്റ് അംഗീകരിച്ച് പഠനം നടത്തുന്നതിന് അവസരം നൽകണമെന്ന് ആന്ധ്രാപ്രദേശ് സ്കൂൾ എഡ്യൂക്കേഷൻ സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) എത്രയും വേഗം COBSE-ൽ അംഗത്വം എടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**എസ്.എസ്.എൽ.സി. ബുക്കിലെ തെറ്റ്**

119 (1203) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എസ്.എസ്.എൽ.സി. ബുക്കിലെ തെറ്റുതിരുത്തുന്നതിനായി കഴിഞ്ഞ അഞ്ചുവർഷം ഓരോ ജില്ലയിൽ നിന്നും ഓരോ വർഷവും ലഭിച്ച അപേക്ഷകളുടെ എണ്ണം, ജില്ലയും, വർഷവും തിരിച്ച് വിശദമാക്കുമോ?

<u>ഉത്തരം</u>

അനുബന്ധമായി ചേർത്തിരിക്കുന്നു*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## എസ്.എസ്.എൽ.സി. ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റിനുള്ള അപേക്ഷ

120 (1204) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എസ്.എൽ.സി. ബുക്കിൽ ഒട്ടിച്ച ഫോട്ടോ മങ്ങിയത് കാരണം ഡ്യൂപ്ലിക്കേറ്റിന് അപേക്ഷിച്ച മുഹമ്മദ് അഷ്റഫ് വെള്ളാരത്തൊടി, കുട്ടംബത്തൊടി ഹൗസ് പി.ഒ. ഇറക്കൽ, കൊണ്ടോട്ടി എന്നയാളുടെ Ex/JA4/2139/2016/CGE എന്ന ഫയലിൽ ഇതുവരെ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ബി) പത്ത് മാസം കഴിഞ്ഞിട്ടും ഇദ്ദേഹത്തിന് എസ്.എസ്.എൽ.സി. ബുക്ക് ലഭിച്ചില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ ;

(സി) ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തി 29-8-2016 ന് അദ്ദേഹം സ്പീഡ് പോസ്റ്റ് വഴി സമർപ്പിച്ച ഹർജിയിലും തീരുമാനം ഉണ്ടായില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അദ്ദേഹത്തിന് എന്നത്തേക്ക് സർട്ടിഫിക്കറ്റ് ലഭ്യമാക്കുമെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) Ex/JA4/2139/2016/CGE നമ്പർ പ്രകാരം ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിനു വേണ്ടി അപേക്ഷ സമർപ്പിച്ച ശ്രീ. മുഹമ്മദ് അഷ്റഫ് വെള്ളാരത്തൊടിയുടെ ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് 21-5-2016-ന് പരീക്ഷാഭവനിൽനിന്നും ജി.എച്ച്.എസ്.എസ്. കോട്ടപ്പുറം ഹെഡ്മാസ്റ്റർക്ക് അയച്ചുകൊടുത്തിട്ടുള്ളതും ആയത് ഹെഡ്മാസ്റ്റർ 30-5-2016-ന് കൈപ്പറ്റുകയും ചെയ്തിട്ടുള്ളതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കോട്ടപ്പുറം ഹെഡ്മാസ്റ്ററിനെ ഫോൺ മുഖേന ബന്ധപ്പെട്ടപ്പോൾ ടിയാന്റെ സർട്ടിഫിക്കറ്റ് കൈപ്പറ്റാൻ 10-6-2016, 8-9-2016, 31-10-2016 എന്നീ തീയതികളിൽ ടിയാന് സ്കൂളിൽനിന്നും കത്തയച്ചിട്ടുണ്ട് എന്നറിയിച്ചിരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) 21-5-2016-ന് ടിയാന്റെ സർട്ടിഫിക്കറ്റ് സ്കൂളിലേയ്ക്ക് അയച്ചു കൊടുത്തിട്ടുണ്ട്. ആയത് കൈപ്പറ്റാൻ 10-1-2017-ന് വീണ്ടും കോട്ടപ്പുറം ഹെഡ്മാസ്റ്റർ ടിയാന് രജിസ്റ്റേർഡ് കത്ത് അയച്ചുകൊടുത്തിട്ടുണ്ട്. ആയത് ടിയാന് സ്കൂൾ ഹെഡ്മാസ്റ്ററിൽ നിന്നും കൈപ്പറ്റാവുന്നതാണ്.

## ഹായ് സ്കൂൾ കുട്ടിക്കൂട്ടം പദ്ധതി

121 (1205) പ്രൊഫ. കെ.യു. അരുണൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങൾ ശക്തിപ്പെടുത്തുകയെന്ന സർക്കാർ നയത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് ഐ.ടി. വിജ്ഞാനം പകർന്ന് നൽകുന്നതിനായി ഐ.ടി. അറ്റ് സ്കൂൾ 'ഹായ് സ്കൂൾ കുട്ടിക്കൂട്ടം' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും ഏതെല്ലാം മേഖലകളിലാണ് ഈ പദ്ധതി വ്യാപിപ്പിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) ഏതെല്ലാം ഏജൻസികളുടെ പങ്കാളിത്തത്തോടെയാണ് ഇത് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. വിവരവിനിമയ സാങ്കേതിക വിദ്യാരംഗത്ത് കുട്ടികൾ സ്വാഭാവികമായി പ്രകടിപ്പിക്കുന്ന താൽപ്പര്യത്തെ പരിപോഷിപ്പിക്കുക, ഐ.സി.ടി. സങ്കേതങ്ങൾ കുട്ടികൾക്ക് ആഴത്തിലും പരപ്പിലും സ്വായത്തമാക്കാനുള്ള അന്തരീക്ഷം പ്രദാനം ചെയ്യുക, സംഘപഠനത്തിന്റെയും സഹവർത്തിത പഠനത്തിന്റെയും അനുഭവങ്ങൾ കുട്ടികൾക്ക് പ്രദാനം ചെയ്യുക, വിദ്യാലയത്തിലെ ഐ.സി.ടി. അധിഷ്ഠിത പഠനത്തിന്റെ മികവ് കൂട്ടാനും, സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കാനും വിദ്യാർത്ഥികളുടെ സഹകരണം ഉറപ്പാക്കുക, കൂട്ടായ്മയിലൂടെയുള്ള പ്രവർത്തനത്തിലൂടെ നേതൃത്വപാടവവും സഹകരണ മനോഭാവവും കുട്ടികളിൽ വളർത്തുക, വിദ്യാലയങ്ങളിലെ ഐ.സി.ടി. ഉപകരണങ്ങളുടെ വിനിയോഗവും നടത്തിപ്പും കാര്യക്ഷമമാക്കുന്നതിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കുക, സുരക്ഷിതമായ ഇന്റർനെറ്റ് ഉപയോഗം, സൈബർ കുറ്റകൃത്യങ്ങൾ എന്നിവയെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവാന്മാരാക്കുകയും ഇതുമായി ബന്ധപ്പെട്ട പ്രചാരണപരിപാടികളിൽ നേതൃത്വപരമായ പങ്കാളിത്തം വഹിക്കാൻ പ്രാപ്തരാക്കുകയും ചെയ്യുക, ഭാഷാ കമ്പ്യൂട്ടിംഗ് പ്രവർത്തനങ്ങൾ ഏറ്റെടുത്ത് പ്രവർത്തിക്കാനുള്ള അവസരം ലഭ്യമാക്കുകയും ചെയ്യുക, പുതുതലമുറ സാങ്കേതിക ഉപകരണങ്ങൾ പരിചയപ്പെടാനും അവ ഉപയോഗിച്ച് വിവിധ നിർമ്മാണ പ്രവർത്തനങ്ങളിൽ പങ്കാളിയാകാനുള്ള അവസരം വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുക, പഠന പ്രോജക്ട് പ്രവർത്തനങ്ങൾക്കുള്ള മേഖലകൾ കണ്ടെത്തി ഗവേഷണ പ്രവർത്തനങ്ങൾ ചെയ്യാനുള്ള താൽപ്പര്യം

വളർത്തിയെടുക്കുക തുടങ്ങിയവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ, അനിമേഷൻ & മൾട്ടീമീഡിയ, ഹാർഡ്‌വെയർ, ഭാഷാ കമ്പ്യൂട്ടിംഗ്, ഇന്റർനെറ്റും സൈബർ സുരക്ഷയും, ഇലക്ട്രോണിക്സ് എന്നീ മേഖലകളിൽ സർക്കാർ-എയ്ഡഡ് സ്കൂളുകളിലെ 8, 9 ക്ലാസ്സുകളിലെ കുട്ടികളെ ഉൾപ്പെടുത്തി ഒരു ഐ.ടി. ക്ലാസ് എന്ന നിലയിലാണ് പദ്ധതി വ്യാപിപ്പിക്കുന്നത്.

(സി) ഐടി@സ്കൂൾ പ്രോജക്ട് സ്വമേധയായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

**പ്രീ-പ്രൈമറി ടീച്ചർ നിയമനം**

122 (1206) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിൽ പ്രീ-പ്രൈമറി ടീച്ചർ തസ്തികയിലേക്കുള്ള (കാറ്റഗറി നമ്പർ 345/2010) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിൽ നിന്നും എത്ര പേരെ നിയമിച്ചു;

(ബി) പ്രീ പ്രൈമറി ടീച്ചർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും 2017 മാർച്ച് 31 വരെയുള്ള ഒഴിവുകൾ എത്രയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഇടുക്കി, തൃശ്ശൂർ, കോഴിക്കോട്, വയനാട് ജില്ലകളിലേയ്ക്കാണ് അപേക്ഷ ക്ഷണിച്ചിരുന്നത്. മേൽപ്പറഞ്ഞ നാല് ജില്ലകളിലേയ്ക്കും റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിയമന ശിപാർശ വിവരം ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| ഇടുക്കി | - | 2 |
| തൃശ്ശൂർ | - | 6 |
| കോഴിക്കോട് | - | 3 |
| വയനാട് | - | 1 |

(ബി) കൊല്ലം, പാലക്കാട്, കണ്ണൂർ ജില്ലകളിൽ പ്രീ-പ്രൈമറി ടീച്ചേഴ്സിന്റെ ഓരോ ഒഴിവും കോട്ടയം ജില്ലയിൽ രണ്ട് ഒഴിവുകളുമുണ്ട്.

**ബഹുതല പഠന കേന്ദ്രങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക നിയമനം**

123 (1207) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബഹുതല പഠന കേന്ദ്രങ്ങളിലെ (MGLC) അദ്ധ്യാപക-അനദ്ധ്യാപക നിയമന രീതിയും മാനദണ്ഡങ്ങളും വ്യക്തമാക്കാമോ ;

(ബി) എം.ജി.എൽ.സി.-കളിൽ നിലവിലുള്ള ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) 1-3-2014-ലെ G.O.(MS) 44/2014/Gedn. നമ്പർ ഉത്തരവ് പ്രകാരം സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള 111 എം.ജി.എൽ.സി.-കളെ എൽ.പി. സ്കൂളുകളാക്കി മാറ്റിയ നടപടിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ കാളംതിരുത്തി, പരപ്പനങ്ങാടി ആവിൽ ബിച്ച് എന്നീ എം.ജി.എൽ.സി.-കൾ എൽ.പി. സ്കൂളുകളാക്കി മാറ്റിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എം.ജി.എൽ.സി.-യിലെ അദ്ധ്യാപകരെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 29-12-2014-ലെ NEP(1)57658/14DPI സർക്കുലർ പ്രകാരം ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിലാണ് നിയമിക്കുന്നത്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*)

(ബി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) ചീഫ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ 12-11-2015-ൽ കൂടിയ മീറ്റിംഗിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറിൽനിന്നും വസ്തുനിഷ്ഠമായ റിപ്പോർട്ട് ലഭിച്ചശേഷം തുടർ നടപടി കൈക്കൊള്ളാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ എല്ലാ ഏകാദ്ധ്യാപക വിദ്യാലയങ്ങളും ഗ്രാമപഞ്ചായത്ത് മെമ്പറുടെ നേതൃത്വത്തിൽ ഉപജില്ലാ വിദ്യാഭ്യാസ ആഫീസറും ബ്ലോക്ക് പ്രോഗ്രാം ആഫീസറും ചേർന്ന് പരിശോധന നടത്തി 31-5-2017-നകം റിപ്പോർട്ട് നൽകാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. റിപ്പോർട്ട് ലഭ്യമായ ഉടൻ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ഇല്ല. ഇവ ഇപ്പോഴും ഏകാദ്ധ്യാപക വിദ്യാലയങ്ങളായി പ്രവർത്തിച്ചു വരുന്നു. മേൽ വിവരിച്ച റിപ്പോർട്ട് ലഭ്യമായശേഷം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**എട്ടുമുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകൾ ഹൈടെക്കാക്കുന്നതിനുള്ള നടപടികൾ**

124 (1208) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എട്ടു മുതൽ പന്ത്രണ്ടു വരെയുള്ള ക്ലാസ്സുകൾ ഹൈടെക്കാക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) എത്ര സ്കൂളുകളിലാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നതെന്നും എയ്ഡഡ് സ്കൂളുകൾ ഇതിന്റെ പരിധിയിൽ വരുമോ എന്നും വ്യക്തമാക്കാമോ;

(സി) എട്ടു മുതൽ പന്ത്രണ്ടു വരെ ക്ലാസ്സുകൾ ഹൈടെക്കാക്കുന്നതിന് കാസർഗോഡ് ജില്ലയിൽ തെരഞ്ഞെടുത്ത സ്കൂളുകൾ ഏതൊക്കെയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ക്ലാസ്സുകൾ ഹൈടെക്കാക്കുന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്; എന്തെല്ലാം സംവിധാനങ്ങളാണ് ഹൈടെക്ക് ക്ലാസ്സുകളിൽ ഒരുക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) ഹൈടെക്ക് ക്ലാസ്സിൽ എത്ര കമ്പ്യൂട്ടറുകൾ സ്ഥാപിക്കാനാണുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ എട്ട് മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകളാണ് ഹൈടെക്കാക്കുന്നത്. ആലപ്പുഴ, പുതുക്കാട്, കോഴിക്കോട് നോർത്ത്, തളിപ്പറമ്പ് മണ്ഡലങ്ങളിൽ പദ്ധതി പൈലറ്റായി നടപ്പിലാക്കിവരികയാണ്. പദ്ധതി നടത്തിപ്പിനായി വിശദമായ പദ്ധതിരേഖ (ഡി.പി.ആർ.) ഐ.റ്റി.@സ്കൂൾ തയ്യാറാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വെക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) കാസർഗോഡ് ജില്ല ഉൾപ്പെടെയുള്ള സംസ്ഥാനത്തെ എല്ലാ സർക്കാർ എയ്ഡഡ് ഹൈസ്കൂളുകൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും പദ്ധതി നടപ്പിലാക്കുന്നതിനാൽ സംസ്ഥാനത്തെ എല്ലാ മണ്ഡലങ്ങളിലുള്ള എല്ലാ സ്കൂളുകളും പദ്ധതിയിൽ ഉൾപ്പെടുന്നതാണ്.

(ഡി) പഠനബോധന പ്രവർത്തനങ്ങൾ ആയാസരഹിതവും ലളിതവും കൂടുതൽ ഫലപ്രദവുമാക്കുകയാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. അടച്ചുറപ്പുള്ള ക്ലാസ് മുറികളിൽ ലാപ്ടോപ്, മൾട്ടിമീഡിയ പ്രൊജക്ടർ, ശബ്ദ സംവിധാനം, ഇന്റർനെറ്റ് സൗകര്യം എന്നിവയും ഐ.ടി. ലാബുകളും സജ്ജീകരിക്കും. ഇതിനുപുറമെ ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് ഐ.സി.ടി. ഉള്ളടക്കം, പ്രത്യേക അദ്ധ്യാപക വിദ്യാർത്ഥി പരിശീലനങ്ങൾ, ഇ-ഗവേണൻസ് എന്നിവയും പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നതാണ്.

(ഇ) എട്ട് മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകളിൽ അടച്ചുറപ്പുള്ള ക്ലാസ് മുറി ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനുള്ള സ്ഥലം എന്നിവ തയ്യാറാക്കുന്ന എല്ലാ സർക്കാർ, എയ്ഡഡ് സ്കൂൾ ക്ലാസ് മുറികളിലും, കുട്ടികളുടെ എണ്ണത്തിന് അനുസരിച്ച് കമ്പ്യൂട്ടർ ലാബുകൾ ലഭ്യമാക്കുന്നതാണ്.

## ആയിരം സ്കൂളുകളെ അന്തർദ്ദേശീയ നിലവാരത്തിലാക്കുന്ന പദ്ധതി

125 (1209) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-17-ലെ ബജറ്റിൽ സൂചിപ്പിച്ച പ്രകാരം അഞ്ച് വർഷം കൊണ്ട് കേരളത്തിലെ ആയിരം സ്കൂളുകളെ അന്തർദ്ദേശീയ നിലവാരത്തിലാക്കുമെന്ന ഉറപ്പിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(സി) മലപ്പുറം ജില്ലയിലെ മങ്കട നിയോജകമണ്ഡലത്തിൽ ഇതിനായി തെരഞ്ഞെടുത്ത സ്കൂളിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) 2016-17-ലെ ബഡ്ജറ്റിൽ സൂചിപ്പിച്ച പ്രകാരം അഞ്ചുവർഷം കൊണ്ട് കേരളത്തിലെ 1000 സ്കൂളുകളെ അന്തർദ്ദേശീയ നിലവാരത്തിലാക്കുമെന്ന ഉറപ്പിന്റെ അടിസ്ഥാനത്തിൽ അർഹതപ്പെട്ട സ്കൂളുകളുടെ ലിസ്റ്റ് തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്.

(ബി) അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തേണ്ട സ്കൂളുകളെ തെരഞ്ഞെടുക്കുന്ന വിഷയത്തിൽ കുട്ടികൾ കൂടുതലുള്ളതും പഴയ കെട്ടിടങ്ങളും ക്ലാസ് മുറികളുമുള്ള സ്കൂളുകൾക്ക് മുൻഗണന നൽകുന്നതായിരിക്കും. ഇക്കാര്യത്തിൽ സ്കൂളുകളുടെ സ്ഥലപരിമിതിയും ഒരു ഘടകമായി പരിഗണിക്കുന്നുണ്ട്. കൂടാതെ എല്ലാ വിഭാഗത്തിലുംപെട്ട കുട്ടികൾക്ക് പരമാവധി പ്രയോജനം ലഭിക്കത്തക്ക രീതിയിലായിരിക്കും സ്കൂൾ തെരഞ്ഞെടുപ്പ് നടത്തുക.

(സി) വിവിധ മണ്ഡലങ്ങളിലെ സ്കൂൾ തെരഞ്ഞെടുപ്പിനുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്.

## ഹയർ സെക്കണ്ടറി കോമേഴ്സ് അദ്ധ്യാപകരുടെ ഒഴിവുകൾ

126 (1210) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കണ്ടറി കോമേഴ്സ് (സീനിയർ/ജൂനിയർ, നോൺ വൊക്കേഷണൽ) അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) ഇതിൽ സീനിയർ, ജൂനിയർ വിഭാഗങ്ങളിലായി എത്ര പേരെ പി.എസ്.സി . അഡ്വൈസ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തസ്തികകളിലെ എല്ലാ ഒഴിവുകളും നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്തൊക്കെയാണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഹയർ സെക്കണ്ടറി കോമേഴ്സ് (സീനിയർ) തസ്തികയിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനായി നിലവിൽ ഒഴിവുകളൊന്നുമില്ല. ഹയർ സെക്കണ്ടറി കോമേഴ്സ് (ജൂനിയർ) തസ്തികയിൽ 12 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നോൺ വൊക്കേഷണൽ അദ്ധ്യാപകരുടെ ഒഴിവുകൾ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

(ബി) ഹയർ സെക്കണ്ടറി കോമേഴ്സ് (ജൂനിയർ) തസ്തികയിൽ 12 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിരുന്നെങ്കിലും ഇതുവരെ ആരെയും പി.എസ്.സി. അഡ്വൈസ് ചെയ്തിട്ടില്ല.

(സി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ എല്ലാ ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**ഹയർ സെക്കണ്ടറി മേഖലയിൽ ആർ.എം.എസ്.എ. പദ്ധതി**

127 (1211) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഹയർ സെക്കന്ററി മേഖലയിൽ ആർ.എം.എസ്.എ. പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

ആർ.എം.എസ്.എ. പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചുവരുന്നു.

**ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്രിൻസിപ്പൽ**

128 (1212) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഏറ്റെടുത്ത പഞ്ചായത്ത്/മുനിസിപ്പൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്രിൻസിപ്പൽമാരെ നിയമിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത സ്കൂളുകളിൽ അനദ്ധ്യാപകരായ ജീവനക്കാരെ നിയമിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാർ ഏറ്റെടുത്ത പഞ്ചായത്ത്/മുനിസിപ്പൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരുടെ സീനിയോറിറ്റി, പ്രൊമോഷൻ, ഗ്രേഡ്, ട്രാൻസ്ഫർ തുടങ്ങിയവ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സ.ഉ.(കൈ) നമ്പർ 132/2014/പൊ.വി.വ. തീയതി 17-7-2014 പ്രകാരം പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവുപ്രകാരം ഒരു ജില്ലയ്ക്കുള്ളിൽ സർക്കാർ ഏറ്റെടുത്ത പഞ്ചായത്ത് സ്കൂളുകൾ ഒരു കോമൺപൂളായി നിലനിർത്തിയിട്ടുണ്ട്. പഞ്ചായത്ത് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ തസ്തികയിലെ ഒഴിവുകളും ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപക/പ്രിൻസിപ്പൽ തസ്തികകളിലുള്ള ഒഴിവുകളും നികത്തേണ്ടത് അദ്ധ്യാപകരുടെ സംസ്ഥാനതല കോമൺപൂൾ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും മാത്രമാണെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ കോമൺപൂളിൽ നിന്നും പ്രൊമോഷന് യോഗ്യരായ അപേക്ഷകർ ലഭ്യമല്ലെങ്കിൽ മാത്രം സർക്കാർ അദ്ധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും നിയമനം നടത്തേണ്ടതാണെന്നും ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കോമൺപൂളിൽ ഉൾപ്പെടെ അദ്ധ്യാപക/അനദ്ധ്യാപക സർവ്വീസ് ക്രമപ്പെടുത്തുന്നത് സംബന്ധിച്ച് ഹയർ സെക്കണ്ടറി ഡയറക്ടർ സമർപ്പിച്ച ശിപാർശയിന്മേൽ നടപടികൾ സ്വീകരിച്ചുവരികയാണ്. അതിൽ തീരുമാനമായശേഷം മാത്രമേ പ്രിൻസിപ്പൽമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(ബി) ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ശ്രീ. ശ്യാംകുമാർ മുതൽ പേർ ഫയൽ ചെയ്ത WP(c) No. 29618/2005, 5835/2013, 7385/2013, 7881/2013 നമ്പർ കേസ്സുകളിലെ 5-9-2013-ലെ തീയതിയിലെ പൊതുവിധിന്യായം നടപ്പിലാക്കിക്കൊണ്ട് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലോവർ ഡിവിഷൻ ക്ലാർക്ക്, പാർട്ട്/ഫുൾ ടൈം മീനിയൽ, ലൈബ്രേറിയൻ ഗ്രേഡ്-4 എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിന് 17-8-2015-ലെ ജി.ഒ. (എംഎസ്.) നമ്പർ 220/2015/പൊ.വി.വ. പ്രകാരം ഒരു സ്കീം തയ്യാറാക്കി ഉത്തരവായിട്ടുണ്ട്.

**ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ സ്ഥലംമാറ്റം**

129 (1213) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ മേഖലയിലെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ അഞ്ചിൽ കൂടുതൽ വർഷമായി ഒരേവിദ്യാലയത്തിൽ സേവനമനുഷ്ഠിക്കുന്ന എത്ര അദ്ധ്യാപകർ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അഞ്ചിൽ കൂടുതൽ വർഷം ഒരേ വിദ്യാലയത്തിൽ തുടർച്ചയായി സേവനമനുഷ്ഠിച്ചവരെ നിർബന്ധമായും സ്ഥലംമാറ്റുന്നതിന് വ്യവസ്ഥയുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ അഞ്ചുവർഷത്തിൽ കൂടുതലായി ജോലി ചെയ്തുവരുന്ന 2933 അദ്ധ്യാപകരുണ്ട്.

(ബി&സി) അഞ്ചുവർഷം തുടർച്ചയായി സേവനമനുഷ്ഠിക്കുന്നവരുടെ തസ്തിക തുറന്ന തസ്തികയായി കണക്കാക്കുന്നതിനായി നിലവിലുള്ള ട്രാൻസ്ഫർ മാനദണ്ഡങ്ങളിൽ വ്യവസ്ഥയുണ്ട്.

**ഹയർ സെക്കണ്ടറി ലാബ് അസിസ്റ്റന്റ് നിയമനം**

130 (1214) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാറ്റഗറി നമ്പർ 97/2010 പ്രകാരം നിലവിൽ വന്ന ലാബ് അസിസ്റ്റന്റ് തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്ററിൽ (കണ്ണൂർ ജില്ല) നിന്ന് ഇതുവരെ എത്രപേരെ നിയമിച്ചു;

(ബി) 1-2-2017 തീയതി പ്രകാരം ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിനു കീഴിൽ കണ്ണൂർ ജില്ലയിൽ എത്ര ലാബ് അസിസ്റ്റന്റ് ഒഴിവുകൾ നിലവിലുണ്ട്;

(സി) നിലവിൽ കണ്ണൂർ ജില്ലയിൽ ലാബ് അസിസ്റ്റന്റ്മാരുടെ എത്ര ഒഴിവുകളാണ് തസ്തികമാറ്റം, അന്തർജില്ലാ സ്ഥലംമാറ്റം തുടങ്ങിയവയ്ക്ക് വേണ്ടി മാററിവച്ചിരിക്കുന്നത്;

(ഡി) 1-3-2017 മുതൽ 30-6-2017 വരെ കണ്ണൂർ ജില്ലയിൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിനു കീഴിൽ ലാബ് അസിസ്റ്റന്റ് തസ്തികയിൽ എത്ര ഒഴിവുകളാണ് പ്രതീക്ഷിക്കുന്നത്?

<u>ഉത്തരം</u>

(എ) 125 പേരെ നിയമിച്ചു.

(ബി) 21 ഒഴിവുകൾ.

(സി) തസ്തിക മാറ്റം-11 ഒഴിവ്, എസ്.സി./എസ്.റ്റി സ്പെഷ്യൽ റിക്രൂട്ട്മെന്റ്-6 ഒഴിവ്, അന്തർജില്ലാ സ്ഥലം മാറ്റം - ഒഴിവുകൾ ഒന്നും നീക്കിവച്ചിട്ടില്ല.

(ഡി) പ്രതീക്ഷിത ഒഴിവുകൾ ഒന്നുമില്ല.

## വിവിധ തസ്തികകളിലെ ഒഴിവുകൾ

131 (1215) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം നിയോജക മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പിൽ വിവിധ തസ്തികകളിലായി നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് കാറ്റഗറി തിരിച്ച് വിശദമാക്കുമോ ;

(ബി) നിലവിലുള്ള ഒഴിവുകൾ ഓരോന്നും എന്നത്തേക്ക് നികത്താനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വാമനപുരം നിയോജക മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പിൽ വിവിധ തസ്തികകളിലായി നിലവിലുള്ള ഒഴിവുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) പൊതുസ്ഥലംമാറ്റം മുഖേന ടി ഒഴിവുകളിലേക്ക് അപേക്ഷകൾ ഉണ്ടെങ്കിൽ ഒഴിവുകൾ 2017-18 അദ്ധ്യയന വർഷാരംഭം നികത്താനാകും; അല്ലാത്തപക്ഷം പി.എസ്.സി.-യിൽ നിന്നും ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്.

## ഹയർ സെക്കണ്ടറി വകുപ്പിൽ സ്പെഷ്യൽ റൂൾ

132 (1216) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കണ്ടറി വകുപ്പിൽ സ്പെഷ്യൽ റൂൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ സ്പെഷ്യൽ റൂളിനുള്ള നടപടി ആരംഭിച്ചിട്ട്എത്ര കാലമായി; വിശദമാക്കുമോ;

(ബി) ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ്, ഹയർ സെക്കണ്ടറി റീജിയണൽ ഡയറക്ടറേറ്റ് എന്നിവിടങ്ങളിൽ എത്രപേർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്നുണ്ട്; ഇവരുടെ മാതൃ വകുപ്പ്, തസ്തിക തിരിച്ചുള്ള വിശദ വിവരം ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ടീച്ചിംഗ് സ്റ്റാഫിന്റെ സ്പെഷ്യൽ റൂൾ നിലവിലുണ്ട്.

(ബി) 23 പേർ.

| മാതൃവകുപ്പ് | തസ്തിക |
|---|---|
| സെക്രട്ടേറിയറ്റ് (21 പേർ) | എ.ഒ, സീനിയർ സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട് |
| കൊളീജിയറ്റ് എഡ്യൂക്കേഷൻ (2 പേർ) | ജോയിന്റ് ഡയറക്ടർ |

**അടൽ ഇന്നോവേഷൻ പദ്ധതി**

133 (1217) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടൽ ഇന്നോവേഷൻ പദ്ധതിയുടെ ഭാഗമായി അടൽ ടിങ്കറിംഗ് ലാബ് സ്ഥാപിക്കാൻ കേരളത്തിൽനിന്ന് എത്ര സംസ്ഥാന സർക്കാർ സ്കൂൾ / എയ്ഡഡ് സ്കൂളുകളെയാണ് തെരഞ്ഞെടുത്തത്; ഏതെല്ലാം സഹായങ്ങളാണ് ഈ പദ്ധതി പ്രകാരം ഓരോ സ്കൂളിനും ലഭിക്കുന്നത്;

(ബി) ഈ പദ്ധതിയിലേക്ക് മലപ്പുറം ജില്ലയിൽ നിന്നും സ്കൂളുകൾ പരിഗണിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് പദ്ധതി ജില്ലയിൽ നടപ്പിലാക്കാത്തതെന്ന് അറിയിക്കുമോ;

(സി) പദ്ധതി നടപ്പിലാക്കാത്ത ജില്ലകൾക്ക് മുൻഗണന നൽകി വരും വർഷങ്ങളിലെങ്കിലും കൂടുതൽ സ്കൂളുകളെ തെരെഞ്ഞെടുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) അടൽ ഇന്നോവേഷൻ പദ്ധതിയുടെ ഭാഗമായി അടൽ ടിങ്കറിംഗ് ലാബ് സ്ഥാപിക്കാൻ കേരളത്തിൽനിന്ന് ജി.എച്ച്.എസ്.എസ്. മൂലക്കാവ് എന്ന സർക്കാർ സ്കൂളിനെ മാത്രമാണ് തെരഞ്ഞെടുത്തിട്ടുള്ളത്. എയ്ഡഡ് സ്കൂളുകളെ തെരഞ്ഞെടുത്തിട്ടില്ല. ലാബ് സ്ഥാപിക്കുന്നതിനായി ഒറ്റത്തവണയായി 10 ലക്ഷം രൂപയും ലാബിന്റെ നടത്തിപ്പിനായി 5 വർഷത്തേക്ക് ആകെ 10 ലക്ഷം രൂപയും സാമ്പത്തിക സഹായമായി ലഭിക്കുന്നതാണ്.

(ബി&സി) ഈ പദ്ധതിയിലേക്ക് മലപ്പുറം ജില്ലയിൽനിന്നും സ്കൂളുകളെ പരിഗണിച്ചിട്ടില്ല. എം.എച്ച്.ആർ.ഡി.-യാണ് ഈ പദ്ധതിയിൽ സ്കൂളുകളെ തെരഞ്ഞെടുക്കുന്നത്.

## പുതിയ ഹയർ സെക്കണ്ടറി സ്കൂളുകൾ

134 (1218) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2017-18 അദ്ധ്യയന വർഷം സംസ്ഥാനത്ത് പുതിയ ഹയർ സെക്കണ്ടറി സ്കൂളുകളോ അധിക ബാച്ചുകളോ അനുവദിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാർ അനുവദിച്ച ഹയർ സെക്കണ്ടറി അധിക ബാച്ചുകളുടെ അദ്ധ്യാപക തസ്തികകളുടെ പോസ്റ്റ് ക്രിയേഷൻ നടത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത വിഷയത്തിൽ നടപടി ഏതുവരെയായി എന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) 2017-18 അദ്ധ്യയന വർഷം സംസ്ഥാനത്ത് പുതിയ ഹയർ സെക്കണ്ടറി സ്കൂളുകളോ അധിക ഹയർ സെക്കണ്ടറി ബാച്ചുകളോ അനുവദിക്കണമോയെന്ന വിഷയത്തിൽ സർക്കാർ ഇതുവരെ തീരുമാനമെടുത്തിട്ടില്ല.

(ബി) 2014-ൽ അനുവദിച്ച ഹയർ സെക്കണ്ടറി അധികബാച്ചുകളിൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(സി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

## എച്ച്.എസ്.എസ്.ടി. (ജൂനിയർ) തസ്തികയിലേക്ക് നിയമനം

135 (1219) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എച്ച്.എസ്.എസ്.ടി. (ജൂനിയർ) തസ്തികയിലേയ്ക്ക് തസ്തിക മാറ്റം മുഖേന നിയമനത്തിനുള്ള ക്വാട്ടയിൽ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ ലാബ് അസിസ്റ്റന്റുമാരെ ഉൾപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) നിലവിൽ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലെ ലാബ് അസിസ്റ്റന്റുമാർക്ക്, അദ്ധ്യാപക നിയമനക്വാട്ടയിൽ മുൻഗണന നൽകുന്നതുപോലെ എയ്ഡഡ് മേഖലയിലെ ഹയർ സെക്കണ്ടറി ലാബ് അസിസ്റ്റന്റുമാർക്കും, മുൻഗണന നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ&ബി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

## എച്ച്.എസ്.എസ്.ടി. (കൊമേഴ്സ്) ആയി പ്രൊമോഷൻ

136 (1220) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എച്ച്.എസ്.എ.-യിൽനിന്ന് എത്ര പേർക്ക് എച്ച്.എസ്.എസ്.ടി (കൊമേഴ്സ്) ആയി പ്രൊമോഷന് അർഹതയുണ്ടെന്ന് വിശദമാക്കാമോ ;

(ബി) നിലവിൽ എത്ര ഒഴിവുകൾ ഇതിനായി മാറ്റിവച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) അവരുടെ അഭാവത്തിൽ പ്രസ്തുത ഒഴിവുകളിലേയ്ക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്ന് നിയമനം നടത്തുമോ?

ഉത്തരം

(എ) തസ്തികമാറ്റ നിയമനത്തിനായുള്ള സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടില്ല. അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചശേഷമേ പ്രൊമോഷൻ ലഭിക്കാൻ അർഹതയുള്ള അദ്ധ്യാപകരുടെ എണ്ണം അറിയാൻ കഴിയുകയുള്ളൂ.

(ബി) ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ കൊമേഴ്സ് (സീനിയർ) തസ്തികയിലേക്ക് 13 ഒഴിവുകളും ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ കൊമേഴ്സ് (ജൂനിയർ) തസ്തികയിലേക്ക് 38 ഒഴിവുകളും മാറ്റിവച്ചിട്ടുണ്ട്.

(സി) നിലവിലുള്ള നിയമമനുസരിച്ച് നിയമനം നടത്തുന്നതാണ്.

## പത്താം ക്ലാസ് കഴിഞ്ഞ കുട്ടികൾക്ക് മാർക്ക്‌ലിസ്റ്റിന്റെ പകർപ്പ്

137 (1221) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്താം ക്ലാസ് പരീക്ഷ കഴിഞ്ഞ കുട്ടികൾക്ക് മാർക്ക് ലിസ്റ്റിന്റെ പകർപ്പ് ആവശ്യപ്പെട്ടാൽ നൽകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പത്താം ക്ലാസ് പരീക്ഷ കഴിഞ്ഞ് തൊട്ടടുത്ത രണ്ട് വർഷത്തേക്ക് കുട്ടികൾ മാർക്ക് ലിസ്റ്റ് ആവശ്യപ്പെട്ടാൽ നൽകാൻ പരീക്ഷാഭവൻ തടസ്സവാദം ഉന്നയിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കുട്ടികൾ പരീക്ഷ എഴുതിക്കഴിഞ്ഞ് റിസർട്ട് പബ്ലിഷ് ചെയ്തുകഴിഞ്ഞാൽ മാർക്കും സർട്ടിഫിക്കറ്റും നൽകുവാൻ ആവശ്യമായ നിർദ്ദേശം പരീക്ഷാ കമ്മീഷണറായ ഡി.പി.ഐ.-യ്ക്ക് നൽകുമോ; വിശദ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) എസ്.എസ്.എൽ.സി. പരീക്ഷ എഴുതി രണ്ട് വർഷം പൂർത്തിയാകുമ്പോൾ മുതൽ വിദ്യാർത്ഥികൾക്ക് മാർക്ക്ലിസ്റ്റ് നൽകുന്നുണ്ട്.

(ബി) ഗ്രേഡിംഗ് സമ്പ്രദായം അനുസരിച്ച് എസ്.എസ്.എൽ.സി. പരീക്ഷ കഴിഞ്ഞ് രണ്ട് വർഷം കഴിഞ്ഞേ മാർക്ക്ലിസ്റ്റ് നൽകാനാവൂ.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

## എയ്ഡഡ് സ്കൂൾ അദ്ധ്യാപക നിയമന നിയന്ത്രണത്തിനുള്ള ഭേദഗതി

138 (1222) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് സ്കൂൾ അദ്ധ്യാപക നിയമനങ്ങളിൽ നിയന്ത്രണം ലക്ഷ്യമിട്ട് കേരള വിദ്യാഭ്യാസ ചട്ടത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ ;

(ബി) പ്രസ്തുത ചട്ട ഭേദഗതിയും വിജ്ഞാപനവും മാനേജ്മെന്റുകളുടെ നിയമനാവകാശങ്ങൾ കവരുന്ന നടപടിയാണെന്ന് ചൂണ്ടിക്കാട്ടി ആരെങ്കിലും കോടതിയെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ കോടതിയിൽ ഹർജി നൽകിയവരുടെയും പ്രസ്തുത ഹർജിയിൻമേൽ സർക്കാർ സ്വീകരിച്ച നടപടികളുടെയും വിശദാംശം നൽകുമോ;

(സി) പ്രസ്തുത ഭേദഗതിയും വിജ്ഞാപനവുംമൂലം എയ്ഡഡ് സ്കൂളുകളിൽ വിരമിക്കൽ, രാജി, മരണം എന്നിവമൂലമുണ്ടായ ഒഴിവുകളിൽ മാനേജർമാർ നടത്തിയ എത്ര നിയമനങ്ങളിൽ അംഗീകാരം ലഭിക്കാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കാമോ ; പ്രസ്തുത സ്കൂളുകളിലെ നിയമനാംഗീകാരം കാത്തു കഴിയുന്ന അദ്ധ്യാപകരുടെ പേരു വിവരങ്ങൾ വിദ്യാഭ്യാസ ജില്ല തിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

(എ) സംരക്ഷിതാദ്ധ്യാപകരുടെ നിയമനം, പുനർവിന്യാസം, തസ്തിക നിർണ്ണയം തുടങ്ങിയ വിഷയങ്ങളിൽ കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് 3-12-2016-ലെ ജി.ഒ. (പി)നമ്പർ 199/2016/പൊ.വി.വ. പ്രകാരം സർക്കാർ ഉത്തരവും എസ്.ആർ.ഒ.752/2016 പ്രകാരം വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനം നിയമസഭാ സമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

(ബി) 3-12-2016-ലെ ജി.ഒ.(പി) നമ്പർ 199/2016/പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവിനെതിരെ വിവിധ മാനേജർമാർ കോടതിയെ സമീപിച്ചിട്ടുണ്ട്. ഈ കേസ്സുകളിൽ കോടതി ഇതുവരെയും തീർപ്പ് കൽപ്പിച്ചിട്ടില്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

**എയ്ഡഡ് സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ക്രമക്കേട്**

139 (1223) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് സ്ഥാപനങ്ങളിലെ അദ്ധ്യാപക-അദ്ധ്യാപകേതര നിയമനങ്ങളിൽ വ്യാപകമായ ക്രമക്കേട് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങൾ പി.എസ്.സി. മുഖാന്തരമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എയ്ഡഡ് സ്കൂളിലെ അദ്ധ്യാപക-അദ്ധ്യാപകേതര നിയമനങ്ങളിൽ വ്യാപകമായ ക്രമക്കേട് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒരു ഒഴിവിൽത്തന്നെ ഒന്നിലധികം പേരെ പലപ്പോഴായി നിയമിക്കുക, നിയമനത്തിന് മുൻഗണനാ വകാശമുള്ളവരെ നിയമിക്കാതിരിക്കുക, ഒഴിവ് എസ്റ്റാബ്ലിഷ് ചെയ്യപ്പെടുന്നതിന് മുമ്പ് നിയമനം നടത്തുക തുടങ്ങിയ നീതീകരണമില്ലാത്ത പ്രവർത്തികൾ ചില മാനേജർമാരുടെ ഭാഗത്തുനിന്ന് ഉണ്ടാകുന്നുണ്ട്.

(ബി) നിയമനങ്ങളെ സംബന്ധിച്ച് കെ.ഇ.ആർ.-ൽ വ്യക്തമായ ചട്ടങ്ങൾ ഇപ്പോൾത്തന്നെ നിലവിലുണ്ട്. ചട്ടങ്ങളും ഉത്തരവുകളും അനുസരിക്കാതെ നടത്തുന്ന നിയമനങ്ങളാണ് പിൽക്കാലത്ത് പ്രശ്നങ്ങൾ ഉണ്ടാക്കുന്നത്. വ്യവസ്ഥകൾ അനുസരിക്കാത്ത മാനേജർമാരെ അയോഗ്യരാക്കുന്നതുൾപ്പെടെയുള്ള അച്ചടക്ക നടപടികൾ സ്വീകരിക്കാൻ വകുപ്പിന് അധികാരമുണ്ട്.

(സി) എയ്ഡഡ് സ്കൂൾ നിയമനങ്ങൾ പി.എസ്.സി. വഴിയാക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**മെഡൽ ജേതാക്കൾക്ക് പാരിതോഷികം**

140 (1224) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക സ്കൂൾ അത് ലറ്റിക് മീറ്റിൽ മെഡൽ ജേതാക്കളായ കുട്ടികൾക്ക് പാരിതോഷികം പ്രഖ്യാപിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) മെഡൽ ജേതാക്കളായവരുടെ പരിശീലകർക്ക് പാരിതോഷികം പ്രഖ്യാപിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2016 ജൂലൈ 11 മുതൽ 18 വരെ തുർക്കിയിലെ ടബ്സണിൽ വച്ച് നടന്ന ലോക സ്കൂൾ അത്‌ലറ്റിക് മീറ്റിൽ മെഡൽ നേടിയ മാസ്റ്റർ പി.എൻ. അജിത്ത് (പാലക്കാട്, പറളി ഹൈസ്കൂൾ), മാസ്റ്റർ അഭിഷേക് മാത്യു (കോതമംഗലം മാർബെസിൽ ഹൈസ്കൂൾ), കുമാരി നിവ്യ ആന്റണി (പാലക്കാട്, കുമരംപുത്തൂർ കല്ലടി ഹൈസ്കൂൾ), മാസ്റ്റർ കെ.എസ്. അനന്തു (ഗുരുവായൂർ ശ്രീകൃഷ്ണ ഹൈസ്കൂൾ) എന്നിവർക്ക് സ.ഉ. (ആർ.ടി)314/2017/പൊ.വി.വ തീയതി 7-2-2017 പ്രകാരം 5 ലക്ഷം രൂപ പാരിതോഷികം അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് നിലവിൽ ശിപാർശകളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

**എയ്ഡഡ് സ്കൂളുകൾക്ക് മെയിന്റനൻസ് ഗ്രാന്റ്**

141 (1225) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് സ്കൂളുകൾക്ക് കഴിഞ്ഞ രണ്ടു മൂന്നു വർഷമായി മെയിന്റനൻസ് ഗ്രാന്റ് ലഭ്യമാകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് അടിയന്തരമായി കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) മെയിന്റനൻസ് ഗ്രാൻറ് ഹയർ സെക്കണ്ടറി, വി.എച്ച്.എസ്.ഇ. സ്കൂളുകൾക്ക് കൂടി നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) 27-9-2013-ലെ ജി.ഒ.(പി) നമ്പർ 261/2013/പൊ.വി.വ. പ്രകാരം എയ്ഡഡ് സ്കൂളുകളിലെ മെയിന്റനൻസ് ഗ്രാന്റ് തുക 2013-14 വർഷം മുതൽ വർദ്ധിപ്പിക്കുകയുണ്ടായി. തുടർന്നുള്ള വർഷങ്ങളിൽ ആവശ്യത്തിന് തുക ലഭ്യമല്ലാ

തിരുന്നതിനാൽ എല്ലാ അപേക്ഷകൾക്കും ഗ്രാന്റ് നൽകാൻ കഴിഞ്ഞിരുന്നില്ല. ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പരമാവധി അപേക്ഷകൾക്ക് ഗ്രാന്റ് നൽകുന്നതാണ്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**നൂറിൽതാഴെ കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങൾ**

142 (1226) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നൂറിൽ താഴെ കുട്ടികൾ പഠിക്കുന്ന എത്ര വിദ്യാലയങ്ങൾ ഉണ്ട്; എൽ.പി. / യു.പി., ഹൈസ്കൂൾ, എച്ച്.എസ്.എസ്. എന്നീ വിഭാഗങ്ങളിലെ വിശദാംശം ജില്ലാടിസ്ഥാനത്തിൽ നൽകാമോ ;

(ബി) കുട്ടികൾ കുറവ് എന്ന പേരിൽ മാനേജ്മെന്റ് അടച്ചുപൂട്ടിയ ഏതെല്ലാം സ്കൂളുകൾ ഈ സർക്കാർ ഏറ്റെടുത്തു ; വിശദാംശം ലഭ്യമാക്കാമോ;

(സി) മാനേജ്മെന്റ് തർക്കത്തെ തുടർന്ന് പാലക്കാട് ജില്ലയിൽ ഏതെങ്കിലും ഹൈസ്കൂളിന്റെ നിയന്ത്രണം സർക്കാർ ജില്ലാ കളക്ടറിൽ നിക്ഷിപ്തമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെന്ന് വ്യക്തമാക്കാമോ ;

(ഡി) അത്തരത്തിൽപ്പെടുന്ന സ്കൂൾ, മാനേജ്മെന്റ് സ്കൂളുമല്ല സർക്കാർ സ്കൂളുമല്ല എന്ന അവസ്ഥയിൽ ശരിയായി അദ്ധ്യയനം നടത്തപ്പെടാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്കൂളിന്റെ ഭൗതിക സാഹചര്യവും അക്കാദമിക നിലവാരവും ഉയർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നൂറിൽതാഴെ കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങളുടെ ജില്ലാടിസ്ഥാനത്തിലുള്ള എണ്ണം ചുവടെ ചേർക്കുന്നു :

| ജില്ല | വിദ്യാലയങ്ങളുടെ എണ്ണം | | | |
|---|---|---|---|---|
| | എൽ.പി. | യു.പി. | എച്ച്.എസ് | എച്ച്.എസ്.എസ്. |
| (1) | (2) | (3) | (4) | (5) |
| തിരുവനന്തപുരം | 252 | 56 | 20 | 29 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| കൊല്ലം | 295 | 47 | 9 | 21 |
| പത്തനംതിട്ട | 355 | 88 | 26 | 35 |
| ആലപ്പുഴ | 299 | 70 | 14 | 20 |
| കോട്ടയം | 352 | 124 | 37 | 25 |
| ഇടുക്കി | 174 | 37 | 30 | 27 |
| എറണാകുളം | 309 | 103 | 28 | 48 |
| തൃശ്ശൂർ | 328 | 68 | 19 | 29 |
| പാലക്കാട് | 340 | 23 | 2 | 22 |
| മലപ്പുറം | 238 | 4 | 1 | 41 |
| കോഴിക്കോട് | 546 | 50 | 2 | 21 |
| വയനാട് | 82 | 6 | 5 | 13 |
| കണ്ണൂർ | 610 | 87 | 11 | 18 |
| കാസർഗോഡ് | 193 | 11 | 0 | 24 |
| ആകെ | 4373 | 774 | 204 | 373 |

(ബി) മലപ്പുറം ജില്ലയിലെ മങ്ങാട്ടുമുറി എ.എം.എൽ.പി. സ്കൂൾ, കോഴിക്കോട് ജില്ലയിലെ മലാപ്പറമ്പ് എ.യു.പി. സ്കൂൾ, കോഴിക്കോട് ജില്ലയിലെ പാലാട്ട് എ.യു.പി.സ്കൂൾ, തൃശ്ശൂർ ജില്ലയിലെ കിരാലൂർ പി.എം.എൽ.പി. സ്കൂൾ എന്നിവ ഏറ്റെടുക്കുന്നതിന് 27-7-2016-ലെ സ.ഉ.(അച്ചടിച്ചത്) നമ്പർ122/2016/പൊ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. ആയത് അസാധാരണ ഗസറ്റ് നമ്പർ 1332/16-ൽ എസ്.ആർ.ഒ. നമ്പർ 509/16 ആയി വിജ്ഞാപനം ചെയ്തിട്ടുണ്ട്.

(സി) പാലക്കാട് ജില്ലയിലെ എസ്.ജെ.എച്ച്.എസ്.പുതുക്കോട്, എ.എസ്.എം.എച്ച്.എസ്.എസ്.ആലത്തൂർ, എസ്.വി.എച്ച്.എസ്. എരുത്തേമ്പതി എന്നീ സ്കൂളുകളുടെ നിയന്ത്രണം ജില്ല കളക്ടറിൽ നിക്ഷിപ്തമാണ്.

(ഡി) സ്കൂളുകളിൽ അദ്ധ്യയനം നല്ല രീതിയിൽ നടന്നുവരുന്നു.

## ഹൈടെക് സ്കൂൾ പദ്ധതി

143 (1227) ശ്രീ. കെ. സി.ജോസഫ് :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈടെക് സ്കൂൾ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) 2017-18 അദ്ധ്യയന വർഷം എത്ര സ്കൂളുകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്; നടപ്പിലാക്കുന്ന സ്കൂളുകൾ ഏതെല്ലാം;

(സി) ഇതിലേക്കായി സംസ്ഥാന ഗവൺമെൻറ് ഓരോ സ്കൂളിനും എന്തെല്ലാം സഹായമാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള സമഗ്ര പദ്ധതിക്കാണ് വിദ്യാഭ്യാസ വകുപ്പ് തുടക്കം കുറിച്ചിരിക്കുന്നത്. സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 8 മുതൽ 12 വരെ ക്ലാസ്സുകളെ ഹൈടെക് ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. നാല് അസംബ്ലി നിയോജക മണ്ഡലങ്ങളിൽ പദ്ധതി ഈ വർഷം നടപ്പിലാക്കുകയാണ്. ക്ലാസ് മുറികളിൽ കമ്പ്യൂട്ടർ/ലാപ്ടോപ്പ്, മൾട്ടിമീഡിയാ പ്രൊജക്ടർ, ശബ്ദ സംവിധാനം, ഇന്റർനെറ്റ് സൗകര്യവും ഇ-ഗവേണൻസ് പ്രവർത്തനങ്ങൾക്കുള്ള സൗകര്യങ്ങളും പരിശീലനങ്ങളും ഇതിന്റെ ഭാഗമായി ലഭ്യമാക്കുന്നുണ്ട്.

(ബി) 2017-18-ൽ സംസ്ഥാനത്തെ എല്ലാ സർക്കാർ എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും ഈ പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) 8 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ കമ്പ്യൂട്ടർ/ലാപ്ടോപ്പ്, മൾട്ടിമീഡിയ പ്രൊജക്ടർ, ശബ്ദസംവിധാനം, ഇന്റർനെറ്റ് സൗകര്യം എന്നിവ ക്ലാസ്സുകളിലും, സ്കൂളുകളിൽ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് കമ്പ്യൂട്ടർ ലാബുകളും ഇന്റർനെറ്റ് സൗകര്യവും ഇ-ഗവേണൻസ് പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും സൗകര്യങ്ങളും പരിശീലനങ്ങളും ലഭ്യമാക്കുന്നുണ്ട്.

## സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ മാന്വൽ

144 (1228) ശ്രീ. റോജി എം. ജോൺ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ മാനുവൽ പരിഷ്കരിക്കുവാൻ നടപടി ആരംഭിച്ചിട്ടുണ്ടോ;

(ബി) കലോത്സവ വേദികളിൽ നടക്കുന്ന അനഭിലഷണീയമായ പ്രവർത്തനങ്ങൾ കലോത്സവത്തിന്റെ പകിട്ട് ചോർത്തിക്കളയുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(സി) ഈ വർഷത്തെ സ്കൂൾ യുവജനോത്സവ വിധികർത്താക്കളെ സ്വാധീനിക്കുവാനുള്ള ശ്രമം ഉണ്ടായതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) കലോത്സവ വേദിയിൽ വിജിലൻസ് നിരീക്ഷണം ഏർപ്പെടുത്തിയിരുന്നോ; വിജിലൻസ് ഏതെങ്കിലും കേസ് കണ്ടെത്തുകയും നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഇ) മത്സരങ്ങൾ സമ്പത്തിന്റെയും, ആർഭാടത്തിന്റെയും വേദിയാകുന്നതും, കലോത്സവങ്ങളുടെ യഥാർത്ഥ ഉദ്ദേശലക്ഷ്യങ്ങളെ തകിടം മറിക്കുന്ന പ്രവണതയും കൂടി വരുന്നത് പരിഗണിച്ച് കലോത്സവ മാനുവലിൽ സമഗ്ര പരിഷ്കരണം നടപ്പിൽ വരുത്തുമോ; വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയർമാനായി സംസ്ഥാന സ്കൂൾ കലോത്സവ മാന്വൽ പരിഷ്കരണക്കമ്മിറ്റി 10-11-2016-ലെ സ.ഉ.(കൈ) നമ്പർ 188/2016/പൊ.വി.വ പ്രകാരം രൂപീകരിക്കുകയും പ്രാഥമിക ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്.

(ബി&സി) ഉണ്ട്.

(ഡി) കുച്ചുപ്പുടി മത്സരത്തിന്റെ വിധികർത്താക്കൾക്കെതിരെ ലഭിച്ചിട്ടുള്ള പരാതികളുടെ അടിസ്ഥാനത്തിൽ വിധികർത്താക്കൾക്കെതിരെ കേരള വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ഇ) കലോത്സവ മാന്വൽ പരിഷ്കരണ കമ്മിറ്റി, വിവിധ മേഖലയിലെ പ്രഗത്ഭരുമായി കൂടിയാലോചിച്ച് മാന്വലിൽ പരിഷ്കരണങ്ങൾ വരുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**സംസ്ഥാന സ്കൂൾ യുവജനോത്സവ മാന്വൽ**

145 (1229) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സ്കൂൾ യുവജനോത്സവത്തിന്റെ മാന്വൽ പരിഷ്കരിക്കാൻ ഈ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ ഗ്രേസ് മാർക്ക് സമ്പ്രദായം അവസാനിപ്പിക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ മുന്നിലുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയർമാനായി സംസ്ഥാന മാന്വൽ പരിഷ്കരണ കമ്മിറ്റി 10-11-2016-ലെ സ.ഉ. (കൈ) നമ്പർ 188/2016/പൊ.വി.വ. പ്രകാരം രൂപീകരിച്ചിട്ടുണ്ട്. മാന്വൽ പരിഷ്കരണത്തിന്റെ വിവിധവശങ്ങൾ ചർച്ച ചെയ്യുന്നതിനും നിർദ്ദേശങ്ങൾ സ്വരൂപിക്കുന്നതിനുമായി വിവിധ ഇനങ്ങളിൽ പ്രഗത്ഭരായ വ്യക്തികളെ പങ്കെടുപ്പിച്ച് യോഗങ്ങൾ ചേരുകയും തുടർപ്രവർത്തനങ്ങൾ നടത്തി വരികയുമാണ്.

(ബി) ഇക്കാര്യത്തിൽ സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടില്ല.

**പ്രവേശന പരീക്ഷാ പരിശീലന കേന്ദ്രങ്ങൾ**

146 (1230) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ പ്രവേശന പരീക്ഷകൾക്കുള്ള പരിശീലനം നൽകുന്ന സ്ഥാപനങ്ങൾ ക്രമാതീതമായി വർദ്ധിച്ചതായും ഈ സ്ഥാപനങ്ങൾ കനത്ത ഫീസ് ഈടാക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; വിശദമാക്കാമോ;

(സി) നിലവിൽ ഈ സ്ഥാപനങ്ങളെ നിയന്ത്രിക്കുവാൻ സംവിധാനങ്ങൾ ഇല്ലെങ്കിൽ ആയതിന് നിയമ നിർമ്മാണം നടത്തുന്നതിന് സന്നദ്ധമാവുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഈ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് ഇപ്പോൾ ഫലപ്രദമായ സംവിധാനങ്ങൾ നിലവിലില്ല.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

## അകലൂർ ഗവൺമെന്റ് ഹൈസ്കൂൾ

147 (1231) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ലെക്കിടി പേരൂർ ഗ്രാമപഞ്ചായത്തിലെ അകലൂർ ഗവൺമെന്റ് ഹൈസ്കൂൾ എന്നാണ് അപ്ഗ്രേഡ് ചെയ്യപ്പെട്ടത്;

(ബി) ആർ.എം.എസ്.എ. പദ്ധതിയിൽ ഉൾപ്പെടുത്തി അപ്ഗ്രേഡ് ചെയ്യപ്പെട്ട പ്രസ്തുത സ്കൂളിന് ആർ.എം.എസ്.എ.യിൽ നിന്ന് ഓരോ വർഷവും ലഭ്യമായ ഗ്രാന്റുകളുടെ വിശദാംശം നൽകാമോ;

(സി) അകലൂർ സർക്കാർ ഹൈസ്കൂളിൽ ഏതെല്ലാം തസ്തികകളാണ് ഒഴിഞ്ഞ് കിടക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത ഹൈസ്കൂളിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 7-9-2013-ലെ സ.ഉ.(കൈ) നമ്പർ 249/2013/പൊ.വി.വ. പ്രകാരം ജി.എസ്.ബി.എസ്. അകലൂർ എന്ന പ്രൈമറി വിദ്യാലയം അകലൂർ ഗവൺമെന്റ് ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്.

(ബി) രാഷ്ട്രീയ മാദ്ധ്യമിക് ശിക്ഷാ അഭിയാൻ ഗ്രാന്റ് പദ്ധതി പ്രകാരം 27-2-2017 വരെ നൽകിയ ഗ്രാന്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | വർഷം | ഗ്രാന്റിനം | തുക |
|---|---|---|---|
| 1 | 2014-15 | എസ്.എം.ഡി.സി. പരിശീലനം | 820 |
| 2 | 2015-16 | എസ്.എം.ഡി.സി. പരിശീലനം | 760 |
| 3 | 2016-17 | സ്കൂൾ ഗ്രാന്റ് | 50,000 |
| | | സെൽഫ് ഡിഫൻസ് ഫോർ ഗേൾസ് | 9,000 |

(സി) (i) താഴെപ്പറയുന്ന തസ്തികകളിൽ നിയമനം നടത്തിയിട്ടില്ല :

ഹെഡ് മാസ്റ്റർ - 1

എച്ച്.എസ്.എ.(ഹിന്ദി) - 1

| | | |
|---|---|---|
| എച്ച്.എസ്.എ. സംസ്കൃതം (പാർട്ട് ടൈം) | - | 1 |
| ക്ലർക്ക് | - | 1 |
| ആഫീസ് അറ്റൻഡന്റ് | - | 2 |
| എഫ്. ടി. എം. | - | 1 |

(ii) താഴെപ്പറയുന്നവയിൽ പ്രൊട്ടക്റ്റഡ് ടീച്ചേഴ്സിനെ നിയമിച്ചിട്ടുണ്ട് :

| | | |
|---|---|---|
| എച്ച്.എസ്.എ. കോർ സബ്ജക്ട്സ് | - | 3 |
| എച്ച്.എസ്.എ. മലയാളം | - | 1 |
| എച്ച്.എസ്.എ. ഹിന്ദി | - | 1 |

(ഡി) പ്രസ്തുത സ്കൂളിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതാണ്.

**അദ്ധ്യാപക തസ്തികയിൽ ഭിന്നശേഷിക്കാർക്ക് സംവരണം**

148 (1232) <u>ശ്രീ. ഇ. കെ.വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയിഡഡ് സ്കൂളുകളിൽ അദ്ധ്യാപക തസ്തികയിൽ ഭിന്നശേഷിയുള്ളവർക്ക് നിലവിൽ എത്ര ശതമാനം സംവരണം നൽകിവരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം സംവരണം നൽകി നിയമനം നൽകിയ സ്കൂളുകളുടെ പേര് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) 1995-ലെ PWD Act (Persons with Disabilities Act 1995) സെക്ഷൻ 33-ൽ അനുശാസിക്കുന്ന പ്രകാരം എയ്ഡഡ് സ്കൂളുകളിൽ ഓരോ വിഭാഗത്തിലും കണ്ടെത്തിയിട്ടുള്ള തസ്തികകളിലെ 3% ഒഴിവുകളിൽ ശാരീരിക അവശതകൾ നേരിടുന്ന വിഭാഗങ്ങൾക്ക് സംവരണം നൽകണമെന്ന് 9-9-2016-ലെ സ.ഉ.(കൈ) നമ്പർ 155/2016/പൊവിവ. പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കേരള വിദ്യാഭ്യാസ ആക്ട്/റൂൾസ് എന്നിവയിൽ ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) കേരള വിദ്യാഭ്യാസ ആക്ടിലും റൂൾസിലും ഇതു സംബന്ധിച്ച ഭേദഗതികൾ വരുത്തിയിട്ടില്ലാത്തതിനാൽ നിയമപ്രകാരം ടി സംവരണം അനുവദിച്ച് ഭിന്നശേഷിക്കാർക്ക് നിയമനം നൽകിയ സ്കൂളുകൾ ഇപ്പോഴില്ല.

## കലോത്സവങ്ങളിൽ സ്കൂളുകളുടെ വിഹിതം

149 (1233) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂൾ കലോത്സവങ്ങളിൽ പങ്കെടുക്കുന്നതിന് ഓരോ സ്കൂളിൽനിന്നും സബ് ജില്ല, റവന്യൂ ജില്ല, സംസ്ഥാനതല മത്സരങ്ങളുടെ നടത്തിപ്പിനായി എത്ര തുക വീതമാണ് ഈടാക്കിയത്;

(ബി) സ്കൂളുകളുടെ വിഹിതം നൽകാത്തതുകാരണം മത്സരത്തിൽ പങ്കെടുക്കുന്നതിന് ഏതെങ്കിലും വിദ്യാർത്ഥികൾക്ക് അനുമതി നിഷേധിച്ച സംഭവമുണ്ടായിട്ടുണ്ടോ;

(സി) ഇത്തരത്തിൽ അവസരം നിഷേധിക്കുന്നത് വിദ്യാർത്ഥികളുടെ മനോവീര്യം കെടുത്തുന്നതാണെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) കേരള വിദ്യാഭ്യാസ അവകാശ നിയമപ്രകാരം എട്ടാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികളിൽനിന്നും യാതൊരു തുകയും പിരിക്കാൻ പാടില്ല. 9, 10 ക്ലാസ്സുകളിലെ കുട്ടികളിൽനിന്നും സ്പെഷ്യൽ ഫീസിനോടൊപ്പം സ്വരൂപിക്കുന്ന 2 രൂപയും 5 രൂപ സംഭാവനയും സ്വരൂപിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനു പുറമെ ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാർത്ഥികളിൽ നിന്നും അഡ്മിഷൻ സമയത്ത് സ്വരൂപിക്കുന്ന 50 രൂപ സ്കൂൾതലം, സബ് ജില്ലാ തലം, ജില്ലാ തലം, സംസ്ഥാന തലം എന്നിവയ്ക്കായി 8, 10, 10, 22 രൂപ ക്രമത്തിൽ അടയ്ക്കുന്നതിനാണ് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉണ്ട്. ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## സ്കൂൾ/മതപഠന പ്രവൃത്തി സമയം

150 (1234) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂൾ/മതപഠന പ്രവൃത്തി സമയം സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം ബാലവകാശ സംരക്ഷണ കമ്മീഷൻ നൽകിയിരുന്നോ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) കമ്മീഷൻ ഇത്തരമൊരു നിർദ്ദേശം നല്കാനിടയാക്കിയ സാഹചര്യം എന്താണ്;

(സി) പ്രസ്തുത നിർദ്ദേശത്തിൻെറ വെളിച്ചത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ സ്കൂളുകൾ പിന്തുടർന്നുവരുന്ന പൊതു അക്കാദമിക് കലണ്ടറിൽ നിന്നും വ്യത്യസ്തമായി പ്രത്യേക അക്കാദമിക് കലണ്ടർ പാലിക്കുന്ന സ്കൂളിലെ വിദ്യാർത്ഥികൾ നേരിടുന്ന പ്രയാസങ്ങൾ ഒഴിവാക്കാനായി 2017-18 അദ്ധ്യയന വർഷം മുതൽ നിർബന്ധമായും സംസ്ഥാനത്തെ എല്ലാ സ്കൂളുകളും പ്രത്യേക കലണ്ടർ മാറ്റി പൊതു കലണ്ടർ സമയബന്ധിതമായി സ്വീകരിക്കാനാവശ്യമായ നടപടികൾ കൈക്കൊള്ളാൻ ബാലാവകാശ സംരക്ഷണ കമ്മീഷൻ പുറത്തിറക്കിയ റിപ്പോർട്ട് പ്രകാരം നിർദ്ദേശിച്ചിരുന്നു. മതപഠന പ്രവൃത്തി സമയത്തിൽ മാറ്റം വരുത്താനുള്ള നിർദ്ദേശങ്ങളൊന്നും കമ്മീഷൻ പുറപ്പെടുവിച്ചിട്ടില്ല.

(ബി) ഇക്കഴിഞ്ഞ വേനലിൽ കടുത്ത ഉഷ്ണം കാരണം സാധാരണ ജനങ്ങൾ പോലും പകൽസമയത്ത് പുറത്തിറങ്ങരുതെന്ന് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി വിലക്കിയ സാഹചര്യത്തിൽ പ്രത്യേക കലണ്ടർ പ്രകാരം പ്രവർത്തിക്കുന്ന സ്കൂളുകളിലെ കുട്ടികൾക്ക് സ്കൂൾ പ്രവൃത്തി ദിനങ്ങളാണെങ്കിലും കടുത്ത ഉഷ്ണം കാരണം സ്കൂളിൽ ഹാജരാകാനും ക്ലാസ്സ് മുറികളിൽ ഇരിക്കാനും പ്രയാസം നേരിട്ടതിനെ തുടർന്ന് നിരവധി ഹർജികൾ ബാലാവകാശ സംരക്ഷണ കമ്മീഷന് ലഭിക്കുകയുണ്ടായി. എന്നാൽ പൊതു കലണ്ടറിൽനിന്നും വ്യത്യസ്തമായ കലണ്ടർ സ്വീകരിക്കുവാൻ സ്കൂളുകൾക്കുള്ള അവകാശത്തിന്റെ സാധുത ബഹു. കേരള ഹൈക്കോടതി PTA Vs Kunhimmu Haji (1997 (1) KLT Page 534) കേസിൽ പുറപ്പെടുവിച്ച വിധിയിൽ ശരിവച്ച സാഹചര്യത്തിൽ ഈ വിഷയത്തിൽ സർക്കാരിനോ പൊതുവിദ്യാഭ്യാസ വകുപ്പിനോ നിയമപരമായി ഇടപെടുന്നതിന് സാധ്യമല്ല. മേൽ സാഹചര്യത്തിൽ ഇത്തരം സ്കൂളിൽ പഠിക്കുന്ന കുട്ടികളുടെ പ്രശ്നങ്ങൾ വിശദമായി മനസ്സിലാക്കുന്നതിനായി ബന്ധപ്പെട്ട കർത്തവ്യ നിർവ്വാഹകരുടെ യോഗം 23-5-2016-നും വിദ്യാഭ്യാസ ഓഫീസർമാരുടെ യോഗം 8-9-2016-നും വിളിച്ച് ചേർക്കുകയുണ്ടായി. കുട്ടികൾ അനുഭവിക്കുന്ന പ്രയാസങ്ങളും അവകാശലംഘനങ്ങളും മനസ്സിലാക്കിയ സാഹചര്യത്തിലാണ് ബാലാവകാശ കമ്മീഷൻ മേൽ നിർദ്ദേശം പുറപ്പെടുവിച്ചത്.

(സി) സർക്കാരിനും വിദ്യാഭ്യാസ വകുപ്പിനും ഈ വിഷയത്തിൽ നിർബന്ധപൂർവ്വം ഇടപെടാൻ ഉദ്ദേശ്യമില്ല. പ്രത്യേക കലണ്ടർ പ്രവർത്തിക്കുന്ന 212 സ്കൂളുകളിൽ 48 സ്കൂളുകളിൽനിന്നും ജനറൽ കലണ്ടറിലേക്ക് മാറുന്നതിനാവശ്യമായ (2017-18)

അപേക്ഷ ലഭിച്ചിട്ടുണ്ട്. ഇതിനകം തന്നെ ഇവയിൽ 27 സ്കൂളുകളെ കലണ്ടർ 2017-18 അദ്ധ്യയന വർഷം മുതൽ ജനറൽ കലണ്ടറിലേക്ക് മാറ്റി പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അപേക്ഷ ലഭ്യമായ മറ്റ് സ്കൂളുകളെയും ഉടൻതന്നെ ജനറൽ കലണ്ടറിലേയ്ക്ക് മാറ്റി ഉത്തരവ് നൽകുന്നതാണ്.

## മാറാക്കര വി.വി.എം.എച്ച്.എസ്. സ്കൂളിന് സ്റ്റുഡന്റ് പോലീസ് കേഡറ്റ്

151 (1235) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റുഡന്റ് പോലീസ് കേഡറ്റ് (എസ്.പി.സി.) അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കോട്ടക്കൽ നിയോജകമണ്ഡലത്തിലെ മാറാക്കര വി.വി.എം.എച്ച്.എസ്. സ്കൂളിലെ ഹെഡ്മിസ്ട്രസ് സർക്കാരിന് നൽകിയ നിവേദനം പരിശോധിച്ചിട്ടുണ്ടോ ;

(ബി) സ്കൂളിന്റെ സാഹചര്യം പരിഗണിച്ച് എസ്.പി.സി. അനുവദിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) ഇതു സംബന്ധിച്ച ഫയൽ നടപടികൾ വ്യക്തമാക്കുമോ; ഹയർ സെക്കണ്ടറി മേഖലയിൽ എസ്.പി.സി. ആരംഭിക്കുന്ന സ്കൂളുകളുടെ ലിസ്റ്റ് ലഭ്യമാക്കുമോ?

ഉത്തരം

(എ) മാറാക്കര വി.വി.എം.എച്ച്.എസ്. സ്കൂളിൽ എസ്.പി.സി. യൂണിറ്റ് അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് സ്കൂൾ അധികൃതർ സമർപ്പിച്ച അപേക്ഷയും നിവേദനവും സംസ്ഥാന എസ്.പി.സി. പ്രോജക്ട് ഓഫീസിൽ ലഭിച്ചിട്ടുണ്ട്.

(ബി) നടപ്പ് അദ്ധ്യയന വർഷം 48 സർക്കാർ സ്കൂളുകളിൽ മാത്രമേ എസ്.പി.സി. യൂണിറ്റുകൾ അനുവദിച്ചിട്ടുള്ളൂ. എയ്ഡഡ്/ അൺ എയ്ഡഡ് സ്കൂളുകളെ പരിഗണിച്ചിട്ടില്ല.

(സി) ഹയർ സെക്കണ്ടറി, ഹൈസ്കൂൾ എന്ന വേർതിരിവ് എസ്.പി.സി. യൂണിറ്റുകൾ അനുവദിക്കുന്നതിന് പരിഗണിക്കാറില്ല. നടപ്പ് അദ്ധ്യയന വർഷം ലഭിച്ച അപേക്ഷകളുടെ പട്ടിക സംസ്ഥാന പോലീസ് മേധാവി സർക്കാരിലേയ്ക്ക് അയയ്ക്കുകയും, സർക്കാർതലത്തിൽ തീരുമാനമെടുത്ത് നൽകിയ 62 സർക്കാർ സ്കൂളുകളിൽ നിന്ന് 48 സ്കൂളുകളിൽ പ്രാഥമിക പരിശോധനയ്ക്കുശേഷം നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം യൂണിറ്റ് അനുവദിക്കുകയുമാണുണ്ടായത്. നടപ്പ് അദ്ധ്യയന വർഷം എസ്.പി.സി. യൂണിറ്റ് അനുവദിച്ച സ്കൂളുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## മലപ്പുറം ഹയർ സെക്കണ്ടറി മേഖലാ കേന്ദ്രത്തിൽ ജീവനക്കാരുടെ കുറവ്

152 (1236) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം, പാലക്കാട് ജില്ലകളുടെ പരിധിയിൽ വരുന്ന മലപ്പുറം ഹയർ സെക്കണ്ടറി മേഖലാ കേന്ദ്രത്തിൽ ആവശ്യമായ ജീവനക്കാരില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കേന്ദ്രത്തിൽ സർക്കാർ അനുവദിച്ച തസ്തികയും നിലവിലുള്ള ജീവനക്കാരുടെ എണ്ണവും ഒഴിവുകളും തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(സി) ആവശ്യമായ ജീവനക്കാരെ നിയമിച്ച് ഒഴിവുകൾ നികത്തുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഹയർ സെക്കണ്ടറി വിഭാഗം മിനിസ്റ്റീരിയൽ ജീവനക്കാരുടെ സംയോജിത സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. ആയതിനുശേഷം ഒഴിവുള്ള ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്കും, പി.എസ്.സി.-യിൽ നിന്നും അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് ഒഴിവുള്ള മറ്റ് തസ്തികകളിലേയ്ക്കും ജീവനക്കാരെ നിയമിക്കുന്നതാണ്.

## ബാലാവകാശ സംരക്ഷണ ഉടമ്പടി

153 (1237) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലാവകാശ നിയമങ്ങളുടെ ലംഘനങ്ങൾ വിദ്യാഭ്യാസ മേഖലയിൽ കഴിഞ്ഞ കുറെ വർഷങ്ങളായി കൂടിവരുന്നത് ശ്രദ്ധയിൽപ്പെട്ടുവോ; ഉണ്ടെങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ മൂന്നു വർഷങ്ങളിലായും, നടപ്പുവർഷത്തിലും റിപ്പോർട്ടു ചെയ്ത ഇത്തരം സംഭവങ്ങളും, സ്കൂളുകളും, അദ്ധ്യാപകരും, വിധേയരായ വിദ്യാർത്ഥികളും എത്ര എന്നും വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) മാതൃഭാഷ നിഷേധിക്കുന്നതും, മാതൃഭാഷയിൽ സംസാരിക്കുന്നതിനായുള്ള അവകാശം നിഷേധിക്കുന്നതും, ഇവയ്ക്ക് ശിക്ഷ ഏല്കേണ്ടി വരുന്നതുമായ സംഭവങ്ങൾ ഇത്തരം സ്ഥാപനങ്ങൾ കുട്ടികളിൽ അടിച്ചേല്പിക്കുന്നത് ഉൾപ്പെടെ ശിക്ഷാവിധികൾക്ക് വിധേയരാക്കുന്നതും കുട്ടികളിൽ മുളയിലേ തന്നെ തെറ്റായ സന്ദേശം നല്കാൻ കാരണമാകുമെന്നത് വിദ്യാഭ്യാസ വകുപ്പും സർക്കാരും ശ്രദ്ധിച്ചുവോ; എങ്കിൽ ഇതു തടയുവാൻ എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(ഡി) മാതൃഭാഷയ്ക്കെതിരെ പ്രവർത്തിക്കുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളുടെ പ്രവർത്തനാനുമതി നിഷേധിക്കാനും കുറ്റക്കാരെ കർശനശിക്ഷാ നടപടികൾക്കു വിധേയമാക്കാനും നിയമനിർമ്മണം ഉൾപ്പെടെ എന്തു നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| തിരുവനന്തപുരം | - | 10 |
| കൊല്ലം | - | 3 |
| പത്തനംതിട്ട | - | ഇല്ല |
| ആലപ്പുഴ | - | 10 |
| കോട്ടയം | - | ഇല്ല |
| ഇടുക്കി | - | 23 |
| എറണാകുളം | - | ഇല്ല |
| തൃശ്ശൂർ | - | 29 |
| പാലക്കാട് | - | 14 |
| മലപ്പുറം | - | 1 |
| കോഴിക്കോട് | - | 8 |
| വയനാട് | - | ഇല്ല |
| കണ്ണൂർ | - | ഇല്ല |
| കാസർഗോഡ് | - | 1 |

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ മാതൃഭാഷ നിഷേധിക്കുന്ന തരത്തിലുള്ള പരാതികളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഡി) മാതൃഭാഷയ്ക്കെതിരെ പ്രവർത്തിക്കുന്ന സ്കൂളുകൾക്കെതിരെ നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

**കളക്ടർ വിളിച്ചുചേർത്ത യോഗത്തിലെ തീരുമാനങ്ങൾ**

154 (1238) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജിഷ്ണു പ്രണോയ് എന്ന വിദ്യാർത്ഥിയുടെ മരണവുമായി ബന്ധപ്പെട്ട് ഉണ്ടായ വിദ്യാർത്ഥി പ്രക്ഷോഭങ്ങളെ തുടർന്ന് അടച്ചിട്ട തൃശ്ശൂർ-തിരുവില്വാമല-പാമ്പാടി നെഹ്റു എഞ്ചിനീയറിംഗ് കോളേജ് തുറന്ന് പ്രവർത്തിക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നിർദ്ദേശപ്രകാരം 15-2-2017-ന് തൃശ്ശൂർ ജില്ലാ കളക്ടർ വിളിച്ചു ചേർത്ത യോഗത്തിലെ തീരുമാനങ്ങൾ എന്തൊക്കെയാണ്;

(ബി) ഈ യോഗത്തിന്റെ മിനിട്സിന്റെ കോപ്പി ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) ജിഷ്ണു പ്രണോയ് എന്ന വിദ്യാർത്ഥിയുടെ മരണവുമായി ബന്ധപ്പെട്ടുണ്ടായ വിദ്യാർത്ഥി പ്രക്ഷോഭങ്ങളെ തുടർന്ന് കളക്ടർ വിളിച്ചുചേർത്ത യോഗത്തിലെ തീരുമാനങ്ങൾ ഉൾപ്പെടെയുള്ള മിനിട്സിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

**സംരക്ഷിത അദ്ധ്യാപകർ**

155 (1239) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാർത്ഥികളുടെ എണ്ണത്തിൽ സംഭവിച്ച കുറവ് നിമിത്തം തസ്തിക നഷ്ടപ്പെട്ട എത്ര അദ്ധ്യാപകർ സംരക്ഷിക്കപ്പെട്ടിട്ടുണ്ട്; സർക്കാർ, എയ്ഡഡ് മേഖല തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(ബി) പാലക്കാട് ജില്ലയിൽ എത്ര സംരക്ഷിത അദ്ധ്യാപകർ ഉണ്ട്;

(സി) ടി സംരക്ഷിത അദ്ധ്യാപകർക്കെല്ലാം നിയമനങ്ങൾ നല്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എയ്ഡഡ്, സർക്കാർ മേഖലകളിൽ നൽകിയ നിയമനങ്ങളുടെ ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(ഡി) പൊതുവിദ്യാഭ്യാസം സംരക്ഷിക്കുന്നതിനായി പൊതുവിദ്യാലയങ്ങൾക്ക് ഏതെല്ലാം പദ്ധതികളിലൂടെ എന്തെല്ലാം സൗകര്യങ്ങൾ ആണ് സർക്കാർ ഒരുക്കി നല്കുന്നതെന്ന് വിശദീകരിക്കാമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) തസ്തിക നഷ്ടമായ 3523 എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്കും 85 അനദ്ധ്യാപകർക്കും നിലവിൽ സംരക്ഷണം നൽകിയിട്ടുണ്ട്. സർക്കാർ സ്കൂളിൽനിന്ന് സംരക്ഷിതാദ്ധ്യാപകരുടെ വിവരങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി) പാലക്കാട് ജില്ലയിൽ 458 സംരക്ഷിതാദ്ധ്യാപകരുണ്ട്.

(സി) ഇവരിൽ എല്ലാവരെയും പുനർവിന്യസിച്ചിട്ടുണ്ട്. 392 അദ്ധ്യാപകരെ താൽക്കാലികമായി സർക്കാർ സ്കൂളുകളിലേക്കും 66 പേരെ എയ്ഡഡ് സ്കൂളുകളിലേക്കും പുനർവിന്യസിച്ചിരിക്കുകയാണ്.

(ഡി) പൊതുവിദ്യാഭ്യാസം സംരക്ഷിക്കുന്നതിനായി മതനിരപേക്ഷ, ജനകീയ സമീപന രീതി ഉൾക്കൊണ്ടുകൊണ്ട് പൊതുവിദ്യാഭ്യാസ രംഗം ആധുനികവൽക്കരിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി "പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം" എന്ന പദ്ധതി സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു.

**സ്വാശ്രയ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ നടപടി**

156 (1240) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മാനേജ്മെന്റിന്റെ വിദ്യാർത്ഥികളോടുള്ള ക്രൂരത, പഠന പശ്ചാത്തല സൗകര്യങ്ങളുടെ അപര്യാപ്തത, യോഗ്യരായ അദ്ധ്യാപകർ ഇല്ലാത്ത സ്ഥിതി, ജീവനക്കാർക്ക് മതിയായ ശമ്പളം നൽകാതിരിക്കൽ തുടങ്ങിയ പ്രശ്നങ്ങൾമൂലം തികഞ്ഞ അരക്ഷിതാവസ്ഥ സംജാതമായിരിക്കുന്ന സാഹചര്യത്തിൽ സമഗ്രമായ നിയമ നിർമ്മാണം വഴി പ്രസ്തുത വിഷയങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിനും ഈ മേഖലയിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും സത്വര നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം നൽകാമോ ;

(ബി) ഇക്കാര്യത്തിലുള്ള സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ?

ഉത്തരം

(എ) സ്വാശ്രയ കോളേജുകളെ സംബന്ധിച്ച വ്യാപകമായ പരാതികൾ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ ഇത് സംബന്ധിച്ച ശാശ്വത പരിഹാരത്തിനും, ഈ മേഖലയിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും വേണ്ടി സ്വാശ്രയ കോളേജുകളുടെ വിദ്യാഭ്യാസ നിലവാരത്തെക്കുറിച്ച് പഠിക്കുവാൻ സർക്കാർ ഒരു മൂന്നംഗ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. കൂടാതെ ഇന്റേണൽ അസസ്മെന്റ് സംബന്ധിച്ചുള്ള നടപടികൾക്കും പരിഷ്കാരങ്ങൾക്കുമായി നാല് സർവ്വകലാശാല വി.സി.മാർ അടങ്ങിയ

ഒരു സമിതിയേയും നിയോഗിച്ചിട്ടുണ്ട്. കോളേജുകൾക്ക് അഫിലിയേഷൻ നൽകുന്നതിന് മുന്നോടിയായി സ്ഥാപനങ്ങളുടെ അക്കാദമികവും, ഭൗതികവുമായ സാഹചര്യങ്ങൾ വിലയിരുത്തുന്നതിനായി സർവ്വകലാശാലാതലത്തിൽ ഒരു എക്സ്പേർട്ട് വിസിറ്റ് കമ്മിറ്റി രൂപീകരിക്കുകയും ആയത് വിലയിരുത്തുകയും ചെയ്യാറുണ്ട്. അക്കാദമികവും പാഠ്യേതര പ്രവർത്തനങ്ങളും വിലയിരുത്തുന്നതിനായി എല്ലാ സെമസ്റ്ററുകളിലും അക്കാദമിക് ഓഡിറ്റിംഗും നടത്തിവരുന്നു.

(ബി) സർക്കാരിൽനിന്നും എ.ഐ.സി.റ്റി.ഇ, സർവ്വകലാശാലകൾ എന്നിവയിൽ നിന്നും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്കും നിബന്ധനകൾക്കും വിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ അഫിലിയേഷൻ റദ്ദാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു.

**ചാലക്കുടി പ്രീമെട്രിക് ഹോസ്റ്റൽ**

157 (1241) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ കോമ്പൗണ്ടിൽ വിദ്യാഭ്യാസ വകുപ്പ് പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) നിർമ്മാണച്ചുമതല ആർക്കാണെന്നും എന്നത്തേയ്ക്ക് നിർമ്മാണം ആരംഭിക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ചാലക്കുടി ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിൽ ഗേൾസ് ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി 8 സെന്റ് സ്ഥലത്ത് ജി+2 കെട്ടിടത്തിന്റെ പ്ലാനും എസ്റ്റിമേറ്റും ചാലക്കുടി നഗരസഭ അഡീഷണൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ പരിശോധിക്കുകയും എസ്റ്റിമേറ്റ് തുകയായ 2,81,59,052 (രണ്ടുകോടി എൺപത്തിയൊന്ന് ലക്ഷത്തി അമ്പത്തൊമ്പതിനായിരത്തി അമ്പത്തിരണ്ട് രൂപ) അംഗീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ എം.എച്ച്.ആർ.ഡി. 2,55,11,000 (രണ്ടുകോടി അമ്പത്തിയഞ്ച് ലക്ഷത്തി പതിനൊന്നായിരം രൂപ) അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) നിർമ്മാണ ചുമതല ആർക്കാണെന്നും നിർമ്മാണം എന്ന് ആരംഭിക്കുവാൻ സാധിക്കുമെന്നതിനെപ്പറ്റിയുമുള്ള തീരുമാനം കൈക്കൊണ്ടിട്ടില്ല.

**അദ്ധ്യാപക നിയമന അംഗീകാരം**

158 (1242) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അദ്ധ്യാപക നിയമന അംഗീകാരത്തിന് വിദ്യാഭ്യാസവകുപ്പിന് മാർഗ്ഗ നിർദേശങ്ങൾ ഉണ്ടായിട്ടും നിയമനം നല്കാതെ അകാരണ കാര്യങ്ങൾ കാണിച്ച് നിയമന അംഗീകാരം നിഷേധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ കൃത്യവിലോപം കാണിക്കുന്ന ഉദ്യോഗസ്ഥർക്ക് എതിരായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ;

(സി) നാദാപുരം മണ്ഡലത്തിൽ ഇത്തരത്തിൽ നിയമനാംഗീകാരം നിഷേധിക്കപ്പെട്ട അദ്ധ്യാപകരുടെ പേരുവിവരങ്ങൾ വെളിപ്പെടുത്താമോ;

(ഡി) ഇവരുടെ നിയമന അംഗീകാരം നിഷേധിക്കാനുണ്ടായ കാരണം വിശദമാക്കാമോ;

(ഇ) ഇക്കാര്യങ്ങളിൽ കേസുകൾ ഉണ്ടെങ്കിൽ അവയുടെ നിലവിലുള്ള സ്ഥിതി വ്യക്തമാക്കാമോ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

**അദ്ധ്യാപകരെ അദ്ധ്യാപനേതര ജോലികൾക്ക് നിയോഗിക്കൽ**

159 (1243) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരെ അദ്ധ്യാപനേതര പ്രവൃത്തികൾക്ക് നിയോഗിക്കാറുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം അദ്ധ്യാപകർ ഇതരജോലികൾ ചെയ്യേണ്ടിവരുന്നതുമൂലം പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് അദ്ധ്യയന നഷ്ടം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരുടെ സേവനം ഇക്കാര്യങ്ങളിൽ പ്രയോജനപ്പെടുത്തി അദ്ധ്യാപകർക്ക് വിദ്യാഭ്യാസപരമായ പ്രവൃത്തികളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുവാൻ ഉതകുന്ന തരത്തിൽ നിലവിലുള്ള സംവിധാനത്തെ ക്രമപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വിദ്യാഭ്യാസ അവകാശ നിയമം 2009, സെക്ഷൻ 27 പ്രകാരം ജനസംഖ്യാ കണക്കെടുപ്പ്, ദുരന്ത നിവാരണ ചുമതലകൾ, തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ചുമതലകൾ എന്നീ വിദ്യാഭ്യാസേതര പ്രവൃത്തികൾക്കു മാത്രമേ അദ്ധ്യാപകരെ നിയോഗിക്കുവാൻ പാടുള്ളൂ.

(ബി) അദ്ധ്യാപകരെ, ഒഴിവാക്കാനാകാത്ത സാഹചര്യങ്ങളിൽ അദ്ധ്യാപനേതര ജോലികൾക്ക് നിയോഗിക്കുന്നതുമൂലം വിദ്യാർത്ഥികൾക്ക് അദ്ധ്യയന നഷ്ടം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇക്കാര്യം തല്ക്കാലം പരിഗണനയിലില്ല.

**വടവന്നൂർ ജി.എൽ.പി. സ്കൂൾ**

160 (1244) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ വടവന്നൂർ ജി.എൽ.പി.സ്കൂൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സ്കൂളിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) ഈ സ്കൂൾ കെട്ടിടത്തിന് നിലവിൽ എത്ര രൂപയാണ് സർക്കാർ വാടക ഇനത്തിൽ നൽകുന്നത്; എത്ര വർഷം മുമ്പുള്ള വാടകയാണിത്; വാടക കാലോചിതമായി പരിഷ്കരിക്കാൻ ഉണ്ടായ തടസ്സം സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) ഈ സ്കൂൾ കെട്ടിടം സർക്കാർ ഏറ്റെടുക്കാനുള്ള നടപടി സ്വീകരിക്കുമോ; എങ്കിൽ അതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടത് എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 1931-ൽ ആരംഭിച്ച പ്രസ്തുത സ്കൂൾ ഏകദേശം 20 സെന്റിലാണ് നിലനിൽക്കുന്നത്.

(ബി) 1290 രൂപ. 23 വർഷമായി ഈ നിരക്കിൽ വാടക നൽകിവരുന്നു. വടവന്നൂർ ഗ്രാമപഞ്ചായത്താണ് വാടക നൽകുന്നത്. വാടക പുനർനിർണ്ണയം നടത്തുന്നതിനുവേണ്ടി കെട്ടിട ഉടമ നൽകിയ അപേക്ഷയിൽ ആവശ്യമായ രേഖകൾ ഇല്ലാത്തതിനാൽ, ടി രേഖകൾ ഉൾക്കൊള്ളിച്ചുകൊണ്ട് അപേക്ഷ നൽകുവാൻ കെട്ടിട ഉടമയോട് നിരവധി തവണ ആവശ്യപ്പെട്ടുവെങ്കിലും നാളിതുവരെ യാതൊരുവിധ മറുപടിയും ലഭിച്ചിട്ടില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## മാവേലിക്കര കുന്നം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ ശോചനീയാവസ്ഥ

161 (1245) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര കുന്നം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് കെട്ടിടവിഭാഗം 3 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിക്ക് ആവശ്യമായ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) പ്രസ്തുത പദ്ധതിക്ക് ഈ സാമ്പത്തിക വർഷം മതിയായ തുക ലഭ്യമല്ല.

## അനദ്ധ്യാപക ജീവനക്കാരുടെ കുറവ്

162 (1246) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് ഹയർ സെക്കണ്ടറി-വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ അനദ്ധ്യാപക ജീവനക്കാരുടെ കുറവ് വലിയ പ്രതിസന്ധി സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ഈ പ്രശ്നം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ അനദ്ധ്യാപ ജീവനക്കാരുടെ കുറവുമൂലം വലിയ പ്രതിസന്ധിയുള്ളതായി ശ്രദ്ധിക്കപ്പെട്ടിട്ടില്ല. എന്നാൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ അനദ്ധ്യാപക ജീവനക്കാരുടെ തസ്തിക സൃഷ്ടിച്ച് നൽകിയിട്ടില്ല. ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെ ശ്രീ. ശ്യാംകുമാർ മുതൽപേർ ഫയൽ ചെയ്ത WP(C) No. 29618/2005, 5835/2013, 7385/2013, 7881/2013 നമ്പർ കേസുകളിലെ 5-9-2013 തീയതിയിലെ പൊതുവിധിന്യായം നടപ്പിലാക്കിക്കൊണ്ട് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലോവർ ഡിവിഷൻ ക്ലാർക്ക്, പാർട്ട്/ഫുൾ ടൈം മീനിയൽ, ലൈബ്രേറിയൻ ഗ്രേഡ്-4 എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിന് 17-8-2015-ലെ ജി.ഒ. (എംഎസ്.) നമ്പർ 220/2015/ പൊ.വി.വ. പ്രകാരം ഒരു സ്കീം തയ്യാറാക്കി ഉത്തരവായിട്ടുണ്ട്.

## സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിലാക്കലും ഹൈടെക്കാക്കലും പദ്ധതി

163 (1247) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന 'സ്കൂളുകൾ അന്താരാഷ്ട്രനിലവാരത്തിലാക്കലും ക്ലാസുകൾ ഹൈടെക്കാക്കലും പദ്ധതി' ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) തിരുവമ്പാടി മണ്ഡലത്തിൽനിന്നും പദ്ധതിയിലേയ്ക്ക് നിർദ്ദേശിക്കപ്പെട്ട വിദ്യാലയങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞ'ത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന, 'സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന' പദ്ധതിയുടെ കീഴിൽ മണ്ഡലാടിസ്ഥാനത്തിൽ സ്കൂളുകൾ തെരഞ്ഞെടുക്കുന്ന പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. പദ്ധതിയുടെ ഭാഗമായി സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 8 മുതൽ 12 വരെ ക്ലാസുകൾ ഹൈടെക്കാക്കുന്ന പദ്ധതിയുടെ പൈലറ്റ് പ്രവർത്തനങ്ങൾ 4 മണ്ഡലങ്ങളിൽ നടന്നുവരികയാണ്. സ്കൂളുകൾക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുക, അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രത്യേക പരിശീലനം, ഐ.സി.ടി. അധിഷ്ഠിത പഠന പ്രവർത്തനങ്ങൾ ഐ.സി.ടി. അധിഷ്ഠിത ഉള്ളടക്കം, പ്രത്യേക ഐ.സി.ടി. പാഠപുസ്തകങ്ങൾ, ഐ.ടി.പരീക്ഷ എന്നീ പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമായി നടപ്പിലാക്കിവരുന്നു.

(ബി) 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാനുദ്ദേശിക്കുന്ന നാല് കർമ്മ പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. ആയിരം സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുക.
2. ഹൈസ്കൂൾ, ഹയർ സെക്കണ്ടറി തലത്തിൽ എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കി പഠന പ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകുക.

3. എൽ.പി., യു.പി. ക്ലാസ്സുകളിൽ പൊതുവിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കുന്നതിനായി അദ്ധ്യാപക രക്ഷാകർതൃ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ കാലോചിതമായ വികസനം ഉറപ്പാക്കുക.

4. 50 വർഷം, 100 വർഷം പൂർത്തിയാക്കിയ സ്കൂളുകൾക്ക് പ്രത്യേക പാക്കേജ് അടിസ്ഥാനത്തിൽ സഹായം നൽകും. ഇംഗ്ലീഷ് ഭാഷാ പഠനത്തിന് പ്രോത്സാഹനം നൽകും. അടുത്ത 2 വർഷം കൊണ്ട് രണ്ടാമത്തെ പ്രധാന ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ഓരോ ജില്ലയിലും 5 സ്കൂളുകൾ ഒന്നാമത്തെ പ്രധാന ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്യുന്നതാണ്.

(സി) മണ്ഡലാടിസ്ഥാനത്തിൽ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തപ്പെടേണ്ട സ്കൂളുകളുടെ ലിസ്റ്റ് തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. സർക്കാർ/ എയ്ഡഡ് സ്കൂളുകളിലെ 8 മുതൽ 12 വരെ ക്ലാസുകൾ ഹൈടെക്കാക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നുണ്ട്.

## വിദ്യാഭ്യാസ വായ്പ

164 (1248) <u>ശ്രീ. ഷാഫി പറമ്പിൽ</u> :

<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലായവരെ സഹായിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) തൊഴിൽ ലഭിക്കുന്നതുവരെ തിരിച്ചടവിന് മോറട്ടോറിയം നൽകണമെന്ന് ബാങ്കുകളോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുള്ള പ്രതികരണം എന്താണ്;

(സി) കുടിശ്ശികയായ വായ്പ തുക മാത്രം തിരിച്ചടച്ച് ബാദ്ധ്യത അവസാനിപ്പിക്കണം എന്ന നിർദ്ദേശം സർക്കാർ ബാങ്കുകളുമായി ചർച്ച ചെയ്തിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ അവർ അനുകൂല പ്രതികരണം നൽകിയിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ഉണ്ട്. വിദ്യാഭ്യാസ വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്തതും കടക്കെണിയിലായതുമായ തൊഴിൽരഹിത വിദ്യാർത്ഥികളെ സഹായിക്കുന്നതിന് ഒരു കരട് വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി (Education Loan Repayment Support Scheme) തയ്യാറാക്കിയിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) തൊഴിൽ ലഭിക്കുന്നതുവരെ തിരിച്ചടവിന് സാവകാശം ആവശ്യപ്പെട്ട് ലഭിക്കുന്ന നിവേദനങ്ങളിൽ തിരിച്ചടവിന് സാവകാശം നൽകുവാൻ ബാങ്കുകളോട് ആവശ്യപ്പെടാറുണ്ട്.

(സി&ഡി) കുടിശ്ശികയായ വായ്പാതുക മാത്രം തിരിച്ചടച്ച് ബാധ്യത അവസാനിപ്പിക്കണമെന്ന് സംസ്ഥാനതല ബാങ്കിംഗ് സമിതി യോഗത്തിൽ ബാങ്കുകളുമായി ചർച്ച ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ഒരു മറുപടി ലഭ്യമായിട്ടില്ല.

**ആറ്റിങ്ങൽ ഹൈടെക് സ്കൂൾ**

165 (1249) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ മണ്ഡലത്തിൽ ഏത് സ്കൂളാണ് ഹൈടെക് സ്കൂളാക്കി ഉയർത്തുന്നതെന്നും എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തുന്നതെന്നും വ്യക്തമാക്കാമോ;

(ബി) പ്ലസ് ടു കോഴ്സുകൾക്ക് ധാരാളം വിദ്യാർത്ഥികൾ പ്രവേശനം തേടുന്നതിന് അപേക്ഷിക്കുന്ന ആറ്റിങ്ങൽ ബോയ്സ്, ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ പുതിയ ബാച്ച് അനുവദിക്കുമോയെന്ന് വിശദമാക്കാമോ;

(സി) പുതുതായി ഹയർ സെക്കണ്ടറി കോഴ്സ് ആരംഭിച്ച സ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപക തസ്തിക നിർണ്ണയം ഏത് ഘട്ടത്തിലായെന്നും അദ്ധ്യാപക-അനദ്ധ്യാപക തസ്തിക നിർണ്ണയം സംബന്ധിച്ച് നിലവിലുള്ള മാനദണ്ഡം എന്താണെന്നും വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളും പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ ആറ്റിങ്ങൽ മണ്ഡലത്തിലേയും എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളും ഹൈടെക് സ്കൂളുകളാക്കുന്നതാണ്.

(ബി) പുതിയ ഹയർസെക്കണ്ടറി സ്കൂളുകളും അധികബാച്ചുകളും അനുവദിക്കുന്ന വിഷയത്തിൽ സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടില്ല.

(സി) 2014-15, 2015-16 അദ്ധ്യയന വർഷം പുതുതായി അനുവദിച്ച ഹയർ സെക്കണ്ടറി ബാച്ചുകളിൽ/സ്കൂളുകളിൽ അദ്ധ്യാപക-അനദ്ധ്യാപക തസ്തിക നിർണ്ണയം നടത്തി DHSE പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു. സ്പെഷ്യൽ റൂളിൽ നിഷ്കർഷിക്കുന്ന പ്രകാരം പീരിയഡുകളെ അടിസ്ഥാനമാക്കിയാണ് അദ്ധ്യാപക തസ്തിക നിർണ്ണയം നടത്തുന്നത്. അതനുസരിച്ച് 14 പീരിഡുവരെ എച്ച്.എസ്.എസ്.ടി. ജൂനിയർ തസ്തികയും 25 പീരിയഡുവരെ എച്ച്.എസ്.എസ്.ടി. സീനിയർ തസ്തികയും അനുവദനീയമാണ്.

## ഉച്ചക്കഞ്ഞി വിതരണം കാര്യക്ഷമമാക്കൽ

166 (1250) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂളുകളിൽ ഉച്ചക്കഞ്ഞി വിതരണം കാര്യക്ഷമമാക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടി വിശദീകരിക്കുമോ;

(ബി) ഉച്ചക്കഞ്ഞി വിതരണത്തിനാവശ്യമായ അരി, പലവ്യഞ്ജനങ്ങൾ എന്നിവ സൂക്ഷിക്കുന്ന സ്കൂൾ മുറികൾ വൃത്തിയായി സൂക്ഷിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) നാമമാത്രമായ പാചകകൂലി, ഉച്ചക്കഞ്ഞി വിതരണത്തിന് തടസ്സമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: എങ്കിൽ പാചകക്കൂലി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

ഉത്തരം

(എ) 1. ഉച്ചഭക്ഷണ പദ്ധതിയിലെ ഗുണഭോക്താക്കളായ സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രാദേശിക സാഹചര്യങ്ങൾകൂടി കണക്കിലെടുത്ത് പോഷക സമൃദ്ധമായ ഭക്ഷണം നൽകുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പിലെ സ്കൂൾതലം മുതൽ റവന്യൂ ജില്ലാ തലം വരെയുള്ള ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട കമ്മിറ്റികൾക്കും 27-5-2016-ലെ എൻ.എം.1-33972/2016/ഡി.പി.ഐ.എന്ന സർക്കുലർ മുഖാന്തരം വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ നൽകിയിട്ടുണ്ട്.

2. കൂടാതെ സംസ്ഥാനത്തെ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ കഴിയുന്നതും അതാത് സ്ഥലങ്ങളിൽനിന്നും ശേഖരിക്കുന്ന വിഷരഹിത പച്ചക്കറികളും മറ്റ് കാർഷികോത്പന്നങ്ങളും ഉപയോഗിക്കുവാനും സ്ഥലസൗകര്യമുള്ള സ്കൂളുകളിൽ പി.ടി.എ.-കളുടേയും വിദ്യാർത്ഥികളുടേയും സഹായത്തോടെ പച്ചക്കറിത്തോട്ടം നിർമ്മിക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ 12-9-2016-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എൻ.എം.ബി. (1)/81103/2016/ഡി.പി.ഐ. എന്ന സർക്കുലർ പ്രകാരം എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും, പ്രഥമാദ്ധ്യാപകർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

3. സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിന് വിറകിന് പകരം എൽ.പി.ജി. ഉപയോഗിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോടെ സ്കൂളുകളിൽ എൽ.പി.ജി. കണക്ഷൻ എടുക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരോട് 14-11-2016-ലെ എൻ.എം.എ.(3)/66270/2016/ഡി.പി.ഐ. എന്ന സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

4. പാചക സാമഗ്രികളുടെ ദിനംപ്രതിയുള്ള വിലവർദ്ധനവ് കണക്കിലെടുത്ത് ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പിന് കുട്ടികൾ കുറവുള്ള സ്കൂളുകൾ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് പാചക ചെലവ് (Contingent charge) താഴെപ്പറയും പ്രകാരം വർദ്ധിപ്പിച്ചുകൊണ്ട് 5-9-2016-ലെ ജി.ഒ.(ആർടി.) നമ്പർ 2911/2016/പൊ.വി.വ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

| കുട്ടികളുടെ എണ്ണം | കണ്ടിജന്റ് ചാർജ്ജ് (കുട്ടിയൊന്നിന്) |
|---|---|
| ആദ്യത്തെ 150 കുട്ടികൾക്ക് | 8 രൂപ |
| 151 മുതൽ 500 വരെയുള്ള കുട്ടികൾക്ക് | 7 രൂപ |
| 500 ന് മുകളിൽ വരുന്ന കുട്ടികൾക്ക് | 6 രൂപ |

പാചകക്കൂലി കാലാനുസൃതമായി പരിഷ്കരിക്കണമെന്ന സ്കൂൾ ഉച്ചഭക്ഷണം പാചകം ചെയ്യുന്ന തൊഴിലാളികളുടെ നിരന്തരമായ അഭ്യർത്ഥന കണക്കിലെടുത്ത് പാചകക്കൂലിയും മേൽ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിൻപ്രകാരം 150 കുട്ടികൾ വരെയുള്ള സ്കൂളുകളിൽ പാചക തൊഴിലാളികളുടെ കുറഞ്ഞ ദിവസവേതനം 400 രൂപയായി വർദ്ധിപ്പിച്ച് പ്രത്യേകം നൽകുവാനും 150-ൽ കൂടുതലുള്ള ഓരോ കുട്ടിക്കും 25 പൈസ എന്ന തോതിൽ അധികം കണക്കാക്കി പരമാവധി ദിവസവേതനം 475 രൂപ നൽകുവാനും സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച വിശദമായ നിർദ്ദേശങ്ങൾ 27-5-2016-ലെ എൻ.എം.1/33972/2016/ഡി.പി.ഐ. എന്ന സർക്കുലർ മുഖാന്തരം സ്കൂൾ നൂൺഫീഡിംഗ് കമ്മിറ്റികൾക്കും പ്രധാനാദ്ധ്യാപകർക്കും ഡി.പി.ഐ. നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലറിലെ ചില നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു :

1. പാചകപ്പുര, സ്റ്റോർ, പാചകപ്പുരയുടെ പരിസരം, പാത്രങ്ങൾ എന്നിവ പാചക തൊഴിലാളി വൃത്തിയായി സൂക്ഷിക്കുന്നുവെന്നും പാചക തൊഴിലാളി വ്യക്തിശുചിത്വം പാലിക്കുന്നുവെന്നും ഉറപ്പുവരുത്തേണ്ടതാണ്. പാചകപ്പുരയും പരിസരവും വൃത്തിയാക്കുന്നതിനുള്ള ചുമതല പൂർണ്ണമായും പാചക തൊഴിലാളികൾക്കായിരിക്കും.

2. പാചകപ്പുരയിലും സ്റ്റോറിലും വെള്ളം കയറാതെയും ക്ഷുദ്രജീവികൾ കടക്കാതെയും സൂക്ഷിക്കണം.

3. സ്റ്റോറിൽ ഉപയോഗശൂന്യമായ സാധനങ്ങളും പഴയ റിക്കോർഡുകളും സൂക്ഷിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

4. ഉച്ചഭക്ഷണത്തിനുള്ള ധാന്യങ്ങളോടൊപ്പം മറ്റ് ധാന്യങ്ങൾ (പ്രഭാത ഭക്ഷണത്തിനുള്ളവ, സ്പെഷ്യൽ അരി തുടങ്ങിയവ) സൂക്ഷിക്കുവാൻ പാടില്ല.

(സി) പാചക സാമഗ്രികളുടെ ദിനംപ്രതിയുള്ള വിലവർദ്ധനവ് കണക്കിലെടുത്ത് ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പിന് കുട്ടികൾ കുറവുള്ള സ്കൂളുകൾ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് പാചക ചെലവ് (Contingent Charge) താഴെപ്പറയും പ്രകാരം വർദ്ധിപ്പിച്ചുകൊണ്ട് 5-9-2016-ലെ ജി.ഒ.(ആർടി.) നമ്പർ 2911/2016/പൊ.വി.വ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

| കുട്ടികളുടെ എണ്ണം | കണ്ടിജന്റ് ചാർജ്ജ് (കുട്ടിയൊന്നിന്) |
|---|---|
| ആദ്യത്തെ 150 കുട്ടികൾക്ക് | 8 രൂപ |
| 151 മുതൽ 500 വരെയുള്ള കുട്ടികൾക്ക് | 7 രൂപ |
| 500 ന് മുകളിൽ വരുന്ന കുട്ടികൾക്ക് | 6 രൂപ |

പാചകക്കൂലി കാലാനുസൃതമായി പരിഷ്കരിക്കണമെന്ന സ്കൂൾ ഉച്ചഭക്ഷണം പാചകം ചെയ്യുന്ന തൊഴിലാളികളുടെ നിരന്തരമായ അഭ്യർത്ഥന കണക്കിലെടുത്ത് പാചകക്കൂലിയും മേൽ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിൻപ്രകാരം 150 കുട്ടികൾ വരെയുള്ള സ്കൂളുകളിൽ പാചക തൊഴിലാളികളുടെ കുറഞ്ഞ ദിവസവേതനം 400 രൂപയായി വർദ്ധിപ്പിച്ച് പ്രത്യേകം നൽകുവാനും 150-ൽ കൂടുതലുള്ള ഓരോ കുട്ടിക്കും 25 പൈസ തോതിൽ അധികം കണക്കാക്കി പരമാവധി ദിവസവേതനം 475 രൂപ നൽകുവാനും സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്.

## സ്മാർട്ട് ക്ലാസ്സ് റൂം പദ്ധതി

167 (1251) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-17-ലെ ബജറ്റിൽ പ്രഖ്യാപിച്ച സ്മാർട്ട് ക്ലാസ്സ് റൂം പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) സ്മാർട്ട് ക്ലാസ്സ് റൂം നടപ്പിലാക്കുന്നതിന് ഏത് ഏജൻസിയെയാണ് സർക്കാർ നിയോഗിച്ചിട്ടുള്ളത്; ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(സി) മങ്കട നിയോജക മണ്ഡലത്തിലെ സർക്കാർ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം ആരംഭിക്കുന്നതിനുള്ള നടപടികൾ വിശദമാക്കാമോ;

(ഡി) പദ്ധതി നടപ്പിലാക്കുവാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 8 മുതൽ 12 വരെ ക്ലാസ്സുകളെ ഹൈടെക് ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ക്ലാസ്സ് മുറികളിൽ കമ്പ്യൂട്ടർ/ലാപ് ടോപ്പ്, മൾട്ടിമീഡിയ പ്രോജക്ടർ, ശബ്ദ സംവിധാനം, ഇന്റർനെറ്റ് സൗകര്യം, ഡിജിറ്റൽ പഠന വിഭവങ്ങൾ എന്നിവ ലഭ്യമാക്കുകയാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. സ്കൂളുകൾക്ക് കമ്പ്യൂട്ടർ ലാബും ഇന്റർനെറ്റ് സൗകര്യവും ഇ-ഗവേണൻസ് പ്രവർത്തന ങ്ങൾക്കുള്ള സൗകര്യങ്ങളും പരിശീലനങ്ങളും ഇതിന്റെ ഭാഗമായി ലഭ്യമാക്കുന്നുണ്ട്.

(ബി) സംസ്ഥാനത്തെ 8 മുതൽ 12 വരെ ക്ലാസ്സുകളെ ഹൈടെക് ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഐ.ടി.@സ്കൂൾ പ്രോജക്ടാണ് നടപ്പിലാക്കുന്നത്. നാല് അസംബ്ലി നിയോജക മണ്ഡലങ്ങളിൽ പദ്ധതി ഈ വർഷം നടപ്പിലാക്കുകയാണ്. മറ്റ് മണ്ഡലങ്ങളിലെ സ്കൂളുകളിൽ 2017-18 അദ്ധ്യയന വർഷം ഈ പ്രവർത്തനം നടപ്പിലാക്കുന്നതാണ്.

(സി) പദ്ധതിയുടെ രണ്ടാം ഘട്ടമായി 2017-18 വർഷത്തിൽ മറ്റ് മണ്ഡലങ്ങളിലേക്ക് പദ്ധതി വ്യാപിപ്പിക്കുമ്പോൾ മങ്കട നിയോജക മണ്ഡലത്തിലെ സർക്കാർ സ്കൂളുകളിലും സ്മാർട്ട് ക്ലാസ്സ് റൂം ആരംഭിക്കുന്നതാണ്.

(ഡി) പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ തെരഞ്ഞെടുത്ത 4 നിയോജക മണ്ഡലങ്ങളിൽ പദ്ധതി നടപ്പിലാക്കി വരികയാണ്.

## കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനം

168 (1252) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ കേരളത്തിലെ 52 സർക്കാർ ആർട്ട്സ്&സയൻസ് കോളേജുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കും എന്ന് പ്രതിപാദിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ മങ്കട ഗവൺമെന്റ് ആർട്സ്&സയൻസ് കോളേജിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ഇത് സംബന്ധിച്ച് വകുപ്പ് തലത്തിൽ പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

(എ) മങ്കട ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിൽ KIIFB-യിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു :

Mandatory Components

1. Smart Class rooms
2. Modern Laboratories
3. State of Art Libraries
4. Computer Lab with Networking facilities

Other Components

1. Space for Laboratory - Library and Computer Lab
2. Academic Space - Class rooms
3. Space for Auditorium, Seminar hall and Edusat
4. Common Amenity Centre for Girls
5. Waste Management System with Biogas generation

(ബി) സർക്കാർ തലത്തിൽ ഒരു എക്സ്പെർട്ട് ടീം രൂപീകരിക്കുകയും 23-2-2017-ന് പ്രസ്തുത ടീം കോളേജ് സന്ദർശിക്കുകയും ഡി.പി.ആർ. കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്.

## വിദ്യാഭ്യാസ മേഖലയുടെ ഉന്നമനത്തിനായി നടപ്പിലാക്കിയ പദ്ധതികൾ

169 (1253) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിദ്യാഭ്യാസ മേഖലയുടെ ഉന്നമനത്തിനായി നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കാൻ ആവിഷ്കരിച്ചിട്ടുള്ള കർമ്മപദ്ധതികൾ ഏതൊക്കെയാണ്;

(സി) വിദ്യാലയങ്ങളിൽ ഹരിതകേരളം പദ്ധതിയുടെ ഭാഗമായി വിദ്യാഭ്യാസ വകുപ്പ് 'ഗ്രീൻ പ്രോട്ടോക്കോൾ' നടപ്പിലാക്കിയിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിദ്യാഭ്യാസ മേഖലയുടെ ഉന്നമനത്തിനായി 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ടി. പദ്ധതിയുടെ ഭാഗമായി സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 8 മുതൽ 12 വരെ ക്ലാസ്സുകൾ ഹൈടെക്കാക്കുന്ന പദ്ധതിയുടെ പൈലറ്റ് പ്രവർത്തനങ്ങൾ 4 മണ്ഡലങ്ങളിൽ നടന്നുവരികയാണ്. സ്കൂളുകൾക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ലഭ്യമാക്കുക, അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രത്യേക പരിശീലനം, ഐ.സി.ടി. അധിഷ്ഠിത പഠന പ്രവർത്തനങ്ങൾ, ഐ.സി.ടി. അധിഷ്ഠിത ഉള്ളടക്കം, പ്രത്യേക ഐ.സി.ടി. പാഠപുസ്തകങ്ങൾ, ഐ.ടി. പരീക്ഷ എന്നീ പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമായി നടപ്പിലാക്കിവരുന്നു.

(ബി) പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സ്കൂളുകൾക്കാവശ്യമായ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ശിശു കേന്ദ്രീകൃതമായ അദ്ധ്യയനം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി കാലാനുസൃതമായ അദ്ധ്യാപന പരിശീലന പരിപാടികൾ കൂടി ഉൾപ്പെടുത്തി വിവരസാങ്കേതിക വിദ്യാധിഷ്ഠിതമായി പുതുക്കിയ പാഠ്യപദ്ധതി പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികളും പുരോഗമിച്ചു

വരുന്നു. കൂടാതെ കുട്ടികളുടെ നൈസർഗ്ഗികമായ അക്കാദമികേതര/പാഠ്യേതര കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുള്ള സംവിധാനങ്ങളും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(സി) നടപ്പിലാക്കിവരുന്നു.

(ഡി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു :

1. പ്ലാസ്റ്റിക് - കീടനാശിനി-ലഹരിമുക്ത കാമ്പസുകൾ സൃഷ്ടിക്കുക.
2. കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക, മാലിന്യ നിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തുക.
3. സ്കൂളുകളിൽ തനതായ ഒരു പഠനാന്തരീക്ഷം സൃഷ്ടിക്കുക.
4. പരിസ്ഥിതി സംരക്ഷണ-പരിസ്ഥിതി പഠന പ്രവർത്തനങ്ങളിൽ മാതൃക സൃഷ്ടിക്കുക.

**ഭൂമിശാസ്ത്ര അദ്ധ്യാപകർ**

170 (1254) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂമിശാസ്ത്രം (ജ്യോഗ്രഫി) വിഷയം വർഷങ്ങളായി സംസ്ഥാനത്തെ ഹൈസ്കൂളുകളിൽ കൈകാര്യം ചെയ്യുന്നത് സോഷ്യൽ സയൻസ് വിഭാഗത്തിലാണെന്നും ഇക്കാരണത്താൽ മറ്റ് വിഷയങ്ങളിൽ (ഹിസ്റ്ററി, എക്കണോമിക്സ്, പൊളിറ്റിക്സ്) യോഗ്യതയുള്ള അദ്ധ്യാപകരാണ് ഭൂമിശാസ്ത്രം പഠിപ്പിച്ചുവരുന്നത് എന്നും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തും പുറത്തുമുള്ള സർവ്വകലാശാലകളിൽ ഒരു സയൻസ് വിഷയമായ ജ്യോഗ്രഫി, ഹൈസ്കൂൾ തലത്തിലും ജ്യോഗ്രഫി അദ്ധ്യാപകർ തന്നെ കൈകാര്യം ചെയ്യുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിശദമായ പഠനത്തിനുശേഷം ഈ വിഷയത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**വിദ്യാഭ്യാസ വകുപ്പിൻ കീഴിലെ ഫയലുകൾ**

171 (1255) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനറൽ/ഹയർ സെക്കന്ററി എഡ്യൂക്കേഷൻ മേഖലയിലെ (സർക്കാർ/ എയ്ഡഡ്) എത്ര ഫയലുകൾ സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ തീർപ്പാകാതെ ഉണ്ടെന്നുള്ളതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ജനറൽ എഡ്യൂക്കേഷൻ (ടി)വകുപ്പിൽ 68422/T3/2014/Gedn. dt. 27-1-2015 നമ്പരായുള്ള ഫയലിന്റെ നടപടിക്രമം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ഫയൽ നിലവിൽ ഏത് ഉദ്യോഗസ്ഥന്റെ കൈവശം നടപടികൾക്കായി സമർപ്പിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) പാലക്കാട് എം.ഇ.എസ്., എച്ച്.എസ്.എസ്.-ലെ ശ്രീമതി രജ്ജല. പി-യുടെ 21-11-2014 ലെ നിവേദനത്തിന്റെയും 9-7-2014-ലെ ഡബ്ല്യൂ .പി (സി) 17009/14 നമ്പർ ജഡ്ജ്മെന്റിന്റെയും അടിസ്ഥാനത്തിൽ 68422/T3/G.Edn. നമ്പർ ഫയലിലെ നടപടികൾ ഉടൻ തീർപ്പാക്കുമോ; ഫയലിൽ കാലതാമസംവരുത്തിയവർക്കെതിരെ കർശന നടപടിയെടുക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഫയലിനാധാരമായ വിഷയത്തിന്മേൽ തീർപ്പ് അടിയന്തരമായി പ്രഖ്യാപിക്കാനും പരാതി നല്കിയ വ്യക്തിക്ക് സാമാന്യനീതി ഉറപ്പാക്കാനും എന്നത്തേയ്ക്ക് കഴിയും എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) 68422/T3/2014/G.Edn. ഫയലിൽ തീരുമാനം കൈക്കൊള്ളുന്നതിന്റെ ഭാഗമായി 43256/T3/2014/G.Edn. നമ്പർ തീർപ്പുഫയൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ 68422/T3/2014/G.Edn. നമ്പർ ഫയൽ പൊതുവിദ്യാഭ്യാസ (റ്റി) വകുപ്പിലാണുള്ളത്.

(സി) WP(C) No.17009/2014 നമ്പർ കേസിലെ വിധിന്യായം നടപ്പിലാക്കുന്നതിനായി 25-9-2014-ലെ 43256/T3/2014/G.Edn. നമ്പർ കത്തുപ്രകാരം സർക്കാർ നിർദ്ദേശിച്ചതനുസരിച്ച് 21-10-2014 തീയതിയിലെ Acd.A2/33783/ 2014/HSE ഓർഡർ പ്രകാരം ശ്രീമതി പി. രജ്ജലയ്ക്ക് ഭർത്താവിനൊപ്പം പോകുന്നതിന് അഞ്ചു വർഷത്തെ ശൂന്യവേതനാവധി അനുവദിച്ചു നൽകിയിരുന്നു. ശൂന്യവേതനാവധി

അനുവദിക്കുന്നതിനു മുൻപായി ടിയാൾ അവധിയിൽ പ്രവേശിച്ചത് ക്രമീകരിച്ച് നൽകുന്നതു സംബന്ധിച്ച കാര്യമാണ് 68422/T3/2014/G.Edn. ഫയലിൽ കൈകാര്യം ചെയ്യുന്നത്. ആയതു പരിശോധനയിലാണ്.

(ഡി) 25-9-2014-ലെ 43256/T3/2014/G.Edn. നമ്പർ കത്തും 21-10-2014-ലെ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടറുടെ Acd.A2/33783/2014/ HSE ഓർഡറും ചലഞ്ച് ചെയ്തുകൊണ്ട് കോർപ്പറേറ്റ് മാനേജർ, എം.ഇ.എസ്., ഹയർ സെക്കണ്ടറി സ്കൂൾ ബഹു. ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C) No.32013/2014 നിലവിൽ കോടതിയുടെ പരിഗണനയിലിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ശ്രീമതി പി. രജുലക്ഷ്മി ശൂന്യ വേതനാവധി അനുവദിക്കുന്ന കാര്യം മേൽ നമ്പർ കേസിലെ ബഹു. ഹൈക്കോടതിയുടെ അന്തിമ വിധിന്യായത്തിന് വിധേയമായി മാത്രമേ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

## സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ പി.ടി.എ. ഫണ്ട്

172 (1256) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ പി.ടി.എ. ഫണ്ട് സ്വീകരിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്താണെന്ന് വിശദമാക്കാമോ;

(ബി) പി.ടി.എ ഫണ്ട് സ്വീകരിക്കുന്നതിന് സർക്കാർ എന്തെങ്കിലും നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) 25-6-2007-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 126/2007/ പൊവിവ, 23-9-2014-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 196/2014/പൊവിവ. എന്നിവ പ്രകാരം പൊതുവിദ്യാലയങ്ങളിലെ പി.റ്റി.എ. രൂപവൽക്കരണം സംബന്ധിച്ച വിശദമായ ഉത്തരവ് നിലവിലുണ്ട്. സർക്കാർ ഉത്തരവ് (കൈ) നമ്പർ 126/2007/ പൊവിവ. ഉത്തരവിലെ ഖണ്ഡിക 3(1) മുതൽ 3(22) വരെ പി.റ്റി.എ. അംഗത്വ ഫീസ്, പി.റ്റി.എ. ഫണ്ട് തുടങ്ങിയവയുടെ ശേഖരണം, കൈകാര്യം ചെയ്യൽ എന്നിവ സംബന്ധിച്ച് വിശദമായി പ്രതിപാദിക്കുന്നു. ആയതിലെ ഖണ്ഡിക 3(5) പ്രകാരം പി.റ്റി.എ. "അംഗത്വഫീസ്" എല്ലാ രക്ഷിതാക്കളിൽനിന്നും നിർബന്ധമായി ശേഖരിക്കണമെന്ന് നിഷ്കർഷിക്കുന്നതോടൊപ്പം എസ്‌സി/എസ്റ്റി, മറ്റ് സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ളവർ (സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ) പി.റ്റി.എ. അംഗത്വഫീസ് നിർബന്ധമല്ല. നിർദ്ദിഷ്ട ഫീസ് നൽകിയില്ലെങ്കിലും അവരും പി.റ്റി.എ.യിൽ അംഗങ്ങളായിരിക്കും. അംഗത്വ ഫീസിന്റെ പ്രതിശീർഷ നിരക്ക് താഴെപ്പറയുന്നു :

| | | |
|---|---|---|
| എൽ.പി. വിഭാഗം | - | 10 രൂപ |
| യു.പി. വിഭാഗം | - | 25 രൂപ |
| ഹൈസ്കൂൾ വിഭാഗം | - | 50 രൂപ |
| ഹയർ സെക്കണ്ടറി/വി.എച്ച്.എസ്.ഇ. വിഭാഗം | - | 100 രൂപ |

കൂടാതെ മുൻ വർഷത്തെ മൂന്നാം ടേമിലെ പി.റ്റി.എ. ജനറൽ ബോഡിയിൽ തീരുമാനിക്കുകയാണെങ്കിൽ നടപ്പ് അക്കാദമിക വർഷത്തെ പ്രത്യേകം നിർവ്വചിക്കപ്പെട്ടിട്ടുള്ള അക്കാദമിക ആവശ്യങ്ങൾക്കായി താഴെ കൊടുത്തിരിക്കുന്ന പരമാവധി നിരക്കിൽ രക്ഷിതാക്കളിൽ നിന്ന് ഫണ്ട് ശേഖരിക്കാവുന്നതാണ് :

| | | |
|---|---|---|
| എൽ.പി. വിഭാഗം | - | 20 രൂപ |
| യു.പി. വിഭാഗം | - | 50 രൂപ |
| ഹൈസ്കൂൾ വിഭാഗം | - | 100 രൂപ |
| ഹയർ സെക്കണ്ടറി/വി.എച്ച്.എസ്.ഇ. വിഭാഗം | - | 400 രൂപ |

പി.റ്റി.എ. അംഗത്വഫീസും സർക്കാർ നിയമപ്രകാരം എന്തെങ്കിലും നിർദ്ദിഷ്ട ഫീസും ഒഴികെ യാതൊരു ഫീസും നൽകുവാൻ രക്ഷിതാക്കൾ ബാദ്ധ്യസ്ഥരല്ല. അവരെ അതിന് നിർബന്ധിക്കുവാനും പാടില്ല.

(ബി) ഇല്ല.

**മണ്ഡലത്തിൽ ഒരു അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്കൂൾ എന്ന പദ്ധതി**

173 (1257) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ഡലത്തിൽ ഒരു അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്കൂൾ എന്ന പദ്ധതി പ്രകാരം എല്ലാ മണ്ഡലത്തിൽനിന്നും ഓരോ സ്കൂൾ വീതം തെരഞ്ഞെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനി തെരഞ്ഞെടുക്കുവാൻ ബാക്കിയുള്ള മണ്ഡലങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകൾക്ക് ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദീകരിക്കുമോ;

(സി) സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് അനുവർത്തിക്കേണ്ട നടപടിക്രമങ്ങൾ വിവരിക്കുമോ?

<u>ഉത്തരം</u>

(എ) അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തപ്പെടേണ്ട സ്കൂളുകളെ മണ്ഡലാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

(ബി) തെരഞ്ഞെടുക്കപ്പെടുന്ന സ്കൂളുകൾക്ക് ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനായി സർക്കാർ ധനസഹായത്തിന് പുറമേ എം.പി., എം.എൽ.എ., ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ, എസ്.എസ്.എ. ആർ.എം.എസ്.എ. ഫണ്ടുകൾ, സ്പോൺസർഷിപ്പ് മുഖേന ലഭ്യമാകുന്ന ഫണ്ടുകൾ മുതലായവ പ്രയോജനപ്പെടുത്താവുന്നതാണ്.

(സി) സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തപ്പെടേണ്ട സ്കൂളുകളെ തെരഞ്ഞെടുക്കേണ്ടതും ആയതിന് സർക്കാർ അനുമതി ലഭ്യമാക്കിയതിനുശേഷം പ്രസ്തുത സ്കൂളിന്റെ ഭൗതിക സാഹചര്യ വികസനത്തിനായി തനതായ ഒരു മാസ്റ്റർ പ്ലാൻ 8-12-2016-ലെ സ.ഉ.(സാധാ) നമ്പർ 205/2016/പൊവിവ നമ്പർ ഉത്തരവിൽ പ്രതിപാദിച്ചിരിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ട് തയ്യാറാക്കേണ്ടതുമാണ്. സ്കൂളുകളിൽ അക്കാദമിക മികവ് കൈവരിക്കുന്നതിനായി വിദ്യാർത്ഥി കേന്ദ്രീകൃത അദ്ധ്യയന രീതി നടപ്പിൽ വരുത്തുന്നതിനുതകുന്ന അദ്ധ്യാപക പരിശീലന പരിപാടികൾ ആസൂത്രണം ചെയ്തുവരുന്നു.

**വൊക്കേഷണൽ ഹയർ സെക്കണ്ടറി ടീച്ചർമാരുടെ ശമ്പള സ്കെയിൽ**

174 (1258) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> :
<u>ശ്രീ. സി. കെ. നാണു</u> :
<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> :
<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ ജൂനിയർ ടീച്ചർമാരുടെ ശമ്പള സ്കെയിൽ അതേ തസ്തികയിൽ ജോലി ചെയ്യുന്ന എയിഡഡ് സ്കൂളുകളിലെ ജൂനിയർ ടീച്ചർമാരുടേതിനേക്കാൾ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് അടുത്തിടെയുണ്ടായ ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇതു സംബന്ധിച്ചുള്ള ഹൈക്കോടതി ഉത്തരവ് വകുപ്പിൽ ലഭ്യമായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല

## അന്താരാഷ്ട്ര നിലവാരമുള്ള സ്കൂളുകൾ

175 (1259) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര സ്കൂളുകളെയാണ് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താൻ തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഓരോ നിയോജകമണ്ഡലത്തിലേയും തെരഞ്ഞെടുത്ത സ്കൂളുകളിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ എന്നു മുതൽ തുടങ്ങാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 1000 സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെടുന്ന സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതോടൊപ്പം അദ്ധ്യാപന-അദ്ധ്യയന മേഖലകളിലും കാലാനുസൃതമായി മാറ്റം വരുത്തുന്നതിനുള്ള പദ്ധതികളും ആസൂത്രണം ചെയ്തിട്ടുണ്ട്. കൂടാതെ കുട്ടികളുടെ നൈസർഗ്ഗികമായ അക്കാദമികേതര കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുള്ള സംവിധാനങ്ങളും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നുണ്ട്.

(സി) പ്രസ്തുത പ്രവൃത്തികളുടെ പ്രാരംഭ നടപടികൾ ഇതിനോടകം ആരംഭിച്ചിട്ടുണ്ട്.

## അദ്ധ്യാപകരുടെ അന്തർ ജില്ലാ സ്ഥലംമാറ്റം

176 (1260) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ നിലനിൽക്കെ അദ്ധ്യാപകരെ നിയമിക്കാതെ അന്തർ ജില്ലാ സ്ഥലംമാറ്റം നൽകിയത് സംബന്ധിച്ച് പരാതികൾ സർക്കാരിലോ, ഡി.പി.ഐ. ഓഫീസിലോ ഡി. ഡി. ഓഫീസുകളിലോ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇത്തരം പരാതികളിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ചില ജില്ലകളിൽ അന്തർ ജില്ലാ സ്ഥലംമാറ്റം നൽകിയത് മാനദണ്ഡങ്ങൾക്ക് വിരുദ്ധമായിട്ടാണെന്ന പരാതി ലഭിച്ചിട്ടുണ്ടോ; ഇതിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ഡി) ഇത് സംബന്ധിച്ച് റാങ്ക് ഹോൾഡേഴ്സ് അസോസിയേഷൻ നൽകിയ പരാതികളിൽ ഓരോ ജില്ലകളിലും സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ഇ) അന്തർ ജില്ലാ സ്ഥലംമാറ്റങ്ങൾ നൽകുമ്പോൾ സ്വീകരിക്കേണ്ട പൊതു മാനദണ്ഡങ്ങൾ പാലിക്കാതെ സ്ഥലംമാറ്റം നൽകിയത് പ്രെമോഷനുകളെ ബാധിച്ചിട്ടുണ്ടെങ്കിൽ ആയത്പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; ഓരോ റവന്യൂ ജില്ലകളിലെയും ഇത് സംബന്ധിച്ച വിശദമായ വിവരം ലഭ്യമാക്കുമോ;

(എഫ്) പൊതു സ്ഥലംമാറ്റം കഴിഞ്ഞതിനുശേഷം ഏതെല്ലാം ജില്ലകളിൽ 'ഇൻട്രാൻസ്ഫർ'സ്ഥലം മാറ്റം നടന്നു; ഇവ സംബന്ധിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടർക്കോ ഡെപ്യൂട്ടി ഡയറക്ടർമാർക്കോ പരാതികൾ ലഭിച്ചിട്ടുണ്ടോ; ഇത്തരം പരാതികളിൽ എടുത്ത നടപടികൾ എന്തെല്ലാം; സ്ഥലംമാറ്റം സംബന്ധിച്ച പരാതികൾ സെക്രട്ടറി തലത്തിൽ അന്വേഷിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കൊല്ലം ജില്ല ഒഴികെ മറ്റു ജില്ലകളിലൊന്നും ഇത്തരത്തിലുള്ള പരാതികൾ ലഭിച്ചിട്ടില്ല. കൊല്ലം ജില്ലയിൽ കേഡർ സ്റ്റേങ്ത് പ്രകാരം നിയമാനുസൃതമായി പി.എസ്.സി.-ക്കും അന്തർ ജില്ലാ സ്ഥലംമാറ്റത്തിനും നൽകേണ്ട ഒഴിവുകൾ നൽകിയിട്ടുണ്ട്.

(ബി) നിയമപരമായി നൽകേണ്ട ഒഴിവുകളുടെ ശതമാനക്കണക്ക് പ്രകാരം വ്യക്തമായ മറുപടി നൽകിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഇതു സംബന്ധിച്ച പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ഇ) പൊതുമാനദണ്ഡങ്ങൾ അനുസരിച്ച് മാത്രമാണ് അന്തർ ജില്ലാ സ്ഥലംമാറ്റം നൽകിയിട്ടുള്ളത്. ആയത് പ്രൊമോഷനെ ഒരു ജില്ലയിലും ബാധിച്ചിട്ടില്ല.

(എഫ്) പൊതുസ്ഥലംമാറ്റം കഴിഞ്ഞതിനുശേഷം ഇൻട്രാൻസ്ഫർ സ്ഥലംമാറ്റം എല്ലാ ജില്ലകളിലും നടന്നിട്ടുണ്ട്. ഇവ സംബന്ധിച്ച് മറ്റ് പരാതികൾ ഒന്നും ലഭിച്ചിട്ടില്ല.

**കള്ളിമൂട്കാണി എസ്.ടി. മേഖലയിലെ വിദ്യാലയം**

177 (1261) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാറശ്ശാല മണ്ഡലത്തിലെ വെള്ളറട ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ടുവരുന്ന എ.എം.എൽ.പി.എസ്., കള്ളിമൂട്കാണി എന്ന എസ്.ടി. മേഖലയിലെ വിദ്യാലയത്തിന്റെ ഇന്നത്തെ പരിതാപകരമായ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തകർന്നുവീഴാറായ കെട്ടിടങ്ങളോടു കൂടിയ ഈ സ്കൂളിലെ അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങളുടെ വികസനത്തിനായി അടിയന്തര നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ടി സ്കൂൾ എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്നതായതിനാൽ ഇതിന്റെ ഭൗതിക സാഹചര്യവികസനം സംബന്ധിച്ച ഉത്തരവാദിത്വം മാനേജ്മെന്റിൽ നിക്ഷിപ്തമാണ്.

**കണ്ടശ്ശാംകടവ് ഹയർ സെക്കണ്ടറി സ്കൂളിന്റെ വികസനം**

178 (1262) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മണലൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) കേരളത്തിന്റെ പ്രഥമ വിദ്യാഭ്യാസ മന്ത്രിയായിരുന്ന പ്രൊഫസർ ജോസഫ് മുണ്ടശ്ശേരിയുടെ നാമധേയത്തിലുള്ള കണ്ടശ്ശാംകടവ് ഹയർ സെക്കണ്ടറി സ്കൂളിന്റെ വികസനത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 2016-2021 കാലയളവിൽ 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി നിയോജക മണ്ഡലാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന ചുവടെ ചേർക്കുന്ന പദ്ധതികളുടെ പ്രയോജനം മണലൂർ നിയോജക മണ്ഡലത്തിനും ലഭ്യമാകുന്നതാണ് :

1. ഒരു ഹൈസ്കൂൾ മികവിന്റെ കേന്ദ്രമായി ഉയർത്തപ്പെടും.
2. ഒരു നീന്തൽക്കുളത്തിന്റെ നിർമ്മാണം.
3. ഒരു കലാ-കായിക-സാംസ്കാരിക പാർക്കിന്റെ നിർമ്മാണം
4. സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 8 മുതൽ 12 വരെയുള്ള ക്ലാസ് മുറികൾ ഹൈടെക് ആക്കുക.

ഇവയെ കൂടാതെ വിവിധ സ്കൂളുകളിലെ ലബോറട്ടറി, ലൈബ്രറി നവീകരണ പ്രവർത്തനങ്ങളും ജൈവ വൈവിദ്ധ്യ പാർക്കിന്റെ നിർമ്മാണവും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല വിവിധ എൽ.പി., യു.പി., എച്ച്.എസ്., വി.എച്ച്.എസ്. സ്കൂളുകളുടെ നവീകരണവും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) തൃശ്ശൂർ ജില്ലയിലെ കണ്ടശ്ശാംകടവ് പ്രൊഫ. ജോസഫ് മുണ്ടശ്ശേരി ഹയർ സെക്കണ്ടറി സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 10-2-2017-ലെ സ.ഉ. (സാധാ) 361/17/പൊ.വി.വ. പ്രകാരം 412 (നാനൂറ്റി പന്ത്രണ്ട്) ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ പ്രസ്തുത സ്കൂളിലെ ഹയർ സെക്കണ്ടറി വിഭാഗം ലബോറട്ടറിയിലേയ്ക്കുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനായി നടപ്പുസാമ്പത്തിക വർഷം ഒരു ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി ടി സ്കൂളിലെ 8 മുതൽ 12 വരെയുള്ള ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്.

## വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതി

179 (1263) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഹരിപ്പാട് നിയോജക മണ്ഡലത്തിലെ ആയാംപറമ്പ് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിനെ 'വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതി'യിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

വിവിധ നിയോജക മണ്ഡലങ്ങളിലെ സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തുന്നതിനുള്ള ലിസ്റ്റ് തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

## ഹൈസ്കൂളുകളും ഹയർ സെക്കണ്ടറി ക്ലാസ് റൂമുകളും ഡിജിറ്റലാക്കുന്ന പദ്ധതി

180 (1264) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ ഹൈസ്കൂളുകളും ഹയർ സെക്കണ്ടറി ക്ലാസ് റൂമുകളും ഡിജിറ്റലാക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതിനായി എന്ത് തുക വേണ്ടിവരുമെന്നും ഇതിനുള്ള പണം ഏത് വിധം കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 2016-17 വർഷം ആലപ്പുഴ, പുതുക്കാട്, കോഴിക്കോട് നോർത്ത്, തളിപ്പറമ്പ് എന്നീ മണ്ഡലങ്ങളിലെ സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുകയാണ്. 2017-18 വർഷം മറ്റ് മണ്ഡലങ്ങളിലെ സ്കൂളുകളും ഹൈടെക് ആക്കുന്നതാണ്.

(ബി) ഹൈടെക് പദ്ധതി നടപ്പിലാക്കുന്നതിനായി 'കിഫ്ബി'യിൽനിന്നും ഫണ്ട് ലഭ്യമാക്കുവാൻ 553 കോടി രൂപയുടെ വിശദമായ പദ്ധതി രൂപരേഖ (ഡി.പി.ആർ.) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.റ്റി@സ്കൂൾ തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

**സെറികൾച്ചർ കോഴ്സ്**

181 (1265) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വി. എച്ച്. എസ്. സി. സ്കൂളുകളിൽ നിലവിലുള്ള സെറികൾച്ചർ കോഴ്സ് മാറ്റി, പുതിയ കോഴ്സ് ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) വി. എച്ച്. എസ്. സി. സ്കൂളുകളിലെ സെറികൾച്ചർ കോഴ്സുമായി ബന്ധപ്പെട്ട ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികകളിലേക്കുള്ള നിയമനത്തിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് തയ്യാറാക്കിയതായി അറിവുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ; നിലവിൽ ഈ തസ്തികയിൽ എത്ര ഒഴിവുണ്ടെന്നും അറിയിക്കാമോ;

(സി) ഈ റാങ്ക് ലിസ്റ്റിൽനിന്ന് ഇതുവരെ ആർക്കെങ്കിലും നിയമനം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ഡി) ടി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ഒഴിവുള്ള തസ്തികയിൽ നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഇ) ഇതു സംബന്ധിച്ച മേൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർ സമർപ്പിച്ച അപേക്ഷയിൻമേൽ (ഫയൽ നമ്പർ 694782/SC1/2016/G.Edn) എന്ത് തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളതെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. വി.എച്ച്.എസ്.ഇ. വകുപ്പിലെ പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് സെറികൾച്ചർ, നഴ്സറി മാനേജ്മെന്റ് ആന്റ് ഓർണമെന്റൽ ഗാർഡനിംഗ് എന്നീ കോഴ്സുകൾ സംയോജിപ്പിച്ചുകൊണ്ട്, അഗ്രി ബിസിനസ് ആന്റ് ഫാം സർവീസസ് എന്ന പുതിയ കോഴ്സ് ആരംഭിച്ചു.

(ബി - ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി വി.എച്ച്.എസ്.ഇ. ഡയറക്ടറേറ്റിലേക്ക് അപേക്ഷ അയച്ചിട്ടുണ്ട്.

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

182 (1266) ശ്രീ. പി. ടി. തോമസ് :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളെ സമഗ്രമായി ഉയർത്തുന്ന പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) പ്രീ സ്കൂൾ തലം മുതൽ ഹയർ സെക്കണ്ടറി തലം വരെ സമഗ്രമായി പരിഷ്കരിക്കുന്ന പദ്ധതി ഇതുമൂലം പ്രാവർത്തികമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) സ്കൂളുകളുടെ ഉന്നതനിലവാരം ഉറപ്പാക്കുന്നതിന് സോഷ്യൽ ആഡിറ്റിംഗ് സംവിധാനം കൊണ്ടുവരുമോ;

(ഡി) ഇതിന് അനുസൃതമായി അദ്ധ്യാപക പരിശീലന പരിപാടിയിലും കാലോചിതമായ മാറ്റങ്ങൾ നടപ്പിലാക്കുമോ ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ രംഗത്തെ നിലവിലുള്ള കുറവുകൾ പരിഹരിക്കുന്നതിനു വേണ്ടി മതനിരപേക്ഷ ജനാധിപത്യ ജനകീയ സമീപന രീതി ഉൾക്കൊണ്ടുകൊണ്ട് പൊതുവിദ്യാഭ്യാസ രംഗം ആധുനികവൽക്കരിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ആവിഷ്കരിച്ചിട്ടുള്ള 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി ചുവടെ ചേർക്കുന്ന കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട് :

1. ആയിരം സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുക.
2. ഹൈസ്കൂൾ, ഹയർ സെക്കണ്ടറി തലത്തിൽ എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കി പഠന പ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകുക.
3. എൽ.പി., യു.പി. ക്ലാസ്സുകളിൽ പൊതുവിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കുന്നതിനായി അദ്ധ്യാപക രക്ഷാകർതൃ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ കാലോചിതമായ വികസനം ഉറപ്പാക്കുക.

4. 50 വർഷം, 100 വർഷം പൂർത്തിയാക്കിയ സ്കൂളുകൾക്ക് പ്രത്യേക പാക്കേജ് അടിസ്ഥാനത്തിൽ സഹായം നൽകുക, ഇംഗ്ലീഷ് ഭാഷാ പഠനത്തിന് പ്രോത്സാഹനം നൽകുക, അടുത്ത രണ്ട് വർഷംകൊണ്ട് രണ്ടാമത്തെ പ്രധാന ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ഓരോ ജില്ലയിലും അഞ്ച് സ്കൂളുകൾ ഒന്നാമത്തെ പ്രധാന ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്യുന്നതാണ്.

പൂർണ്ണമായും ശിശുകേന്ദ്രീകൃതമായുള്ള അദ്ധ്യാപന രീതിക്ക് ഊന്നൽ നൽകിക്കൊണ്ട് എല്ലാ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും പഠനത്തിൽ പങ്കാളിത്തം ഉറപ്പാക്കുന്ന ഒരു 'യൂണിവേഴ്സൽ ഡിസൈൻ ഓഫ് ലേണിംഗി'ന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപന പരിശീലന പദ്ധതികൾ കൂടി ഉൾപ്പെടുത്തി വിവര സാങ്കേതികാധിഷ്ഠിതമായി പുതുക്കിയ പാഠ്യപദ്ധതി വിനിമയ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുകയും പാഠ്യപദ്ധതി ലക്ഷ്യങ്ങൾ കൈവരിക്കാത്ത പ്രശ്നം പരിഹരിക്കുന്നതിനായി പാഠ്യപദ്ധതിയിൽ ആവശ്യമായ മെച്ചപ്പെടുത്തലുകളും അദ്ധ്യാപക ശാക്തീകരണ പ്രവർത്തനങ്ങളും ഉൾപ്പെടെ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി നടപ്പിൽ വരുത്തുകയും ഇപ്രകാരം അദ്ധ്യാപന-അദ്ധ്യയന തലങ്ങളിൽ സമഗ്രമായ മാറ്റം വരുത്തുന്നതോടൊപ്പം കുട്ടികളുടെ നൈസർഗ്ഗിക കഴിവുകൾക്ക് പ്രോത്സാഹനം നൽകുന്ന വിധത്തിലുള്ള പദ്ധതികളും പൊതുവിദ്യാഭ്യാസ യജ്ഞം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുവാൻ ജനകീയ സംവിധാനങ്ങൾ ഒരുക്കുക എന്നത് പൊതുവിദ്യാഭ്യാസ യജ്ഞം പദ്ധതിയുടെ ലക്ഷ്യങ്ങളിൽ ഒന്നായതിനാൽ ഇക്കാര്യം സർക്കാർ പരിശോധിക്കാവുന്നതാണ്.

(ഡി) അദ്ധ്യാപക പരിശീലന പരിപാടിയിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞ പദ്ധതി**

183 (1267) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ആന്റണി ജോൺ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനായി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം നൽകാമോ;

(സി) ക്ലാസ്സ് മുറിയിലെ ഭൗതിക സൗകര്യങ്ങൾ, പഠന സംവിധാനങ്ങൾ, വിനിമയ രീതി, അദ്ധ്യാപക പരിശീലനം, മൂല്യനിർണ്ണയം തുടങ്ങിയവ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) ആരുടെയെല്ലാം പങ്കാളിത്തത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സ്കൂളുകൾക്കാവശ്യമായ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ശിശുകേന്ദ്രീകൃതമായ അദ്ധ്യയനം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി കാലാനുസൃതമായ അദ്ധ്യാപന പരിശീലന പരിപാടികൾ കൂടി ഉൾപ്പെടുത്തി വിവരസാങ്കേതിക വിദ്യാധിഷ്ഠിതമായി പുതുക്കിയ പാഠ്യപദ്ധതി പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു. കൂടാതെ കുട്ടികളുടെ നൈസർഗ്ഗികമായ അക്കാദമികേതര/പാഠ്യേതര കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുള്ള സംവിധാനങ്ങളും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായാണ് പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്. ഇതിന്റെ ഭാഗമായി 2016-2021 കാലയളവിൽ സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിലെയും തെരഞ്ഞെടുക്കപ്പെടുന്ന ഓരോ സ്കൂളുകൾ വീതം മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുവാനാണ് പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിന്റെ ഭാഗമായുള്ള സ്കൂൾ തെരഞ്ഞെടുപ്പിനുള്ള പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്.

(സി) പൊതുവിദ്യാലയങ്ങളിലെ പഠന നിലവാരം ഉയർത്തുന്നതിനായി വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങളുടെ വിപുലീകരണവും സാങ്കേതിക വിദ്യാധിഷ്ഠിത പഠനവും നടപ്പിലാക്കിവരികയാണ്. പൊതുവിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വായനശാല, ലബോറട്ടറികൾ എന്നിവയുടെ നവീകരണം, കലാ-കായിക സാംസ്കാരിക പാർക്ക്, ജൈവ വൈവിദ്ധ്യ പാർക്ക് തുടങ്ങിയവ സ്ഥാപിക്കൽ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുകയും പ്രീപ്രൈമറി തലം മുതൽ ശിശുകേന്ദ്രീകൃത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകിക്കൊണ്ട് പൊതുവിദ്യാഭ്യാസത്തിന് ഒരു പുതിയ മാനം സൃഷ്ടിക്കുന്നതിന് ഉതകുന്ന പദ്ധതികളാണ് സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നത്. സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ

8 മുതൽ 12 വരെ ക്ലാസ്സുകൾ ഹൈടെക് ആക്കുന്ന പദ്ധതിയുടെ പൈലറ്റ് പ്രവർത്തനങ്ങൾ 4 മണ്ഡലങ്ങളിൽ നടന്നുവരികയാണ്. സ്കൂളുകൾക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ലഭ്യമാക്കുക, അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രത്യേക പരിശീലനം, ഐ.സി.ടി. അധിഷ്ഠിത പഠന പ്രവർത്തനങ്ങൾ, ഐ.സി.ടി. അധിഷ്ഠിത ഉള്ളടക്കം, പ്രത്യേക ഐ.സി.ടി. പാഠപുസ്തകങ്ങൾ, ഐ.ടി. പരീക്ഷ എന്നീ പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമായി നടപ്പിലാക്കിവരുന്നു.

(ഡി) പദ്ധതി നിർവ്വഹണത്തിനായി സർക്കാർ ധനസഹായത്തിന് പുറമേ എം.പി., എം.എൽ.എ., ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ, എസ്.എസ്.എ., ആർ.എം.എസ്.എ. ഫണ്ടുകൾ, സ്പോൺസർഷിപ്പ് മുഖേന ലഭ്യമാകുന്ന ഫണ്ടുകൾ മുതലായവ പ്രയോജനപ്പെടുത്തിക്കൊണ്ട് പൂർണ്ണമായും പൊതുജന പങ്കാളിത്തത്തോടുകൂടി പദ്ധതി നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്.

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

184 (1268) <u>ശ്രീ. ഷാഫി പറമ്പിൽ</u> :
<u>ശ്രീ. അടൂർ പ്രകാശ്</u> :
<u>ശ്രീ. വി. ടി. ബൽറാം</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ലക്ഷ്യം വിശദമാക്കുമോ ;

(ബി) ഈ പദ്ധതിയനുസരിച്ച് പൊതുവിദ്യാഭ്യാസം സംരക്ഷിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; അൺ ഇക്കണോമിക് ആയ എത്ര സ്കൂളുകൾ ഏറ്റെടുത്തിട്ടുണ്ട്; ഏറ്റെടുത്ത ഏതെങ്കിലും സ്കൂളുകളെ സർക്കാരിലേക്ക് നിക്ഷിപ്തമാക്കുന്ന നടപടി നീട്ടിവച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഇനി എത്ര എയ്ഡഡ് സ്കൂളുകൾ ഏറ്റെടുക്കുവാനാണ് പദ്ധതിയിട്ടിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) സർക്കാർ ഏറ്റെടുത്ത സ്കൂളുകളുടെ നഷ്ടപരിഹാരമായി എന്ത് തുക നൽകേണ്ടതുണ്ടെന്നും ഇതിനകം എന്ത് തുക നൽകിയിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു :

- പൂർണ്ണമായും ശിശുകേന്ദ്രീകൃതമാക്കി അങ്കണവാടി, പ്രീ-പ്രൈമറി സ്കൂളുകളിലെ വിദ്യാർത്ഥി സമീപനരീതി (പഠനരീതി) ആധുനികമായി പരിഷ്കരിക്കുകയും അതിനനുസരിച്ച് അദ്ധ്യാപക പരിശീലനം സംഘടിപ്പിക്കുകയും അഞ്ചുവയസ്സുവരെ കുട്ടി ആർജ്ജിക്കേണ്ട കാര്യങ്ങൾ ആർജ്ജിച്ചു എന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.
- 1 മുതൽ 12 വരെ ഓരോ ക്ലാസ്സിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും അന്താരാഷ്ട്ര നിലവാരമുള്ള ധാരണകളും കഴിവുകളും നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.

(എ) പഠന വിഷയങ്ങളിലെ ആശയദൃഢത, കണക്ക്, സയൻസ്, ഐ.ടി. വിഷയങ്ങളിലെ കുട്ടിയുടെ ധാരണയും കഴിവും.

(ബി) പാഠ്യേതര വിഷയങ്ങളിലെ വൈവിദ്ധ്യവും ആർജ്ജവവും

(സി) സാമൂഹ്യരംഗത്തെ ധാരണ, പരിസ്ഥിതി ജ്ഞാനം തുടങ്ങിയവ

(ഡി) ഭാഷാജ്ഞാനം, കമ്മ്യൂണിക്കേഷൻ സ്കിൽ, ചുരുങ്ങിയത് 3 ഭാഷകളെങ്കിലും ഉപയോഗിക്കുവാൻ കഴിവ് ഉണ്ടാക്കുക.

(ഇ) കുട്ടികളിൽ ആരോഗ്യപരമായ അവസ്ഥ സൃഷ്ടിക്കുക.

- കുട്ടിയുടെ കഴിവ് കേവലം വിഷയ പഠനത്തിൽ ഒതുക്കാതെ സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന തരത്തിൽ യഥാർത്ഥ വിദ്യാഭ്യാസ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തുക.
- അന്താരാഷ്ട്ര പഠന നിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ വിദ്യാലയങ്ങളിൽ എത്തിക്കുക.
- ഉന്നതനിലവാരത്തിലെ അദ്ധ്യാപനം ഉറപ്പാക്കത്തക്ക രീതിയിൽ അദ്ധ്യാപക പരിശീലനം ഉറപ്പുവരുത്തുക.
- പാഠ്യേതര പഠനം ഉയർത്തുന്നതിനാവശ്യമായ ഭൗതിക, മാനസിക, സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കുക.
- കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുന്നതിനും മാലിന്യ നിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തി യെടുക്കുന്നതിനും ഉതകുക.

- മദ്യപാനം, മയക്കമരുന്ന് ഉപയോഗം എന്നിവ പുതിയ തലമുറയിൽ നിന്ന് ഒഴിവാക്കാനാവുന്ന തരത്തിൽ ഇടപെടലുകൾ നടത്തുക വഴി സംസ്കാര സമ്പന്നമായ ഒരു പുതുതലമുറയെ വാർത്തെടുക്കുക.
- പ്ലാസ്റ്റിക് മുക്ത-കീടനാശിനി മുക്ത-ലഹരി മുക്ത ക്യാമ്പസുകൾ സൃഷ്ടിക്കുക.
- "ക്യാമ്പസ് തന്നെ പാഠപുസ്തകം" എന്ന ആശയത്തെ ജനകീയമായി വികസിപ്പിച്ചെടുക്കുകവഴി പ്രകൃതിക്കിണങ്ങിയ 10,000 മാതൃകാ തുരുത്തുകൾ കേരളത്തിൽ സൃഷ്ടിക്കുക.
- സ്കൂൾതലത്തിൽ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഇല്ലാത്ത അവസ്ഥ നേടുക.
- അനന്യമായൊരു ജനകീയ വിദ്യാഭ്യാസ മാതൃക കേരളത്തിൽ സൃഷ്ടിക്കുക.
- വിദ്യാഭ്യാസത്തിന്റെ സമസ്തതലങ്ങളിലും അന്താരാഷ്ട്ര മാതൃക വികസിപ്പിക്കുക.
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണനകൾ നൽകി മുഖ്യധാരയിലെത്തിക്കുക.
- വിദ്യാഭ്യാസത്തിന്റെ ജനാധിപത്യവൽക്കരണം അർത്ഥപൂർണ്ണമാക്കുക.
- വോട്ടവകാശം ലഭിക്കുമ്പോൾതന്നെ തൊഴിലെടുക്കുവാനുള്ള കഴിവ് വികസിപ്പിക്കുവാൻ ലക്ഷ്യമിട്ട് സ്കിൽ ഡെവലപ്മെന്റ് പരിപാടി സമഗ്രമാക്കുകവഴി കുട്ടികളിൽ സ്വയംപര്യാപ്തത കൈവരിക്കുവാൻ പ്രാപ്തരാക്കുക.
- സ്കൂൾ വായനശാലകളും ലബോറട്ടറികളും ആധുനികവൽക്കരിക്കുക വഴി കുട്ടികളുടെ പഠന നിലവാരം ഉയർത്തുക.
- സ്കൂൾ കുട്ടികൾക്ക് കൗൺസിലിംഗ് സൗകര്യങ്ങൾ ഉണ്ടാക്കുക.
- വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുവാൻ ജനകീയ സംവിധാനങ്ങൾ ഒരുക്കുക.

(ബി) ഈ പദ്ധതിയനുസരിച്ച് പൊതുവിദ്യാഭ്യാസം സംരക്ഷിക്കുന്നതിനായി ചുവടെ ചേർക്കുന്ന കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് :

1. ആയിരം സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുക

2. ഹൈസ്കൂൾ, ഹയർ സെക്കണ്ടറി തലത്തിൽ എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കി പഠന പ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകുക.

3. എൽ.പി., യു.പി. ക്ലാസ്സുകളിൽ പൊതുവിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കുന്നതിനായി അദ്ധ്യാപക രക്ഷാകർതൃ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ കാലോചിതമായ വികസനം ഉറപ്പാക്കുക.

4. 50 വർഷം, 100 വർഷം പൂർത്തിയാക്കിയ സ്കൂളുകൾക്ക് പ്രത്യേക പാക്കേജ് അടിസ്ഥാനത്തിൽ സഹായവും ഇംഗ്ലീഷ് ഭാഷാ പഠനത്തിന് പ്രോത്സാഹനവും നൽകും. അടുത്ത 2 വർഷം കൊണ്ട് രണ്ടാമത്തെ പ്രധാന ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ഓരോ ജില്ലയിലും 5 സ്കൂളുകൾ ഒന്നാമത്തെ പ്രധാന ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്യുന്നതാണ്.

വിവിധ കോടതി വിധികളുടെ അടിസ്ഥാനത്തിൽ അൺ ഇക്കണോമിക് ആയ നാല് സ്കൂളുകളെ 27-7-2016-ൽ സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. പ്രസ്തുത സ്കൂളുകളെ സർക്കാരിലേക്ക് നിക്ഷിപ്തമാക്കുന്നതിനുള്ള നടപടി നീട്ടിവച്ചിട്ടില്ല.

(സി) നിലവിൽ കൂടുതൽ സ്കൂളുകളെ ഏറ്റെടുക്കുവാൻ സർക്കാർ പദ്ധതിയിട്ടിട്ടില്ല.

(ഡി) കോഴിക്കോട് മലാപ്പറമ്പ് എ.യു.പി. സ്കൂൾ സർക്കാർ ഏറ്റെടുത്തതിന് നൽകേണ്ട നഷ്ടപരിഹാര തുകയായ 5,85,86,710 രൂപ (അഞ്ചു കോടി എൺപത്തിയഞ്ച് ലക്ഷത്തി എൺപത്തിആറായിരത്തി എഴുന്നൂറ്റിപ്പത്ത് രൂപ മാത്രം) സ്കൂളിന്റെ മുൻ മാനേജരായ ശ്രീ. പി. കെ. പത്മരാജന് നൽകുന്നതിനുള്ള ഭരണാനുമതി 25-1-2017-ലെ സ.ഉ.(സാധാ) 181/17/പൊ.വി.വ. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതര സ്കൂളുകളുടെ നഷ്ടപരിഹാര തുക തിട്ടപ്പെടുത്തിവരുന്നു.

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞ പ്രവർത്തനങ്ങൾ

185 (1269) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ നടപ്പിലാക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത യജ്ഞത്തിന്റെ ഭാഗമായി സ്കൂൾ ക്ലാസ് മുറികൾ ഹൈടെക് ആക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ സർക്കാർ പണം നൽകുന്ന ആയിരം സ്കൂളുകളുടെ പേര് വിവരങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഇതിനായി മങ്കട നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട സർക്കാർ സ്കൂളിനെ തെരഞ്ഞെടുക്കാമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാർ നടപ്പിലാക്കുന്ന 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി ചുവടെ ചേർക്കുന്ന കർമ്മ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട് :

1. ആയിരം സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുക.
2. ഹൈസ്കൂൾ, ഹയർ സെക്കണ്ടറി തലത്തിൽ എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കി പഠന പ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകുക.
3. എൽ.പി., യു.പി. ക്ലാസ്സുകളിൽ പൊതുവിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കുന്നതിനായി അദ്ധ്യാപക രക്ഷാകർതൃ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ കാലോചിതമായ വികസനം ഉറപ്പാക്കുക.
4. 50 വർഷം, 100 വർഷം പൂർത്തിയാക്കിയ സ്കൂളുകൾക്ക് പ്രത്യേക പാക്കേജ് അടിസ്ഥാനത്തിൽ സഹായവും ഇംഗ്ലീഷ് ഭാഷാപഠനത്തിന് പ്രോത്സാഹനവും നൽകും. അടുത്ത 2 വർഷം കൊണ്ട് രണ്ടാമത്തെ പ്രധാന ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ഓരോ ജില്ലയിലും 5 സ്കൂളുകൾ ഒന്നാമത്തെ പ്രധാന ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്യുന്നതാണ്.

(ബി) ഉണ്ട്. പദ്ധതിയുടെ ഭാഗമായി സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 8 മുതൽ 12 വരെ ക്ലാസ്സുകൾ ഹൈടെക് ആക്കുന്ന പദ്ധതിയുടെ പൈലറ്റ് പ്രവർത്തനങ്ങൾ 4 മണ്ഡലങ്ങളിൽ നടന്നുവരികയാണ്. സ്കൂളുകൾക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ലഭ്യമാക്കുക, അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രത്യേകം പരിശീലനം, ഐ.സി.ടി. അധിഷ്ഠിത പഠന പ്രവർത്തനങ്ങൾ, ഐ.സി.ടി. അധിഷ്ഠിത ഉള്ളടക്കം, പ്രത്യേക ഐ.സി.ടി. പാഠപുസ്തകങ്ങൾ, ഐ.ടി.പരീക്ഷ എന്നീ പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമായി നടപ്പിലാക്കിവരുന്നു.

(സി&ഡി) പദ്ധതിയുടെ ഭാഗമായി അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തേണ്ട ആയിരം സ്കൂളുകളുടെ തെരഞ്ഞെടുപ്പ് അന്തിമഘട്ടത്തിലാണ്.

## ഭിന്നശേഷിക്കാരായ കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങൾ

186 (1270) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭിന്നശേഷിക്കാരായ കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങൾക്ക് എയ്ഡഡ് പദവി നൽകിയിട്ടുണ്ടോ, ഉണ്ടെങ്കിൽ എയ്ഡഡ് പദവി നൽകിയവയുടെ മാനേജ്മെന്റുകളുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) നൂറിൽ താഴെ കുട്ടികൾ ഉള്ള വിദ്യാലയങ്ങൾ ഇതിൽ ഉൾപ്പെടുന്നുണ്ടോ ;

(സി) നൂറിൽ താഴെ കുട്ടികളുള്ള സ്കൂളുകൾക്ക് ഗ്രാന്റ് വർദ്ധിപ്പിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എയ്ഡഡ് പദവി അനുവദിച്ചു നൽകിയിട്ടുണ്ട്. മാനേജ്മെന്റുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇല്ല.

(സി) മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പരിശീലിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് എല്ലാ വർഷവും സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽനിന്നും ധനസഹായം നൽകിവരുന്നുണ്ട്. പ്രസ്തുത തുക വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം ഇപ്പോൾ പരിഗണനയിലില്ല.

## പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്താൻ നടപടി

187 (1271) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) എല്ലാ സർക്കാർ ഹൈസ്കൂളുകളിലും ഹയർസെക്കണ്ടറി സ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ;

(സി) എല്ലാ സർക്കാർ സ്കൂളുകളിലും വൃത്തിയുള്ള ശുചിമുറികൾ ഉൾപ്പെടെ എല്ലാ സൗകര്യങ്ങളും സമയബന്ധിതമായി നടപ്പാക്കാൻ നടപടികൾ സ്വീകരിക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്താൻ സർക്കാർ വിഭാവനം ചെയ്തിട്ടുള്ള 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി ചുവടെ ചേർക്കുന്ന കർമ്മ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട് :

1. ആയിരം സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുക.

2. ഹൈസ്കൂൾ, ഹയർ സെക്കണ്ടറി തലത്തിൽ എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കി പഠന പ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകുക.

3. എൽ.പി., യു.പി. ക്ലാസ്സുകളിൽ പൊതുവിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കുന്നതിനായി അദ്ധ്യാപക രക്ഷാകർതൃ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ കാലോചിതമായ വികസനം ഉറപ്പാക്കുക.

4. 50 വർഷം, 100 വർഷം പൂർത്തിയാക്കിയ സ്കൂളുകൾക്ക് പ്രത്യേക പാക്കേജ് അടിസ്ഥാനത്തിൽ സഹായം നൽകും ഇംഗ്ലീഷ് ഭാഷാ പഠനത്തിന് പ്രോത്സാഹനവും നൽകും. അടുത്ത 2 വർഷം കൊണ്ട് രണ്ടാമത്തെ പ്രധാന ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ഓരോ ജില്ലയിലും 5 സ്കൂളുകൾ ഒന്നാമത്തെ പ്രധാന ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്യുന്നതാണ്.

(ബി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) ബജറ്റ് വിഹിതത്തിന്റെ ലഭ്യതയനുസരിച്ച് എല്ലാ സർക്കാർ സ്കൂളുകളിലും വൃത്തിയുള്ള ശുചിമുറികൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

**പൊതുവിദ്യാലയങ്ങളെ പൊതുസ്വീകാര്യമാക്കാനുള്ള നടപടികൾ**

188 (1272) ശ്രീ. മുല്ലക്കര രത്നാകരൻ :

ശ്രീമതി ഗീതാ ഗോപി :

ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസം സംരക്ഷിക്കുന്നതിന് ആവിഷ്കരിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണമിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(ബി) ആയിരം പൊതുവിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(സി) ഇംഗ്ലീഷ് ഭാഷാപഠനത്തിൽ പിന്നാക്കം നിൽക്കുന്നതുകൊണ്ടാണ് പൊതുവിദ്യാലയങ്ങളോട് ജനങ്ങൾക്ക് താല്പര്യക്കുറവ് എന്നത് കണക്കിലെടുത്ത് ഈ വിദ്യാലയങ്ങളിൽ ഇംഗ്ലീഷ് ഭാഷാപഠനത്തിനും പരിശീലനത്തിനും ഊന്നൽ നൽകുമോ;

(ഡി) ദരിദ്രകുടുംബങ്ങളിൽ നിന്നും സ്കൂളിലെത്തുന്ന കുരുന്നുകളുടെ മാനസിക ശാരീരിക പ്രത്യേകതകൾ കണക്കിലെടുത്ത് അവർക്കാവശ്യമായ വിദ്യാഭ്യാസം നൽകുന്നതിന് അദ്ധ്യാപകരെ പ്രാപ്തരാക്കുന്ന തരത്തിൽ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ രംഗത്തെ നിലവിലുള്ള കുറവുകൾ പരിഹരിക്കുന്നതിനു വേണ്ടി മതനിരപേക്ഷ ജനാധിപത്യ ജനകീയ സമീപനരീതി ഉൾക്കൊണ്ടുകൊണ്ട് പൊതുവിദ്യാഭ്യാസ രംഗം ആധുനികവൽക്കരിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയായ 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു :

- പൂർണ്ണമായും ശിശു കേന്ദ്രീകൃതമാക്കി അങ്കണവാടി, പ്രീ-പ്രൈമറി സ്കൂളുകളിലെ വിദ്യാർത്ഥി സമീപനരീതി (പഠനരീതി) ആധുനികമായി പരിഷ്കരിക്കുകയും അതിനനുസരിച്ച് അദ്ധ്യാപക പരിശീലനം സംഘടിപ്പിക്കുകയും അഞ്ചുവയസ്സുവരെ കുട്ടി ആർജ്ജിക്കേണ്ട കാര്യങ്ങൾ ആർജ്ജിച്ചു എന്ന് ഉറപ്പു വരുത്തുകയും ചെയ്യുക.
- 1 മുതൽ 12 വരെ ഓരോ ക്ലാസ്സിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും അന്താരാഷ്ട്ര നിലവാരമുള്ള ധാരണകളും കഴിവുകളും നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക.

(എ) പഠന വിഷയങ്ങളിലെ ആശയദൃഢത, കണക്ക്, സയൻസ്, ഐ.ടി. വിഷയങ്ങളിലെ കുട്ടിയുടെ ധാരണയും കഴിവും.

(ബി) പാഠ്യേതര വിഷയങ്ങളിലെ വൈവിദ്ധ്യവും ആർജ്ജവും

(സി) സാമൂഹ്യരംഗത്തെ ധാരണ, പരിസ്ഥിതി ജ്ഞാനം തുടങ്ങിയവ

(ഡി) ഭാഷാജ്ഞാനം, കമ്മ്യൂണിക്കേഷൻ സ്കിൽ ചുരുങ്ങിയത് 3 ഭാഷകളെങ്കിലും ഉപയോഗിക്കുവാൻ കഴിവ് ഉണ്ടാക്കുക.

(ഇ) കുട്ടികളിൽ ആരോഗ്യപരമായ അവസ്ഥ സൃഷ്ടിക്കുക.

- കുട്ടിയുടെ കഴിവ് കേവലം വിഷയ പഠനത്തിൽ ഒതുക്കാതെ സർഗ്ഗ പരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്നതരത്തിൽ യഥാർത്ഥ വിദ്യാഭ്യാസ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തുക.
- അന്താരാഷ്ട്ര പഠന നിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ വിദ്യാലയങ്ങളിൽ എത്തിക്കുക.
- ഉന്നത നിലവാരത്തിലെ അദ്ധ്യാപനം ഉറപ്പാക്കത്തക്കരീതിയിൽ അദ്ധ്യാപക പരിശീലനം ഉറപ്പുവരുത്തുക.
- പാഠ്യേതര പഠനം ഉയർത്തുന്നതിനാവശ്യമായ ഭൗതിക, മാനസിക, സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കുക.
- കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുന്നതിനും മാലിന്യനിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കുന്നതിനും ഉതകുക.
- മദ്യപാനം, മയക്കുമരുന്ന് ഉപയോഗം എന്നിവ പുതിയ തലമുറയിൽ നിന്ന് ഒഴിവാക്കാനാവുന്ന തരത്തിൽ ഇടപെടലുകൾ നടത്തുക വഴി സംസ്കാര സമ്പന്നമായ ഒരു പുതുതലമുറയെ വാർത്തെടുക്കുക.
- പ്ലാസ്റ്റിക് മുക്ത-കീടനാശിനി മുക്ത-ലഹരി മുക്ത ക്യാമ്പസുകൾ സൃഷ്ടിക്കുക.
- "ക്യാമ്പസ് തന്നെ പാഠപുസ്തകം" എന്ന ആശയത്തെ ജനകീയമായി വികസിപ്പിച്ചെടുക്കുകവഴി പ്രകൃതിക്കിണങ്ങിയ 10,000 മാതൃകാ തുരുത്തുകൾ കേരളത്തിൽ സൃഷ്ടിക്കുക.
- സ്കൂൾതലത്തിൽ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഇല്ലാത്ത അവസ്ഥ നേടുക.
- അനന്യമായൊരു ജനകീയ വിദ്യാഭ്യാസ മാതൃക കേരളത്തിൽ സൃഷ്ടിക്കുക.
- വിദ്യാഭ്യാസത്തിന്റെ സമസ്തതലങ്ങളിലും അന്താരാഷ്ട്ര മാതൃക വികസിപ്പിക്കുക.
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണനകൾ നൽകി മുഖ്യധാരയിലെത്തിക്കുക.
- വിദ്യാഭ്യാസത്തിന്റെ ജനാധിപത്യവൽക്കരണം അർത്ഥപൂർണ്ണമാക്കുക.

- വോട്ടവകാശം ലഭിക്കുമ്പോൾത്തന്നെ തൊഴിലെടുക്കാനുള്ള കഴിവ് വികസിപ്പിക്കുവാൻ ലക്ഷ്യമിട്ട് സ്കിൽ ഡെവലപ്മെന്റ് പരിപാടി സമഗ്രമാക്കുകവഴി കുട്ടികളെ സ്വയംപര്യാപ്തത കൈവരിക്കുവാൻ പ്രാപ്തരാക്കുക.
- സ്കൂൾ വായനശാലകളും ലബോറട്ടറികളും ആധുനികവൽക്കരിക്കുക വഴി കുട്ടികളുടെ പഠന നിലവാരം ഉയർത്തുക.
- സ്കൂൾ കുട്ടികൾക്ക് കൗൺസിലിംഗ് സൗകര്യങ്ങൾ ഉണ്ടാക്കുക.
- വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുവാൻ ജനകീയ സംവിധാനങ്ങൾ ഒരുക്കുക.

(ബി) ആയിരം പൊതുവിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സ്കൂളുകൾക്കാവശ്യമായ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ശിശു കേന്ദ്രീകൃതമായ അദ്ധ്യയനം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി കാലാനുസൃതമായ അദ്ധ്യാപന പരിശീലന പരിപാടികൾ കൂടി ഉൾപ്പെടുത്തി വിവരസാങ്കേതിക വിദ്യാധിഷ്ഠിതമായി പുതുക്കിയ പാഠ്യപദ്ധതി പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. കൂടാതെ കുട്ടികളുടെ നൈസർഗ്ഗികമായ അക്കാദമികേതര/ പാഠ്യേതര കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുള്ള സംവിധാനങ്ങളും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി ഇംഗ്ലീഷ് ഭാഷാപഠനത്തിന് പ്രോത്സാഹനം നൽകുന്നതിന് ഉതകുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നു.

**ടീച്ചർമാർക്കും ആയമാർക്കും സാമ്പത്തികാനുകൂല്യം**

189 (1273) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് വിദ്യാലയങ്ങളിൽ പി.ടി.എ. നടത്തുന്ന പ്രീ-പ്രൈമറി സ്ഥാപനങ്ങളിൽ ടീച്ചർമാർക്കും ആയമാർക്കും സർക്കാർ സ്ഥാപനങ്ങളിലുള്ളതുപോലെ സാമ്പത്തികാനുകൂല്യം നൽകുവാൻ തയ്യാറാകുമോ;

(ബി) ആകെ എത്ര എയ്ഡഡ് വിദ്യാലയങ്ങളിൽ പ്രീ-പ്രൈമറി സംവിധാനം നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) 6-2-1988-ലെ സ.ഉ.(സാ) 465/88/പൊ.വി.വ. പ്രകാരം സർക്കാർ സ്കൂളുകളിലെ പി.റ്റി.എ.കൾക്ക് മാത്രമാണ് പ്രീ-പ്രൈമറി ആരംഭിക്കുവാൻ സർക്കാർ അനുമതി നൽകിയത്.

**പൊതുവിദ്യാലയളിലെ ക്ലാസ്തല ഹാജർബുക്ക്**

190 (1274) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിലെ ക്ലാസ്സ്തല ഹാജർ ബുക്കിൽ എസ്.സി. /എസ്.ടി. വിഭാഗം വിദ്യാർത്ഥികളുടെ പേരിനു നേരെ എല്ലാ മാസവും ചുവന്ന മഷി വച്ച മാർക്ക് ചെയ്യുന്നത് വിദ്യാർത്ഥികളെ മാനസികമായി തളർത്തുന്നു എന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരാതി പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ?

ഉത്തരം

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ ക്ലാസ്സ് തല ഹാജർബുക്കിൽ പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പേരിനു നേരെ ചുവന്ന മഷി ഉപയോഗിച്ച് മാർക്ക് ചെയ്യുന്നത് വിദ്യാർത്ഥികളെ മാനസികമായി തളർത്തുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്രകാരം ചെയ്യരുതെന്ന് കർശനനിർദ്ദേശം നൽകിക്കൊണ്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കുലർ പുറപ്പെടുവിക്കുന്നതാണ്.

**അപകടാവസ്ഥയിലുള്ളതും പഴക്കം ചെന്നതുമായ സ്കൂൾ കെട്ടിടങ്ങൾ**

191 (1275) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അപകടാവസ്ഥയിലുള്ളതും പഴക്കം ചെന്നതുമായ സ്കൂൾ കെട്ടിടങ്ങളിൽ ഇപ്പോഴും പഠനം നടത്തുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരിൽനിന്നും റിപ്പോർട്ട് തേടിയിട്ടുണ്ടോ;

(സി) എങ്കിൽ ഇതിനുവേണ്ടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന പരിഹാര നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല. അപകടാവസ്ഥയിലുള്ളതും പഴക്കം ചെന്നതുമായ കെട്ടിടങ്ങളിൽ നിലവിൽ പഠനം നടത്തുന്നില്ല.

(ബി) അതാത് വർഷം സ്കൂൾ തുറക്കുന്നതിന് മുമ്പ് പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശം നൽകിവരുന്നു.

(സി) സ്കൂളിലെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിനും സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമായി എസ്.എസ്.എ, ആർ.എം.എസ്.എ., തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, എം.എൽ.എ., എം.പി. എന്നിവരുടെ ഫണ്ടുകൾ ഉപയോഗിച്ചുവരുന്നു.

**പൊതുവിദ്യാലയങ്ങളുടെ ഉന്നമനം**

192 (1276) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളുടെ ഉന്നമനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എന്തൊക്കെ പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളത്; പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളുടെ ഉന്നമനത്തിനായി ഈ സർക്കാർ വിഭാവനം ചെയ്തിട്ടുള്ള 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി ചുവടെ ചേർക്കുന്ന കർമ്മ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട് :

1. ആയിരം സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക.
2. ഹൈസ്കൂൾ, ഹയർ സെക്കണ്ടറി തലത്തിൽ എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കി പഠന പ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകുക.
3. എൽ.പി., യു.പി., ക്ലാസ്സുകളിൽ പൊതുവിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കുന്നതിനായി അദ്ധ്യാപക രക്ഷാകർതൃ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ കാലോചിതമായ വികസനം ഉറപ്പാക്കുക.
4. 50 വർഷം, 100 വർഷം പൂർത്തിയാക്കിയ സ്കൂളുകൾക്ക് പ്രത്യേക പാക്കേജ് അടിസ്ഥാനത്തിൽ സഹായം നൽകും. ഇംഗ്ലീഷ് ഭാഷാപഠനത്തിന് പ്രോത്സാഹനം നൽകും. അടുത്ത രണ്ടുവർഷംകൊണ്ട് രണ്ടാമത്തെ പ്രധാന ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ഓരോ ജില്ലയിലും അഞ്ച് സ്കൂളുകൾ ഒന്നാമത്തെ പ്രധാന ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്യുന്നതാണ്.

### വിദ്യാർത്ഥികൾക്ക് പ്രത്യേക ചികിത്സാ ധനസഹായ പദ്ധതി

193 (1277) ശ്രീ. കെ. ബി.ഗണേഷ് കുമാർ :
ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിലും കോളേജുകളിലും കൂടാതെ പ്രൊഫഷണൽ വിദ്യാഭ്യാസസ്ഥാപനങ്ങളിലും പഠിക്കുന്ന കുട്ടികൾക്ക് കാൻസർ പോലെയുള്ള മാരക രോഗങ്ങൾ ബാധിക്കുന്ന സാഹചര്യത്തിലോ കരൾ, വൃക്ക തുടങ്ങിയവ മാറ്റിവയ്ക്കേണ്ടിവരുന്ന സാഹചര്യത്തിലോ ചികിത്സാധനസഹായം നൽകുന്നതിനായി സർക്കാർ തലത്തിൽ പ്രത്യേക പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നല്കുമോ;

(ബി) ഇത്തരം പദ്ധതികൾ നിലവിലില്ലെങ്കിൽ ആയത് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശ്യമുണ്ടോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന്റെ ആവശ്യകതയെപ്പറ്റി സർക്കാർ തലത്തിൽ പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ മാനുഷിക പരിഗണനയോടെ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രത്യേക പദ്ധതികൾ നിലവിലില്ല. സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള സൗജന്യ അപകട ഇൻഷ്വറൻസ് പദ്ധതി മാത്രമേ നിലവിലുള്ളൂ.

(ബി&സി) നിലവിൽ പരിഗണനയിലില്ല.

### വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകളും ആനുകൂല്യങ്ങളും

194 (1278) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വകുപ്പിൽ നിന്നും നൽകുന്ന സ്കോളർഷിപ്പുകളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഏതെല്ലാം ഏജൻസികളാണ് ഈ സ്കോളർഷിപ്പ് ലഭ്യമാക്കുന്നത്;

(സി) 2015-16, 2016-17 വർഷങ്ങളിൽ സ്കോളർഷിപ്പിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(ഡി) സ്കോളർഷിപ്പ് കൂടാതെ വിദ്യാർത്ഥികൾക്ക് എന്തെല്ലാം പഠന സഹായങ്ങളും ആനുകൂല്യങ്ങളുമാണ് ലഭ്യമാകുന്നത്; വിശദ വിവരം നൽകുമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽനിന്നും ലഭ്യമാകുന്ന സ്കോളർഷിപ്പുകൾ ചുവടെ ചേർക്കുന്നു :

1. എൽ.എസ്.എസ്./യു.എസ്.എസ്. സ്കോളർഷിപ്പ്
2. സംസ്കൃത സ്കോളർഷിപ്പ്
3. നാഷണൽ സ്കോളർഷിപ്പ്
4. മുസ്ലീം/നാടാർ/ആംഗ്ലോ ഇന്ത്യൻ/മറ്റ് പിന്നോക്ക-മുന്നോക്ക വിഭാഗ ങ്ങളിലെ പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ്
5. സൈനിക സ്കൂൾ സ്കോളർഷിപ്പ്
6. ഭിന്നശേഷിയുള്ള കുട്ടികൾക്ക് നൽകുന്ന സ്കോളർഷിപ്പ്
7. ന്യൂനപക്ഷ മതവിഭാഗങ്ങളിൽപ്പെട്ട കുട്ടികൾക്കായുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് (കേന്ദ്രാവിഷ്കൃതം)
8. നാഷണൽ മീൻസ് കം മെരിറ്റ് സ്കോളർഷിപ്പ് (കേന്ദ്രാവിഷ്കൃതം)
9. സവിശേഷ സഹായം ആവശ്യമായ കുട്ടികൾക്കുള്ള ധനസഹായം (കേന്ദ്രാവിഷ്കൃതം)
10. ഇൻസെന്റീവ് ടു ഗേൾസ് (എസ്‌സി/എസ്‌ടി പെൺകുട്ടികൾക്ക് മാത്രം) (കേന്ദ്രാവിഷ്കൃതം).

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകളാണ് ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നത്. പൊതു വിദ്യാഭ്യാസ വകുപ്പിനെ കൂടാതെ, സാമൂഹ്യനീതി വകുപ്പ്, പട്ടികജാതി വികസന വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, ഫിഷറീസ് വകുപ്പ്, പിന്നോക്ക സമുദായ ക്ഷേമ വകുപ്പ് എന്നിവയും വിവിധ ക്ഷേമനിധി ബോർഡുകളും നിബന്ധനകൾക്ക് വിധേയമായി വിവിധ ക്ലാസ്സുകളിലെ കുട്ടികൾക്ക് സ്കോളർഷിപ്പ്/ഗ്രാന്റുകൾ/പഠന സഹായം നൽകിവരുന്നു.

(സി) 2015-16, 2016-17 വർഷങ്ങളിൽ സ്കോളർഷിപ്പിനായി ചുവടെപ്പറയുന്ന നിരക്കിൽ തുകകൾ വകയിരുത്തിയിട്ടുണ്ട്/ചെലവഴിച്ചിട്ടുണ്ട് :

1. നാഷണൽ സ്കോളർഷിപ്പ് 20,00,000 (ഇരുപത് ലക്ഷം)
2. സൈനിക സ്കൂൾ സ്കോളർഷിപ്പ്-1,25,00,000 (ഒരു കോടി ഇരുപത്തി അഞ്ച് ലക്ഷം)

3. എൽ.എസ്.എസ്./യു.എസ്.എസ്. സ്കോളർഷിപ്പ്, മുസ്ലീം/നാടാർ/ ആംഗ്ലോ ഇന്ത്യൻ/മറ്റ് പിന്നോക്ക-മുന്നോക്ക വിഭാഗങ്ങളിലെ പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ്-7,44,92,000 (ഏഴ് കോടി നാൽപത്തിനാല് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരം)

4. നാഷണൽ സ്കോളർഷിപ്പ് - 53,41,500 (അൻപത്തിമൂന്ന് ലക്ഷത്തി നാൽപത്തിയൊന്നായിരത്തി അഞ്ഞൂറ്)

കേന്ദ്രാവിഷ്കൃത (100%) പദ്ധതികൾ വഴി വിതരണം ചെയ്യുന്ന സ്കോളർഷിപ്പ് തുകകൾ ഡയറക്ട് ബെനിഫിറ്റ് ട്രാൻസാക്ഷൻ (ഡി.ബി.റ്റി.) വഴി കുട്ടികൾക്ക് നേരിട്ട് ബാങ്ക് അക്കൗണ്ടിൽ ലഭ്യമാക്കുന്നു.

(ഡി) 1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും സൗജന്യ യൂണിഫോം, പാഠപുസ്തകങ്ങൾ, ഉച്ച ഭക്ഷണം എന്നിവ നൽകി വരുന്നു. കൂടാതെ ഭിന്നശേഷിയുള്ളവരും/മാനസിക വെല്ലുവിളികൾ നേരിടുന്നവരുമായ കുട്ടികൾക്ക് പ്രത്യേക സാമ്പത്തിക സഹായങ്ങളും പൊതു വിദ്യാഭ്യാസ വകുപ്പ് വഴി നൽകിവരുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ വകുപ്പുകൾ നൽകുന്ന ഫണ്ടുകളാണ് 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ സ്കോളർഷിപ്പ്/ഗ്രാന്റ് ആയി പൊതു വിദ്യാഭ്യാസ വകുപ്പുവഴി വിതരണം ചെയ്യുന്നത്. കൂടാതെ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള വിവിധ ക്ഷേമനിധി ബോർഡുകൾ നിബന്ധനകൾക്ക് വിധേയമായി സ്കോളർഷിപ്പുകൾ/ഗ്രാന്റുകൾ/പഠന ഉപകരണങ്ങൾ എന്നിവ നൽകാറുണ്ട്.

## ലാ അക്കാഡമിയുടെ മുൻ പ്രിൻസിപ്പലിന്റെ പ്രവൃത്തികളെക്കുറിച്ച് അന്വേഷണം

195 (1279) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലാ അക്കാഡമിയുടെ മുൻപ്രിൻസിപ്പലിനെതിരെ ഉയർന്ന ആരോപണ ങ്ങളെക്കുറിച്ച് അന്വേഷണം നടത്തിയോയെന്ന് വ്യക്തമാക്കാമോ;

(ബി) മുൻപ്രിൻസിപ്പൽ ജാതിവിവേചനം കാണിച്ചുവെന്നും കുട്ടികളെക്കൊണ്ട് സ്വകാര്യസ്ഥാപനത്തിൽ ജോലി ചെയ്യിച്ചുവെന്നുമുള്ള ആരോപണങ്ങളെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) മുൻപ്രിൻസിപ്പലിനെതിരെയുള്ള ആരോപണങ്ങൾ ക്രിമിനൽ സ്വഭാവ മുള്ളതാണെന്ന ഭരണപരിഷ്കാര കമ്മീഷൻ അദ്ധ്യക്ഷന്റെ പരാമർശം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തുനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കേരള സർവ്വകലാശാല സിൻഡിക്കേറ്റ് ഉപസമിതി അന്വേഷണം നടത്തിയിട്ടുണ്ട്.

(സി) മുൻ പ്രിൻസിപ്പിലിനെതിരെയുള്ള ആരോപണങ്ങൾ സംബന്ധിച്ച് ഭരണപരിഷ്കാര കമ്മീഷൻ അദ്ധ്യക്ഷൻ പരാതിയൊന്നും തന്നെ നൽകിയിട്ടില്ല.

**യു.ജി.സി. ഓപ്റ്റ് ചെയ്ത അസിസ്റ്റന്റ് ലൈബ്രേറിയൻമാർ**

196 (1280) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർവ്വകലാശാലയിലെ യു.ജി.സി. ഓപ്റ്റു ചെയ്ത അസിസ്റ്റന്റ് ലൈബ്രേറിയൻമാർക്ക് 2006-നുശേഷം ഉദ്യോഗക്കയറ്റം ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെടുത്തി സർക്കാരിന് നൽകിയ നിവേദനങ്ങളിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സേവന-വേതന വ്യവസ്ഥകളിലും പെൻഷൻ ആനുകൂല്യങ്ങളിലും വലിയ നഷ്ടം നേരിട്ടുകൊണ്ട് വിരമിക്കുവാൻ വിധിക്കപ്പെട്ട യു.ജി.സി. ഓപ്റ്റു ചെയ്ത ലൈബ്രേറിയൻമാരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കേരള സർവ്വകലാശാലയിലെ യു.ജി.സി. ഓപ്റ്റ് ചെയ്ത അസിസ്റ്റന്റ് ലൈബ്രേറിയൻമാരുടെ ഉദ്യോഗക്കയറ്റം സംബന്ധിച്ച വിഷയം സർവ്വകലാശാല പരിഗണിക്കുകയും യു.ജി.സി.യിൽനിന്നും സ്പഷ്ടീകരണം തേടാൻ തീരുമാനിക്കുകയുമുണ്ടായി. സ്പഷ്ടീകരണം ലഭിച്ചതിനുശേഷം മാത്രമേ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുവാൻ കഴിയൂ.

**യു.ജി.സി. അനുസരിച്ചുള്ള ശമ്പള പരിഷ്കരണം**

197 (1281) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കോളേജ് അദ്ധ്യാപകർക്ക് യു.ജി.സി. എന്നാണ് നടപ്പിലാക്കിയത്;

(ബി) യു.ജി.സി. അനുസരിച്ചുള്ള ശമ്പള പരിഷ്കരണം സംസ്ഥാനത്ത് എന്നാണ് നടപ്പിലാക്കിയത്;

(സി) ശമ്പള കുടിശ്ശികയിനത്തിൽ അദ്ധ്യാപകർക്ക് ഇനി എത്ര തുക നൽകുവാനുണ്ട്; എന്നത്തേയ്ക്ക് നൽകും; വിശദമായ വിവരം ലഭ്യമാക്കുമോ;

(ഡി) ധനകാര്യ വകുപ്പിന്റെ എന്തെങ്കിലും നിർദ്ദേശം ഇക്കാര്യത്തിലുണ്ടോ; വിശദമായ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) 1-1-1986 മുതൽക്ക് കാലാകാലങ്ങളിലുള്ള യു.ജി.സി. സ്കീമുകളും ശമ്പള പരിഷ്കരണങ്ങളും സംസ്ഥാനത്ത് നടപ്പിലാക്കുവാൻ സർക്കാൻ അനുമതി നൽകിയിട്ടുണ്ട്.

(സി&ഡി) ഇപ്പോൾ പ്രാബല്യത്തിലുള്ള 6-ാം യു.ജി.സി. സ്കീമിന്റെ ശമ്പള കുടിശ്ശികയിനത്തിലുള്ള മുഴുവൻ തുകയും റിലീസ് ചെയ്തുകൊണ്ട് ചുവടെ ചേർക്കുന്ന സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട് :

1. ജി.ഒ. (പി) നമ്പർ 49/2013/ഉ.വി.വ. തീയതി 22-2-2013
2. ജി.ഒ. (എം.എസ്) നമ്പർ 172/2014/ഉ.വി.വ. തീയതി 29-4-2014
3. ജി.ഒ. (പി) നമ്പർ 225/2015/ഉ.വി.വ. തീയതി 1-6-2015
4. ജി.ഒ. (പി) നമ്പർ 22/2016/ഉ.വി.വ. തീയതി 3-12-2016
5. ജി.ഒ. (പി) നമ്പർ 23/2016/ഉ.വി.വ. തീയതി 15-12-2016
6. ജി.ഒ. (പി) നമ്പർ 25/2016/ഉ.വി.വ. തീയതി 21-12-2016
7. ജി.ഒ. (പി) നമ്പർ 26/2016/ഉ.വി.വ. തീയതി 21-12-2016

യൂണിവേഴ്സിറ്റികൾക്ക് 2, 3, 4 instalment കുടിശ്ശിക നൽകുന്നതിനായി അതത് യൂണിവേഴ്സിറ്റികൾക്കുള്ള വിഹിതം യൂണിവേഴ്സിറ്റികളുടെ Head of Account-കളിലേക്ക് മാറ്റിക്കൊണ്ട് ഉത്തരവിറക്കേണ്ടതുണ്ട്. ആയത് ഇപ്പോൾ ധനകാര്യവകുപ്പിന്റെ പരിഗണനയിലാണ്.

## യു.ജി.സി. സ്കീം ഓപ്റ്റ് ചെയ്ത ലൈബ്രേറിയൻ വിഭാഗം ജീവനക്കാർ

198 (1282) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർവ്വകലാശാലയിൽ യു.ജി.സി. സ്കീം ഓപ്റ്റു ചെയ്ത ലൈബ്രേറിയൻ വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് തിരികെ സ്റ്റേറ്റ് സ്കീമിലേക്കു പോകുവാൻ അനുവാദം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇത്തരത്തിൽ അനുവാദം നൽകുന്നതിന് സാങ്കേതികമായ തടസ്സം എന്തെങ്കിലുമുണ്ടോ ; എങ്കിൽ പ്രസ്തുത തടസ്സം എന്താണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) കേരള സർവ്വകലാശാലയിൽ യു.ജി.സി. സ്കീം ഓപ്റ്റ് ചെയ്ത ലൈബ്രറി വിഭാഗം ജീവനക്കാർക്ക് തിരിച്ച് സ്റ്റേറ്റ് സ്കീമിലേയ്ക്ക് പോകുന്നത് സംബന്ധിച്ച് വ്യവസ്ഥകൾ നിലവിലില്ലാത്തതിനാൽ ഓപ്ഷൻ മാറ്റി നൽകുവാൻ കഴിയുകയില്ല.

## കേരള ലാ അക്കാഡമി ലാ കോളേജിലെ വിദ്യാർത്ഥികളുടെ പ്രശ്നം പരിഹരിക്കുന്നതിനുണ്ടായ കാലതാമസം

199 (1283) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ലാ അക്കാഡമി ലോ കോളേജിൽ നീതിക്കും നിയമത്തിനും നിരക്കാത്ത കാര്യങ്ങൾ സംഭവിച്ചുവെന്ന വിദ്യാർത്ഥികളുടെ പരാതിയിന്മേൽ സർക്കാർ ഇടപെടാൻ വൈകിയത് രാഷ്ട്രീയ താല്പര്യം കൊണ്ടാണെന്ന ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം പരാതികളിൽ സമയബന്ധിതമായി ഇടപെടുന്നതിന് സർക്കാർ സംവിധാനം ഒരുക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ വിഷയത്തിൽ സർക്കാർ യഥാസമയം ഇടപെടുകയും നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. മറിച്ചുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസക്തമല്ല.

## ബിരുദ സർട്ടിഫിക്കറ്റ് ലഭിക്കുവാൻ കാലതാമസം

200 (1284) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ യൂണിവേഴ്സിറ്റിയിൽനിന്നും ബിരുദം നേടുന്നവർക്ക് ബിരുദ സർട്ടിഫിക്കറ്റ് ലഭിക്കുവാൻ വളരെയധികം കാലതാമസം ഉണ്ടാകുന്നെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാലവിളംബം കൂടാതെ ഡിഗ്രി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കമ്പ്യൂട്ടർവൽക്കരണ നടപടികളിലൂടെയും ഫാസ്റ്റ് ട്രാക്ക് സംവിധാനം ഏർപ്പെടുത്തിയും ഒറിജിനൽ സർട്ടിഫിക്കറ്റ് വിതരണം വേഗത്തിലാക്കുവാൻ കണ്ണൂർ സർവ്വകലാശാലയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ലക്ചറർ നിയമനം

201 (1285) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാറ്റഗറി നമ്പർ 212/2008 പ്രകാരം നിലവിൽ വന്ന 33/2014/ss /Vl തീയതി 22-1-2014 റാങ്ക് ലിസ്റ്റ് പ്രകാരം ഇതുവരെ എത്രപേരെ ഫിസിക്കൽ എഡ്യൂക്കേഷൻ ലക്ചറർ ആയി നിയമിച്ചു; വിശദാംശം ലഭ്യമാക്കുമോ ;

(ബി) നിലവിൽ എത്ര ഒഴിവുകൾ ബൈ ട്രാൻസ്ഫർ-ന് വേണ്ടി നീക്കിവച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) 1-3-2017 മുതൽ 31-5-2017 വരെ ഫിസിക്കൽ എഡ്യൂക്കേഷൻ ലക്ചററുടെ എത്ര റിട്ടയർമെന്റ് ഒഴിവുകൾ പ്രതീക്ഷിക്കുന്നു; വ്യക്തമാക്കുമോ?

ഉത്തരം

(എ) 22-1-2014 മുതൽ 33 പേർക്ക് ഫിസിക്കൽ എഡ്യൂക്കേഷൻ ലക്ചറർ ആയി നിയമനം നൽകിയിട്ടുണ്ട്.

(ബി) നിലവിൽ ഒഴിവുകൾ ഒന്നും നീക്കിവച്ചിട്ടില്ല.

(സി) 1-3-2017 മുതൽ 31-5-2017 വരെ നാല് ഒഴിവുകൾ.

## കോളേജ് വിദ്യാഭ്യാസം കാര്യക്ഷമമാക്കുവാൻ നടപടി

202 (1286) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോളേജ് വിദ്യാഭ്യാസം കാര്യക്ഷമമാക്കുവാൻ ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) പ്രൊഫഷണൽ കോളേജുകളിൽ കൂടുതൽ തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടിയുണ്ടാകുമോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) കാലിക്കറ്റ് സർവ്വകലാശാലയിൽ പുതിയ കോളേജുകൾക്കും കോഴ്സുകൾക്കും അംഗീകാരം നൽകുന്നതുമായി ബന്ധപ്പെട്ട് കാലിക്കറ്റ് സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിലെ വ്യവസ്ഥകൾ യു.ജി.സി. റെഗുലേഷന്റെ വെളിച്ചത്തിൽ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും സർവ്വകലാശാല ഇക്കാര്യം പഠിക്കുന്നതിനായി സിൻഡിക്കേറ്റ് ഉന്നതതല സമിതിയെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. സ്വാശ്രയ കോളേജുകളിലെ പ്രിൻസിപ്പൽ/അദ്ധ്യാപക നിയമനങ്ങൾക്ക് മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും സർവ്വകലാശാലയുടെ മുൻകൂർ അനുമതി നിർബന്ധമാക്കുന്നതിനും ഫീസ് നിരക്ക് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ സർവ്വകലാശാലയുടെ മേൽനോട്ടം ഉറപ്പുവരുത്തുന്നതിന് ഒരു സ്ഥിരം സംവിധാനമുണ്ടാക്കുന്നതിനുമുള്ള നിർദ്ദേശവും സിൻഡിക്കേറ്റ് സമിതി പരിഗണിച്ചുവരുന്നു. സർവ്വകലാശാല നിയമനങ്ങൾ (മൂന്നാം ഭേദഗതി) 2014-ന്റെ വെളിച്ചത്തിൽ കാലിക്കറ്റ് സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണ കോളേജുകൾക്ക് ബാധകമായ ബൈലോ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ബൈലോയുടെ കരട് സിൻഡിക്കേറ്റ് പരിഗണിക്കുകയും വിശദ പരിശോധനയ്ക്കായി സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വിവിധ കോഴ്സുകളുടെ പാഠ്യപദ്ധതിയിൽ കാലാനുസൃതമായി മാറ്റം വരുത്തുന്നതിനും യു.ജി.സി.-യുടെയും മറ്റ് അപ്പെക്സ് സമിതികളുടെയും നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനും സർവ്വകലാശാല നടപടികൾ സ്വീകരിച്ചുവരുന്നു. മലയാള സർവ്വകലാശാലയിൽ വിദ്യാഭ്യാസ കലണ്ടർ പാലിച്ച് അദ്ധ്യയനം നടത്തുകയും വിദ്യാർത്ഥികൾക്ക് അക്കാദമിക വിഷയങ്ങളിൽ പ്രഗത്ഭരായ പണ്ഡിതരെ ക്ഷണിച്ചു വരുത്തി സെമിനാറുകൾ, പ്രഭാഷണങ്ങൾ തുടങ്ങിയവ കലണ്ടർ അനുസരിച്ച് സംഘടിപ്പിക്കുകയും, കൃത്യമായ തീയതികളിൽ പരീക്ഷകൾ നടത്തി ഫലം പ്രഖ്യാപിച്ച് എത്രയും പെട്ടെന്നുതന്നെ ബിരുദാനന്തരബിരുദ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ക്ഷേമപ്രവർത്തനങ്ങൾക്കായി വേണ്ടത്ര പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുകയും ചെയ്യുന്നു. കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാലയിൽ

ഉന്നത വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി നിർദ്ദേശങ്ങൾ നൽകിയിരുന്നു. ഓരോ കോളേജും ദ്വിവത്സര പ്രവർത്തന പദ്ധതി സർക്കാരിന് സമർപ്പിക്കുന്നതിനും ഇതിനായി അർദ്ധവാർഷിക അവലോകനം നടത്തുന്നതിനും എഞ്ചിനീയറിംഗ് കോളേജിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ രണ്ട് ഫിൽറ്ററുകൾ ഏർപ്പെടുത്തുന്നതിനും പരീക്ഷ നടത്തി 45 ദിവസത്തിനുള്ളിൽ റിസൾട്ട് പബ്ലിഷ് ചെയ്യുന്നതിനും യൂണിവേഴ്സിറ്റി പരീക്ഷകൾ Videograph ചെയ്യുന്നതിനും invigilators-നെ ഒരു കോമൺ പൂളിൽനിന്നും എടുക്കുന്നതിനും Sessional Minimum നിർബന്ധമാക്കുന്നതിനും ഫാക്കൽറ്റി ട്രെയിനിംഗ് നിർബന്ധമാക്കുന്നതിനും External Examiners-ന്റെ സേവനം തേടുന്നതിനും ഫാക്കൽറ്റി തെരഞ്ഞെടുപ്പിൽ GATE Score കണക്കാക്കുന്നതിനും എക്സാമിനേഷൻ കലണ്ടർ എകീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല നിലവിൽ വന്നതോടെ മുഴുവൻ കോഴ്സുകളുടെയും സിലബസ് ഏകീകരിക്കുകയും തൊഴിൽ ക്ഷമതയുള്ള യുവസമൂഹത്തെ സൃഷ്ടിക്കുന്നതിനുതകുന്നവിധം പാഠ്യപദ്ധതി ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രാക്ടിക്കലുകൾക്ക് കൂടുതൽ പ്രാധാന്യം നൽകുകയും ഇന്റേൺഷിപ്പ് പഠനത്തോടൊപ്പം നൽകുകയും ചെയ്തത് വിദ്യാർത്ഥികളിൽ പുതിയ ഉണർവ് സൃഷ്ടിച്ചിട്ടുണ്ട്. കേരളത്തിലെ 52 സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ ഏറ്റവും മികച്ച അടിസ്ഥാന സൗകര്യങ്ങൾ രണ്ടുവർഷം കൊണ്ട് സൃഷ്ടിക്കുന്നതിനായി പ്രത്യേക നിക്ഷേപ പദ്ധതിയിൽനിന്ന് 500 കോടി രൂപ അനുവദിക്കുന്നുവെന്നും തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, എറണാകുളം മഹാരാജാസ് കോളേജ്, പാലക്കാട് ഗവൺമെന്റ് വിക്ടോറിയ കോളേജ്, തലശ്ശേരി ഗവൺമെന്റ് ബ്രണ്ണൻ കോളേജ് എന്നീ കോളേജുകളെ ഡിജിറ്റൽ കോളേജുകളായും മികവിന്റെ കേന്ദ്രങ്ങളായും ഉയർത്തുന്നതിന് 150 കോടി രൂപ അനുവദിക്കുന്നുവെന്നുമുള്ള 2016-17 ബഡ്ജറ്റ് പ്രഖ്യാപനത്തെ തുടർന്ന് ഡി.പി.ആർ. (ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട്) തയ്യാറാക്കുന്ന ജോലികൾ പുരോഗമിക്കുന്നു. സ്വാശ്രയ കോളേജുകളിലെ വിദ്യാഭ്യാസ നിലവാരത്തെക്കുറിച്ചും മറ്റും പഠിക്കുന്നതിനായി ഒരു മൂന്നംഗ കമ്മീഷനെ സർക്കാർ ജി.ഒ. (എംഎസ്) നമ്പർ 37/2017/ഉ.വി.വ. തീയതി 4-2-2017 പ്രകാരം നിയമിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) എഞ്ചിനീയറിംഗ്, മെഡിക്കൽ, പാരാമെഡിക്കൽ മേഖലകളിലെ പ്രൊഫഷണൽ കോളേജുകൾ ഇപ്പോൾ സാങ്കേതിക സർവ്വകലാശാലയുടെയും ആരോഗ്യ സർവ്വകലാശാലയുടെയും കീഴിലാണ്. കോളേജുകളിൽനിന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സർക്കാർ അനുമതിയോടെ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് കാലിക്കറ്റ് സർവ്വകലാശാല നടപടികൾ സ്വീകരിക്കും. കുസാറ്റിൽ വിവിധയിനം തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തുന്നുണ്ട്. സംരംഭകരുടെ വികസനത്തിനായി

Centre for Innovation Technology Transfer and Industrial Collaboration (CITTIC) പ്രവർത്തിക്കുന്നുണ്ട്. നുവാൽസിലെ ബി.എ, എൽ.എൽ.ബി (ഓണേഴ്സ്) ഡിഗ്രി കോഴ്സുകൾ തൊഴിലധിഷ്ഠിതമാണ്. എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാലയിൽ തൊഴിൽക്ഷമതയുള്ള യുവസമൂഹത്തെ സൃഷ്ടിക്കുന്നതിനുതകുന്നവിധം പാഠ്യപദ്ധതി ക്രമീകരിച്ചിട്ടുണ്ട്. കൂടാതെ പ്രാക്ടിക്കലുകൾക്ക് കൂടുതൽ പ്രാധാന്യം നൽകുകയും ഇന്റേൺഷിപ്പ് പഠനത്തോടൊപ്പം നൽകുകയും ചെയ്തത് വിദ്യാർത്ഥികളിൽ പുതിയ ഉണർവ് സൃഷ്ടിക്കുവാനും തൊഴിൽ നൈപുണ്യമുള്ളവരെ സൃഷ്ടിച്ചെടുക്കുവാനും ഉപകരിക്കും.

## എയ്ഡഡ്/സ്വാശ്രയ മേഖലയിലെ നിലവാരത്തകർച്ച

203 (1287) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ്/സ്വാശ്രയ മേഖലയിൽ അഴിമതി, കച്ചവടം, അക്രമം, കോളേജുകളിൽ ഇടിമുറികൾ സ്ഥാപിക്കൽ, കുട്ടികളെ പരീക്ഷയിൽ ഇന്റേണൽ മാർക്കു വഴിയും അല്ലാതെയും തോൽപ്പിച്ച് ഭാവി ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ എന്നിവ ഉണ്ടാകുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എയ്ഡഡ്/സ്വാശ്രയ മേഖലയിലെ സ്ഥാപനങ്ങളിൽ പലതിലും പഠന നിലവാര തകർച്ചയും മോശമായ റിസൾട്ടും ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത മേഖലകളിലെ കഴിഞ്ഞ അഞ്ച് വർഷത്തെ റിസൾട്ടുകളിൽ മുപ്പത് ശതമാനമെങ്കിലും വിജയം ലഭിക്കാത്ത കോളേജുകൾ ഏതെല്ലാമെന്നു വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസമേഖലയിലെ എയ്ഡഡ്/സ്വാശ്രയ കോളേജുകൾ സർക്കാർ നിയന്ത്രണത്തിൽ കൊണ്ടുവരുവാനും പഠനവും റിസൾട്ടും മെച്ചപ്പെട്ടതാക്കാനും, നിയമനിർമ്മാണം ഉൾപ്പെടെ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഇത്തരം ആക്ഷേപങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്വാശ്രയ മേഖലയിലെ ചില സ്ഥാപനങ്ങളിൽ മോശമായ റിസൾട്ട് ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2015-16 അദ്ധ്യായനവർഷം മുതലാണ് സാങ്കേതിക സർവ്വകലാശാലയുടെ പ്രവർത്തനം ആരംഭിച്ചതും സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ സാങ്കേതിക സർവ്വകലാശാലയുടെ കീഴിൽ കൊണ്ടു വന്നതും. നിലവിൽ സാങ്കേതിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന 30 ശതമാനത്തിൽ താഴെ വിജയമുള്ള കോളേജുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഉന്നത വിദ്യാഭ്യാസ മേഖലയിലെ സ്ഥാപനങ്ങളെ സർക്കാർ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനും അവയുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി സർക്കാർ കാലാകാലങ്ങളിൽ നിയമനിർമ്മാണം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും, ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുന്നുണ്ട്. സർക്കാരിൽനിന്നും എ.ഐ.സി.റ്റി.ഇ., സർവ്വകലാശാലകൾ എന്നിവയിൽനിന്നും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഇത്തരം മാർഗ്ഗനിർദ്ദേശങ്ങൾക്കും നിബന്ധനകൾക്കും വിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ അഫിലിയേഷൻ റദ്ദാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുമുണ്ട്.

**സർക്കാർ കോളേജുകളിൽ പ്രിൻസിപ്പൽമാരുടെ അഭാവം**

204 (1288) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ കോളേജുകളിൽ പ്രിൻസിപ്പൽമാരില്ലാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സർക്കാർ കോളേജുകളുടെ പ്രവർത്തനത്തെ എങ്ങനെ ബാധിക്കുന്നു എന്ന് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) പ്രിൻസിപ്പാൾമാരില്ലാത്ത അവസ്ഥ സർക്കാർ കോളേജുകളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ അതത് കോളേജുകളിലെ സീനിയറായ അദ്ധ്യാപകർക്ക് പ്രിൻസിപ്പാളിന്റെ അധികച്ചുമതല നൽകി നിയമിച്ചിട്ടുണ്ട്. 2010-ലെ യു.ജി.സി. റഗുലേഷൻ അനുസരിച്ച് പി.എച്ച്.ഡി. യോഗ്യത നേടിയ അദ്ധ്യാപകരെ മാത്രമേ പ്രിൻസിപ്പാൾ ആയി നിയമിക്കാവൂയെന്ന് ബഹുമാനപ്പെട്ട കോടതി വിധിയുടെ അടിസ്ഥാനത്തിൽ കേസ്സിലെ അന്തിമതീർപ്പിന് വിധേയമായി പി.എച്ച്.ഡി. യോഗ്യത നേടിയ അദ്ധ്യാപകരെ യു.ജി.സി. മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പ്രിൻസിപ്പൽമാരായി സ്ഥാനക്കയറ്റം നൽകുന്നതിനുള്ള സാധ്യത സർക്കാർ പരിശോധിച്ചുവരുന്നു.

## സെൽഫ് ഫൈനാൻസിംഗ് കോഴ്സുകൾ

205 (1289) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ എയ്ഡഡ് കോളേജുകളിൽ നടത്തിവരുന്ന സെൽഫ് ഫൈനാൻസിംഗ് കോഴ്സുകൾ നിർത്തലാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇത്തരം കോഴ്സുകളിൽ പ്രവേശനം നേടി പഠനം തുടങ്ങിയ വിദ്യാർത്ഥികളുടെ ഭാവി നഷ്ടപ്പെടുത്താതിരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

## റാഗിംഗ് തടയുന്നതിനുള്ള നടപടി

206 (1290) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വ്യാപകമായി റാഗിംഗ് നടക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2016 വർഷം കേരളത്തിൽ എത്ര റാഗിംഗ് കേസുകൾ നടന്നതായി പരാതി ലഭിച്ചിട്ടുണ്ട്;

(സി) റാഗിംഗിൽ പ്രതിചേർക്കപ്പെട്ടവർ കുറ്റക്കാരാണെന്ന് തെളിഞ്ഞാൽ കോളേജിൽനിന്നും ഡിസ്മിസ് ചെയ്യുന്നതിനും കൂടാതെ പരീക്ഷകൾ എഴുതുന്നതിനുള്ള അനുമതി നിഷേധിക്കുന്നതിനും നിലവിൽ നിയമമുണ്ടോ; ഇല്ലെങ്കിൽ ആയതിന് നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടി സ്വകരിക്കുമോ;

(ഡി) റാഗിംഗ് തടയുന്നതിനായി കർശന നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി പുതുതായി എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കുന്നതിന് ഉദ്ദേശ്യമുണ്ടോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 2016-ൽ സംസ്ഥാനത്ത് ആകെ 67 റാഗിംഗ് കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) റാഗിംഗ് സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ അതത് സ്ഥാപനങ്ങളിലെ ആന്റി റാഗിംഗ് സെല്ലിന്റെ പ്രവർത്തനം ശക്തമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. റാഗിംഗിനെതിരെ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നതിനുവേണ്ടി അടുത്ത ബഡ്ജറ്റിൽ തുക വകയിരുത്തുന്നതിനായി പ്രൊപ്പോസൽ നൽകാൻ സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ റാഗിംഗ് നിയന്ത്രണ വിധേയമാക്കുവാൻ കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം നിഷ്കർഷിച്ചതനുസരിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആന്റി റാഗിംഗ് കമ്മിറ്റി ബന്ധപ്പെട്ട ഡെപ്യൂട്ടി കമ്മീഷണറുടെയോ, ജില്ലാ ജഡ്ജിയുടെയോ സാന്നിദ്ധ്യത്തിൽ രൂപീകരിക്കുവാനും, റാഗിംഗിന് ഇരയായവരുടെ പരാതികൾ ലഭിക്കുന്ന മുറയ്ക്ക് ആയതിന് അടിന്തര പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും ആന്റി റാഗിംഗ് സെല്ലിന്റെ പ്രവർത്തനം മോണിറ്റർ ചെയ്യുവാനും ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ പരിധിയിൽ വരുന്ന എല്ലാ വകുപ്പുമേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ ഭൂമിശാസ്ത്ര കോഴ്സുകൾ**

207 (1291) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ എത്ര ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ഭൂമിശാസ്ത്ര ബിരുദ കോഴ്സുകൾ പഠിപ്പിക്കുന്നുണ്ട്; ഗവൺമെന്റ്/ എയിഡഡ്/അൺ എയിഡഡ് കോളേജുകൾ എത്രയെന്നും അവയുടെ പേരും വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം കോളേജുകളിൽ ഭൂമിശാസ്ത്ര ബിരുദാനന്തര ബിരുദ കോഴ്സുകൾ പഠിപ്പിക്കുന്നുണ്ട്; ഗവൺമെന്റ്/എയിഡഡ്/അൺ എയിഡഡ് കോളേജുകൾ എത്രയെന്നും അവയുടെ പേരും വ്യക്തമാക്കുമോ;

(സി) ഭൂമിശാസ്ത്രത്തിൽ പുതിയ ബിരുദ, ബിരുദാനന്തര ബിരുദ കോഴ്സുകൾ അനുവദിച്ച് കിട്ടുന്നതിനായി എത്ര കോളേജുകൾ സർവ്വകലാശാലകൾക്ക് അപേക്ഷ നൽകിയിട്ടുണ്ട്; അവ ഏതെല്ലാം; ഏതെല്ലാം കോളേജുകളുടെ അപേക്ഷയിൻമേൽ സർവ്വകലാശാല സർക്കാരിന് ശിപാർശ നൽകിയിട്ടുണ്ട്;

(ഡി) അപേക്ഷ നൽകിയ കോളേജുകളിൽ, വരുന്ന അദ്ധ്യയന വർഷം പ്രസ്തുത കോഴ്സുകൾ ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ഇ) മഹാത്മാ ഗാന്ധി സർവ്വകലാശാലയുടെ കീഴിൽ ഭൂമിശാസ്ത്ര കോഴ്സുകൾ അനുവദിച്ചത് ഏതെല്ലാം കോളേജുകളിലാണെന്ന് വ്യക്തമാക്കുമോ; ഭൂമിശാസ്ത്ര കോഴ്സുകൾ അനുവദിച്ച കോളേജുകളുടെ എണ്ണത്തിൽ അപര്യാപ്തത ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വരുന്ന അദ്ധ്യയന വർഷം തന്നെ കോഴ്സുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) കണ്ണൂർ സർവ്വകലാശാല നളന്ദ കോളേജ് ഓഫ് ആർട്സ് & സയൻസ്, കാസർഗോഡ് (അൺ എയ്ഡഡ്)കേരള സർവ്വകലാശാലയിൽ ഭൂമിശാസ്ത്ര ബിരുദ/ബിരുദാനന്തര ബിരുദ കോഴ്സുകൾ നടത്തുന്ന കോളേജുകളുടെ പട്ടിക അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.* ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല മുഖ്യകേന്ദ്രത്തിൽ എം.എ. ഭൂമിശാസ്ത്രം കോഴ്സ് നടത്തുന്നുണ്ട്. കാലിക്കറ്റ് സർവ്വകലാശാലയുടെ കീഴിൽ ഏഴ് കോളേജുകളിൽ ഭൂമിശാസ്ത്രം ബിരുദ കോഴ്സുകളും രണ്ട് കോളേജുകളിൽ ഭൂമിശാസ്ത്ര ബിരുദാനന്തര ബിരുദ കോഴ്സുകളും പഠിപ്പിക്കുന്നുണ്ട്. പട്ടിക അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(സി) കേരള സർവ്വകലാശാലയുടെ കീഴിൽ ശ്രീ നാരായണ ഗുരു കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്, പുനലൂർ 2016-17 ബി.എസ്.സി. ജിയോഗ്രഫി കോഴ്സ് ആരംഭിക്കുവാൻ അപേക്ഷ നൽകിയിരുന്നു. ഈ അപേക്ഷയിൻമേൽ സർവ്വകലാശാല സർക്കാരിന് ശിപാർശ നൽകുകയും ചെയ്തു. കാലിക്കറ്റ് സർവ്വകലാശാലയിൽ ഭൂമിശാസ്ത്ര ബിരുദാനന്തര ബിരുദ കോഴ്സ് തുടങ്ങുന്നതിന് യുവക്ഷേത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസ്, പാലക്കാട് അപേക്ഷ നൽകിയിട്ടുണ്ട്.

(ഡി) പുതിയ കോഴ്സുകളും കോളേജുകളും സംബന്ധിച്ച നയത്തിനനുസരിച്ച് നടപടി കൈക്കൊള്ളുന്നതാണ്.

(ഇ) മഹാത്മാ ഗാന്ധി സർവ്വകലാശാലയുടെ കീഴിൽ ഭൂമിശാസ്ത്ര കോഴ്സുകൾ അനുവദിച്ചിട്ടില്ല.

**സ്വകാര്യ സ്വാശ്രയ കോളേജുകൾ**

208 (1292) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വാശ്രയ കോളേജുകൾ തുടങ്ങിയത് എന്നുമുതൽ എന്നും, അതിനു മുൻപ് എത്ര സർക്കാർ/എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകൾ ഉണ്ടായിരുന്നു എന്നും, സർക്കാർ എയ്ഡഡ് മെഡിക്കൽ-പാരാമെഡിക്കൽ-ഹോമിയോ-ആയുർവേദ കോളേജുകളുണ്ടായിരുന്നു എന്നും വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) നിലവിൽ (2016 വർഷം) പ്രസ്തുത ഓരോ മേഖലകളിലുമുള്ള സർക്കാർ, എയ്ഡഡ്, സ്വകാര്യം, സർക്കാരിന്റേയും സർക്കാർ ഏജൻസികളുടേയും നിയന്ത്രണത്തിലുള്ള സ്വാശ്രയം, സ്വകാര്യ സ്വാശ്രയ കോളേജുകൾ എത്ര എന്നും, ഓരോ മേഖലയിലും 2016 അദ്ധ്യയന വർഷം ഒഴിഞ്ഞു കിടക്കുന്ന സീറ്റുകൾ എത്ര എന്നും നിലവിലുള്ള ആകെ സീറ്റ് എത്ര എന്നും വ്യക്തമാക്കുമോ;

(സി) സ്വാശ്രയ വിഭാഗങ്ങളിൽപ്പെട്ട കോളേജുകളിൽ പല കോളേജുകളും വിദ്യാഭ്യാസ നിലവാര തകർച്ച നേരിടുന്നതായ പരാതികളുള്ളത് ശ്രദ്ധയിൽപ്പെട്ടുവോ, എന്തു നടപടികൾ സ്വീകരിച്ചു?

<u>ഉത്തരം</u>

(എ) 1989-ൽ ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ ആരംഭിച്ച എറണാകുളം തൃക്കാക്കര മോഡൽ എഞ്ചിനീയറിംഗ് കോളേജാണ് സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജായി സംസ്ഥാനത്ത് ആദ്യം പ്രവർത്തനമാരംഭിച്ചത്. 1994-ൽ ആരംഭിച്ച എം.ഇ.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആണ് സർക്കാർ ഇതര മേഖലയിൽ തുടങ്ങിയ ആദ്യത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ്. 1998-99 അദ്ധ്യായന വർഷം വരെ സംസ്ഥാനത്ത് നാല് സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളും മൂന്ന് എയിഡഡ് കോളേജുകളുമാണ് ഉണ്ടായിരുന്നത്. 1958-ൽ എറണാകുളം ജില്ലയിൽ മഹാത്മാ ഗാന്ധി സർവ്വകലാശാലയുടെ കീഴിൽ ഗവൺമെന്റ് ആയുർവേദ കോളേജ് സ്ഥാപിതമായി.

(ബി) ഇതുസംബന്ധിച്ച വിശദമായ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(സി) സ്വാശ്രയ കോളേജുകളിലെ വിജയശതമാനം കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച ശാശ്വത പരിഹാരത്തിനും, ഈ മേഖലയിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുംവേണ്ടി, സ്വാശ്രയ കോളേജുകളുടെ വിദ്യാഭ്യാസ നിലവാരത്തെക്കുറിച്ച് പഠിക്കുവാൻ സർക്കാർ ഒരു മൂന്നംഗ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. കൂടാതെ ഇന്റേണൽ അസസ്മെന്റ് സംബന്ധിച്ചുള്ള നടപടികൾക്കും പരിഷ്കാരങ്ങൾക്കുമായി നാല് സർവ്വകലാശാല വി.സി.മാർ ഉൾപ്പെട്ട ഒരു സമിതിയേയും നിയോഗിച്ചിട്ടുണ്ട്. കോളേജുകൾക്ക് അഫിലിയേഷൻ നൽകുന്നതിന് മുന്നോടിയായി സ്ഥാപനങ്ങളുടെ അക്കാദമികവും ഭൗതികവുമായ സാഹചര്യങ്ങൾ വിലയിരുത്തുന്നതിനായി സർവ്വകലാശാലാ തലത്തിൽ ഒരു എക്സ്പെർട്ട് വിസിറ്റ് കമ്മിറ്റി രൂപീകരിക്കുകയും ആയത് വിലയിരുത്തുകയും ചെയ്യാറുണ്ട്. അക്കാദമികവും പാഠ്യേതര പ്രവർത്തനങ്ങളും വിലയിരുത്തുന്നതിനായി എല്ലാ സെമസ്റ്ററുകളിലും അക്കാദമിക് ഓഡിറ്റിംഗും നടത്തിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**സ്വാശ്രയ കോളേജുകൾ**

209 (1293) ശ്രീ. എ. പി. അനിൽ കുമാർ :

ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സ്വാശ്രയ കോളേജുകളിൽ പലതും വിദ്യാർത്ഥികളെ സാംസ്കാരികമായി മികച്ച തലമുറകളായി വളർത്തുന്ന കാര്യത്തിൽ പരാജയമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രവർത്തന സുതാര്യത ഉറപ്പുവരുത്താത്ത സ്വാശ്രയ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നതിനും, പരീക്ഷാഫലം മോശമായ കോളേജുകൾ അടച്ചുപൂട്ടുന്നതിനും സർക്കാരിന് അധികാരമുണ്ടെന്നിരിക്കെ സുപ്രീംകോടതി വിധിയുടെ വെളിച്ചത്തിൽ ഏതെങ്കിലും സ്വാശ്രയ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നതിനോ, അടച്ചുപൂട്ടാനോ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുവാനും പരാതികൾ കേൾക്കുവാനും സർവ്വകലാശാലകൾ ജില്ലാ ജഡ്ജി റാങ്കിലുള്ള ഓംബുഡ്സ്മാനെ നിയമിക്കണമെന്നുള്ള എ.ഐ.സി.പി.ഇ. നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ടോംസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് ഫോർ സ്റ്റാർട്ട് അപ്സ്-ന്റെ പ്രവർത്തനം സുതാര്യമല്ലാത്തതിനാൽ തുടർ അംഗീകാരം നൽകേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്. 2016-17 വർഷം വേണ്ടത്ര നിലവാരമില്ലാത്ത മൂന്ന് സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ അടച്ചുപൂട്ടിയിട്ടുണ്ട്. ബന്ധപ്പെട്ട റഗുലേറ്ററി അതോറിറ്റിയുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് സർവ്വകലാശാലകൾ ഉറപ്പുവരുത്താറുണ്ട്.

(സി) എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാലയിൽ എ.ഐ.സി.റ്റി.ഇ. മാനദണ്ഡപ്രകാരം ഓംബുഡ്സ്മാനെ നിയമിക്കുവാനുള്ള നടപടി പുരോഗമിച്ചുവരുന്നു.

## സ്വാശ്രയ മെഡിക്കൽ/എഞ്ചിനീയറിംഗ് കോളേജുകളിലെ തലവരിപ്പണം

210 (1294) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ/എഞ്ചിനീയറിംഗ് കോളേജുകൾ വിദ്യാർത്ഥികളിൽനിന്നും തലവരിപ്പണം ഈടാക്കുന്നതായി കരുതുന്നുണ്ടോ ; ഉണ്ടെങ്കിൽ അത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ;

(ബി) തലവരിപ്പണം സ്വീകരിക്കുന്നതിനെതിരെ ഏത് രീതിയിലാണ് ഇടപെടാൻ ഉദ്ദേശിക്കുന്നതെന്നും പ്രഖ്യാപനം ഫലപ്രദമായി നടപ്പാക്കാൻ സാധിക്കുമെന്നും കരുതുന്നുണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) സ്വാശ്രയ എഞ്ചിനീയറിംഗ് മേഖലയിൽനിന്നും തലവരിപ്പണം ഈടാക്കുന്നത് സംബന്ധിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ബി) തലവരിപ്പണം വാങ്ങുന്നത് സെക്ഷൻ 5(1) ആക്ട് XIX ഓഫ് 2006 പ്രകാരം കുറ്റകരമാണ്. തലവരിപ്പണം വാങ്ങിയതായി തെളിയിക്കപ്പെട്ടാൽ ആ സ്ഥാപനം/മാനേജ്മെന്റിനെതിരെ നടപടി എടുക്കാവുന്നതാണ്. കൂടാതെ തലവരിപ്പണം നൽകി അഡ്മിഷൻ നേടുന്ന വിദ്യാർത്ഥിയുടെ അഡ്മിഷൻ റദ്ദ് ചെയ്യുകയും കോളേജിന്റെ അഫിലിയേഷൻ റദ്ദ് ചെയ്യാനായി യൂണിവേഴ്സിറ്റിയോട് ശിപാർശ ചെയ്യാവുന്നതും ബന്ധപ്പെട്ട കോളേജിൽനിന്ന് 10 ലക്ഷം രൂപവരെ പിഴ ഈടാക്കാവുന്നതുമാണ്.

## സ്വാശ്രയ അൺഎയ്ഡഡ് മേഖലയിലെ വിദ്യാർത്ഥികൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ

211 (1295) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്വാശ്രയ കോളേജുകളിലും, അൺഎയ്ഡഡ് സ്കൂളിലും വിദ്യാർത്ഥികൾ അനുഭവിക്കുന്ന മനുഷ്യത്വരഹിതമായ പീഡനങ്ങൾ സംബന്ധിച്ച പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) തിരുവനന്തപുരം ലാ അക്കാഡമി ലാ കോളേജിലും, പാമ്പാടി നെഹ്റു കോളേജിലും, ടോംസ് കോളേജിലും വിദ്യാർത്ഥികൾക്ക് നേരെ നടന്ന മാനേജ്മെന്റിന്റെ അതിക്രമങ്ങളുടെ അടിസ്ഥാനത്തിൽ ഇതിന് പരിഹാരമുണ്ടാക്കാനായി ഓംബുഡ്സ്മാനെ നിയമിക്കുന്ന കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) സ്വാശ്രയ മെഡിക്കൽ കോളേജുകളെ നിയന്ത്രിക്കുന്നതിന് മദ്ധ്യപ്രദേശ് സർക്കാർ കൊണ്ടുവന്ന നിയമം സാധുവാണെന്ന് സുപ്രീം കോടതി വിധിച്ച സാഹചര്യത്തിൽ പ്രസ്തുത നിയമത്തിനനുസൃതമായ നിയമനിർമ്മാണം കേരളത്തിലും അടിയന്തരമായി കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്വാശ്രയ കോളേജുകളിൽ വിദ്യാർത്ഥികൾ അനുഭവിക്കുന്ന നിരവധി പ്രശ്നങ്ങളെ സംബന്ധിക്കുന്ന പരാതികൾ ലഭിക്കുന്നുണ്ട്. പ്രവേശന സംബന്ധമായ പരാതികളാണ് കൂടുതലും. അമിത ഫീസ് ഈടാക്കുന്നതായും അറ്റന്റൻസ് നൽകുന്നില്ല എന്നുമുള്ള പരാതികളും നിലവിലുണ്ട്. പരാതികൾ പരിഹരിക്കുന്നതിനായി, അഡ്മിഷൻ കംപ്ലെയിന്റ് റിഡ്രസ്സൽ കമ്മിറ്റി പ്രത്യേകം രൂപീകരിച്ച് പ്രവേശന സംബന്ധമായ പരാതികൾ പരിഹരിക്കുന്നുണ്ട്. അറ്റന്റൻസ് സംബന്ധമായ പരാതിയിന്മേൽ കോളേജ് പ്രിൻസിപ്പലിന്റെ വിശദീകരണം തേടിയതിനുശേഷം തുടർനടപടികൾ സ്വകരിക്കുന്നുണ്ട്. ചില സ്വാശ്രയ ലോ കോളേജുകളിൽ അമിത ഫീസ് ഈടാക്കുന്നത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഫീ റെഗുലേറ്ററി കമ്മിറ്റിയുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) സ്വാശ്രയ കോളേജുകളെക്കുറിച്ച് പരാതികൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സാങ്കേതിക സർവ്വകലാശാലയിൽ ഒരു ഓംബുഡ്സ്മാനെ നിയമിക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

## മലപ്പുറം സർക്കാർ വനിതാ കോളേജിൽ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ

212 (1296) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം സർക്കാർ വനിതാ കോളേജിൽ പ്രിൻസിപ്പൽ ഉൾപ്പെടെ ആവശ്യമായ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(ബി) കോളേജിനാവശ്യമായ സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചിട്ടുണ്ടോ; ഭരണ വകുപ്പിൽനിന്നും ഇതു സംബന്ധിച്ച പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കർശന നിർദ്ദേശം നൽകുമോ;

(സി) പ്രിൻസിപ്പൽ തസ്തിക പോലും സൃഷ്ടിക്കാത്തതുമൂലമുള്ള പ്രയാസങ്ങൾ പരിഹരിക്കുവാനും ഉടൻ തസ്തിക സൃഷ്ടിക്കുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ഉണ്ട്. മലപ്പുറം സർക്കാർ വനിതാ കോളേജിൽ പ്രിൻസിപ്പൽ ഉൾപ്പെടെ പതിനാറ് മണിക്കൂർ വർക്ക് ലോഡുള്ള നാല് അദ്ധ്യാപക തസ്തികകളും പതിമൂന്ന് അനദ്ധ്യാപക തസ്തികകളും സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ കോളേജ് വിദ്യാഭ്യാസ വകുപ്പ് 20-8-2016-ൽ സർക്കാരിന് സമർപ്പിച്ചിരുന്നു. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതുവരെ കാക്കാൻ തീരുമാനിച്ചിരുന്നെങ്കിലും കോളേജിന്റെ സുഗമമായ പ്രവർത്തനത്തിന് ടി തസ്തികകൾ സൃഷ്ടിക്കേണ്ടത് അനിവാര്യമാണെന്ന് കണ്ടതിനാൽ പ്രസ്തുത പ്രൊപ്പോസൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## സ്വാശ്രയ കോളേജുകളുടെ നടത്തിപ്പ്

213 (1297) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ സ്വാശ്രയ കോളേജുകളുടെ നടത്തിപ്പ് സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) കോളേജിലെ വിദ്യാർത്ഥികളുടെ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനം ബന്ധപ്പെട്ട സർവ്വകലാശാലകൾ യു.ജി.സി., എ.ഐ.സി.റ്റി.ഇ., കൗൺസിൽ ഓഫ് ആർക്കിടെക്ച്ചർ എന്നിവയുടെ മാനദണ്ഡമനുസരിച്ച് അവലോകനം ചെയ്തു വരുന്നു. എന്നിരുന്നാലും ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സമഗ്രമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 4-2-2017-ലെ ജി.ഒ. (എംഎസ്.) നമ്പർ 37/2017/ഉ.വി.വ. ഉത്തരവ് പ്രകാരം ജസ്റ്റിസ് കെ. കെ. ദിനേശൻ ചെയർമാനും ഡോ. കെ. കെ. എൻ. കുറുപ്പ്, ഡോ. ആർ. വി. ജി. മേനോൻ എന്നിവർ അംഗങ്ങളുമായി ഒരു കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്.

(ബി) വിദ്യാർത്ഥികളുടെ പരാതികളിന്മേൽ ബന്ധപ്പെട്ട സർവ്വകലാശാലകൾ നിയമാനുസൃത നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയിൽ ഒരു ഓംബുഡ്സ്മാനെ നിയമിക്കുന്നതിനുള്ള നടപടിയും പുരോഗമിച്ചുവരുന്നു.

**സ്വാശ്രയ കോളേജുകളിലെ പ്രശ്നങ്ങൾ**

214 (1298) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്വാശ്രയ കോളേജുകളിലെ പ്രശ്നങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വാശ്രയ കോളേജുകളിലെ വിദ്യാർത്ഥികളുടെ സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) സ്വാശ്രയ കോളേജുകളുൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇന്റേണൽ മാർക്ക് നൽകുന്നതിൽ എന്തെങ്കിലും പരിഷ്കാരം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സ്വാശ്രയ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് സമഗ്രമായ റിപ്പോർട്ട് സമർപ്പിക്കുവാൻ 4-2-2017 സ.ഉ. (കൈ)37/2017/ഉ.വി.വ. നമ്പർ ഉത്തരവ് പ്രകാരം ജസ്റ്റിസ് കെ. കെ. ദിനേശൻ, ഡോ. കെ. കെ. എൻ. കുറുപ്പ്, ഡോ. ആർ. വി. ജി. മേനോൻ എന്നിവർ അംഗങ്ങളുമായി ഒരു കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥി പ്രശ്നവുമായി ബന്ധപ്പെട്ട അഞ്ച് പരാതികൾ ലഭിച്ചിട്ടുണ്ട്. കേരള ലോ അക്കാദമി വിദ്യാർത്ഥികളുടെ പരാതികൾ ലഭിച്ചുണ്ട്.

(സി) ഉണ്ട്. ഇന്റേണൽ അസസ്മെന്റുമായി ബന്ധപ്പെട്ട് നിരവധി പരാതികൾ ഈ സർക്കാരിന്റെ ശ്രദ്ധയിൽ വന്നതിന്റെ ഭാഗമായി, ഇക്കാര്യം വിശദമായി പരിശോധിച്ച് വേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിലേയ്ക്കായി മഹാത്മാഗാന്ധി സർവ്വകലാശാലാ വൈസ് ചാൻസലർ അദ്ധ്യക്ഷനായി നാല് വി.സിമാർ ഉൾപ്പെട്ട ഒരു കമ്മിറ്റിയെ നിയോഗിച്ച് ഉത്തരവായിട്ടുണ്ട്.

## സ്വാശ്രയ കോളേജുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട പരാതികൾ

215 (1299) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ കോളേജുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട പരാതികൾ വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സ്വാശ്രയ കോളേജുകളിലെ ജീവനക്കാരുടെ ശമ്പളം, അദ്ധ്യാപകരുടെ യോഗ്യത, വിദ്യാർത്ഥികളോടുള്ള സമീപനം എന്നിവ നിരീക്ഷിക്കുന്നതിനുള്ള സംവിധാനങ്ങളെക്കുറിച്ച് വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ സ്വാശ്രയ കോളേജുകളിലെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും ഫലപ്രദമായി നിയന്ത്രിക്കുന്നതിനും ആവശ്യമായ നിയമനിർമ്മാണം പരിഗണിക്കുമോ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാമ്പാടി നെഹ്റു കോളേജിനെതിരെയും കോട്ടയം മറ്റക്കര ടോംസ് കോളേജ് ഓഫ് എഞ്ചിനീയറിംഗിനെതിരെയും കൊല്ലം ഓയൂർ ട്രാവൻകൂർ കോളേജ് ഓഫ് എഞ്ചിനീയറിംഗിനെതിരെയും ധാരാളം പരാതികൾ സർക്കാരിലും, സാങ്കേതിക സർവ്വകലാശാലയിലും ലഭിച്ചിട്ടുണ്ട്.

(ബി&സി) സ്വാശ്രയ കോളേജുകളെ സംബന്ധിച്ച് വ്യാപകമായ പരാതികൾ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ സ്വാശ്രയ കോളേജുകളുടെ വിദ്യാഭ്യാസ നിലവാരത്തെ കുറിച്ച് പഠിക്കുവാൻ സർക്കാർ ഒരു മൂന്നംഗ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. കൂടാതെ ഇന്റേണൽ അസസ്മെന്റ് സംബന്ധിച്ചുള്ള നടപടികൾക്കും പരിഷ്കാരങ്ങൾക്കുമായി നാല് സർവ്വകലാശാലാ വി.സി.മാർ അടങ്ങിയ ഒരു സമിതിയേയും നിയോഗിച്ചിട്ടുണ്ട്. കോളേജുകൾക്ക് അഫിലിയേഷൻ നൽകുന്നതിന് മുന്നോടിയായി സ്ഥാപനങ്ങളുടെ അക്കാദമികവും, ഭൗതികവുമായ സാഹചര്യങ്ങൾ വിലയിരുത്തുന്നതിനായി സർവ്വകലാശാലാതലത്തിൽ എക്സ്പേർട്ട് വിസിറ്റ് കമ്മിറ്റി രൂപീകരിക്കുകയും ആയത് വിലയിരുത്തുകയും ചെയ്തുവരുന്നു. അക്കാദമികവും പാഠ്യേതര പ്രവർത്തനങ്ങളും വിലയിരുത്തുന്നതിനായി എല്ലാ സെമസ്റ്ററുകളിലും അക്കാദമിക് ഓഡിറ്റംഗും നടത്തി വരുന്നു.

## സ്വാശ്രയ കോളേജുകളിലെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ

216 (1300) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ കോളേജുകളിൽ നടക്കുന്ന നിയമവിരുദ്ധമായ പ്രവർത്തനങ്ങൾ, വിദ്യാർത്ഥികൾക്ക് മാനസിക സമ്മർദ്ദം ഉണ്ടാക്കുകയും അവരെ ആത്മഹത്യയിലേക്ക് നയിക്കുകയും ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) സ്വാശ്രയ കോളേജുകളെ നിയന്ത്രിക്കുന്നതിന് സമഗ്രമായ ഒരു നിയമം കൊണ്ടുവരേണ്ടതിന്റെ ആവശ്യകത സർക്കാരിന് ബോധ്യമായിട്ടുണ്ടോ; എങ്കിൽ നടപ്പു സമ്മേളനത്തിൽ അടിയന്തര നിയമനിർമ്മാണത്തിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സ്വാശ്രയ കോളേജുകളിൽ നടക്കുന്ന നിയമവിരുദ്ധ പ്രവർത്തനങ്ങൾ, വിദ്യാർത്ഥികൾക്ക് മാനസിക സമ്മർദ്ദം സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ പാമ്പാടി നെഹ്റു കോളേജിലെ വിദ്യാർത്ഥി ജിഷ്ണു പ്രണോയിയുടെ ആത്മഹത്യയുടെ പശ്ചാത്തലത്തിൽ സാങ്കേതിക സർവ്വകലാശാല വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) സ്വാശ്രയരംഗത്ത് ശക്തമായി ഇടപെടാൻ സാധിക്കുന്നവിധത്തിൽ സർക്കാർ കാലാകാലങ്ങളിൽ നിയമനിർമ്മാണം നടത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുന്നുണ്ട്. സർക്കാരിൽനിന്നും എ.ഐ.സി.റ്റി.ഇ., സർവ്വകലാശാലകൾ എന്നിവയിൽനിന്നും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഇത്തരം മാർഗ്ഗനിർദ്ദേശങ്ങൾക്കും, നിബന്ധകൾക്കും വിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ അഫിലിയേഷൻ റദ്ദാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുമുണ്ട്.

## സ്വാശ്രയ മാനേജ്മെന്റുകൾക്ക് നിയന്ത്രണം

217 (1301) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികളെ പീഡിപ്പിക്കുന്നുവെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളെ സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(സി) സ്വകാര്യ സ്വാശ്രയ വിദ്യാഭ്യാസ മാനേജ്മെന്റുകളെ നിയന്ത്രിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ ;

(ഡി) ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് നിയമപരമായ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളെക്കുറിച്ചുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് :

1. പുട്ടടി, ഹോളിക്രോസ് കോളേജ് ഓഫ് മാനേജ്മെന്റ് ആൻഡ് ടെക്നോളജി - (2 പരാതികൾ )
2. കുട്ടിക്കാനം, ഡി.സി. സ്കൂൾ ഓഫ് മാനേജ്മെന്റ് ആൻഡ് ടെക്നോളജി - (1 പരാതി )
3. പത്തനംതിട്ട, മൗണ്ട്സിയോൻ ലോ കോളേജ് - (1 പരാതി)
4. മറ്റക്കര, ടോംസ് കോളേജ്, കോട്ടയം - (2 പരാതികൾ )
5. കളമശ്ശേരി, ഐസാറ്റ് - (1 പരാതി)
6. കിഴൂർ ഡി.ബി. കോളേജ് - (1 പരാതി)
7. മൂന്നാർ മൗണ്ട് റോയൽ കോളേജ് - (2 പരാതികൾ )
8. മാന്നാനം കെ.ഇ. കോളേജ് - (1 പരാതി)
9. പെരുമ്പാവൂർ മാർത്തോമാ കോളേജ് - (1 പരാതി)
10. കോതമംഗലം എം.എ. കോളേജ് - (1 പരാതി)
11. ജി.ഐ.എ.എൽ. വടവാതൂർ, കോട്ടയം - (1 പരാതി)
12. എടത്തല കെ.എം.ഇ.എ. കോളേജ് - (1 പരാതി)
13. പെരുമ്പാവൂർ സെന്റ് മേരീസ് കോളേജ് - (1 പരാതി)
14. പീരുമേട് ആദിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്-(3 പരാതികൾ)
15. എറണാകുളം സെന്റ് ആൽബട്ട്സ് കോളേജ് - (1 പരാതി)
16. അങ്കമാലി, ഡി പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി - (1 പരാതി)

17. എറണാകുളം, ചിന്മയ വിദ്യാപീഠം - (2 പരാതികൾ)

18. ഡി.ബി. കോളേജ്, പമ്പാ - (1 പരാതി)

19. എസ്.എൻ.ജി.ഐ.എസ്.റ്റി. മാലിയങ്കര - (2 പരാതികൾ)

20. കെ.എം.പി. കോളേജ് ഓഫ് എൻജിനീയറിംഗ്- (1 പരാതി)

21. കിറ്റ്സ് കോട്ടയം - (3 പരാതികൾ)

22. കോതമംഗലം മാർ ബസേലിയോസ് കോളേജ് - (1 പരാതി)

23. സി.ഇ.റ്റി. കോളേജ്, ഐരാപുരം -(2 പരാതികൾ)

24. കെടാമംഗലം എസ്.എൻ.ആർട്സ് ആൻഡ് സയൻസ് കോളേജ് - (1 പരാതി)

25. എസ്.എച്ച്. കോളേജ്, തേവര - (1 പരാതി)

26. നെല്ലിക്കുഴി, ഇന്ദിരാഗാന്ധി കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് - (1 പരാതി)

27. മൂകാംബിക സ്കൂൾ ഓഫ് ആർകിടെക്ചർ- (1 പരാതി)

28. സ്വാമി ശാശ്വതികാനന്ദ കോളേജ്, പൂത്തോട്ട – (1 പരാതി)

29. മാറമ്പിള്ളി എം.ഇ.എസ്. കോളേജ് – (1 പരാതി)

30. മൗണ്ട് സിയോൺ കോളേജ് ഓഫ് എഞ്ചിനീയറിംഗ്- (1 പരാതി)

31. സി.എം.എസ്. കോളേജ്, കോട്ടയം - (1 പരാതി).

എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളെക്കുറിച്ച് പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് :

1. നെഹ്റു കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് റിസർച്ച് സെന്റർ, പാമ്പാടി, തൃശ്ശൂർ

2. കോട്ടയം മറ്റക്കര ടോംസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് ഫോർ സ്റ്റാർട്ടപ്പ്

3. കൊല്ലം ഓയൂർ ട്രാവൻകൂർ കോളേജ് ഓഫ് എഞ്ചിനീയറിംഗ്

4. ശ്രീ. വെള്ളാപ്പള്ളി നടേശൻ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, മാവേലിക്കര

5. ഹീരാ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, നെടുമങ്ങാട്.

കണ്ണൂർ സർവ്വകലാശാലയുടെ കീഴിൽ വിദ്യാർത്ഥികൾക്കെതിരെ എടുത്ത അച്ചടക്കനടപടിക്കെതിരെ പരാതികൾ ലഭിച്ചിട്ടുണ്ട്.

1. സിബ്ഗ ആർട്ട്സ് ആന്റ് സയൻസ് കോളേജ്, ഇരിക്കൂർ

2. നെഹർ, ആർട്ട്സ് ആന്റ് സയൻസ്, കോളേജ്, കാഞ്ഞിരോട്.

(സി&ഡി) കോളേജ് വിദ്യാർത്ഥികളുടെ പരാതി ലഭിക്കുന്ന മുറയ്ക്ക് പ്രിൻസിപ്പാളിൽ നിന്ന് വിശദീകരണം തേടുകയും ആ വിശദീകരണം തൃപ്തികരമല്ലെങ്കിൽ ഒരു അന്വേഷണ കമ്മീഷനെ നിയമിച്ച് പരാതിയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് നൽകാൻ നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്. വിദ്യാർത്ഥികളുടെ പരാതി പരിഹരിക്കുന്നതിനായി വൈസ് ചാൻസലറും രജിസ്ട്രാറും മൂന്ന് സിൻഡിക്കേറ്റ് അംഗങ്ങളും വിദ്യാർത്ഥി പ്രതിനിധികളായി മൂന്ന് യൂണിയൻ ചെയർമാൻമാരും അടങ്ങുന്ന ഒരു സ്ഥിരം കമ്മിറ്റി (ബി.എ.എസ്.ജി. ബോർഡ് ഫോർ അഡ്ജ്യൂഡിക്കേഷൻ ഓഫ് ഗ്രിവൻസസ്) സർവ്വകലാശാലയിൽ നിലവിലുണ്ട്. ബോർഡ് മുമ്പാകെ വരുന്ന പരാതികളിൽ ഇരുകൂട്ടരുടെയും വാദം കേട്ടശേഷം അതിന്മേൽ നടപടി കൈക്കൊണ്ട്, പ്രസ്തുത തീരുമാനങ്ങൾക്ക് സിൻഡിക്കേറ്റിന്റെ അംഗീകാരം നേടിയശേഷം ഉചിതമായ നടപടി സ്വീകരിക്കാറുണ്ട്. കൂടാതെ സ്വാശ്രയ കോളേജുകളിലെ വിദ്യാഭ്യാസ നിലവാരത്തെക്കുറിച്ചും മറ്റും പഠിക്കുന്നതിലേയ്ക്കായി ഒരു മൂന്നംഗ കമ്മീഷനെ സർക്കാർ ജി.ഒ.(എംഎസ്) നമ്പർ 37/2017/ഉവിവ. തീയതി 4-2-2017 പ്രകാരം നിയമിച്ച് ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ നാല് മാസത്തിനുള്ളിൽ സർക്കാരിലേക്ക് റിപ്പോർട്ട് നൽകുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

**മാവേലിക്കര രവിവർമ്മ കോളേജ്**

218 (1302) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര രവിവർമ്മ കോളേജിനെ ഉന്നതനിലവാരത്തിലേക്ക് എത്തിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത കോളേജിന്റെ പുതിയ കെട്ടിടത്തിന്റെയും ഓഡിറ്റോറിയത്തിന്റെയും നിർമ്മാണം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) അക്കാദമിക നിലവാരം ഉയർത്തുന്നതിനായി കേരളത്തിലെ 3 സർക്കാർ ഫൈൻ ആർട്സ് കോളേജുകളിലും വിസിറ്റിംഗ് ഫാക്കൽറ്റി സ്കീം നടപ്പാക്കിയിട്ടുണ്ട്. ഇതിനുപുറമേ, വിദ്യാർത്ഥികളുടെ കഴിവുകൾ പ്രദർശിപ്പിക്കുന്നതിനായി ദേശീയ എക്സിബിഷനുകൾ, വിദഗ്ധരുടെ ക്ലാസ്സുകൾ, സെമിനാറുകൾ എന്നിവ നടത്താറുണ്ട്. മാവേലിക്കര ഗവൺമെന്റ് ഫൈൻ ആർട്സ് കോളേജിൽ 2016 ഡിസംബർ 17 മുതൽ 2017 ജനവരി 17 വരെ ഇത്തരത്തിൽ ക്യാമ്പ് സംഘടിപ്പിച്ചിട്ടുണ്ട്. പ്രസ്തുത ക്യാമ്പിൽ ട്രാൻസ്ജെൻഡർ വർക്ക്ഷോപ്പ്, ആൾ കേരള ആർട്ടിസ്റ്റ് വർക്ക്ഷോപ്പ്, അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും രചനകളുടെ പ്രദർശനം, സെമിനാറുകൾ, ടെറാക്കോട്ട വർക്ക്ഷോപ്പ് ഇവ സംഘടിപ്പിച്ചു. 2017 ഫെബ്രുവരി 20 മുതൽ 25 വരെ പ്രിന്റ് മേക്കിംഗ് ആന്റ് ബ്രോൺസ് കാസ്റ്റിംഗ് നാഷണൽ വർക്ക്ഷോപ്പുകളും പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നടത്തിയിട്ടുണ്ട്.

(ബി) മാവേലിക്കര രവിവർമ്മ കോളേജിന്റെ പുതിയ കെട്ടിടത്തിന്റെയും ആഡിറ്റോറിയത്തിന്റെയും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന്റെ ഭാഗമായി സോയിൽ ടെസ്റ്റ് ഇതിനകം നടത്തിക്കഴിഞ്ഞു. അംഗീകരിക്കപ്പെട്ട പ്ലാനിൽ ഏറ്റവും താഴത്തെ നിലയിൽ കാർ പാർക്കിംഗ് സൗകര്യം കൂടി ഉൾക്കൊള്ളിക്കുന്നതിനായി നിലവിലെ എസ്റ്റിമേഷൻ പുതുക്കുന്ന നടപടികൾ പൂർത്തിയായി വരുന്നു.

**വാമനപുരത്ത് സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ്**

219 (1303) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകൾ ഇല്ലാത്ത നിയോജക മണ്ഡലങ്ങളുണ്ടോ; എങ്കിൽ അത് ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകൾ ഇല്ലാത്ത നിയോജക മണ്ഡലങ്ങളിൽ അവ അനുവദിക്കുന്നതിന് പരിഗണന നൽകുമോ;

(സി) വാമനപുരം നിയോജകമണ്ഡലത്തിൽ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ് ആരംഭിക്കുന്നതിന് ആലോചനയുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) വാമനപുരം മണ്ഡലത്തിൽ ഒരു സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ് അനുവദിക്കണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചു വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സർക്കാർ കോളേജുകൾക്ക് യു.ജി.സി. അംഗീകാരം

220 (1304) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ കോളേജുകൾക്ക് യു.ജി.സി. അംഗീകാരം നേടിയെടുക്കേണ്ട പദ്ധതി നിർദ്ദേശങ്ങൾ യഥാസമയം പൂർത്തീകരിക്കാൻ കഴിയാത്ത സ്ഥിതിവിശേഷം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ യഥാസമയം തയ്യാറാക്കാനും നടപ്പിലാക്കുന്നതിനും കഴിയാത്തത് പ്രിൻസിപ്പൽമാരുടെ നിയമനം യഥാസമയം പൂർത്തീകരിക്കാത്തതു മൂലമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഒഴിവുള്ള സർക്കാർ കോളേജുകളിൽ പ്രിൻസിപ്പൽമാരെ നിയമിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ&ബി) പ്രിൻസിപ്പൽമാർക്ക് യു.ജി.സി. അംഗീകാരം നേടിയെടുക്കേണ്ട പദ്ധതി നിർദ്ദേശങ്ങൾ ബന്ധപ്പെട്ട കോളേജുകളിൽനിന്നും നേരിട്ട് യു.ജി.സി.-ക്ക് സമർപ്പിക്കാവുന്നതാണ്. എല്ലാ കോളേജുകളിലും പ്രിൻസിപ്പൽമാരുടെ സാമ്പത്തി കാധികാരത്തോടുകൂടിയ പൂർണ്ണ അധികച്ചുമതല അസോസിയേറ്റ് പ്രൊഫസർമാർക്ക് നൽകിയിട്ടുണ്ട്. ആയതിനാൽ യു.ജി.സി. അംഗീകാരം നേടിയെടുക്കേണ്ട പദ്ധതി നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ബുദ്ധിമുട്ട് ഉണ്ടാകുന്നില്ല.

(സി) 2010-ലെ യു.ജി.സി. റഗുലേഷൻ അനുസരിച്ച് പി.എച്ച്.ഡി. യോഗ്യത നേടിയ അദ്ധ്യാപകരെ മാത്രമേ പ്രിൻസിപ്പാൾ ആയി നിയമിക്കാവൂ എന്ന ബഹു. ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ കേസിലെ അന്തിമ തീർപ്പിനു വിധേയമായി പി.എച്ച്.ഡി. യോഗ്യത നേടിയ അദ്ധ്യാപകരെ യു.ജി.സി. മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പ്രിൻസിപ്പൽമാരായി സ്ഥാനക്കയറ്റം നൽകുന്നതിനുള്ള സാധ്യത സർക്കാർ പരിശോധിച്ചു വരുന്നു.

## പഠനാവശ്യത്തിന് എത്തുന്ന വിദേശ വിദ്യാർത്ഥികൾ

221 (1305) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഠനാവശ്യത്തിന് ഇൻഡ്യയിലേക്കുള്ള വിദേശ വിദ്യാർത്ഥികളുടെ വരവ് ഗണ്യമായി വർദ്ധിക്കുമ്പോഴും കേരളത്തിലേക്കുള്ള ഇവരുടെ വരവ് നാമമാത്രമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) 160 എഞ്ചിനീയറിംഗ് കോളേജുകളുള്ള കേരളത്തിൽ വിദേശ വിദ്യാർത്ഥികളുടെ എണ്ണം വെറും 13 മാത്രമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വിദേശ മന്ത്രാലയം വഴി ഈ അദ്ധ്യയന വർഷം എഞ്ചിനീയറിംഗ് പഠനത്തിനപേക്ഷിച്ച 124 വിദ്യാർത്ഥികളിൽ ഒരാൾ പോലും കേരളത്തെ ഓപ്റ്റ് ചെയ്യാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്താണിതിന് കാരണമായി ചൂണ്ടിക്കാണിക്കുന്നത്;

(ഡി) കൊച്ചിയിൽനിന്ന് മാത്രം പ്രതിവർഷം 5800-ൽ പരം വിദ്യാർത്ഥികൾ പഠനാവശ്യത്തിനായി വിദേശത്ത് പോവുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) വിദേശ വിദ്യാർത്ഥികളെ കൂടുതലായി സംസ്ഥാനത്തേക്കാകർഷിക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(എഫ്) കേരളത്തിലെ കുട്ടികൾക്ക് ലോക നിലവാരത്തിലുള്ള ഉന്നത പഠനം സംസ്ഥാനത്ത് തന്നെ ഉറപ്പ് വരുത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല. മലയാള സർവ്വകലാശാല ട്യൂബിംഗൻ സർവ്വകലാശാലയിൽ സ്ഥാപിച്ച ഗുണ്ടർട്ട് ചെയറിന്റെ ഭാഗമായി 2016 വർഷം മൂന്ന് വിദ്യാർത്ഥികൾ മലയാള സർവ്വകലാശാലയിൽ വിദ്യാഭ്യാസത്തിനായി എത്തിയിട്ടുണ്ട്. ന്യൂവാൽസിൽ വിദേശ സർവ്വകലാശാലകളുമായി വിദ്യാർത്ഥികളുടെ പരസ്പര കൈമാറ്റത്തിനുള്ള ഉടമ്പടി ഉണ്ടായിരുന്നു. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ പ്രതിവർഷം അഞ്ചിൽ താഴെ വിദേശ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിവരുന്നു. എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല 2016-17 അദ്ധ്യയന വർഷത്തിൽ 9 വിദേശ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയിട്ടുണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ പഠനം നിർവ്വഹിക്കുന്ന വിദേശികളായ വിദ്യാർത്ഥികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.* കാലിക്കറ്റ് സർവ്വകലാശാലയിലും, സർവ്വകലാശാലയ്ക്ക് കീഴിലുള്ള കോളേജിലും പ്രവേശനം നേടിയിട്ടുള്ള വിദേശ വിദ്യാർത്ഥികളുടെ എണ്ണം താഴെ നൽകുന്നു :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| | |
|---|---|
| 2011-12 | 16 |
| 2012-13 | 18 |
| 2013-14 | 21 |
| 2014-15 | 18 |
| 2015-16 | 20 |
| 2016-17 | 14 |

(ബി) ഇല്ല.

(സി) ഉണ്ട്. ഈ അദ്ധ്യയന വർഷം ഐ.സി.സി.ആർ. മുഖേന കൊച്ചി സർവ്വകലാശാലയിൽ ലഭിച്ച 31 അപേക്ഷകളിൽ 12 പേർ യോഗ്യരായിരുന്നുവെങ്കിലും ആരും പ്രവേശനം സ്വീകരിച്ചില്ല. ഇവരിൽ പലരുടേയും ആദ്യ പരിഗണനയിലുള്ള കോഴ്സുകൾ ഈ സർവ്വകലാശാലയിൽ ലഭ്യമായിരുന്നില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ കീഴിൽ പ്രധാനമായും രണ്ട് മേഖലകളിലാണ് നടപടി സ്വീകരിക്കുന്നത്.

1. <u>അടിസ്ഥാന സൗകര്യങ്ങളുടെ വികസനം</u> :

വിദേശ വിദ്യാർത്ഥികൾക്കായി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ഹോസ്റ്റൽ ഇല്ലാത്തതാണ് കൊച്ചി സർവ്വകലാശാലയുടെ പ്രധാന പോരായ്മ. അടിസ്ഥാന സൗകര്യങ്ങളുടെ പോരായ്മകൾ മുൻകൂട്ടി മനസ്സിലാക്കിയിട്ടാണ് പല വിദേശ വിദ്യാർത്ഥികളും കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാലയെ ഇപ്പോൾ ഒഴിവാക്കുന്നത്. നിലവിൽ ഈ സർവ്വകലാശാലയിൽ പഠിക്കുന്ന വിദേശ വിദ്യാർത്ഥികൾ പരിമിതമായ സൗകര്യങ്ങളുമായി ഒത്തുപോകുന്ന വികസ്വര രാജ്യങ്ങളിൽ നിന്നുള്ളവർ മാത്രമാണ് എന്നുള്ളത് തികച്ചും ശ്രദ്ധേയമായ കാര്യമാണ്.

2. <u>സർവ്വകലാശാലയെ വ്യക്തമായ രീതിയിൽ മാർക്കറ്റ് ചെയ്യൽ</u> :

ടൈംസ് ഹയർ എഡ്യൂക്കേഷൻ പുറത്തിറക്കിയ ലോകത്തിലെ ഏറ്റവും മികച്ച സർവ്വകലാശാലകളുടെ ലിസ്റ്റിൽ ഇടം പിടിച്ച കേരളത്തിൽ നിന്നുള്ള ഏക സർവ്വകലാശാലയായ കൊച്ചി സർവ്വകലാശാലയെ വിദേശ വിദ്യാർത്ഥികൾക്കിടയിൽ മാർക്കറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ വിദേശ വിദ്യാർത്ഥികൾക്ക് ഉപകാരപ്രദമായ വിധത്തിൽ സംസ്കൃതത്തിൽ വിവിധ കോഴ്സുകൾ (MOOC) ആവിഷ്കരിക്കുവാനുള്ള നടപടികൾ പരിഗണനയിലാണ്. വിദേശ വിദ്യാർത്ഥികളെ കൂടുതലായി കേരളത്തിലേക്ക് ആകർഷിക്കുന്നതിനുവേണ്ടി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഏറ്റെടുത്ത് നടത്തുന്ന പദ്ധതിയായ ഇന്റർനാഷണൽ റിലേഷൻസ് ഗ്രൂപ്പിന്റെ ഭാഗമായി പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി കേരളത്തിലെ നാല് യൂണിവേഴ്സിറ്റികൾക്ക് 39.40 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്.

സർവ്വകലാശാലകളിലെ തുല്യതാ സർട്ടിഫിക്കറ്റ് കാര്യത്തിൽ വിദേശ വിദ്യാർത്ഥികൾക്ക് ഒരു പ്രത്യേക അഡ്മിഷൻ കമ്മിറ്റി ഓരോന്നും പ്രത്യേകമായി പരിഗണിച്ച് അഡ്മിഷൻ വേഗത്തിലാക്കുവാനും വിദേശ വിദ്യാർത്ഥികളുടെ അഡ്മിനിസ്ട്രേറ്റീവ് കാര്യങ്ങൾ വേഗത്തിൽ നടത്തിക്കൊടുക്കുവാൻ ഒരു ഏകജാലക സംവിധാനം യൂണിവേഴ്സിറ്റി അഡ്മിനിസ്ട്രേഷനിൽ സ്ഥാപിക്കുവാനും വിദേശ വിദ്യാർത്ഥികളുടെ ഡിഗ്രി മറ്റ് സർട്ടിഫിക്കറ്റുകൾ എന്നിവ റിസൾട്ട് വന്ന് ഒരാഴ്ചക്കകം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാനും വിദേശ വിദ്യാർത്ഥികൾക്കായി സ്വയം ഭക്ഷണം പാചകം ചെയ്യുവാനുള്ള (ഒരു നിലയിൽ ഒരു കിച്ചൺ) സംവിധാനത്തോടുകൂടി പ്രത്യേകം ഹോസ്റ്റൽ സൗകര്യം ഉറപ്പാക്കുവാനും അഡ്മിഷനുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ഓൺലൈനായി ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തുവാനും വെബ്സൈറ്റിൽ വിവിധ കോഴ്സുകളെപ്പറ്റിയുള്ള വിശദമായ ബ്രോഷർ അപ്‌ലോഡ് ചെയ്യുവാനും വിദേശ വിദ്യാർത്ഥികൾക്ക് എപ്പോൾ വേണമെങ്കിലും അഡ്മിഷൻ ആപ്ലിക്കേഷൻ കൊടുക്കുവാനുള്ള സൗകര്യം ലഭ്യമാക്കുവാനും ക്രഡിറ്റ് ട്രാൻസ്ഫറിനുള്ള സൗകര്യം അക്കാദമിക് വിഭാഗം സ്ഥാപിക്കുവാനും കേരളത്തിന്റെ പ്രത്യേക ഭൂപ്രകൃതി, കാലാവസ്ഥ, ഗ്രീൻ എൻവയോൺമെന്റ് അടങ്ങിയ "ദൈവത്തിന്റെ സ്വന്തം നാട്" എന്ന ആശയം ഉയർത്തി കാണിക്കാനും കൂടുതൽ വിദേശ വിദ്യാർത്ഥികളെ ആകർഷിക്കുവാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

കാലിക്കറ്റ് സർവ്വകലാശാലയിൽ വിദേശ വിദ്യാർത്ഥികളെ കൂടുതൽ ആകർഷിക്കുന്നതിനായി അവരുടെ അഡ്മിഷൻ മുതൽ കോഴ്സ് പൂർത്തീകരണം വരെയുള്ള കാര്യങ്ങൾ ഏകോപിപ്പിക്കാൻ സർവ്വകലാശാലയിൽ ഏകജാലക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സർവ്വകലാശാല കാമ്പസ്സിൽ വിദേശ വിദ്യാർത്ഥികൾക്ക് മാത്രമായി ഇന്റർനാഷണൽ സ്റ്റുഡന്റ്സ് ഹോസ്റ്റൽ സ്ഥാപിച്ചിട്ടുണ്ട്. വിദേശ വിദ്യാർത്ഥികളുടെ പരീക്ഷാ നടത്തിപ്പ്, റിസൽട്ട് പുറത്തുവിടൽ, സർട്ടിഫിക്കറ്റ് നൽകൽ എന്നിവ വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാല കോഴ്സുകളെ ഏകീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(എഫ്) കുട്ടികൾക്ക് ലോക നിലവാരത്തിലുള്ള ഉന്നത നിയമപഠനം സംസ്ഥാനത്ത് തന്നെ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ന്യുവാൽസ് ബൃഹത്തായ പല പദ്ധതികളും ആസൂത്രണം ചെയ്തിട്ടുണ്ട്. ലോക നിലവാരത്തിലുള്ള ഉന്നത പഠനം കൊച്ചി സർവ്വകലാശാലയിൽ നിലവിൽ ലഭ്യമാണ്. എങ്കിലും പ്രൊമോഷണൽ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. വിദേശ സർവ്വകലാശാല പ്രതിനിധികൾ കേരളത്തിൽ ഈ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നുണ്ട്. മാത്രമല്ല പഠനത്തിനുശേഷമുള്ള മികച്ച ജോലി സാധ്യതയും വിദേശത്താണ് കൂടുതലായുള്ളത്. എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയിൽ കോഴ്സുകളുടെ അന്താരാഷ്ട്ര തലത്തിലുള്ള നിലവാരം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 13-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ സാങ്കേതിക വിദ്യാഭ്യാസ രംഗം ലോക നിലവാരമുള്ളതാക്കാൻ കർമ്മ പദ്ധതി തയ്യാറാക്കി പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. എഞ്ചിനീയറിംഗ് കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കാനും പോളിടെക്നിക്ക് കോളേജുകളെ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കാനും അക്രഡിറ്റേഷൻ നേടാനും വേണ്ടിയുള്ള നടപടികൾ കർമ്മ പദ്ധതിയിൽ പ്രതിപാദിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരമുയർത്തുന്നതിനായി കാലാകാലങ്ങളിൽ യു.ജി.സി.യും ഗവൺമെന്റും നൽകുന്ന നിർദ്ദേശങ്ങൾ മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നടപ്പിലാക്കി വരുന്നു.

## സർവ്വകലാശാലാ സിൻഡിക്കേറ്റ് ഉപസമിതിയുടെ കണ്ടെത്തലുകൾ

222 (1306) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ലാ അക്കാഡമി ലാ കോളേജിനെതിരെ വിദ്യാർത്ഥികൾ ഉന്നയിച്ച ആരോപണങ്ങൾ അന്വേഷിച്ച സർവ്വകലാശാലാ സിൻഡിക്കേറ്റ് ഉപസമിതിയുടെ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു;

(ബി) കോളേജ് നടത്തിപ്പിൽ ഗുരുതരമായ വീഴ്ചയുണ്ടെന്ന് ഉപസമിതിയുടെ കണ്ടെത്തലുകളിലുണ്ടോ; എങ്കിൽ ഇതിനെപ്പറ്റി സമഗ്ര അന്വേഷണം നടത്തുവാനുള്ള നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) കേരളാ ലാ അക്കാഡമി ലാ കോളേജിനെതിരെ വിദ്യാർത്ഥികൾ ഉന്നയിച്ച ആരോപണങ്ങൾ അന്വേഷിച്ച സർവ്വകലാശാല ഉപസമിതിയുടെ റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.*

(ബി) സിൻഡിക്കേറ്റ് ഉപസമിതിയുടെ റിപ്പോർട്ടിന്മേൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുവാൻ കേരള സർവ്വകലാശാലയ്ക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സ്വാശ്രയവിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ

223 (1307) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്വാശ്രയ കോളേജുകൾ വിദ്യാർത്ഥികളിൽനിന്നും ചില പ്രത്യേക കാരണങ്ങൾ ചൂണ്ടിക്കാട്ടി അമിതമായ പിഴ, പ്രവർത്തിക്കാത്ത സമയത്തുമുള്ള ഹോസ്റ്റൽ ഫീസ്, സെമസ്റ്റർ തോറ്റുപോയാൽ ഒരു വർഷത്തെ ഫീസ്, ചാരിറ്റിക്കു വേണ്ടിയെന്ന രീതിയിലുള്ള പിഴ പിരിവ്, പിഴ പിരിക്കുന്നതിന് അദ്ധ്യാപകർക്ക് ടാർജറ്റ്, പ്ലേസ്മെന്റിൽ തട്ടിപ്പ്, യോഗ്യതയില്ലാത്ത അദ്ധ്യാപകരെ നിയോഗിച്ച് ക്ലാസ്സെടുക്കൽ എന്നിവ നടത്തുന്നതിനായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം പ്രവണതകൾ വർദ്ധിച്ചുവരുന്നതുമൂലം ഉന്നതവിദ്യാഭ്യാസ മേഖലയിൽ പ്രശ്നങ്ങൾ കടന്നുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വാശ്രയ കോളേജുകളിൽ നിലവാരം കുറഞ്ഞുവരുന്നതും റിസൾട്ട് മോശമായി വരുന്നതും ചൂണ്ടിക്കാട്ടി മാനേജ്മെന്റുകൾ ഇത്തരം ദുഷ്പ്രവണതകൾ കാട്ടി വരുമാനമുണ്ടാക്കുന്നത് തടയുവാൻ ഉന്നത വിദ്യാഭ്യാസ രംഗത്ത് യൂണിവേഴ്സിറ്റികൾക്ക് ഫൈൻ ഈടാക്കാനായി ഒരു പൊതു നയം രൂപീകരിക്കാനും ഇപ്രകാരം പിരിച്ചെടുക്കുന്ന തുക യൂണിവേഴ്സിറ്റി പ്രവർത്തനങ്ങൾക്കുവേണ്ടി മാത്രം ഉപയോഗിക്കാനും നടപടി സ്വീകരിക്കുമോ;

(സി) 2014-15 വർഷത്തെ സ്വാശ്രയ കോളേജ് റിസൾട്ടുകളിൽ സംസ്ഥാനത്ത് 30%ത്തിൽ കുറവു റിസൾട്ട് വന്ന സ്വാശ്രയ കോളേജുകൾ ഏതെല്ലാം;

(ഡി) സംസ്ഥാനത്തെ സ്വാശ്രയ കോളേജുകളിൽ ഫൈൻ അടയ്ക്കാൻ തയ്യാറാകാത്ത കുട്ടികൾ, ഫൈൻ തുടങ്ങിയ സ്വാശ്രയ മാനേജ്മെന്റ് പ്രവർത്തനത്തിനെതിരെ സംഘടിക്കുന്ന കുട്ടികൾ എന്നിവരെ മർദ്ദിക്കുന്നതിനായി പല കോളേജുകളിലും ഇടിമുറികളും അദ്ധ്യാപകരുൾപ്പെടെ ഗുണ്ടകളേയും നിയോഗിച്ചിരിക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ സ്വകാര്യ/സ്വാശ്രയ മേഖലയിലെ ദുഷ്പ്രവണതകൾ തടയുവാനും ഉന്നതവിദ്യാഭ്യാസ മേഖല സംരക്ഷിക്കുവാനും എല്ലാ യൂണിവേഴ്സിറ്റികൾക്കുമായി ഇത്തരം വിഷയങ്ങളിൽ ഒരു ഏകീകൃത നിയമവ്യവസ്ഥ ഉണ്ടാക്കുവാനും നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്. എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയുടെ കീഴിലുള്ള കോട്ടയം മറ്റക്കര ടോംസ് കോളേജ് ഓഫ് എൻജിനീയറിംഗ് ഫോർ സ്റ്റാർട്ടപ്പിൽനിന്നും അമിതമായ പിഴ ഈടാക്കുന്നത് സംബന്ധിച്ച് പരാതി

ലഭിച്ചിട്ടുണ്ട്. കോളേജിന്റെ പ്രവർത്തനം സർവ്വകലാശാലയുടെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നടക്കുന്നുവെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ കോളേജിന് തുടർന്നുള്ള അഫിലിയേഷൻ നൽകാതിരിക്കുവാനും ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികളെ അവരുടെ താൽപ്പര്യാർത്ഥം മറ്റു കോളേജുകളിലേക്ക് മാറ്റുന്നതിനുള്ള അവസരം നൽകിക്കൊണ്ടും തീരുമാനമെടുക്കുകയുണ്ടായി. ഇതു സംബന്ധിച്ച എല്ലാ വിവരവും എ.ഐ.സി.റ്റി.ഇ-യെ അറിയിക്കുകയും വേണ്ട സത്വര നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൊല്ലം ഓയൂർ ട്രാവൻകൂർ കോളേജ് ഓഫ് എഞ്ചിനീയറിംഗ് എന്ന സ്ഥാപനത്തിൽ ക്ലാസ്സുകൾ നടത്താതെ വിദ്യാർത്ഥികളുടെ പഠനം തടസ്സപ്പെടുത്തുന്നതായി പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തുകയും വിദ്യാർത്ഥികളെ മറ്റ് കോളേജുകളിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) മോഡൽ പോളിടെക്നിക്ക് കോളേജ്, പൂഞ്ഞാർ, മോഡൽ പോളിടെക്നിക് കോളേജ്, പൈനാവ് എന്നിവിടങ്ങളിൽ 2014-15-ൽ റിസൽറ്റ് 30%ൽ കുറവായിരുന്നു.

(ഡി) ഉണ്ട്, സംസ്ഥാനത്തെ രണ്ട് സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ (നെഹ്റു കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് റിസർച്ച് സെന്റർ പാമ്പാടി, ടോംസ് കോളേജ് ഓഫ് എഞ്ചനീയറിംഗ് ഫോർ സ്റ്റാർട്ട് അപ്പ്, മറ്റക്കര, കോട്ടയം) നടന്ന വ്യത്യസ്തമായ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഈ കോളേജുകളിലേക്ക് ഒരു അന്വേഷണം നടത്താൻ രണ്ട് സീനിയർ പ്രൊഫസർമാരെ നിയോഗിച്ചിട്ടുണ്ട്.

(ഇ) സ്വാശ്രയ കോളേജുകളിലെ വിദ്യാഭ്യാസ നിലവാരത്തെക്കുറിച്ചും മറ്റും പഠിക്കുന്നതിലേക്കായി ഒരു മൂന്നംഗ കമ്മീഷനെ സർക്കാർ ജി.ഒ. (എംഎസ്.) നമ്പർ 37/2017/ഉ.വി.വ. തീയതി 4-2-2017 പ്രകാരം നിയമിച്ച് ഉത്തരവായിട്ടുണ്ട്.

**എളങ്കുന്നപ്പുഴയിൽ സർക്കാർ കോളേജിന്റെ പ്രവർത്തനം**

224 (1308) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എളങ്കുന്നപ്പുഴയിൽ പുതുതായി അനുവദിച്ച സർക്കാർ കോളേജിന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ പ്രാരംഭപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ചുമതലപ്പെടുത്തിയിരിക്കുന്നത് ആരെയെന്ന് വ്യക്തമാക്കുമോ; ചുമതലപ്പെടുത്തിയിട്ടില്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) കോളേജിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനായി നിലവിൽ എന്തെല്ലാം മുന്നൊരുക്കങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) 7-12-2016-ലെ സ.ഉ. (എംഎസ്)നമ്പർ 242/2016/ഉവിവ സർക്കാർ ഉത്തരവ് പ്രകാരം 2017-18-ൽ വൈപ്പിൻ നിയോജക മണ്ഡലത്തിൽ പുതുതായി ഒരു സർക്കാർ ആർട്ട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവായിരുന്നു. പ്രസ്തുത കോളേജിൽ ആരംഭിക്കേണ്ട കോഴ്സുകളെ സംബന്ധിച്ച് (ആവശ്യകത, വർക്ക് ലോഡ്, സാമ്പത്തിക ബാധ്യത എന്നിവ ഉൾപ്പെടെ) വ്യക്തമായ നിർദ്ദേശം ലഭ്യമാക്കുവാൻ കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സ്വാശ്രയ കോളേജുകൾക്ക് നിയമ വ്യവസ്ഥ**

225 (1309) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ മാനേജ്മെന്റിന്റെ ഭാഗത്തുനിന്നും വിദ്യാർത്ഥി പീഡനങ്ങളും അന്യായമായ ഫൈൻ ഈടാക്കലും മറ്റും നടക്കുന്നതായിട്ടുള്ള ആക്ഷേപങ്ങൾ കണക്കിലെടുത്ത് ഓരോ സ്വാശ്രയകോളേജുകളിലും പി.റ്റി.എ. കമ്മറ്റിയും സ്റ്റുഡൻസ് വെൽഫയർ കമ്മറ്റിയും രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) സ്വാശ്രയ വിദ്യാഭ്യാസ രംഗത്ത് സർക്കാരിന് ശക്തമായി ഇടപെടാൻ കഴിയുന്ന തരത്തിൽ നിയമനിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നല്കുമോ?

<u>ഉത്തരം</u>

(എ) സ്വാശ്രയ കോളേജുകളെ സംബന്ധിച്ച വ്യാപകമായ പരാതികൾ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ അവയുടെ വിദ്യാഭ്യാസ നിലവാരത്തെക്കുറിച്ച് പഠിക്കുവാൻ സർക്കാർ ഒരു മൂന്നംഗ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. കൂടാതെ ഇന്റേണൽ അസസ്സ്മെന്റ് സംബന്ധിച്ചുള്ള നടപടികൾക്കും പരിഷ്കാരങ്ങൾക്കുമായി നാല് സർവ്വകലാശാലാ വി.സി.മാർ അടങ്ങിയ ഒരു സമിതിയേയും നിയോഗിച്ചിട്ടുണ്ട്. സംസ്ഥാനത്ത് സ്വാശ്രയ കോളേജുകളെ സംബന്ധിച്ച ആക്ഷേപങ്ങൾ കണക്കിലെടുത്ത് എല്ലാ കോളേജുകളിലും പി.ടി.എ. സംവിധാനം ഫലപ്രദമായി നടപ്പിലാക്കണമെന്ന് സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സ്വാശ്രയ രംഗത്ത് ശക്തമായി ഇടപെടാൻ സാധിക്കുന്ന വിധത്തിൽ സർക്കാർ കാലാകാലങ്ങളിൽ ഉത്തരവുകൾ ഇറക്കുകയും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുന്നുണ്ട്. സർക്കാരിൽനിന്നും എ.ഐ.സി.റ്റി.ഇ., സർവ്വകലാശാലകൾ എന്നിവയിൽനിന്നും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഇത്തരം മാർഗ്ഗനിർദ്ദേശങ്ങൾക്കും, നിബന്ധനകൾക്കും വിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ അഫിലിയേഷൻ റദ്ദാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

**സ്വാശ്രയകോളേജുകളുടെ പ്രവർത്തനം**

226 (1310) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ പാമ്പാടി നെഹ്റു എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥി വിഷ്ണു പ്രണോയിയുടെ ദുരൂഹ മരണത്തിന് കാരണക്കാർ കോളേജ് മാനേജ്മെന്റ് ആണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിദ്യാർത്ഥി കോപ്പിയടിച്ചുവെന്ന കള്ള ആരോപണം ഉന്നയിച്ച് വിദ്യാർത്ഥിയെ പീഡിപ്പിച്ചതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) സ്വാശ്രയ കോളേജുകളുടെ പ്രവർത്തനം പരിശോധിക്കുവാൻ സർക്കാർ ഉന്നത തല സമിതിയെ നിയോഗിച്ചിട്ടുണ്ടോ; പ്രസ്തുത സമിതിയിലെ അംഗങ്ങൾ ആരൊക്കെയാണ്; സമിതിയുടെ പരിശോധനാ വിഷയങ്ങൾ എന്തൊക്കെയാണ്;

(സി) സ്വാശ്രയ കോളേജുകളിലെ കുട്ടികളുടെ പഠനം, പഠനേതര പ്രവർത്തനങ്ങൾ, താമസ സൗകര്യങ്ങൾ, പരീക്ഷാ നടത്തിപ്പ്, ഇന്റേണൽ അസ്സസ്സ്മെന്റ് എന്നിവ ഉന്നത സമിതിയുടെ പരിഗണനയ്ക്ക് വരുമോ ;

(ഡി) പാമ്പാടി കോളേജിന്റെ പ്രവർത്തനം ഈ സമിതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കോളേജിനെതിരെ ഉയർന്നുവന്ന ആക്ഷേപങ്ങളിൽ എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഇ) സംസ്ഥാനത്ത് എത്ര സ്വാശ്രയ കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്; ഓരോ വിഭാഗത്തിലും നിലവിലുള്ള കോളേജുകളുടെ വിശദാംശം നൽകുമോ; പല സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വിദ്യാർത്ഥികളെ പീഡിപ്പിക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) സാങ്കേതിക സർവ്വകലാശാലയുടെ കീഴിലുള്ള വിദ്യാർത്ഥികളുടെ പരാതികൾക്ക് പരിഹാരം കാണുന്നതിന് ഓംബുഡ്സ്മാനെ നിയമിക്കുവാൻ സാങ്കേതിക സർവ്വകലാശാല തീരുമാനമെടുത്തിട്ടുണ്ടോ; പ്രസ്തുത ഓംബുഡ്സ്മാന്റെ അധികാര പരിധിയിൽ വരുന്ന വിഷയങ്ങൾ എന്തൊക്കെയാണ്;

(ജി) എ. ഐ. റ്റി. സി. ഇ. 2012-ലെ പരാതി പരിഹാര ചട്ടങ്ങൾ പ്രകാരം സ്വാശ്രയ കോളേജുകളിൽ പരാതി പരിഹാര സംവിധാനം ഉണ്ടാക്കേണ്ടതുണ്ടോ; എങ്കിൽ പ്രസ്തുത പരാതി പരിഹാര സംവിധാനത്തിൽ പരാതി നൽകി എത്ര ദിവസം കഴിഞ്ഞാണ് ഓംബുഡ്സ്മാന് പരാതി നൽകുവാൻ കഴിയുക എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പാമ്പാടി നെഹ്റു കോളേജിലെ വിദ്യാർത്ഥി ജിഷ്ണു പ്രണോയിയുടെ ദുരൂഹ മരണം സംബന്ധിച്ച് പോലീസ് അന്വേഷണം നടത്തിവരുന്നതേയുള്ളൂ. കേസ്സന്വേഷണം പൂർത്തിയായാൽ മാത്രമേ ഈ വിഷയത്തിൽ കൂടുതൽ വ്യക്തത ലഭ്യമാകുകയുള്ളൂ. ടി വിദ്യാർത്ഥി കോപ്പിയടിച്ചതായുള്ള പരാതികളൊന്നും തന്നെ സർവ്വകലാശാലയിൽ ലഭിച്ചിട്ടില്ല.

(ബി&സി) ഉണ്ട്. ജസ്റ്റിസ് കെ. കെ. ദിനേശൻ, ഡോ. കെ. കെ. എൻ. കുറുപ്പ്, ഡോ. ആർ. വി. ജി. മേനോൻ എന്നിവരാണ് സ്വാശ്രയ കോളേജുകളിലെ പ്രശ്നങ്ങൾ പഠിക്കുവാൻ സർക്കാർ നിയോഗിച്ചിട്ടുള്ള ഉന്നതതല സമിതിയിലെ അംഗങ്ങൾ. സംസ്ഥാനത്തെ എല്ലാ സ്വാശ്രയ സ്ഥാപനങ്ങളിലും നിലവിലുള്ള എല്ലാവിധ പ്രശ്നങ്ങളും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനാണ് പ്രസ്തുത കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരിക്കുന്നത്. കൂടാതെ ഇന്റേണൽ അസസ്മെന്റ് സംബന്ധിച്ചുള്ള നടപടികൾക്കും പരിഷ്കാരങ്ങൾക്കുമായി നാല് സർവ്വകലാശാലാ വി.സി.മാർ ഉൾപ്പെട്ട ഒരു സമിതിയേയും നിയോഗിച്ചിട്ടുണ്ട്.

(ഡി) 4-2-2017-ൽ രൂപീകരിച്ച ടി സമിതി ഇതുവരെ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. നാലുമാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുവാനാണ് നിർദ്ദേശിച്ചിരിക്കുന്നത്.

(ഇ) സംസ്ഥാനത്ത് 141 സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 22 എണ്ണം സർക്കാർ അംഗീകൃത സ്ഥാപനങ്ങൾ നേരിട്ട് നടത്തുന്നവയും, 119 എണ്ണം സ്വകാര്യമേഖലയിലുള്ളവയുമാണ്. ചില സ്വാശ്രയ കോളേജുകൾക്കെതിരെ വിദ്യാർത്ഥി പീഡനം സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ട്.

(എഫ്) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാർത്ഥി വിരുദ്ധ നടപടികൾ അവലോകനം ചെയ്യുന്നതിനും സമയാസമയങ്ങളിൽ പ്രസ്തുത പരാതികളിൻമേൽ യുക്തമായ നടപടി സ്വീകരിക്കുന്നതിനുമായി സാങ്കേതിക സർവ്വകലാശാലയിൽ ഒരു ഓംബുഡ്സ്മാനെ നിയമിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ജി) എ.ഐ.സി.റ്റി.ഇ. 2012-ലെ പരാതി പരിഹാര ചട്ടങ്ങൾ പ്രകാരം സ്വാശ്രയ കോളേജുകളിൽ പരാതി പരിഹാര സംവിധാനം ഉണ്ടാക്കേണ്ടതുണ്ട്. കോളേജിലെ പരാതിപരിഹാര സംവിധാനം വഴി പരാതി പരിഹരിക്കപ്പെടുന്നില്ലെങ്കിൽ 6 ദിവസത്തിനുള്ളിൽ ഓംബുഡ്സ്മാന് അപ്പീൽ നൽകാവുന്നതാണ്.

## എ.ഐ.സി.റ്റി.ഇ. നിബന്ധന അനുസരിച്ചുള്ള ലക്ചറർ, വിദ്യാർത്ഥി അനുപാതം

227 (1311) ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പോളി ടെക്നിക്കുകളിൽ എ. ഐ. സി. റ്റി. ഇ. നിബന്ധന അനുസരിച്ചുള്ള ലക്ചറർ, വിദ്യാർത്ഥി അനുപാതം നിലവിലുണ്ടോ;

(ബി) എ. ഐ. സി. റ്റി. ഇ. നിബന്ധന പ്രകാരം ലക്ചറർ, വിദ്യാർത്ഥി അനുപാതം എത്രയാണ്; നിലവിലുള്ള അനുപാതം എത്രയാണ്;

(സി) ലക്ചറർമാരുടെ കുറവുമൂലം വട്ടിയൂർക്കാവ് പോളി ടെക്നിക്കിന് എ.ഐ.സി.റ്റി.ഇ. അംഗീകാരം റദ്ദാക്കിയോ;

(ഡി) ലക്ചറർമാരുടെ അനുപാതം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)കേരളത്തിലെ പോളിടെക്നിക്കുകളിൽ 21-12-1998-ലെ ജി.ഒ.(എംഎസ്) നമ്പർ 158/98/ഉവിവ. പ്രകാരമുള്ള സ്റ്റാന്റേർഡ് സ്റ്റാഫ് പാറ്റേൺ ആണ് നിലവിലുള്ളത്. എ.ഐ.സി.റ്റി.ഇ. സ്റ്റാഫ് സ്ട്രക്ചർ അനുസരിച്ചാണ് ഇത് തയ്യാറാക്കിയിട്ടുള്ളത്.

(ബി) എ.ഐ.സി.റ്റി.ഇ. നിബന്ധന പ്രകാരമുള്ള അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം (അവലംബം- EOA മാന്വൽ, 2016) താഴെ പറയുന്നു

| | ജോലി സ്വഭാവം | വിദ്യാർത്ഥികൾ/ബാച്ച് |
|---|---|---|
| 1. | തിയറി ലക്ചർ ക്ലാസ് | 40 മുതൽ 60:1 |
| 2. | ട്യൂട്ടോറിയൽ | 20:1 |
| 3. | ലാബ് പ്രാക്ടിക്കൽ/വർക്ക്ഷോപ്പ്/ഡ്രോയിംഗ് | 20:1 |
| 4. | പ്രൊജക്റ്റ് | 5:1 |

നിലവിൽ പിൻതുടരുന്ന ഗവൺമെന്റ് ഉത്തരവായ 21-12-1998 ജി.ഒ. (എംഎസ്) നമ്പർ 158/98/ഉ.വി.വ. പ്രകാരം സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചിരിക്കുന്നത് വിദ്യാർത്ഥികളുടെ എണ്ണം അടിസ്ഥാനമാക്കിയല്ല. നിലവിലെ സ്ഥിതിയിൽ ഓരോ ബ്രാഞ്ചിലും ഹെഡ് ഓഫ് ഡിപ്പാർട്ടുമെന്റ് ഉൾപ്പെടെ 7 തസ്തികകളാണുള്ളത്. 60 വിദ്യാർത്ഥികളെ ഒരു ഡിപ്ലോമ ബാച്ചിൽ പരിഗണിക്കുമ്പോൾ ഇത് 1:22.5 (180 വിദ്യാർത്ഥികൾക്ക് 8 അദ്ധ്യാപകർ) ആണ്. ഇതിനു പുറമേ പൊതു വിഷയങ്ങൾക്ക് 4 ലക്ചറർ തസ്തിക ഓരോ സ്ഥാപനത്തിലും നിലവിലുണ്ട്.

(സി&ഡി) വട്ടിയൂർക്കാവ് പോളിടെക്നിക്കിൽ എ.ഐ.സി.റ്റി.ഇ. ടീം നടത്തിയ ഇൻസ്പെക്ഷനിൽ കണ്ടെത്തിയ ഇരുപതോളം പോരായ്മകളിൽ ഒരെണ്ണം സ്ഥാപനത്തിന് എ.ഐ.സി.റ്റി.ഇ. നിബന്ധന പ്രകാരമുള്ള ലക്ചറർ തസ്തികകൾ കുറവാണെന്നതായിരുന്നു. മേൽപ്പറഞ്ഞ പോരായ്മകൾ കാരണം സ്ഥാപനത്തിന്റെ 2016-17 ലേക്കുള്ള തുടർ അംഗീകാരം റദ്ദാക്കുകയും ചെയ്തു. അപാകതകൾ പരിഹരിച്ച് അംഗീകാരം നേടുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി 7-8-2016-ലെ ജി.ഒ. (എം.എസ്) നമ്പർ 175/16/ഉവിവ സർക്കാർ ഉത്തരവനുസരിച്ച് വിവിധ ബ്രാഞ്ചുകളിലായി 26 ലക്ചറർ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

## സാങ്കേതിക സർവ്വകലാശാല നടത്തിയ ബി.ടെക് പരീക്ഷകൾ തടസ്സപ്പെടാനിടയായ സാഹചര്യം

228 (1312) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സാങ്കേതിക സർവ്വകലാശാല നടത്തിയ ബി.ടെക് പരീക്ഷകൾ തടസ്സപ്പെടാനിടയായ സാഹചര്യം വിശദമാക്കുമോ;

(ബി) സ്വാശ്രയ കോളേജുകൾ ഉൾപ്പെടെയുള്ള ഏതൊക്കെ കോളേജുകളിലാണ് പരീക്ഷ തടസ്സപ്പെട്ടതെന്നും എത്ര വിദ്യാർത്ഥികൾക്കാണ് പരീക്ഷ എഴുതാൻ കഴിയാതെ വന്നതെന്നും വ്യക്തമാക്കാമോ;

(സി) പരീക്ഷ എഴുതാനാവാതെ വന്നവർക്ക് പരീക്ഷ എഴുതുന്നതിന് എന്ത് പകരം സംവിധാനമാണ് ഒരുക്കിയതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതുമൂലം യൂണിവേഴ്സിറ്റിക്ക് എത്രമാത്രം അധികബാധ്യത ഉണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഇ) പരീക്ഷ മുടക്കിയവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) എ. പി. ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകാലാശാല വിദ്യാഭ്യാസ വർഷാരംഭത്തിൽ തന്നെ അക്കാദമിക് കലണ്ടർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൽ പരീക്ഷ അടക്കമുള്ളവയുടെ വിശദാംശങ്ങൾ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് 2016-17-ലെ ഒന്നും മൂന്നും സെമസ്റ്റർ ബി.ടെക് പരീക്ഷ ആരംഭിക്കേണ്ടിയിരുന്നത് 2016 ഡിസംബർ രണ്ടിനായിരുന്നു. പരീക്ഷകൾക്കിടയിൽ കൂടുതൽ ഇടവേള

വേണമെന്നും പരീക്ഷ നടത്തിപ്പ് സുതാര്യമാക്കണമെന്നും ആവശ്യപ്പെട്ട് വിദ്യാർത്ഥികൾ സമരം നടത്തുകയും ഇതേ തുടർന്ന് സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പരീക്ഷ മാറ്റിവയ്ക്കുകയും 2017 ജനുവരി 13-ന് പരീക്ഷ പുനഃക്രമീകരിക്കുകയും ചെയ്തു. എന്നാൽ ചില പരീക്ഷാ കേന്ദ്രങ്ങളിൽ വിദ്യാർത്ഥികൾ തടസം ഉണ്ടാക്കിയതിനെ തുടർന്ന് പരീക്ഷ വീണ്ടും മാറ്റി വച്ചു.

(ബി) പരീക്ഷ തടസ്സപ്പെട്ട കോളേജുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(സി) പരീക്ഷ പുനഃക്രമീകരിച്ചതനുസരിച്ച് ഒന്നാം സെമസ്റ്റർ പരീക്ഷ 2017 ഫെബ്രുവരി 25-ന് നടന്നു

(ഡി) പുനഃക്രമീകരിച്ച പരീക്ഷ ഇനിയും നടക്കേണ്ടതായിട്ടുള്ളതിനാൽ, ഇത് സംബന്ധിച്ച കണക്കെടുപ്പ് നടത്തിയിട്ടില്ല.

(ഇ) നടപടികൾ ഒന്നുംതന്നെ സ്വീകരിച്ചിട്ടില്ല.

**വിദ്യാഭ്യാസ വാണിജ്യവൽക്കരണത്തിനെതിരെ നിയമനിർമ്മാണം**

229 (1313) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വിദ്യാഭ്യാസത്തിലെ വാണിജ്യവൽക്കരണം കൂടി വരുന്ന സാഹചര്യത്തിൽ ഇതിനെതിരേ നിയമ നിർമാണം പരിഗണനയിലുണ്ടോ?

ഉത്തരം

വിദ്യാഭ്യാസത്തിന്റെ വാണിജ്യവൽക്കരണം തടയാനായി സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിൽ പുതിയ സ്വാശ്രയ കോളേജുകളോ, കോഴ്സുകളോ അനുവദിക്കുന്നതിന് നിയന്ത്രണമേർപ്പെടുത്തിയിരുന്നു. കൂടാതെ, സ്വാശ്രയകോളേജുകളിലെ വിദ്യാഭ്യാസ നിലവാരത്തെക്കുറിച്ചും മറ്റും പഠിക്കുന്നതിനായി ഒരു മൂന്നംഗ കമ്മീഷനെ സർക്കാർ ജി.ഒ.(എംഎസ്) നമ്പർ 37/2017/ഉവിവ., തീയതി 4-2-2017 പ്രകാരം നിയമിച്ച് ഉത്തരവായിട്ടുണ്ട്. വിദ്യാഭ്യാസത്തിലെ വാണിജ്യവൽക്കരണത്തിനെതിരെ നിയമ നിർമ്മാണം ഇപ്പോൾ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്നീ തസ്തികകളിലെ ഒഴിവുകൾ

230 (1314) ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിൽ അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്നീ തസ്തികളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് നിലവിലുള്ള ലിസ്റ്റിൽനിന്നും നിയമനം ത്വരിതപ്പെടുത്തുമോ?

ഉത്തരം

(എ&ബി) ഒഴിവുകൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

കേരള ഫിഷറീസ്-സമുദ്ര പഠന സർവ്വകലാശാല

| | | |
|---|---|---|
| അസിസ്റ്റന്റ് തസ്തികകളുടെ എണ്ണം | - | 1 |
| പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തത് | - | 1 |
| കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികകളുടെ എണ്ണം | - | 1 |
| പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തത് | - | 1 |

മലയാള സർവ്വകലാശാലയിൽ തസ്തിക സൃഷ്ടിച്ചിട്ടില്ല.

എ. പി. ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ സർവ്വകലാശാലയിൽ അസിസ്റ്റന്റ് തസ്തികയിൽ ആക്റ്റിൽ നിഷ്കർഷിച്ചിട്ടുള്ള സർവ്വകലാശാലകളിൽനിന്നും ഓപ്ഷൻ മുഖേന നിയമനം നടത്തുവാൻ നിർദ്ദേശിച്ചിരിക്കുന്നതിനാൽ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. കമ്പ്യൂട്ടർ അസിസ്റ്റന്റിന്റെ തസ്തിക സൃഷ്ടിച്ചിട്ടില്ല.

ന്യൂവാൽസ്

| | | |
|---|---|---|
| അസിസ്റ്റന്റ് തസ്തികകളുടെ എണ്ണം | - | 2 |
| പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തത് | - | 2 |

എം.ജി. സർവ്വകലാശാലയിൽ

| | | |
|---|---|---|
| അസിസ്റ്റന്റ് തസ്തികകളുടെ എണ്ണം | | കണക്കാക്കിയിട്ടില്ല. |
| പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തത് | - | 152 |

കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികകളുടെ എണ്ണം - 11 (NJD)

പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തത് - 61

കേരള ആരോഗ്യ സർവ്വകലാശാല

അസിസ്റ്റന്റ് തസ്തികകളുടെ എണ്ണം - 2

പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തത് - 2

കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികകളുടെ എണ്ണം - സൃഷ്ടിച്ചിട്ടില്ല.

കണ്ണൂർ സർവ്വകലാശാലയിൽ

അസിസ്റ്റന്റ് തസ്തികകളുടെ എണ്ണം - 2 (NJD)

കണ്ണൂർ സർവ്വകലാശാലയിൽ ടൈപ്പിസ്റ്റ് കം സ്റ്റെനോഗ്രാഫർ ഗ്രേഡ് II തസ്തിക പുനഃപരിവർത്തനം ചെയ്തതിനുശേഷം മാത്രമേ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുവാൻ സാധിക്കുകയുള്ളൂ.

കാലിക്കറ്റ് സർവ്വകലാശാല

അസിസ്റ്റന്റ് തസ്തികകളുടെ എണ്ണം - 6 (NJD)

കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികകളുടെ എണ്ണം - 0

പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തത് - 0

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല

അസിസ്റ്റന്റ് തസ്തികകളുടെ എണ്ണം - 0

കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികകളുടെ എണ്ണം - 0

കേരള സർവ്വകലാശാല

അസിസ്റ്റന്റ് തസ്തികകളുടെ ഒഴിവുകൾ കണക്കാക്കിയിട്ടില്ല.

കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികകളുടെ എണ്ണം - 36

എൽ.ഡി. ടൈപ്പിസ്റ്റ് (കമ്പ്യൂട്ടർ അസിസ്റ്റന്റുമാരുടെ) നിയമനവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

<u>കേരള വെറ്ററിനറി സർവ്വകലാശാല</u>

| | | |
|---|---|---|
| അസിസ്റ്റന്റ് തസ്തികകളുടെ എണ്ണം | - | 2 |
| പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തത് | - | 2 |
| കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികകളുടെ എണ്ണം | - | 5 |
| പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തത് | - | 0 |

<u>കേരള കാർഷിക സർവ്വകലാശാല</u>

| | | |
|---|---|---|
| അസിസ്റ്റന്റ് തസ്തികകളുടെ എണ്ണം | - | 205 |
| പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തത് | - | 199 |
| കംമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികകളുടെ എണ്ണം | - | 97 |
| പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തത് | - | 97 |

<u>കുസാറ്റ്</u>

| | | |
|---|---|---|
| അസിസ്റ്റന്റ് തസ്തികകളുടെ എണ്ണം | - | 13 |
| പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തത് | - | 08 |
| കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികകളുടെ എണ്ണം | - | 75 |
| പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തത് | - | 75 |

**യു.ജി.സി. ഓപ്റ്റ് ചെയ്യുന്ന അസിസ്റ്റന്റ് ലൈബ്രേറിയൻമാർക്ക് മുൻകാല സർവ്വീസിന് വെയിറ്റേജ്**

231 (1315) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർവകലാശാലയിൽ യു.ജി.സി. ഓപ്റ്റ് ചെയ്യുന്ന അസിസ്റ്റന്റ് ലൈബ്രേറിയൻമാർക്ക് മുൻകാല സർവ്വീസിന് വെയിറ്റേജ് നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഇല്ലായെങ്കിൽ മുൻകാല സർവ്വീസിന് വെയിറ്റേജ് നൽകുവാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) യു.ജി.സി. ഓപ്റ്റ് ചെയ്തവരുടെ മുൻകാല സർവ്വീസിന് വെയിറ്റേജ് നൽകാത്തതിനാൽ അവരുടെ പ്രതിമാസ ശമ്പളത്തിൽ ജൂനിയറിനേക്കാൾ വളരെ അധികം കുറവുണ്ടാകുന്നുവെന്നു കാണിച്ചും ആയതു പരിഹരിക്കണമെന്നപേക്ഷിച്ചും സർക്കാരിന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നൽകുന്നില്ല.

(ബി) സ്റ്റേറ്റ് സ്കീമും, യു.ജി.സി സ്കീമും താരതമ്യപ്പെടുത്തുവാൻ യു.ജി.സി. സ്കീമിൽ വ്യവസ്ഥ ഇല്ലാത്തതിനാൽ മുൻകാല സർവ്വീസിന് (സ്റ്റേറ്റ് സർവ്വീസ്) വെയിറ്റേജ് നൽകുവാൻ കഴിയില്ല.

(സി) ഉണ്ട്.

(ഡി) അസിസ്റ്റന്റ് ലൈബ്രേറിയൻമാരെ യു.ജി.സി. സ്കീമുകളിൽ ഉൾപ്പെടുത്തിയ തീയതി മുതൽ സ്റ്റേറ്റ് ഡി.എ.യുടെയും കേന്ദ്ര ഡി.എ. യുടേയും അടിസ്ഥാനത്തിൽ പരിശോധിച്ച് ശമ്പളം നിശ്ചയിക്കാൻ കേരള സർവ്വകലാശാല രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാല**

232 (1316) <u>ശ്രീ. എം. സ്വരാജ്</u> :
<u>ശ്രീ. പി. ടി. എ. റഹീം</u> :
<u>ശ്രീ. വി. ജോയി</u> :
<u>ശ്രീ. കാരാട്ട് റസാഖ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ ഉൾപ്പെടെയുള്ള എഞ്ചിനീയറിംഗ് കോളേജുകൾ എ.ഐ.സി.ടി.ഇ. നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്ന പരിശോധന ശരിയായ രീതിയിൽ നടത്താതെയാണ് കേരള ശാസ്ത്ര സാങ്കേതിക സർവകലാശാല ഇവയ്ക്ക് അഫിലിയേഷൻ നൽകുന്നതും പുതുക്കി നൽകുന്നതുമെന്ന പരാതിയെ കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത സർവ്വകലാശാലയിൽ മറ്റ് സർവ്വകലാശാലകളുടേതിൽനിന്ന് വ്യത്യസ്ത മാതൃകയിൽ വിവിധ ഉന്നത തസ്തികകൾ സൃഷ്ടിച്ചിരിക്കുന്നു എന്ന പരാതിയെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ ;

(സി) നിയമനങ്ങൾ നടത്തുന്നത് വ്യവസ്ഥാപിത രീതിയിലല്ലെന്ന ആക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ സർവകലാശാലയിൽനിന്ന് വിവരം തേടിയിട്ടുണ്ടോ; ഇതേ കുറിച്ച് അന്വേഷണം നടത്താൻ തയ്യാറാകുമോ?

ഉത്തരം

(എ) എ.ഐ.സി.ടി.ഇ നിബന്ധന പാലിക്കണമെന്ന കർശന നിർദ്ദേശത്തോടെയാണ് കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാല അഫിലിയേഷൻ നൽകുന്നത്. പ്രസ്തുത നിബന്ധനകൾ പാലിക്കാത്ത സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ അംഗീകാരം റദ്ദാക്കുന്നതിനുള്ള നടപടികൾ സാങ്കേതിക സർവ്വകലാശാല സ്വീകരിക്കാറുണ്ട്.

(ബി) ജി.ഒ.(എംഎസ്) നമ്പർ 1/2016/ഉ.വി.വ. തീയതി 1-1-2016-ലെ ഉത്തരവ് പ്രകാരമാണ് പ്രസ്തുത സർവ്വകലാശാലയിൽ വിവിധ തസ്തികകൾ സൃഷ്ടിക്കപ്പെട്ടത്. ആയതുപ്രകാരം മറ്റ് സർവ്വകലാശാലയിൽനിന്നും വ്യത്യസ്തമായി ഈ സർവ്വകലാശാലയിൽ സീനിയർ ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ/അഫിലിയേഷൻ), ഡയറക്ടർ (ഫിനാൻസ്), ഡയറക്ടർ (അക്കാദമിക്), ഡയറക്ടർ (റിസർച്ച്), ജോയിന്റ് ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് മുതലായ തസ്തികകളാണുള്ളത്.

(സി) നിയമനങ്ങൾ നടത്തുന്നത് വ്യവസ്ഥാപിത രീതിയിൽ അല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ബിരുദ ബിരുദാനന്തര സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനുള്ള കാലതാമസം

233 (1317) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബിരുദ ബിരുദാനന്തര കോഴ്സുകൾ പസ്സാകുന്നവർക്ക് നിശ്ചിത കാലയള വിനുള്ളിൽ യോഗ്യതാ സർട്ടിഫിക്കറ്റ് നൽകണമെന്നുള്ള വ്യവസ്ഥ നിലവിലുണ്ടോ; നിലവിൽ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് എത്രദിവസം കാലദൈർഘ്യം നേരിടുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിന് മുന്നോടിയായി സർവ്വകലാശാലകളിൽ നിന്ന് ഇഷ്യൂ ചെയ്യപ്പെടുന്ന പ്രൊവിഷണൽ സർട്ടിഫിക്കറ്റുകളുടെ കാലാവധി എത്രയെന്നും, ഇപ്രകാരം ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ കേന്ദ്ര-സംസ്ഥാന സർക്കാർ സർവ്വീസുകളിൽ പ്രവേശനം നേടുന്നതിന് സ്വീകാര്യമാണോയെന്നും വിശദമാക്കുമോ;

(സി) സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ ലഭിക്കുന്നതിനുള്ള സംവിധാനമായ ഫാസ്റ്റ് ട്രാക്കിൽ അപേക്ഷിക്കാനുള്ള സാമ്പത്തിക ശേഷിയില്ലാത്തവരുടെ പ്രശ്നം പരിഹരിക്കാൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് ബിരുദ, ബിരുദാനന്തര സർട്ടിഫിക്കറ്റുകൾ ഇഷ്യു ചെയ്യുന്നതിന് നേരിടുന്ന കാലതാമസം ഒഴിവാക്കുന്നതിന് സർട്ടിഫിക്കറ്റ് വിതരണം ഓൺലൈൻ സംവിധാനത്തിലാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) യു.ജി.സി നിയമപ്രകാരം ബിരുദ ബിരുദാനന്തര കോഴ്സുകളുടെ ബിരുദ സർട്ടിഫിക്കറ്റുകൾ പരീക്ഷ പാസ്സായി 6 മാസത്തിനകം നൽകേണ്ടതുണ്ട്. കേരള സർവ്വകലാശാല സെനറ്റ് അംഗീകാരത്തിന് വിധേയമായി അപേക്ഷിച്ച് 15 ദിവസത്തിനകം ഡിഗ്രി സർട്ടിഫിക്കറ്റ് വിതരണം ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മലയാള സർവ്വകലാശാലയിൽ ഫലപ്രഖ്യാപനം കഴിഞ്ഞ് ഒരു മാസത്തിനുള്ളിൽത്തന്നെ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തുവരുന്നു. ന്യൂവാൽസിൽ നിശ്ചിത ഫീസ് അടച്ച് 45 ദിവസത്തിനകം യോഗ്യതാ സർട്ടിഫിക്കറ്റ് നൽകുന്നുണ്ട്. കണ്ണൂർ സർവ്വകലാശാലയിൽ നിലവിൽ അപേക്ഷിച്ച് ഒരു വർഷത്തിനുള്ളിലാണ് സർട്ടിഫിക്കറ്റുകൾ സാധാരണ ലഭ്യമാക്കുന്നത്. കാലിക്കറ്റ് സർവ്വകലാശാലയിൽ ഫലപ്രഖ്യാപനത്തിനുശേഷം നടക്കുന്ന അടുത്ത സെനറ്റ് മീറ്റിംഗിൽ ഡിഗ്രി അവാർഡ് ചെയ്യപ്പെടുന്നു. അതിനുശേഷം ഒറിജിനൽ ഡിഗ്രി സർട്ടിഫിക്കറ്റ് നൽകുന്നു. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ ബിരുദ ബിരുദാനന്തര കോഴ്സുകൾ പാസ്സാകുന്നവർക്ക് ഡിഗ്രി സർട്ടിഫിക്കറ്റിനുള്ള അപേക്ഷ ലഭിക്കുന്ന തീയതിയോ അക്കാദമിക് കൗൺസിൽ ഡിഗ്രി അംഗീകരിക്കുന്ന തീയതിയോ ഏതാണോ ഒടുവിൽ വരുന്നത് അതുകഴിഞ്ഞ് 180 ദിവസത്തിനുള്ളിൽ സർട്ടിഫിക്കറ്റ് നൽകണമെന്ന നിലവിലുള്ള വ്യവസ്ഥ അനുസരിച്ച് നൽകുന്നുണ്ട്. എം.ജി. സർവ്വകലാശാലയിൽ ബിരുദം നൽകുവാൻ സർവ്വകലാശാല തീരുമാനമെടുത്തശേഷം വിദ്യാർത്ഥികളുടെ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ബിരുദ സർട്ടിഫിക്കറ്റുകൾ നൽകുന്നുണ്ട്. കുസാറ്റിൽ 30-9-2016-ലെ അക്കാദമിക് കൗൺസിൽ തീരുമാനപ്രകാരം അപേക്ഷ ലഭിച്ച് 3 മാസത്തിനുള്ളിൽ യോഗ്യതാ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. ഈ തീരുമാനത്തിനുമുൻപ് സാധാരണയായി 6 മാസത്തിനുള്ളിൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തിരുന്നു. സർട്ടിഫിക്കറ്റുകൾ അത്യാവശ്യം വേണ്ടവർക്ക് പ്രത്യേക ഫീസ് നൽകിയാൽ 20 ദിവസത്തിനുള്ളിൽ വിതരണം ചെയ്യുന്ന സംവിധാനവും നിലവിലുണ്ട്.

(ബി) പ്രൊവിഷണൽ സർട്ടിഫിക്കറ്റുകൾക്ക് പ്രത്യേക കാലപരിധി നിശ്ചയിച്ചിട്ടില്ല. ഡിഗ്രി സർട്ടിഫിക്കറ്റ് ലഭിക്കുന്നതുവരെ പ്രൊവിഷണൽ സർട്ടിഫിക്കറ്റ് ഉപയോഗിക്കാം. ഇതിന്റെ സ്വീകാര്യത നിശ്ചയിക്കേണ്ടത് അതാത് സ്ഥാപനങ്ങളാണ്.

(സി&ഡി) ഇക്കാര്യം വിശദമായി പരിശോധിക്കേണ്ടതുണ്ട്.

**കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ പ്രോഗ്രാമർ തസ്തിക**

234 (1318) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ 2015-ൽ പ്രോഗ്രാമർ തസ്തികയിൽ നിയമനം ലഭിച്ചവരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രോഗ്രാമർ തസ്തികയിലെ നിയമനത്തിനുള്ള യോഗ്യതയിൽ ഭേദഗതി വരുത്തിയ ഓർഡിനൻസിന് ചാൻസലറുടെ അസ്സൻറ് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത അസ്സൻറുമായി ബന്ധപ്പെട്ട ഫയലിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഓർഡിനൻസിനുള്ള അസ്സന്റ് വൈകുന്നതിന് പിന്നിൽ ഉദ്യോഗസ്ഥ തലത്തിൽ അനാസ്ഥ ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കുമോ?

ഉത്തരം

(എ) ഇല്ല. പ്രോഗ്രാമർ തസ്തികയുമായി ബന്ധപ്പെട്ട ഓർഡിനൻസ് ഭേദഗതിക്ക് ബഹു. ചാൻസലറുടെ അനുമതി ലഭിച്ചിട്ടില്ലാത്തതിനാൽ മേൽ തസ്തികയിൽ നിയമനം ലഭിച്ചവരുടെ പ്രൊബേഷൻ ഡിക്ലെയർ ചെയ്തിട്ടില്ല.

(ബി) പ്രസ്തുത ഓർഡിനൻസ് ഭേദഗതിക്ക് ബഹുമാനപ്പെട്ട ചാൻസലറുടെ അസന്റ് ഇതുവരെ ലഭിച്ചിട്ടില്ല.

(സി) കാലിക്കറ്റ് സർവ്വകലാശാലയിൽനിന്ന് 16-5-2014-ലെ 5581/GA-1-F1/2014/CU നമ്പർ കത്ത് പ്രകാരം പ്രസ്തുത ഓർഡിനൻസ് ഭേദഗതി അസന്റിനായി ബഹു. ചാൻസലറുടെ ഓഫീസിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

(ഡി) അനാസ്ഥ ഉണ്ടായിട്ടില്ല.

## സർവ്വകലാശാലാ അസിസ്റ്റന്റുമാരുടെ നിയമനം

235 (1319) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ പി.എസ്.സി. മുഖേന അസിസ്റ്റന്റ് തസ്തികയിൽ നിയമനം നടത്തിയപ്പോൾ ഉദ്യോഗാർത്ഥികൾക്ക് ഏത് സർവ്വകലാശാല വേണം എന്ന നിലയ്ക്ക് ഓപ്ഷൻ വാങ്ങിയിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ നടപടി സ്വീകരിക്കാത്തതുമൂലം ധാരാളം ഉദ്യോഗാർത്ഥികൾക്ക് സൗകര്യമുള്ള സർവ്വകലാശാലകളിൽ നിയമനം ലഭിക്കാത്ത സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇപ്രകാരം നിയമനം ലഭിച്ചവർക്ക് അന്തർ സർവ്വകലാശാല സ്ഥലംമാറ്റം സംബന്ധിച്ച് ലഭിച്ച അപേക്ഷകളുടെ വിശദവിവരം സർവ്വകലാശാല തിരിച്ച് അറിയിക്കാമോ;

(ഡി) ഇതിൽ വനിതകൾ, അംഗപരിമിതർ, ജന്മനാ ജനിതകരോഗ ബാധിതർ തുടങ്ങിയവരുടെ അപേക്ഷകൾ ഉണ്ടോ; എങ്കിൽ ഇതിന് പ്രത്യേകമായ പരിഗണന നൽകി നടപടി സ്വീകരിക്കാമോ;

(ഇ) ഇക്കാര്യത്തിൽ സർക്കാരും സർവ്വകലാശാലകളും നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി-ഇ) കേരള ഫിഷറീസ്-സമുദ്രപഠന സർവ്വകലാശാലയിൽ രണ്ട് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ ഒരു വനിതയും ഒരു അംഗപരിമിതനും ജന്മനാ ജനിതക രോഗമുള്ളതുമായ വ്യക്തിയും ഉൾപ്പെടുന്നു. ഇതിൽ ഒരു അപേക്ഷ കേരള സർവ്വകലാശാലയിലേക്ക് അയച്ചിട്ടുണ്ട്. കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയിൽ അന്തർ സർവ്വകലാശാല സ്ഥലംമാറ്റം സംബന്ധിച്ച് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 22 വനിതകളും, 4 അംഗപരിമിതരും ഉൾപ്പെടുന്നു. കേരള സർവ്വകലാശാലയിൽ അന്തർ സർവ്വകലാശാല സ്ഥലംമാറ്റം സംബന്ധിച്ച് 3 വനിതകളും 1 അംഗപരിമിതനും ഉൾപ്പെടെ 5 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലയിൽ

അസിസ്റ്റന്റ് തസ്തികയിൽ പി.എസ്.സി. വഴി നിയമനം നടത്തിയിട്ടില്ല. എം.ജി. സർവ്വകലാശാല, ന്യൂവാൽസ്, എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല, ശ്രീ ശങ്കരാചാര്യ സർവ്വകലാശാല, കേരള വെറ്ററിനറി സർവ്വകലാശാല, കുസാറ്റ് എന്നീ സർവ്വകലാശാലകളിൽ, അന്തർ സർവ്വകലാശാല സ്ഥലംമാറ്റം സംബന്ധിച്ച അപേക്ഷകൾ ലഭിച്ചിട്ടില്ല. അതത് സർവ്വകലാശാല നിയമമനുസരിച്ച് ഈ അപേക്ഷകളിൻമേൽ സർവ്വകലാശാലകൾക്ക് തീരുമാനം കൈക്കൊള്ളാവുന്നതാണ്. സർക്കാർ ഇതു സംബന്ധിച്ച് ഒരു നിർദ്ദേശവും യൂണിവേഴ്സിറ്റികൾക്ക് നൽകിയിട്ടില്ല.

## സർവ്വകലാശാലകളിലെ അസിസ്റ്റന്റ് നിയമനം

336 (1320) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വകലാശാലകളിലെ അസിസ്റ്റന്റ് തസ്തികയിൽ നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും എത്ര പേർക്ക് നിയമനം നൽകി; സർവ്വകലാശാലാ അടിസ്ഥാനത്തിൽ നൽകിയ നിയമനവും നിലവിലുള്ള ഒഴിവുകളും വ്യക്തമാക്കുമോ;

(ബി) ഉയർന്ന റാങ്കുകാരായ ഉദ്യോഗാർത്ഥികൾക്ക് സമീപത്തുള്ള സർവ്വകലാശാലയിൽ സീനിയോറിറ്റി നഷ്ടപ്പെടാതെ സ്ഥലം മാറ്റം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) നിയമനവും ഒഴിവുകളും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

കേരള ഫിഷറീസ്-സമുദ്രപഠന സർവ്വകലാശാല

| | | |
|---|---|---|
| നിയമനം നൽകിയ അസിസ്റ്റന്റുമാരുടെ എണ്ണം | - | 9 |
| നിലവിലുള്ള ഒഴിവുകൾ | - | ലഭ്യമല്ല. |

മലയാള സർവ്വകലാശാലയിൽ തസ്തിക സൃഷ്ടിച്ചിട്ടില്ല.

എ. പി. ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ സർവ്വകലാശാലയിൽ അസിസ്റ്റന്റ് തസ്തികയിൽ ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള സർവ്വകലാശാലകളിൽനിന്നും ഓപ്ഷൻ മുഖേന നിയമനം നടത്തുവാൻ നിർദ്ദേശിച്ചിരിക്കുന്നതിനാൽ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

<u>ന്യൂവാൽസ്</u>

| | | |
|---|---|---|
| നിയമനം നൽകിയ അസിസ്റ്റന്റുമാരുടെ എണ്ണം | - | 0 |
| നിലവിലുള്ള ഒഴിവുകൾ | - | 2 |

<u>എം.ജി. സർവ്വകലാശാല</u>

| | | |
|---|---|---|
| നിയമനം നൽകിയ അസിസ്റ്റന്റുമാരുടെ എണ്ണം | - | 142 |
| നിലവിലുള്ള ഒഴിവുകൾ | - | കണക്കാക്കിയിട്ടില്ല |

<u>കേരള ആരോഗ്യ സർവ്വകലാശാല</u>

| | | |
|---|---|---|
| നിയമനം നൽകിയ അസിസ്റ്റന്റുമാരുടെ എണ്ണം | - | 38 |
| നിലവിലുള്ള ഒഴിവുകൾ | - | 2 (NJD) |

<u>കണ്ണൂർ സർവ്വകലാശാല</u>

| | | |
|---|---|---|
| നിയമനം നൽകിയ അസിസ്റ്റന്റുമാരുടെ എണ്ണം | - | 69 |
| നിലവിലുള്ള ഒഴിവുകൾ | - | 2 (NJD) |

<u>കാലിക്കറ്റ് സർവ്വകലാശാല</u>

| | | |
|---|---|---|
| നിയമനം നൽകിയ അസിസ്റ്റന്റുമാരുടെ എണ്ണം | - | 19 |
| നിലവിലുള്ള ഒഴിവുകൾ | - | 6 (NJD) |

<u>ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല</u>

| | | |
|---|---|---|
| നിയമനം നൽകിയ അസിസ്റ്റന്റുമാരുടെ എണ്ണം | - | 1 |
| നിലവിലുള്ള ഒഴിവുകൾ | - | ലഭ്യമല്ല |

<u>കേരള സർവ്വകലാശാല</u>

| | | |
|---|---|---|
| നിയമനം നൽകിയ അസിസ്റ്റന്റുമാരുടെ എണ്ണം | - | 439 |
| നിലവിലുള്ള ഒഴിവുകൾ | - | കണക്കാക്കപ്പെട്ടിട്ടില്ല |

<u>കേരള വെറ്ററിനറി സർവ്വകലാശാല</u>

| | | |
|---|---|---|
| നിയമനം നൽകിയ അസിസ്റ്റന്റുമാരുടെ എണ്ണം | - | 90 |
| നിലവിലുള്ള ഒഴിവുകൾ | - | 2 |

<u>കേരള കാർഷിക സർവ്വകലാശാല</u>

| | | |
|---|---|---|
| നിയമനം നൽകിയ അസിസ്റ്റന്റുമാരുടെ എണ്ണം | - | 103 |
| നിലവിലുള്ള ഒഴിവുകൾ | - | 96 |

<u>കുസാറ്റ്</u>

| | | |
|---|---|---|
| നിയമനം നൽകിയ അസിസ്റ്റന്റുമാരുടെ എണ്ണം | - | 30 |
| നിലവിലുള്ള ഒഴിവുകൾ | - | 5 |

(ബി) ഇക്കാര്യം സർക്കാർ പരിഗണനയിൽ വന്നിട്ടില്ല.

**സർവ്വകലാശാലകളിലേക്കുള്ള നിയമനം**

237 (1321) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വകലാശാലകളിലേക്കുള്ള കമ്പ്യൂട്ടർ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമന ശിപാർശ നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) കേരള സർവ്വകലാശാലയിൽ മാത്രം കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തിക നിലവിലില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) എങ്കിൽ തസ്തിക ഇല്ലാത്തതിന്റെ കാരണം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) വിവിധ സർവ്വകലാശാലകളിലേക്കുള്ള കമ്പ്യൂട്ടർ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽനിന്നും 202 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി&സി) എൽ.ഡി. ടൈപ്പിസ്റ്റ് (കമ്പ്യൂട്ടർ അസിസ്റ്റന്റ്) നിയമനവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

**തുടർ സാക്ഷരതാ കേന്ദ്രങ്ങൾ**

238 (1322) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ തുടർസാക്ഷരതാ കേന്ദ്രങ്ങൾ ഇല്ലാത്ത തദ്ദേശ സ്ഥാപനങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) സാക്ഷരതാ കേന്ദ്രങ്ങളൊന്നുമില്ലാത്ത പഞ്ചായത്തുകളിൽ സാക്ഷരതാകേന്ദ്രം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സാക്ഷരതാ കേന്ദ്രങ്ങളിൽ ഒഴിവുള്ള പ്രേരക്മാരേയും അസിസ്റ്റന്റ് പ്രേരക്മാരേയും നിയമിക്കുന്നതിനായി പുതിയ ഉത്തരവ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളത്തിൽ ആകെ 8 മുനിസിപ്പാലിറ്റികളിലും 5 ബ്ലോക്ക് പഞ്ചായത്തുകളിലും 146 ഗ്രാമപഞ്ചായത്തുകളിലും തുടർ സാക്ഷരതാ വിദ്യാകേന്ദ്രങ്ങൾ നിലവിലില്ല. പ്രസ്തുത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) നിലവിലുള്ള പ്രേരക്മാരെയും അസിസ്റ്റന്റ് പ്രേരക്മാരെയും ഒഴിവുള്ള സാക്ഷരതാ കേന്ദ്രങ്ങളിലേക്ക് പുനർ വിന്യസിക്കുന്നതാണ്. ഒന്നിലധികം പ്രേരക് മാരും അസിസ്റ്റന്റ് പ്രേരക്മാരുമുള്ള പഞ്ചായത്തുകളിലും സാക്ഷരതാ കേന്ദ്രത്തിൽ നിന്ന് അടുത്തുള്ള കേന്ദ്രങ്ങളിലേക്കും പുനർവിന്യസിക്കും.

## സ്കൗട്ട്സ് ആന്റ് ഗൈഡ്സ് യൂണിറ്റുകൾ

239 (1323) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ അംഗീകാരത്തോടെ സംസ്ഥാന സിലബസ് അനുസരിച്ച് പ്രവർത്തിക്കുന്ന അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ സ്കൗട്ട്സ് ആൻറ് ഗൈഡ്സ് യൂണിറ്റുകൾ പ്രവർത്തിപ്പിക്കുന്നതിന് നിലവിൽ തടസ്സമുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) ഇടുക്കി കട്ടപ്പന ഓശാനം ഇംഗ്ലീഷ് മീഡിയം ഹയർ സെക്കണ്ടറി സ്കൂളിൽ സ്കൗട്ട്സ് ആന്റ് ഗൈഡ്സ് യൂണിറ്റിൽ ചേർന്നിട്ടുള്ള കുട്ടികൾക്ക് ഗ്രേസ് മാർക്ക് ലഭിക്കുന്നതിനുള്ള തടസ്സം നീങ്ങുന്നതുമായി ബന്ധപ്പെട്ട് സമർപ്പിച്ച അപേക്ഷയിൽ (പെറ്റീഷൻ നമ്പർ 3902/2016/VIP/M(Edn) തീയതി 27-12-2016) എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) സ്കൗട്ട്സ് ആൻറ് ഗൈഡ്സ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള സ്കൂളുകളുടെ ലിസ്റ്റിൽ പ്രസ്തുത സ്കൂൾ ഉൾപ്പെട്ടിരുന്നുവോ എന്ന് വ്യക്തമാക്കാമോ;

(ഡി) സ്കൗട്സ് ആന്റ് ഗൈഡ്സിൽ ചേർന്ന കുട്ടികൾക്ക് പ്രവർത്തിക്കുന്നതിന് സർക്കാർ-എയ്ഡഡ്-അൺ എയ്ഡഡ് എന്ന വിവേചനം സൃഷ്ടിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കാൻ നപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) സർക്കാർ അംഗീകാരമുള്ള അൺഎയ്ഡഡ് സ്കൂളുകളിൽ സ്കൗട്ട് ആന്റ് ഗൈഡ്സ് യൂണിറ്റ് തുടങ്ങുന്നതിന് നിലവിൽ തടസ്സങ്ങളൊന്നുമില്ല.

(ബി) ഈ പരാതി പരിശോധിച്ചുവരുന്നു.

(സി) സ്കൗട്ട് ആന്റ് ഗൈഡ്സ് യൂണിറ്റുകൾ അനുവദിച്ചുകൊണ്ടുള്ള ഹയർ സെക്കണ്ടറി ഡയറക്ടറുടെ CG&AC/15463/2012 dt30-6-2014 നമ്പർ സർക്കുലറിൽ പ്രസ്തുത സ്കൂൾ ഉണ്ട്. നിലവിൽ പ്രസ്തുത സ്കൂളിൽ ചാർട്ടർ നമ്പർ 15473 പ്രകാരം ഗൈഡ്സ് യൂണിറ്റും 15474 പ്രകാരം സ്കൗട്ട് യൂണിറ്റും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) വിവേചനമൊന്നും നിലവിലില്ല.

**നമസ്കാര പള്ളിക്ക് പട്ടയം**

240 (1324) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിലെ പാലത്തിങ്കൾ നമസ്കാര പള്ളിക്ക് പട്ടയം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ (13208/L1/2016/റവന്യൂ) ഇപ്പോൾ ഏത് ഓഫീസിലാണുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പട്ടയം ലഭ്യമാക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ തീയതി സഹിതം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) മലപ്പുറം ജില്ലയിൽ പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിലെ പാലത്തിങ്കൽ നമസ്കാര പള്ളിക്ക് പട്ടയം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട 13208/L1/2016/റവന്യൂ ഫയൽ സർക്കാർ പരിശോധിച്ച് വരികയാണ്.

## കാടാമ്പുഴ പോലീസ് സ്റ്റേഷൻ നിർമ്മാണത്തിന് ഭൂമി കൈമാറ്റം

241 (1325) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ കാടാമ്പുഴ പോലീസ് സ്റ്റേഷൻ നിർമ്മാണത്തിന് ആവശ്യമായ ഭൂമി കൈമാറുന്ന വിഷയത്തിൽ ജില്ലാ കളക്ടറേറ്റിലെ ഫയലിന്റെ മുഴവൻ വിവരവും ലഭ്യമാക്കുമോ; വിശദമാക്കുമോ;

(ബി) ഭൂമി കൈമാറ്റത്തിന് ആവശ്യമായ പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിക്കുവാൻ പ്രത്യേക നിർദ്ദേശം നൽകുമോ ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(സി) ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാത്ത ഉദ്യോഗസ്ഥരുടെ ഭാഗത്തുള്ള വീഴ്ച പരിശോധിക്കുമോ ; വിശദമാക്കുമോ?

ഉത്തരം

(എ-സി) മലപ്പുറം ജില്ലയിലെ കാടാമ്പുഴ പോലീസ് സ്റ്റേഷൻ നിർമ്മാണത്തിന് ആവശ്യമായ ഭൂമി കൈമാറുന്ന വിഷയത്തിൽ മലപ്പുറം ജില്ലാ കളക്ടർ ലാൻഡ് റവന്യൂ കമ്മീഷണർ മുഖാന്തരം 27-1-2017-ന് പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്മേൽ സർക്കാർ നടപടി സ്വീകരിച്ചു വരികയാണ്.

## സർക്കാർ ഭൂമി ഒഴിപ്പിക്കുന്നതിന് നടപടി

242 (1326) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരൂർക്കട വില്ലേജിൽ സ്വകാര്യ വ്യക്തികൾ സർക്കാർ ഭൂമി കയ്യേറിയത് സംബന്ധിച്ചുള്ള വിശദവിവരം വ്യക്തമാക്കുമോ ;

(ബി) പേരൂർക്കട വില്ലേജിൽ ബ്ലോക്ക് നമ്പർ 23 റീസർവ്വേ നമ്പർ 448/6, 558/7, 8, 9, 11, 451/14, 15, 16, 446/7 നമ്പരിൽപ്പെട്ട സർക്കാർ ഭൂമി കയ്യേറ്റക്കാരിൽനിന്നും ഒഴിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) പേരൂർക്കട വില്ലേജിൽ ഉൾപ്പെട്ട സർക്കാർ ഭൂമി, കയ്യേറ്റക്കാരിൽ നിന്നും ഒഴിപ്പിച്ച് കാസർഗോഡ് ആസ്ഥാനമായുള്ള കേന്ദ്ര സർവ്വകലാശാലയുടെ സ്റ്റഡി സെന്റർ സ്ഥാപിക്കുന്നതിനായി വിട്ടുനൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) പേരൂർക്കട വില്ലേജിൽ ബ്ലോക്ക് നമ്പർ 23 റീസർവ്വേ നമ്പർ 448/6, 458/7, 8, 9, 11, 451/14, 15,16, 446/17 എന്നീ സർവ്വേ നമ്പരിൽപ്പെട്ട വസ്തുക്കൾ പോബ്സ് ഗ്രാനൈറ്റ്സ് മാനേജിംഗ് ഡയറക്ടർ ശ്രീ. എബി മാത്യുവിന് സർവ്വേ അദാലത്ത് പ്രകാരം പോക്കുവരവ് ചെയ്ത് നൽകിയതിൽ അപാകതയുണ്ടെന്ന് കണ്ടെത്തിയതിനെത്തുടർന്ന് ടി പോക്കുവരവുകൾ സർവ്വേ ലാന്റ് റിക്കാർഡ്സ് ദക്ഷിണമേഖലാ സർവ്വേ ജോയിന്റ് ഡയറക്ടറുടെ 8-2-2016-ലെ, എ 3/351/2015 നമ്പർ നടപടിക്രമപ്രകാരം റദ്ദ് ചെയ്തിരുന്നു. എന്നാൽ പോബ്സ് ഗ്രാനൈറ്റ്സ് ഡയറക്ടർ ശ്രീ. ജോസഫ് ജേക്കബ് സർക്കാരിൽ റിവിഷൻ പെറ്റീഷൻ നൽകുകയും, സർക്കാർ ഉത്തരവ് (ആർറ്റി) 122/2017 ആർ.ഡി. തീയതി 11-1-2017 പ്രകാരം സർവ്വേ ജോയിന്റ് ഡയറക്ടറുടെ എ 3/351/15 നമ്പർ നടപടിക്രമം സ്റ്റേ ചെയ്യുകയും ഈ വിഷയം റിവിഷൻ പെറ്റീഷനായി സർക്കാരിന്റെ പരിഗണനയിലിരിക്കുകയുമാണ്. അടിയന്തരമായി ടി ഹർജിയിന്മേലുള്ള നടപടികൾ തീർപ്പാക്കുന്നതാണ്.

(സി) പരിഗണനയിലില്ല.

## ഇ.സി.എച്ച്.എസ്.-ന് കെട്ടിടം

243 (1327) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര കിഴക്കേതെരുവിൽ സ്ഥിതി ചെയ്യുന്ന സൈനിക ഇ.സി.എച്ച്.എസ്.-ന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭിക്കുന്നതിനായി റവന്യൂ വകുപ്പിന്റെ പരിഗണനയിലുള്ള ഫയലിൽ (13481/U2/2015) സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കാമോ;

(ബി) സ്ഥലം ലഭ്യമാക്കുന്നത് സംബന്ധിച്ച കൊല്ലം ജില്ലാ കളക്ടറുടെ റിപ്പോർട്ട് (432/13/L2, 6.1.17) ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ&ബി) കൊട്ടാരക്കര കിഴക്കേതെരുവിൽ സ്ഥിതി ചെയ്യുന്ന സൈനിക ഇ.സി.എച്ച്.എസ്.-ന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കുന്നത് സംബന്ധിച്ച് കൊല്ലം ജില്ലാ കളക്ടറുടെ 7-1-2017-ലെ 432/13/L2 നമ്പർ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റേയും 25-2-2017-ൽ കൊല്ലം ജില്ലാ കളക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ ഇ.സി.എച്ച്.എസ്.-ന് പോളി ക്ലിനിക് സ്ഥാപിക്കുന്നതിന് വെട്ടിക്കവല വില്ലേജിൽ കെ.ഐ.പി.-യുടെ കൈവശത്തിലും ഉടമസ്ഥതയിലുമുള്ള 30 സെന്റ് സ്ഥലം അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

### ലാ അക്കാഡമി ലാ കോളേജിന്റെ ഭൂമി

244 (1328) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരൂർക്കടയിൽ പ്രവർത്തിച്ചു വരുന്ന ലാ അക്കാഡമി ലാ കോളേജിന്റെ ഭൂമി ആരുടെ ഉടമസ്ഥതയിൽ ഉള്ളതാണ്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനം നടത്തുന്ന ട്രസ്റ്റിൽ തുടക്കം മുതൽ ഇപ്പോൾ വരെ ആരെല്ലാമാണ് അംഗങ്ങളായിട്ടുള്ളത്;

(സി) ലാ അക്കാഡമിക്കായി തിരുവനന്തപുരത്ത് എവിടെയെല്ലാം സ്ഥലങ്ങൾ നൽകിയിട്ടുണ്ടെന്നും ഇത് വിൽക്കുന്നതിനും മറ്റും സ്വകാര്യവ്യക്തിക്ക് അനുമതി നൽകിയിട്ടുണ്ടോയെന്നും വിശദമാക്കുമോ;

(ഡി) ഇല്ലെങ്കിൽ ലാ അക്കാഡമിക്കായി നൽകിയ വസ്തുക്കൾ തിരിച്ചെടുത്ത് സർക്കാരിന്റെ അധീനതയിൽ ആക്കുന്നതിനും അനധികൃതമായി കൈവശം വച്ച് വിനിമയം നടത്തിയതിനെതിരെയും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ലാ അക്കാഡമി സെക്രട്ടറിയുടെ പേരിലുള്ളതാണ്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി&ഡി) തിരുവനന്തപുരം താലൂക്കിൽ ചെട്ടിവിളാകം വില്ലേജിൽ (നിലവിൽ കുടപ്പനക്കുന്ന് വില്ലേജ്) 11.29 ഏക്കർ സർക്കാർ ഭൂമി പതിച്ചു നൽകിയിട്ടുണ്ട്. ടി ഭൂമി സർക്കാരിന്റെ അനുവാദമില്ലാതെ അന്യാധീനപ്പെടുത്താൻ പാടില്ലെന്ന് പതിവ് ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ലാ അക്കാഡമിക്ക് പതിച്ചു നൽകിയ സർക്കാർ ഭൂമി വിനിമയം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

### ലാ അക്കാദമിക്ക് പാട്ടത്തിന് നൽകിയ ഭൂമി

245 (1329) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി വകുപ്പിന്റെ എത്ര ഭൂമിയാണ് ലാ അക്കാഡമിക്ക് പാട്ടത്തിന് നൽകിയിരുന്നതെന്നും ആരുടെയൊക്കെ പേരിലാണ് പാട്ടത്തിന് നൽകിയിരുന്നതെന്നും വ്യക്തമാക്കുമോ ;

(ബി) പാട്ടഭൂമി പതിച്ചു നൽകുകയുണ്ടായോ; എങ്കിൽ പതിച്ചു നൽകിയതിനുള്ള കാരണങ്ങൾ എന്തൊക്കെയായിരുന്നുവെന്നു വിശദമാക്കാമോ;

(സി) പതിച്ചു നൽകാൻ അപേക്ഷ നൽകിയത് ആരായിരുന്നുവെന്നും ആരുടെ പേർക്ക് പതിച്ചു നൽകിയെന്നും വ്യക്തമാക്കാമോ;

(ഡി) പതിച്ചു നൽകുമ്പോഴുള്ള വ്യവസ്ഥകൾ എന്തൊക്കെയായിരുന്നു എന്ന് വിശദമാക്കാമോ ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിയമ വ്യവസ്ഥകൾ പ്രകാരം ഭൂമി തിരിച്ചെടുക്കുമോ ?

<u>ഉത്തരം</u>

(എ) 11.49 ഏക്കർ ഭൂമി കേരള ലാ അക്കാദമിക്ക് പാട്ടത്തിന് നൽകുന്നതിനാണ് കൃഷി വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നത്.

(ബി) പതിച്ചു നൽകുകയുണ്ടായി. യു.ജി.സി.യിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുന്നതിന് വസ്തു ടി സ്ഥാപനത്തിന്റെ കൈവശമായിരിക്കണമെന്ന ലാ അക്കാദമിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിലാണ് പതിച്ചു നൽകിയത്.

(സി) കേരള ലാ അക്കാദമി സെക്രട്ടറിയാണ് പതിച്ചു നൽകണമെന്ന അപേക്ഷ സർക്കാരിൽ സമർപ്പിച്ചത്. സർക്കാർ ഉത്തരവ് പ്രകാരം ലാ അക്കാദമിക്ക് ഭൂമി പതിച്ചു നൽകുന്നതിനാണ് അനുമതി നൽകിയിരുന്നത്.

(ഡി) നിലവിലെ ഭൂമി പതിവ് വ്യവസ്ഥകൾക്കും ചുവടെ ചേർക്കുന്ന പ്രത്യേക വ്യവസ്ഥകൾക്കും വിധേയമായി ഭൂമി പതിച്ചു നൽകിയത് സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

1. എന്തിനുവേണ്ടിയാണോ ഭൂമി പതിച്ചു നൽകിയിട്ടുള്ളത് ടി ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ.
2. സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെ ഭൂമി അന്യാധീനപ്പെടുത്താൻ പാടില്ല.
3. മേൽപ്പറഞ്ഞ വ്യവസ്ഥകൾ ലംഘിക്കുകയാണെങ്കിൽ നഷ്ടപരിഹാരം നൽകാതെ ഭൂമി തിരിച്ചെടുക്കുന്നതാണ്.

(ഇ) ഉണ്ട്. റസ്റ്റോറന്റും ബാങ്ക് ശാഖയും പ്രവർത്തിക്കുന്ന സ്ഥലം വാണിജ്യ ആവശ്യങ്ങൾക്ക് ഉപയോഗിച്ച സാഹചര്യത്തിൽ ഭൂമി പതിവ് വ്യവസ്ഥകൾ ലംഘിച്ചിട്ടുള്ളതിനാൽ ഈ കെട്ടിടങ്ങളിലെ പ്രവർത്തനങ്ങൾ ഒഴിപ്പിക്കുന്നതിനും ഈ സ്ഥലം തിരിച്ചെടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ലാ അക്കാഡമി ഭൂമി

246 (1330) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ലാ അക്കാഡമി ലാ കോളേജിന് എത്ര ഏക്കർ ഭൂമിയാണ് 1967-ൽ പാട്ടത്തിന് നൽകിയത് ; പാട്ട വ്യവസ്ഥകൾ എന്തൊക്കെയായിരുന്നു; പാട്ട തുകയായി നിശ്ചയിച്ച തുക എത്രയായിരുന്നു ;

(ബി) പ്രസ്തുത സ്ഥലം അക്കാഡമിക്ക് പതിച്ച് നൽകിയിട്ടുണ്ടോ ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഉത്തരവിൽ എന്തെങ്കിലും നിബന്ധന ഉൾക്കൊള്ളിച്ചിരുന്നുവോ ; നിബന്ധനകൾ ലംഘിച്ചതായി റവന്യൂ സെക്രട്ടറിയുടെ അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ ;എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) 11.49 ഏക്കർ ഭൂമിയാണ് കൃഷി വകുപ്പ് 1968-ൽ ലാഅക്കാഡമിക്ക് പാട്ടത്തിന് നൽകിയത്. പാട്ടവ്യവസ്ഥകളും പാട്ടത്തുകയും സംബന്ധിച്ച ഉത്തരവിലെ വ്യവസ്ഥകൾ താഴെപ്പറയും പ്രകാരമായിരുന്നു.

1. ആദ്യഘട്ടമായി 6 വർഷത്തേക്ക് പാട്ടത്തിന് നൽകാവുന്നതാണ്. പക്ഷേ സർക്കാരിന് ഒരു മാസത്തെ നോട്ടീസ് നൽകി എപ്പോൾ വേണമെങ്കിലും പ്രസ്തുത ഭൂമി തിരിച്ചെടുക്കാവുന്നതാണ്.
2. സർക്കാർ നിശ്ചയിക്കുന്ന പാട്ടം ലാ അക്കാദമി അടയ്ക്കേണ്ടതാണ്. എന്നാൽ പ്രസ്തുത തുക ഒരു കാരണവശാലും പ്രതിവർഷം 2,500 രൂപയിൽ കുറയാൻ പാടുള്ളതല്ല.

(ബി) മേൽപ്പറഞ്ഞ ഭൂമിയിൽ 11.29 ഏക്കർ ഭൂമിയാണ് ലാ അക്കാദമിക്ക് പതിച്ചു നൽകിയിട്ടുള്ളത് ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) ഭൂമി പതിവ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്കും താഴെപ്പറയുന്ന പ്രത്യേക വ്യവസ്ഥകൾക്കും വിധേയമായാണ് പതിച്ചു നൽകുന്നതിന് ഉത്തരവായിരുന്നത് :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

1. എന്തിനുവേണ്ടിയാണോ ഭൂമി പതിച്ചു നൽകിയിട്ടുള്ളത് ടി ആവശ്യത്തിന് മാത്രമേ ഭൂമി ഉപയോഗിക്കാവൂ.
2. സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെ ഭൂമി അന്യാധീനപ്പെടുത്താൻ പാടില്ല.
3. മേൽപ്പറഞ്ഞ വ്യവസ്ഥകൾ ലംഘിക്കുകയാണെങ്കിൽ നഷ്ടപരിഹാരം കൂടാതെ ഭൂമി തിരിച്ചെടുക്കുന്നതാണ്.

ഇതിൽ ഒന്നാമത്തെ നിബന്ധന ലംഘിച്ചതായി റവന്യൂ സെക്രട്ടറിയുടെ അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. അക്കാദമി കോംപ്ലക്സിൽ റസ്റ്റോറന്റും ബാങ്ക് ശാഖയും പ്രവർത്തിക്കുന്ന സ്ഥലം വാണിജ്യ ആവശ്യങ്ങൾക്ക് ഉപയോഗിച്ചുവരുന്ന സാഹചര്യത്തിൽ ഭൂമി പതിവ് വ്യവസ്ഥകൾ ലംഘിച്ചിട്ടുള്ളതിനാൽ ഈ കെട്ടിടത്തിലെ പ്രവർത്തനങ്ങൾ ഒഴിപ്പിക്കുന്നതിനും ഈ സ്ഥലം തിരിച്ചെടുക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

**ലാ അക്കാഡമിയുടെ ഭൂമി ഏറ്റെടുക്കൽ**

247 (1331) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ലാ അക്കാഡമിയുടെ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ; ഇതു സംബന്ധിച്ച് വ്യത്യസ്ത നിലപാടുകൾ മാധ്യമങ്ങളിൽ വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഭൂമി ഏറ്റെടുക്കുന്നതു സംബന്ധിച്ച സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

ലാ അക്കാഡമി കോംപ്ലക്സിൽ റസ്റ്റോറന്റും, ബാങ്ക് ശാഖയും പ്രവർത്തിക്കുന്ന സ്ഥലം വാണിജ്യ ആവശ്യങ്ങൾക്ക് ഉപയോഗിച്ചതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. ഭൂമി പതിവ് വ്യവസ്ഥകൾ ലംഘിച്ചിട്ടുള്ളതിനാൽ ഈ കെട്ടിടത്തിലെ പ്രവർത്തനങ്ങൾ ഒഴിപ്പിക്കുന്നതിനും സ്ഥലം തിരിച്ചെടുക്കുന്നതിനുമായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**എൻ.സി.സി. നേവൽ ട്രെയിനിംഗ് സെന്റർ**

248 (1332) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം രംഗത്ത് വലിയ നേട്ടങ്ങൾ കൊയ്യുന്ന കുട്ടനാട്ടിൽ എൻ.സി.സി. നേവൽ ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്നതിന് സ്ഥലം ഏറ്റെടുത്തു നൽകുന്ന നടപടി ഏതു വരെ ആയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനു ആവശ്യമായ സ്ഥലം ഏറ്റെടുത്തു നൽകുന്നതിൽ ഇനിയും എന്തെല്ലാം നടപടികളാണ് ബാക്കിയുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം പദ്ധതികൾ കാലതാമസം കൂടാതെ നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതിക്കാവശ്യമായ സ്ഥലം എന്നത്തേക്ക് എറ്റെടുത്തു നല്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വെളിയനാട് വില്ലേജിൽ സർവ്വെ നമ്പർ 1/1-ൽ പ്പെട്ട 25 സെന്റ് ഭൂമി എൻ.സി.സിയുടെ 5(K) നേവൽ യൂണിറ്റിന് കൈമാറുന്നതിലേയ്ക്ക് ഭൂമി കൈമാറ്റ റിക്കാർഡുകൾ കുട്ടനാട് തഹസിൽദാർ ആലപ്പുഴ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് സമർപ്പിച്ചിട്ടുണ്ട്.

(ബി) സ്ഥലപരിശോധന നടത്തി വില നിർണ്ണയിച്ച റിപ്പോർട്ട് ആലപ്പുഴ ആർ.ഡി.ഒ. ലഭ്യമാക്കേണ്ടതുണ്ട്.

(സി&ഡി) ആർ.ഡി.ഒ.-യിൽ നിന്നും റിപ്പോർട്ട് ഉടൻ ലഭ്യമാക്കി ബന്ധപ്പെട്ട എല്ലാ രേഖകളും പരിശോധിച്ച് കുറ്റമറ്റ രീതിയിൽ ഹാജരാക്കുവാൻ ബന്ധപ്പെട്ട എല്ലാപേർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ടി നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് സ്ഥലമേറ്റെടുത്ത് നൽകാൻ കഴിയും.

**കേരള ലാ അക്കാദമി ലാ കോളേജിന് അനുവദിച്ച ഭൂമി**

249 (1333) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ലാ അക്കാഡമി ലാ കോളേജിന് എത്ര ഹെക്ടർ ഭൂമിയാണ് പതിച്ചു നൽകിയിട്ടുള്ളതെന്നും അവ എന്തെല്ലാം ആവശ്യങ്ങൾക്ക് ഉപയോഗിക്കാനാണ് അനുമതി നല്കിയതെന്നും വെളിപ്പെടുത്താമോ;

(ബി) പഠനാവശ്യങ്ങൾക്കല്ലാതെ ഭൂമി ഉപയോഗിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ ; അനധികൃത നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അവ തിരിച്ച് പിടിക്കുന്നതിനും ഏറ്റെടുക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(ഡി) ഇതു സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് ഭരണ പരിഷ്കരണ കമ്മീഷൻ ചെയർമാൻ കത്ത് നൽകിയിട്ടുണ്ടോ ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ) 4.5690 ഹെക്ടർ സർക്കാർ ഭൂമി പതിച്ചു നൽകിയിട്ടുണ്ട്. ലാ അക്കാദമിയുടെ വികസനത്തിനാണ് ടി ഭൂമി അനുവദിച്ചിരുന്നത്.

(ബി&സി) ഉണ്ട്. വിദ്യാഭ്യാസ ആവശ്യത്തിനല്ലാതെ പ്രവർത്തിക്കുന്ന റസ്റ്റോറന്റും, കോ-ഓപ്പറേറ്റീവ് ബാങ്കും ഈ ഭൂമിയിലുണ്ട്. ലാ അക്കാദമി ഭൂമി ഉപയോഗവുമായി ബന്ധപ്പെട്ട് മുഖ്യകവാടം പുറമ്പോക്ക് റോഡിൽ നിർമ്മിച്ചിട്ടുള്ളതിനാൽ ടി കാവാടം തഹസിൽദാർ മുഖാന്തിരം ഒഴിപ്പിച്ചിട്ടുള്ളതും, കൂടാതെ അക്കാദമി കോംപ്ലക്സിൽ റസ്റ്റോറന്റും ബാങ്ക് ശാഖയും പ്രവർത്തിക്കുന്ന സ്ഥലം വാണിജ്യ ആവശ്യങ്ങൾക്ക് ഉപയോഗിച്ചു വരുന്ന സാഹചര്യത്തിൽ ഭൂമി പതിവ് വ്യവസ്ഥകൾ ലംഘിച്ചിട്ടുള്ളതിനാൽ ഈ കെട്ടിടത്തിലെ പ്രവർത്തനങ്ങൾ ഒഴിപ്പിക്കുന്നതിനും ഈ സ്ഥലം തിരിച്ചെടുക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

(ഡി) ഉണ്ട്. ആയതിലെ ആരോപണങ്ങൾ അന്വേഷിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

**ദേശീയ ദുരന്ത നിവാരണ ഫണ്ട്**

250 (T* 1334) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ദേശീയ ദുരന്ത നിവാരണ ഫണ്ടിൽനിന്നും എന്തു തുക ലഭ്യമായിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഈ തുക ഏത് ഹെഡ് ഓഫ് അക്കൗണ്ടിലാണ് വകയിരുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) സംസ്ഥാനത്തിന്റെ എസ്.ഡി.ആർ.എഫ്.-ൽ നിന്ന് ഈ സർക്കാരിന്റെ കാലയളവിൽ എന്തു തുക ചെലവഴിച്ചെന്നും ഇനിയെത്ര മിച്ചമുണ്ടെന്നും വിശദീകരിക്കാമോ?

ഉത്തരം

(എ) ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി ഈ സാമ്പത്തിക വർഷം കേന്ദ്ര വിഹിതമായി 145.50 കോടി രൂപ ദേശീയ ദുരന്ത പ്രതികരണ നിധിയിൽ നിന്നും സംസ്ഥാന സർക്കാരിന് വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുകയിൽ ആദ്യ ഗഡുവായി 72.75 കോടി രൂപ സർക്കാരിന് ലഭിച്ചിട്ടുണ്ട്.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) ദുരന്ത പ്രതികരണ നിധിയിൽനിന്നും അനുവദിക്കപ്പെട്ട തുക ബഡ്ജറ്റിലെ 26-ാമത് ധനാഭ്യർത്ഥനയിൻ കീഴിൽ 22 ശീർഷകങ്ങളിലായാണ് വകയിരുത്തിയിട്ടുള്ളത്. ശീർഷകങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(സി) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും ഈ സാമ്പത്തിക വർഷം ഇതുവരെയായി 203,17,19,871 രൂപ എല്ലാ ജില്ലാ കളക്ടർമാർക്കുമായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത നിധിയിൽ നിലവിൽ 25,26,80,129 രൂപ വിതരണം ചെയ്യാനായി ബാക്കി നിൽപ്പുണ്ട്.

**പുതിയ താലൂക്കുകളുടെ രൂപവത്കരണം**

251 (1335) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ അവസാന കാലത്ത് നടന്ന പുതിയ താലൂക്കുകളുടെ രൂപവത്കരണം മാനദണ്ഡങ്ങൾ അനുസരിച്ചാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ ആയതു വിശദമാക്കാമോ ;

(ബി) പുതിയ താലൂക്കുകൾ രൂപീകരിക്കുമ്പോൾ പ്രഥമ പരിഗണന നൽകേണ്ടിയിരുന്ന നിർദ്ദിഷ്ട ചാത്തന്നൂർ താലൂക്കിന്റെ രൂപീകരണം കഴിഞ്ഞ സർക്കാർ ഒഴിവാക്കിയതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടെങ്കിൽ അവ വിശദമാക്കാമോ;

(സി) കൊല്ലം താലൂക്ക് വിഭജിച്ച് ചാത്തന്നൂർ ആസ്ഥാനമാക്കി പുതിയ താലൂക്ക് രൂപവത്കരിക്കാൻ ഈ സർക്കാർ അടിയന്തര പരിഗണന നൽകുമോ ; ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഇല്ല.

(സി) സംസ്ഥാനത്ത് ഏതെങ്കിലും ജില്ലകളിൽ പുതുതായി താലൂക്ക്/ബ്ലോക്ക് രൂപീകരിക്കേണ്ടതുണ്ടോ എന്നും, ഏതെങ്കിലും ബ്ലോക്കിന്റെ/താലൂക്കിന്റെ അതിർത്തി പുനർനിർണ്ണയിക്കേണ്ടതുണ്ടോയെന്നും പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ജില്ലാ കളക്ടർമാരോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**പുഞ്ച കർഷകർക്കുള്ള പമ്പിംഗ് സബ്സിഡി**

252 (1336) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിൽ വൈക്കം താലൂക്കിൽ പുഞ്ചക്കൃഷി ചെയ്യുന്ന കർഷകർക്ക് പമ്പിംഗ് സബ്സിഡി ലഭിക്കാത്തതായ പരാതി പരിഹരിക്കുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ഏത് വർഷം വരെയുള്ള സബ്സിഡി നൽകി എന്നും ബാക്കിയുള്ളവ എന്ന് നൽകും എന്നും അറിയിക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ ശ്രീ. കെ. ടി. തോമസ് ബഹു. റവന്യൂ വകുപ്പ് മന്ത്രിക്ക് നൽകിയ പരാതിയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ആയതിന്മേൽ 1708/2016/ആർ.ഡി. -കെ നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത പരാതിക്ക് പരിഹാരം കാണുവാൻ എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) കൃഷി വകുപ്പിൽനിന്നും ലാന്റ് റവന്യൂ കമ്മീഷണറേറ്റ് മുഖേന "2702-01-800-88-33" എന്ന ശീർഷകത്തിൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്കാണ് കോട്ടയം പുഞ്ചകൃഷി ഓഫീസിൽനിന്നും കർഷകർക്ക് പമ്പിംഗ് സബ്സിഡി നൽകിവരുന്നത്. നാളിതുവരെ പ്രസ്തുത ശീർഷകത്തിൽ 1.5 കോടി രൂപ 1,49,98,039 (99.98%) കോട്ടയം, വൈക്കം, ചങ്ങനാശ്ശേരി താലൂക്കുകളിലെ 117 പാടശേഖരങ്ങളിലെ കർഷകർക്ക് പമ്പിംഗ് സബ്സിഡിയായി അനുവദിച്ചിട്ടുള്ളതാണ്. പമ്പിംഗ് സബ്സിഡിക്കായുള്ള ക്ലെയിം (ബി ഫോറം) നിശ്ചിത രേഖകൾ സഹിതം പുഞ്ചകൃഷി ഓഫീസിൽ ലഭിക്കുന്ന മുറയ്ക്ക് സീനിയോറിറ്റി അനുസരിച്ച് സബ്സിഡി നൽകിവരുന്നു. ഇതുപ്രകാരം 12-7-2016 വരെ പ്രസ്തുത ഓഫീസിൽ ലഭിച്ചിരുന്ന സാധുവായ ക്ലെയിമുകൾക്ക് പമ്പിംഗ് സബ്സിഡി നൽകിയിട്ടുണ്ട്.

(ബി&സി) ശ്രീ. കെ. ടി. തോമസ് ബഹു. റവന്യൂ വകുപ്പുമന്ത്രിക്ക് നൽകിയ പരാതിയിൽ കോട്ടയം ജില്ലയിലെ പുഞ്ചകൃഷി പാടശേഖരത്തിൽ പമ്പിംഗ് സബ്സിഡി അനുവദിക്കുന്നതിനായി, സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരമുള്ള അനുവദനീയമായ തുക കണ്ടെത്തി പ്രസ്തുത വിവരം റിപ്പോർട്ട് ചെയ്യുന്നതിനായി 13-1-2017-ലെ റവ-കെ4/17/2017-റവ എന്ന കത്ത് മുഖാന്തിരം കോട്ടയം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## കോവളം കൊട്ടാരത്തിന്മേലുള്ള സർക്കാരിന്റെ ഉടമസ്ഥത

253 (1337) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവാദമായ കോവളം കൊട്ടാരത്തിൻമേലുള്ള സർക്കാരിന്റെ ഉടമസ്ഥത നിലനിർത്താൻ റവന്യൂ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കാര്യത്തിൽ എ.ജി.-യുടെ അഭിപ്രായം ആരായാൻ റവന്യൂ വകുപ്പ് തീരുമാനിച്ചതിൻപ്രകാരം എ.ജി. നൽകിയ നിയമോപദേശം എന്തെന്ന് വിവരിക്കുമോ;

(സി) നിയമ വകുപ്പ് സെക്രട്ടറിയും, എ.ജി-യും ടി കേസിൽ പരസ്പരവിരുദ്ധമായ നിയമോപദേശം നൽകിയതുപ്രകാരം എന്ത് തുടർനടപടികളാണ് റവന്യൂ വകുപ്പ് സ്വീകരിക്കാൻ പോകുന്നതെന്ന് വിശദമാക്കുമോ;

(ഡി) കോവളം കൊട്ടാരം തിരിച്ച് പിടിക്കാൻ എന്തൊക്കെ നടപടികൾ റവന്യൂ വകുപ്പിന് സ്വീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ,സി&ഡി) The Kovalam Palace (Taking over by Resumption) Act, 2005 ബഹു. ഹൈക്കോടതി റദ്ദാക്കുകയും ആയതിനെതിരെ സർക്കാർ ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്ത എസ്.എൽ.പി. (സി) 12852/15, 8-3-2016-ന് തള്ളി ഉത്തരവാകുകയും ചെയ്ത സാഹചര്യത്തിൽ ഈ വിഷയത്തിൽ കൈകൊള്ളേണ്ട നിയമപരമായ നടപടികൾ സർക്കാർ പരിശോധിച്ച് വരുന്നു.

(ബി) അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

## സ്ഥലം ഏറ്റെടുക്കുന്നതിനായുള്ള ഓഫീസുകൾ

254 (1338) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ഥലം ഏറ്റെടുക്കുന്നതിന് എത്ര ഓഫീസുകൾ ഓരോ ജില്ലയിലും നിലനിൽക്കുന്നുണ്ടെന്നും ഈ ഓഫീസുകളിലെ ജീവനക്കാരുടെ എണ്ണം എത്രയാണെന്നും വ്യക്തമാക്കാമോ;

(ബി) ഓരോ വർഷവും ധനകാര്യ വകുപ്പിന്റെ തുടർ സാങ്ഷൻ വഴി എത്ര ജീവനക്കാരുടെ തസ്തിക നിലനിർത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) സ്ഥലം ഏറ്റെടുക്കൽ പൂർത്തിയായിട്ടും കേസിന്റെയും ആനുകൂല്യ വിതരണത്തിന്റെയും പേരിൽ തുടരുന്ന ഓഫീസുകൾ സമയബന്ധിതമായി നിർത്തലാക്കി ഇത്തരം ഓഫീസുകളിലെ ഫയലുകൾ തുടർനടപടികൾക്കായി ജില്ലാ കളക്ടറേറ്റിലേക്ക് മാറ്റുന്ന തീരുമാനം കൈക്കൊള്ളാമോ ?

<u>ഉത്തരം</u>

(എ)

| ക്രമ നമ്പർ | ജില്ല | യൂണിറ്റുകളുടെ എണ്ണം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 9 | 151 |
| 2 | കൊല്ലം | 8 | 126 |
| 3 | പത്തനംതിട്ട | 3 | 45 |
| 4 | ആലപ്പുഴ | 6 | 109 |
| 5 | കോട്ടയം | 7 | 118 |
| 6 | ഇടുക്കി | 1 | 32 |
| 7 | എറണാകുളം | 14 | 172 |
| 8 | തൃശ്ശൂർ | 10 | 153 |
| 9 | പാലക്കാട് | 5 | 70 |
| 10 | മലപ്പുറം | 6 | 90 |
| 11 | കോഴിക്കോട് | 6 | 98 |
| 12 | വയനാട് | 2 | 45 |
| 13 | കണ്ണൂർ | 10 | 139 |
| 14 | കാസർഗോഡ് | 4 | 46 |
| | ആകെ | 91 | 1394 |

(ബി) 2016-ൽ 1394 ജീവനക്കാർക്ക് തുടർച്ചാനുമതി ഉത്തരവ് നൽകിയിട്ടുണ്ട്.

(സി) സമയബന്ധിതമായി നിർത്തലാക്കുന്ന ഓഫീസുകളിലെ ഫയലുകൾ തുടർ നടപടിക്കായി ലാന്റ് അക്വിസിഷനുമായി ബന്ധപ്പെട്ട മറ്റ് ഓഫീസുകളിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## റവന്യൂ വകുപ്പ് പെൻഷൻ ആനുകൂല്യങ്ങൾ നിഷേധിച്ച നടപടി

255 (1339) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി മൊഗർ സമുദായം എന്ന പരിഗണനയിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നിയമനം ലഭിച്ച് 30 വർഷം സർവ്വീസ് പൂർത്തിയാക്കി റിട്ടയർ ചെയ്ത ശ്രീമതി എം. സുലേഖയ്ക്ക് പ്രൊമോഷനും പെൻഷനും നിഷേധിച്ചത് ഏത് കാരണത്താലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതേ ലിസ്റ്റിൽനിന്നും സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം ലഭിച്ച (മൊഗർ സമുദായാംഗമായി) ഇവരുടെ ബന്ധുവും ജൂനിയറുമായ ശ്രീമതി സുലോചനയ്ക്ക് ഡെപ്യൂട്ടി കളക്ടർ തസ്തികയിൽ പ്രൊമോഷൻ നൽകുകയും റിട്ടയർമെന്റ് ആനുകൂല്യം നൽകുകയും ചെയ്തപ്പോൾ അതേ ആനുകൂല്യങ്ങൾ സീനിയർ ഉദ്യോഗസ്ഥയായ ശ്രീമതി എം. സുലേഖയ്ക്ക് നൽകാതിരുന്ന റവന്യൂ വകുപ്പിന്റെ വിവേചനം ഏത് നിയമത്തിന്റെയും തത്വത്തിന്റെയും അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) പാർക്കിൻസൻസ് രോഗം കാരണം പരാശ്രിതയായ ശ്രീമതി സുലേഖയ്ക്ക് പൂർവ്വകാല പ്രാബല്യത്തോടെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കാൻ നടപടികൾ ഉണ്ടാകുമോ; വ്യക്തമാക്കാമോ?

### ഉത്തരം

(എ) സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന 9-6-1978-ൽ റവന്യൂ വകുപ്പിൽ പട്ടികജാതി സമുദായമായ 'മൊഗർ' എന്ന ജാതി സർട്ടിഫിക്കറ്റ് ഉപയോഗിച്ച് ശ്രീമതി എം. സുലേഖ ജോലിയിൽ പ്രവേശിച്ചു എന്ന ആരോപണത്തിൻമേൽ നടത്തിയ അന്വേഷണത്തിൽ ടിയാൾ പട്ടികജാതി (മൊഗർ) വിഭാഗത്തിൽപ്പെടുന്നയാളല്ലെന്ന് കണ്ടെത്തുകയും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 10-1-2003, 19-2-2003 തീയതികളിലെ G.O.(Ms)NO.3/03/SCSTDD, G.O.(Ms) No.22/03/SCSTDD സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ശ്രീമതി എം. സുലേഖയെ സർവ്വീസിൽനിന്നും നീക്കം ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ ഇതിനെതിരായി ടിയാൾ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർവ്വീസിൽ തുടരാനനുവദിക്കുകയും

30-11-2008-ൽ സർവ്വീസിൽനിന്നും വിരമിക്കുകയും ചെയ്തു. ഇതു സംബന്ധിച്ച് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സ്ക്രൂട്ടിനി കമ്മിറ്റി നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ടിയാൾ പട്ടികജാതി (മൊഗർ) വിഭാഗത്തിൽപ്പെടുന്ന ആളല്ലെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് പെൻഷൻ ആനുകൂല്യങ്ങൾ നിഷേധിച്ചിട്ടുള്ളത്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ മാത്രമേ ടിയാൾക്ക് പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച തീരുമാനം കൈക്കൊള്ളുവാൻ നിർവ്വാഹമുള്ളൂ.

## റവന്യൂ റിക്കവറി കുടിശ്ശിക

256 (1340) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ റിക്കവറി കുടിശ്ശിക തവണകളാക്കി ഒടുക്കുന്നതിന് അനുമതി നൽകുന്നതിന് ആരെയൊക്കെയാണ് അധികാരപ്പെടുത്തിയിട്ടുള്ളത്;

(ബി) ഓരോ അധികാരികൾക്കും കുടിശ്ശിക തവണകളാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള തുകയുടെ പരിധി എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) റവന്യൂ റിക്കവറി വഴി ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുള്ള എന്തെല്ലാം കുടിശ്ശികകളാണ് തവണകളാക്കി നൽകുന്നതിന് വ്യവസ്ഥയില്ലാത്തത്; വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) 14-3-2002-ലെ സ.ഉ.(കൈ) 37/2002/റവ, 29-5-2012-ലെ സ.ഉ.(കൈ) 217/ 2012/റവ. 17-01-2017-ലെ സ.ഉ.(കൈ) നമ്പർ 20/17/റവ. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം റവന്യൂ റിക്കവറി കുടിശ്ശിക തവണകളാക്കി ഒടുക്കുന്നതിന് അനുമതി നൽകുന്നതിന് തഹസിൽദാർ, ജില്ലാ കളക്ടർ, റവന്യൂ മന്ത്രി, ധനകാര്യ വകുപ്പുമന്ത്രി, മുഖ്യമന്ത്രി എന്നിവരെ അധികാരപ്പെടുത്തിയിട്ടുണ്ട്.

(ബി) 17-1-2017-ലെ സ.ഉ. (കൈ) നമ്പർ 20/17/റവ. പ്രകാരം ഓരോ അധികാരികൾക്കും കുടിശ്ശിക തവണകളാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സാമ്പത്തിക പരിധി വർദ്ധിപ്പിച്ചത് ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| തഹസിൽദാർ | - | 25,000 രൂപവരെ (പരമാവധി 10 ഗഡുക്കൾ) |
| ജില്ലാകളക്ടർ | - | സർക്കാർ കുടിശ്ശിക 1 ലക്ഷം രൂപ വരെ |
| | - | ബാങ്ക് വായ്പാ കുടിശ്ശിക 2 ലക്ഷം രൂപ വരെ |
| റവന്യൂ മന്ത്രി | - | 5 ലക്ഷം രൂപ വരെ |
| ധനകാര്യ വകുപ്പുമന്ത്രി | - | 5 ലക്ഷം രൂപ മുതൽ 10 ലക്ഷം രൂപ വരെ |
| മുഖ്യമന്ത്രി | - | 10 ലക്ഷം രൂപയ്ക്ക് മുകളിൽ. |

(സി) റവന്യൂ റിക്കവറി വഴി ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുള്ള കുടിശ്ശികകളിന്മേൽ തവണകളായി നൽകുന്നതിന് ഏതെങ്കിലും ഇനം കുടിശ്ശിക ഒഴിവാക്കുന്നതോ ഉൾപ്പെടുത്തുന്നതോ സംബന്ധിച്ച് പ്രത്യേക വ്യവസ്ഥകളൊന്നും നിലവിലില്ല. അപേക്ഷകന്റെ അർഹതയുടെ അടിസ്ഥാനത്തിലാണ് തവണകൾ അനുവദിച്ചു വരുന്നത്.

## തോട്ടം മേഖലയിൽ അനധികൃതമായി കൈവശം വച്ചിട്ടുള്ള സർക്കാർ ഭൂമി

257 (1341) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തോട്ടം മേഖലയിൽ കമ്പനികളും വ്യക്തികളും അനധികൃതമായി കൈവശം വച്ചിട്ടുള്ള സർക്കാർ ഭൂമി വീണ്ടെടുക്കുന്നതിന് നിയോഗിച്ച സ്പെഷ്യൽ ഓഫീസർ സമർപ്പിച്ച വിശദമായ ഇടക്കാല റിപ്പോർട്ടിന്മേലുള്ള പരിഗണന ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് ആവശ്യമായ തുടർ നടപടി സ്വീകരിക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ;

(സി) ഇതു സംബന്ധിച്ച അന്തിമ റിപ്പോർട്ട് തയ്യാറാക്കുന്ന ജോലി സ്പെഷ്യൽ ഓഫീസർ തുടർന്ന് നിർവ്വഹിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) അനധികൃതമായി ധാരാളം സർക്കാർ ഭൂമി സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും കൈവശത്തിലുള്ള സാഹചര്യത്തിൽ അതു തിരിച്ച് പിടിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുന്നതിലേക്ക്, സീനിയർ റവന്യൂ, നിയമ, പോലീസ് വിഭാഗ ഉദ്യോഗസ്ഥരുടെ ഒരു ടീമിനെ നിയോഗിക്കുമോ?

ഉത്തരം

(എ&ബി) സ്പെഷ്യൽ ഓഫീസറുടെ ഇടക്കാല റിപ്പോർട്ടിലെ പ്രധാന ശിപാർശയായ സമഗ്ര നിയമനിർമ്മാണത്തിന്റെ സാധുത നിയമ വകുപ്പ് പരിശോധിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) സ്പെഷ്യൽ ഓഫീസറുടെ റിപ്പോർട്ടുകളിലെ ശിപാർശകൾ പരിശോധിച്ചും ഇക്കാര്യത്തിൽ കേരള ഹൈക്കോടതിയിൽ നിലവിലുള്ള വിവിധ കേസുകളിലെ അന്തിമ വിധിക്കനുസരിച്ചും ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**റിവർ മാനേജ്മെന്റ് ഫണ്ട്**

258 (1342) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഇനത്തിൽ 2011 മുതൽ 2016 വരെ ഓരോ വർഷവും ലഭിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ തുക ഓരോ വർഷവും ഏതെല്ലാം ആവശ്യങ്ങൾക്കാണ് ഉപയോഗിച്ചതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ 2011 മുതൽ 2016 വരെ റിവർ മാനേജ്മെന്റ് ഫണ്ടിലേക്ക് ലഭിച്ച തുകയുടെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| വർഷം | തുക രൂപയിൽ |
|---|---|
| 2011-12 | 1,64,15,287.00 |
| 2012-13 | 1,20,47,968.00 |
| 2013-14 | 5,39,27,482.00 |
| 2014-15 | 6,01,86,925.00 |
| 2015-16 | 1,45,12,510.00 |
| ആകെ | 15,70,90,172.00 |

(ബി) 2011 മുതൽ 2016 വരെയുള്ള കാലയളവിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു :

2011-12 (2,46,76,010)

| | | |
|---|---|---|
| 1 | റിവർ മാനേജ്മെന്റ് നദീതീര സംരക്ഷണ പ്രവൃത്തി | 2,14,23,111 |
| 2 | ഓൺലൈൻ മണൽ വിതരണത്തിന്റെ ചെലവ് | 11,49,920 |
| 3 | മണൽ സ്ക്വാഡ് വാഹന വാടക | 17,42,320 |
| 4 | കണ്ടുകെട്ടിയ വാഹനങ്ങൾ ലേലം ചെയ്യുന്നതിന് പത്രപ്പരസ്യം | 13,040 |
| 5 | വാഹനത്തിന്റെ ഇന്ധനം, ഡ്രൈവറുടെ വേതനം | 1,55,434 |
| 6 | മണൽ ഡോക്യുമെന്ററി നിർമ്മാണം | 45,000 |
| 7 | വാഹന റിപ്പയർ | 58,174 |
| 8 | ആർ.ഡി.ഒ. ഓഫീസിലെ മണൽ സെക്ഷനിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങിയത് | 89,011 |

2012-13 (80,07,536)

| | | |
|---|---|---|
| 1 | റിവർ മാനേജ്മെന്റ് നദീ തീര സംരക്ഷണ പ്രവൃത്തി | 67,07,057 |
| 2 | വാഹനത്തിന്റെ ഇന്ധനം, ഡ്രൈവറുടെ വേതനം | 25,066 |
| 3 | മണൽ സ്ക്വാഡ് വാഹന വാടക | 11,53,333 |
| 4 | സാന്റ് ഓഡിറ്റ്&റിവർ മാപ്പിംഗ് | 1,00,000 |
| 5 | കണ്ടുകെട്ടിയ വാഹനങ്ങൾ ലേലം ചെയ്യുന്നതിന് പത്രപ്പരസ്യം | 22,080 |

2013-14 (2,65,29,622)

| | | |
|---|---|---|
| 1 | റിവർ മാനേജ്മെന്റ് നദീതീര സംരക്ഷണ പ്രവൃത്തികൾ | 2,33,22,897 |
| 2 | മണൽ സ്ക്വാഡ് വാഹന വാടക | 12,62,263 |
| 3 | സാന്റ് ഓഡിറ്റ്& റിപ്പയറിംഗ് | 3,61,160 |
| 4 | കണ്ടുകെട്ടിയ വാഹനങ്ങൾ ലേലം ചെയ്യുന്നതിന് പത്ര പരസ്യം | 49,680 |
| 5 | സർക്കാർ ഉത്തരവ് പ്രകാരം 2 വാഹനം വാങ്ങിയത് | 15,16,822 |
| 6 | സബ് കളക്ടർക്ക് ഫോൺ വാങ്ങിയത് | 10,800 |

2014-15 (5,32,49,697)

| | | |
|---|---|---|
| 1 | നദീതീര സംരക്ഷണ പ്രവൃത്തികൾ | 5,25,34,665 |
| 2 | മണൽ സ്ക്വാഡ് വാഹന വാടക | 6,54,531 |
| 3 | വാഹന മെയിന്റനൻസ് | 60,501 |

2015-16 (4,70,99,290)

| | | |
|---|---|---|
| 1 | നദീതീര സംരക്ഷണ പ്രവൃത്തികൾ | 4,17,69,203 |
| 2 | മണൽ സ്ക്വാഡ് വാഹന വാടക | 7,99,495 |
| 3 | ആറ് വാഹനം വാങ്ങിയതിനും ആയതിന്റെ ദിവസ വേതനം, ഇന്ധനം, മെയിന്റനൻസ് എന്നിവ | 41,19,752 |
| 4 | സാന്റ് ഓഡിറ്റ് ഫീസ് (കുറ്റ്യാടിപ്പുഴ) | 4,10,840 |

## റിവർ മാനേജ്മെന്റ് ഫണ്ട്

259 (1343) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിവർ മാനേജ്മെന്റ് ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫണ്ട് ഉപയോഗിച്ച് കോതമംഗലം മണ്ഡലത്തിൽ എന്തെങ്കിലും പ്രവൃത്തികൾ നടന്നുവരുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ചട്ടങ്ങൾ 2002 സെക്ഷൻ 22 വ്യവസ്ഥ ചെയ്യുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടാണ് എറണാകുളം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ട് അനുവദിച്ചുവരുന്നത്.

(ബി) റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ചുകൊണ്ട് കോതമംഗലം മണ്ഡലത്തിൽ നിലവിൽ പ്രവൃത്തികളൊന്നും നടന്നുവരുന്നില്ല.

## കിഴക്കേകോട്ട ബസ് സ്റ്റാന്റിനോട് ചേർന്ന സ്ഥലം പാട്ടത്തിനെടുത്തിരുന്നവരുടെ പേര് വിവരം

260 (1344) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന നഗരിയിലെ കിഴക്കേകോട്ട ബസ് സ്റ്റാന്റിനോട് ചേർന്ന് കെ.എസ്.ആർ.ടി.സി.-ക്ക് കൈമാറിയ പുറമ്പോക്ക് ഭൂമി പാട്ടത്തിനെടുത്തിരുന്നവരുടെ പേരു വിവരം വെളിപ്പെടുത്തുമോ;

(ബി) പാട്ടത്തിനെടുത്തിരുന്നവരിൽ ആരെങ്കിലും ഇപ്പോൾ അവിടെ കച്ചവടം നടത്തുന്നുണ്ടോ; എങ്കിൽ അവരുടെ പേരുവിവരം നല്കാമോ;

(സി) പാട്ടത്തിനെടുത്ത ഭൂമി കൈമാറ്റം ചെയ്യാൻ പാട്ടക്കാരന് അവകാശമുണ്ടോ; ഇല്ലെങ്കിൽ അനധികൃതമായി കൈമാറ്റം നടത്തിയവർ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) അനധികൃതമായി ഭൂമി കൈവശപ്പെടുത്തിയവർക്ക് അതിൽ എന്തെങ്കിലും അവകാശമുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) തലസ്ഥാന നഗരിയിൽ കിഴക്കേകോട്ട ബസ് സ്റ്റാന്റിനോട് ചേർന്ന് കെ.എസ്.ആർ.ടി.സി.-ക്ക് കൈമാറിയ പുറമ്പോക്ക് ഭൂമിയിൽ 16 കച്ചവടക്കാർക്ക് പാട്ടം അനുവദിച്ചിരുന്നു. ടി പാട്ടം 30-9-2008-ൽ ജില്ലാ കളക്ടർ റദ്ദ് ചെയ്തിരുന്നുവെങ്കിലും കക്ഷികൾ അവിടെ തുടരുന്നുണ്ട്. അവരുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പാട്ടത്തിനെടുത്ത ഭൂമി കൈമാറ്റം ചെയ്യാൻ പാട്ടക്കാരന് അവകാശമില്ല. പാട്ട കക്ഷിയായ കുശലന്റെ മരണശേഷം മക്കൾ സാബുവും സനലുമാണ് പ്രസ്തുത പാട്ട സ്ഥലം ഉപയോഗിച്ചു വരുന്നത്.

(ഡി) അവകാശമില്ല.

## തലസ്ഥാന ജില്ലയിലെ പാർവ്വതീ പുത്തനാറിന്റെ സർവ്വേ നടപടികൾ

261 (1345) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന ജില്ലയിലെ പാർവ്വതി പുത്തനാറിന്റെ സർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സർവ്വേയിൽ കയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദ വിവരം വെളിപ്പെടുത്തുമോ;

(സി) സർവ്വേയിൽ കണ്ടെത്തിയ കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പാർവ്വതീ പുത്തനാറിന്റെ സർവ്വേ നടപടി പൂർത്തിയായിട്ടില്ല. 2017 ജനുവരി 31 വരെ നടന്നിട്ടുള്ള സർവ്വേ സംബന്ധിച്ച പുരോഗതി ചുവടെ ചേർക്കുന്നു :

1. കടകംപള്ളി വില്ലേജ് ഇരുവശവും കൂടി 4.9496 കി.മീ.
2. മുട്ടത്തറ വില്ലേജ് ഇരുവശവും കൂടി 6.075 കി.മീ.
3. പേട്ട വില്ലേജ് ഇരുവശവും കൂടി 3.20 കി.മീ.

(ബി) ഇതുവരെ 312 കൈയ്യേറ്റങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) കൈയ്യേറ്റക്കാർ ഭൂരഹിതരും ഭവന രഹിതരുമാണോ എന്നുള്ള അന്വേഷണം വില്ലേജാഫീസർ മുഖാന്തരം നടന്നുവരുന്നു. ആയതിനുശേഷം ഉചിതമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## തിരൂർ നഗരസഭയിലെ താഴെപ്പാലത്തിന് സമാന്തരമായി പുതിയ പാലം

262 (1346) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരൂർ നഗരസഭയിലെ താഴെ പാലത്തിന് സമാന്തരമായി നിർമ്മിക്കുന്ന പുതിയ പാലത്തിന് ഒരു വശത്ത് അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനാവശ്യമായ ഗവ. പുറമ്പോക്ക് ഭൂമി സ്വകാര്യവ്യക്തി കൈവശം വച്ചിരിക്കുന്നത് സംബന്ധിച്ച് നൽകിയ പരാതിയിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) അനധികൃത ഭൂമി കയ്യേറിയ വ്യക്തിക്ക് നോട്ടീസ് നൽകി ഒഴിപ്പിക്കാൻ തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ ; എത്ര ഭൂമിയാണ് സ്വകാര്യ വ്യക്തി അനധികൃതമായി കയ്യേറിയിരുന്നത്;

(സി) സർവ്വേ വകുപ്പ് അധികൃതർ ഭൂമി അളന്ന് തിട്ടപ്പെടുത്തി കല്ലിട്ട് തിരിച്ച് തിരികെ എടുത്തിട്ടുണ്ടോ;

(ഡി) പ്രസ്തുത ഭൂമി തിരിച്ചെടുത്ത് പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുമോ;

(ഇ) സംസ്ഥാനത്ത് ഇത്തരത്തിൽ സ്വകാര്യവ്യക്തികൾ എത്ര ഭൂമി കയ്യേറിയിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ. അത് തിരിച്ചെടുക്കാൻ എന്തെങ്കിലും നടപടികൾ ഈ ഗവൺമെന്റ് ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നടപടി ഏതുവരെയായി; ഇല്ലായെങ്കിൽ ഇവയിൽ സത്വര നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ-ഡി) തിരൂർ നഗരസഭയിലെ താഴെപ്പാലത്തിന് സമാന്തരമായി നിർമ്മിക്കുന്ന പുതിയ പാലത്തിന്റെ അപ്രോച്ച് റോഡ് കയ്യേറ്റം സംബന്ധിച്ച് താലൂക്ക് സർവ്വേയർ ടി സ്ഥലം അളന്ന് തിട്ടപ്പെടുത്തുകയും കയ്യേറ്റം അടയാളപ്പെടുത്തിയ സ്കെച്ച് സഹിതം തുടർ നടപടികൾക്കായി പൊതുമരാമത്ത് വകുപ്പ് (നിരത്ത്) വിഭാഗത്തിനെ വിവരം അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) സ്വകാര്യ വ്യക്തികളുടെ കയ്യേറ്റം ശ്രദ്ധയിൽപ്പെട്ട കേസ്സുകളിലെല്ലാം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമ പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്.

**താലൂക്ക് ഓഫീസ് കെട്ടിടത്തെ ചരിത്രസ്മാരകമാക്കുന്നതിന് നടപടി**

263 (1347) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് താലൂക്കിന്റെ പഴയകെട്ടിടത്തിൽ നിലവിൽ ഏതെങ്കിലും ഓഫീസ് പ്രവർത്തിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) സ്വാതന്ത്ര്യത്തിനു മുമ്പും പിമ്പും നിരവധി ചരിത്രസംഭവങ്ങൾക്ക് സാക്ഷിയായ പഴയ താലൂക്ക് ഓഫീസ് കെട്ടിടത്തെ ചരിത്രസ്മാരകമായി സംരക്ഷിക്കുന്നതിനുള്ള നടപടി പരിഗണനയിലുണ്ടോ : വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർ (ഐ.എസ്.എം.)-ന്റെ കാര്യാലയം, കാസർഗോഡ് ആർ.ആർ സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയം, ഹോസ്ദുർഗ്ഗ് താലൂക്കാഫീസിന്റെ റിക്കാർഡ് റൂം എന്നിവ ഹോസ്ദുർഗ്ഗ് താലൂക്കിൽ പ്രവർത്തിച്ചിരുന്ന പഴയ കെട്ടിടത്തിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്നു.

(ബി) ഉണ്ട്. ഹോസ്ദുർഗ് താലൂക്കാഫീസ് കെട്ടിടത്തെ പൈതൃക മന്ദിരമായി സംരക്ഷിക്കുന്നതിന് 50,00,000 രൂപ അനുവദിച്ചിട്ടുള്ളതും ടി തുക അറ്റകുറ്റപ്പണി നടത്തി സംരക്ഷിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന് ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതുമാണ്.

**ഹാരിസൺ കമ്പനി കയ്യേറിയ ഭൂമി**

264 (1348) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹാരിസൺ കമ്പനിയുടെ കൈവശം എത്ര ഏക്കർ സർക്കാർ ഭൂമിയുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര എന്ന് വിശദമാക്കുമോ ;

(ബി) ഈ ഭൂമി ഏതൊക്കെ സ്ഥലത്ത് എത്ര ഏക്കർ വീതമാണെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ;

(സി) പ്രസ്തുത കമ്പനി സർക്കാർ ഭൂമി കയ്യേറി കൈവശം വച്ചിരിക്കുന്നത് എന്നുമുതലാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ഡി) ഈ കയ്യേറ്റ ഭൂമി തിരികെ പിടിക്കാൻ എന്തൊക്കെ നടപടികൾ ഇതുവരെ സ്വീകരിച്ചു എന്ന് വിശദമാക്കുമോ;

(ഇ) ഈ ഭൂമി കയ്യേറ്റത്തിനെതിരെ എന്തെങ്കിലും കോടതി കേസുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. മലയാളം പ്ലാന്റേഷൻസ് (യു.കെ.) ലിമിറ്റഡ് എന്ന വിദേശ കമ്പനി സംസ്ഥാനത്ത് കൈവശം വച്ചിരുന്ന ആകെ 72827.67 ഏക്കർ ഭൂമി നിലവിലെ ഹാരിസൺ മലയാളം ലിമിറ്റഡും, അവരിൽനിന്നും ഭൂമി നേടിയവരും, മറ്റ് കയ്യേറ്റക്കാരും കൂട്ടായി കൈവശം വച്ചുവരുന്നു.

(ബി) ടി കമ്പനി കൈവശം വച്ചിരുന്ന ഭൂമി നിലവിൽ കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, വയനാട് എന്നീ 7 ജില്ലകളിൽ ഉൾപ്പെടുന്നു. ജില്ല തിരിച്ച് വിവരം ചുവടെ ചേർക്കുന്നു :

| ജില്ല | വിസ്തീർണ്ണം (ഏക്കറിൽ) |
|---|---|
| കൊല്ലം | 10205.87 |
| പത്തനംതിട്ട | 7635.44 |
| കോട്ടയം | 3645.99 |
| ഇടുക്കി | 16683.62 |
| എറണാകുളം | 2.75 |
| തൃശ്ശൂർ | 6063.00 |
| വയനാട് | 28591.00 |
| ആകെ | 72,827.67 |

(സി) ഹാരിസൺ മലയാളം ലിമിറ്റഡ് നിലവിൽ വന്നത് 1984-ലാണ്.

(ഡി) കേരള ഭൂസംരക്ഷണ നിയമപ്രകാരം സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിന് സ്പെഷ്യൽ ഓഫീസറെ നിയോഗിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്. കേരള ഭൂസംരക്ഷണ നിയമപ്രകാരം ടി സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്പെഷ്യൽ ഓഫീസറുടെ കാര്യാലയം മുഖാന്തിരം നടത്തി വരുന്നു. പ്രസ്തുത നടപടികൾക്കെതിരെ വിവിധ കമ്പനികളും വ്യക്തികളും ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ്സുകളിൽ തൽസ്ഥിതി തുടരുവാൻ കോടതി ഉത്തരവുള്ളതും വിശദമായ വാദം കേൾക്കുന്നതിനായി രണ്ടംഗ ഡിവിഷൻ ബഞ്ചിന് റഫർ ചെയ്തിട്ടുള്ളതുമാണ്.

## വില്ലേജ് ഓഫീസുകൾ ഇഷ്യൂ ചെയ്യുന്ന സർട്ടിഫിക്കറ്റുകൾ

265 (1349) ശ്രീ. റോഷി അഗസ്റ്റിൻ :

ശ്രീ. പി. ജെ. ജോസഫ് :

ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിൽനിന്ന് ഇഷ്യൂ ചെയ്യുന്ന സർട്ടിഫിക്കറ്റുകളിൽ അയൽവാസികളുടെ മൊഴി രേഖപ്പെടുത്തി ഇഷ്യൂ ചെയ്യപ്പെടേണ്ട സർട്ടിഫിക്കറ്റുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഇപ്രകാരം അയൽവാസികളുടെ മൊഴി രേഖപ്പെടുത്തി ഇഷ്യൂ ചെയ്യപ്പെടുന്ന സർട്ടിഫിക്കറ്റുകളുടെ കാര്യത്തിൽ മൊഴി നൽകുന്ന അയൽവാസി പുരുഷനായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(സി) ഇപ്രകാരം മൊഴി നല്കുന്നതിന് അയൽവാസി നേരിട്ട് വില്ലേജ് ഓഫീസിൽ ഹാജരാകണമെന്ന വ്യവസ്ഥ നിലവിലുണ്ടോ; വ്യക്തമാക്കുമോ ;

(ഡി) ഇപ്രകാരം വിധവകളായ അപേക്ഷകർക്ക് പുനർവിവാഹം ചെയ്തിട്ടില്ലെന്ന് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് അയൽവാസിയായ പുരുഷൻ മൊഴി നൽകാൻ ഹാജരാകണമെന്ന് നിർബന്ധിക്കുന്ന പ്രവണത ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ലീഗൽ ഹയർഷിപ്പ് സർട്ടിഫിക്കറ്റ്, ക്രിസ്തുമതത്തിൽനിന്ന് ഹിന്ദു മതത്തിലേക്ക് പുനഃപരിവർത്തനം ചെയ്ത പട്ടികജാതി സമുദായക്കാർക്കുള്ള ജാതി സർട്ടിഫിക്കറ്റ്, മിശ്രവിവാഹിത ദമ്പതികളിൽ ഒരാൾ എസ്‌സി/എസ്റ്റി ആണെങ്കിൽ അവരുടെ മക്കൾക്ക് എസ്‌സി/എസ്റ്റി സർട്ടിഫിക്കറ്റ് നൽകേണ്ടിവരുന്ന സന്ദർഭങ്ങൾ എന്നിവയാണ്. എന്നാൽ സംശയമുള്ള കേസ്സുകളിൽ ജാതി സർട്ടിഫിക്കറ്റ്, ഫാമിലി മെമ്പർഷിപ്പ് സർട്ടിഫിക്കറ്റ്, വൺ & സെയിം സർട്ടിഫിക്കറ്റ് തുടങ്ങിയവയ്ക്കും അയൽവാസികളിൽനിന്ന് മൊഴിയെടുക്കാറുണ്ട്.

(ബി) മൊഴി നൽകുന്ന അയൽവാസി പുരുഷനായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സമുദായ സാക്ഷ്യപത്രങ്ങൾ അനുവദിക്കുമ്പോൾ അയൽ സാക്ഷിമൊഴി രേഖപ്പെടുത്തുന്നതിനായി പൊതുജനങ്ങളെ വില്ലേജ് ഓഫീസുകളിൽ വിളിച്ച് വരുത്തുന്ന രീതി ഒഴിവാക്കണമെന്നും വില്ലേജ് ഓഫീസർ സ്ഥലത്തുപോയി ഇക്കാര്യത്തിൽ നേരിട്ട് അന്വേഷണം നടത്തി അയൽ സാക്ഷിമൊഴി രേഖപ്പെടുത്തണമെന്നും സർക്കാർ 27-5-2014-ലെ 20570/ജി1/2011/പജപ വവിവ നമ്പർ സർക്കുലർ പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്.

(ഡി) അങ്ങനെയൊരു പ്രവണത നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സംസ്ഥാനം നേരിടുന്ന കടുത്ത വരൾച്ച**

266 (1350) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനം നേരിടുന്ന കടുത്ത വരൾച്ചമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് കുറയ്ക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) വരൾച്ചബാധിത പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കുന്നതിന് റവന്യൂ വകുപ്പ് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; ഇതിനായി എത്ര തുക വീതം ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് വരൾച്ച പ്രഖ്യാപിച്ചതിനുശേഷം 31-10-2016-ലെ 42830/കെ3/2016/ഡി.എം.ഡി. നമ്പർ സർക്കുലർ പ്രകാരം വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 26 ഇന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. ജില്ലയിലെ വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ ജില്ലയുടെ ചുമതലയുള്ള മന്ത്രിയുടെ മേൽനോട്ടത്തിൽ വിലയിരുത്തുന്നതിനും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന യോഗങ്ങൾ ജില്ല/താലൂക്ക്/ തദ്ദേശസ്വയംഭരണ തലങ്ങളിൽ നടത്തുന്നതിനും നിർദ്ദേശിച്ചതിൻപ്രകാരം പ്രസ്തുത യോഗങ്ങൾ വിവിധ ജില്ലകളിൽ കൂടുകയും വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. വരൾച്ചയുടെ കാഠിന്യംമൂലം വന്യമൃഗങ്ങളുടെ ആക്രമണം വർദ്ധിക്കുന്നത് ചെറുക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിലയിരുത്താൻ ചീഫ് സെക്രട്ടറിയും, റവന്യൂ വകുപ്പ് സെക്രട്ടറിയും, ആഭ്യന്തര വകുപ്പ് സെക്രട്ടറിയും, വനം വകുപ്പ് ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി സ്ഥിതിഗതികൾ വിലയിരുത്തുകയുണ്ടായി. 11-11-2016, 17-12-2016, 5-1-2017, 30-1-2017, 15-2-2017 എന്നീ തീയതികളിൽ ചീഫ് സെക്രട്ടറിയും 31-1-2017-ൽ ബഹു.മുഖ്യമന്ത്രിയും ജില്ലാ കളക്ടർമാരുമായും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും വീഡിയോ കോൺഫറൻസ് വഴി ജില്ലകളുടെ വരൾച്ചാ പ്രതികരണ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ദുരന്തനിവാരണ നിയമം 2005

പ്രകാരം ഭൂഗർഭ ജലത്തിന്റെ അനിയന്ത്രിതമായ ഉപയോഗം നിയന്ത്രിക്കുന്നതിനും ഭൂഗർഭജലം വിനിയോഗിച്ചുകൊണ്ടുള്ള വ്യവസായങ്ങൾക്ക് അവയുടെ നിലവിലുള്ള വിനിയോഗം കുറയ്ക്കുന്നതിനും നിർദ്ദേശം നൽകുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ സ്വകാര്യ കുഴൽക്കിണർ നിർമ്മാണം 31-5-2017 വരെ നിയന്ത്രിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. വാട്ടർ കിയോസ്കുകളിലും ടാങ്കർ മുഖാന്തിരവും കുടിവെള്ളം വിതരണം നടത്തുന്നതിന് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. വാട്ടർ കിയോസ്കുകൾ സ്ഥാപിക്കാനായി ടാങ്കുകളുടെ റേറ്റ് കോൺട്രാക്ട് നിർണ്ണയിച്ചിട്ടുണ്ട്. 2 മാസം കൊണ്ട് പോളിമർ ടാങ്ക് നിർമ്മാതാക്കൾക്ക് ലഭ്യമാക്കാവുന്ന 2000 മുതൽ 10000 ലിറ്റർ വരെ ശേഷിയുള്ള BIS മാനദണ്ഡം പാലിക്കുന്ന ടാങ്കുകളുടെ എണ്ണം 5000 മാത്രമായതിനാൽ വാട്ടർ കിയോസ്കുകൾ വഴിയുള്ള ജല വിതരണത്തിനു പുറമേ GPS ഘടിപ്പിച്ച ടാങ്കർ ലോറികൾ വഴിയും കുടിവെള്ളവിതരണം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി, കെ.എസ്.ആർ.ടി.സി. ബസ്സുകളിലും സാമൂഹ്യ മാധ്യമങ്ങളിലും റേഡിയോയിലും 'ജലത്തെ ബഹുമാനിക്കൂ, വരൾച്ചയെ പ്രതിരോധിക്കൂ' എന്ന പരസ്യവാചകം ഉൾപ്പെടുത്തി ജലവിനിയോഗം കാര്യക്ഷമമാക്കുവാൻ പ്രചരണം നടത്തിവരുന്നു. ജില്ലകളിലെ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും 24 മണിക്കൂറും സജ്ജമായിട്ടുള്ള കൺട്രോൾ റൂമുകളുടെ സഹായത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള കുടിവെള്ള ആവശ്യം വിളിച്ചറിയിക്കുവാൻ പ്രാപ്തമായ രീതിയിൽ ജില്ലാ അടിയന്തര ഘട്ട കാര്യ നിർവ്വഹണ കേന്ദ്രം പ്രവർത്തിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് വരൾച്ച പ്രഖ്യാപിച്ചശേഷം വിവിധ ജില്ലകൾക്കായി "2245-01-102-99-Drought drinking water supply" എന്ന ശീർഷകത്തിൽ 29.5 കോടി രൂപ കുടിവെള്ള വിതരണത്തിനായി അനുവദിച്ചു. ജില്ല തിരിച്ച് അനുവദിച്ച തുക സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

**വരൾച്ച നേരിടാൻ സർക്കാർ സ്വീകരിച്ച നടപടികൾ**

267 (1351) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വരൾച്ച നേരിടാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനത്തിന് അനുവദിച്ച തുക ജില്ല തിരിച്ച് വിശദമാക്കുമോ;

(സി) ഇപ്പോൾ സ്വീകരിച്ചിട്ടുള്ള നടപടികൾ കൂടാതെ സർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പരിപാടികൾ വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വരൾച്ച പ്രഖ്യാപിച്ചതിനുശേഷം 31-10-2016-ലെ 42830/കെ3/2016/ഡി.എം.ഡി. നമ്പർ സർക്കുലർ പ്രകാരം വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 26 ഇന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. ജില്ലയിലെ വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ ജില്ലയുടെ ചുമതലയുള്ള മന്ത്രിയുടെ മേൽനോട്ടത്തിൽ വിലയിരുത്തുന്നതിനും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന യോഗങ്ങൾ ജില്ല/താലൂക്ക്/തദ്ദേശസ്വയംഭരണ തലങ്ങളിൽ നടത്തുന്നതിനും നിർദ്ദേശിച്ചതിൻപ്രകാരം പ്രസ്തുത യോഗങ്ങൾ വിവിധ ജില്ലകളിൽ കൂടുകയും വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. വരൾച്ചയുടെ കാഠിന്യംമൂലം വന്യമൃഗങ്ങളുടെ ആക്രമണം വർദ്ധിക്കുന്നത് ചെറുക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിലയിരുത്താൻ ചീഫ് സെക്രട്ടറിയും, റവന്യൂ വകുപ്പ് സെക്രട്ടറിയും, ആഭ്യന്തര വകുപ്പ് സെക്രട്ടറിയും, വനം വകുപ്പ് ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി സ്ഥിതിഗതികൾ വിലയിരുത്തുകയുമുണ്ടായി. 11-11-2016, 17-12-2016, 5-1-2017, 30-1-2017, 15-2-2017 എന്നീ തീയതികളിൽ ചീഫ് സെക്രട്ടറിയും 31-1-2017-ൽ മുഖ്യമന്ത്രിയും ജില്ലാ കളക്ടർമാരുമായും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും വീഡിയോ കോൺഫറൻസ് വഴി ജില്ലകളുടെ വരൾച്ചാ പ്രതികരണ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ദുരന്തനിവാരണ നിയമം 2005 പ്രകാരം ഭൂഗർഭ ജലത്തിന്റെ അനിയന്ത്രിതമായ ഉപയോഗം നിയന്ത്രിക്കുന്നതിനും ഭൂഗർഭ ജലം വിനിയോഗിച്ചുകൊണ്ടുള്ള വ്യവസായങ്ങൾക്ക് അവയുടെ നിലവിലുള്ള വിനിയോഗം കുറയ്ക്കുന്നതിനും നിർദ്ദേശം നൽകുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ സ്വകാര്യ കുഴൽക്കിണർ നിർമ്മാണം 31-5-2017 വരെ നിയന്ത്രിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. വാട്ടർ കിയോസ്കുകളിലും ടാങ്കർ മുഖാന്തിരവും കുടിവെള്ളം വിതരണം നടത്തുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. വാട്ടർ കിയോസ്കുകൾ സ്ഥാപിക്കാനായി ടാങ്കുകളുടെ റേറ്റ് കോൺട്രാക്ട് നിർണ്ണയിച്ചിട്ടുണ്ട്. 2 മാസം കൊണ്ട് പോളിമർ ടാങ്ക് നിർമ്മാതാക്കൾക്ക് ലഭ്യമാക്കാവുന്ന 2000 മുതൽ 10000 ലിറ്റർ വരെ ശേഷിയുള്ള BIS മാനദണ്ഡം പാലിക്കുന്ന ടാങ്കുകളുടെ എണ്ണം 5000 മാത്രമായതിനാൽ വാട്ടർ കിയോസ്കുകൾ വഴിയുള്ള ജല വിതരണത്തിനു പുറമേ GPS ഘടിപ്പിച്ച ടാങ്കർ ലോറികൾ വഴിയും കുടിവെള്ള വിതരണം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി, കെ.എസ്.ആർ.ടി.സി. ബസ്സുകളിലും സാമൂഹ്യ മാധ്യമങ്ങളിലും റേഡിയോയിലും 'ജലത്തെ ബഹുമാനിക്കു, വരൾച്ചയെ പ്രതിരോധിക്കു' എന്ന പരസ്യവാചകം ഉൾപ്പെടുത്തി ജലവിനിയോഗം കാര്യക്ഷമമാക്കുവാൻ പ്രചരണം നടത്തിവരുന്നു. ജില്ലകളിലെ വിവിധ വകുപ്പുകളെ

ഏകോപിപ്പിച്ച് വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും 24 മണിക്കൂറും സജ്ജമായിട്ടുള്ള കൺട്രോൾ റൂമുകളുടെ സഹായത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള കുടിവെള്ള ആവശ്യം വിളിച്ചറിയിക്കുവാൻ പ്രാപ്തമായ രീതിയിൽ ജില്ലാ അടിയന്തരഘട്ട കാര്യ നിർവ്വഹണ കേന്ദ്രം പ്രവർത്തിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് വരൾച്ച പ്രഖ്യാപിച്ചശേഷം വിവിധ ജില്ലകൾക്കായി "2245-01-102-99-Drought drinking water supply" എന്ന ശീർഷകത്തിൽ 29.5 കോടി രൂപ കുടിവെള്ള വിതരണത്തിനായി അനുവദിച്ചു. "2245-01-101-99-Drought-Supply of seeds, fertilisers & agricultural implements" എന്ന ശീർഷകത്തിൽ 13 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ച് അനുവദിച്ച തുക സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) സംസ്ഥാനത്തിന്റെ പ്രാപ്തിക്കതീതമായി വരൾച്ചാ സാഹചര്യം രൂക്ഷമായേക്കും എന്ന വിലയിരുത്തലിൽ കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽനിന്ന് വരൾച്ചയ്ക്ക് അധിക സഹായം ആവശ്യപ്പെട്ടുകൊണ്ട് മെമ്മോറാണ്ടം നൽകുവാൻ 22-02-2017-ൽ ചേർന്ന മന്ത്രിസഭായോഗം തീരുമാനിച്ചു. 991 കോടി രൂപയാണ് അധിക സഹായമായി ആവശ്യപ്പെടുന്നത്. ഏറ്റവും ഉചിതമായ സമയത്ത് കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനായി മെമ്മോറാണ്ടം തയ്യാറാക്കിയിട്ടുണ്ട്. വരൾച്ചാ പ്രതികരണം ഒരു നിരന്തര പ്രക്രിയയാണെന്നതിനാൽ ദൈനംദിന സ്ഥിതിഗതികൾ നിരീക്ഷിച്ച് ഉചിതമായ തീരുമാനങ്ങൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

**വരൾച്ചാ ദുരിതാശ്വാസ സഹായം**

268 (1352) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വരൾച്ച ദുരിതത്തിന്റെ വിശദമായ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഫലമായി ദുരിതാശ്വാസ സഹായം അനുവദിക്കുമോ;

(ബി) പാലക്കാട് ജില്ലയിൽ കൃഷിക്ക് ജലം ലഭിക്കാത്തതിനാൽ വൻ കൃഷിനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, കൃഷിക്ക് ജലം ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരം നിലവിലുള്ള ഫണ്ടിന്റെ ലഭ്യതയനുസരിച്ചും നാശനഷ്ടത്തിന്റെ തോത് വിലയിരുത്തിയും 'ആശ്വാസ ധനസഹായം' അനുവദിച്ചു വരുന്നുണ്ട്.

(ബി) 28-10-2016-ൽ ചേർന്ന സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി യോഗത്തിൽ വെള്ളം ഉപയോഗിക്കുന്നതിന് കുടിവെള്ളം, ഗാർഹിക ഉപയോഗം, വളർത്തുമൃഗങ്ങൾക്ക്, വന്യജീവികൾക്ക്, കൃഷിക്ക്, വ്യവസായത്തിന് എന്ന മുൻഗണനാക്രമം 2017 മേയ് മാസം വരെ പാലിക്കുവാൻ തീരുമാനിച്ചു. ജൂൺ 2016 മുതൽ ഡിസംബർ 2016 വരെ ലഭിക്കേണ്ട മഴയിൽ 40% കുറവാണ് ലഭിച്ചത്. ഇതിനാൽ ജലാശയങ്ങളിൽ ശരാശരി അളവിലും വളരെക്കുറവ് ജലം മാത്രമാണ് ഈ കാലവർഷ കാലത്തിലും തുലാവർഷ കാലത്തിലും ഉണ്ടായിരുന്നത്. പാലക്കാട് ജില്ലയിലെ ജലാശയങ്ങളിൽ കുടിവെള്ള വിതരണത്തിന് ആവശ്യമായ അളവിലുള്ള ജലം മാത്രമാണ് അവശേഷിക്കുന്നത്. ഭൂജല വ്യതിയാനവും ശ്രദ്ധിക്കേണ്ട അളവിലാണ്. അതിനാൽ കൃഷിക്ക് ജലം ലഭ്യമാക്കുന്നത് തൽക്കാലം പരിഗണിക്കുവാൻ സാധിക്കില്ല എന്നതിനാൽ ജലം കൃഷി ആവശ്യത്തിനായി നൽകേണ്ടതില്ലെന്ന് തീരുമാനിക്കുകയും പാലക്കാട് ജില്ലാ കളക്ടർ അതിന്റെയടിസ്ഥാനത്തിൽ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

## മലപ്പുറം സർക്കാർ വനിതാ കോളേജിന്റെ സ്ഥലമെടുപ്പ് നടപടികൾ

269 (1353) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം സർക്കാർ വനിതാ കോളേജിന്റെ സ്ഥലമെടുപ്പ് നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) കോളേജിന് സ്ഥലം അനുവദിച്ച് ഉത്തരവിറക്കിയിട്ടുണ്ടെങ്കിലും അത് ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നതിലുള്ള കാലതാമസം എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) ഇക്കാര്യത്തിൽ എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ഡി) എം.എൽ.എ.-യുടെ മണ്ഡലം ആസ്തി വികസന ഫണ്ടിൽനിന്നും കെട്ടിട നിർമ്മാണത്തിന് മൂന്ന് കോടി രൂപ അനുവദിച്ചിട്ടും സ്ഥലമെടുപ്പ് പൂർത്തീകരിച്ച് ഭൂമി കൈമാറാത്തതുകാരണം ഭരണാനുമതി ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ സ്ഥലമെടുപ്പ് നടപടികൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിനും കോളേജ് നിർമ്മിക്കുന്നതിന് ഭൂമി ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നതിനും സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) മലപ്പുറം സർക്കാർ വനിതാ കോളേജിനായി സർക്കാർ ഉത്തരവായ ഭൂമി നിലവിൽ കെ.എസ്.ഐ.ഡി.സി. 90 വർഷത്തേക്ക് ഇൻകൽ കെ.എസ്.ഐ.ഡി.സി.-ക്ക് പ്രോജക്ട് ലിമിറ്റഡ് എന്ന കമ്പനിക്ക് പാട്ടത്തിന് നൽകിയ ഭൂമിയിൽപ്പെട്ടതാണ്. കോളേജിന് ഭൂമി അനുവദിക്കുന്നതിനായി പതിവ്/കൈമാറ്റ നടപടികൾക്കുള്ള, ഭൂമി സംബന്ധമായ രേഖകൾ സഹിതം ജില്ലാ കളക്ടർ സമർപ്പിച്ച പ്രൊപ്പോസലിലെ ന്യൂനതകൾ പരിഹരിക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണർ നിർദ്ദേശം നൽകിയിരിക്കുകയാണ്.

(സി) ഉണ്ട്. നിലവിൽ കെ.എസ്.ഐ.ഡി.സി.യിൽ നിന്നും ഇൻകൽ പാട്ടത്തിനെടുത്തിട്ടുള്ള ഭൂമിയിലെ പാട്ടക്കരാർ വിട്ടൊഴിയുന്ന/കൈമാറുന്ന മുറയ്ക്ക് മാത്രമേ പതിവ്/ഭൂമി കൈമാറ്റ നടപടികൾ സാദ്ധ്യമാകൂ.

(ഡി) ഭരണാനുമതി ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) കെ.എസ്.ഐ.ഡി.സി.-യിൽ നിന്നും നിലവിലുള്ള പാട്ടക്കരാർ റദ്ദാക്കി ലഭിക്കേണ്ടതുണ്ട്.

**പാറശ്ശാല മണ്ഡലത്തിലെ വില്ലേജാഫീസുകൾ**

270 (1354) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാറശ്ശാല മണ്ഡലത്തിലെ കുന്നത്തുകാൽ, വെള്ളറട, കീഴാറൂർ, പരശ്ശുവയ്ക്കൽ (പാറശ്ശാല) എന്നീ വില്ലേജാഫീസുകൾ തകർന്നു വീഴാറായ കെട്ടിടങ്ങളിൽ അപകടകരമായ സ്ഥിതിയിലാണ് പ്രവർത്തിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഈ വില്ലേജാഫീസുകളെ ആധുനികവത്കരിച്ച് അടിസ്ഥാന, പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പാറശ്ശാല മണ്ഡലത്തിലെ കുന്നത്തുകാൽ വില്ലേജ് ഓഫീസ് റവന്യൂ വകുപ്പിന്റെ പഴയ കെട്ടിടത്തിലും, വെള്ളറട, കീഴാറൂർ വില്ലേജ് ഓഫീസുകൾ പഞ്ചായത്തുവക കെട്ടിടത്തിലും, പരശുവയ്ക്കൽ വില്ലേജ് ഓഫീസ് വാടക കെട്ടിടത്തിലുമാണ് നിലവിൽ പ്രവർത്തിക്കുന്നത്.

(ബി) വില്ലേജ് ഓഫീസുകളെ നവീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ 13-ാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**കാൻസർ രോഗം ബാധിച്ചവർക്ക് പെൻഷൻ**

271 (1355) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാൻസർ രോഗം ബാധിച്ചവർക്ക് റവന്യൂ വകുപ്പ് മുഖാന്തിരം നല്കുന്ന പെൻഷൻ ലഭിക്കുന്നതിന് പ്രതിമാസം അൻപത് രൂപയിൽ കൂടുതൽ വരുമാനം പാടില്ല എന്ന് അപേക്ഷാ ഫോമിൽ രേഖപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പെൻഷൻ ലഭിക്കുന്നതിന് വരുമാനപരിധി പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കാൻസർ രോഗം ബാധിച്ചവർക്ക് റവന്യൂ വകുപ്പ് മുഖാന്തിരം നല്കുന്ന പെൻഷൻ ലഭിക്കുന്നതിന് ഇപ്പോൾ വരുമാന പരിധി പ്രതിവർഷം 1,00,000 രൂപയാണ്. വരുമാനപരിധി പുതുക്കുന്നതു സംബന്ധിച്ച പ്രൊപ്പോസലുകളൊന്നും തന്നെ നിലവിലില്ല.

**ചാലക്കുടി താലൂക്കിൽ ആർ.ഡി.ഒ. ഓഫീസ്**

272 (1356) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ പുതുതായി ആർ.ഡി.ഒ. ഓഫീസ് അനുവദിക്കുമ്പോൾ പുതുക്കാട്, കൊടുങ്ങല്ലൂർ, ഇരിങ്ങാലക്കുട, ചാലക്കുടി മണ്ഡലങ്ങളിലായി 31 വില്ലേജുകൾ പ്രവർത്തന പരിധിയിലുള്ള ചാലക്കുടി താലൂക്കിൽ ആർ.ഡി.ഒ. ഓഫീസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ചാലക്കുടി റവന്യൂ ടവർ അനുവദിച്ച സാഹചര്യത്തിൽ നിർദ്ദിഷ്ട ആർ.ഡി.ഒ. ഓഫീസിന്റെ പ്രവർത്തനം ചാലക്കുടി റവന്യൂ ടവറിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) തൃശ്ശൂർ ജില്ലയിൽ പുതുതായി ആർ.ഡി.ഒ. ഓഫീസ് അനുവദിക്കുന്നത് സംബന്ധിച്ച് ലാൻഡ് റവന്യൂ കമ്മീഷണർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചശേഷം നടപടി സ്വീകരിക്കുന്നതാണ്.

**കേരളത്തിലെ റവന്യൂ ഭൂമി**

273 (1357) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര ഏക്കർ റവന്യൂ ഭൂമിയുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ ജില്ലതിരിച്ച് വെളിപ്പെടുത്തുമോ;

(ബി) എത്ര ഏക്കർ റവന്യൂ ഭൂമി കയ്യേറിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ജില്ലതിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) റവന്യൂ ഭൂമി കയ്യേറിയത് തിരിച്ച് പിടിയ്ക്കാൻ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) ഏറ്റവും കൂടുതൽ കയ്യേറ്റം നടന്നിട്ടുള്ള ജില്ല ഏതാണെന്നും ഇവിടെ ഏറ്റവും കൂടുതൽ റവന്യൂ ഭൂമി കയ്യേറിയതാരെന്നും വിശദമാക്കുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

**ഒറ്റപ്പാലം ടൗണിലെ അനധികൃത കയ്യേറ്റങ്ങൾ**

274 (1358) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം ടൗണിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നു വ്യക്തമാക്കാമോ ;

(ബി) ഒറ്റപ്പാലം ടൗൺ ബ്യൂട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട് ഓടകളും, ഫുട്പാത്തുകളും നിർമ്മിക്കുന്നതിനായി, എത്ര രൂപയുടെ പ്രൊപ്പോസലാണ് ഭരണാനുമതിക്കായി സർക്കാരിൽ സമർപ്പിച്ചിരിക്കുന്നത് ; വിശദാംശം ലഭ്യമാക്കുമോ ;

(സി) ഒറ്റപ്പാലം റെയിൽവേസ്റ്റേഷന്റെ ബി.എം.&ബി.സി.നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഫണ്ട് അനുവദിക്കുന്നതിനായുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഒറ്റപ്പാലം ടൗണിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി സ്പെഷ്യൽ സർവ്വെ സ്ക്വാഡ് രൂപീകരിച്ച് പരിശോധിക്കുകയും 52 കയ്യേറ്റങ്ങൾ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ആയതിൽ 29 എണ്ണം ഒഴിപ്പിച്ചിട്ടുള്ളതും, 16 കേസുകളിൽ ഹൈക്കോടതിയിൽ സ്റ്റേ ഉള്ളതും മറ്റുള്ളവയിൽ നടപടികൾ തുടരുകയുമാണ്.

(ബി) ഒറ്റപ്പാലം ടൗൺ ബ്യൂട്ടിഫിക്കേഷനുവേണ്ടി 24 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്.

(സി) ഒറ്റപ്പാലം റയിൽവെസ്റ്റേഷൻ ബി.എം.&ബി.സി നിർമ്മാണ പ്രവർത്തനങ്ങൾക്കായി 120 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 2016-17 വർഷത്തിലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി അനുമതിക്കായി സമർപ്പിച്ചുവെങ്കിലും ആയതിന് ഫണ്ട് ഒന്നും തന്നെ വകയിരുത്തിയിട്ടില്ല.

**മംഗലശ്ശേരി തോട്ടം നിവാസികൾക്ക് പട്ടയം**

275 (1359) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് താലൂക്ക് താഴക്കോട് വില്ലേജിലെ മംഗലശ്ശേരി തോട്ടം നിവാസികൾക്ക് പട്ടയം അനുവദിക്കുന്ന കാര്യം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

താഴക്കോട് വില്ലേജിലെ ചേന്ദമംഗല്ലൂർ ദേശത്തെ റീസർവ്വേ 91-ലെ 18.12 ഏക്കറും, റീസർവ്വേ 99-ലെ 7.72 ഏക്കറും ഉൾപ്പെടെ 25.84 ഏക്കർ വനഭൂമി (മംഗലശ്ശേരി തോട്ടഭൂമി) 1981-ൽ പതിച്ച് നൽകിയ നടപടി, 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ടിലെ നടപടികൾ സ്വീകരിച്ചുകൊണ്ട് റഗുലറൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കർഷകരുടെ ഭൂനികുതി**

276 (1360) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരാച്ചുണ്ട്, കാന്തലാട്, ചക്കിട്ടപ്പാറ വില്ലേജുകളിലെ ചില കർഷകരുടെ ഭൂനികുതി സ്വീകരിക്കാത്തത് സംബന്ധിച്ച് മുഖ്യമന്ത്രി 3-8-2016-ന് വിളിച്ചു ചേർത്ത ഉന്നതതല യോഗ തീരുമാനങ്ങൾ അറിയിക്കാമോ;

(ബി) ഈ വില്ലേജുകളിൽ 1-1-1977-നുമുമ്പുള്ള പരാതിക്കാരായ എത്ര കർഷകരിൽ നിന്നും നികുതി സ്വീകരിച്ചിട്ടുണ്ട്; ഇല്ലെങ്കിൽ ആയതിന്റെ കാരണമറിയിക്കാമോ;

(സി) 3-8-2016-ലെ യോഗ തീരുമാന പ്രകാരമുള്ള ജോയിന്റ് വെരിഫിക്കേഷൻ നടന്നിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണമറിയിക്കാമോ?

ഉത്തരം

(എ) മേൽ പരാമർശിച്ച വില്ലേജുകളിലെ ഭൂമിയിൽ 1-1-1977-നുമുമ്പുള്ള കൈവശക്കാരിൽനിന്നും നികുതി സ്വീകരിക്കാൻ തീരുമാനിച്ചു. ബാക്കിയുള്ള കൈവശക്കാരുടെ ഭൂമിയിൽ വനം-റവന്യൂ വകുപ്പുകളുടെ ജോയിന്റ് വെരിഫിക്കേഷൻ 3 മാസത്തിനുള്ളിൽ പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുവാൻ ജില്ലാ കളക്ടർ തീരുമാനിച്ചിരുന്നു.

(ബി) ആരിൽനിന്നും നികുതി സ്വീകരിച്ചിട്ടില്ല. 6-9-2016-ന് ജില്ലാ കളക്ടറുടെ ചേമ്പറിൽ വച്ചു ചേർന്ന അവലോകനയോഗ തീരുമാനപ്രകാരം 1991-ൽ തയ്യാറാക്കിയതും, റെയ്ഞ്ച് ഓഫീസർ, തഹസിൽദാർ, റവന്യൂ ഡിവിഷണൽ ഓഫീസർ എന്നിവർ ഒപ്പിട്ട ഫോട്ടോ പതിച്ച ജോയിന്റ് വെരിഫിക്കേഷൻ റിക്കോർഡ് ഹാജരാക്കുന്ന മുറയ്ക്ക് നികുതി സ്വീകരിക്കാവുന്നതാണെന്ന് കോഴിക്കോട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആയത് പരിശോധിച്ച് 8-9-2016-ന് നികുതി സ്വീകരിക്കാൻ ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാർക്ക് നിർദ്ദേശം നൽകാൻ കൊയിലാണ്ടി, താമരശ്ശേരി തഹസീൽദാർമാർക്ക് ജില്ലാ കളക്ടർ ഉത്തരവ് നൽകിയിരുന്നു. എന്നാൽ, മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൊയിലാണ്ടി, താമരശ്ശേരി താലൂക്കുകളുടെ പരിധിയിൽ ജോയിന്റ് വെരിഫിക്കേഷൻ റെക്കാർഡ് ഹാജരാക്കി ആരും നികുതി അടവാക്കിയിട്ടില്ല.

(സി) വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത സർവ്വേ നടത്തുന്നതിനു മുൻപുള്ള പ്രാഥമിക സർവ്വേ നടത്തിവരുന്നുണ്ട്. സംയുക്ത പരിശോധന പ്രകാരം തയ്യാറാക്കിയ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ, തഹസിൽദാർ, റവന്യൂ ഡിവിഷണൽ ഓഫീസർ എന്നിവർ ഒപ്പിട്ട ജോയിന്റ് വെരിഫിക്കേഷൻ റിപ്പോർട്ട് ഡി.എഫ്.ഒ. ഓഫീസിൽ ലഭ്യമല്ലാത്തതിനാൽ, മേൽ വിഷയവുമായി ബന്ധപ്പെട്ട് തുടർ നടപടികൾക്കായി തഹസിൽദാർ, ഡി.എഫ്.ഒ., റവന്യൂ ഡിവിഷണൽ ഓഫീസർ എന്നിവരെ ഉൾപ്പെടുത്തി ഒരു യോഗം ചേരുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ഡിജിറ്റൽ വില്ലേജ് ഓഫീസ് മുഖേനയുള്ള സേവനങ്ങൾ**

277 (1361) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡിജിറ്റൽ വില്ലേജ് ഓഫീസ് നിലവിലുണ്ടോ; ഡിജിറ്റൽ വില്ലേജിന്റെ പ്രവർത്തനവും ഘടനയും വ്യക്തമാക്കാമോ; ഉദ്ദേശ്യലക്ഷ്യം വ്യക്തമാക്കാമോ;

(ബി) ഡിജിറ്റൽ വില്ലേജ് ഓഫീസ് മുഖേന ജനങ്ങൾക്ക് എന്തെല്ലാം സേവനങ്ങൾ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) ആദ്യഘട്ടത്തിൽ സംസ്ഥാനത്ത് എത്ര വില്ലേജുകൾ ഡിജിറ്റൽ ആക്കി മാറ്റുവാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ;

(ഡി) ഡിജറ്റൽ വില്ലേജ് ഓഫീസ് വരുന്നതോടുകൂടി സാധാരണ ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങളിൽ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാകും എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഡിജിറ്റൽ വില്ലേജ് ഓഫീസ് നിലവിലില്ല. എന്നാൽ റവന്യൂ വകുപ്പ് ഡിജിറ്റൈസ് ചെയ്യുന്നതിന്റെ ഭാഗമായി ഇ-ഡിസ്ട്രിക്ട്, സംയോജിത ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ടാക്സ് പേയ്മെന്റ്, ഓൺ ലൈൻ ആർ.ആർ. എന്നീ പദ്ധതികൾ വില്ലേജ് ഓഫീസുകൾ മുഖാന്തരം നടപ്പിലാക്കി വരുന്നുണ്ട്.

(ബി-ഡി) ഉദിക്കുന്നില്ല.

**പത്തിയൂർ വില്ലേജ് ഓഫീസ് കെട്ടിടത്തിൽ സ്ഥലപരിമിതി**

278 (1362) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കായംകുളം മണ്ഡലത്തിൽ പത്തിയൂർ വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ സ്ഥല പരിമിതി വില്ലേജ് ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തെ ബാധിക്കുന്നതിനാൽ നിലവിലുള്ള കെട്ടിടത്തിനോട് ചേർന്ന് പുതിയ ഒരു ബ്ലോക്ക് നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

പരിശോധിക്കുന്നതാണ്.

## നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം

279 (1363) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം മണ്ണിട്ടു നികത്തിയ സ്ഥലത്തുനിന്ന് റവന്യൂ ഉദ്യോഗസ്ഥന്മാർ മണ്ണു നീക്കുമ്പോൾ അതിനായി ഉപയോഗിക്കുന്ന വാഹനങ്ങളുടെ ചെലവിനത്തിൽ വരുന്ന തുക നൽകുന്നതിന് പ്രത്യേക ഫണ്ട് വകയിരുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഈ തുക റവന്യൂ ഉദ്യോഗസ്ഥന്മാർ നൽകുന്നത് എങ്ങിനെയാണെന്ന് വിശദമാക്കുമോ;

(സി) പണത്തിന്റെ അഭാവം കാരണം പല റവന്യൂ ഉദ്യോഗസ്ഥന്മാരും മണ്ണ് നീക്കം ചെയ്യാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതിനായി പ്രത്യേക ഫണ്ട് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഈ ഇനത്തിൽ റവന്യൂ റിക്കവറി പ്രകാരം തുക ഈടാക്കിയിട്ടുണ്ടെങ്കിൽ കഴിഞ്ഞ അഞ്ചുവർഷത്തെ തുകയുടെ കണക്ക് ജില്ലാ അടിസ്ഥാനത്തിൽ വിശദമാക്കുമോ?

ഉത്തരം

(എ) അനധികൃതമായി നികത്തിയ സ്ഥലം പൂർവ്വസ്ഥിതിയിലാക്കുന്നതിനു വേണ്ട ചെലവ് ജില്ലാ കളക്ടർമാർക്കുള്ള Miscellaneous (other charges) Head -ൽ നിന്നു ചെലവാക്കുന്നതും recoup ചെയ്യുമ്പോൾ തിരിച്ച് അതേ Head-ൽ തിരിച്ചട ക്കേണ്ടതുമാണെന്ന് സർക്കാർ 31-12-2010-ലെ 50450/പി1/2010/റവന്യൂ നമ്പർ സർക്കുലർ പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്.

(ബി) ബാധകമല്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പരിശോധിക്കുന്നതാണ്.

(ഇ) ഈ ഇനത്തിൽ റവന്യൂ റിക്കവറി പ്രകാരം ഒരു ജില്ലയിലും തുക ഈടാക്കിയിട്ടില്ല.

## വരൾച്ചയെ നേരിടുന്നതിന് പ്രത്യേക സംവിധാനം

280 (1364) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് രൂക്ഷമാകുന്ന വരൾച്ചയെ നേരിടാൻ എന്തൊക്കെ മുൻകരുതലുകൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഓരോ ജില്ലയ്ക്കും വരൾച്ച നേരിടുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾക്കായി എന്ത് തുക ഇതിനകം അനുവദിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) ദുരന്തനിവാരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ വരൾച്ച നേരിടുന്നതിനായി പ്രത്യേകം സംവിധാനം ഒരുക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) വരൾച്ചാ ദുരിതാശ്വാസത്തിനായി കേന്ദ്രസഹായം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് വരൾച്ച പ്രഖ്യാപിച്ചതിനുശേഷം 31-10-2016-ലെ 42830/കെ3/2016/ഡി.എം.ഡി. നമ്പർ സർക്കുലർ പ്രകാരം വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 26 ഇന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. ജില്ലയിലെ വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ ജില്ലയുടെ ചുമതലയുള്ള മന്ത്രിയുടെ മേൽനോട്ടത്തിൽ വിലയിരുത്തുന്നതിനും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന യോഗങ്ങൾ ജില്ല/താലൂക്ക്/തദ്ദേശസ്വയംഭരണ തലങ്ങളിൽ നടത്തുന്നതിനും നിർദ്ദേശിച്ചതിൻപ്രകാരം പ്രസ്തുത യോഗങ്ങൾ വിവിധ ജില്ലകളിൽ കൂടുകയും വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. വരൾച്ചയുടെ കാഠിന്യംമൂലം വന്യമൃഗങ്ങളുടെ ആക്രമണം വർദ്ധിക്കുന്നത് ചെറുക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിലയിരുത്താൻ ചീഫ് സെക്രട്ടറിയും, റവന്യൂ വകുപ്പ് സെക്രട്ടറിയും, ആഭ്യന്തര വകുപ്പ് സെക്രട്ടറിയും, വനം വകുപ്പ് ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി സ്ഥിതിഗതികൾ വിലയിരുത്തുകയുമുണ്ടായി. 11-11-2016, 17-12-2016, 5-1-2017, 30-1-2017, 15-2-2017 എന്നീ തീയതികളിൽ ചീഫ് സെക്രട്ടറിയും 31-1-2017-ൽ ബഹു. മുഖ്യമന്ത്രിയും ജില്ലാ കളക്ടർമാരുമായും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും വീഡിയോ കോൺഫറൻസ് വഴി ജില്ലകളുടെ വരൾച്ചാ പ്രതികരണ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ

നൽകുകയും ചെയ്തു. ദുരന്തനിവാരണ നിയമം 2005 പ്രകാരം ഭൂഗർഭ ജലത്തിന്റെ അനിയന്ത്രിതമായ ഉപയോഗം നിയന്ത്രിക്കുന്നതിനും ഭൂഗർഭ ജലം വിനിയോഗിച്ചു കൊണ്ടുള്ള വ്യവസായങ്ങൾക്ക് അവയുടെ നിലവിലുള്ള വിനിയോഗം കുറയ്ക്കുന്നതിനും നിർദ്ദേശം നൽകുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ സ്വകാര്യ കുഴൽക്കിണർ നിർമ്മാണം 31-5-2017 വരെ നിയന്ത്രിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. വാട്ടർ കിയോസ്കുകളിലും ടാങ്കർ മുഖാന്തിരവും കുടിവെള്ളം വിതരണം നടത്തുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. വാട്ടർ കിയോസ്കുകൾ സ്ഥാപിക്കാനായി ടാങ്കുകളുടെ റേറ്റ് കോൺട്രാക്ട് നിർണ്ണയിച്ചിട്ടുണ്ട്. 2 മാസം കൊണ്ട് പോളിമർ ടാങ്ക് നിർമ്മാതാക്കൾക്ക് ലഭ്യമാക്കാവുന്ന 2000 മുതൽ 10000 ലിറ്റർ വരെ ശേഷിയുള്ള BIS മാനദണ്ഡം പാലിക്കുന്ന ടാങ്കുകളുടെ എണ്ണം 5000 മാത്രമായതിനാൽ വാട്ടർ കിയോസ്കുകൾ വഴിയുള്ള ജല വിതരണത്തിനു പുറമേ GPS ഘടിപ്പിച്ച ടാങ്കർ ലോറികൾ വഴിയും കുടിവെള്ള വിതരണം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി, കെ.എസ്.ആർ.ടി.സി ബസ്സുകളിലും സാമൂഹ്യ മാധ്യമങ്ങളിലും റേഡിയോയിലും 'ജലത്തെ ബഹുമാനിക്കൂ വരൾച്ചയെ പ്രതിരോധിക്കൂ' എന്ന പരസ്യവാചകം ഉൾപ്പെടുത്തി ജലവിനിയോഗം കാര്യക്ഷമമാക്കുവാൻ പ്രചരണം നടത്തിവരുന്നു. ജില്ലകളിലെ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും 24 മണിക്കൂറും സജ്ജമായിട്ടുള്ള കൺട്രോൾ റൂമുകളുടെ സഹായത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള കുടിവെള്ള ആവശ്യം വിളിച്ചറിയിക്കുവാൻ പ്രാപ്തമായ രീതിയിൽ ജില്ലാ അടിയന്തരഘട്ട കാര്യ നിർവ്വഹണ കേന്ദ്രം പ്രവർത്തിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് വരൾച്ച പ്രഖ്യാപിച്ച ശേഷം വിവിധ ജില്ലകൾക്കായി "2245-01-102-99-Drought drinking water supply" എന്ന ശീർഷകത്തിൽ 29.5 കോടി രൂപ കുടിവെള്ള വിതരണത്തിനായി അനുവദിച്ചു. "2245-01-101-99-Drought-Supply of seeds, fertilisers & agricultural implements" എന്ന ശീർഷകത്തിൽ 13 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ച് അനുവദിച്ച തുക സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) ദുരന്തനിവാരണ നിയമത്തിൽ വരൾച്ചാ പ്രതിരോധത്തിനായി പ്രത്യേക സംവിധാനം ഒരുക്കുവാൻ ആവശ്യപ്പെടുന്നില്ല. എന്നാൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച വരൾച്ചാ പ്രതിരോധ മാന്വലിൽ സംസ്ഥാന ദുരിതാശ്വാസ കമ്മീഷണറുടെ (റവന്യൂ വകുപ്പ് സെക്രട്ടറിയുടെ) നേരിട്ടുള്ള നിയന്ത്രണത്തിൽ വരൾച്ചാ നിരീക്ഷണ സെൽ (State Drought Monitoring Cell) സ്ഥാപിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തെ സംസ്ഥാന വരൾച്ച നിരീക്ഷണ സെൽ ആയി നിർണ്ണയിച്ചിട്ടുണ്ട്. വിവിധ സൂചികകളെ അടിസ്ഥാനപ്പെടുത്തി ഒക്ടോബർ മാസത്തിൽ ആദ്യഘട്ടമായി വരൾച്ചാ സാധ്യത അവലോകനം ചെയ്ത് വരൾച്ച പ്രഖ്യാപനം ആവശ്യമാണോ, എന്തെല്ലാം പ്രതികരണ നടപടികൾ സ്വീകരിക്കണം എന്നീ കാര്യങ്ങൾ സംസ്ഥാന ദുരിതാശ്വാസ കമ്മീഷണർക്ക് ശിപാർശ ചെയ്യേണ്ടത് പ്രസ്തുത സെല്ലിന്റെ ചുമതലയാണ്. വരൾച്ച പ്രഖ്യാപിച്ചാൽ കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനുള്ള മെമ്മോറാണ്ടം തയ്യാറാക്കുന്നതും ഈ സെല്ലിന്റെ ചുമതലയാണ്. കേരള സംസ്ഥാന ദുരന്തനിവാരണ പ്ലാനിൽ വരൾച്ചയുടെ തയ്യാറെടുപ്പ്-പ്രതിരോധ നടപടികളുടെ നോഡൽ വകുപ്പ് ജലവിഭവ വകുപ്പും, പ്രതികരണ-പുനർ നിർമ്മാണ നടപടികളുടെ നോഡൽ വകുപ്പ് റവന്യൂ വകുപ്പും ആയിരിക്കുമെന്നും നിർണ്ണയിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്തിന്റെ പ്രാപ്തിക്കതീതമായി വരൾച്ചാ സാഹചര്യം രൂക്ഷമായേക്കും എന്ന വിലയിരുത്തലിൽ കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽനിന്ന് വരൾച്ചയ്ക്ക് അധിക സഹായം ആവശ്യപ്പെട്ടുകൊണ്ട് മെമ്മോറാണ്ടം നൽകുവാൻ 22-2-2017-ൽ ചേർന്ന മന്ത്രിസഭായോഗം തീരുമാനിച്ചു. 991 കോടി രൂപയാണ് അധിക സഹായമായി ആവശ്യപ്പെടുന്നത്. ഏറ്റവും ഉചിതമായ സമയത്ത് കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനായി മെമ്മോറാണ്ടം തയ്യാറാക്കിയിട്ടുണ്ട്.

**ചീമേനിയിൽ ബസ് സ്റ്റാന്റ്**

281 (1365) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ കയ്യൂർ-ചീമേനി പഞ്ചായത്തിന് ചീമേനിയിൽ ബസ് സ്റ്റാൻഡ് നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സ്ഥലം ലഭ്യമാക്കാൻ എപ്പോൾ കഴിയുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കാസർഗോഡ് ജില്ലാ കളക്ടറുടെ ശിപാർശ സർക്കാർ ഇക്കാര്യത്തിൽ പരിശോധിച്ചു വരുന്നു.

**പയ്യന്നൂർ താലൂക്ക് രൂപീകരണം**

282 (1366) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാർ പ്രഖ്യാപിച്ച പയ്യന്നൂർ താലൂക്ക് രൂപീകരണം സംബന്ധിച്ച ഫയൽ നിലവിൽ ഏത് വകുപ്പിലാണുള്ളത്;

(ബി) പയ്യന്നൂർ താലൂക്ക് രൂപീകരണവുമായി ബന്ധപ്പെട്ട് ഈ സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) പയ്യന്നൂർ താലൂക്ക് എന്ന് യാഥാർത്ഥ്യമാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാർ പ്രഖ്യാപിച്ച പയ്യന്നൂർ താലൂക്ക് രൂപീകരണം സംബന്ധിച്ച ഫയൽ റവന്യൂ (എഫ്) വകുപ്പിലാണുള്ളത്.

(ബി&സി) പയ്യന്നൂർ താലൂക്ക് രൂപീകരണം സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ആയതിനൊപ്പം സംസ്ഥാനത്ത് ഏതെങ്കിലും ജില്ലകളിൽ പുതുതായി താലൂക്ക്/ബ്ലോക്ക് രൂപീകരിക്കേണ്ടതുണ്ടോയെന്നും ഏതെങ്കിലും താലൂക്കിന്റെ/ബ്ലോക്കിന്റെ അതിർത്തി പുനർനിർണ്ണയിക്കേണ്ടതുണ്ടോയെന്നും പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ജില്ലാ കളക്ടർമാരോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ടി റിപ്പോർട്ട് പരിശോധിച്ച ശേഷം പുതിയ ബ്ലോക്ക്/താലൂക്ക് രൂപീകരിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

## സർക്കാർ ആവശ്യങ്ങൾക്കും പൊതു സംരംഭങ്ങൾക്കുമുള്ള ഭൂമി ഏറ്റെടുക്കൽ

283 (1367) ശ്രീ. പി. ഉബൈദുള്ള :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-ലെ കേന്ദ്ര നിയമത്തിന്റെ വെളിച്ചത്തിൽ സർക്കാർ ആവശ്യങ്ങൾക്കും പൊതു സംരംഭങ്ങൾക്കുമുള്ള ഭൂമി ഏറ്റെടുക്കൽ നയത്തിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി സാമൂഹിക ആഘാത പഠനം നടത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) മുൻ കാലങ്ങളിൽ ഭൂമി ഏറ്റെടുത്തപ്പോൾ ഭവനരഹിതരായിത്തീർന്നവരുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടിട്ടുണ്ടോ; അപ്രകാരം പ്രശ്നങ്ങൾ പരിഹരിക്കപ്പെടാത്തവരെ സംബന്ധിച്ച വിവരം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) പുതിയ കേന്ദ്ര സ്ഥലമെടുപ്പ് നിയമം LARR ആക്ട് 2013-ന്റെ വെളിച്ചത്തിൽ സർക്കാർ ആവശ്യങ്ങൾക്കും പൊതുസംരഭങ്ങൾക്കുമുള്ള ഭൂമി ഏറ്റെടുക്കൽ നയം G.O.(Ms) 485/15/RD Dated 23-9-2015 ആയി രൂപീകരിച്ചിട്ടുണ്ട്.

(ബി) പുതിയ സ്ഥലമെടുപ്പ് നിയമത്തിൽ അനുശാസിക്കുന്ന പ്രകാരം സാമൂഹിക ആഘാത പഠനം നടത്തുന്നതിനായി 200 ആർ-ന് താഴെയുള്ള ഭൂമിയേറ്റെടുക്കൽ കേസുകളിൽ ജില്ലാതലത്തിൽ ഏജൻസികളെ/വ്യക്തികളെ തെരഞ്ഞെടുക്കുന്നതിന് ജില്ലാ കളക്ടർമാരെ അധികാരപ്പെടുത്തുകയും 200 ആർ-ന് മുകളിലുള്ള ഭൂമിയേറ്റെടുക്കൽ കേസുകളിൽ സംസ്ഥാനതലത്തിൽ ഏജൻസികളെ/വ്യക്തികളെ എംപാനൽമെന്റും ചെയ്തിട്ടുമുണ്ട്.

(സി) ഉണ്ട്.

**സാമൂഹ്യസേവന പ്രവർത്തനങ്ങൾക്ക് നൽകിയിട്ടുള്ള**
**സർക്കാർ ഭൂമികൾ**

284 (1368) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> :
<u>ഡോ. എം. കെ. മുനീർ</u> :
<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> :
<u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധതരം സാമൂഹ്യസേവന പ്രവർത്തനങ്ങൾക്ക് സഹായകമായി ട്രസ്റ്റുകൾക്കും സ്ഥാപനങ്ങൾക്കും സ്വകാര്യ വ്യക്തികൾക്കും വ്യവസ്ഥകൾക്ക് വിധേയമായി പാട്ടത്തിനോ പതിച്ചോ നൽകിയിട്ടുള്ള സർക്കാർ ഭൂമികളിൽ വ്യവസ്ഥാ ലംഘനം ഉണ്ടാകുന്നുണ്ടോ എന്നു പരിശോധിക്കാനുള്ള സംവിധാനം എന്താണ് ; വിശദമാക്കുമോ ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ പരിശോധനാ ഫലമായി സ്വാതന്ത്ര്യാനന്തരം ജനകീയ സർക്കാർ പാട്ടത്തിനോ പതിച്ചോ നൽകിയ ഭൂമികളിൽ വ്യവസ്ഥാ ലംഘനങ്ങൾ കണ്ടെത്തിയതിന്റെ വിശദവിവരം ലഭ്യമാക്കാമോ;

(സി) പൊതു ആവശ്യങ്ങൾക്ക് മതിയായത്ര സർക്കാർ ഭൂമി ലഭ്യമല്ലാത്ത സാഹചര്യത്തിൽ പാട്ട ഭൂമി പതിവ് വ്യവസ്ഥാ ലംഘനങ്ങൾ കണ്ടെത്തുന്നതിനും അത്തരം ഭൂമി തിരിച്ചെടുക്കുന്നതിനും ഉദ്യോഗസ്ഥരും ജന പ്രതിനിധികളും നിയമജ്ഞരും അടങ്ങുന്ന ഒരു ഉന്നത സമിതിയെ നിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) പാട്ടഭൂമി പതിവ് വ്യവസ്ഥാ ലംഘനങ്ങൾ കണ്ടെത്തുന്നതിനും അതതു ഭൂമി തിരിച്ചു പിടിക്കുന്നതിനുമായി ഓരോ കേസ്സും പ്രത്യേകം പരിശോധിച്ച് സമർപ്പിക്കുന്നതിനായി റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി, നിയമ വകുപ്പു സെക്രട്ടറി, ലാന്റ് റവന്യൂ കമ്മീഷണർ, ജോയിന്റ് കമ്മീഷണർ, ലാന്റ് റവന്യൂ എന്നിവരെ ഉൾപ്പെടുത്തി 18-2-2017-ലെ സ.ഉ. (Ms) നമ്പർ 55/2017/RD നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്.

**കിഴക്കേകോട്ട ബസ് സ്റ്റാന്റിനോട് ചേർന്നുള്ള അനധികൃത കയ്യേറ്റം**

285 (1369) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന നഗരിയിലെ കിഴക്കേകോട്ട ബസ് സ്റ്റാന്റിനോട് ചേർന്നുള്ള അനധികൃത കയ്യേറ്റം ഒഴിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഇക്കാര്യത്തിൽ കോടതിയുടെ സ്റ്റേ എന്തെങ്കിലും നിലവിലുണ്ടോ;

(സി) ഒഴിപ്പിക്കൽ നടപടിക്ക് കോടതി കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അതിൻപ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) കയ്യേറ്റക്കാർക്ക് സഹായകമായ രീതിയിൽ പ്രവർത്തിച്ച റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) കിഴക്കേകോട്ട റോഡു വികസനത്തിന്റെ ഭാഗമായി നടത്തിയ മന്ത്രിതല യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സ്റ്റേ നിലവിലില്ല.

(സി) കാലപരിധി നിശ്ചിയിച്ചിട്ടില്ല.

(ഡി) കയ്യേറ്റക്കാർക്ക് സഹായകമായ രീതിയിൽ ഏതെങ്കിലും റവന്യൂ ഉദ്യോഗസ്ഥർ പ്രവർത്തിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിനുവേണ്ടി സർക്കാർ ഭൂമി

286 (1370) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെന്റ് സെക്രട്ടേറിയറ്റിന് സമീപം പുന്നൻ റോഡിന്റെ വശത്ത് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിനെന്ന പേരിൽ സർക്കാർ ഭൂമി കൈമാറിയിട്ടുണ്ടോ; എങ്കിൽ കൈമാറ്റ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഈ ഭൂമി ഇപ്പോൾ ആരുടെ പേരിലും കൈവശത്തിലുമാണ്;

(സി) കൈമാറുമ്പോഴുള്ള വ്യവസ്ഥകളിൽ ഏതെങ്കിലും പിന്നീട് ലംഘിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വ്യവസ്ഥകളാണ് ലംഘിക്കപ്പെട്ടതെന്ന് വ്യക്തമാക്കുമോ ;

(ഡി) വ്യവസ്ഥാ ലംഘനമുണ്ടായിട്ടുണ്ടെങ്കിൽ ഭൂമി തിരിച്ചെടുക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സർക്കാർ ഭൂമി കൈമാറിയിട്ടില്ല.

(ബി) റിക്കാർഡുകൾ പ്രകാരം ലാ അക്കാദമി സെക്രട്ടറി ശ്രീ. നാരായണൻ നായരുടെ പേരിലും ലാ അക്കാഡമിയുടെ കൈവശത്തിലുമാണ്.

(സി&ഡി) ബാധകമല്ല.

## വഴിയില്ലാതെ പതിച്ചു കിട്ടിയ ഭൂമി

287 (1371) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് താലൂക്ക് മാവൂർ അംശം ദേശത്ത് റീ സർവ്വേ നമ്പർ 105/1-ൽപ്പെട്ട മിച്ചഭൂമി പതിച്ചു കിട്ടിയ 20 പേർക്ക് പ്രസ്തുത സ്ഥലത്തേക്ക് വഴിയില്ലാത്തതു കാരണം വീട് നിർമ്മിക്കാൻ സാധിക്കുന്നില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് ജില്ലാ കളക്ടർ ഏതെങ്കിലും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം 20 കുടുംബങ്ങൾക്ക് നൽകിയ കോഴിക്കോട് താലൂക്കിൽ മാവൂർ വില്ലേജിൽ റീസർവ്വേ 105/1-ൽപ്പെട്ട ഭൂമിയിലേക്ക് വഴിയില്ലാത്തതുകാരണം വീട് നിർമ്മിക്കാൻ സാധിക്കുന്നില്ലെന്ന ആക്ഷേപം ഉണ്ടായിരുന്നു. അന്വേഷണത്തിൽ സമീപത്തുള്ള പാട്ട ഭൂമിയിൽ കൂടി മാത്രമേ ടി പ്ലോട്ടുകളിൽ പ്രവേശിക്കാൻ കഴിയുകയുള്ളൂവെന്ന് ബോധ്യപ്പെട്ടു. വഴിക്കുവേണ്ടി പാട്ടഭൂമി ഏറ്റെടുക്കുകയും പകരം തുല്യ വിസ്തീർണ്ണം സർക്കാർ ഭൂമി വിട്ടു കൊടുക്കുന്നതുമാണ്.

(ബി) ഉണ്ട്. റിപ്പോർട്ട് പരിശോധിച്ചു വരികയാണ്.

**ചന്തപ്പറമ്പ് ഭൂമിയുടെ ഉടമസ്ഥാവകാശം**

288 (1372) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എറണാകുളം ജില്ലയിലെ ഇടക്കൊച്ചി വില്ലേജിൽ കോർപ്പറേഷന്റെ കീഴിലുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രവും ആയുർവേദ ഡിസ്പെൻസറിയും അങ്കണവാടിയും പ്രവർത്തിക്കുന്ന ചന്തപ്പറമ്പ് എന്നറിയപ്പെട്ടിരുന്ന ഭൂമിയുടെ ഉടമസ്ഥാവകാശം ആരുടെ പേരിലാണ് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ഇടക്കൊച്ചി വില്ലേജ് സർവ്വേ നമ്പർ 1616-ൽപ്പെട്ട 12.14 ആർ (30,000 സെന്റ് ) ഭൂമി ബി.റ്റി.ആർ. പ്രകാരം പുറമ്പോക്ക് ചന്ത സ്ഥലം നിലവിൽ റവന്യൂ വകുപ്പിന്റെ അധീനതയിലുള്ളതാണ്.

**കടപ്പാറയിൽ ആദിവാസികൾക്കുള്ള ഭൂമി വിതരണം**

289 (1373) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ നിയോജക മണ്ഡലത്തിലെ മലയോര പ്രദേശമായ കടപ്പാറയിൽ ആദിവാസികൾക്കുള്ള ഭൂമി വിതരണം നടപ്പാക്കിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള ബന്ധപ്പെട്ട സമിതി സർവ്വേ പൂർത്തീകരിച്ച് വിതരണത്തിന് തയ്യാറാക്കിയ ഭൂമിയിൽ വനം വകുപ്പ് പുതിയ അവകാശവാദം ഉന്നയിച്ചത് പരിഗണിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പ്രദേശത്തെ അർഹരായ ആദിവാസികൾക്ക് എത്ര നാളുകൾക്കുശേഷം ഭൂമി നല്കാനാകുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ വിഷയം സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്യുകയും, കേന്ദ്ര സർക്കാർ അനുമതിയോടുകൂടി, ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വിതരണത്തിന് നൽകിയിട്ടുള്ള നിക്ഷിപ്ത വനഭൂമിയിൽ ടിയാളുകളെ പുനരധിവസി പ്പിക്കാമെന്ന വനം വകുപ്പിന്റെ നിർദ്ദേശം കമ്മിറ്റി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുള്ള നിക്ഷിപ്ത വനഭൂമി ഏതെന്ന് വനം വകുപ്പ് വ്യക്തമാക്കുന്ന മുറയ്ക്ക് അർഹരായവർക്ക് വിതരണം ചെയ്യുന്നതാണ്.

**കൈവശരേഖയ്ക്ക് പകരം പട്ടയം നൽകുന്നതിനുള്ള നടപടി**

290 (1374) <u>ശ്രീ. സി. കൃഷ്ണൻ</u> :
<u>ശ്രീ. കാരാട്ട് റസാഖ്</u> :
<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> :
<u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുറമ്പോക്ക ഭൂമിയിൽ കാലാകാലങ്ങളായി താമസിച്ചു വരുന്നവർക്ക് പട്ടയം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) ഇത്തരം കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തെ ആദിവാസികളുടെ ഭൂമിയ്ക്ക് നൽകുന്ന കൈവശരേഖയ്ക്ക് പകരം പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 1-8-1971-ന് മുൻപ് പുറമ്പോക്ക് ഭൂമിയിൽ താമസിച്ചു വരുന്നവർക്ക് കൈവശഭൂമി പതിച്ചു ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് 1964-ലെ കേരള ഭൂമി പതിവ് ചട്ടപ്രകാരവും, 1995-ലെ മുനിസിപ്പൽ/കോർപ്പറേഷൻ ഭൂമി

പതിവ് ചട്ടപ്രകാരവും നിയമങ്ങൾക്ക് വിധേയമായി ഭൂമി പതിച്ച് നൽകുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. കൂടാതെ വില്ലേജ് രേഖകൾ പ്രകാരം പുഴ, നദി, തോട്, കായൽ, ചാനൽ, റോഡ് പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് കൈവശ രേഖ നൽകുന്നുണ്ട്. CRZ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ പട്ടയങ്ങൾ അനുവദിക്കുന്നതിന് കേന്ദ്രാനുമതി ആവശ്യമാണ്.

(ബി) നിലവിലെ നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ പട്ടയം നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പട്ടികവർഗ്ഗക്കാരും, മറ്റ് പരമ്പരാഗത ഗോത്രവാസികളും ആയ (വനാവകാശം അംഗീകരിക്കൽ ചട്ടങ്ങൾ 2008 പ്രകാരം) ആദിവാസികൾക്ക് കൈവശ രേഖയാണ് അനുവദിക്കുന്നത്. കൈവശരേഖയ്ക്ക് പകരം പട്ടയം നൽകുന്നതിന് കേന്ദ്ര സർക്കാർ രൂപം കൊടുത്തിട്ടുള്ള വനാവകാശ നിയമം 2006-ലും അനുബന്ധ ചട്ടത്തിലും ഭേദഗതി വരുത്താത്തിടത്തോളം സാധ്യമല്ലാത്തതാണ്.

## തൃപ്പൂണിത്തുറ മിനി സിവിൽ സ്റ്റേഷനിൽ ഓഫീസുകൾ

291 (1375) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃപ്പൂണിത്തുറ പഴയ ബസ്സ്റ്റാന്റിലുള്ള മിനി സിവിൽ സ്റ്റേഷനിൽ ഓരോ നിലയിലും ഏതെല്ലാം ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് അറിയിക്കുമോ;

(ബി) ഈ കെട്ടിടത്തിൽ ലിഫ്റ്റ് ഇല്ലാത്തതുകാരണം മൂന്നാം നിലയിൽ പ്രവർത്തിക്കുന്ന ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിലടക്കം നിരവധി ഓഫീസുകളിൽ എത്തിച്ചേരുന്ന രോഗികളും, വൃദ്ധരും, വികലാംഗരും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവിടെ ലിഫ്റ്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) അനുബന്ധമായി ചേർക്കുന്നു.*

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) തൃപ്പൂണിത്തുറ മിനി സിവിൽ സ്റ്റേഷനിൽ ലിഫ്റ്റ് സ്ഥാപിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കെട്ടിടങ്ങൾ കൈമാറ്റം ചെയ്യുമ്പോൾ എഞ്ചിനീയറുടെ സർട്ടിഫിക്കറ്റ്

292 (1376) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെട്ടിടങ്ങൾ കൈമാറ്റം ചെയ്യുമ്പോൾ അവയുടെ മൂല്യം കാണിച്ചുകൊണ്ട് എഞ്ചിനീയറുടെ സർട്ടിഫിക്കറ്റ് കൂടി സബ്ബ്രജിസ്റ്റാർ ഓഫീസുകളിൽ ഹാജരാക്കണമെന്ന് വസ്തു രജിസ്ട്രേഷൻ നിയമത്തിൽ പുതിയ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ, ഹൗസിംഗ് ബോർഡ് എഞ്ചിനീയർ നിശ്ചയിച്ച വില ആധാരത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ഹൗസിംഗ് ബോർഡിന്റെ കെട്ടിടങ്ങൾ കൈമാറ്റം ചെയ്യുമ്പോൾ മറ്റൊരു എഞ്ചിനീയറുടെ സർട്ടിഫിക്കറ്റ് കൂടി ആവശ്യമുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ വ്യക്തത വരുത്തണമെന്ന് കാണിച്ച് ഹൗസിംഗ് ബോർഡ് സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കത്തിൻമേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ ഇക്കാര്യത്തിൽ എപ്പോൾ വ്യക്തത നൽകുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ-സി) 19-7-2016-ലെ G.O.(P)73/2016/TD നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ച് വിലനിർണ്ണയം നടത്തിയശേഷം മാത്രമേ ഫ്ലാറ്റുകൾ രജിസ്റ്റർ ചെയ്യാൻ സാധിക്കുകയുള്ളൂ. എന്നാൽ ഭവന നിർമ്മാണ ബോർഡ് പി.ഡബ്ല്യൂ.ഡി. റൂൾസ് പ്രകാരം നിർമ്മാണ പ്രവൃത്തികൾ നടത്തുകയും വിലനിർണ്ണയം നടത്തി അലോട്ട് ചെയ്യുകയും ചെയ്തിട്ടുള്ള ഫ്ലാറ്റുകൾ വീണ്ടും തദ്ദേശ സ്വയംഭരണ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ച് വില സാക്ഷ്യപ്പെടുത്തേണ്ട ആവശ്യമില്ലായെന്നും ടി ഉത്തരവിൽനിന്നും ഭവന നിർമ്മാണ ബോർഡിനെ ഒഴിവാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള ഭവന നിർമ്മാണ ബോർഡ് സെക്രട്ടറിയുടെ അപേക്ഷ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷ സംബന്ധിച്ച ഫയൽ നികുതി വകുപ്പിന്റെ അഭിപ്രായം ആരായുന്നതിനായി ടി വകുപ്പിന് നൽകിയിട്ടുണ്ട്. പ്രസ്തുത അഭിപ്രായം ലഭ്യമാകുന്ന മുറയ്ക്ക് ടി ഫയലിന്മേൽ നടപടി സ്വീകരിക്കുന്നതാണ്.

## വ്യാപാരികൾക്ക് അർഹമായ നഷ്ടപരിഹാരം

293 (1377) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികസനത്തിന്റെ ഭാഗമായി തൃപ്പൂണിത്തുറ സ്റ്റാറ്റ്യൂ ജംഗ്ഷൻ ആശുപത്രി റോഡിൽ 8-8-2013-ൽ എത്ര കടകൾ പൊളിച്ചു മാറ്റുകയുണ്ടായി എന്ന് അറിയിക്കുമോ;

(ബി) ഈ കടകളിലെ വ്യാപാരികൾക്ക് നഷ്ടപരിഹാരം നൽകുന്നതിനായി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ യോഗം ചേരുകയും അവർക്ക് അർഹമായ നഷ്ടപരിഹാരം നൽകുമെന്ന് ഉറപ്പ് നൽകുകയും ചെയ്തിരുന്നോ എന്ന് വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച് ഏതെങ്കിലും ഫയൽ റവന്യൂ വകുപ്പിൽ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വ്യാപാരികൾക്ക് അർഹമായ നഷ്ടപരിഹാരം നൽകുന്നതിന് സമയബന്ധിത നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 8 കടകൾ.

(ബി) കടകളിലെ വ്യാപാരികൾക്ക് നഷ്ടപരിഹാരം നൽകുന്നതിനായി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ലാന്റ് വാല്യൂ നിശ്ചയിച്ചെങ്കിലും അലൈൻമെന്റ് ഒരിക്കൽക്കൂടി പരിശോധിച്ച് ശാസ്ത്രീയമായ രീതിയിൽ പുനർനിർണ്ണയിക്കുന്നതിനുവേണ്ടി പൊതുമരാമത്ത് വകുപ്പിന് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) പൊതുമരാമത്ത് വകുപ്പ് ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് ടി പദ്ധതിക്ക് പുതിയ എൽ. എ. ആക്ട് പ്രകാരം നടപടി സ്വീകരിക്കാൻ കഴിയും.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

294 (1378) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്ക് ചേലക്കര നിയോജക മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി മുഖേന ഇതേവരെ എത്ര പേർക്ക് ചികിത്സാ ധനസഹായവും അപകടമരണ ധനസഹായവും അനുവദിച്ചു നല്കിയിട്ടുണ്ടെന്നതിന്റെയും ഇത് ആകെ എത്ര രൂപ വരുമെന്നതിന്റെയും വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായം നല്കുന്നതിന്റെ മണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

## റീ-സർവ്വേ പൂർത്തീകരിക്കാൻ നടപടി

295 (1379) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര വില്ലേജിൽ റീ-സർവ്വേ നടപടികൾ ഇതിനകം പൂർത്തിയായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇനി എത്ര വില്ലേജുകളിൽ റീ-സർവ്വേ നടപടികൾ പൂർത്തിയാക്കാനുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഇതു സംബന്ധമായ വിശദാംശങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തെ മുഴുവൻ വില്ലേജുകളിലും റീ-സർവ്വേ നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കാനാകും എന്നാണ് കരുതുന്നത്; ആയതിലേക്കായി ഇതിനോടകം കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 884 വില്ലേജുകൾ.

(ബി) 780 വില്ലേജുകൾ.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) 24-1-2017-ലെ ജി.ഒ (എംഎസ്) നമ്പർ 28/2017/റവന്യൂ പ്രകാരം സംസ്ഥാനത്ത് റീസർവ്വേ പ്രവർത്തനങ്ങൾ പുനഃസ്ഥാപിച്ച് ഉത്തരവായിട്ടുണ്ട്. റീസർവ്വേ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമുള്ള കർമ്മ പദ്ധതികൾ തയ്യാറാക്കിയും യഥാസമയം പുരോഗതി വിലയിരുത്തിയും സർവ്വേ പ്രവർത്തനങ്ങൾ കുറ്റമറ്റ രീതിയിൽ പൂർത്തിയാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## ഏറനാട് താലൂക്ക് ഓഫീസിലെയും നിലമ്പൂർ വില്ലേജ് ഓഫീസിലെയും പ്രശ്നങ്ങൾ

296 (1380) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലമ്പൂർ മണ്ഡലത്തിലെ നിലമ്പൂർ വില്ലേജ് ഓഫീസിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തതിനാൽ പൊതുജനം ബുദ്ധിമുട്ട് അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഏറനാട് താലൂക്ക് ഓഫീസിൽ നിന്ന് റീ-സർവ്വേ ഫയലുകൾ കാണാതായതായും ഫയലുകളിൽ നടപടി വൈകുന്നതായും രണ്ട് വർഷത്തിലധികമായി നടപടി പൂർത്തീകരിക്കാൻ കഴിയാത്ത ഫയലുകൾ ഉള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യങ്ങളിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലമ്പൂർ വില്ലേജ് ഓഫീസിൽ നിലവിൽ തസ്തികകളൊന്നും ഒഴിഞ്ഞു കിടക്കുന്നില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു.

**പട്ടയം നൽകുവാൻ നടപടി**

297 (1381) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേവികുളം താലൂക്കിൽ പട്ടയം ലഭിക്കാത്ത ആളുകൾക്ക് പട്ടയം നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്നും ഇല്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ദേവികുളം താലൂക്കിൽ 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളും മറ്റ് ബന്ധപ്പെട്ട ചട്ടങ്ങളും പ്രകാരമുള്ള പതിവ് നടപടികൾ പുനരാരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട റവന്യൂ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും, ഭൂമി പതിവ് കമ്മിറ്റി നിലവിൽ വരുന്ന മുറയ്ക്ക് ടി പട്ടയ നടപടികൾ ത്വരിതപ്പെടുത്തുന്നതുമാണ്.

**ആലപ്പുഴ ജില്ലാ സർവ്വേ ഓഫീസിലെ പരാതികളിൽ തീർപ്പ് കൽപ്പിക്കുന്നതിലുള്ള കാലതാമസം**

298 (1382) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലാ സർവ്വേ ഓഫീസിൽ പൊതുജനങ്ങളുടെ പരാതികളിൽ തീർപ്പ് കൽപ്പിക്കുവാൻ കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ചെങ്ങന്നൂർ താലൂക്കിലെ സർവ്വേ സംബന്ധിച്ച് ആലപ്പുഴ ജില്ലാ സർവ്വേ ഓഫീസ്സിൽ എത്ര അപേക്ഷകൾ പരിഹരിയ്ക്കാതെയുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ചെങ്ങന്നൂർ താലൂക്ക് സർവ്വേ ഓഫീസിൽനിന്നും അനന്തര നടപടിയ്ക്കായി ജില്ലാ ഓഫീസിലുള്ള അപേക്ഷകളിൽ വേഗത്തിൽ തീർപ്പ് കൽപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) ചെങ്ങന്നൂർ താലൂക്ക് സർവ്വേ ഓഫീസിൽ നിന്നുമുള്ള LRM (1) 3699/15-ാം നമ്പർ സരോജിനിയമ്മ, ചക്കാലേത്ത് മേലത്തേതിൽ, പെണ്ണുക്കര-യുടെ അപേക്ഷയിൽ അനന്തര നടപടി വൈകുന്നതിന്റെ കാരണം വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ചെങ്ങന്നൂർ താലൂക്കിലെ സർവ്വേ സംബന്ധിച്ച് 44 ഫയലുകൾ അംഗീകരിക്കാനുണ്ട്.

(സി) ചെങ്ങന്നൂർ താലൂക്കിലെ സർവ്വേ ഓഫീസിൽനിന്നും അനന്തര നടപടിക്കായി ജില്ലാ ഓഫീസിലുള്ള അപേക്ഷകൾ തീർപ്പാക്കിക്കൊണ്ടിരിക്കുന്നു.

(ഡി) ചെങ്ങന്നൂർ താലൂക്ക് സർവ്വേ ഓഫീസിൽ നിന്നുമുള്ള LRM(1) 3699/15-നമ്പർ സരോജിനിയമ്മ, ചക്കാലേത്ത് മേലത്തേതിൽ, പെണ്ണുക്കര-യുടെ എൽ.ആർ.എം. അപേക്ഷ പ്രകാരമുള്ള സബ് ഡിവിഷൻ റെക്കാർഡുകൾ 20-2-2017-ൽ ജില്ലാ സർവ്വേ സൂപ്രണ്ട് അംഗീകരിച്ചിട്ടുള്ളതും തുടർ നടപടികൾക്കായി ചെങ്ങന്നൂർ താലൂക്കിലെ ഓഫീസിലേയ്ക്ക് അയച്ചുകൊടുത്തിട്ടുള്ളതുമാണ്. തുടർ നടപടികൾ താലൂക്ക് ഓഫീസിൽ സ്വീകരിക്കുന്നതാണ്.

**ലാൻഡ് റെക്കോർഡ്സ് ഡിജിറ്റൈസ് ചെയ്യുന്ന നടപടിക്രമങ്ങൾ**

299 (1383) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലാൻഡ് റെക്കോർഡ്സ് ഡിജിറ്റലൈസ് ചെയ്യുന്ന നടപടിക്രമങ്ങൾ ഏതൊക്കെ താലൂക്കുകളിലാണ് പൂർത്തീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കോട്ടയം ജില്ലയിലെ അഞ്ച് താലൂക്കുകളിലെ (ചങ്ങനാശ്ശേരി, കോട്ടയം, കാഞ്ഞിരപ്പള്ളി, മീനച്ചിൽ, വൈക്കം) വില്ലേജുകളിൽ അടിസ്ഥാന ഭൂവിവരങ്ങളായ (Textual Data) അടിസ്ഥാന ഭൂനികുതി രജിസ്റ്റർ (BTR), തണ്ടപ്പേർ രജിസ്റ്റർ (TPR) എന്നിവ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്തു കഴിഞ്ഞിട്ടുണ്ട്.

(ബി) വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ ഡിജിറ്റൈസ് ചെയ്ത് ഓൺലൈൻ സേവനങ്ങളായ ഇ-പോക്കുവരവും റവന്യൂ ഇ-പെയ്മെന്റും നടപ്പിലാക്കുന്നതാണ് പദ്ധതിയുടെ ആദ്യഘട്ടം. തുടർന്നുള്ള ഘട്ടത്തിൽ ഭൂമിയുടെ ജി.ഐ.എസ്. അധിഷ്ഠിതമായ സ്കെച്ചും ലാൻഡ് റെക്കോർഡ്സും പൂർണ്ണമായും ഡിജിറ്റൈസ് ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. രേഖകൾ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്തതിനുശേഷം ഭൂ സംബന്ധമായ മറ്റു സേവനങ്ങളും ഘട്ടം ഘട്ടമായി ഓൺലൈനായി ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഭൂരേഖാ കമ്പ്യൂട്ടർവത്കരണത്തിനായുള്ള റവന്യൂ വകുപ്പിന്റെ ഓൺലൈൻ സോഫ്റ്റ്‌വെയറായ റെലിസും (Revenue Land Information System) ഭൂ രജിസ്ട്രേഷനു വേണ്ടി രജിസ്ട്രേഷൻ വകുപ്പ് ഉപയോഗിക്കുന്ന ഓപ്പൺ പേൾ (Open Pearl) എന്ന സോഫ്റ്റ്‌വെയറും വെബ്സർവ്വീസ് മുഖേന സംയോജിപ്പിച്ചുകൊണ്ടാണ് ഭൂ സംബന്ധമായ സേവനങ്ങൾ നിലവിൽ നൽകിവരുന്നത്.

## കടലുണ്ടി ചാലിയം റോഡിന് ഇരുവശവും റവന്യൂ ഭൂമി കയ്യേറ്റം

300 (1384) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടലുണ്ടി ചാലിയം റോഡിൽ റോഡിന് ഇരുവശവും റവന്യൂ ഭൂമി സ്വകാര്യ വ്യക്തികൾ കയ്യേറിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഏകദേശം 20-ലധികം സർവ്വേ ഭൂമിയിൽ കയ്യേറ്റം ഉള്ളതായി വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സർവ്വേ നടത്തി ഭൂമി തിരിച്ചു പിടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) കടലുണ്ടി-ചാലിയം റോഡിൽ റോഡിന് ഇരുവശവും റവന്യൂ ഭൂമി അല്ല മറിച്ച് പി.ഡബ്ല്യു.ഡി. റോഡ് പുറമ്പോക്ക് ഭൂമിയാണ് നിലവിലുള്ളത്. ടി ഭൂമിയിൽ കയ്യേറ്റം കണ്ടെത്തിയിട്ടുണ്ട്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രഥമദൃഷ്ട്യാ കണ്ടെത്തിയ കയ്യേറ്റം സംബന്ധിച്ച് വ്യക്തത വരുത്തുന്നതിന് സർവ്വേ നടത്താനും നടപടികൾ സ്വീകരിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്.

## റീ-സർവ്വേ നടപടികൾ

301 (1385) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതൊക്കെ വില്ലേജുകളിൽ റീ-സർവ്വേ നടപടികൾ പൂർത്തിയായി എന്ന് വ്യക്തമാക്കുമോ;

(ബി) റീ-സർവ്വേയർമാരുടെ കുറവ് നികത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) റീ-സർവ്വേ പരാതികൾ പരിഹരിക്കുന്നതിനായി അദാലത്തുകൾ സംഘടിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ഡി) ഇല്ലെങ്കിൽ അദാലത്തുകൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 884 വില്ലേജുകളുടെ റീ-സർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. വില്ലേജുകളുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു*

(ബി) ആധുനിക സാങ്കേതികവിദ്യ ഉപയോഗിക്കുന്നതുമൂലം പുതിയ തസ്തികകൾ സൃഷ്ടിക്കാതെ നിലവിലുള്ള സർവ്വേയർമാരുടെ സേവനം പ്രയോജനപ്പെടുത്തി റീസർവ്വേ നടപടികൾ പൂർത്തിയാക്കാൻ സാധിക്കുന്നതാണ്.

(സി) 31-5-2010-ലെ സർക്കാർ ഉത്തരവ് (എംഎസ്) 200/10/റവന്യൂ പ്രകാരം റീസർവ്വേ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ള വില്ലേജുകളിൽ റീ-സർവ്വേ സംബന്ധിച്ച പരാതികൾ തീർപ്പാക്കുന്നതിന് ആരംഭിച്ച എല്ലാ അദാലത്തുകളും നിർത്തലാക്കി അതാതു വില്ലേജുകളിലെ പരാതികളിന്മേൽ നടപടി സ്വീകരിക്കേണ്ട ചുമതല ബന്ധപ്പെട്ട താലൂക്ക് അഡീഷണൽ തഹസിൽദാർക്ക് നൽകി ഉത്തരവായിട്ടുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല

## താമരശ്ശേരി താലൂക്കിലെ റീ-സർവ്വേ പ്രവർത്തനങ്ങൾ

302 (1386) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് താമരശ്ശേരി താലൂക്കിലെ റീസർവ്വേ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ ;

(ബി) റീസർവ്വേ പ്രവർത്തനങ്ങൾ എന്ന് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) കോഴിക്കോട്, താമരശ്ശേരി താലൂക്കിൽ റീ-സർവ്വേ ജോലികൾ ഇതുവരെ ആരംഭിച്ചിട്ടില്ല.

(ബി) റീ-സർവ്വേ പ്രവർത്തനങ്ങൾ നിർബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമുള്ള കർമ്മപദ്ധതികൾ തയ്യാറാക്കിയും യഥാസമയം പുരോഗതി വിലയിരുത്തിയും സർവ്വേ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**പാർവ്വതി പുത്തനാറിന്റെ സർവ്വെ നടപടികൾ**

303 (1387) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന ജില്ലയിലെ പാർവ്വതി പുത്തനാറിന്റെ സർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ;

(ബി) സർവ്വേയിൽ കയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) കണ്ടെത്തിയ കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പാർവ്വതി പുത്തനാറിന്റെ സർവ്വേ നടപടി പൂർത്തിയായിട്ടില്ല. 2017 ജനുവരി 31 വരെ നടന്നിട്ടുള്ള സർവ്വേ സംബന്ധിച്ച പുരോഗതി ചുവടെ ചേർക്കുന്നു :

1. കടകംപള്ളി വില്ലേജ് ഇരുവശവും കൂടി 4.9496 കി.മീ.
2. മുട്ടത്തറ വില്ലേജ് ഇരുവശവും കൂടി 6.075 കി. മീ.
3. പേട്ട വില്ലേജ് ഇരുവശവും കൂടി 3.20 കി.മീ.

(ബി) ഇതുവരെ 312 കയ്യേറ്റങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) കയ്യേറ്റക്കാർ ഭൂരഹിതരും ഭവനരഹിതരുമാണോയെന്നുള്ള അന്വേഷണം വില്ലേജാഫീസർ മുഖാന്തരം നടന്നു വരുന്നു. ആയതിനുശേഷം ഉചിതമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**റീ-സർവ്വേ പ്രവർത്തനങ്ങൾ പുനരാരംഭിക്കുവാനുള്ള തീരുമാനം**

304 (1388) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റീ-സർവ്വേ പ്രവർത്തനങ്ങൾ പുനഃരാരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) റീ-സർവ്വേ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി നിലവിൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തികകൾ നിലവിലില്ലാത്ത തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തിക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) 24-1-2017-ലെ ജി.ഒ. (എംഎസ്) നമ്പർ 28/2017/റവന്യൂ പ്രകാരം സംസ്ഥാനത്ത് റീസർവ്വേ പ്രവർത്തനങ്ങൾ പുനഃസ്ഥാപിച്ച് ഉത്തരവായിട്ടുണ്ട്. റീ-സർവ്വേ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രാരംഭഘട്ടത്തിൽ കാസർഗോഡ് ജില്ലയിലെ 10 വില്ലേജുകളുടെ റീസർവ്വേ ആധുനിക സർവ്വേ ഉപകരണങ്ങളായ ജി.പി.എസ്. (ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം), ഇ.റ്റി.എസ്. (ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ) എന്നിവയുടെ സഹായത്തോടെ കുറ്റമറ്റരീതിയിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**രാജമാണിക്യം കമ്മീഷൻ റിപ്പോർട്ട്**

305 (1389) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബ്രിട്ടീഷ് കമ്പനികളുടെ തോട്ടങ്ങൾ സ്വാതന്ത്ര്യാനന്തരം അനധികൃതമായി കൈവശപ്പെടുത്തിയ പുതിയ കമ്പനികളുടെയും, ബന്ധപ്പെട്ട തോട്ടങ്ങളുടെയും വിവരങ്ങൾ ശേഖരിക്കാൻ നിയോഗിച്ചിരുന്ന ഐ.എ.എസ്. ഉദ്യോഗസ്ഥൻ രാജമാണിക്യം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) എരുമേലിക്കടുത്ത ചെറുവള്ളി എസ്റ്റേറ്റിന്റെ ഉടമസ്ഥാവകാശം ഏതെങ്കിലും ബ്രിട്ടീഷ് കമ്പനിയുടെ കൈവശത്തിലായിരുന്നോ എന്നും എങ്കിൽ സ്വാതന്ത്ര്യാനന്തരം അതിന്റെ കൈവശക്കാർ ആരായിരുന്നു എന്നും ഇപ്പോൾ ആരുടെ കൈവശമാണെന്നും ഈ കൈമാറ്റങ്ങൾ നിയമാനുസൃതമായിരുന്നോ എന്നുമുള്ള കാര്യങ്ങൾ വ്യക്തമാക്കുമോ;

(സി) സ്വാതന്ത്ര്യത്തിനുമുമ്പ് വിദേശ കമ്പനികളുടെ കൈവശമിരുന്നതും സ്വാതന്ത്ര്യാനന്തരം ഇന്ത്യ ഇൻഡിപെൻഡൻസ് ആക്ടിലെ വ്യവസ്ഥപ്രകാരം സംസ്ഥാനത്തിന് അവകാശപ്പെട്ടതുമായ തോട്ടങ്ങളുടെയും വസ്തുവകകളുടെയും വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത രേഖകൾ എവിടെ ലഭ്യമാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിവിധ കമ്പനികളും വ്യക്തികളും അനധികൃതമായി കൈവശം വയ്ക്കുന്ന സർക്കാർ ഭൂമി കണ്ടെത്തി തിരിച്ചെടുക്കുന്നതിന് നിയോഗിച്ച സ്റ്റേറ്റ് സ്പെഷ്യൽ ഓഫീസർ & കളക്ടർ ശ്രീ. രാജമാണിക്യം ഐ.എ.എസ്. 4-6-2016, 24-9-2016 തീയതികളിൽ രണ്ടു റിപ്പോർട്ടുകൾ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. അവയുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം നിലവിലെ ചെറുവള്ളി എസ്റ്റേറ്റ് സർക്കാർ ഭൂമിയാണ്. പ്രസ്തുത ഭൂമി സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിന് സർക്കാർ നിയോഗിച്ച സ്പെഷ്യൽ ഓഫീസർ 28-5-2015-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിലെ കണ്ടെത്തലുകൾ ബഹു. ഹൈക്കോടതി അംഗീകരിച്ചിട്ടുണ്ട്. ടി കമ്പനികൾ മുമ്പ് നേടിയ കോടതി ഉത്തരവുകളിൽ തീരുമാനമെടുക്കുന്നതിനായി കേസ്സുകൾ നിലവിൽ ഡിവിഷൻ ബഞ്ചിന്റെ പരിഗണനയിലാണ്. സ്പെഷ്യൽ ഓഫീസറുടെ ഉത്തരവുകളുടെ തൽസ്ഥിതി തുടരാൻ ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്. 2264 ഏക്കർ വരുന്ന ചെറുവള്ളി എസ്റ്റേറ്റ് സ്വാതന്ത്ര്യത്തിനുമുമ്പ് ഇംഗ്ലീഷ് കമ്പനികൾ പാട്ടമായി കൈവശം വച്ചിരുന്നതായി കാണുന്നു. പ്രസ്തുത ഭൂമി 1923-ലെ 1600/1923-ാം നമ്പർ കരാർ ഉടമ്പടി പ്രകാരം മലയാളം റബ്ബർ & പ്രൊഡ്യൂസ് കമ്പനി (യു.കെ.) ലിമിറ്റഡ് മറ്റൊരു ഇംഗ്ലീഷ് കമ്പനിയായ മലയാളം പ്ലാന്റേഷൻസ് (യു.കെ.) ലിമിറ്റഡിന് കൈമാറി. ടി രണ്ട് കമ്പനികളും ബ്രിട്ടീഷ് കമ്പനി ആക്ട് പ്രകാരം ആ രാജ്യത്തെ ഒരേ ഓഫീസ് മേൽവിലാസത്തിൽ പ്രവർത്തിച്ചിരുന്നതായി ടി കരാർ ഉടമ്പടിയിൽ കാണുന്നു. 1923- ലെ ഇംഗ്ലീഷ് കമ്പനികളുടെ കരാർ ഉടമ്പടിയിൽ ആകെ 25625 ഏക്കർ ഭൂമി ഉൾപ്പെടുന്നു. ടി കരാറിലെ വിൽക്കുന്നയാളും വാങ്ങുന്നയാളും സാക്ഷികളും എല്ലാം തന്നെ ജോൺമാക്കിയായിരുന്നു. 1947-ൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഇന്ത്യ സ്വാതന്ത്ര്യം നേടിയെങ്കിലും ഇന്ത്യൻ ഇൻഡിപെൻഡൻസ് ആക്ട് 1947, FERA 1947 എന്നിവയിലെ വിലക്കുകൾ ലംഘിച്ചുകൊണ്ട് ഇന്ത്യൻ ഏജന്റുമാരെ ഉപയോഗിച്ച് ടി വിദേശകമ്പനികൾ (മറ്റ് വിദേശ കമ്പനികൾ ചെയ്തതുപോലെ) ഇംഗ്ലണ്ടിൽ തുടർന്നുകൊണ്ട് ടി തോട്ടങ്ങൾ നിയന്ത്രിച്ചിരുന്നതായി മനസ്സിലാക്കുന്നു. 1952, 1957, 1973 എന്നീ വർഷങ്ങളിൽ വിദേശകമ്പനികൾക്കും, പൗരൻമാർക്കുമെതിരായി ശക്തമായ വിലക്കുകൾ ഏർപ്പെടുത്തിക്കൊണ്ട് FERA-യിൽ ഭേദഗതികൾ വരുത്തിയിരുന്നു. ഇന്ത്യയിൽ ഭൂമി കൈവശം വയ്ക്കുന്നതിനും, കൈമാറ്റം ചെയ്യുന്നതിനും കേന്ദ്രസർക്കാരിന്റെയോ റിസർവ് ബാങ്കിന്റെയോ അനുമതി ആവശ്യമായിരുന്നു.

ഈ സാഹചര്യത്തിൽ ഹാരിസൺസ് മലയാളം ലിമിറ്റഡ്, 1923-ലെ വിദേശകമ്പനികൾ തമ്മിലുണ്ടാക്കിയ കരാർ ഉടമ്പടിയിൽ ഉൾപ്പെട്ടതും ഭരണഘടനയുടെ ആർട്ടിക്കിൾ 296 പ്രകാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായതുമായ ആയിരക്കണക്കിന് ഏക്കർ ഭൂമി 1984 മുതൽ വിൽപ്പന നടത്തി വന്ന കൂട്ടത്തിൽ 2005-ൽ എരുമേലിക്കടുത്തുള്ള 2264 ഏക്കർ വരുന്ന ചെറുവള്ളി എസ്റ്റേറ്റ് അനധികൃതമായി ഗോസ്പൽ ഫോർ ഏഷ്യക്ക് വിൽപ്പന നടത്തി. ഈ ഭൂമി തികച്ചും സർക്കാർ ഭൂമിയാണെന്നതിനുള്ള കാരണം സ്പെഷ്യൽ ഓഫീസറുടെ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയത് കോടതി അംഗീകരിച്ചിട്ടുണ്ട്. അന്തിമ ഉത്തരവ് നിലവിൽ വന്നിട്ടില്ല.

(സി) ശേഖരിച്ചു വരുന്നു. സ്പെഷ്യൽ ഓഫീസർ ആവശ്യപ്പെട്ട പ്രകാരമുള്ള റിപ്പോർട്ട് എല്ലാ ജില്ലകളിൽനിന്നും പൂർണ്ണമായി ലഭിച്ചിട്ടില്ല. എന്നാൽ ഭാഗികമായി ലഭിച്ച റിപ്പോർട്ടിന്മേൽ ഭൂസംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ തുടർന്നു വരുന്നു.

**ആറ്റിങ്ങൽ, അവനവഞ്ചേരി വില്ലേജുകളിൽ റീ-സർവ്വേ**

306 (1390) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ, അവനവഞ്ചേരി വില്ലേജുകളിൽ റീ-സർവ്വേ നടത്താൻ നടപടി സ്വീകരിക്കുമോ;

(ബി) മണമ്പൂർ, കിളിമാനൂർ, വെള്ളല്ലൂർ വില്ലേജുകളിൽ കരംതീരുവ ലഭിക്കാത്തതോ പട്ടയം ലഭിക്കാത്തതോ ആയ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത പരാതികളിൻമേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) അവനവഞ്ചേരി വില്ലേജ് 15-6-2013-ന് റീസർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയുടെ റീസർവ്വേ പ്രവർത്തനത്തിന് നടപടികൾ ആരംഭിച്ചിരുന്നെങ്കിലും തുടർ പ്രവർത്തനങ്ങൾ നടന്നിട്ടില്ലാത്തതാണ്. തുടർ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(ബി) <u>മണമ്പൂർ വില്ലേജ്</u> : മണമ്പൂർ വില്ലേജിൽനിന്നും ഭൂമി പതിവിനായി 13 അപേക്ഷകൾ ലഭിച്ചിട്ടുള്ളതും, പതിവിന് വിധേയമായതും അർഹമായതുമായ അപേക്ഷകൾ പരിശോധനയിലും, നടപടിയിലും ഇരിക്കുന്നതുമാണ്. മണമ്പൂർ വില്ലേജിൽ 1492, 1530, 2519 എ, 25519/4, 2565, 2567, 2587 എന്നീ മുൻ സർവ്വേ നമ്പരുകളിലെ 15.85.500 ഏക്കർ ഭൂമി മിച്ചഭൂമിയായി ഏറ്റെടുക്കാൻ ലാൻഡ് ബോർഡ് ഉത്തരവായിട്ടുള്ളതും ഇതുൾപ്പെട്ടുവരുന്ന നാന്നൂറോളം കരംതീരുവയ്ക്കായിട്ടുള്ള അപേക്ഷകളുള്ളതുമാണ്. ഇതിൽ നടപടി തുടർന്നു വരുന്നതും ആയത് ലാൻഡ് ബോർഡിന്റെ പരിഗണനയിലുമാണ്.

<u>കിളിമാനൂർ വില്ലേജ്</u>: റീ-സർവ്വേ പ്രകാരം കരം തീരുവയ്ക്കായി ബാക്കിയുള്ള 97 അപേക്ഷകളിൽ സർവ്വേ നടപടികൾ തുടർന്നു വരുന്നതും പട്ടയം ലഭിക്കാൻ ബാക്കിയുള്ള 2 അപേക്ഷകളിന്മേൽ നടപടി തുടർന്നു വരുന്നതുമാണ്.

<u>വെള്ളല്ലൂർ വില്ലേജ്</u>: റീ-സർവ്വേ പ്രകാരം കരം തീരുവയ്ക്കായി ബാക്കിയുള്ള 205 അപേക്ഷകളിൽ സർവ്വേ നടപടികൾ തുടർന്നു വരുന്നു. പട്ടയം ലഭിക്കാത്തതുമായി ബന്ധപ്പെട്ട പരാതികൾ ലഭിച്ചിട്ടില്ല.

**പട്ടയത്തിനുള്ള അപേക്ഷ**

307 (1391) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടയം അനുവദിച്ച് കിട്ടണം എന്ന ആവശ്യം സംബന്ധിച്ച് കായംകുളം അസംബ്ലി മണ്ഡലത്തിൽ കാർത്തികപള്ളി താലൂക്ക്, പുതുപ്പള്ളി വില്ലേജിൽ, കീരിക്കാട് തെക്ക് മാവനാൽ പുതുവൽ വീട്ടിൽ ശ്രീ. ചോതി രാഘവൻ സമർപ്പിച്ചിട്ടുള്ള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വിഷയത്തിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) അപേക്ഷ ലഭിച്ചിട്ടുള്ളതാണ്.

(ബി) അപേക്ഷയ്ക്കാസ്പദമായ സ്ഥലം വില്ലേജ് റിക്കാർഡ് പ്രകാരം തണ്ടപ്പേർ നമ്പർ 278-ൽ കീരിക്കാട് തെക്കുമുറി സാധുപുരത്ത് വീട്ടിൽ ഗായത്രീദേവിയുടെ പേരിലാണ്. ടി വസ്തു 40 വർഷമായി ശ്രീ. ചോതി രാഘവന്റെ കൈവശത്തിലാണ്. ടി വസ്തുവിന് 1975-ൽ ചേർത്തല ലാൻഡ് ട്രൈബ്യൂണൽ തഹസിൽദാർ 2128/75 നമ്പരായി പട്ടയം അനുവദിച്ച് നൽകിയിരുന്നതാണ്. എന്നാൽ ടി പട്ടയത്തിന്റെ പകർപ്പ് ടിയാന്റെ കൈവശമില്ല. ചേർത്തല ലാൻഡ് ട്രൈബ്യൂണൽ ഓഫീസിൽനിന്നും പട്ടയത്തിന്റെ പകർപ്പ് ലഭ്യമാക്കി കാർത്തികപ്പള്ളി താലൂക്ക് എൽ.ആർ.എം. വിഭാഗം മുഖേന പോക്കുവരവ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയുമെന്ന വിവരം ബന്ധപ്പെട്ട കക്ഷിയെ അറിയിച്ചിട്ടുള്ളതാണ്.

**പട്ടയത്തിനുള്ള അപേക്ഷകളിൻമേൽ തീർപ്പുകൽപ്പിക്കൽ**

308 (1392) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ കിഴക്കഞ്ചേരി, വണ്ടാഴി, മേലാർകോട്, തേങ്കുറുശ്ശി, കുഴൽമന്ദം, എരിമയൂർ, ആലത്തൂർ എന്നീ പഞ്ചായത്തുകളിൽ 2005 മുതൽ പട്ടയത്തിന് അപേക്ഷിച്ചവരുടെതിൽ തീർപ്പുകൽപ്പിച്ചതും തീർപ്പുകൽപ്പിക്കാത്തതുമായ പരാതികളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) തീർപ്പുകൽപ്പിക്കാത്ത പരാതികളിന്മേൽ തീർപ്പുകൽപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) തീർപ്പുകൽപ്പിക്കാൻ പ്രത്യേക അദാലത്ത് സംഘടിപ്പിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കിഴക്കാഞ്ചേരി, വണ്ടാഴി, തേങ്കുറുശ്ശി, കുഴൽമന്ദം എന്നീ പഞ്ചായത്തുകളിൽ 2005-ന് ശേഷം പട്ടയത്തിനുള്ള അപേക്ഷകൾ ലഭിച്ചിട്ടില്ല.

മേലാർകോട്-13 അപേക്ഷകൾ ലഭിക്കുകയും ആയത് തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. എരിമയൂർ -53 അപേക്ഷകൾ ലഭിക്കുകയും ആയത് തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. ആലത്തൂർ -13 അപേക്ഷകൾ നിലവിലുണ്ട്.

(ബി) പഞ്ചായത്തിൽനിന്നും അനുവാദപത്രിക ലഭിക്കുന്ന മുറയ്ക്ക് തീർപ്പാക്കുന്നതാണ്.

(സി) പട്ടയം സംബന്ധിച്ചുള്ള അപേക്ഷകൾ തീർപ്പു കൽപ്പിക്കുന്നതിന് അദാലത്ത് സംഘടിപ്പിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഇനാം സെറ്റിൽമെന്റ് ഭൂമികളുടെ പോക്കുവരവ്

309 (1393) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ രാമേശ്വരം വില്ലേജിലും മററ് വില്ലേജുകളിലും ഇനാം സെറ്റിൽമെന്റ് ഭൂമികൾ പോക്ക് വരവ് ചെയ്യാൻ നോട്ടിഫിക്കേഷൻ പ്രകാരം അനുവദിച്ച കാലാവധി അവസാനിച്ചതിനാൽ വർഷങ്ങളായി തീറുവാങ്ങി കൈവശം വച്ചനുഭവിക്കുന്നവർ പോക്കുവരവ് ചെയ്യാൻ സാധിക്കാത്തതിനാൽ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഭൂമി കൈവശക്കാർക്ക് പോക്കുവരവ് ചെയ്യുന്നതിനോ പതിച്ചു കൊടുക്കുന്നതിനോ നടപടി സ്വീകരിക്കുമോ;

(സി) ഇതു സംബന്ധിച്ച് രാമേശ്വരം വില്ലേജിൽ വർഗ്ഗീസ്, ലാൽ തുടങ്ങിയവർ സമർപ്പിച്ചിരുന്ന നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇനാം ഭൂമികളുടെ പതിവിനുള്ള അപേക്ഷ സ്വീകരിക്കുന്നതിനുള്ള കാലാവധി 31-12-2015-ൽ അവസാനിച്ചിരുന്നു. ആയത് ദീർഘിപ്പിച്ച് നൽകുന്ന കാര്യം സർക്കാർ പരിഗണനയിലാണ്. ഇക്കാര്യത്തിൽ തീരുമാനമാകുന്നമുറയ്ക്ക് പതിവ്, പോക്കുവരവ് നടപടികൾ സ്വീകരിക്കാവുന്നതാണ്.

(സി) രാമേശ്വരം വില്ലേജിൽ വർഗ്ഗീസ്, ലാൽ എന്നിവർ നിവേദനം സമർപ്പിച്ചിരുന്നതായി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടില്ല.

## വരൾച്ചയുടെ ഫലമായി കാർഷിക രംഗത്തുണ്ടായ നഷ്ടം

310 (1394) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വരൾച്ചയുടെ ഫലമായി ഈ വർഷം എത്ര കോടി രൂപയുടെ നഷ്ടം കാർഷിക മേഖലയിൽ ഉണ്ടായിട്ടുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത് ;

(ബി) നാണ്യവിളകളുടെ നാശംമൂലം എത്ര കോടി രൂപയുടെ നഷ്ടം സംഭവിച്ചു ;

(സി) വരൾച്ചാ സഹായമായി തുക അനുവദിക്കണമെന്നും വരൾച്ചാ അവലോകനത്തിനായി കേന്ദ്രസംഘത്തെ അയയ്ക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതിന്മേലുള്ള കേന്ദ്ര പ്രതികരണം എന്താണ് ?

ഉത്തരം

(എ) കൃഷി വകുപ്പിൽനിന്നും വെജിറ്റബിൾസ് & ഫ്രൂട്ട്സ് പ്രൊമോഷൻ കൗൺസിൽ ഓഫ് കേരളയിൽനിന്നും ലഭ്യമായ കണക്കുപ്രകാരം 40,427.4 ഹെക്ടറിൽ കൃഷി നശിച്ചിട്ടുണ്ട്. ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം ഇത് 56.88 കോടി രൂപയുടെ ദുരിതാശ്വാസ ധനസഹായത്തിന് അർഹമായ നഷ്ടമാണ്.

(ബി) കൃഷി വകുപ്പിൽ നിന്നും ലഭ്യമായ കണക്കുപ്രകാരം 2840 ഹെക്ടർ സ്ഥലത്തെ നാണ്യവിളകൾക്ക് നാശനഷ്ടം ഉണ്ടായിട്ടുണ്ട്. ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം ഇത് 5.11 കോടി രൂപയുടെ ദുരിതാശ്വാസ ധനസഹായത്തിന് അർഹമായ നഷ്ടമാണ്.

(സി) സംസ്ഥാനത്തിന്റെ പ്രാപ്തിക്കതീതമായി വരൾച്ചാ സാഹചര്യം രൂക്ഷമായേക്കും എന്ന വിലയിരുത്തലിൽ കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽനിന്ന് വരൾച്ചയ്ക്ക് അധിക സഹായം ആവശ്യപ്പെട്ടുകൊണ്ട് മെമ്മോറാണ്ടം നൽകുവാൻ 22-2-2017-ൽ ചേർന്ന മന്ത്രിസഭായോഗം തീരുമാനിച്ചു. 991 കോടി രൂപയാണ് അധിക സഹായമായി ആവശ്യപ്പെടുന്നത്. ഏറ്റവും ഉചിതമായ സമയത്ത് കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനായി മെമ്മോറാണ്ടം തയ്യാറാക്കിയിട്ടുണ്ട്. മെമ്മോറാണ്ടം കേന്ദ്രത്തിൽ സമർപ്പിച്ചതിനുശേഷം കേന്ദ്ര സംഘം അവലോകനത്തിനായി എത്തും.

(ഡി) കേരളം വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ചപ്പോൾത്തന്നെ കേന്ദ്രം കേരളത്തിലെ വരൾച്ച അവലോകനത്തിനായി ഒരു സംഘത്തെ നിർണ്ണയിച്ചിട്ടുണ്ട്. മെമ്മോറാണ്ടം കേന്ദ്രത്തിൽ സമർപ്പിച്ചതിനുശേഷം കേന്ദ്ര സംഘം അവലോകനത്തിനായി എത്തും.

## വി.എസ്.എസ്.സി.-ക്ക് വസ്തുവും വീടും വിട്ടുനല്കിയവർക്കുള്ള പുനരധിവാസ പദ്ധതി

311 (1395) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം തുമ്പ വി.എസ്.എസ്.സി.-ക്കുവേണ്ടി വസ്തുവും വീടും വിട്ടു നല്കിയവർക്കുള്ള പുനരധിവാസ പദ്ധതി പൂർണ്ണമായി നടപ്പാക്കിക്കഴിഞ്ഞോ; എങ്കിൽ വിശദവിവരം നല്കാമോ ;

(ബി) പുനരധിവാസ പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾക്കാണ് വീടുവച്ചു നല്കേണ്ടിയിരുന്നതെന്നും എത്ര കുടുംബങ്ങൾക്ക് വീട് നല്കി പുനരധിവസിപ്പിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) പുനരധിവാസത്തിനായി എത്ര സ്ഥലം ഏറ്റെടുത്തുവെന്നും ഇതിൽ എത്ര സ്ഥലം, എത്ര കുടുംബങ്ങൾക്കായി വിതരണം ചെയ്തുവെന്നും അറിയിക്കുമോ;

(ഡി) ഇനിയും വീടു ലഭിക്കാത്തവരുണ്ടെങ്കിൽ അവർക്ക് സമയബന്ധിതമായി വീടുനല്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) പബ്ലിക് (പൊളിറ്റിക്കൽ & മിലിറ്ററി ബി) വകുപ്പിന്റെ 7-2-1963-ലെ ജി.ഒ (എംഎസ്) 65/pub പ്രകാരമാണ് തുമ്പ വി.എസ്.എസ്.സി.-ക്കു വേണ്ടി സ്ഥലം ഏറ്റെടുത്തവർക്കുള്ള കോളനൈസേഷൻ പദ്ധതി സംബന്ധിച്ച തീരുമാനങ്ങൾ ലഭിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവിൻപ്രകാരം കുടിയൊഴിപ്പിക്കപ്പെട്ട നാന്നൂറോളം കുടുംബങ്ങളിൽ, പാവപ്പെട്ട കുടുംബങ്ങളിൽപ്പെട്ടവർക്ക് 10 സെന്റ് സ്ഥലവും ബിൽഡിംഗ് ഗ്രാന്റായി 900 രൂപയും നൽകാൻ വ്യവസ്ഥ ഉണ്ടായിരുന്നു. സമ്പന്ന വിഭാഗത്തിൽപ്പെട്ട കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് ഭൂമിയേറ്റെടുത്ത തോതിലുള്ള തുക 10 സെന്റിനായി ഈടാക്കാനും വ്യവസ്ഥയുണ്ട്. ഈ വിഭാഗക്കാർക്ക് ബിൽഡിംഗ് ഗ്രാന്റ് നൽകിയിരുന്നില്ല.

(ബി) മേൽ പരാമർശിച്ച സർക്കാർ ഉത്തരവ് പ്രകാരം വീട് വച്ച് നൽകുന്നതിനുള്ള വ്യവസ്ഥകൾ ഇല്ലായിരുന്നു.

(സി) പുനരധിവാസത്തിനായി 70 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനും, ഒരു കുടുംബത്തിന് 10 സെന്റ് വീതം നൽകുന്നതിനുമാണ് സർക്കാർ ഉത്തരവ് പ്രകാരം വ്യവസ്ഥയുണ്ടായിരുന്നത്.

(ഡി) നിർദ്ദേശങ്ങൾ പ്രകാരം വീട് നൽകുന്നതിനുള്ള വ്യവസ്ഥകൾ ഉണ്ടായിരുന്നില്ല.

**ഭവന രഹിതർ**

312 (1396) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഭവനരഹിതരുടെ കണക്ക് ജില്ലാ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) ഭവനരഹിതർക്ക് വീട് നൽകുന്നതിന് ഈ സർക്കാർ ഏതെങ്കിലും പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) നവകേരള മിഷനിൽ ഉൾപ്പെട്ട സമ്പൂർണ്ണ ഭവന നിർമ്മാണ ദൗത്യം (ലൈഫ്) എന്ന പദ്ധതി അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭവനരഹിതർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുന്നതിനായി ലക്ഷ്യമിടുന്നു. വിവിധതലങ്ങളിലുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സാമൂഹ്യ പ്രവർത്തകർ, ഓരോ മേഖലയിലും വൈദഗ്ധ്യം തെളിയിച്ചവർ, സംസ്ഥാന കുടുംബശ്രീ മിഷൻ തുടങ്ങി വൻ ജനപങ്കാളിത്തത്തോടെയാണ് തദ്ദേശ സ്വയംഭരണ വകുപ്പ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

**ഭവന നിർമ്മാണ ബോർഡിന്റെ ലോൺ കുടിശ്ശിക**

313 (1397) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭവന നിർമ്മാണ ബോർഡിന്റെ ലോൺ കുടിശ്ശികയായവർക്ക് എന്തൊക്കെ ആശ്വാസപദ്ധതികൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ;

(ബി) കോഴിക്കോട് ജില്ലയിൽ ബോർഡിന് കുടിശ്ശികയിനത്തിൽ എത്ര രൂപ ലഭിക്കാനുണ്ട് ?

<u>ഉത്തരം</u>

(എ) കുടിശ്ശിക പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ സർക്കാർ അംഗീകാരത്തോടുകൂടി 7-2-2004 മുതൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കിവരുന്നു. അതനുസരിച്ച് എല്ലാ വായ്പാ വിഭാഗക്കാർക്കും പിഴപ്പലിശ പൂർണ്ണമായും, താഴ്ന്ന/ഇടത്തരം വരുമാന വിഭാഗക്കാർക്ക് മുടക്കപ്പലിശയുടെ 70 ശതമാനവും ഉയർന്ന വരുമാന വിഭാഗക്കാർക്ക് മുടക്കപ്പലിശയുടെ 50 ശതമാനവും ഇളവാണ് അനുവദിച്ചു വരുന്നത്. വിവിധ വിഭാഗം കുടിശ്ശികക്കാർക്ക് ഒ.റ്റി.എസ്. വഴി നൽകിവരുന്ന ഇളവുകൾ താഴെപ്പറയുന്നവയാണ് :

| വായ്പാ പദ്ധതി | മുടക്കപ്പലിശ | പിഴപ്പലിശ |
|---|---|---|
| EWS | 100.00% | 100.00% |
| LIG | 70.00% | 100.00% |
| MIG | 70.00% | 100.00% |
| HIG | 50.00% | 100.00% |

2004 മുതൽ നടപ്പിലാക്കിവരുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി 30-6-2017 വരെ ദീർഘിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. മേൽ പദ്ധതിയുടെ ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്തി കുടിശ്ശികക്കാർക്ക് വായ്പാ കണക്ക് തീർപ്പാക്കാവുന്നതാണ്.

(ബി) കോഴിക്കോട് ജില്ലയിൽ 28-2-2017-ലെ കണക്ക് പ്രകാരം കുടിശ്ശിക ഇനത്തിൽ ബോർഡിന് പിരിഞ്ഞു കിട്ടാനുള്ള തുകയെ സംബന്ധിക്കുന്ന വിവരം ചുവടെ ചേർക്കുന്നു :

| വായ്പ പദ്ധതി | ഫയലുകളുടെ എണ്ണം | മൊത്തം കുടിശ്ശിക | ഒ.റ്റി.എസ്. ഇളവ് | ഇളവ് കുറച്ച് 28-2-2017 നുള്ള കുടിശ്ശിക |
|---|---|---|---|---|
| LIG | 202 | 4,04,68,222 | 2,58,67,127 | 1,46,01,095 |
| MIG | 160 | 14,16,80,717 | 7,15,92,957 | 7,00,87,760 |
| HIG | 37 | 6,76,15,088 | 2,67,73,468 | 4,08,41,620 |
| Total | 399 | 24,97,64,027 | 12,42,33,552 | 12,55,30,475 |

**ലൈഫ് മിഷൻ പദ്ധതി**

314 (1398) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത്എല്ലാവർക്കും പാർപ്പിടം നൽകുന്നതിന് ലൈഫ് മിഷൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നല്കുമോ;

(സി) പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നവകേരള മിഷനിൽ ഉൾപ്പെട്ട സമ്പൂർണ്ണ ഭവന നിർമ്മാണ ദൗത്യം (ലൈഫ്) എന്ന പദ്ധതി അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭവനരഹിതർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുന്നതിനായി ലക്ഷ്യമിടുന്നു. സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സമൂഹത്തിന്റെ നടത്തിപ്പിലും നിലനിൽപ്പിലും ഭാഗഭാക്കാവാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടെയും പ്രയോജനം ലഭ്യമാക്കുന്നതിനും ഉതകുന്നതരത്തിലുള്ള സുരക്ഷിതവും മാന്യവുമായ വീടുകളും ജീവനോപാധികളും അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ലഭ്യമാക്കുക എന്നതാണ് ലക്ഷ്യം. പാവപ്പെട്ടവർക്ക് ഒരു കൂര എന്നതിലുപരി ഓരോ വീട്ടിലേയും ഒരാൾക്കെങ്കിലും മെച്ചപ്പെട്ട തൊഴിൽ പരിശീലനം, അടിസ്ഥാന സൗകര്യങ്ങൾ, വിവിധ സാമൂഹിക സേവനങ്ങൾ, ചികിത്സയ്ക്കും കുട്ടികളുടെ വിദ്യാഭ്യാസത്തിനുമുള്ള സൗകര്യങ്ങൾ എന്നിവയൊക്കെത്തന്നെ ലഭ്യമാക്കി സുരക്ഷിതമായ ഭവനങ്ങളാണ് ലൈഫ് മിഷനിൽ ലക്ഷ്യമിടുന്നത്. വിവിധതലങ്ങളിലുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സാമൂഹ്യ പ്രവർത്തകർ, ഓരോ മേഖലയിലും വൈദഗ്ദ്ധ്യം തെളിയിച്ചവർ, സംസ്ഥാന കുടുംബശ്രീ മിഷൻ തുടങ്ങി വൻ ജനപങ്കാളിത്തത്തോടെയാണ് തദ്ദേശ സ്വയംഭരണ വകുപ്പ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(സി) പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സർവ്വേ നടപടികളാരംഭിച്ചിട്ടുണ്ട്. വിവിധ വകുപ്പുകൾ തയ്യാറാക്കിയ ഭവനരഹിതരുടെ നിലവിലെ പട്ടികയിൽ വിട്ടുപോയ അർഹരെ ഉൾപ്പെടുത്താനും അനർഹരെ ഒഴിവാക്കാനും സർവ്വേയിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള പരിശോധനകൾക്ക് മൂന്ന് ഘടകങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

1. നിലവിൽ ലഭ്യമായ ഭവന രഹിതരുടെ വിവിധ പട്ടികകളിൽ (എസ്.ഇ.സി.സി. ഡാറ്റാ, പഞ്ചായത്തുകളിൽ ലഭ്യമായ ഭവന രഹിതരുടെ പട്ടിക) ഉള്ള ഗുണഭോക്താക്കളുടെ പരിശോധന.

2. പട്ടികയിൽ ഇടം പിടിക്കാത്ത ഭൂരഹിതരും ഭവനരഹിതരുമായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള പരിശോധന.

3. സർക്കാർ പദ്ധതികളുടെ ഗുണഭോക്താക്കളായി ഭവന നിർമ്മാണത്തിന് തുക കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം പൂർത്തീകരിക്കാത്തവരെ കണ്ടെത്തുന്നതിനുള്ള പരിശോധന/വാസയോഗ്യമല്ലാത്ത ഭവനമുള്ളവരെ കണ്ടെത്തുന്നതിനുള്ള പരിശോധന.

## പട്ടയം നൽകുന്നതിന് നടപടി

315 (1399) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി നിയോജക മണ്ഡലത്തിൽ ഇനിയും പട്ടയം ലഭിച്ചിട്ടില്ലാത്ത പെരുമ്പെട്ടി, മടന്തമൺ, പമ്പാവാലി, എയ്ഞ്ചൽവാലി, മണക്കയം, വിമുക്തഭട കോളനി, വെച്ചൂച്ചിറ, അട്ടത്തോട് എന്നീ പ്രദേശങ്ങളിലെ കൈവശക്കാർക്ക് പട്ടയം നൽകുന്നതിന് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ സർക്കാർ അനുമതി ലഭിക്കേണ്ട സ്ഥലങ്ങൾ ഏതെല്ലാം; ഇതു സംബന്ധിച്ച് നിർദ്ദേശങ്ങൾ സർക്കാരിലേക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ; ഇവർക്ക് എന്നത്തേക്ക് പട്ടയം നൽകാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) റാന്നി നിയോജക മണ്ഡലത്തിൽ ഇനിയും പട്ടയം ലഭിക്കാത്ത പെരുമ്പട്ടി, മടന്തമൻ, പമ്പാവാലി, എയ്ഞ്ചൽവാലി, മണക്കയം, വിമുക്തഭട കോളനി വെച്ചൂച്ചിറ, അട്ടത്തോട് എന്നീ പ്രദേശങ്ങളിലെ കൈവശക്കാർക്ക് പട്ടയം നൽകുന്നതിനായി ബഹു. എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ 13-2-2017-ൽ ജില്ലാ കളക്ടർ യോഗം വിളിച്ച് ചർച്ച ചെയ്ത് പട്ടയം നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുള്ളതാണ്.

പെരുമ്പട്ടി - വനഭൂമിയിൽ ഉൾപ്പെട്ട പെരുമ്പട്ടിയിലെ കൈവശക്കാർക്ക് കൈവശരേഖ നൽകിയിട്ടുണ്ട്. ആയതിൽ അർഹരായ 404 പേർക്ക് പട്ടയം നൽകുന്നതിന് കേന്ദ്രാനുമതി ആവശ്യമുണ്ട്. ടി സ്ഥലത്ത് റവന്യൂ-വനം വകുപ്പ് സംയുക്ത പരിശോധന പൂർത്തിയായിട്ടുള്ളതും കേന്ദ്രാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നതുമാണ്.

മടന്തമൻ - റാന്നി താലൂക്കിൽ അത്തിക്കയം വില്ലേജിലെ മടന്തമൻ പ്രദേശത്തെ സർവ്വേ നമ്പർ 781/1-1-ൽ ഉൾപ്പെട്ട 46 ഏക്കർ ഭൂമിയിൽ നിലവിലെ കൈവശക്കാർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

പമ്പാവാലി - പമ്പാവാലി പ്രദേശത്ത് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ഉത്തരവായിട്ടുള്ളതും കൈവശക്കാർക്ക് പട്ടയം നൽകിയിട്ടുള്ളതുമാണ്. ബാക്കി പട്ടയം നൽകാനുള്ള ഏകദേശം 40 പേർക്ക് പട്ടയം നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു.

എയ്ഞ്ചൽവാലി - ജില്ലാ അതിർത്തി തിട്ടപ്പെടുത്തിയെങ്കിൽ മാത്രമേ ടി കൈവശക്കാർ പത്തനംതിട്ട ജില്ലയിൽ ഉൾപ്പെട്ടുവരുന്നുവോയെന്ന് തീർച്ചപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വെച്ചൂച്ചിറ വിമുക്തഭട കോളനി - റാന്നി താലൂക്കിൽ കൊല്ലമുള വില്ലേജിൽ 300 വിമുക്തഭടൻമാർക്ക് അനുവദിച്ച 1500 ഏക്കറിൽ അനധികൃതമായി കൈവശം വച്ചിരുന്ന 33 ഏക്കർ സ്ഥലം പതിച്ചു നൽകണമെന്ന ആവശ്യം പരിശോധനയിലാണ്.

അട്ടത്തോട് - അട്ടത്തോട് ട്രൈബൽ സെറ്റിൽമെന്റ് കോളനി ഉൾപ്പെട്ടുവരുന്ന പ്രദേശമാണ്. ടി സ്ഥലം 1-10-1977-ന് മുമ്പുള്ള വനഭൂമി കയ്യേറ്റ പ്രദേശമാണ്. കൈവശം തിട്ടപ്പെടുത്തുന്നതിനുള്ള നടപടി നടന്നു വരുന്നു. കേന്ദ്ര സർക്കാർ അനുമതിയോടുകൂടി മാത്രമേ തുടർ നടപടി സ്വീകരിക്കാനാകുകയുള്ളൂ.

**സാഫല്യം പദ്ധതി**

316 (1400) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭവന നിർമ്മാണ വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന ധനസഹായ പദ്ധതികളുടെ വിശദവിവരം നൽകുമോ;

(ബി) ഭവന നിർമ്മാണ വകുപ്പ് നടപ്പിലാക്കുന്ന സാഫല്യം പദ്ധതിയുടെ വിശദാംശം നൽകുമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഗൃഹശ്രീ ഭവന പദ്ധതി

1. സ്വന്തമായി 2 സെന്റ്/3 സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബല വിഭാഗം (EWS)/താഴ്ന്ന വരുമാന വിഭാഗ (LIG) ത്തിൽ പെട്ടവർക്ക് സന്നദ്ധ സംഘടന/എൻ.ജി.ഒ./കാരുണ്യവാന്മാരായ

വ്യക്തികളുടെയും സഹകരണത്തോടെ വീട് നിർമ്മാണത്തിനായി രണ്ട് ലക്ഷം രൂപ സർക്കാർ സബ്സിഡി നൽകുന്ന പദ്ധതിയായ ഗൃഹശ്രീ ഭവന പദ്ധതി ഹൗസിംഗ് ബോർഡ് മുഖേന നടപ്പാക്കി വരുന്നു. ഒന്നാംഘട്ടമെന്ന നിലയിൽ (2013-14 വർഷത്തിൽ) 525 വീടുകൾക്ക് ധനസഹായം അനുവദിക്കുന്നതിനായി 10.50 കോടി രൂപ ബോർഡിന് അനുവദിച്ചു നൽകിയിട്ടുണ്ട്. 20-2-2017-ലെ കണക്കു പ്രകാരം 14 ജില്ലകളിൽ ഗഡുക്കൾ അനുവദിച്ചത് സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

2. 2014-15 വർഷത്തിൽ (രണ്ടാം ഘട്ടമായി) ഗൃഹശ്രീ പദ്ധതി പ്രകാരം 14.19 കോടി രൂപ ഉപയോഗപ്പെടുത്തി ബോർഡ് 709 വീടുകൾക്ക് ധനസഹായം നൽകി വരുന്നു. 20-2-2017-ലെ കണക്കു പ്രകാരം 14 ജില്ലകളിലും ഗഡുക്കൾ അനുവദിച്ചത് സംബന്ധിച്ച വിവരങ്ങൾ അനുബന്ധം - II ആയി ചേർക്കുന്നു.*

3. 2015-16 വർഷത്തിൽ (മൂന്നാം ഘട്ടമായി) ഗൃഹശ്രീ പദ്ധതി പ്രകാരം അനുവദനീയമായ വീടുകൾക്കായി 20-2-2017-ലെ കണക്കുപ്രകാരം 14 ജില്ലകളിൽ ഗഡുക്കൾ അനുവദിച്ച വിവരങ്ങൾ അനുബന്ധം-III ആയി ചേർക്കുന്നു.*

(ബി) ദുർബല വിഭാഗത്തിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭൂ-ഭവന രഹിതർക്ക് പാർപ്പിടം ലഭ്യമാക്കുന്നതിനായി 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയോടുകൂടിയും പഞ്ചായത്തുകളുടെയും സന്നദ്ധ സംഘടന/കാരുണ്യവാന്മാരായ വ്യക്തികളുടെ സഹകരണത്തോടെയും ഫ്ലാറ്റുകൾ നിർമ്മിച്ചു നൽകുന്ന പദ്ധതിയാണ് സാഫല്യം ഭവന പദ്ധതി. പഞ്ചായത്തുകളുടെ സഹകരണം ഉറപ്പാക്കിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. സാഫല്യം ഭവന പദ്ധതിയുടെ അംഗീകരിച്ച സാമ്പത്തികഘടന പ്രകാരം 327 ച.അടി (സർവ്വീസടക്കം) വിസ്തീർണ്ണം വരുന്ന ഒരു ഫ്ലാറ്റിന്റെ നിർമ്മാണ ചെലവായ 3.50 ലക്ഷം രൂപയിൽ 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയും 1 ലക്ഷം രൂപ ഹഡ്കോ വായ്പയും 25,000 രൂപ സന്നദ്ധ സംഘടന/സ്പോൺസർ വിഹിതവും 25,000 രൂപ ഗുണഭോക്തൃ വിഹിതവുമാണ്. ഹഡ്കോ വായ്പ സമാഹരിക്കാൻ ഗ്യാരന്റി നൽകാത്തതിനാൽ ടി തുക പഞ്ചായത്ത് വിഹിതമായി ലഭ്യമാകുന്ന പഞ്ചായത്തുകളിൽ മാത്രമാണ് നിലവിൽ പദ്ധതി നടപ്പിലാക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം Beneficiary Selection Committee-ക്കായിരിക്കും. ടി കമ്മിറ്റിയിൽ ചെയർമാൻ ഉൾപ്പെടെ 3 അംഗങ്ങളാണുള്ളത്. ഭവന നിർമ്മാണ ബോർഡിന്റെ ബന്ധപ്പെട്ട ഡിവിഷനിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം നിർദ്ദേശിക്കുന്ന ഉദ്യോഗസ്ഥനോ ആയിരിക്കും ചെയർമാൻ. പദ്ധതി നടപ്പിലാക്കുന്ന തദ്ദേശ ഭരണ സ്ഥാപനത്തിലെ സെക്രട്ടറിയോ അദ്ദേഹം നിർദ്ദേശിക്കുന്ന ഉദ്യോഗസ്ഥനോ ആയിരിക്കും കമ്മിറ്റിയുടെ ഒരു മെമ്പർ. പദ്ധതി പ്രദേശത്തെ തദ്ദേശ ഭരണ സ്ഥാപനത്തിലെ വാർഡ് മെമ്പർ/വാർഡ് കൗൺസിലർ ആയിരിക്കും മറ്റൊരു മെമ്പർ. ഭൂ-ഭവന രഹിതരായ ദുർബല വിഭാഗക്കാരായ വ്യക്തികളുടെ വിവര ശേഖരണത്തിനായി കേരളത്തിലെ പതിനാല് ജില്ലകളിലും പ്രചാരത്തിലുള്ള മൂന്ന് മലയാള ദിനപത്രങ്ങളിലെങ്കിലും വ്യാപകമായ പരസ്യ പ്രചരണം നടത്തി ഒരു ജില്ലാതല ഡാറ്റാ ബാങ്ക് രൂപീകരിക്കുന്നതും അതിന് 100 രൂപാ വീതം രജിസ്ട്രേഷൻ ഫീസായി ഗുണഭോക്താവ് ഒടുക്കേണ്ടതുമാണ്. ടി ഡാറ്റാ ബാങ്കിൽനിന്നും പദ്ധതിക്കുവേണ്ടി പദ്ധതി നടപ്പിലാക്കുന്ന പ്രദേശമുൾപ്പെടുന്ന തദ്ദേശ ഭരണ സ്ഥാപനത്തിലെയോ സമീപമുള്ള തദ്ദേശ ഭരണ സ്ഥാപനത്തിലെയോ ഗുണഭോക്താക്കൾക്ക് മുൻഗണന നൽകി അപേക്ഷ വാങ്ങി (അപേക്ഷാ ഫാറം ഫീസ് 10 രൂപ), യുക്തമായ നടപടിക്രമത്തിലൂടെ ഗുണഭോക്താവിനെ Beneficiary Selection Committee തെരഞ്ഞെടുക്കുന്നതാണ്.

## ഭവനനിർമ്മാണ ബോർഡ്

317 (1401) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭവനനിർമ്മാണ ബോർഡിന്റെ ഏതെല്ലാം ഓഫീസുകളാണ് നിർത്തൽ ചെയ്യുന്നതിന് തീരുമാനിച്ചിട്ടുള്ളത് ;

(ബി) നിലവിൽ ഭവനനിർമ്മാണ ബോർഡ് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(സി) കരുനാഗപ്പള്ളി ഭവനനിർമ്മാണ ബോർഡ് ഓഫീസ് നിർത്തലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ഡി) കരുനാഗപ്പള്ളി ഓഫീസുവഴി ഇടപാട് നടത്തുന്ന ഗുണഭോക്താക്കൾ ഏത് ഓഫീസ് മുഖേനയാണ് ഇടപാട് തുടരേണ്ടതെന്ന് വ്യക്തമാക്കുമോ;

(ഇ) കരുനാഗപ്പള്ളി ഹൗസിംഗ് ബോർഡ് അവിടെ ഓഫീസ് തുടർന്നും പ്രവർത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

## ഉത്തരം

(എ) ഭവനനിർമ്മാണ ബോർഡിന്റെ അനുദിനം വഷളായിക്കൊണ്ടിരിക്കുന്ന സാമ്പത്തിക പ്രതിസന്ധി ലഘൂകരിക്കുന്നതിനായി ഓരോ ബ്രാഞ്ചിന്റെയും പ്രവർത്തനവും പ്രായോഗികതയും വിലയിരുത്തി കൊല്ലം ജില്ലയിൽ പത്തനാപുരം, കരുനാഗപ്പള്ളി, തൃശ്ശൂർ ജില്ലയിൽ ഇരിങ്ങാലക്കുട, കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി, പാല എന്നീ ബ്രാഞ്ച് ഓഫീസുകളുടെയും, ഇടുക്കി ജില്ലയിൽ തൊടുപുഴ ജില്ലാ ഓഫീസിന്റെയും പ്രവർത്തനം അതത് ഡിവിഷൻ ഓഫീസുകളിൽ ലയിപ്പിക്കുകയും എറണാകുളം ജില്ലയിൽ പെരുമ്പാവൂർ ബ്രാഞ്ച് ഓഫീസ് കോതമംഗലം ബ്രാഞ്ച് ഓഫീസിലും, തൃശ്ശൂർ പി. ആന്റ് സി. ഡിവിഷൻ ഓഫീസ് തൃശ്ശൂർ ഡിവിഷൻ ഓഫീസിലും ലയിപ്പിച്ചിട്ടുണ്ട്.

(ബി) നിലവിൽ ഭവനനിർമ്മാണ ബോർഡ് നടപ്പിലാക്കി വരുന്ന പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ഉണ്ട്. ഭവനനിർമ്മാണ ബോർഡിന്റെ കരുനാഗപ്പള്ളി ഓഫീസ് നിർത്തലാക്കി കൊല്ലം ഡിവിഷൻ ഓഫീസിൽ ലയിപ്പിച്ചിട്ടുണ്ട്.

(ഡി) കരുനാഗപ്പള്ളി ഓഫീസുവഴി ഇടപാടു നടത്തുന്ന ഗുണഭോക്താക്കൾ കൊല്ലം ഡിവിഷൻ ഓഫീസ് മുഖേനയാണ് ഇടപാട് തുടരേണ്ടത്.

(ഇ) വാടക കെട്ടിടത്തിൽ പ്രവൃത്തിച്ചുവരുന്ന കരുനാഗപ്പള്ളി ഓഫീസിലെ വായ്പക്കാരുടെ എണ്ണം വളരെ കുറവും (50 എണ്ണം) ജീവനക്കാർ നാമമാത്രവുമായിരുന്നു. ഭവനനിർമ്മാണ ബോർഡിന്റെ അനുദിനം വഷളായിക്കൊണ്ടിരിക്കുന്ന സാമ്പത്തിക പ്രതിസന്ധി ലഘൂകരിക്കുന്നതിനായി ഓരോ ബ്രാഞ്ചിന്റെയും പ്രവർത്തനവും പ്രായോഗികതയും വിലയിരുത്തിയാണ് കരുനാഗപ്പള്ളി ഓഫീസിനെ കൊല്ലം ഡിവിഷൻ ഓഫീസിൽ ലയിപ്പിച്ചിട്ടുള്ളത്. ആയതിനാൽ വാടക, എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ എന്നീ ഇനങ്ങളിൽ നല്ലൊരു തുക ചെലവാക്കി ടി ഓഫീസ് തുടർന്നു പ്രവർത്തിപ്പിക്കാൻ നിർവ്വാഹമില്ല.

## ഉൾനാടൻ മത്സ്യത്തൊഴിലാളികൾ

318 (1402) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട്ടിലെ ഉൾനാടൻ മത്സ്യത്തൊഴിലാളി അധിവാസ മേഖലകളിൽ അടിസ്ഥാന സൗകര്യ വികസനം യാഥാർത്ഥ്യമാക്കുന്നതിനു സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇപ്പോൾ ഈ മേഖലയിൽ നടപ്പാക്കിവരുന്ന പദ്ധതികൾ എത്രയും വേഗം നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(സി) ഈ മേഖലയുടെ പ്രത്യേകതകൾ പരിഗണിച്ച് കൂടുതൽ തുക ഇവിടുത്തേക്ക് അനുവദിക്കുന്നതിനു നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) കുട്ടനാട്ടിലെ ഉൾനാടൻ മത്സ്യത്തൊഴിലാളികൾ അധിവസിക്കുന്ന മേഖലകളിൽ അടിസ്ഥാന സൗകര്യ വികസനം യാഥാർത്ഥ്യമാക്കുന്നതിനായി KIIFB യിൽ നിന്നും ധനസഹായം ലഭിക്കുന്നതിനായി 17.62 കോടി രൂപയുടെ പദ്ധതികൾ ഫിഷറീസ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു :

1. തകഴി ശിവശങ്കരപിള്ള മെമ്മോറിയൽ ഗവൺമെന്റ് യു.പി. സ്കൂൾ അക്കാഡമിക് ബ്ലോക്ക് നിർമ്മാണം-278.00 ലക്ഷം രൂപയിൽ
2. വിയാപുരം ഗവൺമെന്റ് എച്ച്. എസ്.എസ്.-ന് അക്കാഡമിക് ബ്ലോക്ക് നിർമ്മാണം - 488.00 ലക്ഷം രൂപ.
3. മങ്കൊമ്പ് അവിട്ടം തിരുനാൾ ജി.വി.എച്ച്.എസ്.എസ്-ന് അക്കാഡമിക് ബ്ലോക്ക് നിർമ്മാണം - 800.00 ലക്ഷം രൂപ
4. കുപ്പപുറം കൈനകരി പബ്ലിക് ഹെൽത്ത് സെന്ററിന് പുതിയ കെട്ടിട നിർമ്മാണം - 196.00 ലക്ഷം രൂപ

കിഫ്ബിയുടെ അംഗീകാരം ലഭിക്കുകയാണെങ്കിൽ പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി നൽകാവുന്നതാണ്. ഫിഷറീസ് വകുപ്പ് മുഖേന മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമാക്കി ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, ശൗചാലയ നിർമ്മാണം, ഭവന പുനഃവൈദ്യുതീകരണം എന്നീ പദ്ധതികൾക്ക് ധനസഹായം നൽകി വരുന്നു. ജില്ലയിലെ ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി, മത്സ്യസമൃദ്ധി പദ്ധതി, നീലവിപ്ലവം, നൂതന മത്സ്യകൃഷി രീതികൾ എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി വിവിധ പദ്ധതി ഘടകങ്ങൾ നടപ്പിലാക്കിവരുന്നു.

(ബി) നിലവിൽ ഈ മേഖലയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, ശൗചാലയ നിർമ്മാണം, ഭവന പുനഃവൈദ്യുതീകരണം എന്നീ പദ്ധതികൾക്ക് ആവശ്യമായ തുക ജില്ലയ്ക്ക്

അനുവദിച്ചിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആലപ്പുഴ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ മുഖേന സത്വര നടപടി സ്വീകരിച്ചു വരുന്നു.

(സി) ഈ മേഖലയുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്തുകൊണ്ടാണ് KIIFB -യിൽ നിന്നുള്ള ധനസഹായത്തിൽ ടി മേഖലയുടെ വികസനം ലക്ഷ്യമിട്ട് 17.52 കോടി രൂപയുടെ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

## നീലവിപ്ലവ പദ്ധതി

319 (1403) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീല വിപ്ലവ പദ്ധതി ഏതൊക്കെ ജില്ലകളിൽ നടപ്പിലാക്കിയെന്ന് വിശദമാക്കാമോ;

(ബി) ദേശീയ മത്സ്യവികസന ബോർഡിന്റെ അംഗീകാരം എത്ര മാർക്കറ്റിന് ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതിയായ നീല വിപ്ലവ പദ്ധതിയിൽ കേരള സംസ്ഥാനത്തിനായി താഴെ പറയുന്ന ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

1. ഭവന നിർമ്മാണ പദ്ധതി
2. സമുദ്രജല കൂടുകൃഷി
3. ഫിഷ് മാർക്കറ്റ്
4. ഓരുജല മത്സ്യകൃഷി
5. ടാങ്കുകളുടെയും കുളങ്ങളുടെയും നിർമ്മാണം
6. ടാങ്കുകളുടെയും കുളങ്ങളുടെയും പുനരുദ്ധാരണം
7. പരിശീലന പരിപാടി.

ബ്ലൂ റെവല്യൂഷൻ പദ്ധതിയിലുൾപ്പെട്ട ഭവന നിർമ്മാണ പദ്ധതി തിരുവനന്തപുരം, ആലപ്പുഴ, കാസർഗോഡ് ജില്ലകളിൽ നടപ്പിലാക്കിവരുന്നു. സമുദ്രജല കൂടുകൃഷി തിരുവനന്തപുരം, കൊല്ലം, എറണാകുളം, കണ്ണൂർ ജില്ലകളിൽ നടപ്പിലാക്കുന്നതിനുള്ള

നടപടി സ്വീകരിച്ചു വരുന്നു. ഉൾനാടൻ മത്സ്യകൃഷി വികസനം, പരിശീലന പരിപാടി എന്നിവ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നടപ്പിലാക്കിവരുന്നു. ബ്ലൂ റെവല്യൂഷൻ പദ്ധതിയുടെ ഭാഗമായി കൊല്ലം ജില്ലയിലെ കരിക്കോട് ആധുനിക ഫിഷ് മാർക്കറ്റ് തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ബി) 2016-17 സാമ്പത്തിക വർഷം നീല വിപ്ലവ പദ്ധതിയിലുൾപ്പെടുത്തി കൊല്ലം ജില്ലയിൽ കൊറ്റങ്കര ഗ്രാമപഞ്ചായത്തിൽ കരിക്കോട് പ്രദേശത്ത് 356 ലക്ഷം രൂപ അടങ്കൽ തുകയിൽ ഒരു ആധുനിക മത്സ്യ മാർക്കറ്റ് സ്ഥാപിക്കുന്നതിനായി കേന്ദ്ര സർക്കാരിൽനിന്നും ധനസഹായം ലഭിച്ചു. സംസ്ഥാനത്ത് 41 മാർക്കറ്റുകളുടെ നിർമ്മാണത്തിനായി ദേശീയ മത്സ്യ വികസന ബോർഡിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൽ 39 മത്സ്യ മാർക്കറ്റുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 34 എണ്ണം പൂർത്തീകരിക്കുകയും 3 എണ്ണത്തിന്റെ നിർമ്മാണം അവസാനഘട്ടത്തിലുമാണ്. 2 മാർക്കറ്റുകളുടെ നിർമ്മാണം ആവശ്യമായ സ്ഥലം ലഭ്യമാകാത്തതിനാൽ ഉപേക്ഷിച്ചു.

**തീരദേശ വികസന കോർപ്പറേഷന്റെ പദ്ധതി-പദ്ധതിയേതര പ്രവൃത്തികൾ**

320 (1404) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം നിയോജക മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന ഏതെല്ലാം പദ്ധതി - പദ്ധതിയേതര പ്രവൃത്തികളാണ് ഭരണാനുമതി നൽകി നടപ്പിലാക്കുന്നത് ;

(ബി) ഓരോ പദ്ധതിക്കും ഭരണാനുമതി ലഭിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ; പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കൊല്ലം നിയോജക മണ്ഡലത്തിൽ തീരദേശ വികസന കോർപറേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## തീരദേശ മേഖലയിലെ കുടിവെള്ളക്ഷാമം

321 (1405) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മണലൂർ മണ്ഡലത്തിൽ വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിലെ തീരദേശ മേഖലയിലെ കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണാൻ ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദവിവരങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

മണലൂർ മണ്ഡലത്തിൽ വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിലെ തീരദേശ മേഖലയിലെ കുടിവെള്ള ക്ഷാമത്തിന് പരിഹാരം കാണുന്നതിലേക്കായി സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി 2014-15 -ൽ ഉൾപ്പെടുത്തി 140.00 ലക്ഷം രൂപയുടെ കുടിവെള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു :

1. വാടാനപ്പള്ളി മത്സ്യഗ്രാമത്തിലെ വാർഡ് നമ്പർ 1, 16, 17, 18-ൽ സംപ്- 160 എംഎം/90 എംഎം എച്ച്.ഡി.പി.ഇ പൈപ്പിൽനിന്നും റൈഡർ ലൈൻ
2. വാടാനപ്പള്ളി മത്സ്യഗ്രാമത്തിലെ വാർഡ് നമ്പർ 9, 11, 12-ൽ സംപ് -110 എംഎം/90 എംഎം/75 എംഎം എച്ച്.ഡി., പി.ഇ പൈപ്പിൽ നിന്നും റൈഡർ ലൈൻ
3. വാടാനപ്പള്ളി മത്സ്യഗ്രാമത്തിലെ വാർഡ് നമ്പർ 1, 17, 1-ൽ കേടായ പൈപ്പ് മാറ്റി സ്ഥാപിക്കൽ
4. വാടാനപ്പള്ളി മത്സ്യഗ്രാമത്തിലെ വാർഡ് നമ്പർ 14-ലെ നിലവിലുള്ള കിണറിൽനിന്നും വാർഡ് നമ്പർ 16-ലേക്ക് 75 എംഎം വഴി കുടിവെള്ളം എത്തിക്കൽ.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയുടെ നിർവ്വഹണ ചുമതല കേരള വാട്ടർ അതോറിറ്റിക്കാണ്. പദ്ധതി ടെണ്ടർ ചെയ്ത് വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്.

## സുനാമി ദുരിതബാധിതർക്ക് വീടുകൾ

322 (1406) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സുനാമി ദുരിതബാധിതർക്കായി എത്ര വീടുകളാണ് നിർമ്മിച്ച് നൽകിയത് ;

(ബി) ഇതിൽ എത്രപേർ മേൽപ്പറഞ്ഞ വീടുകളിൽ താമസിക്കുന്നുണ്ട് ;

(സി) സ്വകാര്യ സ്ഥാപനങ്ങളും വ്യക്തികളും എത്രയെണ്ണം നിർമ്മിച്ചു നൽകി ; സർക്കാർ നിർമ്മിച്ചു നൽകിയ ഫ്ലാറ്റുകൾ സാമൂഹ്യവിരുദ്ധർ കയ്യടക്കിയതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സുനാമി ഭവന പദ്ധതി പ്രകാരമുള്ള വീടുകളും ഫ്ലാറ്റുകളും അർഹതപ്പെട്ടവർക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് സുനാമി ദുരിതബാധിതർക്കായി ഫിഷറീസ് വകുപ്പു മുഖേന വീടുകളൊന്നും നിർമ്മിച്ചു നൽകിയിട്ടില്ല. സുനാമി ദുരിത ബാധിതർക്കായി വീടുകൾ/ഫ്ളാറ്റുകൾ നിർമ്മിച്ചു നൽകിയത് റവന്യൂ വകുപ്പാണ്. സുനാമി പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി ഫിഷറീസ് വകുപ്പ് ജീവനോപാധി പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. ടി പദ്ധതികൾ എല്ലാം പൂർത്തീകരിക്കുകയും ഫണ്ട് മുഴുവൻ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(സി) സ്വകാര്യ സ്ഥാപനങ്ങളും വ്യക്തികളും നിർമ്മിച്ചു നൽകിയ ഫ്ലാറ്റുകളുടെ മേൽനോട്ടവും നിയന്ത്രണവും റവന്യൂ വകുപ്പാണ് കൈകാര്യം ചെയ്യുന്നത്.

(ഡി) സുനാമി ഭവന പദ്ധതി പ്രകാരമുള്ള വീടുകളും ഫ്ലാറ്റുകളും അനുവദിക്കുന്നത് റവന്യൂ വകുപ്പാണ്.

## തൈക്കൂടം-തലമിറ്റം ദ്വീപ് ബണ്ട് കെട്ടി മത്സ്യകൃഷി നടത്തുന്നതിന് നടപടി

323 (1407) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയോട് ചേർന്ന് കിടക്കുന്ന തൈക്കൂടം-തലമിറ്റം ദ്വീപ്, ബണ്ട് കെട്ടി മത്സ്യകൃഷി നടത്തുന്നതിലേക്കായി ഏരൂർ ദേശത്തെ പെരീക്കാട്, കുന്നറ, കടക്കോടം ഭാഗങ്ങളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾ നൽകിയ നിവേദനത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഈ നിവേദനത്തെ തുടർന്ന് ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം സന്ദർശിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം അറിയിക്കുമോ;

(സി) പ്രസ്തുത നിവേദനത്തിൽ സമയബന്ധിതമായി അനുകൂല തീരുമാനമെടുക്കുന്നതിനും അതിലൂടെ മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയോട് ചേർന്ന് കിടക്കുന്ന തൈക്കടം-തലമിറ്റം ദ്വീപ്, ബണ്ട് കെട്ടി മത്സ്യകൃഷി നടത്തുന്നതിലേക്കായി ഏരൂർ ദേശത്തെ പെരീക്കാട്, കുന്നറ, കടക്കോടം ഭാഗങ്ങളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾ നൽകിയ നിവേദനത്തെത്തുടർന്ന് ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം സന്ദർശിച്ച് അന്വേഷണം നടത്തിയിരുന്നു. അന്വേഷണത്തിൽനിന്നും തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയോട് ചേർന്ന് കിടന്നിരുന്ന തൈക്കടം ദ്വീപ് ചുറ്റിപ്പോയിരുന്ന ഉൾപ്പുഴ, ബാർജുകൾ കൊണ്ടു പോകുന്നതിനായി ചമ്പക്കര കനാൽ നിർമ്മിച്ചതോടെ ഒറ്റപ്പെട്ട് പോകുകയും നീരൊഴിക്കില്ലാതെ എക്കലും പായലും നിറഞ്ഞ് മലിനമാക്കപ്പെടുകയും ടി പുഴയെ ആശ്രയിച്ച് മത്സ്യബന്ധനം നടത്തിയിരുന്ന മത്സ്യത്തൊഴിലാളികൾക്ക് തൊഴിലെടുക്കാൻ സാധിക്കാത്ത അവസ്ഥ സംജാതമാകുകയും ചെയ്തിട്ടുണ്ടെന്ന് അറിയാൻ സാധിച്ചിട്ടുണ്ട്. ടി പ്രദേശം പൂർണ്ണമായും ഡ്രെഡ്ജിംഗ് നടത്തി തലമിറ്റം ദ്വീപിനുചുറ്റും പാർശ്വഭിത്തി കെട്ടി സംരക്ഷിച്ചും ചമ്പക്കര കനാലിൽനിന്ന് ദ്വീപിലേക്ക് പ്രവേശിക്കുന്ന തോടിന്റെ ഉത്ഭവസ്ഥാനത്തും തിരിച്ച് ചമ്പക്കര കനാലിലേക്ക് പതിക്കുന്ന സ്ഥലത്തും റിംഗ് ബണ്ടുകളും സ്ലൂയിസുകളും സ്ഥാപിച്ച് ഓരുജല മത്സ്യകൃഷി ഫാം സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ സാധിക്കുന്നതാണെന്നും നവീന രീതിയിലുള്ള കൂട്മത്സ്യകൃഷിക്ക് പരിശീലനം നൽകുന്നതിനുള്ള ട്രെയിനിംഗ് സെന്ററുകളാക്കി മാറ്റാൻ സാധിക്കുന്നതുമാണെന്നുള്ള വിവരം ഫിഷറീസ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഫിഷറീസ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലത്ത് ഓരുജല മത്സ്യകൃഷി നടത്തുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

**പരവൂരിൽ മിനി ഫിഷിംഗ് ഹാർബർ**

324 (1408) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പരവൂരിൽ മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) കൊല്ലം ജില്ലയിൽ സൗത്ത് പരവൂരിൽ മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിനുള്ള അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾക്കായി 81 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയതനുസരിച്ച് ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. മാതൃകാപഠനം നടത്തുന്നതിനായി CWPRS പൂനയിലെ ചുമതലപ്പെടുത്തിയതനുസരിച്ച് പഠനം പുരോഗമിച്ചുവരുന്നു. പഠന റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അന്തിമ തീരുമാനമെടുക്കുന്നതാണ്.

**കൊച്ചിൻ മരക്കടവിലെ ബോട്ട് അപകടം**

325 (1409) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 8-1-2017-ൽ കൊച്ചിൻ മരക്കടവിൽനിന്നും കടലിൽ പോയ ശ്രീ. എ. ജൂഡിന്റെ ഉടമസ്ഥതയിലുള്ള ഹർഷിത എന്ന ബോട്ട് ഒരു ചരക്ക് കപ്പലിടിച്ച് മുങ്ങി പോകുകയുണ്ടായി എന്ന പരാതിയിന്മേൽ നടത്തിയ അന്വേഷണം വിശദമാക്കാമോ;

(ബി) പ്രസ്തുത ബോട്ടിനെ ഏത് ചരക്കുകപ്പലാണ് ഇടിച്ചതെന്ന വസ്തുത കണ്ടെത്തിയിട്ടുണ്ടോ; ഇവർക്ക് നഷ്ടപരിഹാരം ലഭിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ?

ഉത്തരം

(എ&ബി) 8-1-2017 ഞായറാഴ്ച പുലർച്ചെ പുറം കടലിൽ കരയിൽനിന്നും ഉദ്ദേശം 60 നോട്ടിക്കൽ മൈൽ അകലെ മത്സ്യബന്ധനത്തിലേർപ്പെട്ടിരുന്ന 'ഹർഷിത' എന്ന മത്സ്യബന്ധന ബോട്ടിൽ ഒരു കണ്ടെയ്നർ കപ്പൽ ഇടിക്കുകയും ഇടിയുടെ ആഘാതത്തിൽ ബോട്ടിലുണ്ടായിരുന്ന 7 തൊഴിലാളികൾ കടലിൽ വീഴുകയും

ഇവരെ സമീപത്ത് മത്സ്യബന്ധനത്തിലേർപ്പെട്ടിരുന്ന 'ചിന്നു' എന്ന മത്സ്യബന്ധന ബോട്ട് രക്ഷിച്ച് വൈദ്യസഹായത്തിനായി ഫോർട്ട് കൊച്ചിയിലെ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. ടി അപകടത്തെക്കുറിച്ച് അന്വേഷണം നടത്തുന്നതിന് എറണാകുളം ജില്ലാ കളക്ടറും എറണാകുളം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറും ഇന്ത്യൻ കോസ്റ്റ് ഗാർഡിനോട് ടി ദിവസം തന്നെ ആവശ്യപ്പെട്ടിട്ടുണ്ട്. ഇടിച്ച കപ്പൽ കണ്ടെത്തി നാശനഷ്ടം സംഭവിച്ച ബോട്ടിന് നഷ്ടപരിഹാരം നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനായി ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗ്, മുംബൈ-ക്ക് ഫിഷറീസ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**അക്ഷരസാഗരം**

326 (1410) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. എൽദോ എബ്രഹാം :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'അക്ഷരസാഗരം' എന്ന പേരിൽ തീരദേശ സാക്ഷരതാ പദ്ധതി നടപ്പാക്കുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി തുല്യതാപരീക്ഷകൾ നടത്തി യോഗ്യരായവർക്ക് സർട്ടിഫിക്കറ്റ് നൽകുമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്?

ഉത്തരം

(എ) ഉണ്ട്.

(ബി) 1. തീരദേശ മത്സ്യ മേഖലയിലെ നിരക്ഷരർ

2. നവസാക്ഷരർ

3. വിവിധ കാരണങ്ങളാൽ പഠനം നിർത്തി സ്കൂളിൽനിന്ന് കൊഴിഞ്ഞ് പോയവർ

4. ശാരീരിക/മാനസിക വെല്ലുവിളികൾ നേരിടുന്നവർ

5. നാലാംതരം വിജയിക്കാൻ കഴിയാത്ത മത്സ്യത്തൊഴിലാളികളും അനുബന്ധത്തൊഴിലാളികളും.

(സി) നൽകുന്നതാണ്.

(ഡി) കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുമായി സഹകരിച്ച് നടപ്പാക്കുന്ന പദ്ധതിയുടെ ഗുണഭോക്താക്കളെയും പ്രേരക്മാരെയും പഞ്ചായത്തിലെ കോ-ഓഡിനേറ്റർമാരേയും കണ്ടെത്തുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു. പദ്ധതിയുടെ ഭാഗമായ സാക്ഷരതാ പരിപാടിയും നാലാംതരം തുല്യതയുമുള്ള പഠിതാക്കൾക്ക് ആവശ്യമായ പുസ്തകങ്ങൾ 2 ദിവസം നീണ്ടുനിന്ന ശില്പശാല സംഘടിപ്പിച്ച് തയ്യാറാക്കുകയുണ്ടായി. ഇതിനായി വിവിധ ജില്ലകളിൽ നിന്നും റിസോഴ്സ് പേഴ്സൺമാർ പങ്കെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ മത്സ്യത്തൊഴിലാളികളുടെ ജീവിത സ്പർശിയായ തരത്തിൽ പഠനപുസ്തകങ്ങൾ തയ്യാറാക്കപ്പെടുകയും ചെയ്തു. തദ്ദേശ ഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് മത്സ്യത്തൊഴിലാളികൾക്ക് ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചു. പദ്ധതിയുടെ ഔപചാരികമായ ഉദ്ഘാടനം 2017 ജനുവരി 31-ന് തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴിൽ വച്ച് നിർവ്വഹിക്കുകയും ഉണ്ടായി.

**ട്രോളിംഗ് നിരോധന കാലയളവ്**

327 (1411) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രോളിംഗ് നിരോധന കാലയളവ് വെട്ടിക്കുറയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നിലവിലെ തുടർച്ചയായ 45 ദിവസത്തിനു പകരം ജൂൺ 16 മുതൽ ജൂലൈ 15 വരെയും കൂടാതെ ഒക്ടോബർ 16 മുതൽ നവംബർ 15 വരെയും ട്രോളിംഗ് നിരോധനമേർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ :

(സി) ഇതുസംബന്ധിച്ച് സി.എം.എഫ്.ആർ.ഐ.-യുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്തെ മത്സ്യസമ്പത്ത് കൊള്ളയടിക്കാൻ യന്ത്രവൽകൃത ബോട്ടുകൾക്ക് സഹായകരമായ നീക്കമാണിതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ&ബി) ഇല്ല.

(സി) ഉണ്ട്. സി.എം.എഫ്.ആർ.ഐ.-യുടെ റിപ്പോർട്ട് പ്രകാരം 2013-ൽ ഇക്കാര്യം പഠന വിധേയമാക്കുന്നതിലേക്കായി ഒരു expert കമ്മിറ്റിയെ നിയോഗിച്ചിരുന്നു. ടി കമ്മിറ്റി നൽകിയ റിപ്പോർട്ട് പ്രകാരം 1998 മുതൽ നടപ്പിലാക്കിയ ട്രോളിംഗ് നിരോധനം ആദ്യ 9 വർഷങ്ങളിൽ മത്സ്യ സമ്പത്തിന്റെ ലഭ്യതയും ഗുണനിലവാരവും വർദ്ധിപ്പിച്ചുവെങ്കിലും 2000-നുശേഷം മത്സ്യലഭ്യതയിൽ കുറവുണ്ടായതിനാൽ പ്രസ്തുത കമ്മിറ്റി ട്രോളിംഗ് നിരോധന കാലയളവ് 2 ഘട്ടങ്ങളിലായി 60 ദിവസത്തേക്ക് അതായത് ജൂൺ 16 മുതൽ ജൂലൈ 15 വരെ ആദ്യഘട്ടവും, ഒക്ടോബർ 16 മുതൽ നവംബർ 15 വരെ 2-ാം ഘട്ടവുമായി നടപ്പിലാക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ടിന്മേൽ ബന്ധപ്പെട്ട പ്രതിനിധികളും, വിദഗ്ദ്ധ സമിതികളുമായുള്ള ചർച്ചകൾ നടന്നുവരികയാണ്.

(ഡി) ഇല്ല.

**നിലമ്പൂരിൽ ഫിഷറീസ് ഓഫീസിന് സബ് ഓഫീസ്**

328 (1412) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നിലമ്പൂർ മണ്ഡലത്തിൽ ഫിഷറീസ് ഓഫീസിന് ഒരു സബ് ഓഫീസ് ആവശ്യമാണെന്ന് കാണിച്ച് പ്രദേശവാസികൾ സമർപ്പിച്ചിരുന്ന നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

നിലമ്പൂർ മണ്ഡലത്തിൽ ഫിഷറീസ് ഓഫീസിന് ഒരു സബ് ഓഫീസ് ആവശ്യമാണെന്ന് കാണിച്ച് സമർപ്പിച്ചിരുന്ന നിവേദനത്തിന്മേൽ ഫിഷറീസ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു.

**മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ**

329 (1413) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റ ശേഷം മാവേലിക്കര മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരമേറ്റ ശേഷം മാവേലിക്കര മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**മാത്തുംപടി-ഫിഷർമെൻ കോളനി റോഡ് നിർമ്മാണം**

330 (1414) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽപ്പെട്ട ചെന്നിത്തല പഞ്ചായത്ത് പതിനാറാം വാർഡിലുള്ള മാത്തുംപടി-ഫിഷർമെൻ കോളനി റോഡിന് സാങ്കേതിക അനുമതി ലഭിച്ചിട്ടുണ്ടെങ്കിലും ഭരണപരമായ അനുമതി വൈകുന്നതിന്റെ കാരണം വിശദീകരിക്കുമോ;

(ബി) ടി റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കുവാൻ എന്തെല്ലാം നടപടികളാണ് ഇനിയും ആവശ്യമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽപ്പെട്ട ചെന്നിത്തല പഞ്ചായത്ത് പതിനാറാം വാർഡിലുള്ള മാത്തുംപടി ഫിഷർമെൻ കോളനി റോഡ് പ്രവൃത്തിയ്ക്ക് 64.70 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി എസ്റ്റിമേറ്റ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കി വരുന്നു. പ്രവൃത്തി ഉടൻ ടെണ്ടർ ചെയ്യുന്നതാണ്.

(ബി) ടി റോഡിന് സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**ഫിഷർമെൻ കോളനിയിലെ ജീർണ്ണാവസ്ഥയിലായ ഇരട്ട വീടുകൾ**

331 (1415) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി പഞ്ചായത്തിലെ ഫിഷർമെൻ കോളനിയിൽ നിലവിലുള്ള ഇരട്ടവീടുകൾ താമസയോഗ്യമല്ലാത്ത വിധം ജീർണ്ണാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ആറു വീടുകൾ പന്ത്രണ്ട് വീടുകളാക്കി പുനർനിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. തൃശ്ശൂർ ജില്ലയിൽ വാടാനപ്പള്ളി ഫിഷറീസ് കോളനിയെ 13 -ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് മുഖേന ഫിഷർമെൻ കോളനി നവീകരണ പദ്ധതികളിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിന് 2 ലക്ഷം രൂപ വീതവും ഭവന പുനരുദ്ധാരണത്തിനായി 50,000 രൂപ വീതവും ധനസഹായം നൽകുന്ന പദ്ധതിയിലേക്ക് തെരഞ്ഞെടുത്തിരുന്നു. ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കുന്നതിന് 2 ലക്ഷം രൂപ മതിയാകില്ല എന്ന കാരണത്താൽ കോളനി നിവാസികൾ അപേക്ഷ സമർപ്പിച്ചിരുന്നില്ല. ഫിഷറീസ് വകുപ്പ് മുഖേന നിലവിൽ ഭവന നിർമ്മാണത്തിന് അനുവദിക്കുന്ന ധനസഹായമായ 2 ലക്ഷം രൂപ വർദ്ധിപ്പിക്കുന്നതനുസരിച്ച് വീടുകൾ പുനർനിർമ്മിക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കുന്നതാണ്.

**മത്സ്യബന്ധന ഉപകരണങ്ങൾ**

332 (1416) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ പ്രകൃതി ക്ഷോഭങ്ങളിലും അല്ലാതെയും മത്സ്യബന്ധന ഉപകരണങ്ങൾ തകരുകയോ നഷ്ടപ്പെടുകയോ ചെയ്തവർക്ക് നിലവിൽ എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കുന്നത്; വിശദമാക്കാമോ;

(ബി) ഇത്തരത്തിലുള്ള എത്ര അപേക്ഷകൾ നിലവിൽ തീർപ്പാക്കാതെ ബാക്കി നിൽക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

(സി) പരാതികളിൽ തീർപ്പുകല്പിക്കുന്നതിന് കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) അതാത് ജില്ലാ കളക്ടറുടെ ഫണ്ടിൽ (SDRF/NDRF) നിന്നും, 20-5-2015-ലെ സ.ഉ.(കൈ) 194/15/DMD, 23-7-2015-ലെ സ.ഉ. (കൈ) 343/15/DMD എന്നീ ഉത്തരവുകൾ പ്രകാരം കടൽക്ഷോഭത്തിൽ മത്സ്യബന്ധനയാനം പൂർണ്ണമായി തകർന്നവർക്ക് 9600 രൂപയും ഭാഗികമായി നാശനഷ്ടം ഉണ്ടായവർക്ക് 4100 രൂപയും വല പൂർണ്ണമായും നശിച്ചവർക്ക് 2600 രൂപയും നൽകി വരുന്നു. 5-8-2016-ലെ സ.ഉ.(കൈ) നമ്പർ 441/16/റവ പ്രകാരം ശക്തമായ കടൽക്ഷോഭത്തെ തുടർന്ന് കേരളത്തിലെ കടലോര പ്രദേശങ്ങളിൽ മഴക്കാലത്ത് വള്ളം, വല തുടങ്ങിയ മത്സ്യബന്ധന ഉപാധികൾ നഷ്ടപ്പെട്ട മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരുന്ന സംഘങ്ങൾക്ക് (ഗ്രൂപ്പ്) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും സംഘം ഒന്നിന് ഒരു ലക്ഷം

രൂപ വീതം നഷ്ടപരിഹാരം അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. മത്സ്യഫെഡ് വഴി ഗുണഭോക്താക്കൾക്ക് ഉപകരണ സുരക്ഷാ പദ്ധതി മുഖേന മാനദണ്ഡങ്ങൾക്ക് വിധേയമായി മത്സ്യബന്ധന ഉപകരണങ്ങൾക്ക് അപകടം, പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ എന്നിവയ്ക്ക് നഷ്ടപരിഹാരം നൽകി വരുന്നു. എന്നാൽ പ്രകൃതിക്ഷോഭംമൂലം മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ട മത്സ്യഫെഡ് ഗുണഭോക്താക്കളല്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് മറ്റ് പദ്ധതി മാനദണ്ഡങ്ങൾക്കനുസൃതമായി വായ്പാ വിതരണത്തിന് മുൻഗണന നൽകുന്നു.

(ബി) സംസ്ഥാനത്താകെ നിലവിൽ 140 അപേക്ഷകൾ തീർപ്പാകാതെ അവശേഷിക്കുന്നുണ്ട്.

(സി) കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ദേവികുളങ്ങര പഞ്ചായത്തിലെ റ്റി.എം. ചിറ-ആയിരംതെങ്ങ് പാലത്തിന്റെ നിർമ്മാണം

333 (1417) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ ദേവികുളങ്ങര പഞ്ചായത്തിലെ റ്റി.എം. ചിറ-ആയിരംതെങ്ങ് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ വൈകുന്ന സാഹചര്യങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്തെന്നും പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കാൻ കഴിയും എന്നും വിശദമാക്കാമോ?

ഉത്തരം

(എ) കായംകുളം മണ്ഡലത്തിൽ ഉൾപ്പെട്ട ടി.എം. ചിറ ആയിരം തെങ്ങ് പാലനിർമ്മാണ പ്രവൃത്തിക്ക് 13-9-2013-ൽ 260 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. ടി പാലത്തിലേയ്ക്കുള്ള അപ്രോച്ച് റോഡിനുള്ള സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് നൽകുമെന്നറിയിച്ചിരുന്നെങ്കിലും നിർമ്മാണത്തിനാവശ്യമായ സ്ഥലം കണ്ടൽക്കാട് ഉൾപ്പെടുന്ന ഭാഗമായതിനാൽ പരിസ്ഥിതി പ്രവർത്തകരിൽനിന്നും എതിർപ്പുണ്ടായതിനെത്തുടർന്ന് പഞ്ചായത്തിന് സ്ഥലം ഏറ്റെടുത്തു നൽകുന്നതിന് സാധിക്കാതെ വന്നു. കണ്ടൽക്കാട് ഒഴിവാക്കി പ്രവൃത്തിക്ക് സ്ഥലം ലഭ്യമാണോ എന്ന് പരിശോധിക്കുന്നതിനായി കൊല്ലം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറും ഹാർബർ

എഞ്ചിനീയറിംഗ് വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും സംയുക്തമായി പ്രസ്തുത സ്ഥലം സന്ദർശിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഫിഷ് ഫാമിന്റെ കിഴക്കുഭാഗത്ത് 7 മീറ്റർ വീതിയിൽ ഫിഷ് ഫാമിന്റെ ഭൂമി അപ്രോച്ച് റോഡിനായി വിട്ടുനൽകിക്കൊണ്ട് ഫിഷറീസ് ഡയറക്ടർ ഉത്തരവാകുകയും ചെയ്തു. തുടർന്ന് പാലം നിർമ്മാണ പ്രവൃത്തിക്ക് 250 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകി 3 തവണ ഇ-ദർഘാസ് ക്ഷണിച്ചെങ്കിലും ആരും പങ്കെടുത്തില്ല. പുനർ ദർഘാസിൽ ലഭിച്ചത് 37% അധികമുള്ള ദർഘാസ് ആയതിനാൽ ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുതുക്കി പുനഃദർഘാസ് ക്ഷണിക്കുന്നതിന് നിർദ്ദേശം നൽകുകയുണ്ടായി. ടി പാലത്തിന്റെ ലൊക്കേഷനിൽ വ്യത്യാസം വന്നതിനാൽ ഇപ്പോൾ പാലം നിർമ്മിക്കേണ്ട അലൈമെന്റിൽ സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടത്തി എസ്റ്റിമേറ്റ് പുതുക്കേണ്ടതുണ്ട്. ആയതിലേക്കായി സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്ക് ദർഘാസ് ക്ഷണിക്കുകയും സെലക്ഷൻ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കി റിപ്പോർട്ട് ലഭിക്കുന്നതിനനുസൃതമായി പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിക്കുന്നതാണ്.

(ബി) പാലത്തിന്റെ പുതിയ ലൊക്കേഷനിലെ അലൈൻമെന്റിലെ സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കായി സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. 1 മാസം കൊണ്ട് സോയിൽ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. അതിനുശേഷം പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ദർഘാസ് നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കുവാൻ കഴിയുന്നതാണ്.

## ആറാട്ടുപുഴ തറയിൽകടവ് ഫിഷറീസ് ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ

334 (1418) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറാട്ടുപ്പുഴ തറയിൽകടവ് ഫിഷറീസ് ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആവശ്യമായ ഫണ്ട് അനുവദിച്ച് പ്രസ്തുത ആശുപത്രിയുടെ നിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ആറാട്ടുപുഴ തറയിൽകടവ് ഫിഷറീസ് ആശുപത്രി കെട്ടിടനിർമ്മാണം പൂർത്തീകരിച്ച് ആരോഗ്യവകുപ്പിന് കൈമാറിയിട്ടുള്ളതും ഇപ്പോൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതുമാണ്. ഇതിനോടനുബന്ധിച്ചിട്ടുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണം മുടങ്ങിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ഫിഷറീസ് വകുപ്പ് മുഖേന നിർമ്മാണം നടത്തുന്നവയല്ല. സുനാമി പുനരധിവാസ പദ്ധതിയുടെ കീഴിൽ പി.ഡബ്ല്യ.ഡി. മുഖേനയാണ് ഈ പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളത്.

(ബി) ഈ വിഷയത്തിൽ ആരോഗ്യവകുപ്പാണ് തുടർ നടപടികൾ സ്വീകരിക്കേണ്ടത്.

**മത്സ്യസംസ്കരണ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ**

335 (1419) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ അനുബന്ധ മേഖലയായ മത്സ്യസംസ്കരണ തൊഴിലാളികൾക്ക് ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആനുകൂല്യങ്ങൾ മത്സ്യസംസ്കരണ തൊഴിലാളികൾക്കും ലഭിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ;

(സി) ആനുകൂല്യങ്ങൾ പൂർണ്ണമായും നടപ്പിലാക്കുവാൻ സാധിച്ചില്ലെങ്കിൽ ഒരു നിശ്ചിത ശതമാനം മത്സ്യസംസ്കരണ-തൊഴിലാളികൾക്ക് ഭവന നിർമ്മാണം, ചികിത്സാ സഹായം തുടങ്ങിയ ആനുകൂല്യങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

(സി) അനുബന്ധ തൊഴിലാളി പട്ടികയിൽ ഉൾപ്പെട്ട എല്ലാ വിഭാഗത്തിനും ക്ഷേമനിധി ബോർഡ് മുഖേന ചികിത്സാ സഹായം നൽകി വരുന്നു.

## അണക്കെട്ടുകളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി

336 (1420) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അണക്കെട്ടുകളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് വനംവകുപ്പിന്റെ അനുമതി ആവശ്യമാണോ; ആയതിനു വേണ്ടിയുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ;

(സി) മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി ജലസംഭരണികൾ ഉപയോഗിക്കുന്നതിന് ഫിഷറീസ്-വനം-ജലവിഭവ വകുപ്പിന്റെ ഏകോപനം സാധ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്?

### ഉത്തരം

(എ) ഉണ്ട്. 2016-17 സാമ്പത്തിക വർഷം 'ഡെമോൺസ്ട്രേഷൻ യൂണിറ്റ് ഫോർ ഇന്നവേറ്റീവ് അക്വാകൾച്ചർ പ്രാക്ടീസസ്' എന്ന പദ്ധതി പ്രകാരം 3 അണക്കെട്ടുകളിൽ കൂടുകൃഷി പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ 2017-18 സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതിയായ ബ്ലൂ റവല്യൂഷൻ പദ്ധതിയിൽ അണക്കെട്ടുകളിൽ കൂടുകൃഷി സംബന്ധിച്ച പ്രൊപ്പോസൽ കേന്ദ്ര സർക്കാരിലേക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി&സി) ആവശ്യമാണ്. വനം വകുപ്പിന്റെ അധീനതയിലുള്ള അണക്കെട്ടുകളിൽ മത്സ്യക്കുഞ്ഞ് നിക്ഷേപം നടത്തുന്നതിന് തടസ്സം നേരിട്ട സാഹചര്യത്തിൽ ടി വിഷയം ചർച്ച ചെയ്യുന്നതിന് 20-6-2013-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഉന്നതതല യോഗം ചേരുകയും സാങ്ച്വറികളായി പ്രഖ്യാപിക്കപ്പെട്ട നെയ്യാർ, പേപ്പാറ, ഇടുക്കി, പെരിയാർ, പറമ്പികുളം എന്നിവ ഒഴികെയുള്ള അണക്കെട്ടുകളിൽ ഇന്ത്യൻ മേജർ കാർപ്പ് ഇനത്തിൽപ്പെട്ട മത്സ്യക്കുഞ്ഞുങ്ങളേയും നെയ്യാർ, ഇടുക്കി, പെരിയാർ, പറമ്പികുളം അണക്കെട്ടുകളിൽ തദ്ദേശീയ മത്സ്യ/ചെമ്മീൻ ഇനങ്ങളേയും നിക്ഷേപിക്കുവാനും കുടിവെള്ള സ്രോതസ്സായി ഉപയോഗിക്കുന്ന പേപ്പാറയിൽ തൽക്കാലം മത്സ്യക്കുഞ്ഞ് നിക്ഷേപം നടത്തേണ്ടായെന്നും തീരുമാനിക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി ഉൾനാടൻ മത്സ്യോല്പാദന വർദ്ധനവിനായി നടപ്പാക്കുന്ന അണക്കെട്ടുകളിലെ മത്സ്യകൃഷിയുടെ ഭാഗമായി മത്സ്യവിത്ത് നിക്ഷേപത്തിനായി മുല്ലപ്പെരിയാർ, പറമ്പികുളം, പെരുവാരിപള്ളം, ഇണക്കടവ്, പീച്ചി, വാഴാനി, ചിമ്മിനി, കക്കയം, ഇടുക്കി, പരപ്പാർ (തെന്മല), പേപ്പാറ, നെയ്യാർ എന്നീ അണക്കെട്ടുകളൊഴികെയുള്ള അണക്കെട്ടുകളിൽ

ഇന്ത്യൻ മേജർ കാർപ്പ് ഇനത്തിൽപ്പെട്ട മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനുള്ള സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ടി വിഷയം ബന്ധപ്പെട്ട വകുപ്പുകളുമായി ചർച്ച ചെയ്ത് വനം-ജല വിഭവ വകുപ്പുകളുടെ അധീനതയിലുള്ള റിസർവ്വോയറുകളിൽ മത്സ്യകുഞ്ഞ് നിക്ഷേപം നടത്തുന്നതിനും മത്സ്യബന്ധനത്തിനുമുള്ള അധികാരം ഫിഷറീസ് വകുപ്പിൽ നിക്ഷിപ്തമാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

## മത്സ്യത്തൊഴിലാളികളുടെ വീടുകൾ

337 (1421) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-06-ലെ സുനാമിയിൽ മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി പഞ്ചായത്തിൽ മത്സ്യതൊഴിലാളികളുടെ വീടുകൾ നഷ്ടപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ എത്ര കുടുംബങ്ങൾക്കാണ് വീട്ട നഷ്ടപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ഇവരുടെ പുനരധിവാസത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ?

## ഉത്തരം

(എ-സി) 2005-06-ലെ സുനാമിയിൽ മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി പഞ്ചായത്തിൽ മത്സ്യത്തൊഴിലാളികളുടെ വീടുകൾ നഷ്ടപ്പെട്ടിട്ടില്ല.

## മത്സ്യമാർക്കറ്റുകളുടെ നവീകരണം

338 (1422) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യ മാർക്കറ്റുകളുടെ നവീകരണത്തിനായി നിലവിലുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കൊല്ലം ജില്ലയിൽപ്പെട്ട പുത്തൂർ മത്സ്യ മാർക്കറ്റിന്റെ നവീകരണത്തിനായി തയ്യാറാക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകാൻ നടപടികൾ സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ) ദേശീയ മത്സ്യവികസന ബോർഡിന്റെ ധനസഹായത്തോടെ സംസ്ഥാനത്തുടനീളം ആധുനിക ശുചിത്വ മത്സ്യമാർക്കറ്റുകൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി സ്ഥാപിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി 41 മാർക്കറ്റുകളുടെ നിർമ്മാണത്തിനായി ദേശീയ മത്സ്യ വികസന ബോർഡിന്റെ അംഗീകാരം ലഭിച്ചു. ഇതിൽ 39 മത്സ്യ മാർക്കറ്റുകൾക്ക് സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത 41 മത്സ്യമാർക്കറ്റുകൾക്കായി ആകെ 7709.504 ലക്ഷം രൂപ ഭരണാനുമതി ലഭിച്ചതിൽ 6433.007 ലക്ഷം രൂപ ദേശീയ മത്സ്യ വികസന ബോർഡ് വിഹിതവും 1276.497 ലക്ഷം രൂപ സംസ്ഥാന സർക്കാർ വിഹിതവുമാണ്. ഈ മാർക്കറ്റുകളുടെ നിർമ്മാണത്തിനായി ദേശീയ മത്സ്യ വികസന ബോർഡിൽ നിന്നും നാളിതുവരെ 5510.68 ലക്ഷം രൂപയും സംസ്ഥാന സർക്കാരിൽ നിന്നും 1086.47 ലക്ഷം രൂപയും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന് ലഭ്യമായിട്ടുണ്ട്. മേൽ പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയ 39 മത്സ്യ മാർക്കറ്റുകളിൽ 34 എണ്ണം നിർമ്മാണം പൂർത്തീകരിച്ചു.

(ബി) കൊല്ലം ജില്ലയിലെ പുത്തൂർ മാർക്കറ്റിന്റെ നവീകരണം 2017-18 വർഷത്തിൽ പരിഗണിക്കുന്നതിനായി കെ.എസ്.സി.എ.ഡി.സി. വഴി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

**മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്ന സഹായങ്ങൾ**

339 (1423) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് നൽകി വരുന്ന വിവിധ സഹായങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇവരുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വിദഗ്ദ്ധ സമിതിയെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി ഫിഷറീസ് വകുപ്പ് നേരിട്ടും വകുപ്പിന്റെ കീഴിലുള്ള ഏജൻസികൾ മുഖേനയും വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. മത്സ്യത്തൊഴിലാളികൾക്ക് സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം പഞ്ഞമാസങ്ങളിൽ 1,500 രൂപ വീതം 3 മാസം മൊത്തം 4,500 രൂപ നൽകി വരുന്നു. പഞ്ഞമാസങ്ങളിൽ തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സിവിൽ സപ്ലൈസുമായി ചേർന്ന് സൗജന്യ റേഷൻ നൽകുന്നുണ്ട്. മത്സ്യത്തൊഴി

ലാളികൾക്ക് ഭവന നിർമ്മാണത്തിനായി 2 ലക്ഷം രൂപയും ഭവന പുനരുദ്ധാരണത്തിനായി 50,000 രൂപയും സാനിട്ടേഷൻ പദ്ധതിക്ക് 17,500 രൂപയും നൽകിവരുന്നു. കൂടാതെ കോളനി നവീകരണ പദ്ധതിയും നടപ്പാക്കി വരുന്നു. ഭൂരഹിത ഭവനരഹിത മത്സ്യത്തൊഴിലാളികൾക്ക് വീട് വയ്ക്കുന്നതിന് സ്ഥലം വാങ്ങുന്നതിന് 6 ലക്ഷം രൂപ ധനസഹായവും രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് നൽകുന്ന അതേ നിരക്കിൽ വിദ്യാഭ്യാസ ആനുകൂല്യവും നൽകുന്നുണ്ട്. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ മത്സ്യത്തൊഴിലാളികൾക്കും ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നു. മത്സ്യത്തൊഴിലാളി/അനുബന്ധ മത്സ്യത്തൊഴിലാളി/വിധവ പെൻഷണർമാർക്ക് 1000 രൂപ വീതം പ്രതിമാസം പെൻഷൻ നൽകി വരുന്നു. മത്സ്യഫെഡിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾക്കും മത്സ്യ വിപണന സംവിധാനങ്ങൾ വിപുലീകരിക്കുന്നതിനും ആവശ്യമായ വായ്പ ലഭ്യമാക്കുക, സംഘങ്ങൾക്ക് മത്സ്യസംസ്കരണത്തിന് അടിസ്ഥാന സൗകര്യം ഉറപ്പാക്കുക, മത്സ്യലേലം ശക്തിപ്പെടുത്തുന്നതിന് പ്രവർത്തന മൂലധനം ലഭ്യമാക്കുക, മത്സ്യത്തൊഴിലാളികൾക്ക് മൈക്രോഫിനാൻസ് പദ്ധതി, മത്സ്യത്തൊഴിലാളി വനിതകൾക്ക് പലിശരഹിത വായ്പ, ഉപകരണ സുരക്ഷ പദ്ധതി, സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണം ചെയ്യുന്ന പദ്ധതി, നാടൻ വള്ളങ്ങളുടെ നവീകരണം, അപകട ഇൻഷ്വറൻസ് പദ്ധതി തുടങ്ങി വിവിധ പദ്ധതികൾ മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്നു.

മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേരള തീരദേശ വികസന കോർപ്പറേഷൻ മുഖേന കുടിവെള്ളം, വൈദ്യുതീകരണം, തീരദേശ സ്കൂളുകളുടേയും ഫിഷറീസ് ഡിസ്പെൻസറികളുടെയും പുനരുദ്ധാരണ പ്രവർത്തനങ്ങൾ, ആധുനിക മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം, അങ്കണവാടി, ലൈബ്രറി, ഹൈമാസ്റ്റ് ലൈറ്റ് എന്നിവയുടെ നിർമ്മാണം, മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങളുടെ നിർമ്മാണം തുടങ്ങി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. മത്സ്യത്തൊഴിലാളി വനിതകളുടെ ക്ഷേമത്തിനായി സാഫ് മുഖേന തീരമൈത്രി പദ്ധതി നടപ്പിലാക്കുന്നു. സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക, സാങ്കേതിക പരിപാലന സഹായം, ഫിഷ് വെൻഡിംഗ് യൂണിറ്റ്, തീരനൈപുണ്യ പദ്ധതി, പുനർജനി ലഹരി വിരുദ്ധ കാമ്പയിൻ, സൗജന്യ മെഡിക്കൽ ക്യാംമ്പ്, മത്സ്യത്തൊഴിലാളി സ്ത്രീ ബോധവത്കരണ പരിപാടി, പലിശ രഹിത വായ്പ, തുടങ്ങി വിവിധ പദ്ധതികൾ സാഫ് മുഖേന നടപ്പിലാക്കുന്നു.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ച ഭവന പദ്ധതികൾ**

340 (1424) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച ഭവന പദ്ധതിയിൽ വീട് പണി പൂർത്തീകരിച്ചിട്ടും രണ്ടാം ഘട്ടവും മൂന്നാം ഘട്ടവും ധനസഹായം ലഭിക്കാത്തതു കാരണം മത്സ്യത്തൊഴിലാളികൾ ബുദ്ധിമുട്ട് നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് അർഹമായ ബാക്കി തുക ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ;

(സി) ഇപ്രകാരം എത്ര പേർക്കാണ് ഇനി ബാക്കി തുക ലഭിക്കേണ്ടത് എന്നത് സംബന്ധിച്ച് ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തീരദേശ വികസന കോർപ്പറേഷനിൽ വിവിധ പദ്ധതികളിൽ ചെലവഴിക്കാതെ ബാക്കി ഉണ്ടായിരുന്ന തുക പ്രയോജനപ്പെടുത്തിയാണ് 2015-16 വർഷം ടി ഭവന പദ്ധതിക്ക് അനുമതി നൽകിയത്. ഈ പദ്ധതിപ്രകാരം 95 യൂണിറ്റുകളാണ് മലപ്പുറം ജില്ലയ്ക്ക് അനുവദിച്ചിട്ടുള്ളത്. ആദ്യഘട്ടമായി 100 ലക്ഷം രൂപയും രണ്ടാം ഘട്ടമായി 90 ലക്ഷം രൂപയും അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ തീരദേശ വികസന കോർപ്പറേഷൻ മതിയായ ഫണ്ടിന്റെ അഭാവത്താൽ രണ്ടാം ഗഡു തുക അനുവദിച്ചു നൽകിയിട്ടില്ല. ടി തുക അടിയന്തരമായി അനുവദിക്കുന്നതിന് തീരദേശ വികസന കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) 39 പേർക്ക് 29,25,000 രൂപ അനുവദിക്കാൻ ബാക്കിയുണ്ട്.

**വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകളും ആനുകൂല്യങ്ങളും**

341 (1425) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യബന്ധന വകുപ്പ് ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെ പഠന സഹായമെന്ന നിലയിൽ വിദ്യാർത്ഥികൾക്ക് നൽകുന്ന വിവിധ സ്കോളർഷിപ്പുകളുടെയും ആനുകൂല്യങ്ങളുടെയും വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികളാണ് ഈ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നത്;

(സി) 2015-16, 2016-17 വർഷങ്ങളിൽ സ്കോളർഷിപ്പിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ) കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് വിവിധ വിദ്യാഭ്യാസ ആനുകൂല്യങ്ങളായ ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ്, ട്യൂഷൻ ഫീസ്, പരീക്ഷാ ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവയും വിദ്യാഭ്യാസ സ്ഥാപനത്തോടനുബന്ധിച്ച് ഹോസ്റ്റൽ സൗകര്യം ലഭ്യമല്ലാത്ത സാഹചര്യത്തിൽ സ്വകാര്യ ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്ന മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് പട്ടികജാതി വികസന വകുപ്പിൽനിന്ന് നൽകി വരുന്ന അതേ നിരക്കിൽ ഹോസ്റ്റൽ ഫീസ് എന്നിവ നൽകി വരുന്നു. കൂടാതെ മാതാപിതാക്കൾ മരണപ്പെട്ടാൽ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസം നൽകുന്നതിനുള്ള സാമ്പത്തികസഹായ പദ്ധതി, കൊല്ലം, ആലപ്പുഴ, എറണാകുളം, മലപ്പുറം എന്നീ ജില്ലകളിലെ സർക്കാർ സ്കൂളുകളിൽ 8, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന 2000 മത്സ്യത്തൊഴിലാളികളുടെ പെൺമക്കൾക്ക് സൗജന്യ സൈക്കിൾ വിതരണം ചെയ്യുന്ന പദ്ധതി, മത്സ്യത്തൊഴിലാളി കുട്ടികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിനായി 8-ാം ക്ലാസ്സിൽ 90 ശതമാനത്തിനുമേൽ ഹാജരുള്ള വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് പ്രോത്സാഹനമായി 1000 രൂപ നൽകുന്ന പദ്ധതി എന്നിവയുമാണ് 1 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അനുവദിക്കുന്ന ആനുകൂല്യങ്ങൾ.

(ബി) വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഫിഷറീസ് വകുപ്പ് മുഖേനയും സൈക്കിൾ വിതരണം കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ വഴിയുമാണ് അനുവദിക്കുന്നത്.

(സി) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിനായി 2015-16 വർഷം 20 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2015-16 -ലെ കുടിശ്ശിക തുക ഉൾപ്പെടെ നൽകുന്നതിന് 2016-17 വർഷം 20 കോടി രൂപ അനുവദിക്കുകയും ടി തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

## മത്സ്യസമ്പത്തിലുണ്ടാകുന്ന കുറവ്

342 (1426) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉൾനാടൻ ജലാശയങ്ങളിലും കടലിലും വ്യാപകമായ തോതിൽ മത്സ്യസമ്പത്ത് കുറഞ്ഞു വരുന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മത്സ്യസമ്പത്ത് കുറയുന്നത് തടയാനും ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാനും നടപടി ഉണ്ടാകുമോ;

(സി) വ്യാപകമായ തോതിൽ പുഴമണലൂറ്റുന്നതുമൂലം ഉണ്ടാകുന്ന പരിസ്ഥിതി ആഘാതംമൂലമുള്ള മത്സ്യശോഷണം തടയാൻ നടപടികൾ ഉണ്ടാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മത്സ്യസമ്പത്ത് കുറയുന്നത് പരിഹരിക്കുന്നതിനായി മത്സ്യ, കൊഞ്ച് കുഞ്ഞുങ്ങളെ ഉൾനാടൻ ജലാശയങ്ങളിൽ നിക്ഷേപിക്കുക, സാങ്ച്വറികൾ നിർമ്മിക്കുക, കൃത്രിമ പാരുകൾ സ്ഥാപിക്കുക എന്നീ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. സുസ്ഥിര മത്സ്യബന്ധനം ഉറപ്പുവരുത്തുന്നതിനുള്ള നിയമ നിർമ്മാണവും ആയത് കൃത്യമായി നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഉൾനാടൻ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിന് മത്സ്യ സമൃദ്ധി, ഇന്നവേറ്റീവ് അക്വാകൾച്ചർ, ബ്ലൂ റവല്യൂഷൻ എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(സി) പുഴമണലൂറ്റുന്നതുമൂലം ഉണ്ടാകുന്ന പരിസ്ഥിതി ആഘാതംമൂലം മത്സ്യശോഷണം തടയാൻ പുഴകളിൽ മത്സ്യവിത്ത് നിക്ഷേപിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.പുഴകളിലെ മത്സ്യശോഷണം തടയുന്നതിനായി ബോധവൽക്കരണ പരിപാടികൾ ജില്ലകളിൽ സംഘടിപ്പിക്കാറുണ്ട്.

## അരൂർ മണ്ഡലത്തിൽ ഹാർബർ എൻജിനീയറിംഗ് വകുപ്പിന്റെ പ്രവൃത്തികൾ

343 (1427) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ ഹാർബർ എൻജിനീയറിംഗ് വകുപ്പ് വഴി 2014-15, 2015-16, 2016-17 എന്നീ വർഷങ്ങളിൽ എത്ര പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളാണ് എടുത്തിട്ടുള്ളതെന്നും ഏതൊക്കെയെന്നും വിശദമാക്കാമോ ;

(ബി) ഈ എസ്റ്റിമേറ്റുകളിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) 2011-12 വർഷം മുതൽ ഭരണാനുമതി നൽകിയിട്ടും നാളിതുവരെ പ്രവൃത്തി ആരംഭിക്കാത്ത എത്ര വർക്കുകളുണ്ടെന്നും അവ ഏതൊക്കെയെന്നും പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണമെന്തെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) അരൂർ മണ്ഡലത്തിൽ 2014-15, 2015-16, 2016-17 എന്നീ വർഷങ്ങളിൽ 33 പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ ഹാർബർ എൻജിനീയറിംഗ് വകുപ്പ് എടുത്തിട്ടുണ്ട്. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

<u>2014-15</u>

1. താങ്കേരിൽ വെളിയിൽ കണിശ്ശേരിക്കടവ് റോഡ്
2. കുത്തിയതോട് പഞ്ചായത്തിലെ ദേശത്തോട് പാലം മുതൽ വടക്കോട്ട് അനന്തനാരായണ ക്ഷേത്രം വഴി വടക്കോട്ടുള്ള റോഡ്
3. ചേന്നംപള്ളിപ്പുറം പഞ്ചായത്തിലെ എൻ.എസ്.എസ്. കോളേജ് ജംഗ്ഷൻ മുതൽ അക്കാഡമി കായൽത്തീരം റോഡ്
4. അരൂക്കുറ്റി പഞ്ചായത്ത് വാർഡ്, 6-ലെ ടാഗോർ റോഡ്
5. തുറവൂർ പഞ്ചായത്തിലെ വള്ളാന്തര കരാളംതറ റോഡ്
6. തുറവൂർ പഞ്ചായത്ത് 3, 4 വാർഡ് തോടയിൽ കൈത്തറിത്താലം റോഡ്
7. ചേന്നംപള്ളിപ്പുറം പഞ്ചായത്ത് വാർഡ് 10-ലെ വിശാഖപുരം പനന്തറക്കരി റോഡ്
8. ഉദയനാട് കടവിൽ റോഡ് അരൂക്കുറ്റി പഞ്ചായത്ത്
9. വല്ലേത്താട് പള്ളിക്കടവ് റോഡ് കോടംതുരുത്ത് പഞ്ചായത്ത്
10. കുമാരനാശാൻ കെ.പി.റോഡുമായി ബന്ധിപ്പിക്കുന്ന ചെമ്പകശ്ശേരി റോഡിന്റെ മെറ്റലിംഗും ടാറിംഗും
11. പുന്നയ്ക്കൽ വാലേൽ ഭാഗത്ത് പുതിയ റോഡ് തുറവൂർ പഞ്ചായത്ത്
12. തവണക്കടവ് കുന്നത്തറ വടക്കുംകര ക്ഷേത്രം ചേന്നം പള്ളിപ്പുറം പഞ്ചായത്ത്

13. കണ്ടത്തിപ്പറമ്പ് കുമ്പേൽകടവ് റോഡ്- അരുക്കുറ്റി പഞ്ചായത്ത്
14. അഞ്ചുകണ്ടം ആയിരംത്തെട്ട് റോഡ് - അരുക്കുറ്റി പഞ്ചായത്ത്
15. മാളികക്കൽ കടവ് ചുങ്കക്കടവ് മംഗലശ്ശേരി റോഡ്
16. അയ്യങ്കാളി ജംഗ്ഷൻ - മൂലയിൽ റോഡ്
17. വാർഡ് നം. 9-ലെ പള്ളികുളങ്ങര ഗീതാനന്ദപുരം കടവ് റോഡ്
18. തൈക്കാട്ടുശ്ശേരി രണ്ടാം വാർഡ് കുട്ടുങ്കൽ കേപ്പായി റോഡ്
19. മനോരമ തിരുത്തള്ളിൽ റോഡ്
20. ചെട്ടുതറ – പുതുവൽ നികർത്ത് റോഡ്
21. കാളത്തോട് കോടാലിച്ചിറ റോഡ്
22. തുറവൂർ പഞ്ചായത്തിലെ കുറ്റിട അരയക്കടവ് റോഡ്
23. പെരുമ്പളം ദ്വീപിലെ വാത്തിക്കാട് പള്ളിപ്പാട് ഇറപ്പുഴ റോഡ്
24. പനയന്തി മിഥുനംതറ – ആയിരത്തറ റോഡ്
25. കോടംതുരത്ത് പഞ്ചായത്തിലെ പുത്തൻതറ കോളനി റോഡും വളപ്പംനടി റോഡും
26. അരൂക്കുറ്റി പഞ്ചായത്തിലെ മരങ്ങാട്ട് കണ്ടേക്കടവ് റോഡ്
27. ചേന്നംപള്ളിപ്പുറം പഞ്ചായത്തിലെ കരോണ്ട് കടവിൽ എം.എൽ.എ. റോഡ്
28. തൈക്കാട്ടുശ്ശേരി പഞ്ചായത്തിലെ വാർഡ് നമ്പർ 11-ലെ വെളിയിൽ ആരാട്ടുചാണി റോഡ്
29. എഴുപുന്ന പഞ്ചായത്തിലെ വടക്കേവീട് ചുള്ളിത്തറ റോഡ്

2015-16

1. പാണാവള്ളി പഞ്ചായത്തിലെ 901 വാരിക്കാട്ട് റോഡ്
2. പാണാവള്ളി പഞ്ചായത്തിലെ ആലുവാങ്കിൽ കുറ്റിക്കര റോഡ്
3. പണിക്കശ്ശേരി സ്വപ്ന ഗാർഡൻസ് ഇത്തിത്തറ റോഡ്
4. പാണാവള്ളി പഞ്ചായത്തിലെ പണിക്കശ്ശേരി വേമ്പനാട്ട് കായൽ - ജെട്ടിറോഡ്

2016-17

എസ്റ്റിമേറ്റുകൾ തയ്യാറാക്കി വരുന്നു.

(ബി) മേൽപ്പറഞ്ഞ എസ്റ്റിമേറ്റുകളിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. അന്നുക്കുറ്റി പഞ്ചായത്ത് വാർഡ്, 6-ലെ ടാഗോർ റോഡ്
2. ഉദയനാട് കടവിൽ റോഡ് അന്നുക്കുറ്റി പഞ്ചായത്ത്
3. തവണക്കടവ് കുന്നത്തറ വടക്കുംകര ക്ഷേത്രം ചേന്നംപള്ളിപ്പുറം പഞ്ചായത്ത്
4. കണ്ടത്തിപ്പറമ്പ് കുമ്പേൽ കടവ് റോഡ് - അന്നുക്കുറ്റി പഞ്ചായത്ത്
5. അഞ്ചുകണ്ടം ആയിരംത്തെട്ട് റോഡ് - അന്നുക്കുറ്റി പഞ്ചായത്ത്.

(സി) 2011-12 വർഷം മുതൽ ഭരണാനുമതി ലഭിച്ചിട്ടും പ്രവൃത്തി ആരംഭിക്കാത്ത 9 പ്രവൃത്തികളുണ്ട്. ടി പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു :

| വർഷം | പ്രവൃത്തി | പ്രവൃത്തി ആരംഭിക്കാത്തതിനുള്ള കാരണം |
|---|---|---|
| (1) | (2) | (3) |
| 2011-12 | ഇല്ല | |
| 2012-13 | കൊല്ലംകുമ്പ് റോഡ് പാണാവള്ളി പഞ്ചായത്ത് | റോഡ് പ്രവർത്തി പഞ്ചായത്ത് മുഖേന അവരുടെ ഫണ്ട് ഉപയോഗിച്ച് ചെയ്തതിനാൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഈ പ്രവൃത്തി ചെയ്യുകയുണ്ടായില്ല. |

| (1) | (2) | | (3) |
|---|---|---|---|
| 2013-14 | നബാർഡ് RIDF XIX പെരുമ്പളം ഫിഷ് ലാന്റിംഗ് സെന്റർ | | ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമല്ല |
| 2014-15 | (1) | മാങ്കോടത്ത് കോളനി ചർച്ച് റോഡ് | പ്രവൃത്തിക്ക് 5 തവണ ദർഘാസ് ക്ഷണിച്ചിട്ടും ആരും ഏറ്റെടുത്തില്ല. തൻമൂലം പ്രവൃത്തി ഏർപ്പെടാക്കാൻ കഴിഞ്ഞില്ല |
| | (2) | കോടം തുരുത്ത് പഞ്ചായത്തിലെ ചമ്മനാട് പടിഞ്ഞാറ് കെ. പി. വിജയകുമാർ റോഡ് മുതൽ എഴുപുന്ന റെയിൽവേ സ്റ്റേഷൻ റോഡ് | സ്ഥലം ലഭ്യമല്ലാത്തതിനാൽ ഭരണാനുമതി റദ്ദ് ചെയ്തു |
| | (3) | പോളെക്കടവ് ഹരിജൻ കോളനി റോഡ് ചേന്നം പള്ളിപ്പുറം പഞ്ചായത്ത് | സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. |
| | (4) | മുതുകേൽ വാലയിൽറോഡ് തുറവൂർ പഞ്ചായത്ത് | സ്ഥലം ലഭ്യമല്ലാത്തതിനാൽ പ്രവൃത്തി ഏർപ്പാടാക്കുവാൻ കഴിഞ്ഞില്ല |

| (1) | | (2) | (3) |
|---|---|---|---|
| | (5) | ശ്രീഭൂതനിലയം റോഡ്തുറവൂർ പഞ്ചായത്ത് | പ്രവൃത്തി പഞ്ചായത്ത് മുഖേന നടപ്പിലാക്കി |
| | (6) | മരങ്ങാട്പി.എസ്. ഫെറി ലിങ്ക് റോഡ് കോടംതുരുത്ത് പഞ്ചായത്ത് | 5 തവണ ദർഘാസ് ക്ഷണിച്ചിട്ടും ആരും പങ്കെടുക്കാത്തതിനാൽ പ്രവൃത്തി ഏർപ്പെടാക്കുവാൻ കഴിഞ്ഞില്ല |
| 2015-16 | കുടുങ്കൽ വലിയറ റോഡ് | | പ്രവൃത്തി പഞ്ചായത്ത് മുഖേന അവരുടെ ഫണ്ടിൽ നടപ്പിലാക്കി |
| 2016-17 | | | ഇല്ല |

**പരവൂർ തെക്കുംഭാഗത്ത് മിനി ഫിഷിംഗ് ഹാർബർ**

344 (1428) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം പരവൂർ തെക്കും ഭാഗത്ത് മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കു ന്നതിനായുള്ള CWPRS-ന്റെ പഠനം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഹാർബറിനായുള്ള പരിസ്ഥിതി പഠനം ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന് ആരംഭിച്ചുവെന്നും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) പരിസ്ഥിതി പഠന റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ ഹാർബറിന്റെ നിർമ്മാണം തുടങ്ങുന്നതിനായി എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ ഉണ്ടെന്ന് അറിയിക്കുമോ;

(ഡി) ഹാർബർ സ്ഥാപിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കൊല്ലം പരവൂർ തെക്കുംഭാഗത്ത് മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിനായി CWPRS നടത്തുന്ന മാതൃകാ പഠനങ്ങളിൽ

i. മാത്തമെറ്റിക്കൽ മോഡൽ സ്റ്റഡീസ് ഫോർ ഷോർലെയ്ൻ ചെയ്ഞ്ചസ്

ii. മാത്തമെറ്റിക്കൽ സ്റ്റഡീസ് ഫോർ വേയ്വ് ട്രാൻക്യലിറ്റി

iii. മാത്തമെറ്റിക്കൽ മോഡൽ സ്റ്റഡീസ് ഫോർ ഇൻവെസ്റ്റിഗേഷൻ ഓഫ് ടൈഡൽ ഹൈഡ്രോഡൈനാമിക്സ് ആന്റ് സെഡിമെന്റ് ട്രാൻസ്പോർട്ട് എന്നീ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്. കൂടാതെ CWPRS-ൽ നിന്നും ജിയോടെക്നിക്കൽ സ്റ്റബിലിറ്റി സ്റ്റഡീസ്, ഡസ്കക്ക് ആന്റ് വേവ് ഫ്ലും സ്റ്റഡി എന്നിവയുടെ പഠന റിപ്പോർട്ട് ലഭ്യമാകേണ്ടതുണ്ട്.

(ബി) ഇല്ല. CWPRS നടത്തുന്ന മാതൃകാ പഠനം പൂർത്തീകരിച്ച് അന്തിമ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പരിസ്ഥിതി ആഘാതപഠനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) പരിസ്ഥിതിപഠനം പൂർത്തീകരിച്ചതിനുശേഷം സി.ആർ.ഇസഡ്./ സ്റ്റാറ്റസ് റിപ്പോർട്ട് സെസ്സിൽനിന്നും ലഭ്യമാക്കേണ്ടതുണ്ട്. തുടർന്ന് സി.ആർ. ഇസഡ്./ ഇ.ഐ.എ. ക്ലിയറൻസ്, പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള എൻ.ഒ.സി, എന്നിവ ലഭ്യമായശേഷം പദ്ധതി രൂപരേഖ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ച് അംഗീകാരം തേടേണ്ടതുണ്ട്.

(ഡി) പ്രസ്തുത ഹാർബർ സ്ഥാപിക്കുന്നതിന് നിലവിൽ തടസ്സമുള്ളതായി റിപ്പോർട്ടില്ല.

## ഫിഷിംഗ് ഹാർബർ/ഫിഷ് ലാന്റിംഗ് സെന്ററിന്റെ പ്രവർത്തനം ആരംഭിക്കുന്നതിലെ കാലതാമസം

345 (1429) <u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറാട്ടുപുഴ പഞ്ചായത്തിലെ വലിയഴീക്കലിൽ സ്ഥാപിച്ചിട്ടുള്ള ഫിഷിംഗ് ഹാർബർ/ഫിഷ് ലാന്റിംഗ് സെന്ററിന്റെ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) മത്സ്യബന്ധനത്തിനും വിപണനത്തിനും പ്രയോജനകരമായ രീതിയിൽ പ്രസ്തുത ഫിഷിംഗ് ഹാർബർ വികസിപ്പിച്ച് പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ആറാട്ടുപുഴ പഞ്ചായത്തിലെ വലിയഴീക്കലിൽ നബാർഡ് ധനസഹായത്തോടെ നിർമ്മിച്ച വലിയഴീക്കൽ ഫിഷ് ലാന്റിംഗ് സെന്ററിന്റെ അധിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന പ്രവൃത്തിയിൽ ഡ്രഡ്ജിംഗ് ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഡ്രഡ്ജിംഗ് പ്രവൃത്തികൂടി നടപ്പിലാക്കിയെങ്കിൽ മാത്രമെ ഫിഷ് ലാന്റിംഗ് സെന്ററിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുകയുള്ളൂ. നബാർഡ് സ്കീമിൽ അധികാരം ലഭിച്ച പദ്ധതിയിൽ ഹാർബറിനോട് ചേർന്നുള്ള വാർഫിന്റെ മുൻഭാഗം ഡ്രഡ്ജ് ചെയ്യുന്ന പ്രവൃത്തിയാണ് ഉൾപ്പെട്ടിരുന്നത്. എന്നാൽ ടി ഫിഷ് ലാന്റിംഗ് സെന്ററിന്റെ അപ്രോച്ച് ചാനലും ബേസിനും കൂടി ഡ്രഡ്ജ് ചെയ്യണമെന്ന് തദ്ദേശവാസികളായ മത്സ്യത്തൊഴിലാളികൾ ആവശ്യപ്പെട്ടുകൊണ്ട് ഡ്രഡ്ജിംഗ് പ്രവൃത്തി തടസ്സപ്പെട്ടുത്തുകയുണ്ടായി. തുടർന്ന് അപ്രോച്ച് ചാനലും ബേസിനും കൂടി ഡ്രഡ്ജ് ചെയ്യുന്നതിന് 50 ലക്ഷം രൂപയുടെ അഡീഷണൽ ഫണ്ട് നൽകുന്നതനുസരിച്ച് ഡ്രഡ്ജിംഗ് പ്രവൃത്തിക്ക് കരാറിൽ ഏർപ്പെടുകയും പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) വലിയഴീക്കൽ ഫിഷ് ലാന്റിംഗ് സെന്ററിന്റെ അധിക സൗകര്യ വികസന പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ഡ്രഡ്ജിംഗ് പ്രവൃത്തി പൂർത്തിയാകുമ്പോൾ ഫിഷിംഗ് ഹാർബർ പ്രവർത്തനം പൂർണ്ണതോതിൽ ആരംഭിക്കുവാൻ സാധിക്കുന്നതാണ്.

**കായിക്കര പാലം നിർമ്മാണം**

346 (1430) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ പഞ്ചായത്തുകളായ അഞ്ചുതെങ്ങിനെയും വക്കത്തെയും യോജിപ്പിക്കുന്ന കായിക്കരപാലം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പഞ്ചായത്ത്, റവന്യൂ അധികാരികൾ പാലം പണിക്കുള്ള സ്ഥലം അളന്ന് തിട്ടപ്പെടുത്തി നൽകിയോ എന്നും നിർമ്മാണം ആരംഭിക്കുവാൻ കഴിയുമോ എന്നും വ്യക്തമാക്കാമോ;

(സി) വക്കം, ചെറുന്നിയൂർ, വെട്ടൂർ പഞ്ചായത്തുകളിലെ പരമ്പരാഗത മത്സ്യ തൊഴിലാളികൾക്കായി പണയിൽ കടവ്, പുത്തൻകടവ് എന്നിവിടങ്ങളിൽ ഫിഷ് ലാൻറിംഗ് സെന്ററുകൾ സ്ഥാപിക്കുമോ എന്ന് വ്യക്തമാക്കാമോ ;

(ഡി) വക്കം പഞ്ചായത്തിൽ ആധുനിക മത്സ്യ മാർക്കറ്റ്അനുവദിക്കാമോ?

## ഉത്തരം

(എ&ബി) തീരദേശപഞ്ചായത്തുകളായ അഞ്ചുതെങ്ങിനെയും വക്കത്തെയും യോജിപ്പിക്കുന്ന കായിക്കര പാലം നിർമ്മിക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് 2013-ൽ 1935.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് നബാർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്നതിനുള്ള പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി രൂപരേഖ തയ്യാറാക്കിയിരുന്നു. ടി പദ്ധതിയുടെ അപ്രോച്ച് റോഡിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കേണ്ടതുള്ളതിനാൽ സ്ഥലം ഉൾപ്പെടുന്ന വക്കം, അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തുകൾക്ക് കത്ത് നൽകിയെങ്കിലും വിലകൊടുത്ത് വാങ്ങാനുള്ള ഫണ്ടില്ലെന്ന് പഞ്ചായത്തുകൾ അറിയിച്ചു. മേൽ പ്രവൃത്തിയുടെ നിർമ്മാണത്തിനായി ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ സർവ്വേ നമ്പരുകളും അവയുടെ വിസ്തീർണ്ണവും ഉൾക്കൊള്ളുന്ന കരട് സ്കെച്ചും ചിറയിൻകീഴ് തഹസിൽദാരിൽ നിന്ന് ഇപ്പോൾ ലഭിച്ചതനുസരിച്ച് വക്കം വില്ലേജിൽനിന്ന് 20.396 ആർ സ്ഥലവും അഞ്ചുതെങ്ങ് വില്ലേജിൽനിന്ന് 13.355 ആർ സ്ഥലവും ഏറ്റെടുക്കേണ്ടതുണ്ട്. ഏറ്റെടുക്കേണ്ട സ്ഥലങ്ങൾക്ക് കമ്പോളവില അനുസരിച്ച് 50,59,410 രൂപ വേണ്ടിവരും. പാലത്തിന്റെ അപ്രോച്ച് റോഡിന് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്ക് പാലം നിർമ്മാണം ഏറ്റെടുക്കുന്നതാണ്.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ഡി) വക്കം പഞ്ചായത്തിൽ KIIFB യുടെ ധനസഹായത്തോടെ 110 ലക്ഷം രൂപ അടങ്കലിൽ ഒരു ആധുനിക മത്സ്യമാർക്കറ്റ് നിർമ്മിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി ധനവകുപ്പിന് അയച്ചിട്ടുണ്ട്. ഇതിന് അനുമതി ലഭിച്ചാൽ ടി പദ്ധതി നടപ്പാക്കുന്നതാണ്.

## പുതിയതായി നിർമ്മിച്ച തീരദേശ റോഡുകൾ

347 (1431) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിന് ശേഷം പുതിയതായി നിർമ്മിച്ച തീരദേശ റോഡുകൾ ഏതെല്ലാമാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ വന്നതിന് ശേഷം തീരദേശറോഡുകൾക്ക് അനുവദിച്ച ഫണ്ടുകൾ എത്രയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ വന്നതിന് ശേഷം എത്ര തീരദേശ റോഡുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വിശദാംശം അനുബന്ധം (എ) യിൽ ചേർത്തിരിക്കുന്നു.*

(ബി) വിശദാംശം അനുബന്ധം (ബി) യിൽ ചേർത്തിരിക്കുന്നു.*

(സി) വിശദാംശം അനുബന്ധം (സി) യിൽ ചേർത്തിരിക്കുന്നു.

**പുതിയങ്ങാടി ഫിഷിംഗ് ഹാർബർ നിർമ്മാണം**

348 (1432) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ പുതിയങ്ങാടി ഫിഷിംഗ് ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട് ഏതൊക്കെ വിധത്തിലുള്ള പഠനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സി.ഡബ്ല്യൂ.പി.ആർ.എസ്.-നെ ചുമതലപ്പെടുത്തിയ പ്രകാരം മാതൃകാ പഠന റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(സി) ഹാർബറിന്റെ നിർമ്മാണ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയും എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പുതിയങ്ങാടി മത്സ്യബന്ധന തുറമുഖത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങളുടെ ഭാഗമായ ടോപ്പോ ഗ്രാഫിക്കൽ സർവ്വേ, പെർമനന്റ് പോയിന്റ് സ്ഥാപിക്കൽ, സി.ഡി. വാല്യൂ സ്ഥാപിക്കൽ, കറണ്ട് മീറ്റർ ഒബ്സർവേഷൻ, വാട്ടർ സാമ്പിൾ ശേഖരിക്കൽ ഷോർലൈൻ സർവേ, ബാത്തിമെടിക് സർവ്വേ, ബെഡ് സാമ്പിൾ ശേഖരിക്കൽ തുടങ്ങിയ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. മത്സ്യബന്ധന തുറമുഖത്തിന്റെ മാതൃകാ പഠനം CWPRS മുഖേന പുരോഗമിച്ചുവരുന്നു. ടി പഠനത്തിന് പെരുമ്പ, കപ്പം എന്നീ പുഴകളുടെ ഡിസ്ചാർജ്ജ് ഡാറ്റ CWPRS ആവശ്യപ്പെട്ടതനുസരിച്ച് IDRB ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(ബി) മാതൃകാ പഠനത്തിന്റെ ഇടക്കാല റിപ്പോർട്ട് CWPRS ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർക്ക് ലഭിച്ചിട്ടുണ്ട്. അന്തിമ റിപ്പോർട്ട് ലഭിക്കാനുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) CWPRS-ൽ നിന്നും മാതൃകാ പഠനത്തിന്റെ അന്തിമ റിപ്പോർട്ട് ലഭിച്ചതിനുശേഷം കടലിലെ ബോറിംഗ്, അക്രെഡിറ്റഡ് ഏജൻസി മുഖേനയുള്ള പരിസ്ഥിതി പഠനം എന്നിവ നടത്തേണ്ടതുണ്ട്. പത്ത് മാസം നീണ്ടുനിൽക്കുന്ന പരിസ്ഥിതി പഠനത്തിനുശേഷം പരിസ്ഥിതി ക്ലിയറൻസ് ലഭിക്കുന്ന മുറയ്ക്ക് പദ്ധതി രൂപരേഖ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ച് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കുവാൻ കഴിയുന്നതുമാണ്.

## കോസ്റ്റൽ കണക്ടിവിറ്റി ഗ്രീൻ കോറിഡോർ പദ്ധതി

349 (1433) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോസ്റ്റൽ കണക്ടിവിറ്റി ഗ്രീൻ കോറിഡോർ പദ്ധതി പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ബി) പദ്ധതി നടപ്പിലാക്കുമ്പോൾ തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിക്കാൻ പോകുന്നതെന്ന് വിശദമാക്കുമോ;

(സി) പദ്ധതിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോയെന്നും കേന്ദ്രസഹായം ലഭ്യമായിട്ടുണ്ടോയെന്നും വിശദമാക്കുമോ?

### ഉത്തരം

(എ) തീരദേശമേഖലയിലെ മത്സ്യബന്ധന തുറമുഖങ്ങളെയും മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളെയും ബന്ധിപ്പിച്ചുകൊണ്ട് " കോസ്റ്റൽ കണക്ടിവിറ്റി ഗ്രീൻ കോറിഡോർ" എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രീ ഫീസിബിലിറ്റി റിപ്പോർട്ട് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. തീരദേശ ഹൈവേ പദ്ധതി പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം നടപ്പാക്കുമെന്നാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്.

(ബി) പദ്ധതിയുടെ അന്തിമ രൂപം തയ്യാറാക്കിയതിനുശേഷം വിശദമായ പഠനം നടത്തി ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(സി) പദ്ധതിയുടെ അന്തിമരൂപരേഖ തയ്യാറാക്കിയിട്ടില്ല.

## വലിയതുറയിൽ തുറമുഖം

350 (1434) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോൺ മേജർ തുറമുഖമായ വലിയതുറയിൽ എന്തെല്ലാം വികസന പദ്ധതികളാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ സാധ്യത പഠിക്കാനേർപ്പെടുത്തിയ 'ഡിലോയിറ്റ്'-ന്റെ റിപ്പോർട്ടിൽ വലിയതുറ തുറമുഖം ഉൾപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം ശിപാർശകളാണ് റിപ്പോർട്ടിലുള്ളതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) വലിയതുറ പാലത്തിന്റെ നവീകരണം നടന്നുവരുന്നു. കൂടാതെ വലിയതുറയിലെ രണ്ട് ഗോഡൗണുകളുടെ നവീകരണം പൂർത്തിയായിട്ടുണ്ട്. മറ്റ് രണ്ട് ഗോഡൗണുകളുടെ കൂടി നവീകരണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) ഡിലോയിറ്റ് തയ്യാറാക്കിയ റിപ്പോർട്ടിൽ പാലത്തിന്റെ നവീകരണം, ഫ്ലോട്ടിംഗ് ജെട്ടി നിർമ്മാണം, പാസഞ്ചർ ടെർമിനൽ നിർമ്മാണം എന്നിവയ്ക്കായി 15 കോടി രൂപയുടെ പദ്ധതി ശിപാർശ ചെയ്തിട്ടുണ്ട്.

## അർത്തുങ്കൽ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം

351 (1435) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-ൽ പണി ആരംഭിച്ച അർത്തുങ്കൽ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നിശ്ചലാവസ്ഥയിലാണോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ;

(ബി) മുൻ സർക്കാർ 30 കോടി രൂപ അധികമായി ഈ പദ്ധതിക്ക് അനുവദിക്കുവാൻ ധാരണയായിരുന്നോ;

(സി) ഈ പദ്ധതി പൂർത്തിയാക്കാൻ പുതിയ പദ്ധതി റിപ്പോർട്ടും എസ്റ്റിമേറ്റും സർക്കാരിന്റെ പരിഗണനയ്ക്ക് ലഭിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എസ്റ്റിമേറ്റ് അംഗീകരിച്ച് ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി അർത്തുങ്കൽ മത്സ്യബന്ധന കേന്ദ്രത്തിന്റെ വികസനത്തിനായി 7-9-2007-ൽ അഞ്ചുകോടി രൂപയുടെ ഭരണാനുമതി നൽകി. കരയോട് ചേർന്ന് വരുന്ന രണ്ട് പുലിമുട്ടുകൾ, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ഗേറ്റ് ഹൗസ്, പാർക്കിംഗ് ഏരിയ, എന്നീ നിർമ്മാണ പ്രവൃത്തികളും പൂർത്തീകരിച്ചു. തുടർന്ന് അർത്തുങ്കൽ ഫിഷിംഗ് ഹാർബറിന്റെ രണ്ടാം ഘട്ട വികസന പ്രവൃത്തികൾക്ക് 2012-ൽ 4,939 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും 12-12-2013-ൽ കരാറിൽ ഏർപ്പെട്ട് പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. എന്നാൽ രണ്ടാംഘട്ട പ്രവൃത്തിയുടെ പ്രധാന ഘടകമായ പുലിമുട്ടുകളുടെ നിർമ്മാണവേളയിലുണ്ടായ സിങ്കേജ് കാരണം പല തവണ പ്രവൃത്തി നിർത്തിവെയ്ക്കേണ്ടിവന്നു. സിങ്കേജ് പരിഹരിക്കുന്നതിനായി അധിക അളവ് കല്ലുകൾ ആവശ്യമായി വരികയും തൻമൂലം ഉണ്ടാകുന്ന അധിക അളവ് ഉൾപ്പെടുത്തി സാങ്കേതികാനുമതി തുകയേക്കാൾ 15.84% അധികം വരുന്ന പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. എന്നാൽ ഫൗണ്ടേഷൻ എക്സ്പെർട്ടിന്റെ വിദഗ്ദ്ധാഭിപ്രായത്തോടെ എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. എസ്റ്റിമേറ്റ് അംഗീകരിക്കുന്ന മുറയ്ക്ക് പ്രവൃത്തി പുനരാരംഭിക്കുന്നതാണ്.

(ബി) ഇത് സംബന്ധിച്ച വിവരം ലഭ്യമല്ല.

(സി) അർത്തുങ്കൽ ഫിഷിംഗ് ഹാർബറിന്റെ രണ്ടാംഘട്ട വികസന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി 11,096.23 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനായി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും പുതുക്കിയ ഭരണാനുമതി ലഭിച്ചാൽ മാത്രമേ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ.

## കാഷ്യൂ കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും അധീനതയിലുള്ള ഫാക്ടറികൾ

352 (1436) <u>ശ്രീ. എ. പി. അനിൽ കുമാർ</u> :
<u>ശ്രീ. ഷാഫി പറമ്പിൽ</u> :
<u>ശ്രീ. അനിൽ അക്കര</u> :
<u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഷ്യൂ കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും അധീനതയിലുള്ള ഫാക്ടറികളിൽ നിലവിൽ പ്രവർത്തനം നടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതലെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഫാക്ടറികൾ ഒരു ദിവസം പ്രവർത്തിപ്പിക്കുവാൻ എത്ര മെട്രിക് ടൺ തോട്ടണ്ടി ആവശ്യമുണ്ട്; കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും കൈവശം ഇപ്പോൾ എത്ര സ്റ്റോക്കുണ്ട്;

(സി) ഇത് സംബന്ധിച്ച് ഇടതുമുന്നണിയുടെ പ്രകടന പത്രികയിൽ നൽകിയ വാഗ്ദാനം പൂർണ്ണമായും പാലിക്കുവാൻ കഴിഞ്ഞോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തായിരുന്നുവെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓണത്തിനുമുമ്പ് തുറന്നു പ്രവർത്തനമാരംഭിച്ച കാഷ്യൂ കോർപ്പറേഷന്റെയും കാപെക്സിന്റെയും ഫാക്ടറികൾ ടെണ്ടർ മുഖേന തോട്ടണ്ടി ലഭ്യമാകാത്തതിനെത്തുടർന്ന് കാപ്പെക്സ് 2016 ഡിസംബർ 6 മുതലും കാഷ്യൂ കോർപ്പറേഷൻ ഫാക്ടറികൾ 2017 ജനുവരി 20 മുതലും പ്രവർത്തനം താല്ക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

(ബി) കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികൾ ഒരു ദിവസം പ്രവർത്തിക്കുന്നതിനായി 100 മെട്രിക് ടൺ തോട്ടണ്ടി ആവശ്യമാണ്. ഇ-ടെണ്ടർ മുഖേന 1000 മെട്രിക് ടൺ ടാൻസാനിയൻ (CDJKL) ഒറിജിൻ തോട്ടണ്ടി വാങ്ങുന്നതിന് കരാർ ഉറപ്പിച്ചിട്ടുള്ളതാണ്. ഇതിനു പുറമേ കൃഷി വകുപ്പിന്റെയും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും കീഴിലുള്ള കേരള ഫാമിംഗ് കോർപ്പറേഷൻ, പ്ലാന്റേഷൻ കോർപ്പറേഷൻ കേരള ലിമിറ്റഡ്, ഓയിൽപാം ഇന്ത്യ ലിമിറ്റഡ്, ആറളം ഫാം, കോട്ടുകാൽ, സി.പി.ഒ, ആത്രൂർ, ഗാളിമുഖ എന്നീ ഫാമുകളിൽനിന്നും നാളിതുവരെ ഏകദേശം 40 മെട്രിക് ടൺ തോട്ടണ്ടി കൂടി കോർപ്പറേഷൻ സംഭരിച്ചിട്ടുണ്ട്. കാപ്പെക്സിന് ഒരു ദിവസത്തേക്ക് 40 MT തോട്ടണ്ടി ആവശ്യമുണ്ട്. 27-2-2017 -ലെ കണക്കനുസരിച്ച് 23-2-2017 -ൽ ആറളം ഫാമിൽ നിന്നും ലഭിച്ച 14 MTs നാടൻ തോട്ടണ്ടിയും, 27-2-2017-ൽ ലഭിച്ച 350 MTs Tanzanian Import തോട്ടണ്ടിയും ഉൾപ്പെടെ 364 MTs തോട്ടണ്ടിയും കാപ്പെക്സിൽ സ്റ്റോക്കുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2015 സെപ്റ്റംബർ മുതൽ അടഞ്ഞു കിടന്നിരുന്ന കാഷ്യൂ കോർപ്പറേഷൻ ഫാക്ടറികൾ 17-8-2016 മുതൽ തുറന്ന് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. കാപ്പെക്സിന്റെ ഫാക്ടറികൾ ഓണത്തിനു മുൻപ് 22-8-2016 മുതൽ പ്രവർത്തനം ആരംഭിച്ചു. തോട്ടണ്ടി ലഭ്യമല്ലാത്തതിനാൽ കാപെക്സ് ഫാക്ടറികൾ 2016 ഡിസംബർ 6 മുതലും കോർപ്പറേഷൻ ഫാക്ടറികൾ 2017 ജനുവരി 20 മുതലും തുറന്നു പ്രവർത്തിക്കുന്നില്ല. തോട്ടണ്ടി ലഭ്യമാക്കി ഫാക്ടറികൾ വീണ്ടും തുറന്നു പ്രവർത്തിപ്പിക്കുന്നതിനായി സർക്കാർ നടപടികളെടുത്തു വരുന്നു.

## നാടൻ തോട്ടണ്ടി വാങ്ങാൻ പദ്ധതി

353 (1437) ശ്രീ. എം. മുകേഷ് :

ശ്രീ. ബി. സത്യൻ :

ശ്രീമതി വീണാ ജോർജ്ജ് :

ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി കോർപ്പറേഷൻ, കാപ്പെക്സ് ഫാക്ടറികളുടെ പ്രവർത്തനത്തിനായി സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ തോട്ടങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന നാടൻ തോട്ടണ്ടി വാങ്ങാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഓരോ ജില്ലയിലെയും തോട്ടണ്ടിയുടെ വില നിശ്ചയിക്കാൻ പ്രത്യേക കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ;

(ഡി) തോട്ടണ്ടിയുടെ സംഭരണ ചുമതല ആരെയാണ് ഏൽപ്പിച്ചിരിക്കുന്നത്;

(ഇ) കശുവണ്ടി കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കുന്നതിനായി സോഷ്യൽ ഓഡിറ്റിംഗ് ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ?

### ഉത്തരം

(എ) ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. കാഷ്യു കോർപ്പറേഷനും കാപ്പെക്സും പ്ലാന്റേഷൻ കോർപ്പറേഷനുമായും ആറളം ഫാം അധികൃതരുമായും ധാരണയിലെത്തിയിട്ടുണ്ട്.

(സി) 30-1-2017-ലെ G.O.(Ms)No.07/2017/ID, 15-2-2017-ലെ G.O.(Ms) No.11/2017/ID എന്നിവ പ്രകാരം 9 അംഗ വിലനിർണ്ണയ സമിതി രൂപീകരിച്ചിട്ടുണ്ട്.

(ഡി) കാപ്പെക്സിനെയും കശുവണ്ടി വികസന കോർപ്പറേഷനെയും.

(ഇ) ഇല്ല. സ്റ്റാറ്റ്യൂട്ടറി ഓഡിറ്റാണ് ഇപ്പോൾ നടന്നുവരുന്നത്. ടി ഓഡിറ്റ് സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

## കശുമാവ് കൃഷി വികസനം

354 (1438) ശ്രീ. എ. പി. അനിൽ കുമാർ :

ശ്രീ. അനൂപ് ജേക്കബ് :

ശ്രീ. അനിൽ അക്കര :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കശുമാവ് കൃഷി വികസനത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തിന് പുറത്ത് സ്ഥലം പാട്ടത്തിനെടുത്ത് കശുമാവ് കൃഷി ചെയ്യുന്ന പദ്ധതിപ്രകാരം ഏതൊക്കെ സ്ഥലങ്ങളിലാണ് കശുമാവ് കൃഷി ആരംഭിച്ചതെന്ന് വെളിപ്പെടുത്തുമോ;

(സി) എത്ര ഹെക്ടർ സ്ഥലത്ത് ഇപ്രകാരം കൃഷി ആരംഭിച്ചു എന്നറിയിക്കാമോ?

ഉത്തരം

(എ) കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 4250 ഹെക്ടർ സ്ഥലത്ത് വ്യാപിപ്പിക്കാൻ ലക്ഷ്യമിട്ടിരുന്നു. ഇതിൽ ന്യൂ ഗാർഡൻ സ്കീമിൽ 2000 ഹെക്ടർ (4 ലക്ഷം ഗ്രാഫ്റ്റ്) പൊതുമേഖലയിലും മറ്റും തരിശ്ശായി കിടക്കുന്ന ഭൂമിയിൽ കശുമാവ് കൃഷി വ്യാപനത്തിനായി 1000 ഹെക്ടർ (2 ലക്ഷം) തൈകൾ, 'മുറ്റത്തൊരു കശുമാവ് ' കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി എന്നിവ വഴി സ്കൂളുകളുടേയും കോളേജുകളുടേയും സ്ഥലങ്ങൾ ഉൾപ്പെടുത്തി 1250 ഹെക്ടർ (2.5 ലക്ഷം) തൈകൾ വിതരണം ചെയ്തുവരുന്നു. കേരളത്തിലെ സ്ഥല ദൗർലഭ്യം പരിഗണിച്ച് ഇതര സംസ്ഥാനങ്ങളിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തി കശുമാവ് കൃഷി നടത്തുന്ന കാര്യം പരിശോധിച്ചു വരുന്നു. കേരളത്തിൽ പ്ലാന്റേഷൻ അടിസ്ഥാനത്തിൽ കൃഷി വ്യാപിപ്പിക്കുന്നതും സർക്കാരിന്റെ പരിഗണനയിലാണ്. ആന്ധ്രാപ്രദേശിൽ സ്ഥലം പാട്ടത്തിനെടുത്ത് കശുമാവ് കൃഷി ചെയ്യാനുള്ള പദ്ധതി സംബന്ധിച്ച് ആന്ധ്രാപ്രദേശ് സർക്കാരുമായി ആലോചിച്ച് വരുന്നു.

(ബി) കൃഷി ആരംഭിച്ചിട്ടില്ല.

(സി) ഉദിക്കുന്നില്ല.

## ചെറുകിട കർഷകരിൽനിന്നും തോട്ടണ്ടി സംഭരണം

355 (1439) ശ്രീ. അടൂർ പ്രകാശ് :

ശ്രീ. ഐ. സി.ബാലകൃഷ്ണൻ :

ശ്രീ. വി. ടി. ബൽറാം :

ശ്രീ. വി. പി.സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചെറുകിട കർഷകരിൽ നിന്നും തോട്ടണ്ടി സംഭരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; പ്രസ്തുത തോട്ടണ്ടിയുടെ വില എപ്രകാരമാണ് നിശ്ചയിക്കുക; ഇതിനായി വില നിർണ്ണയസമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സർക്കാർ ഫാമുകളിൽ ഉത്പാദിപ്പിക്കുന്ന തോട്ടണ്ടി വിലയ്ക്കെടുക്കുവാൻ കശുവണ്ടി വികസന കോർപ്പറേഷൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) ഒരു വർഷം സംസ്ഥാനത്ത് എത്ര മെട്രിക് ടൺ കശുവണ്ടി സർക്കാർ ഫാമുകളിൽ ഉത്പാദിപ്പിക്കുന്നുണ്ടെന്നും ചെറുകിട കർഷകരിൽനിന്നും എത്ര മെട്രിക് ടൺ സംഭരിക്കുവാൻ കഴിയുമെന്നും അറിയിക്കുമോ;

(ഡി) കശുവണ്ടി കർഷകർക്ക് ന്യായമായ വില ഉറപ്പുവരുത്തുമോ?

### ഉത്തരം

(എ) ഉണ്ട്. ഇതിനായി വില നിർണ്ണയ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. 30-1-2017-ലെ G.O(Ms)No.07/2017/ID പ്രകാരവും 15-2-2017-ലെ G.O.(Ms)No. 11/2017/ID പ്രകാരവും രൂപീകരിച്ചിട്ടുള്ള 9 അംഗ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) കർഷകരിൽനിന്നും തോട്ടണ്ടി വാങ്ങുമ്പോൾ പൊതു വിപണിയിലെ വിലയ്ക്കനുസരിച്ച് ന്യായമായ വില, വിലനിർണ്ണയ സമിതി ഉറപ്പുവരുത്തുന്നതാണ്. കാഷ്യൂ കോർപ്പറേഷനും കാപ്പെക്സും മാർക്കറ്റിൽ ഇടപെട്ടതോടുകൂടി നിലവിൽ തോട്ടണ്ടിയുടെ വില ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. അതു തുടരും.

## കശുവണ്ടി വികസന കോർപ്പറേഷനിൽ തൊഴിലാളി നിയമനം

356 (1440) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വികസന കോർപ്പറേഷനിൽ തൊഴിലാളികളെ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രപേരെയെന്നും അതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കുമോ ;

(ബി) നിയമനം സുതാര്യവും അഴിമതിരഹിതവുമായി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികളിലെ ഷെല്ലിംഗ്, പീലിംഗ്, ഗ്രേഡിംഗ് സെക്ഷനുകളിലെ പാരിറ്റി സംരക്ഷിച്ച് ജോലി നടത്തുന്നതിന് ആവശ്യമായ 1000 തൊഴിലാളികളെ നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്.

(ബി) കോർപ്പറേഷനിലെ നിയമനം സുതാര്യവും അഴിമതി രഹിതവുമായിട്ടാണ് നാളിതുവരെ നടത്തിയിട്ടുള്ളത്. ആ രീതി തുടർന്നും സ്വീകരിക്കും.

## കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധി

357 (T* 1441) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധി പരിശോധിച്ചിട്ടുണ്ടോ; പ്രതിസന്ധികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) കേന്ദ്രം തോട്ടണ്ടിയുടെ തീരുവ കുറച്ചതുമൂലം സംസ്ഥാനത്തിന് എന്തെല്ലാം നഷ്ടങ്ങൾ ഉണ്ടാകുന്നുവെന്ന് വിശദമാക്കുമോ;

(സി) ഈ മേഖലകളിൽ പണി എടുക്കുന്ന പുരുഷൻമാരുടെയും സ്ത്രീകളുടെയും എണ്ണം ലഭ്യമാക്കുമോ;

(ഡി) പ്രതിസന്ധികൾ പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

(എ) ഉണ്ട്. തോട്ടണ്ടിയുടെ ദൗർലഭ്യവും വില വർദ്ധനവുമാണ് പ്രധാന പ്രശ്നങ്ങൾ. സംസ്ഥാനത്ത് ആവശ്യമായ തോട്ടണ്ടിയുടെ ബഹുഭൂരിഭാഗവും വിദേശ രാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യേണ്ടുന്ന അവസ്ഥയാണുള്ളത്. തോട്ടണ്ടിയുടെ ഇറക്കുമതി ചുങ്കത്തിലുണ്ടായ വർദ്ധനവും ടി വ്യവസായത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര-സർക്കാർ തോട്ടണ്ടിയുടെ ഇറക്കുമതി ചുങ്കം കുറയ്ക്കുകയല്ല കൂട്ടുകയാണുണ്ടായത്. ഇത് കശുവണ്ടി ഇറക്കുമതിയെ സാരമായി ബാധിക്കുന്നതിനും ഉല്പാദനച്ചെലവ് വർദ്ധിക്കുന്നതിനും കാരണമായി.

(സി) ഈ മേഖലയിൽ 3 ലക്ഷത്തോളം തൊഴിലാളികൾ പണിയെടുക്കുന്നതായി കണക്കാക്കപ്പെടുന്നു. അതിൽ 90 ശതമാനത്തോളം സ്ത്രീ തൊഴിലാളികളാണ്.

(ഡി) തോട്ടണ്ടിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുകയെന്നതാണ് പ്രധാന പരിഹാരമാർഗ്ഗം. കൂടാതെ ഇറക്കുമതി ചുങ്കം കുറയ്ക്കുക, കയറ്റുമതി ഇൻസെന്റീവ് വർദ്ധിപ്പിക്കുക തുടങ്ങിയവയും പ്രതിസന്ധി പരിഹാരമാർഗ്ഗങ്ങളാണ്.

**ആഭ്യന്തര കശുവണ്ടിയുടെ സംഭരണം**

358 (1442) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സും ആഭ്യന്തര കശുവണ്ടിയുടെ സംഭരണം ആരംഭിച്ചിട്ടുണ്ടോ ; 2017 ജനുവരി 31 വരെ എത്ര മെട്രിക് ടൺ കശുവണ്ടി സംഭരിക്കുവാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ ;

(ബി) കശുവണ്ടി സംഭരണത്തിനായി സംസ്ഥാന ഗവൺമെന്റും കശുവണ്ടി വികസന കോർപ്പറേഷനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കുമോ ;

(സി) കശുവണ്ടി സംസ്ഥാനാതിർത്തി കടന്ന് പോകുന്നത് തടയുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. 2017 ജനുവരി 31 വരെ കശുവണ്ടി സംഭരിച്ചിട്ടില്ല.

(ബി) തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി കേരളത്തിൽ ഉല്പാദിപ്പിക്കുന്ന കശുവണ്ടി സംഭരിക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പ്, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്, പ്ലാന്റേഷൻ കോർപ്പറേഷൻ എന്നിവയുടെ കീഴിലുള്ള

വിവിധ ഫാമുകളിൽ ഉല്പാദിപ്പിക്കുന്ന നാടൻ തോട്ടണ്ടി സംഭരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ കോർപ്പറേഷനും കാപ്പെക്സും സംയുക്തമായി ഏറ്റെടുത്തിട്ടുള്ളതും ഇപ്രകാരം ആറളം ഫാമിൽ നിന്നുള്ള തോട്ടണ്ടി കോർപ്പറേഷനിൽ ലഭ്യമായി തുടങ്ങിയിട്ടുള്ളതുമാണ്. ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്ന കശുവണ്ടി പരമാവധി സംഭരിച്ച് തൊഴിലാളികൾക്ക് ജോലി നൽകുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. കൂടാതെ വിദേശരാജ്യങ്ങളിൽനിന്നും ഇ-ടെണ്ടർ മുഖേന തോട്ടണ്ടി ഇറക്കുമതി ചെയ്ത് തൊഴിലാളികൾക്ക് പരമാവധി തൊഴിൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) കാഷ്യൂ കോർപ്പറേഷനും കാപ്പെക്സും പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്നും ആറളം ഫാമിൽനിന്നും ശേഖരിക്കുന്ന കശുവണ്ടി സംസ്ഥാനാതിർത്തി കടന്നു പോകുന്നത് തടയുന്നതിന് വില്പന നികുതി വകുപ്പിന്റെയും മോട്ടോർവാഹന വകുപ്പിന്റെയും പോലീസിന്റെയും സഹകരണത്തോടുകൂടി നടപടിയെടുക്കുന്നതാണ്.

## കശുവണ്ടി ഫാക്ടറികളുടെ ആധുനികവൽക്കരണം

359 (1443) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി ഫാക്ടറികൾ ആധുനികവൽക്കരിക്കുന്നതിന് പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി 2016-17-ൽ എന്ത് തുകയാണ് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ തുക ഉപയോഗിച്ച് ഏതെല്ലാം ഫാക്ടറികൾ ആധുനികവൽക്കരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) ഇക്കാര്യത്തിനായി ഇതുവരെ എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ-സി) കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് 2016-17 സാമ്പത്തിക വർഷം ആധുനികവത്കരണത്തിനും ഭാഗികമായ യന്ത്രവത്കരണത്തിനും മറ്റും 30 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കശുവണ്ടി വികസന കോർപ്പറേഷന്റെ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്തും ഫാക്ടറികൾ ഉടൻ തുറന്ന് പ്രവർത്തിക്കേണ്ട ആവശ്യം പരിഗണിച്ചും പ്രസ്തുത തുക ഉപയോഗിച്ച് കോർപ്പറേഷന്റെ പ്രവർത്തനരഹിതമായ ഫാക്ടറികൾ തുറന്ന് പ്രവർത്തിക്കുന്നതിനും തൊഴിലാളികളുടെ ബോണസ് മുതലായവ നൽകുന്നതിനും ചെലവഴിച്ചിട്ടുള്ളതാണ്. കാപ്പെക്സിന് ഈ ആവശ്യത്തിലേക്കായി 2015-16-ലേക്കുള്ള ബഡ്ജറ്റ് വിഹിതമായി വകവരുത്തിയ 8 കോടി രൂപ E-LAMS വഴി 2016-17 സാമ്പത്തികവർഷം അനുവദിക്കുകയുണ്ടായി. കൂടാതെ 2016-17 സാമ്പത്തിക വർഷം ഇതിനായി 8 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും, 4 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

## പൊതുമേഖലാ കശുവണ്ടി ഫാക്ടറികൾ

360 (1444) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ തോട്ടണ്ടി ലഭിക്കുന്നതിനായി കശുവണ്ടി വികസന കോർപ്പറേഷൻ, കാപ്പെക്സ് എന്നിവ 2016-2017-ൽ എത്ര തവണ ടെണ്ടർ ക്ഷണിച്ചിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) ടെണ്ടറിന് ഉണ്ടായ പ്രതികരണം എന്തായിരുന്നു; വിദേശ തോട്ടണ്ടി ലഭിക്കാൻ സാദ്ധ്യതയുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) പ്ലാന്റേഷൻ കോർപ്പറേഷൻ വഴി നാടൻ തോട്ടണ്ടി വാങ്ങുന്നതിന് സ്വീകരിച്ച നടപടികൾ ഏതു ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ഡി) പൊതുമേഖലാ കശുവണ്ടി ഫാക്ടറികൾ എന്നത്തേക്ക് പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിദേശ തോട്ടണ്ടി ലഭിക്കുന്നതിനായി കശുവണ്ടി വികസന കോർപ്പറേഷൻ 2016-17-ൽ 23 തവണയും കാപ്പെക്സ് 14 തവണയും ടെണ്ടർ വിളിച്ചിട്ടുണ്ട്.

(ബി) കശുവണ്ടി വികസന കോർപ്പറേഷൻ ഡയറക്ട്/ഹൈ സീ സെയിൽ അടിസ്ഥാനത്തിൽ 11 ടെണ്ടർ വിളിച്ചതിൽ 5 ടെണ്ടറിൽ ആരും പങ്കെടുത്തിട്ടില്ലാത്തതും, 4 എണ്ണത്തിൽ ഒരാൾ വീതവും, 2 ടെണ്ടറുകളിൽ മൂന്നും, അഞ്ചും ബിഡ് വീതവുമാണ് ഉണ്ടായിരുന്നത്. ഇംപോർട്ട് ചെയ്തു വച്ചിരിക്കുന്ന ആഫ്രിക്കൻ തോട്ടണ്ടിയുടെ ടെണ്ടറിൽ 12 എണ്ണം വിളിച്ചതിൽ 3 എണ്ണത്തിൽ ആരും പങ്കെടുത്തിരുന്നില്ല. ഒരെണ്ണത്തിൽ ഒരാളും, 8 ടെണ്ടറിൽ രണ്ടും മൂന്നും പേരും വീതം പങ്കെടുത്തിരുന്നു. കാപ്പെക്സിന്റെ 14 ടെണ്ടറുകളിൽ 6 എണ്ണത്തിൽ ആരും പങ്കെടുത്തില്ല. 3 ടെണ്ടറുകളിൽ ഒരു പാർട്ടി മാത്രം പങ്കെടുത്തു. ഒരു ടെണ്ടറിൽ 2 പേർ പങ്കെടുത്തു. മൂന്നോ അതിലധികമോ പേർ പങ്കെടുത്തത് 4 ടെണ്ടറുകൾ മാത്രമാണ്. പല കാരണങ്ങളാൽ 4 ടെണ്ടറുകളും പ്രാവർത്തികമായില്ല.

(സി) പ്ലാന്റേഷൻ കോർപ്പറേഷന്റെ കാസർഗോഡ്, നാട്ടുകാണി, രാജപുരം, ചീമേനി തുടങ്ങിയ എസ്റ്റേറ്റുകളിൽ നിന്ന് തോട്ടണ്ടി ശേഖരിച്ചു വരുന്നു.

(ഡി) വിവിധ ഫാമുകളിൽ ഉല്പാദിപ്പിക്കുന്ന നാടൻ തോട്ടണ്ടി സംഭരിച്ച് മാർച്ച്-ഏപ്രിൽ മാസത്തോടുകൂടി കശുവണ്ടി ഫാക്ടറികൾ പ്രവർത്തനക്ഷമമാക്കാൻ സാധിക്കും.

## സംസ്ഥാനത്ത് സ്വകാര്യ കശുവണ്ടി ഫാക്ടറികൾ അടഞ്ഞുകിടക്കുന്നതുമൂലമുള്ള പ്രതിസന്ധി

361 (1445) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വകാര്യ കശുവണ്ടി ഫാക്ടറികൾ അടഞ്ഞു കിടക്കുന്നതുമൂലമുള്ള പ്രതിസന്ധി വിലയിരുത്തിയിട്ടുണ്ടോ;

(ബി) സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറക്കാതിരിക്കുന്നതിനുള്ള കാരണങ്ങളും അവ തുറക്കുന്നതിന് വേണ്ടി സർക്കാർ നടത്തിയ ശ്രമങ്ങളും വിശദമാക്കുമോ;

(സി) സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിക്കുവാൻ വിസമ്മതിക്കുന്ന പക്ഷം അവ സർക്കാർ ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിന് സന്നദ്ധമാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ സ്വകാര്യ മേഖലയിലെ കശുവണ്ടി ഫാക്ടറികളിലെ സിംഹഭാഗവും തുറന്നു പ്രവർത്തിക്കാത്ത വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. ഈ വിഷയത്തിന്റെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് ബഹു. ഫിഷറീസ് & കാഷ്യു വ്യവസായവും വകുപ്പുമന്ത്രിയും ബഹു. മുഖ്യമന്ത്രിയും പ്രത്യേകം പ്രത്യേകം യോഗങ്ങൾ വിളിച്ച് ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ വ്യവസായികളിൽ നിന്നും തന്നെ മനസ്സിലാക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുകയുമുണ്ടായി. ചർച്ചകളിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ താഴെപറയുന്ന വിഷയങ്ങളാണ് കശുവണ്ടി ഫാക്ടറികൾ തുറക്കാതിരിക്കുവാനുള്ള കാരണങ്ങളെന്ന നിഗമനത്തിൽ എത്തിച്ചേർന്നിട്ടുണ്ട്.

1. അസംസ്കൃത തോട്ടണ്ടിയുടെ ലഭ്യതക്കുറവ്.
2. കശുവണ്ടി വ്യാപാരികൾക്കിടയിലുള്ള അശാസ്യമല്ലാത്ത കിടമത്സരങ്ങൾ.
3. യന്ത്രവൽക്കരണത്തിന്റെ അഭാവം
4. പ്രവർത്തന മൂലധനത്തിന്റെ അഭാവം.
5. മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനക്കുറവ്
6. കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ ഇറക്കുമതി ചുങ്കം.

വ്യവസായികൾ ഉന്നയിച്ച വിഷയങ്ങളിൽ ഗവൺമെന്റിന് ഉറന്ന സമീപനമാണുള്ളത്. സംസ്ഥാനത്ത് വ്യവസായം നടത്തുന്നവരുടെ താല്പര്യം സംരക്ഷിക്കുന്നതിനായി ഇംപോർട്ട് ഡ്യൂട്ടി പിൻവലിക്കുന്ന വിഷയം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി അനുകൂലമായിരുന്നില്ല. ബാങ്ക് ലോൺ റീ സ്ട്രക്ച്ചർ ചെയ്യുക, പുതിയ ലോൺ അനുവദിക്കുക, നിലവിലുള്ള ലോണിന് 6 മാസത്തേക്ക് മൊറട്ടോറിയം ഏർപ്പെടുത്തുക എന്നീ വിഷയങ്ങൾ റിസർവ് ബാങ്കിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ബാങ്ക് പ്രതിനിധികളുടേയും സർക്കാർ പ്രതിനിധികളുടേയും എംപവേർഡ് കമ്മിറ്റി ഈ വിഷയം പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. തോട്ടണ്ടി ലഭ്യമാക്കുന്നതിന് ഒരു ദീർഘകാല പദ്ധതിയായി ഒരു കൺസോർഷ്യം രൂപീകരിക്കുന്ന കാര്യവും പരിശോധിച്ചു വരുന്നു. സ്വകാര്യ കശുവണ്ടി വ്യവസായികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ കശുവണ്ടി വ്യവസായികളും ബാങ്ക് പ്രതിനിധികളും സർക്കാർ പ്രതിനിധികളും അടങ്ങിയ ഒരു എസ്.പി.വി. രൂപീകരിക്കാനും ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരങ്ങൾ നിർദ്ദേശിക്കാനും തീരുമാനിച്ചിട്ടുണ്ട്. എസ്.പി.വി. രൂപീകരിച്ചു വരുന്നു.

(സി) ഈ വിഷയത്തിൽ നിയമപരമായി സ്വീകരിക്കാൻ കഴിയുന്ന എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്.

## ആന്ധ്രാപ്രദേശിൽ കശുമാവ് കൃഷി

362 (1446) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാർ ആന്ധ്രാപ്രദേശിൽ കശുമാവ് കൃഷി ആരംഭിക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) എത്ര ടൺ കശുവണ്ടിയാണ് ഇതുവഴി ഉൽപ്പാദിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നതെന്നും ഏത് ഏജൻസി മുഖേനയാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ;

(സി) പദ്ധതി നടപ്പിലാക്കുന്നതിന് ഏതെങ്കിലും സാധ്യതാപഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ റിപ്പോർട്ട് ലഭ്യമാക്കാമോ?

### ഉത്തരം

(എ) കേരളത്തിലെ കശുവണ്ടി വ്യവസായം നേരിടുന്ന തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി നാഷണൽ ഹോർട്ടിക്കൾച്ചർ മിഷന്റെ സഹകരണത്തോടെ ആന്ധ്രാപ്രദേശിൽ 50,000 ഹെക്ടർ സ്ഥലം 99 വർഷത്തേക്ക് പാട്ടത്തിനെടുത്ത് 700 കോടി രൂപ മുതൽമുടക്കി കശുമാവ് കൃഷി ചെയ്യുന്നതിനുള്ള ഒരു പദ്ധതി ആലോചിച്ചു വരുന്നു.

(ബി) നാഷണൽ ഹോർട്ടിക്കൾച്ചർ മിഷന്റെ ധനസഹായത്തോടെ സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി നിർവ്വഹണ ഏജൻസിയായി ആന്ധ്രാപ്രദേശ് സർക്കാരിന്റെ സഹകരണത്തോടെ പദ്ധതി നടപ്പാക്കുന്നതിനാണ് ആലോചിക്കുന്നത്. പദ്ധതിയുടെ മൂന്നാം വർഷം 20,000 മെട്രിക് ടൺ തോട്ടണ്ടിയും 7-ാം വർഷം മുതൽ 100000 മെട്രിക് ടൺ തോട്ടണ്ടിയും ഉല്പാദിപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പഠന റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

## സ്വകാര്യമേഖലയിലേയും പൊതുമേഖലയിലേയും കശുവണ്ടി ഫാക്ടറികൾ

363 (1447) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യമേഖലയിലേയും പൊതുമേഖലയിലേയും അടഞ്ഞുകിടക്കുന്ന കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(ബി) നിരവധി സ്വകാര്യ കശുവണ്ടി ഫാക്ടറികൾ അടച്ചിട്ടിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അടച്ചിട്ടിരിക്കുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികൾ ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

### ഉത്തരം

(എ) കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും കീഴിലുള്ള 40 ഫാക്ടറികൾ ആവശ്യമായ തോട്ടണ്ടി ലഭ്യമാക്കി ഈ സർക്കാർ തുറന്നു പ്രവർത്തിപ്പിച്ചിരുന്നു. എന്നാൽ ടെണ്ടർ നടപടികളിലൂടെ തോട്ടണ്ടി ലഭ്യമാക്കുന്നതിന് തടസ്സങ്ങൾ നേരിട്ടതിനാൽ ഈ ഫാക്ടറികളുടെ പ്രവർത്തനം താല്ക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്. ടെണ്ടർ വഴി വിദേശത്തുനിന്നും തദ്ദേശീയമായി ഉല്പാദിപ്പിക്കുന്ന തോട്ടണ്ടി സംഭരിക്കുന്നതിനും അടിയന്തര നടപടി സ്വീകരിച്ചു വരികയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി ഫാക്ടറികൾ വീണ്ടും തുറന്നു പ്രവർത്തിപ്പിക്കാൻ സാധിക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കാൻ ബഹു. ഫിഷറീസ് & കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രിയും ബഹു. മുഖ്യമന്ത്രിയും പ്രത്യേകം പ്രത്യേകം യോഗങ്ങൾ വിളിച്ച് ചേർക്കുകയും ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ വ്യവസായികളിൽ നിന്നും തന്നെ മനസ്സിലാക്കി പരിഹാരമാർഗ്ഗങ്ങൾ സ്വീകരിച്ചു വരികയാണ്. ബഹു.

മുഖ്യമന്ത്രി വിളിച്ച ചേർത്ത യോഗത്തിൽ തോട്ടണ്ടി കൈവശമുള്ളവർ ഫാക്ടറി തുറക്കാത്ത വിഷയം പരിഗണിക്കുകയും കശുവണ്ടി ഫാക്ടറികൾ തുറന്ന പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ മുഖ്യമന്ത്രി കശുവണ്ടി വ്യവസായികളോട് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. കൂടാതെ കാഷ്യ സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ ഫാക്ടറികളിൽ പരിശോധന നടത്തുകയും തോട്ടണ്ടി ലഭ്യമായിട്ടും തുറന്ന് പ്രവർത്തിപ്പിക്കാത്ത ഫാക്ടറികൾ തുറക്കണമെന്ന് ആവശ്യപ്പെട്ട് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയ നിരന്തര ഇടപെടലുകളിലൂടെയും ടെണ്ടർ കണ്ടീഷനുകളിൽ അത്യാവശ്യം വേണ്ട ഇളവുകൾ വരുത്തിയതു കാരണം കൂടുതൽ വ്യാപാരികൾ ടെണ്ടറിൽ പങ്കെടുക്കുകയും തോട്ടണ്ടി ലഭിക്കുകയും ചെയ്തിരുന്നു. തുടർന്ന് 2016 ഓണത്തിനു മുമ്പ് പൊതുമേഖലയിലുള്ള 40 ഫാക്ടറികളും തുറന്ന പ്രവർത്തിപ്പിക്കാനും സാധിച്ചിരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**ഫിഷറീസ് യൂണിവേഴ്സിറ്റിയുടെ സബ് സെന്ററുകൾ**

364 (1448) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് യൂണിവേഴ്സിറ്റിയുടെ സബ്സെന്ററുകൾ എവിടെയെല്ലാം ആരംഭിക്കാനാണ് തീരുമാനം എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പയ്യന്നൂരിൽ സബ്സെന്ററുകൾ ആരംഭിക്കുന്നതിന് തീരുമാനം കൈക്കൊണ്ടിരുന്നോ;

(സി) പയ്യന്നൂരിൽ സെന്റർ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പയ്യന്നൂരിനടുത്ത കങ്കാളിയിൽ റിസർച്ച് സ്റ്റേഷനും കണ്ണൂരിൽ ഫിഷറീസ് സ്റ്റേഷനും സ്ഥാപിക്കാൻ യൂണിവേഴ്സിറ്റി ഗവേണിംഗ് കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ട്.

(സി) പയ്യന്നൂരിൽ ഫിഷറീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് സ്ഥലം, തസ്തിക എന്നിവ അനുവദിക്കണമെന്ന വൈസ് ചാൻസലറുടെ ആവശ്യം പരിശോധിച്ചുവരുന്നു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 AM]

## II ഉത്തരത്തിൽ തിരുത്ത്

മി. സ്പീക്കർ: പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3713-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : സർ, പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3713-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

## III അടിയന്തരപ്രമേയം

### സിവിൽ സർവ്വീസ് ഉദ്യോഗസ്ഥതല പ്രശ്നങ്ങൾ

മി. സ്പീക്കർ: സിവിൽ സർവ്വീസിലെ ഉയർന്ന ഉദ്യോഗസ്ഥർ തമ്മിലടിക്കുകയും ഏജന്റുമാർ മുഖേന പരാതി നൽകി പരസ്പരം ചെളിവാരിയെറിയുകയും അതുവഴി വിവിധ കേസ്സുകളിൽ കുടുങ്ങിക്കിടക്കുകയും ചെയ്യുന്നതുകൊണ്ട് സംസ്ഥാനത്ത് ഭരണസ്തംഭനം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. വി. ഡി. സതീശൻ, ടി. എ. അഹമ്മദ് കബീർ, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട മെമ്പർമാർ നോട്ടീസിലൂടെ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾ തീർത്തും വസ്തുതാവിരുദ്ധവും ജനങ്ങളിൽ സംശയത്തിന്റെ പുകമറ സൃഷ്ടിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതുമാണ്. സിവിൽ സർവ്വീസിലെ ഉയർന്ന ഉദ്യോഗസ്ഥർ തമ്മിൽ ഗൗരവമായ ഒരു അഭിപ്രായ വ്യത്യാസവും നിലവിലില്ല. സംസ്ഥാനത്ത് ഒരു തരത്തിലുമുള്ള ഭരണസ്തംഭനവും ഉണ്ടായിട്ടില്ല. സ്വാഭാവികമായും ചില കാര്യങ്ങളിൽ വ്യത്യസ്ത അഭിപ്രായങ്ങൾ ഉണ്ടായിട്ടുണ്ടാകാം. സർക്കാർ ഒരു നയമോ നിലപാടോ എടുക്കുമ്പോൾ അത്തരം അഭിപ്രായങ്ങളെല്ലാം അപ്രത്യക്ഷമായിട്ടുണ്ട്. എല്ലാവരും കൂട്ടായി പ്രവർത്തിക്കുന്ന രീതി ഉയർന്നുവന്നിട്ടുമുണ്ട്.

ഒരു സർക്കാരിനെ വിലയിരുത്തുന്നത് ആ സർക്കാരിന്റെ പ്രവർത്തനത്തെ അടിസ്ഥാനപ്പെടുത്തിയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ, പ്ലാൻ ഫണ്ടിന്റെ ഉപയോഗപ്പെടുത്തൽ, ഫയൽ തീർപ്പാക്കൽ, പി.എസ്.സി. വഴിയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും ചെറുപ്പക്കാർക്ക് നൽകിയിട്ടുള്ള നിയമനങ്ങൾ, ഡി.പി.സി. കൂടിയത്, സ്ഥലം മാറ്റത്തിന് മാനദണ്ഡം രൂപീകരിച്ചത്, സംസ്ഥാനത്തുണ്ടായിട്ടുള്ള സാമൂഹിക സാമ്പത്തിക പ്രശ്നങ്ങളിൽ സർക്കാർ നടത്തിയിട്ടുള്ള ഫലപ്രദവും വേഗത്തിലുമുള്ള ഇടപെടലുകൾ, ക്രമസമാധാനം ഉറപ്പുവരുത്തുന്നതിൽ ഉദ്യോഗസ്ഥർ കാണിക്കുന്ന ജാഗ്രത, കേസുകൾ സമയബന്ധിതമായി അന്വേഷിച്ച് കുറ്റവാളികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരൽ, കുടിശ്ശികയിലായിരുന്ന ക്ഷേമപെൻഷനുകൾ 33,59,000 (മുപ്പത്തിമൂന്ന് ലക്ഷത്തി അമ്പത്തിയൊമ്പതിനായിരം) പേരുടെ വീടുകളിലെത്തിക്കൽ എന്നിവ ജീവനക്കാരുടെ സഹകരണവും കൂട്ടായ്മയുമാണ് തെളിയിക്കുന്നത്. ജീവനക്കാരുടെ സഹകരണവും കൂട്ടായ്മയുമില്ലാതെ ഈ കാര്യങ്ങളൊന്നും പൂർണ്ണതയിലെത്തിക്കാൻ കഴിയുന്നതല്ല.

സംസ്ഥാനം നേരിടുന്ന അടിസ്ഥാന സൗകര്യ വികസന പ്രശ്നങ്ങളിൽ ദീർഘകാല വീക്ഷണത്തോടെയുള്ള ആസൂത്രണവും നടപടികളും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളും സർക്കാർ സ്വീകരിച്ചുവരികയാണ്. ഇതെല്ലാം സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടെ കൂട്ടായ്മയിലൂടെയും ഏകോപനത്തിലൂടെയുമാണ് ചെയ്യുന്നത്. കഴിഞ്ഞ 9 മാസമായി ഏകദേശം പതിനെട്ടായിരത്തോളം ഫയലുകളാണ് എന്റെ പരിഗണനയ്ക്ക് വന്നിട്ടുള്ളത്. കഷ്ടിച്ച് 200 ഫയലുകൾ മാത്രമാണ് ഇവയിൽ ശേഷിക്കുന്നത്. ആരംഭകാലത്ത് ഫയലുകളുടെ നീക്കത്തിൽ ഉണ്ടായിരുന്ന കാലതാമസം പൂർണ്ണമായും പരിഹരിച്ചിട്ടുണ്ട്. ഇടയ്ക്കിടെയുണ്ടാകുന്ന തസ്തികമാറ്റങ്ങൾ ഫയൽ നീക്കം മന്ദീഭവിക്കുന്നതിന് കാരണ മായിട്ടുണ്ടെന്ന് തിരിച്ചറിഞ്ഞശേഷം പൊതു സ്ഥലംമാറ്റത്തോടൊപ്പം ഇത്തരം തസ്തിക മാറ്റങ്ങൾ പരിമിതപ്പെടുത്താനും മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തിന്റെ ഏറ്റവും താഴെത്തട്ടിലുള്ള ഭരണ സംവിധാനങ്ങളെവരെ ഏകോപിപ്പിച്ചുകൊണ്ട് ഒ.ഡി.എഫ്. പദ്ധതി ഗ്രാമപ്രദേശങ്ങളിൽ നവംബർ ഒന്നിന് മുമ്പും നഗരപ്രദേശങ്ങളിൽ ഏപ്രിൽ ഒന്നിനുമുമ്പും പൂർത്തിയാക്കി. കേരളം സമ്പൂർണ്ണ ഒ.ഡി.എഫ്. പദവി കൈവരിക്കുന്ന ആദ്യ സംസ്ഥാനമായി മാറിക്കഴിഞ്ഞത് നമുക്കെല്ലാം അഭിമാനം പകരുന്ന കാര്യമാണ്. തൊഴിലുറപ്പ് പദ്ധതിപ്രകാരം ഏറ്റവും കൂടുതൽ തുക ചെലവഴിച്ച വർഷങ്ങളിലൊന്നാണ് 2016-17. അടുത്ത വർഷം ഇത് വർദ്ധിപ്പിക്കാനും ഗ്രാമപ്രദേശങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഫലപ്രദമായി ഏകോപിപ്പിക്കാനുമുള്ള കർമ്മ പരിപാടിയാണ് രൂപീകരിച്ചുവരുന്നത്. വിവിധ വകുപ്പുകളെ കൂട്ടിയോജിപ്പിച്ച് താഴെത്തട്ടുവരെ നടത്തേണ്ട പ്രവർത്തനങ്ങളാണ് നാല് മിഷനുകളിലൂടെ ഏകോപിപ്പിക്കുന്നത്.

ഒരു സർക്കാരിന്റെ പ്രവർത്തനക്ഷമത നിർണ്ണയിക്കുന്നത് വികസന കാര്യങ്ങളിൽ ആ സർക്കാർ എടുക്കുന്ന മുൻകൈ എന്താണെന്നും വികസന മേഖലയിൽ ഫലപ്രദമായി ചെലവഴിക്കുന്ന തുക എത്രത്തോളമാണെന്നും നോക്കിക്കൊണ്ടാണല്ലോ. വികസന കാര്യങ്ങളിൽ ഈ സർക്കാർ എടുത്ത നയസമീപനവും അതിന്റെ നടത്തിപ്പും നമുക്ക് പരിശോധിക്കാം. അതിലൊന്നാണ് നാഷണൽ ഹൈവേ വികസനം. 45 മീറ്റർ വീതിയിൽ നാഷണൽ ഹൈവേ വികസിപ്പിക്കാൻ വർഷങ്ങൾക്കുമുമ്പ് സർവ്വകക്ഷിയോഗം തീരുമാനമെടുത്തിരുന്നതാണ്. അക്കാര്യത്തിൽ തുടർ നടപടി മരവിപ്പിക്കുകയാണ് മുൻ സർക്കാർ ചെയ്തത്. ഈ സർക്കാർ ആ തീരുമാനം നടപ്പാക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നു. വടക്കൻ ജില്ലകളിലെ അലൈൻമെന്റിന് അന്തിമരൂപമായി. തെക്കൻ ജില്ലകളിലെ അലൈൻമെന്റ് ഒരു മാസത്തിനകം പൂർണ്ണമാകും. ഇത് ഭരണ സ്തംഭനമാണോ, ഭരണ സ്തംഭനം നീക്കലാണോയെന്ന് വിലയിരുത്തണം.

എൽ.എൻ.ജി. പൈപ്പ് ലൈൻ സ്ഥാപിക്കാനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ അന്തിമഘട്ടത്തിലാണ്. അടുത്ത രണ്ട് വർഷംകൊണ്ട് ഈ പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്ന് കരുതുകയാണ്. കഴിഞ്ഞ അഞ്ച് വർഷവും ഭരണ സ്തംഭനത്തിന്റെ പ്രധാന ലക്ഷണമായിട്ടാണ് ഈ പദ്ധതി പരിഗണിക്കപ്പെട്ടിരുന്നത്.

കൊച്ചി-ഇടമൺ 400 കെ.വി. ലൈൻ സംബന്ധിച്ച കഴിഞ്ഞ അഞ്ച് വർഷത്തെ നിശ്ചലാവസ്ഥയ്ക്ക് മാറ്റം വരികയാണ്. ഒരു വർഷത്തിനകം ഈ പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കണ്ണൂർ, തിരുവനന്തപുരം, കോഴിക്കോട് വിമാനത്താവളങ്ങളുടെ ഭൂമി ഏറ്റെടുക്കൽ അതിവേഗത്തിൽ മുന്നോട്ടു പോകുകയാണ്. ശബരിമല വിമാനത്താവളത്തിനുള്ള ശ്രമങ്ങളും ഊർജ്ജസ്വലമായി ആരംഭിച്ചിട്ടുണ്ട്. ആദ്യത്തെ പത്തുമാസത്തെ പദ്ധതിച്ചെലവ് താഴെ പറയുകയാണ്: ഇന്നലെ ഞാൻ പരാമർശിച്ചു പോയതാണ്. 2011-12-ലെ ആദ്യത്തെ പത്തുമാസം ചെലവഴിച്ച തുക 5,733 കോടി രൂപയായിരുന്നു. 2012-13-ൽ 6,408 കോടി രൂപ, 2013-14-ൽ 8,453 കോടി രൂപ, 2014-15-ൽ 8,580 കോടി രൂപ, 2015-16-ൽ 9,833 കോടി രൂപ, 2016-17-ൽ 9,774 കോടി രൂപ എന്നിങ്ങനെയാണ്. 2015-16-ൽ നിന്ന് 2016-17 എത്തുമ്പോൾ ഏകദേശം 60 കോടി രൂപയുടെ കുറവ് വന്നതായി കാണാൻ കഴിയും. തെരഞ്ഞെടുപ്പു കാരണം ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിൽ ഒരുതരം സ്തംഭനമുണ്ടായിരുന്നു. അതുപോലെതന്നെ നോട്ടു നിരോധിച്ചതുകാരണം നവംബർ, ഡിസംബർ മാസങ്ങളിലും നമ്മൾ പ്രതിസന്ധിയിലായിരുന്നു. 5 മാസങ്ങളിലുണ്ടായ ഈ പരിമിതികൾ വച്ചുകൊണ്ടുവേണം ഈ 60 കോടി രൂപയുടെ കുറവ് കണക്കാക്കാൻ. 2015-16 ഇലക്ഷൻ വർഷത്തിൽ മൊത്തം ചെലവാക്കിയത് 16,459 കോടി രൂപയാണ്. കഴിഞ്ഞ വർഷം 12 മാസം കൊണ്ട് ചെലവഴിച്ചതിന്റെ 60 ശതമാനം ഈ വർഷം ജനുവരി വരെ ചെലഴിച്ചിട്ടുണ്ട്.

ചുരുക്കത്തിൽ വികസനത്തിനായുള്ള മൂലധനച്ചെലവിൽ കുറവുവരികയോ വികസന സ്തംഭനമോ ഭരണസ്തംഭനമോ ഇവിടെയുണ്ടായിട്ടില്ല. സംസ്ഥാന സർക്കാരിൽ 213 ഐ.എ.എസ്. തസ്തികകളാണുള്ളത്. അതിൽ ഏകദേശം മുപ്പതോളം തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. ഈ വർഷം പത്തിലധികം മുതിർന്ന ഉദ്യോഗസ്ഥർ വിരമിക്കുകയാണ്. ഭരണ പരിചയമുള്ളവർ ഇങ്ങനെ പെട്ടെന്ന് ഒഴിവാകുമ്പോൾ സ്വാഭാവികമായും ഉണ്ടാകുന്ന പ്രശ്നങ്ങൾ നേരിടാൻ സർക്കാർ തയ്യാറെടുക്കുകയാണ്. ഒരു കാര്യം വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. ജനങ്ങളോട് പ്രതിബദ്ധതയുള്ള ഒരു സർക്കാരാണ് ഇവിടെ അധികാരത്തിലുള്ളത്. വ്യക്തമായ ഒരു കർമ്മ പരിപാടിയുമായിട്ടാണ് സർക്കാർ അധികാരത്തിൽ വന്നിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ രണ്ടു പ്രാവശ്യമുള്ള നയപ്രഖ്യാപന രേഖയിൽ സമഗ്രമായ ഒരു കർമ്മ പരിപാടിതന്നെ ആവിഷ്കരിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥർക്ക് പ്രവർത്തന സ്വാതന്ത്ര്യം നൽകുകയും അവരെ സംരക്ഷിക്കുകയും ചെയ്യുന്നതോടൊപ്പം ജനങ്ങളോടുള്ള പ്രതിബദ്ധത ഉറപ്പാക്കുകയും ചെയ്യുന്നതാണ്. നന്നായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരെ പൂർണ്ണമായും സംരക്ഷിക്കുന്ന നിലപാടാണ് സർക്കാർ എടുത്തിട്ടുള്ളത്. ഈ സമീപനം തുടരുന്നതുമാണ്. ഉദ്യോഗസ്ഥർക്കിടയിലുള്ള വ്യത്യസ്ത അഭിപ്രായങ്ങൾ അഭിപ്രായ വ്യത്യാസങ്ങളായി വളർത്തി രാഷ്ട്രീയ മുതലെടുപ്പ് നടത്താതെ സഹകരണാത്മകമായ ഒരു അന്തരീക്ഷം ഉണ്ടാക്കാൻ സഹായിക്കുകയാണ് ഉത്തരവാദിത്വമുള്ളവർ ചെയ്യേണ്ടത്. ഇവിടെ ഒരുതരത്തിലുമുള്ള പ്രതിസന്ധിയോ ഭരണസ്തംഭനമോ ഉണ്ടായിട്ടില്ല. അടിയന്തരപ്രമേയം എന്ന രീതിയിൽ ചർച്ച ചെയ്യേണ്ട ഒരു ആവശ്യവും ഇതിൽ ഉന്നയിക്കപ്പെടുന്നില്ല.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഒരു ഐഡിയൽ സ്റ്റേറ്റിനെക്കുറിച്ചുള്ള സുന്ദരമായ സ്വപ്നങ്ങളാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ചത്. അങ്ങനെയുള്ള സ്വപ്നങ്ങൾ മനസ്സിൽ കാത്തുസൂക്ഷിക്കാനുള്ള അദ്ദേഹത്തിന്റെ അവകാശത്തെ ഞാൻ ചോദ്യം ചെയ്യുന്നില്ല. ഞാൻ ഒരു ലളിതമായ ചോദ്യം ബഹു.മുഖ്യമന്ത്രിയോട് ചോദിച്ചുകൊണ്ട് ആരംഭിക്കാം. അങ്ങയുടെ സർക്കാരിന്റെ മൂക്കിനു താഴെ തിരുവനന്തപുരത്തെ മ്യൂസിയം പോലീസ് സ്റ്റേഷനിലെ സർക്കിൾ ഇൻസ്പെക്ടർ ഒരു നോട്ടീസ് പതിപ്പിക്കുകയാണ്-'ഇന്നുമുതൽ ഈ പോലീസ് സ്റ്റേഷനിൽ കൊലപാതകക്കേസുകളും ബലാൽസംഗക്കേസുകളും എടുക്കുന്നില്ല.' എന്നു പറഞ്ഞാൽ അങ്ങ് എന്ത് ചെയ്യും? എനിക്ക് ഉറപ്പുണ്ട്; അങ്ങ് ആ ഉദ്യോഗസ്ഥനെ 24 മണിക്കൂറിനകം സസ്പെൻഡ് ചെയ്യും. അല്ലെങ്കിൽ ഇയാൾക്ക് ഗുരുതരമായ എന്തോ കുഴപ്പമുണ്ടെന്നു കരുതി സർവ്വീസിൽനിന്ന് ടെർമിനേറ്റ് ചെയ്യാനുള്ള നടപടികളാരംഭിക്കും. അങ്ങയുടെ കീഴിലുള്ള വിജിലൻസ് ഡയറക്ടറേറ്റിൽ നടന്നത് ഇതിന് സമാനമായ സംഗതിയല്ലേ? ഒരു ഹൈക്കോടതി വിധി വന്നപ്പോൾ വിജിലൻസ് ഡയറക്ടറേറ്റിൽ പ്രസിദ്ധപ്പെടുത്തിയ നോട്ടീസിൽ പറഞ്ഞിരിക്കുന്ന

'ഇനി മുതൽ ഇവിടെ വൻ അഴിമതി പരാതികളൊന്നും സ്വീകരിക്കുന്നില്ല' എന്ന്. അങ്ങ് എന്തു നടപടി സ്വീകരിച്ചു? അങ്ങ് മൂകസാക്ഷിയായിരിക്കുകയാണ്. അതുമായി ബന്ധപ്പെട്ട കേസ് എന്താണ്? 'ഇവിടെ വിജിലൻസിന്റെ ഭരണമാണോ നടക്കുന്നത്' എന്നാണ് ഹൈക്കോടതി ചോദിച്ചത്. ഒരു പ്രൊമോഷൻ കേസുമായി ബന്ധപ്പെട്ട് ഇവിടെ ഇന്നലെ ചർച്ച ചെയ്തതാണ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ എടുത്ത ക്യാബിനറ്റ് തീരുമാനത്തെ അങ്ങയുടെ ക്യാബിനറ്റ് ചോദ്യം ചെയ്തില്ല. അങ്ങയുടെ ക്യാബിനറ്റ് അത് ശരിയാണെന്ന് കണ്ടെത്തി അത് സ്ഥിരീകരിച്ചു. ആ തീരുമാനം ക്യാബിനറ്റും എടുത്തു. ക്യാബിനറ്റ് എടുത്ത തീരുമാനത്തിന് വിരുദ്ധമായി ഹൈക്കോടതിയിലും വിജിലൻസ് കോടതിയിലും.........വിജിലൻസ് എങ്ങനെ വ്യത്യസ്തമായ തീരുമാനമെടുത്തു; എങ്ങനെ വ്യത്യസ്തമായ അഭിപ്രായം പറഞ്ഞു; എന്തുകൊണ്ട് വിജിലൻസിന്റെ വക്കീലന്മാർ അങ്ങ് അദ്ധ്യക്ഷത വഹിച്ച ക്യാബിനറ്റിന്റെ തീരുമാനത്തിനെതിരായ നടപടി സ്വീകരിച്ചു? ആ രണ്ട് കോടതികളും എതിരായിട്ടുള്ള അഭിപ്രായം പ്രകടിപ്പിച്ചു. അതുകൊണ്ടല്ലേ ബഹുമാനപ്പെട്ട ഹൈക്കോടതി ചോദിച്ചത്, ' The Government will have to think very seriously and decide whether the Vigilance in Kerala should be allowed to reign over the Government" . ഈ സർക്കാരിന്റെ മീതെയുള്ള ഒരു സംവിധാനമാണോ വിജിലൻസ്? ഹൈക്കോടതി പിന്നെയും ചോദിച്ചു, "The Vigilance will have to explain what is the authority of the Vigilance to comment on or direct the Government to review the administrative decisions and actions taken by the Government. If the Vigilance is given such powers Kerala will go to Vigilance Raj." അങ്ങനെയൊരു തീരുമാനമെടുത്തു. ആ ഹൈക്കോടതി വിധിയെ own ചെയ്ത അങ്ങയുടെ ക്യാബിനറ്റിലെടുത്ത തീരുമാനത്തിനെതിരായി പരസ്യമായ നിലപാടെടുക്കുകയും അങ്ങ് own ചെയ്ത ഹൈക്കോടതി വിധിക്കെതിരെ ഹൈക്കോടതിയെ പരിഹസിച്ചുകൊണ്ട്, വിജിലൻസ് ഡയറക്ടറേറ്റിൽ ഈ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഒരു ഉദ്യോഗസ്ഥനും ധൈര്യപ്പെടാത്ത, ഒരു തീരുമാനമെടുക്കുകയും ചെയ്തിട്ടും മൂകസാക്ഷിയായി നോക്കി നിൽക്കുന്ന അങ്ങയെ എങ്ങനെയാണ് കരുത്തനായ മുഖ്യമന്ത്രി എന്ന് ഞങ്ങൾക്ക് പറയാൻ കഴിയുന്നത്? സംസ്ഥാന സെക്രട്ടേറിയറ്റിൽ ഉന്നത ഉദ്യോഗസ്ഥർ തമ്മിൽ യാതൊരു കുഴപ്പവുമില്ലെന്ന് ഇവിടെ പറഞ്ഞു. പരാതികളുടെയും കേസുകളുടെയും പ്രളയമാണ്. ആർക്കൊക്കെ എതിരെയാണ് കേസുകളുള്ളത്? സംസ്ഥാനത്തെ ചീഫ് സെക്രട്ടറിക്കെതിരായി ഒരു എ.ഡി.ജി.പി.യുടെ അന്വേഷണത്തിന്റെ ഫയൽ പൂഴ്ത്തിവച്ചു എന്നതിനെക്കുറിച്ച് പരാതി, അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീമതി നളിനി നെറ്റോയ്ക്കെതിരായി ഡി.ജി.പി. സെൻകുമാറിനെതിരായിട്ടുള്ള ഒരു ഫയർ ടാമ്പർ ചെയ്തുവെന്നതിനെക്കുറിച്ച് പരാതി, ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. കെ. എം. എബ്രഹാമിനെതിരെ വിജിലൻസ് കേസ്, മറ്റൊരു അഡീഷണൽ ചീഫ് സെക്രട്ടറി പോൾ ആന്റണിക്കെതിരെ

വിജിലൻസ് കേസ്, സീനിയർ സെക്രട്ടറിമാരായ വി.ജെ. കുര്യൻ, മാരപാണ്ഡ്യൻ, ടോം ജോസ്, പി. എച്ച്. കുര്യൻ തുടങ്ങി മുതിർന്ന എല്ലാ ഉദ്യോഗസ്ഥർക്കുമെതിരെ കേസുകൾ, പരാതികൾ. എ.ഡി.ജി.പി. ശ്രീലേഖയ്ക്കെതിരെ, എ.ഡി.ജി.പി. ശങ്കർ റെഡ്ഡിക്കെതിരെ, വിജിലൻസ് ഡയറക്ടർ ശ്രീ. ജേക്കബ് തോമസിനെതിരെ കേസ്. ആരാണ് ഈ കേസുകളെല്ലാം കൊടുക്കുന്നത്? അമ്പുകൊള്ളാത്തവർ ആരുണ്ട്; എല്ലാവരും അമ്പുകൊണ്ട് നിൽക്കുകയാണ്. ആരാണ് ഈ പരാതികൾ കൊടുക്കുന്നത്? ഈ ഉദ്യോഗസ്ഥർതന്നെ പരസ്പരം ഏജന്റുമാരെ വച്ച് പരാതികൾ കൊടുക്കുന്നു; വിജിലൻസിന് പരാതി കൊടുക്കുന്നു; നാട്ടിൽ എല്ലായിടത്തും പരാതികൾ കൊടുക്കുന്നു. ആരാണ് പായിച്ചിറ നവാസ്? അയാൾ എത്ര ഉദ്യോഗസ്ഥർക്കെതിരെ കേസ് കൊടുത്തിട്ടുണ്ട്; അയാളുടെ പശ്ചാത്തലമെന്താണ്; ആരാണ് അയാളുടെ പിറകിൽ? ഈ സംസ്ഥാനത്തെ പ്രധാനപ്പെട്ട ഓഫീസുകളിലിരിക്കുന്ന രഹസ്യ സ്വഭാവമുള്ള ഫയലുകളിലെ വിവരങ്ങൾ പോലും പായിച്ചിറ നവാസ് കൊടുക്കുന്ന പരാതിയിൽ വരുന്നു. വളരെ പ്രധാനപ്പെട്ട ഉദ്യോഗസ്ഥരുടെ അലമാരയ്ക്കകത്തിരിക്കുന്ന ഫയലുകളിലെ രഹസ്യങ്ങൾവരെ പായിച്ചിറ നവാസിന്റെ പരാതിയിൽപ്പെടുന്നു. അങ്ങയുടെ കീഴിലല്ലേ ഇന്റലിജൻസ്? അങ്ങ് ആ ഇന്റലിജൻസ് ഡി.ജി.പി.യെ വിളിച്ച് അന്വേഷിക്കൂ ആരാണ് ഈ പായിച്ചിറ നവാസ് എന്ന്. ഞങ്ങൾ ഈ കേസിലൊന്നും കക്ഷി പിടിക്കുന്നില്ല. പക്ഷെ, 5 മാസക്കാലമായി കേരളത്തിൽ ഇത് തുടരുകയാണ്. അങ്ങ് എന്തു നടപടി സ്വീകരിച്ചു? കുറ്റക്കാരാണെങ്കിൽ 42 ദിവസത്തെ ത്വരിതാന്വേഷണം നടത്തി ഈ ഉദ്യോഗസ്ഥർക്കെതിരെ എഫ്.ഐ.ആർ. ഫയൽ ചെയ്യാൻ സർക്കാരും വിജിലൻസും തയ്യാറാകണം. നിരപരാധികളാണെങ്കിൽ അവരെ ഇങ്ങനെ തേജോവധം ചെയ്യുന്ന, കളങ്കം ചാർത്തുന്ന ഏത് ഉദ്യോഗസ്ഥനാണോ അതിന്റെ പിറകിൽ കളിക്കുന്നത് അയാളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാൻ സർക്കാർ തയ്യാറാകണം. ഇത് രണ്ടും ചെയ്യുന്നില്ല. കുറ്റവാളികളെ ശിക്ഷിക്കാനുള്ള നടപടികളും സ്വീകരിക്കുന്നില്ല. ആളുകളെ കളങ്കപ്പെടുത്താനുള്ള ഗൂഢാലോചനയിൽ ഈ ഗവൺമെന്റ് ഒന്നുമില്ലാതെ മൂകസാക്ഷിയായിരിക്കുന്നു. ആ അങ്ങയെക്കുറിച്ചാണ് ഇരട്ടച്ചങ്കനായ മുഖ്യമന്ത്രിയെന്ന് പറഞ്ഞത്. എങ്കിൽ ഞങ്ങൾ പറയും 'അല്ല' എന്ന്. അങ്ങേയ്ക്ക് ഇരട്ടച്ചങ്കുണ്ടെന്ന് അങ്ങ് ഇനി തെളിയിക്കണം അങ്ങ് ഇത്തരം കാര്യങ്ങളിൽ തീരുമാനമെടുക്കാത്ത മുഖ്യമന്ത്രിയാണ്. അങ്ങ് നാളെ ചങ്കെടുത്ത് കാണിച്ചാൽ അത് ചെമ്പരത്തിപ്പൂവാണെന്ന് ഞങ്ങളെക്കൊണ്ട് പറയിപ്പിക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ വിജിലൻസ് ചെയ്യുന്ന കാര്യങ്ങളെക്കുറിച്ച് പറഞ്ഞു. പരസ്പരം പ്രശ്നങ്ങളാണ്. എന്നെ വേട്ടയാടുന്നു, ഉപദ്രവിക്കുന്നു, അപമാനിക്കുന്നു, ഭാര്യയും കുട്ടിയും മാത്രമുള്ളപ്പോൾ എന്റെ വീട്ടിൽ റെയ്ഡ് നടത്തുന്നുവെന്ന് ഓരോ ഉദ്യോഗസ്ഥരും പരാതി പറയുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിന്റെ സ്വപ്നമായ കിഫ്ബി-യിൽ വരെ റെയ്ഡ് നടന്നില്ലേ? എല്ലാവരും പരാതിപ്പെടുകയാണ്. സെക്രട്ടേറിയറ്റിന്റെ മുന്നിലൂടെ പോയാൽ

അവിടെ നിന്നും ഉയരുന്നത് ഉദ്യോഗസ്ഥരുടെ കൂട്ടക്കരച്ചിലും കൂട്ടവിലാപവുമാണ്. ദൗർഭാഗ്യകരമാണ്. ഇവിടെ വിജിലൻസ് കേസെടുക്കുന്നത് എങ്ങനെയാണ്? ഞാൻ സഭയിൽ ഉന്നയിച്ച ആരോപണത്തിനെതിരെ, മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മയ്ക്കെതിരെ ഒരു കേസ് വന്നു. ഞാൻ ബഹുമാനപ്പെട്ട മന്ത്രിക്കെതിരായിട്ടല്ല, കശുവണ്ടി വികസന കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറായ ഒരു ഐ.പി.എസ്. ഉദ്യോഗസ്ഥനെതിരെയാണ് ആരോപണം ഉന്നയിച്ചത്. അത് നിങ്ങൾ എല്ലാവരും കേട്ടതാണ്. ആ കേസ് വിജിലൻസ് exonerate ചെയ്തുവെന്ന് വാർത്തകൾ കണ്ടു, റിപ്പോർട്ട് കൊടുത്തു. ടി.എഫ്. സേവ്യർ എന്ന ഐ.പി.എസ്. കാരനായ എസ്.പി. റാങ്കിലുള്ള ഉദ്യോഗസ്ഥനെതിരെയാണ് കേസ്. ആ കേസ് അന്വേഷിച്ചത് ആരാണ്? അയാൾക്കെതിരായി കേസ് അന്വേഷിച്ചത് എസ്. പി., ശ്രീ. ആർ. സുകേശൻ. ആരാണ് ശ്രീ. ആർ. സുകേശൻ? സുകേശനും ടി.എഫ്. സേവ്യറും ആത്മമിത്രങ്ങളാണ്. അവർ ഒരുമിച്ച് എസ്.ഐ. ആയി ജോലിയിൽ പ്രവേശിച്ചു. ഒരുമിച്ച് സി.ഐ.-യും ഡിവൈ.എസ്.പി. യും എസ്. പി.-യുമായി. ആഴ്ചയിൽ മൂന്നുദിവസം ഒരുമിച്ച് കാണുന്ന ഒരുമിച്ചിരിക്കുന്ന ആത്മമിത്രങ്ങളായ സുഹൃത്തുക്കളാണ്. ആ സുകേശൻ ആണ് ഈ പറയുന്ന ടി. എഫ്. സേവ്യറിനെതിരെയുള്ള കേസ് അന്വേഷിച്ചത്. ആ റിപ്പോർട്ടൊന്ന് വായിച്ചു നോക്കണം. ചിരിച്ച് ചിരിച്ച് നമ്മൾ മണ്ണുകപ്പും. കൂട്ടിലെ തത്തയാണോ വിജിലൻസ്; അതോ കൂട്ടിൽ നിന്നും പുറത്തുവന്ന തത്തയാണോ വിജിലൻസ് എന്നാണ് പണ്ട് നമ്മൾ പറഞ്ഞത്. ഇത് രണ്ടും ഞങ്ങൾ പിൻവലിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയന്റെ വീട്ടിലെ തൊഴുത്തിൽ കെട്ടിയ പശുവാണ് വിജിലൻസ്. പശുവിന് ഒരു ഗുണമുണ്ട്. ഉടമസ്ഥനോട് പ്രത്യേകം സ്നേഹം കാണിക്കും. എപ്പോഴും പാൽ തരും. ഉടമസ്ഥൻ അടുത്ത് വന്നാൽ നക്കി തുടയ്ക്കുകയും സ്നേഹം കൊണ്ട് ഉരുമുകയും ചെയ്യും. ബാക്കിയുള്ളവർ അടുത്തുകൂടി പോയാൽ കൊമ്പുകുലുക്കി കാണിക്കും. അത്തരം ഒരു പശുവായി കേരളത്തിലെ വിജിലൻസിനെ മാറ്റാമോ? ഫയലൊക്കെ നന്നായി നീങ്ങുന്നുവെന്നും ഭയങ്കര ഭരണമാണെന്നും അങ്ങ് പറഞ്ഞു. കഴിഞ്ഞ ബഡ്ജറ്റിൽ മേജർ ഇൻഫ്രാസ്ട്രക്ചറിനുവേണ്ടി അനുവദിച്ചത് 2536 കോടി രൂപയും ചെലവാക്കിയത് 233 കോടി രൂപയുമാണ്. പ്ലാൻ എക്സ്പെൻഡിച്ചർ 44 കോടി രൂപ. അങ്ങ് വളരെ കൗശലത്തോടുകൂടി 2011 മുതലുള്ള കണക്ക് പറഞ്ഞു. അന്നത്തെ പ്ലാൻ എക്സ്പെൻഡിച്ചറും ഇന്നത്തെ പ്ലാൻ എക്സ്പെൻഡിച്ചറും എത്രയാണ്; അങ്ങയുടെ മറുപടിയിൽ ചെലവാക്കിയ ശതമാനമെങ്കിലും പറയാൻ സാധിക്കുമോ? ഞാൻ പറയുന്നു കഴിഞ്ഞ ആറ് വർഷം - യു.ഡി.എഫ്-ന്റെ അഞ്ചു വർഷവും എൽ.ഡി.എഫ്.-ന്റെ ആദ്യത്തെ പത്തുമാസവും ചെലവാക്കിയതിൽ ഏറ്റവും കുറഞ്ഞ ശതമാനം ഈ ആദ്യത്തെ വർഷമാണ്. പദ്ധതി പ്രവർത്തനങ്ങൾ വേഗത്തിലാക്കാനുള്ള ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക്കിന്റെ ഗ്രീൻ ബുക്കും ആംബർ ബുക്കുമൊക്കെ എവിടെ പോയി?

ആത്മാർത്ഥമായി ധനകാര്യ വകുപ്പുമന്ത്രി മറുപടി പറയണം. അങ്ങ് ഒരു ബഡ്ജറ്റ് അവതരിപ്പിച്ചു. രണ്ടാമത്തെ ബഡ്ജറ്റ് അവതരിപ്പിക്കാൻ പോകുന്നു. ആദ്യത്തെ ബഡ്ജറ്റിലെ നിർദ്ദേശങ്ങളോട് എല്ലാ അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റുകളും സത്യസന്ധമായിട്ടാണോ പ്രതികരിച്ചതെന്നും പദ്ധതികൾ തയ്യാറാക്കിത്തന്നതെന്നും എത്ര ശതമാനം പദ്ധതികൾ അങ്ങേയ്ക്ക് ചെയ്യാൻ കഴിഞ്ഞുവെന്നും ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പറയണം. മഹാരാജാവിന്റെ കാലത്ത് ഉണ്ടാക്കിയിരുന്ന ഓര് മുട്ട് ഇപ്പോൾ ഇല്ലാതായതിന്റെ കാര്യവും ഓര് വെള്ളം കയറി കൃഷി നശിച്ചുപോയതും റേഷൻ വിതരണം അവതാളത്തിലായതും കുടിവെള്ള വിതരണം നന്നായി നടത്താൻ സാധിക്കാത്തതുമെല്ലാം ഈ ഭരണസ്തംഭനത്തിന്റെ ഭാഗമാണ്. ഏതെങ്കിലുമൊരു ഉദ്യോഗസ്ഥൻ stakes ഉള്ള ഒരു കാര്യത്തിൽ നയപരമായൊരു തീരുമാനമെടുക്കുന്നുണ്ടോ; അവരുടെ തലയ്ക്കുമീതെ ഡെമോക്ലിസിന്റെ വാൾ പോലെ അന്വേഷണം നിൽക്കുകയാണ്. അവരാരും ഒരു തീരുമാനവും എടുക്കുന്നില്ല. അവർക്ക് ബഡ്ജറ്റ് പ്രൊപ്പോസൽസ് മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നില്ല. ക്വാളിറ്റി എക്സ്പെൻഡിച്ചർ ഇല്ല. സെക്രട്ടേറിയറ്റിലെ സ്ഥിതി എന്താണ്; ഫയലുകൾ കെട്ടിക്കിടക്കുകയാണ്. അങ്ങ് എന്തു കണക്ക് പറഞ്ഞാലും സെക്രട്ടേറിയറ്റിൽ ധാരാളമായി ഫയലുകൾ കെട്ടിക്കിടക്കുകയാണ്. അതിന്റെ മീതെയാണ് ആലോചനയില്ലാതെ, പരസ്പരമുള്ള ചർച്ചകളില്ലാതെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് കൊണ്ടുവന്നത്. അതിന്റെ ഫലമായി സെക്രട്ടേറിയറ്റിൽ കുറച്ചുനാൾ കസേരകളിൽ ആളുകൾ ഇല്ലായിരുന്നു. സെക്രട്ടറിമാർ തീരുമാനമെടുക്കുന്നില്ല. കുറച്ചുപേർ കോഫിഹൗസിന്റെ മുൻപിൽ നിൽപ്പ് സമരവും കുറച്ചുപേർ സെക്രട്ടേറിയറ്റിന്റെ വരാന്തയിൽ ഇരിപ്പു സമരവും നടത്തുന്നു. അവർ ഇപ്പോൾ കസേരയിൽ വന്നെങ്കിലും തീരുമാനങ്ങളെടുക്കുന്നില്ല. ഇപ്പോൾ ഒരു ഗുണമുണ്ട്. സെക്രട്ടേറിയറ്റിൽ ഫയൽ കാണാതെ പോകില്ല. ഇപ്പോൾ ഒരു ഫയൽ കൊണ്ടുപോയി വച്ചാൽ മൂന്നു മാസം കഴിഞ്ഞാലും അതേ ടേബിളിൽത്തന്നെ ഉണ്ടാകും. എം.എൽ.എ. മാരുടെ അസറ്റ് ഡെവലപ്മെന്റ് പദ്ധതിയെക്കുറിച്ചുള്ള ഫയലുകൾ നീങ്ങുന്നുണ്ടോ; അന്വേഷിക്കണം. അങ്ങ് പെൻഷൻ വിതരണം നടത്തിയതിനെക്കുറിച്ച് പറഞ്ഞു. ഒറ്റപ്രാവശ്യം. പിന്നെ പെൻഷൻ വിതരണം നടത്താൻ സാധിച്ചോ; രണ്ടാമത്തെ പെൻഷൻ കണക്കുകൂട്ടിയപ്പോൾ തന്നെ അഞ്ചര ലക്ഷം പേർക്ക് പെൻഷനില്ലാതെയായി. ഒരു തീരുമാനവും എടുക്കാൻ കഴിയാത്ത സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ പോകുകയാണ്. ഇവിടെ ഭരണസ്തംഭനം പൂർണ്ണമായിട്ടുണ്ട്. പ്രധാന പദ്ധതികൾ നടപ്പിലാക്കാനോ, തീരുമാനങ്ങളെടുക്കാനോ, ഇടപെടാനോ, മന്ത്രിസഭ എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കാൻ ഉദ്യോഗസ്ഥർക്ക് ആത്മവിശ്വാസം പകർന്നു നൽകാനോ ഈ ഗവൺമെന്റിന് കഴിയുന്നില്ല. ആത്മവിശ്വാസം കെട്ട നിലയിലാണ് ഉദ്യോഗസ്ഥർ നിൽക്കുന്നത്. എപ്പോഴാണ് വീട്ടിൽ റെയ്ഡ് നടക്കുന്നതെന്നും അവർക്കെതിരെ കേസ് ഉണ്ടാകുന്നതെന്നും പ്രോസിക്യൂട്ട് ചെയ്യപ്പെടുന്നതെന്നും കരുതി ഭയന്നു

നിൽക്കുകയാണ്. നിരപരാധിയായ ഒരു ഉദ്യോഗസ്ഥനെതിരെ കേസ് ഉണ്ടായാൽ അയാളുടെ കൈകൾ ചലനമറ്റു പോകുകയില്ല; അയാൾക്ക് പ്രവർത്തിക്കാൻ കഴിയുമോ; അയാളുടെ മനസ് ചത്തുപോകുകയില്ലേ; ഇതിനെല്ലാമൊരു നിയന്ത്രണം വേണ്ടേ? ഞങ്ങളുടെ കാലത്തും അഴിമതിക്കാരായ ഉദ്യോഗസ്ഥർക്കെതിരെ തീരുമാനങ്ങളും റെയ്ഡുകളും നടത്തിയിട്ടുണ്ട്. അഭിപ്രായങ്ങൾ ഉണ്ടാക്കിയിട്ടുമുണ്ട്. കഴിഞ്ഞകാലത്ത് ഐ.എ.എസ്. ഉദ്യോഗസ്ഥർ തമ്മിൽ തർക്കം നടന്നിട്ടുണ്ട്. അവരുടെ അസോസിയേഷന്റെ യോഗത്തിൽ അവർ ചിലപ്പോൾ കസേരയെടുത്തു കാണും. അതിൽ നമുക്കെന്താണ്? ഗവൺമെന്റിനെ ബാധിക്കുന്ന തീരുമാനങ്ങൾ വന്നപ്പോഴെല്ലാം ഇതിനുമുൻപുണ്ടായിരുന്ന മുഖ്യമന്ത്രിമാർ എല്ലാവരും, ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. വി. എസ്. അച്യുതാനന്ദനും ഇ. കെ. നായനാരും ശ്രീ. എ. കെ. ആന്റണിയും കെ. കരുണാകരനും അടക്കമുള്ള മുഖ്യമന്ത്രിമാർ 24 മണിക്കൂറുകൾക്കകം അതിനെ നിലയ്ക്ക് നിർത്തിയിട്ടുണ്ട്. അത് അവസാനിപ്പിച്ചിട്ടുമുണ്ട്. അത് precipitate ചെയ്യാൻ സമ്മതിച്ചിട്ടില്ല. അഞ്ചുമാസമായി, അങ്ങയുടെ ഗവൺമെന്റിന്റെ കീഴിലുള്ള മുതിർന്ന ഉദ്യോഗസ്ഥന്റെ പരാതിയില്ലാത്ത ഒരു ദിവസം പോലും ഉണ്ടായിട്ടുണ്ടോ; ഒരാൾക്കെങ്കിലുമെതിരെയുള്ള കേസ് ഇല്ലാതായിട്ടുണ്ടോ? ഉദ്യോഗസ്ഥർ തമ്മിലടിക്കുകയും പരസ്പരം ആരോപണമുന്നയിക്കുകയും ചെയ്യുന്നതിന്റെ വാർത്തയില്ലാത്ത ഒരു ദിവസം ഉണ്ടായിട്ടുണ്ടോ?

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. വി. ഡി. സതീശൻ: ഞാൻ അവസാനിപ്പിക്കുകയാണ്. ഉദ്യോഗസ്ഥൻമാരോട്, നിങ്ങൾ ശ്രദ്ധിക്കണം, ഓരോ ഫയലിലും ഓരോ ജീവിതമാണ് ഉറങ്ങുന്നതെന്ന് അങ്ങ് പറഞ്ഞു. ഓരോ ഫയലിലും ഓരോ ജീവിതമാണ് ഉറങ്ങുന്നതെങ്കിൽ കേരളത്തിൽ ഏറ്റവും കൂടുതൽ ആളുകൾ ഒരുമിച്ച് കിടന്നുറങ്ങുന്ന സ്ഥലം ഇപ്പോൾ അങ്ങ് ഭരിക്കുന്ന സെക്രട്ടേറിയറ്റാണെന്ന് പറഞ്ഞുകൊണ്ട് ഗൗരവതരമായ ഈ ഭരണസ്തംഭനം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

10.00 AM]

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സംസ്ഥാന ഗവൺമെന്റിനെതിരെ ബോധപൂർവ്വം കെട്ടിച്ചമച്ച കാര്യങ്ങൾ അവതരിപ്പിക്കാനുള്ള വ്യഗ്രതയോടെ ബഹുമാന്യനായ അംഗം ഉന്നയിച്ച കാര്യങ്ങളാണ് ഇപ്പോൾ നാം കേട്ടത്. വിജിലൻസ് ആസ്ഥാനത്ത് ഒരു നോട്ടീസ് പതിച്ചുവെന്ന് ഉത്തരവാദപ്പെട്ട മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. അതുമായി ബന്ധപ്പെട്ട് അത്തരം ഒരു വാർത്ത ശ്രദ്ധയിൽപ്പെട്ടയുടൻതന്നെ അന്വേഷിക്കാൻ നിർദ്ദേശിച്ചിരുന്നു. സാധാരണ ഇത്തരം വാർത്തകളോടൊപ്പം നോട്ടീസിന്റെ ചിത്രവും വരുന്നതാണ്. എന്നാൽ ഈ നോട്ടീസ് ആരും റീപ്രൊഡ്യൂസ് ചെയ്തിട്ടില്ല. അക്കാര്യം പരിശോധിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ഹൈക്കോടതിയുടെ നിർദ്ദേശത്തെപ്പറ്റി ഇന്നലെ ഞാൻ ഇവിടെ സംസാരിച്ചതാണ്. അതിലേയ്ക്ക് കൂടുതലായി കടക്കുന്നില്ല. എന്നാൽ മോഹൻ കുമാർ സമിതി ശിപാർശകളെ സംബന്ധിച്ച് പരിശോധിക്കണമെന്ന് എന്നെ ഓർമ്മിപ്പിക്കുന്ന തരത്തിൽ ഇന്ന് ഒരു പത്രവാർത്ത വായിക്കാനിടയായി. മോഹൻ കുമാർ സമിതി ശിപാർശകൾ എന്താണെന്ന് എന്റെ ശ്രദ്ധയിലുണ്ടായിരുന്നില്ല. ഇന്ന് രാവിലെ ഞാൻ അത് പരിശോധിച്ചപ്പോൾ മനസ്സിലാകുന്നത്, വിജിലൻസുമായി ബന്ധപ്പെട്ട് ചില നടപടികൾ സ്വീകരിക്കുന്നതിനായി 2013 ജൂലൈ മാസത്തിലാണ് ആ റിപ്പോർട്ട് നൽകിയത് എന്നാണ്. എന്നാൽ പഴയ സർക്കാർ അക്കാര്യത്തിൽ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. 2013-ൽ റിപ്പോർട്ട് ലഭിച്ചിരുന്നു, വേണ്ടത്ര സമയവുമുണ്ടായിരുന്നു. ഒരു നടപടിയും അക്കാര്യത്തിൽ സ്വീകരിച്ചിട്ടില്ല. ഇവിടെ ഇന്റേണൽ വിജിലൻസ് സംവിധാനം ശക്തിപ്പെടുത്താനുള്ള നടപടി തന്നെയാണ് ഈ സർക്കാർ സ്വീകരിക്കുന്നത്. അതോടൊപ്പം വിജിലൻസിൽ കൂടുതൽ ഉദ്യോഗസ്ഥരെ ലഭ്യമാക്കാനും നടപടി സ്വീകരിച്ചു വരുന്നു. മോഹൻ കുമാർ സമിതി ശിപാർശകൾ പരിശോധിക്കുമ്പോൾ ലളിത കുമാരി കേസ്സിലെ വിധിന്യായം കണക്കിലെടുക്കേണ്ടതുണ്ട്. ആ വിധിന്യായത്തിന്റെ പശ്ചാത്തലത്തിൽ ചില ശിപാർശകൾ നടപ്പിലാക്കാൻ പരിമിതികളുണ്ടെന്നാണ് മനസ്സിലാക്കുന്നത്. യഥാർത്ഥത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മറ്റൊരു സംഭവമുണ്ടായി, ഇപ്പോൾ ഹൈക്കോടതി പരാമർശിച്ചതുപോലെ, ഹൈക്കോടതി ഇടപെട്ട ഒരു ഘട്ടമുണ്ടായി. അന്ന് വിജിലൻസ് മാർഗ്ഗരേഖ തയ്യാറാക്കാൻ ഹൈക്കോടതിയുടെ വിധിന്യായം തന്നെയുണ്ടായി. ജസ്റ്റിസ് അലക്സാണ്ടർ തോമസിന്റെ വിധിയായിരുന്നു അത്. അതുപ്രകാരം രണ്ട് മുതിർന്ന അഭിഭാഷകരെ അമിക്കസ്ക്യൂറിയായി നിയോഗിക്കുകയും ചെയ്തു. എന്താണ് അന്നത്തെ സർക്കാർ ചെയ്തത്? അന്നത്തെ അഡ്വക്കേറ്റ് ജനറൽ ഡിവിഷൻ ബഞ്ചിനെ സമീപിച്ച് ഇത് സ്റ്റേ ചെയ്യിക്കുകയാണുണ്ടായത്. ഇപ്പോൾ ഹൈക്കോടതി വിധി വന്നിട്ടുണ്ട്. ആ വിധി സർക്കാരിന് ഒരു വിധത്തിലുള്ള അസ്വാരസ്യവുമുണ്ടാക്കുന്നില്ല. സർക്കാർ അത് സ്വാഗതം ചെയ്യുകയാണ്. ഇന്നലെ ഞാൻ അക്കാര്യം വ്യക്തമാക്കിയതുകൊണ്ടാണ് കൂടുതലായി അതിലേയ്ക്ക് കടക്കാത്തത്. സർക്കാർ കൂടുതൽ വ്യക്തത വരുത്തി നടപ്പാക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. ആ വ്യക്തത വരുത്തേണ്ടത് എങ്ങനെയെന്ന കാര്യവും ഇന്നലെ ഞാൻ സംസാരിച്ചിട്ടുണ്ട്. ഹൈക്കോടതിതന്നെ അക്കാര്യത്തിൽ കൂടുതൽ വ്യക്തത വരുത്തേണ്ടതുണ്ട്. കാരണം ഒരു ഭാഗത്ത് കോടതിയാണ്. അതുകൊണ്ടുകൂടിയാണ് അത്തരമൊരു നിലപാട് സർക്കാർ സ്വീകരിച്ചത്.

ഇവിടെ കേസ്സുകളുമായി ബന്ധപ്പെട്ട് ഒട്ടേറെ വിഭിന്ന അഭിപ്രായങ്ങൾ ഉയർന്നിട്ടുണ്ട്. അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം കേസ്സിന്റെ കാര്യത്തിൽ ഒരു നിലപാടെടുക്കാൻ കഴിയില്ല. കോടതിയുണ്ട്, കോടതിയുടെ ഇടപെടലും വരുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് വ്യക്തമായ മാനദണ്ഡങ്ങൾ വേണം. നമുക്ക് ഒരു

ഉദ്യോഗസ്ഥൻ ന്യായസ്ഥനാണെന്ന് അറിയാം. ഈ സഭയിൽ ചില പരാതികൾ ഉയർന്നുവന്നപ്പോൾ ഈ സഭയിൽവച്ചുതന്നെ ചില ഉദ്യോഗസ്ഥരെ ഡിഫന്റ് ചെയ്യുന്ന നിലപാട് ഞാൻ സ്വീകരിച്ചല്ലോ; എന്താണ് അതിന് കാരണം? അതുവരെയുള്ള നമ്മുടെ അനുഭവത്തിൽ അദ്ദേഹം നല്ലൊരു ഉദ്യോഗസ്ഥനാണെന്നതുകൊണ്ടാണ്, പക്ഷേ അങ്ങനെയൊരു ഉദ്യോഗസ്ഥനെതിരെ ആരോപണം ഉയർന്നാൽ എന്തുചെയ്യും; അന്വേഷിക്കാതിരിക്കാൻ സാധിക്കുമോ; അന്വേഷിക്കേണ്ടതില്ല എന്നൊരു നിലപാട് ഗവൺമെന്റിന് സ്വീകരിക്കാൻ പറ്റുമോ; അങ്ങനെ സ്വീകരിച്ചാൽ ഇന്നത്തെ നിലയിൽ കോടതിയുടെ ഇടപെടൽ എങ്ങനെയായിരിക്കും? ഇതാണ് പ്രശ്നം. ഈ പ്രശ്നത്തിലാണ് വ്യക്തത വരുത്തേണ്ടത്. ഇവിടെ പരാതി കൊടുക്കുന്നവരെക്കുറിച്ച് അദ്ദേഹം പറയുകയുണ്ടായി. അത് ഇന്നലെ ഞാനും സംസാരിച്ച കാര്യമാണ്. ചിലർ പരാതി കൊടുക്കാൻവേണ്ടി മാത്രം ജനിച്ചവരാണെന്ന മട്ടിലാണ് നിൽക്കുന്നത്. എന്താണ് അവരുടെ കാര്യമെന്ന് പ്രത്യേകമായി പരിശോധിക്കേണ്ടിയിരിക്കുന്നു. പക്ഷേ ജനാധിപത്യ സംവിധാനത്തിൽ പരാതി കൊടുക്കാൻ പാടില്ലെന്ന് പറയാൻ സാധിക്കുമോ; പരാതി കൊടുക്കുന്നത് ഒരു കുറ്റമായി കാണാൻ കഴിയില്ല.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഇതിന്റെ പുറകിൽ ആരാണെന്ന് അന്വേഷിക്കണം?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, സാധാരണ നിലയിൽ ഒരാൾ പരാതി കൊടുത്താൽ, സർക്കാരെന്ന നിലയിൽ അതിനെതിരെ നീങ്ങിയാൽ അത് തെറ്റായ നടപടികളിലേയ്ക്കെത്തുന്നതിന് കാരണമാകും. അതിനൊക്കെ കോടതിയിലൂടെ പരിഹാരം കാണണം. സർക്കാർ ഏകപക്ഷീയമായി നടപടിയെടുത്താൽ എനിക്ക് ഇഷ്ടമുള്ള ഒരാൾക്കെതിരെ പരാതികൊടുത്തതിന്, പരാതികൊടുത്ത ആളിനെതിരെ സർക്കാർ നീങ്ങുന്നുവെന്നല്ലേ വരുന്നത്; അത് എത്രമാത്രം വലിയ വ്യാഖ്യാനങ്ങൾക്കും എതിർപ്പുകൾക്കും ഇടയാക്കും? നമ്മുടെ ജനാധിപത്യ സംവിധാനത്തിൽ അതുണ്ടാക്കുന്ന പ്രശ്നങ്ങൾ എത്ര വലുതായിരിക്കും. അതുമായി ബന്ധപ്പെട്ട് കൃത്യമായ മാനദണ്ഡങ്ങൾ ഉണ്ടാക്കാൻ നമുക്ക് കഴിയേണ്ടതുണ്ട്.

സെക്രട്ടേറിയറ്റിനകത്ത് വല്ലാത്ത പ്രശ്നങ്ങളാണെന്നാണ് അദ്ദേഹം ഇവിടെ പറഞ്ഞത്. ഇതുമായി ബന്ധപ്പെട്ട്, മുമ്പ് ഈ സഭയിലുണ്ടായ ഒരു കാര്യം സൂചിപ്പിക്കാനാഗ്രഹിക്കുകയാണ്, അന്നത്തെ ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞിട്ടുള്ള കാര്യമാണ്. അന്ന് ഇതേതരത്തിൽ ഭരണസ്തംഭനമുണ്ടായ ഒരു പ്രശ്നം, 'ഐ.എ.എസ്. ഉദ്യോഗസ്ഥർക്കിടയിൽ ചേരിതിരിവ് അതിരൂക്ഷമാവുകയും ഭരണസ്തംഭനം സൃഷ്ടിക്കുകയും ചെയ്തിരിക്കുന്നുവെന്ന് അന്നത്തെ പ്രതിപക്ഷം ഉന്നയിച്ചപ്പോൾ 'ഒരു ഭരണസ്തംഭനവും സൃഷ്ടിച്ചിട്ടില്ല' എന്ന് അന്നത്തെ മുഖ്യമന്ത്രി പറഞ്ഞു. 'ചീഫ് സെക്രട്ടറിക്കെതിരെ കൊടുത്തതായി പറയുന്ന പരാതി സംബന്ധിച്ച് പത്രങ്ങളിൽ വന്ന വാർത്ത,

പത്രങ്ങളിൽ അതെങ്ങനെ വന്നുവെന്നതിനെക്കുറിച്ച് അന്വേഷിക്കാൻ, സ്വാഭാവികമായും അത് കോഡ് ഓഫ് കൺഡക്ടിന്റെ ലംഘനമായിട്ടാണ് കണക്കാക്കിയിട്ടുള്ളത്.' ഇത് അന്ന് ശ്രീ. മാത്യു. ടി. തോമസ് അവതരിപ്പിച്ച അടിയന്തരപ്രമേയത്തിനുള്ള മറുപടിയായി ചൂണ്ടിക്കാണിക്കുന്ന കാര്യമാണ്. അതിന് മുഖ്യമന്ത്രി ഒരു കാര്യം അടിവരയിട്ട് പറയുന്നു. 'ചെറിയ ചില അഭിപ്രായവ്യത്യാസങ്ങളുടെയും ചില സമീപനങ്ങളിലെ വീഴ്ചകളെ സംബന്ധിച്ചുമൊക്കെ അകൽച്ചയുണ്ടായി എന്നത് ശരിയാണ്- ഐ.എ.എസ്. ഉദ്യോഗസ്ഥരെക്കുറിച്ച് പറയുന്ന ഭാഗമാണ്. എന്നിട്ട് അദ്ദേഹം പറയുന്നത്, 'ഐ.എ.എസ്. അസോസിയേഷൻ എല്ലാകാലത്തും അവർക്ക് ബുദ്ധിമുട്ട് വരുന്ന കാര്യങ്ങളിൽ പരാതി കൊടുത്തിട്ടുണ്ട്. അത് എല്ലാ ഗവൺമെന്റുകളുടെ കാര്യത്തിലും കൊടുത്തിട്ടുണ്ട്. ഇന്നും കിട്ടിയിട്ടുണ്ട്. കിട്ടിയാൽ ഞങ്ങൾ ഏതാണ് ശരിയെന്ന് നോക്കി കാര്യമായിത്തന്നെ പരിഗണിക്കും.' രാജു നാരായണ സ്വാമിയുടെ കാര്യവുമായി ബന്ധപ്പെട്ടാണ് അന്ന് വാർത്ത വരുന്നത്. 'റിപ്പോർട്ടിംഗ് അതോറിറ്റിയും റിവ്യൂവിംഗ് അതോറിറ്റിയും എഴുതിയതിനപ്പുറത്ത് ചീഫ് മിനിസ്റ്റർ തിരുത്തി എന്നുള്ള കാര്യം അങ്ങ് അംഗീകരിച്ചല്ലോ?' എന്നിട്ട് പറയുകയാണ്. 'പ്രൊസീഡ്യുവറായ തെറ്റ് തിരുത്തിയേ മതിയാകൂ. ഇവിടെ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് സ്വാതന്ത്ര്യവും പ്രൊട്ടക്ഷനുമുണ്ടാകും. യാതൊരു സംശയവും വേണ്ട. ഇവിടെ അങ്ങ് പറഞ്ഞ കാര്യങ്ങളെല്ലാം മാധ്യമങ്ങളിൽ വന്നിട്ടുള്ള വാർത്തകളെ അടിസ്ഥാനമാക്കിയാണ്. ഇങ്ങനെയുള്ള ഒരു പ്രശ്നവുമില്ല. ഇവിടെ ഒരു ഭരണ സ്തംഭനവുമില്ല.' ഇത് അന്ന് മുഖ്യമന്ത്രി പറഞ്ഞ കാര്യമാണ്. അത് അന്ന് പത്രങ്ങളിൽ വന്ന വാർത്തകളെ അടിസ്ഥാനപ്പെടുത്തി ഇവിടെ ഉയർന്നുവന്ന കാര്യങ്ങളിൽ പറഞ്ഞ മറുപടിയാണ്. എല്ലാ കാലത്തും ഐ.എ.എസ്.- കാരുടെ ഇടയിൽ ചില പ്രശ്നങ്ങളുണ്ടാകുമ്പോൾ സ്വാഭാവികമായി അങ്ങനെ വാർത്തകൾ വരാറുണ്ട്. എന്നാൽ ഇന്നത്തെ സ്ഥിതിയെന്താണ്; അത്തരത്തിലൊരു പ്രശ്നവും ഐ.എ.എസ്.-കാർ തമ്മിലില്ല. ഏതെങ്കിലും തരത്തിലുള്ള ഒരു വ്യത്യസ്തതയും അവർ തമ്മിൽ നിലനിൽക്കുന്നില്ല. ചീഫ് സെക്രട്ടറിക്കെതിരെ ഒരു കൂട്ടം ഉദ്യോഗസ്ഥർ, ഇല്ലെങ്കിൽ മറ്റൊരു കൂട്ടർക്കെതിരെ മറ്റൊരു കൂട്ടം ഉദ്യോഗസ്ഥർ, അങ്ങനെയൊരു നില ഇന്ന് നിലനിൽക്കുന്നേയില്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സിവിൽ സർവ്വീസിലെ പ്രശ്നങ്ങളും അപര്യാപ്തതകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്പോൾ രൂപീകരിച്ചിട്ടുള്ള ഭരണപരിഷ്കാര കമ്മീഷൻ സമഗ്രമായി പരിശോധന നടത്തി അതുമായി ബന്ധപ്പെട്ട് പരിഹാര നിർദ്ദേശങ്ങൾ സമർപ്പിക്കുകതന്നെ ചെയ്യും. വിജിലൻസിനെ നിയന്ത്രിക്കാൻ മുഖ്യമന്ത്രി ശ്രമിക്കുന്നു എന്ന തരത്തിൽ അദ്ദേഹം ഇവിടെ പരാമർശിച്ചു. അത് ഇതുവരെ ആരും ഉന്നയിക്കാത്ത ഒരു പ്രശ്നമാണ്. ഇവിടെ സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള അവകാശം വിജിലൻസിന് നൽകിയിട്ടുണ്ട്. ആ പ്രവർത്തനത്തിൽ എന്തെല്ലാം മാനദണ്ഡങ്ങൾ കൊണ്ടുവരണമെന്ന് പരിശോധിക്കണമെന്നാണ് കോടതിയും നിർദ്ദേശിച്ചത്. അതിനനുസൃതമായ ചില നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്.

പദ്ധതി ചെലവിന്റെ കാര്യം അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ചു, നേരത്തെ ഞാൻ പറഞ്ഞ കാര്യം ഒന്നുകൂടി ആവർത്തിക്കേണ്ടതായിട്ടില്ല. 60 കോടി രൂപയുടെ ചെലവുണ്ടായിട്ടുണ്ട്. ശതമാനത്തിലും കുറവ് സ്വാഭാവികമായിട്ടുണ്ട്. അത് രണ്ട് കാരണങ്ങളാലാണ്. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഘട്ടത്തിലും നോട്ട് നിരോധനത്തിന്റെ ഭാഗമായും ചെലവിൽ കുറവ് വന്നു. എന്നാൽ ആ കുറവുകളെല്ലാമുണ്ടായിട്ടും ഈ പറയുന്ന കുറവുകൾ മാത്രമേ ഉണ്ടായുള്ളൂ. അതാണ് നാം മനസ്സിലാക്കേണ്ടത്.

ഇവിടെ കെ.എ.എസ്.-നെ പറ്റി പറഞ്ഞു, അത് നല്ല രീതിയിൽ നടപ്പാക്കാൻ നമുക്ക് കഴിയുന്നൊരു കാര്യമാണ്. ഒരു ആശങ്കയും അക്കാര്യത്തിൽ ഉണ്ടാകേണ്ടതില്ല. രണ്ടാം നിരയായി പ്രവർത്തിക്കുന്നതിന് പ്രൊഫഷണലുകളുടെ അഭാവവും ഫീൽഡിലെ പരിചയക്കുറവും വലിയ തോതിൽ പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്. അവ നടപ്പാക്കുന്നതിനും വരുന്ന പോരായ്മകൾ പരിഹരിക്കുന്നതിനും പുതിയ തലമുറയുടെ സേവനം പ്രയോജനപ്പെടുത്താനാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. സർവ്വീസിൽ പ്രവേശിക്കുന്നതിനുമുമ്പ് അവർക്ക് ആവശ്യമായ പരിശീലനവും പ്രായോഗിക പരിജ്ഞാനവും ലഭ്യമാക്കും. അത്തരമൊരു രീതിയാണ് പ്രധാനമായും ആവിഷ്കരിക്കുക. ഇവിടെ ഒരു തരത്തിലുള്ള ഭയവും നമ്മുടെ ഉദ്യോഗസ്ഥരിൽ നിലനിൽക്കുന്നില്ല. അത്തരത്തിലുള്ള ഉദ്യോഗസ്ഥരെയാകെ സംരക്ഷിക്കുന്ന നിലപാട് തന്നെയാണ് സർക്കാർ സ്വീകരിച്ചുപോരുന്നത്. അനാവശ്യമായ ഒരു അന്തരീഷം സൃഷ്ടിക്കാൻ നമ്മൾ ശ്രമിക്കേണ്ടതില്ല എന്നാണ് അതുസംബന്ധിച്ച് എനിക്ക് പറയാനുള്ളത്. അതുകൊണ്ടുതന്നെ ഇക്കാര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരാവശ്യവും വരുന്നില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ബഹുമാന്യനായ മുഖ്യമന്ത്രിയുടെ വിശദീകരണത്തിൽ നിന്നുതന്നെ ഭരണം ഒച്ചിന്റെ വേഗതയിലാണ് നീങ്ങുന്നതെന്ന് വളരെ വ്യക്തമായിരിക്കുകയാണ്. പദ്ധതി പ്രവർത്തനം അവതാളത്തിലായിരിക്കുന്നു എന്ന് അദ്ദേഹം തന്നെ സമ്മതിച്ചിരിക്കുന്നു. പദ്ധതി പ്രവർത്തനം വേഗതയിൽ നീങ്ങുന്നില്ല, ഭരണകാര്യങ്ങളിൽ വേഗത പോര, ഭരണപരിഷ്കാര കമ്മീഷനോട് അത് നിർദ്ദേശിക്കാൻ പറഞ്ഞിട്ടുണ്ട്. ഭരണപരിഷ്കാര കമ്മീഷന്റെ സ്ഥിതി ഞാൻ പറയാതെ എല്ലാവർക്കും അറിയാവുന്ന കാര്യമാണല്ലോ; ഇവിടെ ഭരണത്തിന് വേഗത പോരാ എന്ന് മുഖ്യമന്ത്രി തന്നെ സമ്മതിച്ച സാഹചര്യത്തിൽ ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച അടിയന്തരപ്രമേയത്തിന് വളരെ പ്രസക്തിയുണ്ട്. ഇപ്പോൾ കേരളത്തിലെ സിവിൽ സർവ്വീസിന്റെ അവസ്ഥ

ചരിത്രത്തിലെ ഒരു കറുത്ത അദ്ധ്യായമാണ്. ഇ.എം.എസ്. മുതൽ ശ്രീ. ഉമ്മൻ ചാണ്ടി വരെ മുഖ്യമന്ത്രിമാരായിരുന്ന ഏതെങ്കിലുമൊരു കാലഘട്ടത്തിൽ ഐ.എ.എസ്. ഉദ്യോഗസ്ഥർ പരസ്യമായി സെക്രട്ടറിയേറ്റിനുള്ളിൽ യോഗം ചേർന്ന് കൂട്ട അവധി എടുക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ടോ; മുഖ്യമന്ത്രിയെ കണ്ട് പരാതി പറഞ്ഞ ചീഫ് സെക്രട്ടറിക്ക് ശകാരം കേൾക്കേണ്ടി വന്നിട്ടുണ്ടോ; രാജി വയ്ക്കുമെന്നുള്ള ഭീഷണി ചീഫ് സെക്രട്ടറി മുഴക്കിയ കാലഘട്ടമുണ്ടായിട്ടുണ്ടോ; ഇവിടെ ഉന്നത ഉദ്യോഗസ്ഥർ തമ്മിലുള്ള ശീതസമരത്തെപ്പറ്റി പറഞ്ഞു. ഞങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് ശ്രീ. മാത്യു ടി. തോമസ് ഒരു അടിയന്തരപ്രമേയം അവതരിപ്പിച്ചതിനെപ്പറ്റി അങ്ങ് പറഞ്ഞു. ശ്രീ. രാജു നാരായണസ്വാമിയുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സി.എം. റിവ്യൂ ചെയ്ത കേസ്സാണത്. മുഖ്യമന്ത്രി അതാണ് പറഞ്ഞത്. അതും ഈ വിഷയവുമായി യാതൊരു ബന്ധവുമില്ല. യു.ഡി.എഫ്. ഗവൺമെന്റിന്റെ അഞ്ചുവർഷത്തിനിടയിൽ ഇത്തരമൊരു പ്രതിസന്ധിയുണ്ടായിട്ടില്ല. ഉദ്യോഗസ്ഥർ ഇന്ന് തീരുമാനമെടുക്കുന്നില്ല. ഫയലുകളിൽ എഴുതാൻ അവർക്ക് മടിയാണ്. അവർ എല്ലാ ഫയലുകളും ഒന്നുകിൽ മുഖ്യമന്ത്രിക്ക് അയയ്ക്കും അല്ലെങ്കിൽ ചീഫ് സെക്രട്ടറിക്ക് അയയ്ക്കും. ഒരുദ്യോഗസ്ഥനും ഇന്ന് തീരുമാനമെടുക്കാൻ മുന്നോട്ടുവരുന്നില്ല. ഉദ്യോഗസ്ഥർ തമ്മിലുള്ള അഭിപ്രായ വ്യത്യാസങ്ങളൊക്കെ ഒരു ഭരണത്തിൽ സ്വാഭാവികമാണ്. അങ്ങനെയുണ്ടാകുന്ന പ്രശ്നങ്ങൾ ഗൗരവമായി പരിഗണിച്ച് അതേസമയം തന്നെ പരിഹരിക്കാനുള്ള ഇച്ഛാശക്തി മുഖ്യമന്ത്രി കാട്ടിയില്ല എന്നുള്ളതാണ് ഇവിടത്തെ പരാതി. 5 മാസമായി ഈ പ്രശ്നം നിലനിന്നിട്ടും മുഖ്യമന്ത്രി പരാതികൾ വാങ്ങി കീശയിലിട്ടതല്ലാതെ ഇതിനൊരു പരിഹാരം കാണാൻ ശ്രമിച്ചില്ല. പ്രശ്നങ്ങൾ കൂടുതൽ അഗ്രിവേറ്റ് ചെയ്തത് അതുകൊണ്ടാണ് എന്നത് നിസ്തർക്കമായ കാര്യമാണ്. സിവിൽ സർവ്വീസിലും ഭരണത്തിലുമുണ്ടാകുന്ന അഭിപ്രായവ്യത്യാസങ്ങൾ സ്വാഭാവികമാണ്. അത്തരം പ്രശ്നങ്ങളിൽ ജാഗരൂകമായ ഇടപെടൽ മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടായില്ല എന്നുള്ള പരാതിയാണ് ഞങ്ങൾക്കിവിടെ ചൂണ്ടിക്കാണിക്കാനുള്ളത്. ഇതൊക്കെ പോകട്ടെ. പാവപ്പെട്ട പോലീസുകാർക്ക് റിപ്പബ്ലിക് ദിനത്തിൽ ഒരു മെഡൽ കൊടുക്കാൻ കഴിയാത്ത ഗവൺമെന്റാണിത്. ഒരു കോൺസ്റ്റബിളിന് ജീവിതത്തിൽ കിട്ടുന്ന ഏറ്റവും വലിയ അംഗീകാരമാണ് രാഷ്ട്രപതിയുടെ ഒരു മെഡൽ. പിണറായി സർക്കാരിന് എന്തുപറ്റി; ആ പാവങ്ങൾക്ക് ഒരു മെഡൽ കൊടുക്കാൻപോലും കഴിഞ്ഞില്ല; ഇതാണോ ഭരണത്തിന്റെ നേട്ടം; ചരിത്രത്തിൽ ആദ്യത്തെ സംഭവമല്ലേ ഇത്? ഇവിടെ ചാവേറുകളെ ഇറക്കിയുള്ള യുദ്ധമാണ് നടക്കുന്നത്. ശിഖണ്ഡികളെ മുൻനിർത്തിയുള്ള* യുദ്ധമാണ് ഉദ്യോഗസ്ഥർ തമ്മിൽ നടക്കുന്നത്. ബഹുമാന്യനായ മുഖ്യമന്ത്രി ഒന്ന് ഓർക്കണം, വിജിലൻസ് ഡയറക്ടർ ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം സഭാരേഖയിൽ നിലനിർത്തി. (ഫയൽ നമ്പർ 940/ഇ.ബി/2017/നി,.സെ. 3-3-2017)

വീട് റെയ്ഡ് ചെയ്തതുമുതൽ ആരംഭിച്ചതാണ് പ്രശ്നങ്ങൾ. ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ വീട് അദ്ദേഹം ഇല്ലാത്ത സമയത്ത് എന്തിനാണ് റെയ്ഡ് ചെയ്തത്; അതുമാത്രമല്ല, അതിനെത്തുടർന്ന് വിജിലൻസ് ഡയറക്ടർക്ക് നേരെ ധനകാര്യ ഇൻസ്പെക്ഷൻ വിംഗിന്റെ പരിശോധന, അവർ തമ്മിലുള്ള ശീതസമരം, ടോം ജോസിനെതിരെയുള്ള അന്വേഷണം, പോൾ ആന്റണിക്കെതിരെയുള്ള അന്വേഷണം, വിജിലൻസ് ഡയറക്ടർക്കെതിരെ വേറെ നടപടികൾ, ഇതാണ് ഇവിടത്തെ പ്രശ്നം. ധനകാര്യ ഇൻസ്പെക്ഷൻ വിംഗിനെ ഉപയോഗിച്ച് ഡയറക്ടർക്കെതിരെയുള്ള അന്വേഷണം, അതിനെത്തുടർന്ന് ഡയറക്ടർ നിരവധി ഉദ്യോഗസ്ഥർക്കെതിരെയുള്ള അന്വേഷണം നടത്തുന്ന അസാധാരണമായ സാഹചര്യം സംസ്ഥാന സെക്രട്ടേറിയറ്റിലും ഭരണ രംഗത്തുമുണ്ടായി എന്നതാണ് ഇവിടത്തെ പ്രശ്നം. ഈ പ്രശ്നം അങ്ങ് ലഘൂകരിച്ച് കാണരുത്. അങ്ങ് ഭരണം തുടങ്ങിയിട്ടേയുള്ളൂ. ഇതിനെ മുളയിലേ നുള്ളിയില്ലെങ്കിൽ ഭാവിയിൽ ഒരു മുഖ്യമന്ത്രിക്കും കേരളം ഭരിക്കാൻ കഴിയാത്ത അവസ്ഥയുണ്ടാകും. ഒരു ഭരണകൂടത്തിനും മുന്നോട്ടുപോകാൻ കഴിയാത്ത അവസ്ഥയുണ്ടാകും. ഇവിടെ രണ്ട് പക്ഷവും കോടതിയിൽ പോകുകയാണ്. ബഹുമാന്യനായ വി. ഡി. സതീശൻ ചൂണ്ടിക്കാണിച്ച പേരുകൾ ഞാൻ പറയുന്നില്ല. ഇവർക്കൊക്കെ എങ്ങനെയാണ് ഉത്തരവാദപ്പെട്ട റിക്കാർഡുകൾ ലഭിക്കുന്നത്; ഓരോരുത്തരും കോടതിയിൽ പോകുമ്പോൾ ഇവർക്ക് ഈ നല്ല റിക്കാർഡുകൾ, സെക്രട്ടറിയേറ്റിലെ authentic റിപ്പോർട്ടുകൾ എങ്ങനെയാണ് കിട്ടുന്നത്; കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ എങ്ങനെയാണ് ലഭിക്കുന്നത്? ബിനാമികളെ വച്ച് ഇരുകൂട്ടരും കോടതികളിൽ നടത്തുന്ന ശീതസമരമാണിത്. കേസ്സുകൾ മാത്രമാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. അതാണ് ഭരണത്തിന്റെ ഏറ്റവും വലിയ നിഷ്ക്രിയത്വമായി എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. ചീഫ് സെക്രട്ടറിയുടെ പേരിൽ ദ്രുതപരിശോധന, ഹോം സെക്രട്ടറിയുടെ പേരിൽ ദ്രുതപരിശോധന. ആരുടെ പേരിലും ദ്രുതപരിശോധന വേണ്ടെന്ന് ഞാൻ പറയുന്നില്ല. പരാതി വന്നാൽ ചിലപ്പോൾ ദ്രുതപരിശോധന വേണ്ടി വരും. പക്ഷേ അതിനെ തുടർന്നുണ്ടാകുന്ന സംഭവവികാസങ്ങളാണ് ഭരണത്തരംഗത്ത് ഏറ്റവും വലിയ പ്രതിസന്ധി ഉണ്ടാക്കിയിരിക്കുന്നത് എന്ന് ചൂണ്ടിക്കാണിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. അലക്സാണ്ടർ തോമസ്സിന്റെ വിധിയുടെ കാര്യം അങ്ങ് ഇവിടെ പറഞ്ഞു. അലക്സാണ്ടർ തോമസ് ഒരു വിധി പ്രഖ്യാപിച്ചു. ആ വിധിക്കെതിരായി അപ്പീൽ പോയില്ലായിരുന്നുവെങ്കിൽ വിജിലൻസിന് പ്രവർത്തിക്കാനേ കഴിയില്ലായിരുന്നു. വിജിലൻസിന്റെ ഓഫീസ് അടച്ചുപൂട്ടേണ്ടിവരുമായിരുന്നു. അത്തരമൊരു വിധി ഒരു ജഡ്ജി പുറപ്പെടുവിച്ചാൽ ഉത്തരവാദിത്വമുള്ള ഒരു ഗവൺമെന്റ് എന്ന നിലയിൽ അപ്പീൽ പോകുകയല്ലാതെ മാർഗ്ഗമൊന്നുമില്ലായിരുന്നു. അങ്ങ് ഹോം സെക്രട്ടറിയോട് ചോദിച്ചുനോക്കൂ. അതേ ഹോം സെക്രട്ടറിയാണല്ലോ ഇപ്പോഴുമുള്ളത്. വിജിലൻസിന്റെ എല്ലാ അധികാരങ്ങളും കവർന്നെടുക്കുന്ന ഒരു വിധിയായതുകൊണ്ടാണ് അന്ന് ഞങ്ങൾ അപ്പീൽ പോയത്.

ഇവിടെ അങ്ങ് പറഞ്ഞല്ലോ, ഒരു പെറ്റീഷൻ കിട്ടിയാൽ ഉദ്യോഗസ്ഥനെതിരെ അന്വേഷിക്കണ്ടേ എന്ന്, വേണം. പക്ഷേ personal vendetta പാടില്ല. Personal vendetta ആണ് ഇവിടെ കണ്ടുകൊണ്ടിരിക്കുന്നത്. ഇവർ തമ്മിലുള്ള ഈ അഭിപ്രായ വ്യത്യാസങ്ങൾ കാരണം യാതൊരു ഭരണ നടപടിയും മുന്നോട്ടുപോകുന്നില്ല എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. പദ്ധതി നിർവ്വഹണത്തെപ്പറ്റിയൊന്നും ഞാൻ പറയുന്നില്ല. അങ്ങയുടെ കയ്യിലുള്ള എല്ലാ രേഖകളും എന്റെ കയ്യിലുമുണ്ട്. പദ്ധതി പ്രവർത്തനങ്ങളിൽ കാര്യക്ഷമത വരുന്നില്ല എന്നത് ഗുരുതരമായ പ്രശ്നം തന്നെയാണ്. ഇന്നലെ അങ്ങ് അത് സമ്മതിച്ചതുകൊണ്ട് ഞാൻ ആ വിഷയത്തിലേക്ക് പോകുന്നില്ല. അത് അങ്ങയുടെ കാലത്ത് മാത്രമല്ല ഫെബ്രുവരി, മാർച്ച് മാസങ്ങളിലാണ് എല്ലാ പദ്ധതി പ്രവർത്തനങ്ങളും നടക്കുന്നത്. പക്ഷേ ഈ ഗവൺമെന്റിന്റെ ആദ്യ നാളുകളിൽ പോലും പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമതയോടെ മുന്നോട്ടുപോകുന്നില്ല എന്നത് ഗുരുതമായ ഒരു പ്രശ്നമായിത്തന്നെ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. പദ്ധതി പ്രവർത്തനങ്ങളുടെ കാലതാമസത്തിന് അങ്ങ് ഇവിടെ ചില കാര്യങ്ങൾ സൂചിപ്പിച്ചു. പക്ഷേ ജാഗരൂകമായ പദ്ധതി പ്രവർത്തനങ്ങൾ നടക്കാത്തതിന്റെ കാരണം ഉദ്യോഗസ്ഥർ തമ്മിലുള്ള അടിയാണ്. ഇവർ ഫയലുകൾ നീക്കാത്തതും തീരുമാനമെടുക്കാത്തതുമാണ് കാരണം. ഇവിടെ നിരവധി ഉദാഹരണങ്ങൾ നമുക്ക് ചൂണ്ടിക്കാണിക്കാൻ കഴിയും. സമയമില്ലാത്തതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. വിജിലൻസ് ഡയറക്ടറുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്? ഭസ്മാസുരന് വരം കൊടുത്ത സ്ഥിതിയാണ് ഇപ്പോൾ വിജിലൻസ് ഡയറക്ടറുടെ പ്രവർത്തനംമൂലം ഉണ്ടായിരിക്കുന്നത്. അങ്ങനെയൊന്നും ഒരുദ്യോഗസ്ഥൻ പ്രവർത്തിക്കാൻ പാടില്ല. ബഹുമാനപ്പെട്ട വി. ഡി. സതീശൻ ഇവിടെ ചൂണ്ടിക്കാണിച്ചതാണ്. 'വലിയ പരാതി ഇവിടെ എടുക്കില്ല' എന്നാണ് നോട്ടീസ് ബോർഡിൽ വന്നത്. നോട്ടീസ് ബോർഡിൽ അങ്ങനെയൊരു നോട്ടീസ് ഒട്ടിക്കാൻ ഉദ്യോഗസ്ഥന് എങ്ങനെയാണ് ധൈര്യം വന്നത്; അങ്ങനെ വെറുതേ വിടുന്നത് ശരിയാണോ; അങ്ങ് അന്വേഷണം നടത്തി ആരോപണം ശരിയാണെങ്കിൽ നടപടിയെടുക്കുമെന്ന് ഞാൻ ഉറച്ചുവിശ്വസിക്കുകയാണ്. ഈ സഭയിൽ അങ്ങത് പറയേണ്ടിവരും. നാം എവിടേയ്ക്കാണ് പോകുന്നത്; ഒരു ജനാധിപത്യ സംവിധാനത്തിൽ ബ്യൂറോക്രസിയിലേക്ക് പോകുന്നതിന് ഒരു അതിരില്ലേ; ജനാധിപത്യത്തിൽ ജനപ്രതിനിധികളും മന്ത്രിമാരും അടങ്ങുന്ന ക്യാബിനറ്റ് എടുക്കുന്ന തീരുമാനം പോലും ചോദ്യം ചെയ്യുന്ന നിലയിലേക്ക് കാര്യങ്ങൾ പോകുന്നത് അപകടകരമാണ്. അങ്ങ് എന്തുപറഞ്ഞാലും കഴിഞ്ഞ 9 മാസക്കാലത്തെ ഭരണത്തിൽ ഫയലുകൾ ഉറങ്ങുന്നു. സെക്രട്ടറിയേറ്റിനുള്ളിൽ ഫയലുകളിൽ തീരുമാനമുണ്ടാകുന്നില്ല. അതോടൊപ്പം തന്നെ ഭരണരംഗം നിശ്ചലമായിരിക്കുന്നു. ഭരണരംഗത്ത് കാര്യക്ഷമ തയുണ്ടാകുന്നില്ല. ഇക്കാര്യത്തിൽ അങ്ങ് മുഖ്യമന്ത്രി എന്ന നിലയിൽ ഗൗരവമായ പരിശോധന നടത്തേണ്ടിയിരിക്കുന്നു. അതുകൊണ്ട് ഞങ്ങൾ ഒരു പുകമറയുണ്ടാക്കുന്നുവെന്ന്

അങ്ങ് പറഞ്ഞത് ഒരിക്കലും ശരിയല്ല. വസ്തുതകളെ വസ്തുതകളായി കാണണം. ഇതെല്ലാം കേരളത്തിൽ ഭരണം നടക്കുന്നില്ല എന്നതിന്റെ സൂചനകളാണ്. നിഷ്ക്രിയമായ ഒരു ഭരണം ഉണ്ടായി എന്നുള്ളതിന്റെ ഏറ്റവും വലിയ ഉദാഹരണങ്ങളാണ് ഞങ്ങൾ ഇവിടെ ചൂണ്ടിക്കാണിച്ചത്. ഈ അടിയന്തരപ്രമേയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ നേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, മുഖ്യമന്ത്രിയുടെ വിശദീകരണം വളരെ നിർഭാഗ്യകരമാണ്. കഴിഞ്ഞ കുറച്ചു മാസങ്ങളായി ഇവിടെ ഭരണസ്തംഭനവും അനാഥാവസ്ഥയും നിലനിൽക്കുകയാണ്. ആദ്യത്തെ 6 മാസക്കാലം വിമർശനങ്ങളിൽ നിന്നും മാറിനിൽക്കണമെന്ന ഞങ്ങളുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പൊതുവെ വിമർശന സ്വഭാവം കുറച്ചു. പക്ഷെ, ഇവിടെ ഭരണസ്തംഭനമുണ്ടായി, അനാഥാവസ്ഥയുണ്ടായി. അതിന് ഒറ്റ ഉദാഹരണം പോരെ? ഞങ്ങളുടെ ആദ്യത്തെ ഒരു വർഷക്കാലത്തെ ഭരണ നേട്ടങ്ങൾ ജനങ്ങൾ നെഞ്ചോട് ചേർത്തുപിടിക്കുകയാണ്. അതേസമയം ഇക്കഴിഞ്ഞ മാസങ്ങൾ യാതൊരു ചലനവുമില്ലാത്ത, ജനങ്ങളിൽ വളരെയധികം അസ്വസ്ഥതയുണ്ടാക്കിയ ഒരു ഭരണകൂടമാണിത്. ഇത്ര ചെറിയ കാലത്തിനുള്ളിൽ ഇത്രയധികം ഒറ്റപ്പെട്ടുപോയ ഒരു സർക്കാർ കേരള ചരിത്രത്തിലുണ്ടായിട്ടില്ലെന്ന് ആർക്കാണ് അറിയാത്തത്. അതുകൊണ്ട് ഇവിടത്തെ വിഷയമെന്ന് പറയുന്നത്, നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ, ഒരു ജനായത്ത സംവിധാനത്തിൽ എക്സിക്യൂട്ടീവെന്ന് പറയുന്നത് ക്യാബിനറ്റും ബ്യൂറോക്രസിയും ചേർന്നതാണ്. പ്രധാനമായും പോളിസി ഫോർമുലേഷൻ നടന്നുകഴിഞ്ഞാൽ അതിന്റെ ഇംപ്ലിമെന്റേഷൻ, അഡ്മിനിസ്ട്രേഷൻ, റെഗുലേഷൻ എന്നിവയിലെല്ലാം സർക്കാരിനെ സഹായിക്കേണ്ടത് ഉദ്യോഗസ്ഥ സമൂഹമാണ്. അവരെ വിശ്വാസത്തിലെടുക്കാനോ, അവരുടെ സേവനം ഉപയോഗപ്പെടുത്താനോ കഴിയാത്തവിധം ഭരണ നേതൃത്വം പരാജയപ്പെട്ടുവെന്ന യാഥാർത്ഥ്യം എന്തിനാണ് മറച്ചുപിടിക്കുന്നത്. 10-15 വർഷക്കാലം ഇന്നത്തെ മുഖ്യമന്ത്രി ഈ സഭയിൽ തുടർച്ചയായി ഇല്ലാതിരുന്നതിന്റെ ഒരു വലിയ ഭാരം ഈ സംസ്ഥാനം വഹിക്കേണ്ടകാര്യമില്ല. 15 വർഷക്കാലം അദ്ദേഹം ഈ സഭയിലില്ലായിരുന്നു കൊണ്ട് സംസ്ഥാനത്തിന്റെ ഇന്നത്തെ നേർക്കാഴ്ച അദ്ദേഹത്തിന് നഷ്ടമായതാണോ ഈ 9 മാസക്കാലം ഭരണസ്തംഭനത്തിന് ഇടയാക്കിയതെന്ന ചോദ്യമുയരുന്നു. അതേസമയം കഴിഞ്ഞ 5 വർഷക്കാലത്തെ ജനസേവനത്തിലധിഷ്ഠിതമായ, ചടുലമായ ഭരണചക്രം തിരിക്കാൻ ശേഷിയുള്ള ഒരു ഭരണത്തുടർച്ചയാണ് ജനങ്ങൾ ആഗ്രഹിച്ചത്. ആ വാഗ്ദാനമാണ് ഈ സർക്കാർ നൽകിയത്. ഞങ്ങൾ വന്നാൽ കൂടുതൽ കാര്യങ്ങൾ ശരിയാക്കാമെന്ന് എൽ.ഡി.എഫ് പറഞ്ഞിരുന്നു. ശരിയായില്ലായെന്ന് മാത്രമല്ല,

ഭരണസ്തംഭനത്തിന്റെയും അനാഥാവസ്ഥയുടെയും നിർഭാഗ്യകരമായ ഒരു സാഹചര്യമാണ് ഇവിടെയുണ്ടായത്. നേരത്തെ പ്രതിപക്ഷ നേതാവ് അത് പറഞ്ഞെങ്കിലും ആവർത്തിക്കേണ്ട ആവശ്യമുണ്ട്. 4 പോലീസ് ഉദ്യോഗസ്ഥർക്ക് ലഭിക്കേണ്ട പോലീസ് മെഡൽ റിപ്പബ്ലിക് ദിനത്തിൽ കൊടുക്കാൻ കഴിയാത്ത ഒരു സർക്കാരും വകുപ്പിന്റെ ചുമതലയുള്ള മുഖ്യമന്ത്രിയും ഇവിടെ എന്ത് അവകാശവാദമുന്നയിച്ചാലും ഈ കഴിഞ്ഞ മാസങ്ങളിൽ ഭരണം പരിപൂർണ്ണ പരാജയമായിരുന്നുവെന്ന് ജനങ്ങൾ ഏറ്റുപറയുന്ന ഒരു സമയത്ത് മാറി ചിന്തിക്കാനും നടപടി സ്വീകരിക്കാനും ഗവൺമെന്റ് തയ്യാറാകുമെങ്കിൽ സ്വാഗതാർഹമായ കാര്യമാണ്. പക്ഷെ, ഇത് ഇവിടെ ചർച്ച ചെയ്യേണ്ട വിഷയമായിരുന്നു. ഇത് നിസ്സാരവൽക്കരിക്കേണ്ട വിഷയമായിരുന്നില്ല. അതുകൊണ്ട് ചർച്ചയ്ക്ക് അനുവാദം നൽകാത്ത ഗവൺമെന്റ് നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയിലെ അംഗങ്ങളും സഭവിട്ട് പുറത്തുപോകുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ടി. എ. അഹമ്മദ് കബീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. കെ. എം. മാണി: സർ, പെന്റിംഗ് പരാതികളൊന്നുമില്ലെന്ന മുഖ്യമന്ത്രിയുടെ വാദം ശരിയല്ല. കിട്ടുന്ന പരാതികളിൽ ആക്ഷനുണ്ടാകുന്നില്ല. ആക്ഷനുണ്ടായാലേ അത് ഫയലായി വരികയുള്ളൂ. സത്യത്തിൽ ഫയലുകൾ ജനറേറ്റ് ചെയ്യുന്നില്ല. പരാതികൾ അങ്ങനെ ഇരിക്കുകയാണ്. കിട്ടുന്ന പരാതിയിന്മേൽ ഒരു ആക്ഷനുമില്ല. ഫയൽ കിട്ടുന്നയാൾതന്നെ അത് വച്ചിരിക്കുകയാണ്. ഇതാണ് ഇന്നത്തെ സംഭവം. അതുകൊണ്ട് ഫയലുകൾക്ക് നീക്കമില്ലെന്നുള്ളത് അനിഷേധ്യമായ ഒരു പരമാർത്ഥമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പദ്ധതി നിർവ്വഹണത്തിലാണ് ഊറ്റംകൊണ്ടത്. 2015-16 വർഷത്തെ പദ്ധതി നിർവ്വഹണവുമായി താരതമ്യം ചെയ്യുകയാണുണ്ടായത്. അങ്ങനെ താരതമ്യം ചെയ്യേണ്ട കാര്യമില്ല. അതൊരു രക്ഷപ്പെടലാണ്. ഇക്കൊല്ലത്തെ വാർഷിക പ്ലാൻ ഔട്ട്‌ലേ എത്രയാണെന്നതാണ് നമുക്കാവശ്യം. ഔട്ട്‌ലേ എത്ര ചെലവഴിച്ചിട്ടുണ്ടെന്നതാണ് പ്രധാനപ്പെട്ട കാര്യം. ഇപ്പോൾ വർഷാവസാനമായി. പ്ലാൻ എക്സ്പെൻഡിച്ചർ 44 ശതമാനമാണെന്ന് പറഞ്ഞാൽ അഭിമാനകരമായ ഒരു കാര്യമാണോ; അതുകൊണ്ട് സത്യംപറഞ്ഞാൽ ഇവിടെ യാതൊരു പ്രവൃത്തിയും നടക്കുന്നില്ല. വഴിയും പാലവും റോഡുമൊക്കെ നന്നായെന്നാണ് പറയുന്നത്. ഒരു വഴിയും ഒരു പാലവും ചൂണ്ടിക്കാണിച്ചാൽ പദ്ധതി പ്രവർത്തനമായോ; മൈക്രോ അല്ല നോക്കേണ്ടത് മാക്രോയാണ് നോക്കേണ്ടത്. പദ്ധതിയുടെ ഔട്ട്‌ലേയിൽ ചെലവാക്കിയത് 44 ശതമാനം മാത്രമാണ്. ഇത് ആക്ഷേപകരമായ ഒരു കാര്യമാണ്. ഈ ഗവൺമെന്റിന്റെ പിടിപ്പുകേടിലും കെടുകാര്യസ്ഥതയിലും ഞങ്ങൾ പ്രതിഷേധിക്കുന്നു. പക്ഷെ, എല്ലാറ്റിനും, എന്നും വാക്കൗട്ട് എന്നൊരു സിസ്റ്റം ഞങ്ങൾ സ്വീകരിക്കുന്നില്ല. ഇത് പ്രതിഷേധാർഹമായ കാര്യമാണ്. ഇത് ഗവൺമെന്റ് തിരുത്തണം. ശ്രീ. പിണറായി വിജയൻ ഉണരണം, ഉണർന്നാൽ കാര്യം ശരിയാകും.

<u>ശ്രീ. അനൂപ് ജേക്കബ്:</u> സർ, ഇവിടെ ഏതൊക്കെതരത്തിലുള്ള വിശദീകര ണമുണ്ടായാലും കേരളത്തിലൊരു ഭരണസ്തംഭനമുണ്ടെന്നത് യാഥാർത്ഥ്യമാണ്. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്ന സന്ദർഭത്തിൽ ആദ്യം ചെയ്തത് 100 ദിന കർമ്മ പദ്ധതിയായിരുന്നു. ഒരു കർമ്മ പദ്ധതി വച്ചുകൊണ്ട് അതിലെ ഓരോ പദ്ധതിയും നടപ്പിലാക്കുവാനുള്ള സാഹചര്യങ്ങൾ അന്നത്തെ ഗവൺമെന്റ് ഒരുക്കുകയായിരുന്നു. ആ 100 ദിന കർമ്മ പദ്ധതികൊണ്ടാണ് ചരിത്ര പ്രധാനമായ.................

<u>ശ്രീ. പി. സി. ജോർജ്:</u> സർ, പോയിന്റ് ഓഫ് ഓർഡർ. ഇന്നലെ ഈ സഭയിൽ വാക്കൗട്ടിന് മുമ്പ് ബഹുമാനപ്പെട്ട മുസ്ലീംലീഗ് നേതാവ് പ്രസംഗിക്കാൻ തുടങ്ങിയപ്പോൾ വാക്കൗട്ടില്ലെങ്കിൽ പ്രസംഗിക്കാൻ അനുവദിക്കില്ലെന്ന് ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകുകയുണ്ടായി. വാക്കൗട്ട് ഉണ്ടെന്നു പറഞ്ഞ് പ്രസംഗിച്ചു. അത് വാക്കൗട്ട് ഉണ്ടായിട്ടായിരുന്നു. ഇപ്പോൾ ബഹുമാനപ്പെട്ട മാണി സാർ വാക്കൗട്ടില്ലാതെ പ്രസംഗിച്ചു. അത് ഓർഡറിലാണോ?

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> അത് പരിശോധിക്കാം.

<u>ശ്രീ. അനൂപ് ജേക്കബ്:</u> സർ, അത്തരത്തിലുള്ള 100 ദിന കർമ്മ പരിപാടികൾ യു.ഡി.എഫ്. നടപ്പിലാക്കിയപ്പോൾ ഈ ഗവൺമെന്റ് എന്ത് ചെയ്തുവെന്നത് നമ്മൾ കാണേണ്ട ഒന്നാണ്. ഇത് സംബന്ധിച്ച് ഒരു വ്യക്തത വേണം. പ്രധാന കാരണം ഗവൺമെന്റിലെ ഉയർന്ന ഉദ്യോഗസ്ഥർ തമ്മിലുള്ള പോരുതന്നെയാണെന്നത് വളരെ വ്യക്തമാണ്. കേരളത്തിൽ ഒരു ഭരണസ്തംഭനം സംജാതമായിരിക്കുന്നുവെന്ന് പ്രതിപക്ഷമാരോപിച്ചത് അതുകൊണ്ടു തന്നെയാണ്. ഇവിടെ ശ്രീ. വി. ഡി. സതീശൻ അടിയന്തരപ്രമേയം അവതരിപ്പിച്ചുകൊണ്ട് പറഞ്ഞു, വിവിധ ഡിപ്പാർട്ടുമെന്റുകളിൽ, പോലീസുകാർക്ക് രാഷ്ട്രപതിയുടെ മെഡൽ ലഭ്യമാകാത്ത സാഹചര്യം തുടങ്ങി മുന്നോട്ടു നോക്കുമ്പോൾ അതിനെ നിസ്സാരമായി കാണാൻ കഴിയില്ല. ആ ഒരൊറ്റ സംഭവംകൊണ്ട് പോലീസ് സേനയുടെ ആത്മവീര്യത്തിനുണ്ടായിരിക്കുന്ന ചോർച്ച ചെറുതല്ല. അത്തരത്തിലുള്ള ഒരുപാട് വിഷയങ്ങൾ നമുക്ക് കാണാൻ കഴിയും. ഇത് എല്ലാ ഡിപ്പാർട്ടുമെന്റുകളിലും പടർന്നിരിക്കുന്നു. അതിന്റെ ദുരിതമനുഭവിക്കുന്നത് ജനങ്ങളാണെന്നത് നമുക്ക് വിസ്മരിക്കാൻ കഴിയുന്ന ഒന്നല്ല. പ്രധാനപ്പെട്ട ഒരു വിഷയമെന്ന നിലയിൽ അത് ചർച്ച ചെയ്യേണ്ടിയിരുന്നു. അത് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാൻ വാക്കൗട്ടിൽ പങ്കുചേരുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരിച്ചെത്തി.)

# IV ശ്രദ്ധ ക്ഷണിക്കൽ

## (1) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ

ശ്രീ. എം. രാജഗോപാലൻ: സർ, തൊഴിൽ അവകാശാധിഷ്ഠിതമാക്കി ഗ്രാമീണ ജനതയുടെ ഉപജീവന സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ ശ്രദ്ധേയമായ നിയമ നിർമ്മാണങ്ങളിലൊന്നാണ് 2005-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം. പ്രസ്തുത നിയമം ഒന്നാംഘട്ടത്തിൽ 2006 ഫെബ്രുവരിയിൽ പാലക്കാട്, വയനാട് ജില്ലകളിലും 2007-ൽ ഇടുക്കി, കാസർഗോഡ് ജില്ലകളിലും 2008-ൽ മറ്റ് ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുകയുണ്ടായി. ജനപങ്കാളിത്തവും സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പാക്കിക്കൊണ്ട് പദ്ധതി നിർവ്വഹണം നടത്തുന്നതിൽ ഒരു പരിധിവരെ നേട്ടമുണ്ടാക്കാൻ നമ്മുടെ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടെങ്കിലും ഉൽപ്പാദനക്ഷമവും ഗുണമേന്മയുള്ളതുമായ ഈടുറ്റ ആസ്തികൾ സൃഷ്ടിക്കുന്ന കാര്യത്തിൽ നാം ഇനിയും മുന്നേറാനുണ്ട്. തൊഴിൽ നൽകുന്നതോടൊപ്പം ഈടുറ്റ ആസ്തികൾ സൃഷ്ടിക്കുകവഴി ഗ്രാമീണ ജനതയുടെ ഉപജീവനത്തിനുള്ള ഉപാധികൾ വിപുലീകരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കേന്ദ്രസർക്കാരിന്റെ 3-1-2014-ലെ S.O 19 (E) നമ്പർ വിജ്ഞാപന പ്രകാരം തൊഴിലുറപ്പ് നിയമത്തിലെ പട്ടിക ഒന്നും രണ്ടും ഭേദഗതി വരുത്തുകയുണ്ടായി. ഭേദഗതി വരുത്തിയ പട്ടിക ഒന്നിലും രണ്ടിലും കാതലായിട്ടുള്ള പല മാറ്റങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് നിലവിലുള്ള ഭൗതിക തൊഴിൽ സാഹചര്യങ്ങൾക്ക് ഇണങ്ങുന്ന രീതിയിൽ തൊഴിലുറപ്പ് പദ്ധതിയിൽ കൂടുതൽ പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു ആസ്തികൾ നിർമ്മിക്കുന്നതിനും ദുർബല ജനവിഭാഗങ്ങളുടെ വിഭവാടിത്തറ ശക്തിപ്പെടുത്തുന്നതിനുതകുന്ന വ്യക്തിഗത ആസ്തികളുടെ നിർമ്മാണത്തിനും ഇതര വകുപ്പുകളുമായിട്ടുള്ള സമന്വയം സാധ്യമാക്കിക്കൊണ്ടുള്ള ഗ്രാമീണ ആസ്തികളുടെ നിർമ്മാണത്തിനും പുതിയ ഭേദഗതികൾ വളരെയേറെ സഹായകമാകും.

ഭേദഗതിയിൽ ഷെഡ്യൂൾ 2-ലെ 10-ാം ഖണ്ഡികയിൽ ഒരു കുടുംബത്തിന് അവകാശപ്പെട്ട ആകെ തൊഴിൽ ദിനങ്ങളുടെ എണ്ണത്തിന് വിധേയമായി ഒരു വ്യക്തിക്ക് അപേക്ഷിക്കാവുന്ന തൊഴിൽ ദിനങ്ങളുടെ എണ്ണത്തിനോ യഥാർത്ഥത്തിൽ ലഭിക്കുന്ന തൊഴിൽ ദിനങ്ങളുടെ എണ്ണത്തിനോ പരിധിയുണ്ടായിരിക്കുന്നതല്ല എന്ന ഭാഗം കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രസക്തമാണ്. ഇവിടെ രജിസ്റ്റർ ചെയ്ത തൊഴിലാളികൾ 32 ലക്ഷമാണ്. ആക്ടീവ് വർക്കേഴ്സ് (10 ദിവസമെങ്കിലും ജോലി

ചെയ്യുന്നവർ) 23 ലക്ഷമാണ്. സമൂഹത്തിലെ ഏറ്റവും ദരിദ്രരും കഷ്ടത അനുഭവിക്കു ന്നവരുമാണ് ഈ പദ്ധതിയെ ആശ്രയിക്കുന്നത്. 19 ലക്ഷം കുടുംബങ്ങൾക്ക് കേരളത്തിൽ കേവലം 40 ദിവസമാണ് തൊഴിൽ ലഭിക്കുന്നത്. 100 ദിവസം തൊഴിൽ ലഭിച്ചവർ ഏതാണ്ട് ഇരുപതിനായിരത്തോളം മാത്രമാണ്. തൊഴിൽ ലഭിച്ച തൊഴിലാളികൾക്ക് കൃത്യമായി കൂലി ലഭ്യമാകാത്ത സ്ഥിതിയാണ് കേരളത്തിലുള്ളത്. തൊഴിലുറപ്പ് തൊഴിലാളികൾക്ക് കഴിഞ്ഞ നവംബർ മുതൽ 500 കോടി രൂപയുടെ കുടിശ്ശികയാണ് നിലനിൽക്കുന്നത്. ഇത് തൊഴിലാളികളുടെ വിയർപ്പിന്റെ വിലയാണ്. അദ്ധ്വാനത്തെയും അതുപോലെ അദ്ധ്വാനിക്കുന്നവനെയും ബഹുമാനിക്കുന്ന നമ്മുടെ സർക്കാരിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി ഈ പ്രശ്നം പരിഹരിക്കാനും കുടിശ്ശിക കൊടുത്തു തീർക്കാനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കാനും കഴിയണം. തൊഴിലാളികൾക്ക് ഇപ്പോൾ ലഭിക്കുന്ന കൂലിയാകട്ടെ കേവലം 240 രൂപയാണ്. ജീവിതച്ചെലവുകൾ ദൈനംദിനം കൂടുന്ന ഒരു സ്ഥിതിയാണ് ഇന്നുള്ളത്. ഈ പുതിയ സാഹചര്യത്തിൽ ഏറ്റവും ദരിദ്രരും കഷ്ടത അനുഭവിക്കുന്നവരുമായ ഈ മേഖലയിലെ തൊഴിലാളികൾക്ക് പ്രതിദിനം ഏറ്റവും ചുരുങ്ങിയത് 500 രൂപയെങ്കിലും നൽകാൻ അടിയന്തര നടപടി സ്വീകരിക്കാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തേണ്ടിയിരിക്കുന്നു. തൊഴിൽ ദിനം 200 ആയി ഉയർത്താൻ നമുക്ക് കഴിയണം. തൊഴിൽ സമയം രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണിവരെയാക്കാൻ സർക്കാർ നടപടി സ്വീകരിക്കണം. കാർഷിക മേഖലയിലെ എല്ലാ ജോലികളും പരമ്പരാഗത തൊഴിലുകളും പദ്ധതിയിലുൾപ്പെടുത്താനുള്ള അടിയന്തര നടപടികൾ സ്വീകരിക്കാവുന്നതാണ്. ക്ഷീര കർഷകരെക്കൂടി പദ്ധതിയുടെ ഭാഗമാക്കി വിപുലീകരിക്കാൻ കഴിയണം. മുഴുവൻ തൊഴിലുറപ്പ് തൊഴിലാളികൾക്കും സൗജന്യ റേഷൻ അനുവദി ക്കുന്നതിനുള്ള നടപടിയും സ്വീകരിക്കേണ്ടതുണ്ട്.

ആസ്തിയുണ്ടാക്കാനുള്ള പ്രോജക്ട് തയ്യാറാക്കേണ്ടത് ഉദ്യോഗസ്ഥരാണ്. എന്നാൽ ഇവരുടെ അനാസ്ഥമൂലം ചിലയിടങ്ങളിലെങ്കിലും തൊഴിൽ നഷ്ടപ്പെടുന്ന സ്ഥിതി ഇപ്പോഴുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഇടപെടൽ വളരെ ശക്തവും അഭിനന്ദനാർഹവുമാണ്. 5.70 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചുകഴിഞ്ഞു. 6.03 കോടിയാണ് ടാർജറ്റ്. അതിരൂക്ഷമായ വരൾച്ചയിലേക്കും കുടിവെള്ള ക്ഷാമത്തിലേക്കും നീങ്ങിക്കൊണ്ടിരിക്കുന്ന കേരളത്തെ വരൾച്ചാ ബാധിത സംസ്ഥാനമായി പ്രഖ്യാപിച്ചിരിക്കുകയാണല്ലോ? സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളും 5 വർഷം മുൻപുതന്നെ വാട്ടർ ഷെഡ് മാസ്റ്റർ പ്ലാൻ തയ്യാറാക്കി. എന്നാൽ ഏറെ പണം ചെലവഴിച്ചുണ്ടാക്കിയ ആ രേഖ ഉപയോഗപ്പെടുത്തുന്നതിൽ വേണ്ടത്ര

ജാഗ്രത പുലർത്തിയിട്ടില്ല. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ ഇപ്പോൾ കേരളത്തിൽ വരൾച്ച ഇത്ര രൂക്ഷമാകുമായിരുന്നില്ല. ഓരോ ഗ്രാമപഞ്ചായത്തും വികസനാസൂത്രണാർത്ഥം പ്രതിവർഷ ജലബഡ്ജറ്റ് തയ്യാറാക്കി നടപ്പിലാക്കുന്നതിനുള്ള സാധ്യതകൾ ആരായേണ്ട സമയം കൂടിയാണിത്. ഓരോ പഞ്ചായത്തിലും ജോലിക്കെത്തുന്ന തൊഴിലുറപ്പ് തൊഴിലാളികളും കുറേ ഭൂവുടമകളും മാത്രം ആത്മാർത്ഥമായി മനസ്സുവച്ചാൽ നമ്മുടെ ഗ്രാമങ്ങളിലെ ജലക്ഷാമവും ഭക്ഷ്യോൽപ്പാദനക്ഷയവും പരിഹരിക്കാൻ നല്ലൊരു പരിധിവരെ കഴിയും. ഇതിനായി മഴ-കൃഷി-വേനൽക്കാലങ്ങളിൽ ഏറ്റെടുക്കേണ്ട പ്രവൃത്തികൾക്ക് പഞ്ചായത്തുകൾ തൊഴിലുറപ്പ് പദ്ധതിയിൽ പ്രത്യേകം കർമ്മ പരിപാടിയും ലേബർ ബഡ്ജറ്റും തയ്യാറാക്കണം. ഗ്രാമസഭകൾ ഇക്കാര്യത്തിൽ അതീവ ജാഗ്രത പുലർത്തണം. പരിസരങ്ങളിൽ പെയ്തുവീഴുന്ന മഴവെള്ളം മണ്ണിന്റെ പാളികളിലൂടെ താഴേയ്ക്ക് വ്യാപിപ്പിച്ച് മണ്ണിൽ ഈർപ്പമായും ഭൂഗർഭ ജലമായും ഉപരിതല സ്രോതസ്സുകളിലേക്കുള്ള നിക്ഷേപമായും മാറ്റുന്നതിന് സൗകര്യമൊരുക്കാൻ വാട്ടർ ഷെഡ് അടിസ്ഥാനത്തിൽ മഴവെള്ള സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ കഴിയണം. ഇതിന്റെ ഭാഗമായി കുളങ്ങളുടെ നവീകരണം, ഉറവകളുടെ പുനരുദ്ധാരണം, ഭൂജല പരിപോഷണങ്ങളുടെ നിർമ്മാണം, മഴവെള്ളം കിണറുകളുടെ മേൽഭാഗത്തുണ്ടാക്കുന്ന കുഴികളിലെത്തിച്ചുകൊണ്ടുള്ള കിണർ റീ ചാർജിംഗ്, മഴവെള്ളം കുടുക്കിയിടാൻ പര്യാപ്തമായിട്ടുള്ള ഇതര സംഭരണികളുടെ നിർമ്മാണം, നവീകരണം, വിവിധതരം വാട്ടർ ഹാർവെസ്റ്റിംഗ്, കിണറുകളുടെ നിർമ്മാണം എന്നീ പ്രവൃത്തികൾ വാട്ടർ ഷെഡ് അടിസ്ഥാനത്തിൽ ഏറ്റെടുക്കുകയും തൊഴിലുറപ്പ് പദ്ധതിയെ ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ഉപയോഗപ്പെടുത്താനും കഴിയണം. പ്രദേശിക വികസനവുമായി ബന്ധപ്പെട്ട നിരവധി ഘടകങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയുടെ സഹായം ഉറപ്പുവരുത്താൻ കഴിയും. കേരളത്തിൽ പ്രഖ്യാപിച്ച ഹരിത കേരളം പദ്ധതിയുടെ അച്ചുതണ്ടാകണം ഈ മേഖലയിൽ ഏറ്റെടുക്കുന്ന മുഴുവൻ പദ്ധതികളും. ഹരിത കേരളം പദ്ധതിയുമായി ബന്ധപ്പെടുത്തി കർമ്മ പദ്ധതികൾ നടപ്പിലാക്കാൻ കഴിയണം. പുതിയ സാഹചര്യത്തിൽ കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ കഴിയണം. ഇതുസംബന്ധിച്ച് കേരളത്തിലെ തൊഴിലാളികൾ ഇന്നലെയും ഇന്നുമായി ശക്തമായ സമരം നടത്തിവരികയാണ്. ഇന്നലെ ജില്ലാ കേന്ദ്രങ്ങളിലെല്ലാം സായാഹ്ന ധർണ്ണകൾ സംഘടിപ്പിക്കുകയുണ്ടായി. ഇന്ന് തിരുവനന്തപുരത്ത് രാജ്ഭവൻ മാർച്ച് സംഘടിപ്പിക്കുകയാണ്. ഈ സാഹചര്യത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ അംഗീകരിക്കുന്നതിനും കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിനായി ഈ സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കുകയാണ്.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഗ്രാമീണ മേഖലകളിൽ ദാരിദ്ര്യവും തൊഴിലില്ലായ്മയും നിർമ്മാർജ്ജനം ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടിയാണ് കേന്ദ്ര സർക്കാർ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചത്. 2-2-2006-ലാണ് ഈ പദ്ധതിക്ക് തുടക്കം കുറിച്ചത്. അന്നുമുതൽ 1-2-2011 വരെ പദ്ധതിയിലെ കൂലിനിരക്ക് 125 രൂപയായിരുന്നു. പ്രസ്തുത കാലയളവിൽ സംസ്ഥാനത്തെ മിനിമം കൂലി 200 രൂപയായിരുന്നു. സംസ്ഥാനം വിജ്ഞാപനം ചെയ്ത 200 രൂപ മിനിമം കൂലി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കും നിജപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നെങ്കിലും അനുകൂല തീരുമാനം കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിരുന്നില്ല. എന്നാൽ 2011 മുതൽ ഓരോ വർഷവും കേന്ദ്ര സർക്കാർ കൺസ്യൂമർ പ്രൈസ് ഇൻഡക്സ് അഗ്രിക്കൾച്ചറൽ ലേബറിന്റെ മാനദണ്ഡം അവലംബിച്ച് കൂലി വർദ്ധിപ്പിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. 2011-ൽ കൂലി 150 രൂപയായും 2012-ൽ 164 രൂപയായും 2013-ൽ 180 രൂപയായും 2014-ൽ 212 രൂപയായും 2015-ൽ 229 രൂപയായും 2016-ൽ 240 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. 2017-ലെ നിരക്ക് ഉടൻ വിജ്ഞാപനം ചെയ്യുമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ടെന്നുള്ള വിവരവും ഈ സമയത്ത് അറിയിക്കുകയാണ്.

2011-ൽ സംസ്ഥാനത്തെ മിനിമം കൂലി 200 രൂപയായിരുന്നു. ഇന്ന് പ്രിലിമിനറി പബ്ലിഷ് ചെയ്തിട്ടുള്ള കർഷകത്തൊഴിലാളികളുടെ മിനിമം കൂലി നടീൽ ജോലിയിൽ വ്യാപൃതരാകുന്നവർക്ക് 415 രൂപയാണ്. ആ നിലയ്ക്ക് നോക്കുമ്പോൾ ഇനിയൊരു വർദ്ധനവ് വരികയാണെങ്കിൽപ്പോലും ആ തുകയുടെ അടുത്തെത്തില്ല എന്നത് ഉറപ്പാണ്. സംസ്ഥാനം ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തും. 8 മണിക്കൂർ ആയി MGNREGS-ൽ ജോലി ചെയ്യുന്നവരുടെ ജോലിസമയം നിജപ്പെടുത്തിയത് സംസ്ഥാന സർക്കാരിന്റെ ശക്തമായ ആവശ്യത്തെ തുടർന്നായിരുന്നു എന്നുള്ളതും ഈ സന്ദർഭത്തിൽ അനുസ്മരിക്കുകയാണ്. ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്നതിന് നടപടികളുണ്ടാകണമെന്ന് ഇന്നലെ എം.ഒ.ആർ.ഡി.-യുടെ ബന്ധപ്പെട്ട ജോയിന്റ് സെക്രട്ടറി പങ്കെടുത്ത ശിൽപ്പശാലയിൽ വളരെ ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്. ഡ്രൗട്ടിന്റെ പ്രവൃത്തികളിൽ വ്യാപൃതമാകുവാൻ MGNREGS-ലെ തൊഴിലാളികൾക്ക് അവസരമുണ്ടാക്കണമെന്നും അവ മുഴുവനായും ഇതിന്റെ പ്രവൃത്തി ദിനങ്ങളിൽ ഉൾപ്പെടുത്തുവാൻ സാഹചര്യമൊരുക്കണമെന്നും ശക്തമായ ആവശ്യം ഉന്നയിച്ചിട്ടുണ്ട്. അത് പരിഗണിക്കാമെന്നാണ് അറിയിച്ചിട്ടുള്ളത്. സംസ്ഥാനത്ത് ഇപ്പോൾ 500

കോടി രൂപ കൂലി ഇനത്തിൽ കുടിശ്ശികയുണ്ട്. ആ തുക അടിയന്തരമായി കൊടുത്തു തീർക്കണമെന്ന് ബന്ധപ്പെട്ട സെക്രട്ടറിയോട് ആവശ്യപ്പെടുകയും അവരത് ഒരാഴ്ചയ്ക്കുള്ളിൽ റിലീസ് ചെയ്തു നൽകാമെന്ന് സമ്മതിക്കുകയും ചെയ്തിട്ടുള്ള വിവരവും ഞാൻ ഈ സന്ദർഭത്തിൽ ഇവിടെ അറിയിക്കുകയാണ്. അതുപോലെത്തന്നെ 100 തൊഴിൽ ദിനങ്ങൾ തികയ്ക്കുന്ന ആളുകളുടെ പേരുകൾ രേഖപ്പെടുത്തുന്നതിന് സോഫ്റ്റ്‌വെയറിലെ ഒരു ഡിഫെക്ടുകൊണ്ട് സാധിക്കുന്നില്ല എന്നുള്ളതും സംസ്ഥാനത്തെ ബുദ്ധിമുട്ടിക്കുന്നുണ്ട്. ഇക്കാര്യം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും മിനിസ്റ്ററുടേയും ശ്രദ്ധയിൽപ്പെടുത്തുകയും എത്രയുംപെട്ടെന്ന് ഈ ബുദ്ധിമുട്ട് ദൂരീകരിക്കുന്നതിന് നടപടി സ്വീകരിക്കാമെന്ന് അവർ അറിയിച്ച കാര്യവും ഈ സന്ദർഭത്തിൽ ബഹുമാനപ്പെട്ട അംഗത്തേയും സഭയേയും അറിയിക്കുകയാണ്.

ശ്രീ. എം. രാജഗോപാലൻ: സർ, കേരളത്തിലെ മുനിസിപ്പൽ കോർപ്പറേഷൻ അതിർത്തിയിൽ തൊഴിലുറപ്പ് പദ്ധതി ശക്തിപ്പെടുത്തുന്നതിൽ ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഡോ. കെ. ടി. ജലീൽ: സർ, 2016-17-ലെ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി MGNREGS-ന് തുല്യമായി നഗര പ്രദേശങ്ങളിലെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ്. 2016-17-ൽ ഇതിനായി 15 കോടി രൂപ നീക്കി വച്ചതിൽ 14.96 കോടി രൂപയും (99.47 ശതമാനം) ചെലവായിട്ടുണ്ട് എന്ന വിവരം അറിയിക്കുന്നു. അതോടൊപ്പം അയ്യങ്കാളി പദ്ധതി കാര്യക്ഷമമായി നടത്തുന്നതിന് ആവശ്യമായ എല്ലാ സംവിധാനങ്ങളും സംസ്ഥാന സർക്കാർ ഒരുക്കിക്കൊണ്ടിരിക്കുകയാണ്. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയെ സസൂക്ഷ്മം നിരീക്ഷിക്കുന്നതിനും അതിന്റെ ഡെവലപ്മെന്റിനെ സംബന്ധിക്കുന്ന കാര്യങ്ങൾ സർക്കാരിനെ ബോധ്യപ്പെടുത്തുന്നതിനും വേണ്ടി സംസ്ഥാന തലത്തിലുള്ള കമ്മിറ്റിക്ക് സമാനമായ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട് എന്ന കാര്യവും അറിയിക്കുന്നു.

### (2) സ്റ്റുഡന്റ്സ് വെൽഫെയർ കമ്മീഷൻ രൂപീകരണം

ശ്രീ. വി. ഡി. സതീശൻ : സർ, നമ്മുടെ സംസ്ഥാനത്തെ ക്യാമ്പസുകളിൽനിന്നും ഒട്ടും ആശാസ്യമല്ലാത്ത വാർത്തകളാണ് കേട്ടുകൊണ്ടിരിക്കുന്നത്. ഇത് രക്ഷകർത്താക്കളുടേയും കുട്ടികളുടേയും ഇടയിൽ വലിയ ഉൽക്കണ്ഠയുണ്ടാക്കിയിരിക്കുകയാണ്. ഓരോ ക്യാമ്പസിലും ഹോസ്റ്റലുകളിലും പഠിക്കുന്ന കുട്ടികളെ സംബന്ധിച്ച് വളരെ ബുദ്ധിമുട്ടേറിയ വാർത്തകളാണ് വ്യാപകമായി വന്നുകൊണ്ടിരിക്കുന്നത്. സ്വാശ്രയ

കോളേജുകളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന സംഭവങ്ങളെക്കുറിച്ച് കഴിഞ്ഞ രണ്ടുമൂന്ന് മാസങ്ങളായി സംസ്ഥാന വ്യാപകമായി ചർച്ച ചെയ്യുകയാണ്. സ്വാശ്രയ കോളേജുകളിൽ ഇന്റേണൽ അസസ്മെന്റിന്റെ പേരിലും അമിതമായ അച്ചടക്കത്തിന്റെ പേരിലും കുട്ടികൾ പീഡിപ്പിക്കപ്പെടുന്നു. സ്വാശ്രയ കോളേജ് മാനേജ്മെന്റുകളുടെ കീഴിൽ ഇടിമുറികളുണ്ടെന്ന റിപ്പോർട്ടുവരെ പുറത്തുവരുന്നു. ഭീകരമായി കുട്ടികൾ മർദ്ദിക്കപ്പെടുകയും അവർക്ക് യാതൊരു സ്വാതന്ത്ര്യവും ഇല്ലാത്ത അവസ്ഥയുമാണ് ഈ ക്യാമ്പസുകളിലുള്ളത്. ഇത് സ്വാശ്രയ കോളേജുകളിൽ മാത്രമായി ഒതുങ്ങി നിൽക്കുന്ന ഒരു വിഷയമല്ല. വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ കാലഘട്ടങ്ങളിലൊന്നും ഉണ്ടാകാതിരുന്ന പല പ്രശ്നങ്ങളും പുതിയതായി ഉണ്ടാകുന്നുവെന്ന കാര്യം ശ്രദ്ധാപൂർവ്വം നോക്കിക്കാണേണ്ട ഒന്നാണ്. പറവകളെപ്പോലെ പാറി നടന്ന് സ്വാതന്ത്ര്യത്തിന്റെ ശുദ്ധവായു ശ്വസിച്ച് വളരേണ്ട കുട്ടികളുടെ വ്യക്തിത്വവികാസംപോലും ഇത്തരം പ്രശ്നങ്ങൾകൊണ്ട് തടയപ്പെടുകയാണ്. ശാരീരികവും മാനസികവുമായി ഉണ്ടാകുന്ന പ്രയാസങ്ങൾ അവരെ അപകർഷതാബോധത്തിലേയ്ക്ക് നയിക്കുകയും അവർ പിന്നോക്കം പോകുകയും ചെയ്യുന്നു. പഠന കാര്യങ്ങളിലും പാഠ്യേതര വിഷയങ്ങളിലുമെല്ലാം മുന്നിൽ നിന്നിരുന്ന പല കുട്ടികളും ഇത്തരം ദുരനുഭവങ്ങൾ കാരണം പിന്നോക്കം പോകുന്ന അവസ്ഥ പലപ്പോഴുമുണ്ടാകുന്നു. വിദ്യാർത്ഥി സംഘടനാ പ്രവർത്തനംപോലും പല സ്ഥലങ്ങളിലും തടയുകയാണ്. വിദ്യാർത്ഥി സംഘടനാ പ്രവർത്തനത്തിനും അതിന്റേതായ ന്യൂനതകളുണ്ട്. സംഘടനാ പ്രവർത്തനം അനുവദിക്കുന്ന സ്ഥലങ്ങളിൽ ചില സംഘടനകൾ മറ്റു വിദ്യാർത്ഥി സംഘടനകളെ പ്രവർത്തിക്കാൻ അനുവദിക്കുന്നില്ല. അവർ ഏകപക്ഷീയമായ പ്രവർത്തനങ്ങൾ കൊണ്ടുവരുന്നു. മറ്റുള്ള വിദ്യാർത്ഥി സംഘടനകൾ പ്രവർത്തിക്കുമ്പോൾ അവരെ ക്രൂരമായി ആക്രമിക്കുകയും സംഘടനാ സ്വാതന്ത്ര്യം നിഷേധിക്കുകയും ചെയ്യുകയാണ്. മറ്റേതെങ്കിലും വിദ്യാർത്ഥി സംഘടനകൾ പ്രവർത്തിക്കാനായി മുന്നോട്ട് വന്നാൽ അവർക്ക് ക്യാമ്പസിൽപ്പോലും കടന്നു വരാൻ കഴിയാത്ത സാഹചര്യമുണ്ടാക്കുന്നു. ജനാധിപത്യത്തെക്കുറിച്ചും സ്വാതന്ത്ര്യത്തെ കുറിച്ചും കുട്ടികൾക്ക് ഉദാത്തമായ സങ്കൽപ്പങ്ങളുണ്ടാകേണ്ടത് പഠനകാലത്താണ്. അവർക്ക് പ്രവർത്തന സ്വാതന്ത്ര്യമില്ല, സംഘടനാ സ്വാതന്ത്ര്യമില്ല, വ്യക്തിപരമായ അഭിപ്രായം പ്രകടിപ്പിക്കാൻപോലുമുള്ള സ്വാതന്ത്ര്യം ഇന്ന് ക്യാമ്പസുകളിലില്ല. ക്യാമ്പസുകളിലുണ്ടാകുന്ന അമിതമായ അക്രമം കുട്ടികളെ അരാഷ്ട്രീയവാദികളാക്കുമെന്ന് നമ്മൾ ഭയപ്പെടേണ്ടിയിരിക്കുന്നു. വലിയ അതിക്രമങ്ങളാണ് ക്യാമ്പസുകളിൽ നടക്കുന്നത്. പണ്ടുകാലത്ത് ഒരു പുസ്തകമോ, കവിതയോ, നോവലോ പുറത്തിറങ്ങിയാൽ അവ ആദ്യം വായിക്കുന്നത് ക്യാമ്പസിലെ വിദ്യാർത്ഥി നേതാക്കളായിരുന്നു. വിദ്യാർത്ഥി നേതാക്കളുടെ കൈകളിലായിരുന്നു പുസ്തകങ്ങൾ. പക്ഷേ ദൗർഭാഗ്യവശാൽ ഇന്ന്

അവരിൽ പലരുടേയും കൈകളിൽ പുസ്തകങ്ങളല്ല ഉള്ളത്. എല്ലാവരുടേയും എന്ന് ഞാൻ പറയുന്നില്ല, പലരും കൈകളിൽ ആയുധങ്ങളുമായിട്ടാണ് ക്യാമ്പസുകളിൽ വരുന്നത്. വർദ്ധിച്ചുവരുന്ന ഈ അരാഷ്ട്രീയവാദത്തെ നാം ഗൗരവമായി കാണണം. വർഗ്ഗീയവാദികൾക്കും ദേശദ്രോഹികൾക്കും ലഹരിമരുന്ന് മാഫിയകൾക്കും ക്യാമ്പസുകളിൽ ഇടമുണ്ടാക്കി കൊടുക്കുകയാണെന്ന സത്യം നാം വിസ്മരിക്കരുത്. സംഘടനാ പ്രവർത്തനം നടത്താൻ അനുവദിക്കാത്തതിന്റെ ഫലമായി പുറത്തുവരുന്നത് വർഗ്ഗീയ വാദികളാണ്. അവരെ എല്ലാവർക്കും ഭയമുണ്ട്. ലഹരിമരുന്ന് മാഫിയകൾ എല്ലാ സ്കൂളുകളിലും കോളേജുകളിലും പിടിമുറുക്കിയിരിക്കുകയാണ്. ലഹരിമരുന്ന് മാഫിയകൾ ഒരു കാലഘട്ടത്തിൽ നല്ല രീതിയിൽ വിദ്യാർത്ഥി സംഘടനാ പ്രവർത്തനങ്ങൾ നടക്കുന്ന ക്യാമ്പസുകളിൽ കടക്കാൻ മടിച്ചിരുന്നു. മെയിൻ സ്ട്രീമിൽ നിൽക്കാൻ കഴിയാത്ത കുട്ടികൾക്ക്, വിദ്യാർത്ഥി സംഘടനാ പ്രവർത്തനം നടത്താൻ കഴിയാത്ത, പാഠ്യേതര പ്രവർത്തനങ്ങൾ നടത്താൻ സ്വാതന്ത്ര്യമില്ലാത്ത കുട്ടികൾ പതിയെ ലഹരി മരുന്നിലേയ്ക്കും മറ്റ് അഭയകേന്ദ്രങ്ങളിലേയ്ക്കും പിന്നോക്കം പോകുന്ന അവസ്ഥയാണുള്ളത്. വർദ്ധിച്ചുവരുന്ന റാഗിംഗിനെതിരെ അതിശക്തമായ പ്രതിഷേധം കേരളത്തിലുണ്ടെങ്കിലും അത് ക്യാമ്പസ്സുകളിൽ വർദ്ധിച്ചുവരികയാണ്. തമാശയായി തുടങ്ങുന്ന റാഗിംഗ് ഗൗരവതരമാകുകയും പല കുട്ടികളുടേയും ഭാവി നശിപ്പിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷം സംജാതമാകുകയും ചെയ്യുന്നു. അതുപോലെ അസഹിഷ്ണുതയെന്ന വാക്ക് നമ്മൾ ഉപയോഗിക്കുന്നത് വർഗ്ഗീയതക്കെതിരായും കേന്ദ്രം ഭരിക്കുന്ന ശ്രീ. നരേന്ദ്ര മോദി ഗവൺമെന്റിനെതിരായിട്ടുമായിരിക്കണം. അസഹിഷ്ണുത അല്ലാതെയും നമ്മുടെ ക്യാമ്പസുകളിൽ ഉണ്ടാകുന്നുണ്ട്. യൂണിവേഴ്സിറ്റി കോളേജ് ക്യാമ്പസിൽ ആൺകുട്ടിയും പെൺകുട്ടിയും സംസാരിച്ചതിന്റെ പേരിൽ ആൺകുട്ടി ക്രൂരമായ മർദ്ദനത്തിനിരയായത് അസഹിഷ്ണുതയല്ലേ? മംഗലാപുരത്ത് സംഘപരിവാറിന്റെ ശ്രീരാമസേനയെന്ന സംഘടനയുണ്ട്. ആൺകുട്ടികളും പെൺകുട്ടികളും ഒരുമിച്ച് സംസാരിച്ചാൽ ബസ്സിൽനിന്നും ഇറക്കി അവരെ ക്രൂരമായി മർദ്ദിക്കും. അവിടത്തെ ശ്രീരാമസേന ചെയ്യുന്ന അതേപണിയല്ലേ തിരുവനന്തപുരത്ത് യൂണിവേഴ്സിറ്റി കോളേജിൽ ആൺകുട്ടിയും പെൺകുട്ടിയും സംസാരിച്ചതിന്റെ പേരിൽ ഒരുകൂട്ടം വിദ്യാർത്ഥികൾ ചെയ്തത്. മഹാരാജാസ് കോളേജിൽ പ്രിൻസിപ്പാളിന്റെ കസേര കത്തിച്ചതും അസഹിഷ്ണുതയുടെ ഭാഗമാണ്. ജനാധിപത്യത്തെക്കുറിച്ച് ഉദാത്തമായ ധാരണയുള്ള ഏതെങ്കിലും വിദ്യാർത്ഥികളോ വിദ്യാർത്ഥി സംഘടനകളോ ഇത് ചെയ്യുമോ? വിക്ടോറിയ കോളേജിലെ ദളിത് വിഭാഗക്കാരിയായ പ്രിൻസിപ്പാളിന് ശവമാടം ഒരുക്കിക്കൊടുത്തത് ആർട്ട് ഇൻസ്റ്റലേഷനാണെന്ന് വേണമെങ്കിൽ പറയാം. പക്ഷേ അതും അസഹിഷ്ണുതയല്ലേ; അതുകൊണ്ട് നമ്മുടെ കുഞ്ഞുങ്ങളെ നമുക്ക്

കൊലയ്ക്ക് കൊടുക്കുവാൻ കഴിയുമോ? ഒന്നുംരണ്ടും കുട്ടികളുള്ള കുടുംബത്തിൽ നിന്നാണ് കുട്ടികൾ പോകുന്നത്. ജിഷ്ണു പ്രണോയ് എന്നുപറയുന്നത് ഒരാളല്ല; ആ കുട്ടിയുടെ മരണവാർത്ത കേൾക്കുമ്പോൾ നമ്മുടെ കുഞ്ഞുങ്ങളോട് ആ പേര് ചേർത്ത് വയ്ക്കണം. ഞാൻ എന്റെ മകളുടെ പേരിനോടൊപ്പമാണ് ആ പേര് ചേർത്ത് വച്ചത്. ഇവിടെയെല്ലാവരുടേയും കുടുംബത്തിന്റെ സ്വപ്നങ്ങളുമായിട്ടാണ് കുട്ടികൾ പഠിക്കാൻ പോകുന്നത്. ആ കുട്ടി അവിടെ മരിക്കാനുള്ള സാഹചര്യമുണ്ടായെങ്കിൽ എല്ലാ കുടുംബങ്ങളിലും ഈയൊരു ഉൽക്കണ്ഠ വ്യാപകമായി ഉണ്ടാകുന്നു. ഇടത്തട്ടുകാരില്ലാതെ നേരിട്ട് കുട്ടികൾക്ക് എല്ലാതരത്തിലുള്ള പരാതികളും നൽകാൻ കഴിയുന്ന സ്റ്റാറ്റ്യൂട്ടറി അധികാരങ്ങളുള്ള ഒരു സംവിധാനം വേണം. നിയമനിർമ്മാണം നടത്തി, സ്റ്റാറ്റ്യൂട്ടറി അധികാരങ്ങളുള്ള, ഒരു സ്റ്റുഡന്റ് വെൽഫെയർ കമ്മീഷൻ രൂപീകരിക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെടുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : സർ, ശ്രീ. വി. ഡി. സതീശൻ ഇവിടെ അവതരിപ്പിച്ച നമ്മളെയെല്ലാം വേദനിപ്പിക്കുന്ന ഈ വിഷയം സംസ്ഥാന സർക്കാർ വളരെ പ്രാധാന്യത്തോടും ഗൗരവത്തോടുമാണ് കാണുന്നത്. വർഷങ്ങളായി വളർന്നുവരുന്ന ആ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ സ്വീകരിച്ച ചില കാര്യങ്ങളെക്കുറിച്ച് ഞാനിവിടെ സൂചിപ്പിക്കാം. ഇതെല്ലാം ഇല്ലാതാക്കുന്നതിന് മുൻകരുതൽ നടപടിയെന്ന നിലയ്ക്ക് ചെയ്യുന്ന കാര്യങ്ങൾ എല്ലാവരും മനസ്സിലാക്കി പൂർണ്ണമായും വിജയിപ്പിക്കണമെന്ന ഒരഭ്യർത്ഥനയാണ് എനിക്കുള്ളത്. സംസ്ഥാനത്തെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് സർവ്വകലാശാലകൾ, യു.ജി.സി, എ.ഐ.സി.ടി.ഇ., കൗൺസിൽ ഓഫ് ആർക്കിടെക്ച്ചർ, മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ എന്നിവയുടെ മാനദണ്ഡങ്ങൾ നിലവിലുണ്ട്. എന്നാലും ഈ മേഖലയിൽ ചില പ്രശ്നങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ആ വിഷയങ്ങളാണ് അദ്ദേഹം പറഞ്ഞത്. ഈ കാര്യങ്ങൾ പരിശോധിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി വൈസ് ചാൻസിലർമാരുടെ ഒരു യോഗം വിളിച്ചുചേർത്തിരുന്നു. പ്രസ്തുത യോഗം ഇന്റേണൽ അസസ്മെന്റ് തുടങ്ങി പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കുന്നതിന് വൈസ്ചാൻസിലർ മാത്രം അടങ്ങുന്ന ഒരു സമിതിയും ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതടക്കമുള്ള വിഷയങ്ങൾ സമഗ്രമായി പരിശോധിച്ച് സർക്കാരിനാവശ്യമായ നിർദ്ദേശം സമർപ്പിക്കുന്നതിന് ജസ്റ്റിസ് കെ. കെ. ദിനേശന്റെ നേതൃത്വത്തിൽ ഒരു കമ്മീഷനും രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മീഷനോട് സ്വാശ്രയ മേഖലയിൽ നിലനിൽക്കുന്ന എല്ലാ പ്രശ്നങ്ങളും പരിശോധിച്ച് സർക്കാരിന് പരിഹാരമാർഗ്ഗങ്ങൾ നൽകുവാനാണ്

നിർദ്ദേശിച്ചിട്ടുള്ളത്. അതുപോലെ ഇന്റേണൽ അസസ്മെന്റിനെ സംബന്ധിച്ച് ജസ്റ്റിസ് കെ. കെ. ദിനേശൻ കമ്മീഷന് റിപ്പോർട്ട് നൽകുന്നതിനുവേണ്ടി 3-2-2017-ലെ സർക്കാർ ഉത്തരവുപ്രകാരം എം. ജി. സർവ്വകലാശാല വൈസ് ചാൻസിലർ കൺവീനറായി ഒരു കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട് (ഇന്റേണൽ അസസ്മെന്റിനെക്കുറിച്ചുള്ള പ്രാഥമിക പഠനം) 4-2-2017-ലെ സർക്കാർ ഉത്തരവുപ്രകാരം ജസ്റ്റിസ് കെ. കെ. ദിനേശൻ ചെയർമാനും ഡോ. കെ. കെ. എൻ. കുറുപ്പ്, ഡോ. ആർ.വി.ജി. മേനോൻ എന്നിവർ അംഗങ്ങളുമായ ഒരു കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ എ.ഐ.സി.ടി.ഇ. നിർദ്ദേശപ്രകാരം ഓംബുഡ്സ്മാനെ നിയമിക്കാനുള്ള എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയുടെ നിർദ്ദേശവും സർക്കാർ പരിഗണിച്ചുവരുന്നു. എല്ലാ സ്വാശ്രയ കോളേജുകളിലും പി.ടി.എ. രൂപീകരിക്കാനും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഈ മേഖലയിൽ പ്രശ്നങ്ങളുണ്ടായപ്പോഴെല്ലാം ശക്തമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. നിയമിക്കപ്പെട്ട കമ്മിറ്റികളുടെ റിപ്പോർട്ട് ലഭിച്ചാലുടൻ സ്വീകരിക്കേണ്ട തുടർനടപടികൾ സർക്കാർ ഗൗരവപൂർവ്വം പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. സ്വാശ്രയ രംഗത്തെ പ്രശ്നങ്ങളും ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ വെളിച്ചത്തിൽ അടുത്ത അദ്ധ്യയന വർഷത്തിൽ മെഡിക്കൽ, ദന്തൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം സംബന്ധിച്ച് പ്രത്യേക സർവ്വകക്ഷി യോഗം ചേരണമെന്ന പ്രതിപക്ഷമുൾപ്പെടെയുള്ള രാഷ്ട്രീയ കക്ഷികളുടെ അഭിപ്രായവും കണക്കിലെടുത്ത് അടുത്തുതന്നെ സർവ്വകക്ഷി യോഗം ചേർന്ന് ഇക്കാര്യങ്ങൾ പരിശോധിക്കുന്നതാണ്. യുവജന കമ്മീഷൻ രൂപീകരിച്ചപ്പോൾ അതിൽത്തന്നെ സ്റ്റുഡന്റ്സ് വെൽഫെയർ എന്ന ആശയം വളരെ വ്യക്തമായി സൂചിപ്പിച്ചിട്ടുള്ളതാണ്. ബഹുമാനപ്പെട്ട സ്പീക്കർതന്നെ യുവജന കമ്മീഷൻ രൂപീകരിക്കുന്നതിൽ കാര്യമായി ഇടപെട്ട ഒരാളാണെന്ന് നമുക്ക് മനസ്സിലാകും. അത്തരത്തിലുള്ള ചില കമ്മീഷനുകൾ നിലനിൽക്കുന്ന സാഹചര്യത്തിൽ സ്റ്റുഡന്റ്സ് വെൽഫെയർ എന്നുള്ളത് ആ കമ്മീഷനിലൂടെതന്നെ ശക്തമാക്കി കൊണ്ടുവരണമോയെന്ന കാര്യവും പരിശോധിക്കേണ്ടതാണ്. ഏതായാലും ഒന്നിലധികം കമ്മീഷനുകൾ വരിക എന്നതിനപ്പുറം ഈ പ്രശ്നങ്ങൾ പരിഹരിക്കത്തക്ക രീതിയിൽ മൂർത്തമായിട്ടുള്ള ഒന്നുരണ്ട് പ്രധാന കമ്മീഷനുകളുടെ പ്രവർത്തനത്തിലൂടെ ഈ പ്രശ്നങ്ങൾ പരിഹരിക്കത്തക്ക രീതിയിലുള്ള നിർദ്ദേശങ്ങളുണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണ്. ആ നിർദ്ദേശങ്ങളെത്തുടർന്ന് വളരെ കൃത്യതയോടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ശക്തമായ നിലപാട് സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകും. ഒരു പൊതു പ്രശ്നമെന്ന നിലയിൽ അങ്ങ് അവതരിപ്പിച്ചതുപോലെതന്നെ പൊതു സമവായം ഇക്കാര്യത്തിലുണ്ടാക്കി വിദ്യാഭ്യാസ രംഗത്ത് നിലനിൽക്കുന്ന അപകടകരമായ ഇത്തരം പ്രവണതകൾ ഇല്ലാതാക്കുന്നതിനുള്ള ഒരു ശ്രമം നടത്തുമെന്ന് ഞാൻ അറിയിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ സ്വാശ്രയകോളേജുകളുടെ മാത്രം കാര്യമല്ല പറഞ്ഞത്. കേരളത്തിലെ എല്ലാ ക്യാമ്പസുകളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങളാണ്. ഇപ്പോൾ ലാ അക്കാദമിയിൽ വിഷയമുണ്ടായി, നമ്മളതിനെ പലതരത്തിൽ പൊളിറ്റിക്കലൈസ് ചെയ്തു. ഇത് അതുപോലെ തീരുന്ന ഒരു പ്രശ്നമല്ല. പുതിയ ജനറേഷനുമായി ബന്ധപ്പെട്ട് ക്യാമ്പസിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വിഷയമാണ്. പലതരത്തിൽ ക്യാമ്പസുകളിൽ വേണ്ടാത്ത എലമെന്റ്സ് വന്നുകൊണ്ടിരിക്കുന്നു എന്നതാണ് ഇതിലെ ഗൗരവതരമായ കാര്യം. യുവജനകാര്യ കമ്മീഷനുംമറ്റും സ്റ്റാറ്റ്യൂട്ടറി പവറില്ല. അതൊക്കെ പേരിനുമാത്രം വച്ചിരിക്കുന്ന കമ്മീഷനുകളാണ്. ഇത്തരം കാര്യങ്ങളിൽ ഇടപെട്ട് തീരുമാനങ്ങളെടുക്കാൻ കഴിയുന്ന, സ്റ്റാറ്റ്യൂട്ടറി അധികാരങ്ങളുള്ള, പല്ലും നഖവുമുള്ള, ഒരു നിയമത്തിന്റെ പിൻബലത്തോടുകൂടി പ്രവർത്തിക്കുന്ന ഒരു സ്റ്റുഡന്റ്സ് വെൽഫയർ കമ്മീഷൻ രൂപീകരിക്കുന്നതിനാവശ്യമായ കാര്യങ്ങൾകൂടി സർക്കാരിന്റെ പരിഗണനയിൽ വയ്ക്കുമോ എന്നതാണ് എന്റെ ചോദ്യം?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ജസ്റ്റിസ് ദിനേശൻ കമ്മീഷൻ കേരളത്തിലെ പൊതുവായ എല്ലാ പ്രശ്നങ്ങളും പഠിക്കാൻ നിയോഗിക്കപ്പെട്ട കമ്മീഷനാണ്. ആ കമ്മീഷന്റെ നിർദ്ദേശമാണ് നമ്മൾ സ്വീകരിക്കുന്നത്. ആ നിർദ്ദേശത്തെക്കുറിച്ച് ഇപ്പോൾ പ്രത്യേകം പറയാൻ പാടില്ല. അത് പ്രവർത്തിച്ച് തുടങ്ങിയിരിക്കുന്നു. നേരത്തെ സൂചിപ്പിച്ചതുപോലെ സ്വാശ്രയ കോളേജുകളിലെ പ്രശ്നങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകി; കാരണം അവിടെയാണ് കൂടുതൽ പ്രശ്നങ്ങളുണ്ടായത്. മറ്റു കോളേജുകളിൽ പ്രശ്നങ്ങളുണ്ടെന്ന് നമുക്കറിയാം. അതുകൊണ്ട് ഇതുവരെ ഉണ്ടായിരുന്ന റിപ്പോർട്ടുകളും ജസ്റ്റിസ് ദിനേശൻ കമ്മീഷൻ റിപ്പോർട്ടുകളും വൈസ് ചാൻസിലർമാരുടെ റിപ്പോർട്ടുകളും ചേർത്തുവച്ച് ഏറ്റവും അനുയോജ്യമായ രീതിയിൽ കേരളത്തിലെ വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ പരിഹരിക്കത്തക്ക രീതിയിൽ ഒരു സംവിധാനമുണ്ടാക്കും.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, വിദ്യാഭ്യാസരംഗത്ത് ഇന്ന് രൂപംകൊള്ളുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു സ്റ്റാറ്റ്യൂട്ടറി കമ്മിറ്റി ആവശ്യമാണെന്ന ബഹുമാനപ്പെട്ട മെമ്പറുടെ ആവശ്യത്തിന്റെ വെളിച്ചത്തിൽ ബഹുമാനപ്പെട്ട ജസ്റ്റിസ് കെ.കെ. ദിനേശൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് ഗവൺമെന്റ് ഉചിതമായ തീരുമാനം എടുക്കുന്നതായിരിക്കും. അതിന് നിയമനിർമ്മാണം വേണമെങ്കിൽ അങ്ങനെയെടുക്കാം. അതല്ലാതെ ഒരു സ്റ്റാറ്റ്യൂട്ടറി അധികാരത്തോടുകൂടിയ കമ്മിറ്റി മതിയെങ്കിൽ അങ്ങനെയൊരു കമ്മിറ്റി രൂപീകരിക്കാം. കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയതിനുശേഷം ആ ദിശയിൽ ഗവൺമെന്റ് ചിന്തിക്കുന്നതായിരിക്കും.

## V സബ്മിഷൻ

### (1) ഫാ. ടോം ഉഴുന്നാലിലിന്റെ മോചനം

ശ്രീ. കെ. എം. മാണി : സർ, പാലാ നിയോജകമണ്ഡലത്തിൽ രാമപുരം പഞ്ചായത്ത് നിവാസിയായ ഫാദർ ടോം ഉഴുന്നാലിലിനെ യമനിലെ ഭീകരർ തട്ടിക്കൊണ്ടുപോയിട്ട് മാർച്ച് നാലിന് ഒരു വർഷം തികയുകയാണ്. സലേഷ്യൻ സഭാംഗമായ ഫാ. ടോം കഴിഞ്ഞ മൂന്ന് വർഷമായി യമനിലെ ഏദനിൽ ആതുര ശുശ്രൂഷ നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. ലോകാദരണീയരായ മദർ തെരേസയെയും ബാബാ ആംതെയെയും പോലെ അഗതികളെയും ആലംബഹീനരെയും രോഗികളെയുമൊക്കെ ശുശ്രൂഷിക്കുന്ന മഹത്തരമായ സമർപ്പിത സേവന രംഗത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കവേയാണ് ഐ.എസ്. ഭീകരർ അദ്ദേഹത്തെ തട്ടിക്കൊണ്ടുപോയത്. അദ്ദേഹത്തിന്റെ മോചനത്തിനുവേണ്ടി കുടുംബാംഗങ്ങളും നാട്ടുകാരും ഒന്നടങ്കം പ്രാർത്ഥനയിലാണ്. ഞാൻ അദ്ദേഹത്തിന്റെ ഭവനം പല തവണ സന്ദർശിച്ചു. അദ്ദേഹത്തിന്റെ മോചനത്തിനായി എം.പി.മാരും കേരളത്തിൽ നിന്നുള്ള മന്ത്രിമാരും കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തിയിട്ടും തട്ടിക്കൊണ്ടു പോയവരെ കണ്ടെത്തുവാനോ അവരുമായി ബന്ധപ്പെടാനോ ഉള്ള യാതൊരു നടപടിയും ഇതുവരെ ഉണ്ടായിട്ടില്ല എന്നുള്ളത് ഖേദകരമാണ്. ഇക്കഴിഞ്ഞ ക്രിസ്തുമസ് ദിനത്തിൽ അദ്ദേഹത്തിന്റെ ഒരു വീഡിയോദൃശ്യം കാണുകയുണ്ടായി. അദ്ദേഹം സങ്കടത്തോടെ പറഞ്ഞത് 'എന്നോടൊപ്പം തട്ടിക്കൊണ്ടുപോയ പലരെയും മോചിപ്പിക്കുകയുണ്ടായി, ഞാൻ മാത്രം മോചിപ്പിക്കപ്പെടാതെ ഭീകരവലയത്തിൽ കിടക്കുന്നു' എന്നാണ്. ഞാൻ ഒരു ഇന്ത്യക്കാരൻ ആയതുകൊണ്ടാണ് എനിക്ക് ഈ ഗതികേട് ഉണ്ടായതെന്നുവരെ പറഞ്ഞ് അദ്ദേഹം വിലപിക്കുകയുണ്ടായി. ഇത് നമുക്ക് അഭിമാനിക്കാവുന്ന ഒരു കാര്യമല്ല. ഇന്ത്യയ്ക്ക് യമനുമായി നയതന്ത്ര ബന്ധങ്ങൾ ഇല്ലെന്നതാണ് ഒരു പക്ഷേ അദ്ദേഹത്തിന്റെ മോചനത്തിന് തടസ്സമായി നിൽക്കുന്നതെന്ന് വേണമെങ്കിൽ വാദിക്കാം. യു.എൻ. പോലുള്ള അന്താരാഷ്ട്ര ഏജൻസിയുടെ സഹായം നേടുവാൻ ഇന്ത്യാ ഗവൺമെന്റ് മുന്നോട്ടുവരണം. ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് സഭ ഒരു പ്രമേയം പാസ്സാക്കുകയാണെങ്കിൽ പ്രമേയരൂപേണ നമുക്ക് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടാം. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകൈ എടുക്കണം. ഇതൊരു വലിയ വിഷയമായി ഏറ്റെടുക്കേണ്ടതായിട്ടുണ്ട് എന്നാണ് എന്റെ അഭ്യർത്ഥന. അതിനുള്ള സത്വര നടപടികൾ ഗവൺമെന്റ് സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, മിഷനറീസ് ഓഫ് ചാരിറ്റിയുടെ ഭാഗമായി ആതുര സേവന രംഗത്ത് പ്രവർത്തിച്ചുവന്ന മലയാളിയായ

വൈദികൻ ഫാ. ടോം ഉഴുന്നാലിലിനെ യമനിലെ ഏദൻ തുറമുഖത്തുവച്ച് 2016 മാർച്ച് 4-ാം തീയതി മിഷിനറീസ് ഓഫ് ചാരിറ്റിയുടെ അഗതി മന്ദിരം ആക്രമിച്ച് ഭീകരർ തട്ടിക്കൊണ്ടുപോകുകയുണ്ടായി. ആഭ്യന്തരകലാപം മൂർച്ഛിച്ചിരിക്കുന്ന യമനിൽ ഇന്ത്യൻ നയതന്ത്ര കാര്യാലയവുമായി സജീവമായി ഇടപെടുന്നതിന് സംസ്ഥാന സർക്കാരിന് ഒട്ടേറെ പരിമിതികളുണ്ട്. വിദേശരാജ്യങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങളിൽ സംസ്ഥാന സർക്കാരിന് നേരിട്ട് ഇടപെടാൻ സാധിക്കില്ല. ആയതിനാൽ ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ഫാ. ടോം ഉഴുന്നാലിലിനെ മോചിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയുമുണ്ടായി. കേന്ദ്ര വിദേശകാര്യവകുപ്പും പ്രസ്തുത രാജ്യത്തെ എംബസിയും മുഖേനയാണ് മോചനത്തിനായുള്ള പ്രവർത്തനം നടത്തിയത്. ഫാ. ടോം ഉഴുന്നാലിൽ ഭീകരരുടെ തടവിലാണെന്ന് കേന്ദ്ര സർക്കാർ സ്ഥിരീകരിച്ചിട്ടുണ്ട്. എന്നാൽ ഒളിവിൽ പാർപ്പിച്ചിരിക്കുന്ന സ്ഥലം ഇതുവരെ കണ്ടെത്താനായിട്ടില്ല. 25-4-2016-ൽ സംസ്ഥാന സർക്കാരിന് ലഭിച്ച നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ ഫാ. ടോം ഉഴുന്നാലിലിനെ മോചിപ്പിക്കാനാവശ്യമായ ഇടപെടൽ നടത്തണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ ഒരു മറുപടിയും ലഭിച്ചിട്ടില്ല. പനങ്ങാട് ഭാരതറാണി ഇടവകാംഗങ്ങൾ ഫാ. ടോം ഉഴുന്നാലിലിനെ മോചിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് 31-1-2017-ൽ സർക്കാരിന് നിവേദനം നൽകിയിരുന്നു. പ്രസ്തുത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഫാ. ടോം ഉഴുന്നാലിലിന്റെ മോചനം സംബന്ധിച്ച പുരോഗതി വിലയിരുത്തുന്നതിന് സംസ്ഥാന ഗവൺമെന്റ് കേന്ദ്രസർക്കാരുമായി കത്തിടപാടുകൾ നടത്തുകയുണ്ടായി. ഫാ. ടോം ഉഴുന്നാലിലിനെ മോചിപ്പിക്കാനാവശ്യമായ നടപടികൾ ത്വരിതപ്പെടുത്തണമെന്ന് യമനിലെ ഇന്ത്യൻ നയതന്ത്ര കാര്യാലയത്തോടും ആവശ്യപ്പെട്ടിട്ടുണ്ട്. ഫാ. ടോം ഉഴുന്നാലിലിന്റെ മോചനം ഉറപ്പിക്കുന്നതിനായി കൂടുതൽ ശ്രമങ്ങൾ സംസ്ഥാന ഗവൺമെന്റ് നടത്തുന്നതാണ്.

ശ്രീ. കെ. എം. മാണി : സർ, മുഖ്യമന്ത്രിയോ മന്ത്രിസഭയിലെ ഏതെങ്കിലും മന്ത്രിമാരോ പ്രധാനമന്ത്രിയെ കണ്ട് നിവേദനം നൽകണം. അല്ലെങ്കിൽ ഒരു സർവ്വകക്ഷി നിവേദക സംഘത്തെ ഡൽഹിയിലേക്ക് അയച്ചാലും മതിയാകും. ഇക്കാര്യം വളരെ ഗൗരവമായെടുക്കണം. കത്തിടപാടിൽ ഇതൊതുങ്ങി നിൽക്കാൻ പാടില്ല. നേരിട്ട് നമ്മുടെ വികാരം, നമ്മുടെ ആവശ്യം കേന്ദ്രഗവൺമെന്റിനെ അറിയിക്കണം. അതിനുള്ള നടപടി സ്വീകരിക്കാൻ തയ്യാറാകണം.

ശ്രീ. എ. കെ. ബാലൻ : ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താം.

11.00 AM]

## (2) ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡിന്റെ സംരക്ഷണം

ശ്രീ. വി. എസ്. അച്യുതാനന്ദൻ: സർ, എന്റെ മണ്ഡലത്തിലെ പുതുശ്ശേരി ഗ്രാമപഞ്ചായത്തിൽ കഞ്ചിക്കോട് പ്രവർത്തിച്ചുവരുന്ന ഇന്ത്യയിലെ മിനി നവരത്ന കമ്പനികളിൽ ഒന്നായ ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡിനെ സ്വകാര്യവൽക്കരിക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചിരിക്കുകയാണ്. ഇന്ത്യൻ പ്രതിരോധ മന്ത്രാലയത്തിന് കീഴിലുള്ള ഈ കമ്പനിയുടെ നാലാമത്തെ യൂണിറ്റ് 2010-ലാണ് കഞ്ചിക്കോട് സ്ഥാപിതമാകുന്നത്. കേരളത്തിൽ അന്ന് അധികാരത്തിലിരുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ കമ്പനി പ്രവർത്തിക്കുന്നതിനാവശ്യമായ 375 ഏക്കർ ഭൂമി ഏറ്റെടുത്തുകൊടുക്കുകയും അതിനുവേണ്ട പശ്ചാത്തല സൗകര്യമൊരുക്കി കൊടുക്കുകയും ചെയ്തിരുന്നു. ഇന്ത്യൻ കരസേനയുടെ നട്ടെല്ലായ ബി.ഇ.എം.എൽ. നാടിന്റെ അതിർത്തി സംരക്ഷിക്കുന്നതിനാവശ്യമായ യുദ്ധോപകരണങ്ങൾ സേനയ്ക്ക് എത്തിച്ചുകൊടുക്കുന്നതിലും മലനിരകളിലും മഞ്ഞ് മൂടിയ പ്രദേശങ്ങളിലും ഇന്ത്യൻ സേനയ്ക്ക് യാത്രയ്ക്ക് ഉപകരിക്കുന്ന സേനാവാഹനങ്ങളിൽ ഒന്നായ പെട്ടാടെക് നിർമ്മാണത്തിലും ഏർപ്പെട്ടിരിക്കുന്നു. കൂടാതെ, ഇന്ത്യൻ റെയിൽവേയ്ക്കാവശ്യമായ കോച്ചുകളുടെയും മെട്രോ കോച്ചുകളുടെയും നിർമ്മാണവും ഏറ്റെടുത്ത് ചെയ്യുന്നു. അത്യാധുനികമായ എർത്ത് മൂവേഴ്സിന്റെ നിർമ്മാണവും നടക്കുന്നു. ഇന്ത്യയുടെ കൽക്കരി ഖനികൾക്കും ഇരുമ്പയിര് ഖനികൾക്കും ഖനനത്തിനാവശ്യമായ അത്യാധുനിക യന്ത്രോപകരണങ്ങൾ നിർമ്മിച്ച് കൊടുക്കുന്നതും പ്രസ്തുത സ്ഥാപനമാണ്. മർമ്മ പ്രധാനമായ മിനി നവരത്ന പൊതുമേഖലാ സ്ഥാപനത്തിന്റെ ആകെ ആസ്തി ഏതാണ്ട് 56,000 കോടിരൂപ വരുമെന്നാണ് കണക്കുകൾ ചൂണ്ടിക്കാണിക്കുന്നത്. കഴിഞ്ഞ 20 വർഷത്തിനുള്ളിൽ കമ്പനിയുടെ പ്രവർത്തനങ്ങളിൽ 2321 കോടി രൂപയുടെ ലാഭമുണ്ടാക്കിയിട്ടുണ്ട്. നിലവിൽ 54 ശതമാനം ഓഹരി കേന്ദ്രസർക്കാരിന്റെ കൈവശമുള്ളതിൽ 26 ശതമാനം പിൻവലിക്കാനുള്ള നടപടികളിലേക്കാണ് കേന്ദ്രസർക്കാർ പോകുന്നത്. ഓഹരി മൂല്യം 4,000 കോടിരൂപ വരുന്ന ഒരു സ്ഥാപനമാണ് കേന്ദ്രസർക്കാർ വെറും 6,000 കോടി രൂപയ്ക്ക് സ്വകാര്യ കമ്പനികൾക്ക് വിൽക്കാൻ തീരുമാനിച്ചത്. ഇന്ത്യയിലുടനീളം 3036 ഏക്കർ സ്ഥലത്താണ് ബി.ഇ.എം.എൽ.-ന്റെ നാല് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. പാലക്കാട് യൂണിറ്റിൽനിന്ന് മാത്രം 6000-ത്തിൽപ്പരം മിലിട്ടറി ട്രക്കുകളും 240-ൽപ്പരം റെയിൽവേ കോച്ചുകളും നിർമ്മിച്ച് നൽകിയിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ ഇത്തരം സ്വകാര്യവൽക്കരണ നടപടികൾ വൻ സാമ്പത്തിക ക്രമക്കേടുകളും രാജ്യത്തിന് തീരാനഷ്ടവും വരുത്തിവയ്ക്കും. ഏതാണ്ട് 3000 തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടും. പാലക്കാട് യൂണിറ്റിൽ 500 പേർക്കാണ് തൊഴിൽ നഷ്ടപ്പെടാൻ പോകുന്നത്. ലാഭകരമായി പ്രവർത്തിക്കുന്ന

ഈ പൊതുമേഖലാ സ്ഥാപനത്തെ വിൽക്കൽ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തിനെതിരെ തൊഴിലാളികൾ സി.ഐ.ടി.യു.-ന്റെ നേതൃത്വത്തിൽ പ്രക്ഷോഭത്തിലാണ്. സംസ്ഥാനത്തിന്റെ വ്യവസായ ശൃംഖലയിൽ അഭിമാനമായി നിലനിൽക്കുന്ന ഇന്ത്യൻ കരസേനയുടെ നട്ടെല്ലായ ബി.ഇ.എം.എൽ.-നെ സ്വകാര്യ കമ്പനികൾക്ക് വിൽക്കാനുള്ള നടപടികളിൽനിന്നും പിന്മാറണമെന്നും ബി.ഇ.എം.എൽ. പൊതുമേഖലയിൽ നിലനിർത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും കേരള നിയമസഭ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, വളരെ ഗൗരവമായ ഒരു വിഷയമാണ് ബഹുമാനപ്പെട്ട വി. എസ്. അച്യുതാനന്ദൻ ഇവിടെ ഉന്നയിച്ചത്. കേന്ദ്ര പ്രതിരോധ വകുപ്പിനു കീഴിലുള്ള മിനി നവരത്ന കമ്പനികളിലൊന്നാണ് ബി.ഇ.എം.എൽ. പ്രസ്തുത പൊതുമേഖലാ സ്ഥാപനം 2010 മേയ് മാസം മുതലാണ് പ്രവർത്തനമാരംഭിച്ചത്. ഇതിനാവശ്യമായ ആയിരം ഏക്കർ ഭൂമി അനുവദിക്കണമെന്ന് കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിരുന്നു. നേരത്തെ സൂചിപ്പിച്ചതുപോലെ, 374.59 ഏക്കർ ഭൂമി കുറഞ്ഞ നിരക്കിൽ പാട്ടവ്യവസ്ഥയിൽ കിൻഫ്ര മുഖാന്തരം നൽകിയിരുന്നതാണ്. അതിൽ 170 ഏക്കർ ഭൂമി കമ്പനി വികസനാവശ്യങ്ങൾക്കുവേണ്ടി വിനിയോഗിച്ചിട്ടുണ്ട്. കമ്പനി ആവശ്യപ്പെടുന്ന മുറയ്ക്ക്, സർക്കാർ ബാക്കി 600 ഏക്കർ ഭൂമി കൂടി കിൻഫ്ര മുഖാന്തിരം നൽകാമെന്ന് സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. പ്രതിരോധ സേനയ്ക്കാവശ്യമായ രാജ്യസുരക്ഷാ ഉപകരണങ്ങളാണ് ഇവിടെ ഉൽപ്പാദിപ്പിക്കുന്നത്. കേന്ദ്രസർക്കാരിന്റെ നയം കേരളത്തിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ പ്രതിസന്ധിയിലാക്കിയതിന്റെ ഫലമായി നമ്മുടെ സംസ്ഥാനത്തും അതിന്റെ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ട്. പ്രധാനമായും ഇറക്കുമതി നയം, ഓഹരി വിറ്റഴിക്കൽ, നിക്ഷേപം കുറയ്ക്കൽ, അവഗണനാ മനോഭാവം തുടങ്ങിയവയെല്ലാം കേരളത്തിൽ പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപന ങ്ങളെയും തൊഴിലാളികളെയും വലിയ പ്രയാസത്തിലാക്കുന്നുണ്ട്. മഹാരാഷ്ട്രയിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ 16 ശതമാനത്തിലധികം നിക്ഷേപം നടത്തുമ്പോൾ കേരളത്തിൽ അത് വെറും 1.43 ശതമാനം മാത്രമാണ്. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എച്ച്.ഒ.സി.എൽ. ബി.ഐ.എഫ്.ആർ.-ൽ (ബോർഡ് ഫോർ ഇൻഡസ്ട്രിയൽ ഫിനാൻഷ്യൽ റീ-കൺസ്ട്രക്ഷൻ) ഉൾപ്പെടുത്തി അടച്ചുപൂട്ടാൻ തീരുമാനിച്ചതാണ്. സംസ്ഥാന സർക്കാരും എം.പി.മാരും അതിശക്തമായ ഇടപെടലുകൾ നടത്തിയതിനെത്തുടർന്നാണ് ഇപ്പോൾ ആ സ്ഥാപനത്തെ പൊതുമേഖലയിൽ നിലനിർത്താനുള്ള തീരുമാനമുണ്ടായത്. ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ രാജസ്ഥാനിലുള്ള ഒരു യൂണിറ്റ് നഷ്ടത്തിലാണെന്ന് പറഞ്ഞാണ് പാലക്കാടുള്ള കഞ്ചിക്കോട് യൂണിറ്റ് പൂട്ടാൻ തീരുമാനിച്ചത്. സംസ്ഥാന സർക്കാർ ആ സ്ഥാപനം ഏറ്റെടുക്കാൻ

തീരുമാനിച്ചിരിക്കുകയാണ്. അവിടെ സാമ്പത്തിക ബാധ്യത ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ ചർച്ചകൾ നടന്നുകൊണ്ടിരിക്കുന്നു. ഇതൊക്കെയാണ് കേരളത്തിലുള്ള കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥിതി. കഴിഞ്ഞ ദിവസം എച്ച്.എൻ.എൽ.-നെ സംബന്ധിച്ച് ഇവിടെ ചർച്ച നടത്തുകയുണ്ടായി. നിക്ഷേപങ്ങൾ കൊണ്ടുവരുന്നതിൽ അല്ലെങ്കിൽ സംസ്ഥാനത്തേക്ക് അനുവദിക്കുന്നതിൽ അവഗണനാപരമായൊരു സമീപനം നിലനിൽക്കുന്നതിനു പുറമേയാണ് സ്വകാര്യവൽക്കരണ നടപടികൾ. ഇപ്പോൾ ഗൗരവമായൊരു പ്രശ്നംകൂടി വരികയാണ്. ഒരു ജോയിന്റ് വെഞ്ച്വർ കമ്പനിയാണ് അങ്കമാലിയിലെ 'ടെൽക്'. പ്രസ്തുത സ്ഥാപനം ജോയിന്റ് വെഞ്ച്വർ കമ്പനിയായി പ്രവർത്തനമാരംഭിച്ചതിനുശേഷം 44 ശതമാനം ഓഹരി അവർക്കുണ്ടെങ്കിലും ഈ കാലത്തിനിടയ്ക്ക് അവരുടെ ഭാഗത്തുനിന്ന് ഒരു നിക്ഷേപവും ഉണ്ടായിട്ടില്ല. ഇപ്പോൾ അവർ പിൻവാങ്ങാൻ നിൽക്കുന്നുവെന്നാണ് പറയുന്നത്. തീർച്ചയായും, വളരെ ഗൗരവമേറിയൊരു സാഹചര്യമാണ് ഇപ്പോൾ പൊതുമേഖലാ സ്ഥാപനങ്ങളെ ബാധിച്ചിരിക്കുന്നത്. രാജ്യരക്ഷയെ ബാധിക്കുന്ന, യന്ത്ര സാമഗ്രികൾ ഉണ്ടാക്കുന്ന മേഖല ഉൾപ്പെടെ സ്വകാര്യവൽക്കരണം നടത്താനാണ് കേന്ദ്രസർക്കാർ ശ്രമിക്കുന്നത്. സഖാവ് വി. എസ്. അച്യുതാനന്ദൻ ഉന്നയിച്ച ഈ വികാരത്തോട് സഭ ഐകകണ്ഠ്യേനയുള്ള നിലപാട് സ്വീകരിക്കണം. അദ്ദേഹം ഉന്നയിച്ച ഈ ആവശ്യം അംഗീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. വിറ്റഴിക്കൽ നടപടികൾക്കെതിരെ സംസ്ഥാന സർക്കാർ അതിശക്തമായ നിലപാടുകളുമായി കേന്ദ്രസർക്കാരിനെയും എം.പി. മാരെയും സമീപിക്കുന്നതാണ്. കേരളത്തെ ബാധിക്കുന്ന ഗൗരവമായൊരു വിഷയമായതുകൊണ്ട് ഒരു പൊതു അഭിപ്രായവും യോജിപ്പും ഇക്കാര്യത്തിൽ ഉണ്ടാകണമെന്ന അദ്ദേഹത്തിന്റെ അഭിപ്രായത്തെ സംസ്ഥാന സർക്കാർ ശരിവയ്ക്കുകയാണ്.

### (3) കർഷക പെൻഷൻ വിതരണം

ശ്രീ. പി. സി. ജോർജ്: സർ, ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നന്ദിപ്രമേയത്തിനുള്ള മറുപടിയിൽ കേരളത്തിലെ കർഷകർക്കുവേണ്ടി ചെയ്യാൻ ഉദ്ദേശിക്കുന്ന കാര്യങ്ങളെക്കുറിച്ചുള്ള പ്രസ്താവന വളരെ സ്വാഗതാർഹമായിട്ടാണ് എനിക്ക് തോന്നിയത്. കർഷകരെ മാത്രമല്ല, വരുന്ന തലമുറയെ കൂടി കാർഷിക മേഖലയിൽ ആഭിമുഖ്യമുള്ളവരാക്കി മാറ്റാനുള്ള നടപടി സ്വീകരിക്കുമെന്നാണ് അദ്ദേഹം പറഞ്ഞത്. കൃഷിക്കാരെ ഇത്രമാത്രം സ്നേഹിക്കുന്നൊരു കൃഷി വകുപ്പുമന്ത്രി കേരളത്തിൽ അടുത്ത കാലത്തൊന്നും ഉണ്ടായിട്ടില്ല എന്നാണ് എന്റെ അഭിപ്രായം. മെത്രാൻ കായലിൽ കൃഷിയിറക്കിയത് കൊയ്യാൻ 11-ാം തീയതി മന്ത്രി പോകുകയാണെന്നറിഞ്ഞതിൽ സന്തോഷമുണ്ട്. എന്നാൽ നിങ്ങൾക്ക് കർഷകരോട് സ്നേഹമുണ്ടോ; കർഷകർക്ക് പെൻഷൻ കൊടുത്തിട്ട് പതിമൂന്ന് മാസമായി. ബാക്കി

എല്ലാവരുടെയും പെൻഷൻ കൊടുക്കാമെങ്കിൽ എന്തുകൊണ്ടാണ് കർഷകരുടെ പെൻഷൻ മാത്രം കൊടുക്കാത്തത്? മുഖ്യമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും ഇത്രമാത്രം ആത്മാർത്ഥത കർഷകരോട് പുലർത്തുന്നുവെന്ന് പറഞ്ഞിട്ട്, 600 രൂപയായിരുന്ന പെൻഷൻ തുക 1,000 രൂപയാക്കി വർദ്ധിപ്പിച്ചത് കൊടുക്കാത്തതിൽ എന്ത് ന്യായമാണുള്ളത്? ഇപ്പോഴുള്ള സർക്കാർ മാത്രമല്ല വരുന്ന സർക്കാരും പോയ സർക്കാരുമെല്ലാം സംഘടിത വിഭാഗങ്ങളുടെ നീരാളിപ്പിടുത്തത്തിലമർന്ന് കഴിഞ്ഞിരിക്കുന്നു. ഉത്തരവാദപ്പെട്ട രാഷ്ട്രീയ പ്രസ്ഥാനങ്ങൾ സംഘടിത വിഭാഗങ്ങളെ സംതൃപ്തിപ്പെടുത്താൻ താൽപ്പര്യമുള്ളവരാണ്. എന്തിനാണ് ഇത് കൊടുക്കാതെ മാറ്റിവച്ചിരിക്കുന്നത്? പെൻഷൻ കൊടുക്കണമെങ്കിൽ കർഷകൻ പത്തുകൊല്ലം കാർഷികവൃത്തി ചെയ്തുവെന്നുള്ള സർട്ടിഫിക്കറ്റ് വില്ലേജ് ഓഫീസർ കൊടുക്കണമെന്ന് പറയുന്നു. ഇവിടെ ഏതെങ്കിലും വില്ലേജ് ഓഫീസർക്കോ, വില്ലേജ് അസിസ്റ്റന്റിനോ പെൻഷൻ വാങ്ങാൻ പത്തുവർഷം എവിടെയെങ്കിലും ജോലി ചെയ്തതിന്റെ സർട്ടിഫിക്കറ്റ് കൊടുക്കണോ; ഏതെങ്കിലും ഒരു ഉദ്യോഗസ്ഥൻ പത്തുകൊല്ലം ഇന്ന ഓഫീസിൽ ജോലി ചെയ്താൽ മാത്രമേ പെൻഷൻ കൊടുക്കുകയുള്ളുവെന്ന് നിയമമൊന്നും ഇല്ലല്ലോ; എന്തുകൊണ്ടാണ് കൃഷിക്കാർക്ക് മാത്രം ഈ നിയമം കൊണ്ടുവന്നത്? രണ്ട് ഹെക്ടർ ഭൂമിയും, 60 വയസ്സുമാണെങ്കിൽ എല്ലാവർക്കും പെൻഷൻ എന്ന് പറഞ്ഞു. അങ്ങനെയാണെങ്കിൽ രണ്ട് ഹെക്ടർ ഭൂമിയുണ്ടോയെന്ന് പരിശോധിച്ചാൽ പോരേ? ബുദ്ധിമുട്ടി കൂടുതൽ വരുമാനമുണ്ടാക്കിയാൽ, അവന് പെൻഷനില്ലെന്ന് പറയേണ്ട കാര്യമെന്താണ്? ഉദ്യോഗസ്ഥരാണെങ്കിൽ മിനിമം പതിനായിരം രൂപ പെൻഷൻ ലഭിക്കും. കർഷകർക്ക് ആയിരം രൂപ കൊടുത്തിട്ട് അതിന് ഇങ്ങനെ നിയന്ത്രണം കൊണ്ടുവരുന്നത് മര്യാദയാണോ? ബഹുമാനപ്പെട്ട വി. എസ്. സുനിൽ കുമാർ കർഷകരെ സ്നേഹിക്കുന്ന ആളാണെന്നുള്ള കാര്യം എനിക്കറിയാം. നിർബന്ധമായും ഈ നിയമങ്ങൾ മാറ്റി കർഷകർക്ക് ആയിരം രൂപ പെൻഷൻ ഉടൻ കൊടുക്കണം. ഇപ്പോൾ പതിമൂന്ന് മാസത്തെ കുടിശ്ശികയുണ്ട്. അത് ഒരുകാരണവശാലും അംഗീകരിക്കാൻ പറ്റുന്നതല്ല. കർഷകർക്ക് പെൻഷൻ കൊടുക്കാനുള്ള നടപടി ഉടൻ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യങ്ങൾ ശരിയാണ്. അദ്ദേഹത്തിന്റെ കർഷക സ്നേഹത്തെ ഞാൻ പ്രത്യേകം സ്വാഗതം ചെയ്യുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് രണ്ട് ഹെക്ടർ കൃഷി ഭൂമിയുള്ള 60 വയസ് തികഞ്ഞ എല്ലാവർക്കും പെൻഷൻ കൊടുക്കാൻ തീരുമാനിച്ചു. അതിന് പ്രത്യേകിച്ച് മാനദണ്ഡമൊന്നും ഉണ്ടായിരുന്നില്ല. എന്നാൽ അന്ന് ബഡ്ജറ്റിൽ വകയിരുത്തിയത് 113 കോടി രൂപ മാത്രമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ മറ്റ് പെൻഷൻ കുടിശ്ശികകൾ കൊടുത്തു തീർക്കുന്നതിനുമുമ്പ് കൃഷി വകുപ്പ് 113 കോടി രൂപയും പെൻഷൻ ഇനത്തിൽ നൽകി.

മാത്രമല്ല, എല്ലാ പെൻഷനും ആയിരം രൂപയാക്കി വർദ്ധിപ്പിച്ചപ്പോൾ കർഷക പെൻഷനും ആയിരം രൂപയാക്കി വർദ്ധിപ്പിക്കാൻ തീരുമാനിക്കുകയും അഡീഷണൽ ആതറൈസേഷൻ വഴി ജൂൺ മാസത്തെ പെൻഷൻ ആയിരം രൂപ കൊടുക്കുകയും ചെയ്തു. ഞാൻ ഇതുസംബന്ധിച്ച മറ്റ് വിശദാംശങ്ങൾ പറയാം. കാർഷികോല്പാദനം മെച്ചപ്പെടുത്തുന്നതോടൊപ്പം കർഷക സുരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി 60 വയസ് തികഞ്ഞ കർഷകർക്ക് ആശ്വാസമായി 'കിസാൻ അഭിമാൻ' എന്ന പേരിൽ പെൻഷൻ പദ്ധതിക്ക് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ രൂപം നൽകിയിരുന്നു. ഏറ്റവും കുറഞ്ഞത് 10 വർഷമെങ്കിലും കൃഷി മുഖ്യ ഉപജീവന മാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള 60 വയസ് തികഞ്ഞ നെൽ കർഷകർക്കാണ് കർഷക പെൻഷൻ നൽകിയിരുന്നത്. എന്നാൽ കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ പ്രസ്തുത പദ്ധതി പുനരവലോകനം ചെയ്ത് രണ്ട് ഹെക്ടർ വരെ കൃഷി ഭൂമിയുള്ള 60 വയസ് തികഞ്ഞ എല്ലാ കർഷകർക്കും പെൻഷൻ നൽകാൻ തീരുമാനിച്ചു. കഴിഞ്ഞ സർക്കാർ 2015 ആഗസ്റ്റ് മാസം മുതൽ നൽകാനുണ്ടായിരുന്ന കുടിശ്ശികയിൽ 115.81 കോടി രൂപ ഈ സർക്കാർ അധികാരത്തിൽ വന്ന ഉടൻതന്നെ നൽകി. എല്ലാ സാമൂഹ്യ സുരക്ഷാ പെൻഷനുകളും പ്രതിമാസ തുക ആയിരം രൂപയാക്കാൻ ഈ സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 1-6-2016 മുതൽ കർഷക പെൻഷനും 600 രൂപയിൽനിന്ന് 1000 രൂപയാക്കി വർദ്ധിപ്പിച്ചു. വർദ്ധിപ്പിച്ച നിരക്കിൽ 2016 ജൂൺ മാസത്തെ കർഷക പെൻഷൻ 35.6 കോടി രൂപ ഈ ഗവൺമെന്റ് നൽകുകയും ചെയ്തു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുൻസർക്കാർ നൽകാനുണ്ടായിരുന്ന കുടിശ്ശികയുൾപ്പെടെ 151.41 കോടി രൂപ നൽകിയിട്ടുണ്ട്. പെൻഷൻ മാനദണ്ഡം നിശ്ചയിക്കുന്ന ലിസ്റ്റ് തയ്യാറാക്കുന്നതിൽ ധാരാളം അപാകതകളുള്ളതായും നിരവധി അനർഹരായ ആളുകൾ പെൻഷൻ വാങ്ങുന്നതായും ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ധനവകുപ്പിന്റെ നിർദ്ദേശാനുസരണം വിശദമായ പരിശോധന നടത്തിയിരുന്നു. കർഷക പെൻഷൻ ലഭിച്ചുകൊണ്ടിരുന്ന ലിസ്റ്റിൽ നിന്നും അനർഹരെ ഒഴിവാക്കുന്നതിനും മാനദണ്ഡം പുനർനിർണ്ണയിക്കുന്നതിനുമുള്ള നടപടി നടന്നുവരുന്ന കാലയളവിൽ ധനകാര്യവകുപ്പ് പെൻഷൻ അനുവദിക്കാത്തതിനാൽ പെൻഷൻ നൽകാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ കർഷക പെൻഷൻ നൽകുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റ് 22-2-2017-ൽ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ പുനർനിർണ്ണയം ചെയ്തുകഴിഞ്ഞു. 1-3-2017-ൽ കൂടിയ മന്ത്രിസഭാ യോഗത്തിൽ കർഷക പെൻഷൻ നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. 2017 മാർച്ച് മാസത്തിൽത്തന്നെ അർഹരായ എല്ലാ അപേക്ഷകരുടെയും അന്തിമ ലിസ്റ്റ് തയ്യാറാക്കി പെൻഷൻ നൽകുന്നതിനുള്ള നടപടി ആരംഭിച്ചു കഴിഞ്ഞിരിക്കുകയാണ്. അർഹരായ എല്ലാ കർഷകർക്കും കുടിശ്ശികയില്ലാതെ മാർച്ച് മാസത്തിൽത്തന്നെ പെൻഷൻ നൽകാനുള്ള എല്ലാ നടപടികളും സ്വീകരിച്ചുകഴിഞ്ഞു.

## (4) അട്ടപ്പാടിയിലെ ശിശു മരണം

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, അട്ടപ്പാടിയിലെ ആദിവാസി സമൂഹത്തിൽ ശിശു മരണങ്ങൾ ആവർത്തിക്കപ്പെടുന്ന ഗുരുതരമായ സാഹചര്യം സഭയുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. രണ്ട് ദിവസം മുമ്പ്, 27-2-2017-ൽ അട്ടപ്പാടിയിലെ പട്ടിമാളം ആദിവാസി ഊരിൽ രാജാമണി-വെള്ളിങ്കിരി ദമ്പതികളുടെ നാല് മാസം പ്രായമായ രാഹുൽ എന്ന കുട്ടി കടുത്ത വിളർച്ചമൂലം മരണപ്പെടുകയുണ്ടായി. കഴിഞ്ഞ മാസവും അട്ടപ്പാടിയിൽ ഇതുപോലൊരു ശിശു മരണം റിപ്പോർട്ട് ചെയ്തിരുന്നു. അതിനുതൊട്ടുമുമ്പുള്ള മാസങ്ങളിലും അവിടെ ശിശു മരണങ്ങളുണ്ടായിട്ടുണ്ട്. ശിശുമരണങ്ങൾ ആവർത്തിച്ച് റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ അട്ടപ്പാടിയിലെ ആരോഗ്യം, പട്ടികവർഗ്ഗം, സാമൂഹ്യനീതി എന്നീ വകുപ്പുകൾ ശക്തമായ നടപടികൾ സ്വീകരിക്കണമെന്ന് പ്രത്യേകമായി ഈ സന്ദർഭത്തിൽ പറയുകയാണ്. കണക്കുകൾ പ്രകാരം 2007 മുതൽ അട്ടപ്പാടിയിൽ ശിശു മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അട്ടപ്പാടിയിൽ ശിശു മരണനിരക്ക് ഏറ്റവും ഗുരുതരമായ 2013-14 വർഷത്തിൽ അന്നത്തെ സംസ്ഥാന-കേന്ദ്ര സർക്കാരുകളുടെ ഇടപെടൽമൂലം ഹ്രസ്വകാല ദീർഘകാല നടപടികൾ സ്വീകരിച്ചു. പ്രധാനമായും ആരോഗ്യം, പട്ടികജാതി-പട്ടികവർഗ്ഗം, സാമൂഹ്യ നീതി എന്നീ വകുപ്പുകൾ ഏകോപിപ്പിച്ച് നടത്തിയ പ്രവർത്തനങ്ങളിലൂടെ ശിശുമരണം ഗണ്യമായി കുറച്ചു കൊണ്ടുവരാൻ സാധിച്ചു. 2015-16-ൽ അട്ടപ്പാടിയിൽ ഒരു ശിശു മരണംപോലും റിപ്പോർട്ട് ചെയ്യപ്പെടാത്ത മാസങ്ങളുമുണ്ട്. എന്നാൽ ഇപ്പോൾ വീണ്ടും കാര്യങ്ങൾ അവതാളത്തിലേക്ക് പോയ്ക്കൊണ്ടിരിക്കുന്നു എന്ന ചില സൂചനകൾ വരികയാണ്. ഇവിടെ പല പദ്ധതികളും നിലയ്ക്കുകയും പണത്തിന്റെ അഭാവമുണ്ടെന്ന് പരാതി പറയുകയും ചെയ്യുന്ന സാഹചര്യമുണ്ട്. അതുകൊണ്ടുതന്നെ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് വീഴ്ചകളുണ്ടാകുന്നുണ്ട്. അതിനെതിരെ അതിശക്തമായ നടപടിയുണ്ടാകണം. ഇപ്പോൾ മരണപ്പെട്ട കുട്ടി പ്രസവത്തോടെ മരണപ്പെടുകയോ ചാപിള്ളയായി ജനിക്കുകയോ ചെയ്തതല്ല. ജനിച്ച് 4 മാസം ജീവിച്ചതിനുശേഷമാണ് മരിച്ചത്. ഈ കുട്ടിയെ ഗുരുതരാവസ്ഥയിൽ ആശുപത്രിയിൽ കൊണ്ടുപോയപ്പോൾ കുട്ടിയുടെ രക്തത്തിലെ ഹീമോഗ്ലോബിന്റെ അളവ് 1.3 mg/ml ആയിരുന്നു. ഇത് കണ്ടെത്തി പരിചരിക്കുന്നതിൽ വീഴ്ചയുണ്ടായി എന്നത് വ്യക്തമാണ്. 4 മാസം പ്രായമായ കുട്ടിയിൽ ഹീമോഗ്ലോബിന്റെ അളവ് 14 mg/ml ആണ് വരേണ്ടത്. അത് 1.3 mg/ml ആയിട്ടും ഉദ്യോഗസ്ഥർക്ക് കണ്ടെത്താൻ സാധിച്ചില്ല എന്നത് വലിയ വീഴ്ചയാണ്. ഗർഭിണിയായി ഒരു ആദിവാസി യുവതി പ്രസവിക്കുന്നതിനിടയിൽ ആനുപാതികമായി മൂന്ന് സർക്കാർ ജീവനക്കാരുടെ സേവനം അവർക്ക് ലഭിക്കാൻ ഇപ്പോൾ സംവിധാനമുണ്ട്. ഹെൽത്ത് അനിമേറ്റർമാർ, എസ്.റ്റി. പ്രൊമോട്ടർമാർ,

മറ്റ് ആരോഗ്യ പ്രവർത്തകർ എന്നിങ്ങനെ എഴുന്നൂറോളം ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ഒരേ കാലയളവിൽ നൂറ്റി അൻപതോളം ആദിവാസി സ്ത്രീകളാണ് ഗർഭിണികളാകുന്നതെങ്കിൽപ്പോലും ഒരു യുവതിക്ക് 3 ജീവനക്കാരുടെ സേവനം ലഭിക്കും. 3 ജീവനക്കാരുടെ സേവനം ലഭ്യമാകേണ്ട സാഹചര്യത്തിലാണ് 4 മാസം പ്രായമായ കുട്ടിയുടെ ഹീമോഗ്ലോബിന്റെ അളവ് 1.3 mg/ml-ലേക്ക് എത്തിയിട്ടും ആരും അറിയാതിരുന്നത്. ആശുപത്രിയിൽ കൊണ്ടുപോയപ്പോൾ ഗുരുതരാവസ്ഥയിലായിരുന്നതിനാൽ രക്ഷിക്കാൻ കഴിഞ്ഞില്ല. ഇതുപോലുള്ള സംഭവങ്ങൾ ആവർത്തിക്കപ്പെടുന്നു. കഴിഞ്ഞ മാസം കുട്ടി മരണപ്പെട്ടത് മുലപ്പാൽ തൊണ്ടയിൽ കുടുങ്ങിയാണെന്നാണ് പറഞ്ഞത്. ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് വീഴ്ചയുണ്ടാകുന്നു. ആവശ്യത്തിനുള്ള കോ-ഓർഡിനേഷനുണ്ടാകുന്നില്ല. ഈ സാഹചര്യത്തിൽ ഇതിലെ പാളിച്ചകളും ഉദ്യോഗസ്ഥരുടെ കെടുകാര്യസ്ഥതയും തടയാൻ അതിശക്തമായ ഇടപെടൽ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകണം, അതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. ഇനിയും ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യം അട്ടപ്പാടിയിലുണ്ടാകരുത്. കഴിഞ്ഞ കാലത്ത് അട്ടപ്പാടിയിൽ ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്യാത്ത മാസങ്ങളുണ്ടായിട്ടുണ്ട്. ഇനിയും അങ്ങനെ വേണമെന്ന് വിചാരിച്ചാൽ സാധിക്കും. ഈ വിഷയത്തിൽ ഉദ്യോഗസ്ഥരുടെ അലംഭാവം കൃത്യമായി തടയുന്നതിന് സർക്കാർ മുന്നോട്ടുവരണമെന്നാണ് എനിക്ക് പറയാനുള്ളത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, മണ്ണാർക്കാട് നിയോജക മണ്ഡലത്തിലെ അട്ടപ്പാടി പട്ടിമാളം ഊരിലെ രാജാമണി-വെള്ളങ്കിരി ദമ്പതികളുടെ നാലുമാസം പ്രായമായ കുട്ടി 27-2-2017-ന് മരണപ്പെട്ടു. 27-ാം തീയതി രാവിലെ കുട്ടി പാൽ കുടിക്കാതെ നിർത്താതെ കരയുകയും പനി അനുഭവപ്പെടുകയും ചെയ്തപ്പോൾ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ കൊണ്ടുവന്നു. അപ്പോഴേയ്ക്കും കുട്ടി gasping stage ആവുകയും തുടർന്ന് മരണപ്പെടുകയും ചെയ്തു. കുട്ടിയുടെ രക്തം പരിശോധനയ്ക്ക് എടുത്തിട്ടുണ്ട്. ഈ കുട്ടിയെ അതിന്റെ അമ്മ രാജാമണി പ്രസവിച്ചത് 8-ാം മാസത്തിലായിരുന്നു; അതൊരു പ്രി-മെച്വർ ഡെലിവറിയായിരുന്നു. പ്രസവസമയത്ത് 1.8 കിലോഗ്രാം തൂക്കമാണ് കുട്ടിക്കുണ്ടായിരുന്നത്. കുട്ടിയെയും അമ്മയെയും ആരോഗ്യ പ്രവർത്തകർ പലതവണ സന്ദർശിച്ചിട്ടുണ്ട്. ഫെബ്രുവരി 14-ാം തീയതി ഡോക്ടറും സംഘവും ഊരിൽ പോയി കുട്ടിയെ പരിശോധിച്ച് പ്രതിരോധ കുത്തിവയ്പ്പും നൽകി. 22-ാം തീയതി കുഞ്ഞിന്റെ തൂക്കം 3 കിലോഗ്രാമായി വർദ്ധിച്ചു. വൈദ്യസഹായം ഇല്ലാത്തതിന്റെയോ പോഷകാഹാര കുറവിന്റെയോ ഭാഗമായിട്ടല്ല കുട്ടിയുടെ മരണം സംഭവിച്ചത്. കഴിഞ്ഞ വർഷം അട്ടപ്പാടി മേഖലയിൽ ആരോഗ്യവകുപ്പ് ഏറ്റവും ഫലപ്രദമായ ഇടപെടലാണ്

നടത്തിയത്. 33 സ്കൂളുകളിലായി 8200 ആദിവാസി കുട്ടികളെ രക്ത പരിശോധന ഉൾപ്പെടെ സമഗ്ര പരിശോധനയ്ക്ക് വിധേയമാക്കി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് ഏഴാമത്തെ ദിവസം, ഞാനും ബഹുമാനപ്പെട്ട എം.എൽ.എ.-യും അതിൽ പങ്കെടുത്തിരുന്നു. അവിടെ എം.എൽ.എ. സാരഥിയായിട്ടുള്ള ഒരു ജനകീയ സമിതിയുമുണ്ട്. അദ്ദേഹത്തിന്റെ മേൽനോട്ടത്തിലാണ് എല്ലാകാര്യങ്ങളും നടക്കുന്നത്. അദ്ദേഹം ആവശ്യപ്പെട്ടതനുസരിച്ചാണ് പരിശോധന നടത്തിയത്. ഹീമോഗ്ലോബിന്റെ അളവ് കുറഞ്ഞുവരുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന ആവശ്യമാണെന്ന് അന്ന് ഞാൻ പത്രക്കാരോട് പറഞ്ഞിരുന്നു. പരിശോധനയിൽ, 550 കുട്ടികൾക്ക് രക്തത്തിൽ ഹീമോഗ്ലോബിന്റെ അളവ് 10 മില്ലിഗ്രാമിൽ താഴെയാണെന്ന് കണ്ടെത്തി. സാധാരണ അളവ് 12 മില്ലിഗ്രാമാണ്. അതുകൊണ്ട് നല്ല ഇടപെടലുണ്ടായാൽ 10 മില്ലിഗ്രാം എന്നുള്ളത് വർദ്ധിപ്പിക്കാൻ കഴിയും. 53 പേർക്ക് ഹീമോഗ്ലോബിന്റെ അളവ് 7 മില്ലിഗ്രാമിൽ താഴെയാണ്. അതും പരിഹരിക്കാവുന്നതാണ്. എന്നാൽ 5 പേർക്ക് ഹീമോഗ്ലോബിന്റെ അളവ് 5 മില്ലിഗ്രാമിൽ കുറവാണ്. ഇത് മനസ്സിലാക്കിയതിന്റെ ഭാഗമായി ആ കുട്ടികൾക്ക് രക്തം നൽകുകയും മറ്റ് കുട്ടികൾക്ക് അയൺ ആന്റ് ഫോളിക് ആസിഡ് ഗുളിക കൊടുക്കുകയും ചെയ്തു. ഈ കുട്ടികളെ പ്രത്യേകമായി നിരീക്ഷിക്കുകയാണ്. 1500 കുട്ടികളെ ഇനിയും പരിശോധനയ്ക്ക് വിധേയമാക്കാനുണ്ട്. അതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. 6 മാസംകൊണ്ടാണ് 8200 കുട്ടികളെ സമഗ്ര പരിശോധനയ്ക്ക് വിധേയമാക്കിയത്. നവജാത ശിശുക്കൾക്ക് എന്തെങ്കിലും അപകടമുണ്ടായാൽ അവർക്ക് പ്രത്യേക പരിചരണം ട്രൈബൽ ഹോസ്പിറ്റലിൽ നടത്തുന്നതിനുള്ള സംവിധാനമുണ്ടാക്കിയിട്ടുണ്ട്. ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്റർ സജീവമാണ്. 53 ഊരുകളിൽ കമ്മ്യൂണിറ്റി കിച്ചൺ ഉണ്ടായിരുന്നത് ഇപ്പോൾ 157 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിനായി സാധാരണ സാമൂഹ്യനീതി വകുപ്പാണ് പണം അനുവദിക്കുന്നതെങ്കിലും അത് മതിയാകില്ല എന്നുള്ളതുകൊണ്ട് 3.5 കോടി രൂപ ട്രൈബൽ വകുപ്പ് പ്രത്യകിച്ച് കൊടുത്തു. സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പാക്കി വരുന്ന പോഷകാഹാര വിതരണ പദ്ധതി സമയബന്ധിതമായി നടക്കുകയാണ്, പരിശോധനകളും നടത്തുന്നുണ്ട്. കൗമാര പ്രായക്കാരായ പെൺകുട്ടികൾക്ക് ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്യുന്ന 'സഫല' പദ്ധതിയും സജീവമാണ്. ആരോഗ്യ വകുപ്പ് മുഖേന നടത്തുന്ന വിവിധ പദ്ധതികളുണ്ട്. പോഷകാഹാരക്കുറവുള്ള കുട്ടികൾക്ക് ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്റർ, പ്രീ സ്കൂൾ കുട്ടികൾക്ക് ന്യൂട്രിമിക്സ് വിതരണം, ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ജനനി ജന്മരക്ഷാ പദ്ധതി, ആറുമാസം വരെ മുലയൂട്ടുന്ന അമ്മമാരേയും പോഷകാഹാരക്കുറവും ഭാരക്കുറവുമുള്ള കുട്ടികളേയും അവരുടെ ഊരുകളിൽ പോയി നിരീക്ഷിക്കുന്ന പ്രത്യേക ടാസ്ക് ഫോഴ്സ് തുടങ്ങിയവയാണ് വിവിധ പദ്ധതികൾ. ഭാരക്കുറവുള്ള കുട്ടികൾക്ക് തീവ്ര പരിചരണ ഇൻകുബേറ്റർ സംവിധാനം കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ഏർപ്പെടുത്തി.

5 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെയൊക്കെ ഭാഗമായി ശിശുമരണ നിരക്ക് സ്റ്റേറ്റ് ശരാശരിയെക്കാൾ കുറച്ചുകൊണ്ടുവരാൻ സാധിച്ചു. ദേശീയാടിസ്ഥാനത്തിൽ 1000 പ്രസവം നടക്കുമ്പോൾ 46 ശിശുമരണം നടക്കുന്നുണ്ടെന്ന് ഞാൻ മുമ്പും സൂചിപ്പിട്ടുള്ളതാണ്. കേരള സംസ്ഥാനത്ത് അത് 16-ഉം അട്ടപ്പാടിയിൽ കഴിഞ്ഞ വർഷം 7-ഉം ആണ്. ഇവിടെ സൂചിപ്പിച്ചതുപോലെ ശിശുമരണ നിരക്ക് 2012-ൽ 16-ഉം 2013-ൽ 31-ഉം 2014-ൽ 15-ഉം 2015-ൽ 14-ഉം 2016-ൽ 7-ഉം ആണ്. 2015-ൽ ശിശുമരണം നടന്നിട്ടില്ലെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞത് എവിടെ നിന്നുള്ള കണക്കനുസരിച്ചാണെന്നറിയില്ല. കഴിഞ്ഞ തവണ ഞാൻ ഇതേ വിഷയം അടിയന്തരപ്രമേയമായി കൊണ്ടുവരുമ്പോഴും പറഞ്ഞിട്ടുള്ള കാര്യമാണ്. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട മെമ്പറുടെ ഇടപെടലുണ്ടായിട്ടുണ്ട്. ശിശുമരണ നിരക്ക് നന്നായി കുറച്ചുകൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. നിരവധി ഫ്ലക്സ് ബോർഡുകൾ ബഹുമാനപ്പെട്ട അംഗത്തെ പുകഴ്ത്തിക്കൊണ്ട് അട്ടപ്പാടി മേഖലയിൽ സാർവ്വത്രികമായി കാണാൻ സാധിക്കും. അതെല്ലാം ഇതിന്റെ ഭാഗമായി വച്ചതാണ്. രാഷ്ട്രീയം പറയുന്നതല്ല, ഔദ്യോഗികമായ കണക്കാണ് ഞാൻ പറഞ്ഞത്. ഇനിയും ശിശുമരണ നിരക്ക് കുറച്ചുകൊണ്ടുവരാൻ നമുക്ക് സാധിക്കും. പക്ഷേ സംസ്ഥാന ശരാശരിയെക്കാളും കുറച്ചുകൊണ്ടുവരാൻ സാധിച്ചുവെന്നുള്ളത് യാഥാർത്ഥ്യമാണ്. താങ്കളുടെ കണക്കുപ്രകാരം 7 കുട്ടികളാണ് മരണപ്പെട്ടതെന്നാണ് പറഞ്ഞത്. അതിൽ രണ്ട് കുട്ടികൾ അഡൽറ്റും അഞ്ചു കുട്ടികൾ ചെറുപ്രായത്തിലുള്ളവരുമാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ അവിടെ ജനകീയ കമ്മിറ്റി അടിയന്തരമായി വിളിക്കുക, എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ, അത് ഗവൺമെന്റിന് സാധിക്കുന്നതാണെങ്കിൽ പരിപൂർണ്ണമായി ചെയ്തുതരും. ഇതിനുവേണ്ടിയാണ് താങ്കളുടെ നേതൃത്വത്തിൽ ഒരു ജനകീയ സമിതി കഴിഞ്ഞ ഗവൺമെന്റ് രൂപീകരിച്ചത്. അതിന്റെ പ്രവർത്തനം ഫലപ്രദമായി നടക്കുന്നുണ്ടോ എന്നുള്ളതുംകൂടി പരിശോധിക്കണം. ആദിവാസികൾക്ക് എന്തു കുറവുണ്ടായാലും പരിഹരിക്കുന്നതിനുള്ള ശക്തമായ നിലപാട് സ്വീകരിക്കും.

## (5) ഭൂമി തിരികെ നൽകൽ

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, വയനാട് ജില്ലാ കളക്ടറേറ്റിന് മുമ്പിൽ കഴിഞ്ഞ 561 ദിവസമായി ഒരു കുടുംബം സത്യാഗ്രഹം ഇരിക്കുകയാണ്. കാഞ്ഞിരത്തിനാൽ ജോർജ്ജിന്റെ കുടുംബത്തിലെ മരുമകനും ഭാര്യയും രണ്ടു കുട്ടികളുമാണ് സത്യാഗ്രഹം ഇരിക്കുന്നത്. കുട്ടികൾ സ്കൂളിൽ പോകുന്നില്ല. സർക്കാർ നടത്തിയ എല്ലാ അന്വേഷണത്തിലും ഈ കുടുംബത്തിന്റേതാണ് ഭൂമിയെന്ന് കണ്ടെത്തിയിട്ടുണ്ട്. 2006-ൽ സഖാവ് വി.എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിലുള്ള ക്യാബിനറ്റ് യോഗം ചേർന്ന് ആ ഭൂമി അവർക്ക് തിരിച്ച് നൽകിയതായിരുന്നു. ഫോറസ്റ്റുകാരെ സഹായിക്കുന്ന ലോബി, വൺ എർത്ത് വൺ ലൈഫ് എന്ന സംഘടന ഹൈക്കോടതിയിൽനിന്നും

സ്റ്റേ വാങ്ങിയിരിക്കുകയായിരുന്നു. അതിനുശേഷം വിജിലൻസ് അന്വേഷണത്തിൽ ഈ ഭൂമി പൂർണ്ണമായും കാഞ്ഞിരത്തിനാൽ കുടുംബത്തിന്റേതാണെന്ന് കണ്ടെത്തുകയും അതിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമെന്ന് പറഞ്ഞ് അഡീഷണൽ ചീഫ് സെക്രട്ടറി ഞങ്ങൾക്ക് കത്ത് നൽകുകയും ചെയ്തതാണ്. ഏറ്റവും ഒടുവിൽ 5-9-2016-ന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് ഈ ഭൂമിയെക്കുറിച്ച് വീണ്ടും പരിശോധിക്കാൻ തീരുമാനിക്കുകയും വയനാട് ജില്ലാ കളക്ടർ തയ്യാറാക്കിയ റിപ്പോർട്ടിൽ ഭൂമി പൂർണ്ണമായും അദ്ദേഹത്തിന്റേതാണെന്ന് രേഖാമൂലം അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഈ വിവരങ്ങൾ യഥാസമയം ഹൈക്കോടതിയെ അറിയിക്കാത്തതുകൊണ്ടാണ് കാഞ്ഞിരത്തിനാൽ കുടുംബത്തിനെതിരായുള്ള വിധി വന്നിട്ടുള്ളത്. വിജിലൻസ് അന്വേഷണത്തിലും കളക്ടർ തലത്തിൽ നടത്തിയിട്ടുള്ള അന്വേഷണത്തിലും കാഞ്ഞിരത്തിനാൽ കുടുംബത്തിന്റേതാണ് ഭൂമിയെന്ന് കണ്ടെത്തിയ സ്ഥിതിക്ക് അവർക്ക് ആ ഭൂമി തിരിച്ച് കൊടുക്കേണ്ടതാണ്. ജെയിംസ് കടുത്ത മാനസിക സംഘർഷത്തിലാണ്. എന്തെങ്കിലും സംഭവിച്ചാൽ നാടിനത് ദു:ഖമായി മാറും. ഒരു നിമിഷംപോലും നീതി വൈകിപ്പിക്കാൻ പാടില്ല. കടുത്ത മനുഷ്യാവകാശ ലംഘനമാണ് ജെയിംസിന്റെ കാര്യത്തിൽ നടക്കുന്നത്. അടിയന്തരമായി ഭൂമി അദ്ദേഹത്തിന് തിരിച്ച് കൊടുക്കുന്നതിനാവശ്യമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിൽ കാഞ്ഞിരങ്ങാട് വില്ലേജിൽ 6 ഏക്കർ ഭൂമി കാഞ്ഞിരത്തിനാൽ ജോസിനും 6 ഏക്കർ ഭൂമി ദാനാധാരപ്രകാരം ശ്രീ. ജോർജ്ജിനും ലഭിച്ചിട്ടുള്ളതാണ്. ഈ ഭൂമി 8-7-1977-ലെ വിജ്ഞാപന പ്രകാരം നിക്ഷിപ്ത വനഭൂമിയായി വിജ്ഞാപനം ചെയ്ത ഭൂമിയിലുൾപ്പെട്ടതാണെന്ന് അറിയിച്ചതിനെത്തുടർന്ന് കക്ഷികൾ ഫോറസ്റ്റ് ട്രിബ്യൂണലിൽ നൽകിയ പരാതിയിൽ OA386/75 നമ്പരായി ടി ഭൂമി വനഭൂമിയിൽപ്പെട്ടതല്ലായെന്ന് ട്രിബ്യൂണൽ ഉത്തരവായി. ഇതിനെതിരെ വനം വകുപ്പ് ഹൈക്കോടതിയിൽ അപ്പീൽ നൽകുകയും 19-4-2007 പ്രകാരം ഭൂമി പരാതിക്കാർക്ക് പതിച്ചുനൽകണമെന്ന് ഉത്തരവാകുകയും ചെയ്തിരുന്നു. അപ്രകാരം രണ്ട് വർഷം ടി കക്ഷികൾ നികുതി ഒടുക്കിയിരുന്നു. എന്നാൽ 'വൺ എർത്ത് വൺ ലൈഫ്' എന്ന സംഘടന ഇതിനെതിരെ ഒരു റിട്ട് പെറ്റീഷൻ ഹൈക്കോടതിയിൽ സമർപ്പിച്ചതിനെത്തുടർന്ന് നിലവിൽ ഭൂനികുതി സ്വീകരിക്കുന്നത് സ്റ്റേ ചെയ്ത് കോടതി ഉത്തരവായി. ടി ഭൂമി കിട്ടണമെന്നാവശ്യപ്പെട്ട് 2015 ആഗസ്റ്റ് 15 മുതൽ കളക്ടറേറ്റ് പടിക്കൽ പരേതനായ കാഞ്ഞിരത്തിനാൽ ജോർജ്ജിന്റെ മകളും മരുമകനും സമരം തുടരുകയാണ്. ഈ വിഷയം സംബന്ധിച്ച് ചീഫ്

സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും റവന്യൂ-വനം വകുപ്പുകളോട് പ്രത്യേകമായ റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മാനന്തവാടി സബ്കളക്ടർ കൺവീനറായി ഒരു കമ്മിറ്റി രൂപീകരിക്കുകയും വിശദമായി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. ഹൈക്കോടതിയിൽ 'വൺ എർത്ത് വൺ ലൈഫ്' എന്ന സംഘടന ഫയൽ ചെയ്ത റിട്ട് പെറ്റീഷനും ഹൈക്കോടതിയിൽ നിലവിലുണ്ടായിരുന്ന MFA 492/85 നമ്പർ കേസ്സും തീർപ്പാക്കി 7-12-2016-ൽ വിധിയായിട്ടുള്ളതാണ്. ആയതുപ്രകാരം 'വൺ എർത്ത് വൺ ലൈഫ്'-ന്റെ വാദം അംഗീകരിക്കുകയും 19-4-2007-ലെ സർക്കാർ ഉത്തരവ് റദ്ദ് ചെയ്യുകയും വനഭൂമി ഏതാണെന്ന് കണ്ടെത്താൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലുള്ള തുടർ നടപടി വനം വന്യജീവി വകുപ്പിലാണ് സ്വീകരിച്ചുവരുന്നത്. ഈ കാര്യങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് വസ്തുതാപരമായി ഇവിടെ ചൂണ്ടിക്കാണിക്കാനുള്ളത്. എന്നാൽ ബഹുമാന്യനായ അംഗം ശ്രീ. സി. കെ. ശശീന്ദ്രൻ ഇവിടെ ചൂണ്ടിക്കാണിച്ച കാര്യങ്ങളുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും കാര്യങ്ങൾ യഥാസമയം കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിൽ വീഴ്ച വന്നിട്ടുണ്ടോ എന്നത് പരിശോധിക്കുന്നതാണ്. ഇപ്പോൾ അവസാനമായി കണ്ടെത്തിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ വനം വന്യജീവി വകുപ്പുമായി യോജിച്ച് ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്. കൂടാതെ, ഈ സമരം അവസാനിപ്പിക്കുന്നതിനും അവർക്കനുകൂലമായ സാഹചര്യം സൃഷ്ടിക്കുന്നതിനുമുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

## (6) ബോട്ട് ജെട്ടിയുടെ ആഴം കൂട്ടൽ

ശ്രീ. തോമസ് ചാണ്ടി: സർ, പമ്പാ നദിയും അച്ചൻകോവിലാറും മണിമലയാറും മീനച്ചിലാറും എല്ലാം തലങ്ങനെയും വിലങ്ങനെയും ഒഴുകുന്ന ഒരു നാടാണ് കുട്ടനാട്. അതുകൊണ്ട് പല പ്രദേശങ്ങളും തുരുത്തുകൾ പോലെ ഒറ്റപ്പെട്ട് കിടക്കുകയാണ്. ഒരു ബസ്സോ, ഓട്ടോറിക്ഷയോ, സൈക്കിളോപോലും കടന്നുചെല്ലാത്ത പ്രദേശമാണ്. അവിടെ കർഷകനും കർഷകത്തൊഴിലാളിയും ആലപ്പുഴ പട്ടണത്തിലെത്താൻ ആശ്രയിക്കുന്നത് വാട്ടർ ട്രാൻസ്പോർട്ടിന്റെ ബോട്ടുകളെയാണ്. ബോട്ടുകളാവശ്യത്തിനില്ല. ആ പ്രശ്നത്തിന് പരിഹാരം ഇപ്പോഴുണ്ടായിവരുന്നുണ്ട്. പുതിയ ബോട്ടുകൾ ഓർഡർ ചെയ്തിട്ടുണ്ടെന്നറിഞ്ഞതിൽ സന്തോഷമുണ്ട്. ബോട്ട് ജെട്ടികളിൽ രണ്ടുംമൂന്നും മണിക്കൂറുകൾ കാത്തിരുന്നാണ് നിലവിലുള്ള ബോട്ടുകളിൽ ആളുകൾ കയറുന്നത്. ബോട്ടിൽ കയറിയാൽത്തന്നെ, ഇപ്പോൾ കുട്ടനാട്ടിൽ ജലനിരപ്പ് താഴ്ന്നതുകൊണ്ട്, രണ്ട് കിലോമീറ്റർ ഇപ്പുറം ബസ് സ്റ്റാന്റിനടുത്ത് ആളുകളെ ഇറക്കിവിടുകയാണ് ചെയ്യുന്നത്. അതിന്റെ പേരിൽ നാട്ടുകാർ വാട്ടർ ട്രാൻസ്പോർട്ട് ഓഫീസ് ഉപരോധിച്ചു. ഇത് വാട്ടർ ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റിന്റെ കുഴപ്പമല്ല, ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്

ആഴം കൂട്ടിയാൽ മാത്രമേ സാധിക്കുകയുള്ളൂ. ഈ പ്രശ്നം ഡി.ഡി.സി.-യിൽ ചർച്ച ചെയ്യുകയും ഇറിഗേഷൻ വകുപ്പിലെ ഉദ്യോഗസ്ഥർ അതിനുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കാമെന്ന് പറയുകയും ചെയ്തു. ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക് ജലസേചന വകുപ്പ് ഡയറക്ടർ അയച്ചിരിക്കുന്ന കത്തിൽ പറഞ്ഞിരിക്കുന്നത് ഇറിഗേഷൻ വകുപ്പിന് ഫണ്ടില്ല എന്നാണ്. ബഹുമാനപ്പെട്ട മന്ത്രി, ഞാൻ അങ്ങയോട് ചോദിക്കട്ടെ, പാടത്ത് വെള്ളം വർദ്ധിച്ചപ്പോൾ ഞാൻ പറഞ്ഞതനുസരിച്ച് അന്നത്തെ ജലസേചന വകുപ്പുമന്ത്രിയുടെ നിർദ്ദേശപ്രകാരം എന്റെ ബോട്ടുപയോഗിച്ച് ജലസേചന വകുപ്പിന്റെ ഡ്രെഡ്ജർ വലിച്ചുകൊണ്ടുപോയി പാടത്തെ വെള്ളം വറ്റിക്കാൻ ഉപയോഗിച്ചിട്ടുണ്ട്. ആ ഡ്രെഡ്ജർ രണ്ടു ദിവസം ഉപയോഗിക്കാമെങ്കിൽ ഈ തോട്ടിൽക്കൂടി രണ്ട് കിലോമീറ്റർ അപ്പുറം വരെ ബോട്ടുകൾക്ക് പോകാൻ കഴിയും. അതിന് എന്ത് ഫണ്ടാണ് വേണ്ടത്; ഡീസൽ ഒഴിച്ചാൽ മതി, ഉദ്യോഗസ്ഥർക്ക് ശമ്പളവും കിട്ടുന്നുണ്ട്. ഡീസൽ വാങ്ങാൻ കാശില്ലെങ്കിൽ ഞാൻ ആ കാശ് തരാം. അല്ലാതെ എന്തു ചെയ്യും; കാരണം ആളുകളും വിദ്യാർത്ഥികളും വളരെയധികം ബുദ്ധിമുട്ടുന്നുണ്ട്. എസ്.എസ്.എൽ.സി., പ്ലസ്ടു പരീക്ഷകൾ നടക്കുന്നു. ആളുകൾ ചാക്കുകെട്ടുകളും തോളിൽ ചുമന്നുകൊണ്ട് മുല്ലയ്ക്കൽനിന്ന് ബസ് സ്റ്റാന്റുവരെ നടക്കേണ്ട സ്ഥിതിയാണിപ്പോഴുള്ളത്. അതുകൊണ്ട് ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് കുട്ടനാട്ടിലെ കർഷകർക്കും കർഷകത്തൊഴിലാളികൾക്കുംവേണ്ടി ഞാനഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. മാത്യു ടി. തോമസ്</u>): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ഉന്നയിച്ച വിഷയം നേരത്തെതന്നെ ജലഗതാഗത വകുപ്പിന്റെകൂടി ചുമതലയുള്ള ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി ഒരു കുറിപ്പ് സഹിതം എന്നെ അറിയിച്ചിരുന്നു. ആലപ്പുഴ വാടക്കനാലിൽ മുരുകൻ ജെട്ടി മുതൽ പടിഞ്ഞാറോട്ട് 875 മീറ്റർ നീളത്തിൽ ആഴംകൂട്ടി യാത്രാ ബോട്ടുകളുടെ സഞ്ചാരം സുഗമമാക്കുന്നതിനുവേണ്ടി 15 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ചീഫ് എഞ്ചിനീയർ (ഐ&എ) സാമ്പത്തികാനുമതിയും ഭരണാനുമതിയും നൽകിക്കഴിഞ്ഞു. ടി പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തി നടപ്പിലാക്കാനുള്ള അടിയന്തര നടപടി സ്വീകരിക്കാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

### (7) ആലത്തൂർ മോഡേൺ റൈസ് മിൽ തുറന്ന് പ്രവർത്തിപ്പിക്കൽ

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, പാലക്കാട് ജില്ലയിലെ നെൽ കർഷകർക്ക് വലിയ പ്രതീക്ഷ നൽകിക്കൊണ്ടാണ് കഴിഞ്ഞ ഇടതുമുന്നണി സർക്കാർ ആലത്തൂർ മോഡേൺ റൈസ് മിൽ സ്ഥാപിച്ചത്. എന്നാൽ പിന്നീട് യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് സ്വകാര്യ മിൽ ലോബികളുടെ സമ്മർദ്ദത്തെത്തുടർന്ന് അടച്ചുപൂട്ടപ്പെട്ടു.

ഇപ്പോൾ കേരളത്തിൽ കൃഷി വകുപ്പുമന്ത്രിയായി ചുമതലയേറ്റ ശ്രീ. വി. എസ്. സുനിൽ കുമാറിന്റെ ഇടപെടൽ മിൽ പുനരാരംഭിക്കുന്നതിനുള്ള പ്രചോദനമായി മാറി. അദ്ദേഹം മിൽ സന്ദർശിച്ച് ഒരു വർഷത്തിനകം അത്യാധുനിക സൗകര്യങ്ങളോടുകൂടി മിൽ പ്രവർത്തനമാരംഭിക്കുമെന്ന് നടത്തിയ പ്രഖ്യാപനം ജനങ്ങളിൽ വലിയ ആവേശമായി. അതിനെത്തുടർന്ന് നിലവിലുള്ള സംവിധാനമെല്ലാം അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമാക്കി. പക്ഷെ അത് പോരാ, ആധുനികവൽക്കരണത്തിൽ അടിയന്തരമായി ചെയ്യേണ്ട സോർട്ടെക്സ് മെഷീനും ആധുനിക മലിനജല സംസ്കരണ പ്ലാന്റും സ്ഥാപിക്കേണ്ടതുണ്ട്. അതുപോലെതന്നെ ഈ മിൽ സർക്കാർ വകുപ്പുകൾ നേരിട്ട് നടത്തുമ്പോൾ ഉണ്ടാകുന്ന എല്ലാ പ്രയാസങ്ങളും തുടർന്നുമുണ്ടാകും എന്നു തന്നെയാണ് പ്രതീക്ഷിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ഞാൻ അന്ന് ശ്രദ്ധയിൽപ്പെടുത്തിയതാണ്, ഒന്നുകിൽ ആലത്തൂർ താലൂക്കിലെ സഹകരണ സംഘത്തിന്റെ ഒരു കൺസോർഷ്യം രൂപീകരിച്ച് അവർക്ക് കൈമാറണം അല്ലെങ്കിൽ നിലവിൽ നല്ല പ്രവർത്തനം നടത്തുന്ന ആലത്തൂർ താലൂക്ക് മാർക്കറ്റിംഗ് സഹകരണ സംഘം ഇത് ഏറ്റെടുക്കാൻ സന്നദ്ധമാണ്, അവരെ ഏൽപ്പിക്കണം. അങ്ങനെ ഏൽപ്പിക്കുമ്പോൾ ആ താലൂക്കിലെ ഏതാനും പഞ്ചായത്തുകളുടെ നെല്ല് സംഭരണ ഉത്തരവാദിത്വമെങ്കിലും അവർക്ക് ലഭ്യമാക്കിയാൽ നല്ല രീതിയിൽ ആ മിൽ പ്രവർത്തനക്ഷമമാക്കാൻ കഴിയുന്നതാണ്. എന്തായാലും മിൽ വീണ്ടും പഴയ ഗതിയിലേയ്ക്ക് പോകുമെന്ന പത്രവാർത്തകൾ വന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അടിയന്തരമായി ഈ പ്രവർത്തനം എന്ന് പുനരാരംഭിക്കാൻ കഴിയുമെന്ന് ബഹുമാന്യനായ മന്ത്രി പ്രഖ്യാപിക്കണമെന്ന അഭ്യർത്ഥനയാണ് ഈ സബ്മിഷനിലൂടെ മുന്നോട്ടുവയ്ക്കാനുള്ളത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷന്റെ അധീനതയിലുള്ള പാലക്കാട് ജില്ലയിലെ ആലത്തൂരിൽ 2000-ൽ റൈസ് മില്ലിന് നിർമ്മാണാനുമതി ലഭിക്കുകയും 2008-ൽ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തതാണ്. മില്ലിന് ആവശ്യമായ നെല്ല് നൽകിയിരുന്നത് ആലത്തൂർ കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് സൊസൈറ്റിയായിരുന്നു. എന്നാൽ നെല്ലിന്റെ വില വർദ്ധിച്ചപ്പോൾ സൊസൈറ്റി നെല്ല് നൽകുവാൻ തയ്യാറാകാത്ത സാഹചര്യമുണ്ടായി. ഇതേത്തുടർന്ന് മില്ലിന്റെ പ്രവർത്തനം തടസ്സപ്പെടുകയും 8-6-2010 മുതൽ റൈസ് മില്ലിന്റെ പ്രവർത്തനം പൂർണ്ണമായും നിർത്തിവയ്ക്കുകയും ചെയ്തു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൃഷി വകുപ്പുന്ത്രി എന്ന നിലയിൽ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെകൂടി അഭ്യർത്ഥന മാനിച്ചുകൊണ്ട് 26-8-2016-ൽ ആലത്തൂർ റൈസ് മിൽ സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും വർഷങ്ങളായി ഉപയോഗശൂന്യമായിക്കിടന്ന റൈസ് മിൽ പുനരുദ്ധരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു. സമയബന്ധിതമായി അറ്റകുറ്റപ്പണികൾ

നടത്തി റൈസ് മിൽ വീണ്ടും പ്രവർത്തനസജ്ജമാക്കിയിരിക്കുകയാണ്. നെല്ല് കുത്തി അരിയാക്കിയ ആദ്യ ലോഡ് 25-2-2017-ൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. ഇതെല്ലാം ഈ മില്ലിന്റെ പ്രവർത്തനം ഉദ്ഘാടനം നടത്താതെ തന്നെ ചെയ്ത കാര്യങ്ങളാണ്. ബാക്കിയുള്ള നെല്ല് അരിയാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഇതും സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകുന്നതിനുള്ള കരാറായിട്ടുണ്ട്. ഏകദേശം 30 ലക്ഷം രൂപ വിലവരുന്ന ഒരു സോർട്ടെക്സ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മാലിന്യ സംസ്കരണ പ്ലാന്റിന്റെ ലൈസൻസ് പുതുക്കുന്നതിന് പൊല്യൂഷൻ കൺട്രോൾ ബോർഡുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ആലത്തൂർ റൈസ് മില്ലിന്റെ പ്രവർത്തനം പൂർണ്ണസജ്ജമാകുന്നതോടെ ആലത്തൂർ താലൂക്കിലെ 16 പഞ്ചായത്തുകളിലായി 12000 ഹെക്ടർ സ്ഥലത്ത് രണ്ട് വിള കൃഷിയിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന മുഴവൻ നെല്ലും സംഭരിച്ച് അരിയാക്കുന്നതിന് സാധിക്കുന്നതാണ്. മില്ലിന്റെ നടത്തിപ്പിന്റെ ചുമതല ആരെ ഏൽപ്പിക്കണമെന്നത് സംബന്ധിച്ച് സിവിൽ സപ്ലൈസ് കോർപ്പറേഷനുമായി ഇപ്പോൾ ആലോചന നടത്തിവരികയാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ അതേറ്റെടുക്കാൻ തയ്യാറാണെങ്കിൽ അതിന്റെ പ്രവർത്തന ചുമതല ഏൽപ്പിക്കാൻ കൃഷി വകുപ്പ് തയ്യാറാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചില നിർദ്ദേശങ്ങൾ വയ്ക്കുകയുണ്ടായി. ഇത് രണ്ടുംകൂടി ചേർത്തുകൊണ്ട് ഒരു മീറ്റിംഗ് വിളിച്ചുകൂട്ടി ഇതിന്റെ പ്രവർത്തനം ഏത് രീതിയിലായിരിക്കണമെന്നത് സംബന്ധിച്ച് അടിയന്തരമായി തീരുമാനിക്കുകയും മാർച്ച് മാസം അവസാനത്തോടുകൂടി റൈസ് മില്ലിന്റെ പ്രവർത്തനം പൂർണ്ണരൂപത്തിൽ തന്നെ പ്രവർത്തനസജ്ജമാക്കുകയും ചെയ്യും.

## (8) ശബരി റെയിൽ നിർമ്മാണ പ്രവർത്തനങ്ങൾ

ശ്രീ. രാജു എബ്രഹാം : സർ, അങ്കമാലി-എരുമേലി-ശബരി റെയിലിന്റെ പ്രവർത്തനം 30 വർഷംമുമ്പ് ആരംഭിച്ചതാണ്. അങ്കമാലി മുതൽ കാലടിവരെയുള്ള സ്ഥലമേറ്റെടുപ്പ് പൂർത്തിയായി. പക്ഷെ പിന്നീട് അവിടെനിന്നും ഇങ്ങോട്ടുള്ള സ്ഥലമേറ്റെടുപ്പ്, ശ്രീ. വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരിക്കുമ്പോഴും ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരിക്കുമ്പോഴും അലൈൻമെന്റ് സംബന്ധിച്ചുള്ള ചർച്ചകൾ നടന്നു. ആ ചർച്ചകളിൽ തർക്കങ്ങളെല്ലാം പരിഹരിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും റെയിൽവേയുടെ ചുമതലയുള്ള ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ജി. സുധാകരനും നമ്മുടെ എം.പി.-മാരും ബന്ധപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ബഡ്ജറ്റിൽ 213 കോടി രൂപ ഇതിനുവേണ്ടി ഇപ്പോൾ അനുവദിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനം ആരംഭിക്കാനുള്ള അടിയന്തര നടപടികളുണ്ടാകണം. ബാക്കി സ്ഥലമേറ്റെടുപ്പാണ് അടിയന്തരമായി നടത്തേണ്ടത്. രണ്ടാമത്, എരുമേലിയിൽ

നിന്നും പുനലൂർ വരെയാണ് 30 വർഷംമുമ്പ് അലൈൻമെന്റ് തീരുമാനിച്ചത്. അതായത് അങ്കമാലി-എരുമേലി, എരുമേലി-പുനലൂർ. പുനലൂരിൽനിന്ന് തിരുവനന്തപുരത്തേയ്ക്കാണ് അലൈൻമെന്റ് വരേണ്ടത്. റാന്നി വഴി പുനലൂർ വരെയുള്ള അലൈൻമെന്റ് തീരുമാനിച്ചതാണ്. പക്ഷെ അതിനുള്ള നടപടികൾ രണ്ടാംഘട്ടത്തിൽ എടുക്കാമെന്നാണ് അന്നുണ്ടാക്കിയ ധാരണ. ആ ധാരണപ്രകാരം എരുമേലിയിൽ നിന്നും ഒന്നാംഘട്ട നിർമ്മാണം ആരംഭിച്ചു. എന്നാൽ എരുമേലിയിൽ നിന്നും റാന്നിവഴി പുനലൂർ വരെയുള്ള രണ്ടാംഘട്ടത്തിന്റെ സ്ഥലമേറ്റെടുക്കൽ നടപടിക്കുള്ള ഫയലുകൾ ഗവൺമെന്റ് നീക്കിയിട്ടില്ല. അതിനുള്ള നടപടികൾ ആരംഭിക്കണം. ഒന്നാംഘട്ട നിർമ്മാണവും രണ്ടാംഘട്ടത്തിന്റെ അലൈൻമെന്റും ഭൂമി ഏറ്റെടുക്കലും ആരംഭിക്കാനുള്ള നടപടികൾ അടിയന്തരമായി ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>) : സർ, അങ്കമാലി-ശബരി പാതയുടെ എറണാകുളം ജില്ലയിലെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. റെയിൽപ്പാതയുടെ ഒന്നാംഘട്ടത്തിനുവേണ്ടി അങ്കമാലി മുതൽ കാലടി വരെയുള്ള സ്ഥലമെടുപ്പ് നടപടി പൂർത്തിയാക്കിയിട്ടുണ്ട്. കാലടി സ്റ്റേഷന്റെ പണിയുൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുവരുന്നു. ബാക്കി പ്രവർത്തനങ്ങൾക്കുവേണ്ടി എറണാകുളം ജില്ലയിലെ കുന്നത്തുനാട്, കോതമംഗലം, മൂവാറ്റുപുഴ താലൂക്കുകളിൽ 325.57 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അർത്ഥന റെയിൽവേയിൽനിന്നും ലഭിച്ചിട്ടുള്ളതാണ്. ബൃഹത്തായ പദ്ധതിയായതിനാൽ സ്ഥലമെടുപ്പിനായി രണ്ട് പ്രത്യേക ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള നടപടി പൂർത്തിയാകുന്നതോടെ സ്ഥലമെടുപ്പ് ജോലികൾ ത്വരിതപ്പെടുത്താൻ കഴിയും. കോട്ടയം ജില്ലയിലെ അലൈൻമെന്റ് സംബന്ധിച്ച് രൂക്ഷമായ തർക്കമാണ് നിലവിലുള്ളത്. അത് പരിഹരിക്കാൻ കോട്ടയം ജില്ലാ കളക്ടർ ജനപ്രതിനിധികളുമായി ചർച്ച ചെയ്തിരുന്നു. 11-2-2014-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗംചേർന്ന് ഇത് അംഗീകരിക്കുകയുണ്ടായി. ഇപ്പോൾ റെയിൽവേയുടെ പരിഗണനയിലാണ്. സംസ്ഥാന സർക്കാരിന്റെ നിരന്തരമായ ആവശ്യം പരിഗണിച്ച് 2017-18 -ലെ കേന്ദ്ര ബഡ്ജറ്റിൽ ഈ പദ്ധതി പൂർണ്ണമായും കേന്ദ്ര സർക്കാർ മുതൽമുടക്കുന്ന പദ്ധതിയായി പ്രഖ്യാപിച്ചിട്ടുണ്ട്. റെയിൽവേയുടെ പിങ്ക്ബുക്കിൽ ഉൾപ്പെടുത്തി 113.59 കോടി രൂപ ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചറായും 100 കോടി രൂപ എക്സ്ട്രാ ബഡ്ജറ്റ് റിസോഴ്സ് പ്രൊവിഷനായും മൊത്തം 213.59 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ 2017 ജനുവരിയിൽ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ പ്രധാനമന്ത്രിയെ സന്ദർശിച്ച് ഇതിനെക്കുറിച്ച് പ്രത്യേകമായി സംസാരിക്കുകയും ഫണ്ടിന്റെ ലഭ്യത സംബന്ധിച്ച് ഉറപ്പ് ലഭിക്കുകയും ചെയ്തു. റെയിൽവേയുടെ കാര്യത്തിലും ഊർജ്ജസ്വലമായ നടപടികളാണ് മുഖ്യമന്ത്രി സ്വീകരിച്ചുവരുന്നത്.

നമ്മുടെ സ്വപ്ന പദ്ധതിയായ അങ്കമാലി-ശബരി റെയിൽപ്പാത സമീപഭാവിയിൽത്തന്നെ സാക്ഷാത്കരിക്കുന്നതിനായി 2017-18-ലെ ബഡ്ജറ്റിൽ അനുവദിച്ച ഫണ്ട് പൂർണ്ണമായും അടിയന്തരമായി ലഭ്യമാക്കുന്നതിന് സംസ്ഥാന സർക്കാർ 23-2-2017-ൽ കേന്ദ്ര സർക്കാരിനോട് രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ട്.

## (9) കരമന-കളിയിക്കാവിള ദേശീയപാതയുടെ രണ്ടാംഘട്ട നിർമ്മാണപ്രവർത്തനങ്ങൾ

ശ്രീ. വി. എസ്. ശിവകുമാർ: സർ, കരമന-കളിയിക്കാവിള റോഡ് വികസനം സമയബന്ധിതമായി പൂർത്തീകരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കണമെന്നതാണ് എന്റെ സബ്മിഷൻ. എൻ.എച്ച്.-47-ൽ ഉൾപ്പെട്ട കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട റോഡുകളിലൊന്നാണിത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സ്ഥലം ഏറ്റെടുക്കുന്നതിനും റോഡ് നിർമ്മാണത്തിനുംവേണ്ടി എകദേശം 400 കോടിയോളം രൂപ ചെലവഴിച്ച് ഒന്നാംഘട്ടം പൂർത്തീകരിക്കുകയുണ്ടായി. ആദ്യഘട്ടം 1-3-2016-ൽ അന്നത്തെ മുഖ്യമന്ത്രിതന്നെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. 2016 മാർച്ചിൽ ആദ്യഘട്ടം പൂർത്തീകരിച്ച് ഒരു വർഷമായെങ്കിലും രണ്ടാംഘട്ടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇതുവരെ ആരംഭിച്ചിട്ടില്ല എന്നത് ഏറ്റവും പ്രധാനമാണ്. ബാലരാമപുരം ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ റോഡിൽ ഇപ്പോഴും മണിക്കൂറുകളോളം വാഹനങ്ങളുടെ ക്യൂവാണ്. ഭയങ്കര ട്രാഫിക് ബ്ലോക്കാണ് ഉണ്ടാകുന്നത്. ഇതിന്റെ അടിയന്തര പ്രാധാന്യം മനസ്സിലാക്കി പ്രാവച്ചമ്പലം മുതൽ വഴിമുക്കുവരെയുള്ള ഭൂമി ഏറ്റെടുക്കുകയും റോഡ് നിർമ്മാണത്തിനാവശ്യമായ തുക അനുവദിക്കുകയും ചെയ്യണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. ഒന്നാംഘട്ടം ഒരു വർഷംകൊണ്ട് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിഞ്ഞു. അതിലേയ്ക്കായി സ്പെഷ്യൽ ഓഫീസറായി ഒരു ഐ.എ.എസ്. ഓഫീസറെ നിയമിച്ചു. വിവിധ വകുപ്പുകളുടെ ഏകോപനം ഇതിൽ ആവശ്യമാണ്. റവന്യൂ, പി.ഡബ്ല്യൂ.ഡി., വാട്ടർ സപ്ലൈ, ഇലക്ട്രിസിറ്റി, ടെലികോം തുടങ്ങിയ ഡിപ്പാർട്ട്മെന്റുകളിൽ എന്തെങ്കിലുമൊരു തടസ്സമുണ്ടായാൽ പണി അവിടെ നിൽക്കും. ഉയർന്ന ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥനെ ഇത് കോ-ഓർഡിനേറ്റ് ചെയ്യുന്നതിന് നിയമിച്ചാൽ സമയബന്ധിതമായി ഈ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയും. ഇത് കേരളത്തിലെ ഏറ്റവും തിരക്കുള്ള ഒരു റോഡാണ്. ഇപ്പോൾ തിരുവനന്തപുരം നഗരത്തിലൂടെ യാത്ര ചെയ്യുന്നതുപോലെയാണ് ഇതുവഴിയുള്ള യാത്ര. വളരെയധികം ട്രാഫിക് തടസ്സമുണ്ടാകുന്നു. അതുകൊണ്ട് ഇത് ഏറ്റവും അത്യന്താപേക്ഷിതമായിട്ടുള്ളൊരു കാര്യമാണ്. അടിയന്തരമായി ഇതിലേയ്ക്കാവശ്യമായ തുക അനുവദിക്കുകയും സ്ഥലമേറ്റെടുക്കുകയും ഒരു സ്പെഷ്യൽ ഓഫീസറെ ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ കോ-ഓർഡിനേറ്റ് ചെയ്യുന്നതിന് നിയമിക്കുകയും വേണം എന്നതാണ് എന്റെ അഭ്യർത്ഥന.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) :സർ, ദേശീയപാത 47 കരമന-കളിയിക്കാവിള റോഡ് നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിന്റെ ഒന്നാംഘട്ടം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. രണ്ടാം റീച്ചായ പ്രാവച്ചമ്പലം മുതൽ വഴിമുക്കുവരെയുള്ള വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ 176 കോടി രൂപയുടെ ഭരണാനുമതി 13-10-2016-ൽ കിഫ്ബിയിൽ ഉൾപ്പെടുത്തി സർക്കാർ നൽകിയിട്ടുണ്ട്. സ്ഥലമേറ്റെടുക്കലാണ് പുരോഗമിച്ചുവരുന്നത്. പ്രാവച്ചമ്പലം മുതൽ ബാലരാമപുരം വരെയുള്ള സ്ഥലമേറ്റെടുക്കുന്നതിനായി അഞ്ച് തവണകളായി അനുവദിച്ച 266.67 കോടി രൂപ റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. ഇതിൽ 122.46 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ബാലരാമപുരം-വഴിമുക്ക് വരെയുള്ള ഒന്നര കിലോമീറ്റർ ഭാഗത്ത് 2.0769 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടിവരും. അതിനായി ഉദ്ദേശം 98.097 കോടി രൂപ ആവശ്യമാണെന്ന് റവന്യൂ വകുപ്പ് അറിയിച്ചിട്ടുണ്ട്. ഈ തുകയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രാവച്ചമ്പലം മുതൽ ബാലരാമപുരം വരെയുള്ള അഞ്ച് കിലോമീറ്ററിൽ മുന്നേകാൽ കിലോമീറ്റർ ഭാഗത്തെ സ്ഥലം റവന്യൂ വകുപ്പ് ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. ഏറ്റെടുത്ത സ്ഥലങ്ങളിലുള്ള ചമയങ്ങൾ പൊളിച്ചുമാറ്റുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ബാലരാമപുരം മുതൽ വഴിമുക്കുവരെയുള്ള ബാക്കി മൂന്നേകാൽ കിലോമീറ്റർ സ്ഥലം പുതിയ എൽ.എ.ആക്ട് 2013 പ്രകാരം ഏറ്റെടുക്കുന്നതിനുള്ള റവന്യൂ നടപടികളും പുരോഗമിച്ചുവരികയാണ്. പണം കൈമാറിയിട്ടുണ്ട്. സ്ഥലമെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ പൂർത്തിയാക്കി പണി ആരംഭിക്കുന്നതാണ്. സ്ഥലമേറ്റെടുക്കാതെ നിർമ്മാണം നടത്തുന്നത് പലവിധ നിയമ നടപടികൾക്കും സാമ്പത്തിക നഷ്ടത്തിനും കാലതാമസത്തിനും ഇടവരുത്തുന്നതു കൊണ്ട് സ്ഥലമേറ്റെടുത്തശേഷം മാത്രമേ നിർമ്മാണം നടത്താവൂ എന്നാണ് നിലവിലുള്ള ചട്ടം. ആകെയുള്ള ആറര കിലോമീറ്ററിൽ ഇനി കൈമാറ്റം ചെയ്യേണ്ട മൂന്നേകാൽ കീലോമീറ്റർ സ്ഥലം പൂർണ്ണമായും ലഭ്യമാക്കുന്ന മുറയ്ക്ക് പ്രവൃത്തി ടെണ്ടർ ചെയ്യുന്നതാണ്. സ്ഥലമെടുപ്പ് ത്വരിതപ്പെടുത്തുന്നതിനുവേണ്ടിയുള്ള എല്ലാ നടപടികളും കൈക്കൊണ്ടിട്ടുണ്ട്. ഉടൻ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. എന്നാൽ 27-2-2017-ൽ തിരുവനന്തപുരം ജില്ലാ കളക്ടർ നടത്തിയ മീറ്റിംഗിൽ ഇതിനകം സ്ഥലം കൈമാറിയ മൂന്നേകാൽ കിലോമീറ്റർ ഭാഗത്തെ പ്രവൃത്തികൾ ടെണ്ടർ ചെയ്യണമെന്നറിയിച്ചിട്ടുണ്ട്. ആറര കിലോമീറ്റർ സ്ഥലവും പൂർത്തിയാക്കിയാൽ മാത്രമേ ടെണ്ടർ ചെയ്യാൻ പാടുള്ളൂവെന്ന പൊതുതാല്പര്യം നാഷണൽ ഹൈവേ അതോറിറ്റിയാണ് പരിഗണിക്കേണ്ടത്. അതായത് കിട്ടിയ സ്ഥലം ടെണ്ടർ ചെയ്യാനുള്ള അനുവാദം ലഭിച്ചിട്ടില്ല. ഏതായാലും ഈ ഭാഗം പൂർത്തിയാക്കേണ്ടത് സംസ്ഥാനത്തിന്റെ അടിയന്തര പൊതു താല്പര്യമാണെന്ന കാര്യമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചിട്ടുള്ളത്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

## (10) ബിനാനി സിങ്ക് ലിമിറ്റഡ് അടച്ചുപൂട്ടൽ

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, 1967-ൽ പ്രവർത്തനമാരംഭിച്ച കേരളത്തിലെ ഏറ്റവും വലിയ ഒരു വൻകിട വ്യവസായ സ്ഥാപനമാണ് ബിനാനി സിങ്ക് ലിമിറ്റഡ്. കഴിഞ്ഞ ഇരുപത് മാസക്കാലമായി അത് പൂട്ടിയിട്ടിരിക്കുകയാണ്. അവിടെ ജോലി ചെയ്തിരുന്ന അഞ്ഞൂറോളം തൊഴിലാളികൾ ഇപ്പോൾ വഴിയാധാര മായിരിക്കുകയാണ്. 'സ്റ്റേ അറ്റ് ഹോം' എന്ന പേരിലാണ് കമ്പനി അടച്ചിട്ടുള്ളത്. യാതൊരു നിയമവ്യവസ്ഥകളും പാലിച്ചിട്ടില്ല എന്നു മാത്രമല്ല എന്ന് ഉറക്കുമെന്നുപോലും അറിയാൻ കഴിയാത്ത സ്ഥിതിയാണ്. ഡൈവേഴ്സിഫിക്കേഷൻ നടത്തി പുതിയ ഉല്പന്നം പുറത്തിറക്കി അത് ഉടനെ പ്രവർത്തനമാരംഭിക്കുമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ നിയമസഭയിൽ പറഞ്ഞത്. പക്ഷേ ഇന്നേവരെ യാതൊന്നും നടത്തിയിട്ടില്ല. 20 മാസമായി തൊഴിലാളികൾക്ക് ജോലിയുമില്ല, ശമ്പളവുമില്ലാത്ത അവസ്ഥയിലാണ്. ഇന്നലെ തൊഴിലാളികളുടെ ഒരു നിയമസഭാ മാർച്ചുണ്ടായിരുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉദ്ഘാടനം ചെയ്ത മാർച്ച് ബഹുമാന്യരായ വി. ഡി. സതീശൻ എം.എൽ.എ., ചന്ദ്രൻ പിള്ള തുടങ്ങിയ നേതാക്കളാണ് നയിച്ചത്. വലിയ ജനകീയപ്രശ്നം, തൊഴിലാളി പ്രശ്നം എന്നതിലുപരി കേരളത്തിലെ വൻകിട വ്യവസായ സ്ഥാപനം പൂട്ടിപ്പോകുന്ന സ്ഥിതി ഒഴിവാക്കാൻ ഗവൺമെന്റ് അടിയന്തരമായി ഇടപെടണമെന്നതാണ് എന്റെ ആവശ്യം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഇടയാർ വ്യവസായ വികസന മേഖലയിൽ 1967-ൽ പ്രവർത്തനമാരംഭിച്ച സ്ഥാപനമാണ് M/s. ബിനാനി സിങ്ക് ലിമിറ്റഡ്. സിങ്ക്, കാഡ്മിയം, സൾഫ്യൂറിക്കാസിഡ് എന്നിവയുടെ നിർമ്മാണമാണ് നടത്തിവന്നിരുന്നത്. 38000 ടൺ ഉല്പാദനശേഷിയുള്ള കമ്പനി അതിന്റെ 90 ശതമാനം ഉല്പാദനശേഷി പ്രയോജനപ്പെടുത്തിയിരുന്നു. സിങ്ക് സൾഫൈഡിൽ നിന്നും സിങ്ക് മെറ്റൽ വേർതിരിച്ചെടുക്കുന്ന പ്രവർത്തനം വളരെയധികം വൈദ്യുതി ഉപയോഗിക്കുന്നതാണ്. 2011-13 കാലഘട്ടത്തിൽ വൈദ്യുതി താരിഫിൽ വന്ന വർദ്ധനവാണ് യൂണിറ്റിന്റെ നിലവിലെ സാമ്പത്തിക പ്രതിസന്ധിക്ക് പ്രധാന കാരണമായിത്തീർന്നത്. വൈദ്യുതി നിരക്ക് വർദ്ധനവുമൂലം ഉല്പാദനച്ചെലവ് കൂടുകയും സിങ്ക് മെറ്റലിന്റെ വില കുറയുകയും ചെയ്തതുമൂലം കമ്പനിയുടെ വരുമാനത്തിൽ ഗണ്യമായ കുറവ് സംഭവിച്ചു. 2014 മാർച്ച് 27 മുതൽ കമ്പനി ഉല്പാദനം നിർത്തിവച്ചു. ബിനാനി സിങ്ക് ലിമിറ്റഡിൽ കെ.എസ്.ഐ.ഡി.സി.-ക്ക് 100 രൂപ മുഖവിലയുള്ള 32224 ഓഹരി പങ്കാളിത്തമുണ്ടായിരുന്നു. 1994-ൽ പ്രസ്തുത ഓഹരി കെ.എസ്.ഐ.ഡി.സി. വിറ്റഴിക്കുകയും ചെയ്തു. ടെക്നിക്കൽ മാനേജർ തലത്തിൽ ഏകദേശം 80

തൊഴിലാളികളും മറ്റ് സ്ഥിരജീവനക്കാരും ഉൾപ്പെടെ ഏകദേശം 250 തൊഴിലാളികളും ടി കമ്പനിയിൽ പ്രവർത്തിച്ചുവന്നിരുന്നു. ആയതിൽ ടെക്നിക്കൽ മാനേജർ തലത്തിലുള്ളവരെ കമ്പനി ഒഴിവാക്കിയിട്ടുള്ളതാണ്. മറ്റ് സ്ഥിരജീവനക്കാരെ പിരിച്ചുവിട്ടിട്ടില്ലെങ്കിലും അവർക്ക് 2015 ജൂൺ വരെ മാത്രമേ കമ്പനി ശമ്പളം കൊടുത്തിട്ടുള്ളൂ. കമ്പനിയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി ബി.ഐ.എഫ്.ആർ. മുമ്പാകെ 2014-ൽ ആപ്ലിക്കേഷൻ ഫയൽ ചെയ്തിരുന്നുവെങ്കിലും ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പ് ബി.ഐ.എഫ്.ആർ. പിരിച്ചുവിടുകയും ചെയ്തു. നിലവിൽ സിങ്ക് നിർമ്മാണത്തിനായുള്ള പ്ലാന്റ് പ്രവർത്തിപ്പിക്കാൻ കമ്പനിക്ക് കഴിയില്ല. ആയതിനാൽ മറ്റ് പുനരുദ്ധാരണ പദ്ധതികൾക്കായി കമ്പനിയുടെ മുംബൈ ഓഫീസ് മുഖാന്തിരം ഒരു ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി സ്റ്റഡി നടത്തിവരുന്നു. ഈ പഠനത്തിന്റെ അടിസ്ഥാനത്തിൽ പുനരുദ്ധാരണ നടപടികൾ സർക്കാർ അനുമതിയോടെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് കമ്പനിയുടെ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു യോഗം വിളിച്ചുകൂട്ടി കമ്പനിയുടെ പുനരുദ്ധാരണ പാക്കേജിനെക്കുറിച്ച് അധികൃതരുമായി ചർച്ചചെയ്യാനും വളരെ പെട്ടെന്ന് ആ കമ്പനി തുറന്നു പ്രവർത്തിപ്പിക്കുന്നതിനുമുള്ള സാധ്യതകൾ സർക്കാർ ആരായുന്നതാണ്.

## (11) ട്രാവൻകൂർ സിമന്റ്സ് നേരിടുന്ന പ്രതിസന്ധി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വെള്ള സിമെന്റ് ഉല്പാദിപ്പിക്കുന്ന കേരളത്തിലെ ഏറ്റവും പഴക്കം ചെന്ന ട്രാവൻകൂർ സിമെന്റ്സ് എന്ന സ്ഥാപനം ഇന്ന് ഏറ്റവും വലിയ ഭീഷണി നേരിടുകയാണ്. ഇന്ത്യയിലെതന്നെ ഏറ്റവും നല്ല വൈറ്റ് സിമെന്റാണ് അവർ ഉല്പാദിപ്പിക്കുന്നതെന്ന് പൊതുവെ അംഗീകരിച്ചിട്ടുള്ള ആ സ്ഥാപനം ഇന്ന് അടച്ചുപൂട്ടലിന്റെ ഭീഷണിയിലാണ്. ആ സ്ഥാപനത്തിൽ പി.എഫ്. തുകയോ ഗ്രാറ്റുവിറ്റി, ഇൻഷ്വറൻസിന്റെ തുകയോ അടച്ചിട്ടില്ല. വൈദ്യുതിബന്ധം വേർപെടുത്തുന്നതിന്റെ വക്കിൽ നിൽക്കുകയാണ്. കഴിഞ്ഞ പ്രാവശ്യം വൈദ്യുതി ബന്ധം വേർപെടുത്തിയെങ്കിലും പിന്നീട് പുനഃസ്ഥാപിച്ചു. ശമ്പളം മുടങ്ങിയിരിക്കുകയാണ്. ക്ലിംഗർ പൊടിച്ചാണ് അവിടെ സിമെന്റ് ഉല്പാദനം നടത്തുന്നത്. ഇപ്പോൾ ക്ലിംഗർ പൊടിച്ച് സിമെന്റ് ഉല്പാദിപ്പിക്കാനുള്ള സാമ്പത്തിക ശേഷിയില്ല എന്ന നിലപാടാണ് വന്നിട്ടുള്ളത്. അതീവ ഗൗരവതരമായ ഒരു സ്ഥിതിയാണിത്. വെള്ളക്കക്ക ഉപയോഗിച്ചായിരുന്നു നേരത്തെ അവിടെ സിമെന്റ് ഉല്പാദനം നടത്തിയിരുന്നത്. പരിസ്ഥിതി പ്രശ്നമുള്ളതുകൊണ്ട് വേമ്പനാട്ട് കായലിൽ നിന്ന് വെള്ളക്കക്ക വെട്ടിയെടുക്കുന്നതിനുള്ള ചില ബുദ്ധിമുട്ടുകൾ വന്നപ്പോഴാണ് ഈ പുതിയ സാഹചര്യത്തിലേയ്ക്ക് എത്തിയിരിക്കുന്നത്. 56 ഏക്കർ വിസ്തൃതമായ സ്ഥലം പരിപൂർണ്ണമായും ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ളതാണ്. അത് പി.പി.പി.-യിലേക്ക് കൊണ്ടുപോകണമെന്നുള്ള നിലയിൽ ചില നീക്കങ്ങൾ

നടന്നിരുന്നു. അങ്ങ് വ്യക്തിപരമായി അതിനെതിരാണെന്ന് എനിക്കറിയുകയും ചെയ്യാം. അത് നമ്മുടെ പൊതുമേഖലാ സ്ഥാപനമായിത്തന്നെ നിലനിർത്തി, അതിന്റെ ഋണബാധ്യതകളെല്ലാം ഒഴിവാക്കി മുന്നോട്ടുപോകുന്നതിനുള്ള പുനരുദ്ധാരണ പാക്കേജുണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അവിടത്തെ തൊഴിലാളികളും ആ സ്ഥാപനത്തെ ആശ്രയിച്ച് നേരിട്ടല്ലാതെ ജോലിചെയ്യുന്ന ആളുകളും അവിടത്തെ ജനങ്ങളും ഒരുപോലെ ഈ കാര്യത്തിൽ ആശങ്കയുള്ളവരാണ്. അങ്ങയുടെ ഇടപെടലിലൂടെ ആ സ്ഥാപനത്തെ രക്ഷിക്കുന്നതിനുള്ള നടപടിയുണ്ടാകണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, കോട്ടയം ജില്ലയിലെ നാട്ടകത്ത് സ്ഥാപിച്ചിട്ടുള്ള ട്രാവൻകൂർ സിമെന്റ്സ് എന്ന കമ്പനി 1949-ലാണ് സിമന്റ് ഉല്പാദനം തുടങ്ങിയത്. തുടക്കത്തിൽ വേമ്പനാട്ട് കായലിലെ കക്ക ഉപയോഗിച്ച് ഗ്രേ സിമന്റാണ് ഉല്പാദിപ്പിച്ചു തുടങ്ങിയതെങ്കിലും പിന്നീട് ഗ്രേ സിമന്റും വൈറ്റ് സിമന്റും ഉല്പാദനം തുടങ്ങി. ഗ്രേ സിമന്റ് ഉല്പാദനം ലാഭകരമല്ലെന്ന് കണ്ടെത്തിയതിനാൽ 1974-ൽ ഉല്പാദനം നിർത്തുകയും പൂർണ്ണമായും വൈറ്റ് സിമന്റ് ഉല്പാദനവുമായി മുന്നോട്ടുപോവുകയും ചെയ്തു. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ നല്ല ഡിമാന്റ് ഉണ്ടായിരുന്നതാണ്. കക്ക ഖനനം ചെയ്യാനുള്ള അനുമതിയുടെ കാലാവധി 2020 വരെയുണ്ടെങ്കിലും ബഹുമാനപ്പെട്ട ഹൈക്കോടതി ഖനനം നിരോധിച്ചിട്ടുള്ളതിനാൽ 2014 ആഗസ്റ്റ് മുതൽ കക്ക ഖനനം ചെയ്യാൻ സാധിക്കുന്നില്ല. വൈറ്റ് ക്ലിംഗർ വാങ്ങി ജിപ്സവും ചേർത്ത് പൊടിച്ച് വൈറ്റ് സിമെന്റ് ഉല്പാദിപ്പിച്ച് വില്പന നടത്തിവന്നിരുന്നു. ഒരു മാസം 50 ടൺ വാൾപുട്ടിയും ഉല്പാദിപ്പിക്കുന്നുണ്ട്. വൈറ്റ് ക്ലിംഗർ വാങ്ങാൻ ഫണ്ടില്ലാത്തതിനാൽ വൈറ്റ് സിമെന്റ് ഉല്പാദനം നിർത്തിവച്ചിരിക്കുന്നു. വർക്കിംഗ് ക്യാപിറ്റൽ അസിസ്റ്റന്റ്സ് ഇനത്തിൽ 10 കോടി രൂപ അനുവദിക്കണമെന്ന് കമ്പനി ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം സർക്കാരിന്റെ പരിശോധനയിലാണ്. അസംസ്കൃത വസ്തുവായ കക്ക ഖനനം ചെയ്യാൻ സാധിക്കാത്തതുമൂലം വൈവിധ്യവൽക്കരണം അനിവാര്യമായിത്തീർന്നു. നേരത്തെ ഇവിടെ പറഞ്ഞതുപ്പോലെ ഇതിന് കോട്ടയത്ത് 53.66 ഏക്കർ സ്ഥലവും കാക്കനാട് 3.7 ഏക്കറും വൈക്കത്ത് (ചെമ്പ്) 2.2 എക്കർ സ്ഥലവുമുണ്ട്. രണ്ട് ഡ്രെഡ്ജറുകളും വിദഗ്ദ്ധ തൊഴിലാളികളും ലഭ്യമായിട്ടുള്ളതിനാൽ ഡ്രെഡ്ജിംഗ്, റിസർവോയറിലെ ചെളി, മണൽ നീക്കം ചെയ്യൽ, ഇൻലാൻഡ് വാട്ടർവേയ്സ്, തുറമുഖങ്ങൾ എന്നിവിടങ്ങളിലെ ആഴംകൂട്ടൽ എന്നീ മേഖലകളിലേയ്ക്ക് പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ട്. കമ്പനിയുടെ സഞ്ചിത നഷ്ടം, കരാറുകാർക്കും സർക്കാർ ലോണിലും വൈദ്യുതി ബോർഡിനും നൽകാനുള്ള ബാധ്യത 86 കോടി രൂപയ്ക്ക് മുകളിലാണ്. ഈ സർക്കാർ വന്നതിനുശേഷം ഈ സ്ഥാപനത്തിന് 1.46 കോടി രൂപ ധനസഹായമായി നൽകിയിട്ടുണ്ട്. പുനരുദ്ധാരണത്തിനായി 3.50 കോടി രൂപയുടെ

നിർദ്ദേശങ്ങൾ വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയിലാണ്. നേരത്തെ അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ ഇത് പി.പി.പി. മോഡലിലേയ്ക്ക് പോകണമെന്നുള്ളതൊന്നും സർക്കാർ തീരുമാനിച്ചിട്ടില്ല. ഈ സ്ഥാപനത്തെ രക്ഷിച്ചെടുക്കാൻ കഴിയുന്ന ഒരു പുനരുദ്ധാരണ പദ്ധതി തയ്യാറാക്കാൻ സർക്കാർ റിയാബിനോട് അവശ്യപ്പെട്ടിരിക്കുകയാണ്. അത് തയ്യാറാകുന്ന മുറയ്ക്ക് ഇതിന്റെ പ്രവർത്തനം ഒന്നുകൂടി മെച്ചപ്പെട്ട രീതിയിൽ സംഘടിപ്പിക്കാൻ കഴിയും. ശമ്പളം മുടങ്ങാനുള്ള സാധ്യതയില്ല, ശമ്പളം കൊടുക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

## VI മേശപ്പുറത്തുവച്ച കടലാസ്സുകൾ

### 2016-ലെ സാമ്പത്തിക അവലോകനം

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2016-ലെ സാമ്പത്തിക അവലോകനം ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## VII റിപ്പോർട്ട് സമർപ്പണം

### സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട്

ശ്രീമതി പി. അയിഷാ പോറ്റി: സർ, സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷയായ ഞാൻ സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

ചട്ടം 303 അനുസരിച്ച് ശ്രീ. വി. ഡി. സതീശൻ 2-3-2017-ൽ ഉന്നയിച്ച ക്രമപ്രശ്നത്തിന്മേലുള്ള റൂളിംഗാണ്. അങ്ങ് എഴുതിനൽകിയത് ചെയർ പരിശോധിച്ച് റൂൾ ചെയ്താൽ പോരേ. ബഹുമാനപ്പെട്ട അംഗത്തിന് അവതരിപ്പിക്കണമെങ്കിൽ അവതരിപ്പിക്കാം.

## VIII ചട്ടം 303 അനുസരിച്ചുള്ള ക്രമപ്രശ്നം

### മേശപ്പുറത്ത് വയ്ക്കുന്ന കടലാസ്സുകൾ സംബന്ധിച്ച്

ശ്രീ. വി. ഡി. സതീശൻ: 28-2-2017-ന് സഭയുടെ മേശപ്പുറത്ത് വച്ച ചില വാർഷിക ഭരണറിപ്പോർട്ടുകൾ നിയമാനുസൃതം വയ്ക്കേണ്ടതാണോ എന്ന് പരിശോധിക്കണമെന്നാണ് റൂൾ 303 പ്രകാരം ആവശ്യപ്പെടുന്നത്. സാധാരണ

കമ്പനീസ് ആക്ട് പ്രകാരം രൂപീകരിച്ചതോ സഭ പാസ്സാക്കിയ പ്രത്യേക നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ചതോ ആയ പൊതുമേഖലാ സ്ഥാപനങ്ങളുടെയോ മറ്റ് സ്റ്റാറ്റ്യൂട്ടറി സ്ഥാപനങ്ങളുടെയോ ഭരണ റിപ്പോർട്ടുകൾ, വാർഷിക റിപ്പോർട്ടുകൾ, ഓഡിറ്റ് അക്കൗണ്ട്സ് റിപ്പോർട്ടുകൾ എന്നിവ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതുണ്ട്. അല്ലാത്ത കുറേ റിപ്പോർട്ടുകളും ഇവിടെ വരുന്നുണ്ട്, അത് അംഗങ്ങളുടെ അറിവിലേയ്ക്കായി മാത്രം തരുന്ന റിപ്പോർട്ടുകളാണ്. ഇവിടെ ആ റിപ്പോർട്ടുകൾ കൂടി മേശപ്പുറത്ത് വയ്ക്കപ്പെട്ടിരിക്കുകയാണ്. ഭരണഘടനാപരമായ റൂൾസ് ഓഫ് പ്രൊസീഡ്യുവറിലുള്ള കാര്യങ്ങൾ മാത്രമാണ് മേശപ്പുറത്ത് വയ്ക്കേണ്ടത്. അതിന്റെ കൂടെ മറ്റു കാര്യങ്ങൾ വയ്ക്കുന്നതോടുകൂടി അതിന്റെ sanctity ഇല്ലാതാകും. 28-2-2017-ൽ മേശപ്പുറത്തുവച്ച പത്ത് കാര്യങ്ങൾ യാതൊരു കാരണവശാലും സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടാത്ത കാര്യങ്ങളാണ്. ഏതെങ്കിലും നിയമത്തിന്റെ പിൻബലത്തിലല്ല മേൽപ്പറഞ്ഞ റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്ത് വച്ചിരിക്കുന്നത്. അംഗങ്ങളുടെ അറിവിലേയ്ക്കായി വിതരണം ചെയ്യപ്പെട്ട മേൽപ്പറഞ്ഞ രൂപത്തിലുള്ള റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നത് നിയമപ്രകാരമല്ല, അതിന് ഒരു നിയമത്തിന്റെ പിൻബലവുമില്ല. അത് പരിശോധിക്കപ്പെടണമെന്നാണ് ഞാൻ ആവശ്യപ്പെട്ടത്.

12.00 Noon]

## റൂളിംഗ്

മി. സ്പീക്കർ: പാർലമെന്റും സംസ്ഥാന നിയമസഭയും പാസ്സാക്കിയ നിയമങ്ങൾ പ്രകാരവും മറ്റ് സ്റ്റാറ്റ്യൂട്ടുകൾ പ്രകാരവും നിയമസഭയുടെ മേശപ്പുറത്ത് നിരവധി രേഖകൾ വയ്ക്കുന്നുണ്ട്. കൂടാതെ കീഴ്വഴക്കമെന്ന നിലയിലും Practice and Procedure of Parliament by M. N. Kaul and S. L. Shakdhar എന്ന ഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കുന്നതിന്റെ അടിസ്ഥാനത്തിലും ചില രേഖകൾ സഭയുടെ മേശപ്പുറത്ത് വച്ചുവരുന്നതായി കാണുന്നു. അതോടൊപ്പം നമ്മുടെ സഭയുടെ ഭാഗമായി പ്രവർത്തിച്ചു വരുന്ന "നിയമസഭയുടെ മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി" മുൻകാലങ്ങളിൽ സഭയിൽ സമർപ്പിച്ച റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരുന്ന ശിപാർശകളുടെ അടിസ്ഥാനത്തിലും രേഖകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നുണ്ട്.

ഇപ്രകാരം സഭയിൽ സമർപ്പിക്കപ്പെടുന്ന നല്ലൊരു ശതമാനം രേഖകളും അംഗങ്ങളുടെ അറിവിലേയ്ക്കായി സർക്കുലേറ്റ് ചെയ്താൽ മതിയാകുന്നതാണെന്നും ചട്ടപ്രകാരം സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതല്ലെന്നുമാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ചത്. ഈ വിഷയം ഇതിനുമുമ്പുതന്നെ ചെയറിന്റെ

ശ്രദ്ധയിൽപ്പെട്ടിരുന്നതാണ്. ഇക്കാര്യം സമഗ്രമായി പരിശോധിച്ച് സഭാചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടതുണ്ടോ എന്ന കാര്യവും ചെയറിന്റെ പരിഗണനയിലുണ്ട്. അതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ മേശപ്പുറത്തുവച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഇത് സംബന്ധിച്ച് ഒരു അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.

## IX നിയമനിർമ്മാണകാര്യം

## താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

### 2016-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (സാധൂകരണം) ബിൽ

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) : സർ, 2016-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (സാധൂകരണം) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) : സർ, 2016-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (സാധൂകരണം) ബിൽ മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) : സർ, ഇതൊരു വലിയ ബില്ലൊന്നുമല്ല. 2007 ഏപ്രിൽ 1-ാം തീയതി മുതൽ ഒറ്റത്തവണ നികുതി അടയ്ക്കൽ വ്യവസ്ഥ പ്രകാരം നികുതി ഈടാക്കിയ നടപടി സാധൂകരിക്കുന്നതിനുള്ള ബില്ലാണിത്. ഈ കാലഘട്ടത്തിൽ നികുതി ഈടാക്കിയപ്പോൾ മൂല്യവർദ്ധിത നികുതി, സെസ്സ്, കസ്റ്റംസ് ഡ്യൂട്ടി എന്നിവകൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് വാഹന നികുതി ഈടാക്കിയിട്ടുള്ളത്. എന്നാൽ ഈ നടപടി ശരിയല്ല. വാഹനവില മാത്രം കണക്കാക്കിയേ ടാക്സ് പിരിക്കാവൂ എന്ന കേസ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ വരികയുണ്ടായി. ഫാത്തിമ ഷെറിൻ അബി V/s ജോയിന്റ് ട്രാൻസ്പോർട്ട് ഓഫീസർ, കായംകുളം എന്നിവർ കക്ഷികളായ കേസിൽ പരാതിക്കാർക്ക് അനുകൂലമായാണ് കോടതി വിധി പുറപ്പെടുവിച്ചത്. പ്രസ്തുത കോടതി വിധിയുടെ അടിസ്ഥാനത്തിൽ അപ്രകാരം പിരിച്ച തുക ബന്ധപ്പെട്ട കക്ഷികൾക്ക് തിരിച്ച് കൊടുക്കേണ്ടിവന്നാൽ സർക്കാരിന് വൻ സാമ്പത്തിക ബാധ്യതയാണ് ഉണ്ടാകുക. ഇത് മറികടക്കുന്നതിനായി 2014-ലെ കേരള ധനകാര്യ ആക്ട് (2014-ലെ 29) പ്രകാരം 1976-ലെ കേരള

മോട്ടോർ വാഹന നികുതി ചുമത്തൽ ആക്ടിലെ (1976-ലെ 19) 2-ാം വകുപ്പ് (ഇ) ഖണ്ഡത്തിലെ 'ക്രയമൂല്യം' എന്ന പദത്തിന്റെ നിർവ്വചനത്തിൽ മൂല്യവർദ്ധിത നികുതി, സെസ്സ്, കസ്റ്റംസ്/എക്സൈസ് ഡ്യൂട്ടി എന്നിവ ഉൾപ്പെടുത്തി 2007 ഏപ്രിൽ 1-ാം തീയതി മുതൽ മുൻകാല പ്രാബല്യം നൽകി പ്രസ്തുത ഖണ്ഡം ഭേദഗതി ചെയ്തിരുന്നുവെങ്കിലും പ്രസ്തുത തീയതി മുതൽ ആക്ട് ഗസറ്റിൽ പ്രസിദ്ധീകരിച്ച 2014 ജൂലൈ 23-ാം തീയതി വരെ മേൽ പ്രസ്താവിച്ച രീതിയിൽ വാഹനങ്ങളുടെ 'ക്രയമൂല്യം' കണക്കാക്കിയതും അപ്രകാരം വാഹന നികുതി നിർണ്ണയിച്ചതും ചുമത്തിയതും പിരിച്ചെടുത്തതുമായ നടപടികൾ സാധൂകരിക്കപ്പെട്ടിട്ടില്ല. ഇതുമായി ബന്ധപ്പെട്ട കേസുകൾ കോടതിയിൽ വന്നപ്പോൾ സർക്കാരിനുവേണ്ടി ഇപ്രകാരം ഒരു നിയമ നിർമ്മാണം ഉടൻ പ്രാബല്യത്തിൽ കൊണ്ടുവരുമെന്ന് അറിയിച്ചിട്ടുണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിലെ കേസുകളിൽ നിന്ന് തൽക്കാലം സർക്കാർ അനുകൂല വിധി നേടിയെടുത്തിട്ടുണ്ട്. കോടതിയെ അറിയിച്ചതനുസരിച്ച് ഒരു നിയമം പാസ്സാക്കിയെടുക്കേണ്ട ബാധ്യത ഗവൺമെന്റിന് വന്നുചേർന്നിട്ടുണ്ട്. അതിനുവേണ്ടിയാണ് ഇപ്രകാരം ഒരു ബിൽ ഇവിടെ അവതരിപ്പിക്കേണ്ടിവന്നത്. അതുകൊണ്ട് കഴിഞ്ഞ കാലത്ത് വന്നിട്ടുള്ള വീഴ്ച പരിഹരിക്കുന്നതിനുവേണ്ടിയുള്ള ബിൽ എന്ന നിലയിൽ, ഇനി വിധിയനുസരിച്ച് പ്രവർത്തിക്കേണ്ടിവരുമ്പോൾ സർക്കാരിന് വൻ സാമ്പത്തിക ബാധ്യത ഉണ്ടാകുമെന്ന സാഹചര്യംകൂടി കണക്കിലെടുത്തുകൊണ്ട് ഈ ബിൽ അധികം ചർച്ച കൂടാതെതന്നെ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം പാസ്സാക്കിത്തരണമെന്ന് സഭയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

<u>മി. സ്പീക്കർ</u>: ഭേദഗതി ബില്ലിന്മേലുള്ള ചർച്ചയാണ് ഇവിടെ നടക്കുന്നത്. നിയമനിർമ്മാണത്തിന്റെ ഭാഗമായുള്ള ചർച്ചയ്ക്ക് സമയനിഷ്ഠയില്ല. പക്ഷെ, രണ്ട് യുവസാമാജികരാണ് ചർച്ചയിൽ പങ്കെടുക്കുന്നത്. അവർ സ്വാഭാവികമായും സമയനിഷ്ഠയും അച്ചടക്കവുമെല്ലാം പാലിക്കാൻ കഴിയുന്ന സാമാജികരായതുകൊണ്ട് വിഷയത്തിൽ ഒതുങ്ങിനിന്ന് ചുരുങ്ങിയ സമയത്തിനുള്ളിൽ സംസാരിക്കുമെന്നാണ് ചെയർ പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. എം. സ്വരാജ്</u>: 2016-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (സാധൂകരണം) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-3-2017 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഈ ബില്ലിന്റെ ഭേദഗതിയുമായി ബന്ധപ്പെട്ട് ആദ്യം തന്നെ ബഹുമാനപ്പെട്ട ചെയർ പറഞ്ഞിട്ടുള്ള വാക്കുകൾ മുഖവിലയ്ക്കെടുക്കുകയാണ്. ബില്ലിന്റെ ചർച്ചയിൽ സംസാരിക്കാൻ പ്രത്യേകമായ സമയപരിധി നിശ്ചയിക്കപ്പെട്ടിട്ടില്ലെങ്കിലും അനന്തമായി ചർച്ച നീട്ടികൊണ്ടുപോയി സഭയുടെ സമയം കളയണമെന്ന് ആഗ്രഹിക്കുന്നില്ല. ചില കാര്യങ്ങൾ അധികം സമയമെടുക്കാതെ സൂചിപ്പിക്കാമെന്നാണ് ഞാൻ കരുതുന്നത്.

ഈ നിയമനിർമ്മാണത്തിലേക്ക് നയിച്ച സാഹചര്യങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി തുടക്കത്തിൽത്തന്നെ സൂചിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിന്യായമാണ് ഇപ്പോൾ ഈ നിയമനിർമ്മാണത്തിന്റെ ആവശ്യകതയിലേക്ക് നയിച്ചിട്ടുള്ളത്. വിധിന്യായത്തിന്റെ വിശദാംശങ്ങളിലേക്ക് ഇപ്പോൾ കടക്കുന്നില്ല. ആ വിധിന്യായംമൂലം ഉണ്ടായിട്ടുള്ള അസാധാരണവും എന്നാൽ വ്യാപ്തിയേറിയതുമായ പ്രതിസന്ധി മറികടക്കുന്നതിനുവേണ്ടി 2014-ലെ കേരള ധനകാര്യ ആക്ട് പ്രകാരം കേരള മോട്ടോർ വാഹന നികുതി ചുമത്തൽ നിയമത്തിലെ 2-ാം വകുപ്പ് (ഇ) ഖണ്ഡത്തിലെ 'ക്രയമൂല്യം' എന്ന പദത്തിന്റെ നിർവ്വചനത്തിൽ മൂല്യവർദ്ധിത നികുതി, സെസ്, കസ്റ്റംസ്/എക്സൈസ് ഡ്യൂട്ടി എന്നിവ ഉൾപ്പെടുത്തികൊണ്ട് 2007 ഏപ്രിൽ 1-ാം തീയതി മുതൽ മുൻകാല പ്രാബല്യം നൽകി പ്രസ്തുത ഖണ്ഡം ഭേദഗതി ചെയ്തിരുന്നുവെങ്കിലും പ്രസ്തുത തീയതി മുതൽ ആക്ട് ഗസറ്റിൽ പ്രസിദ്ധീകരിച്ച 2014 ജൂലൈ 23-ാം തീയതി വരെ മേൽ പ്രസ്താവിച്ച രീതിയിൽ വാഹനങ്ങളുടെ ക്രയമൂല്യം കണക്കാക്കിയതും അപ്രകാരം വാഹന നികുതി നിർണ്ണയിച്ചതും ചുമത്തിയതും പിടിച്ചെടുത്തതുമായ നടപടികൾ സാധൂകരിക്കപ്പെട്ടിട്ടില്ല എന്നാണ് അദ്ദേഹം ഇവിടെ സൂചിപ്പിച്ചത്. അങ്ങനെ സാധൂകരിക്കപ്പെടുന്നതിനുവേണ്ടി അന്ന് ഇത്തരമൊരു നിയമനിർമ്മാണം നടത്താതിരുന്നതുകൊണ്ടാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. രണ്ട് വർഷം മുമ്പ് അത്തരമൊരു ഉത്തരവാദിത്വം ഏറ്റെടുക്കാൻ സാധിക്കാത്തതുകൊണ്ടാണ് ഇപ്പോൾ ഇത് കൊണ്ടുവരേണ്ടതായി വന്നത്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിയാണ് ഇവിടെ പ്രത്യേകമായി കാണേണ്ടത്. കോടതി എല്ലായ്പ്പോഴും ബഹുമാനിക്കപ്പെടുന്ന സ്ഥാപനമാണ്. വിധിന്യായത്തോടും നടപടിക്രമങ്ങളോടും സാധാരണ ജനത്തിനുണ്ടാകുന്ന ബഹുമാനത്തിന്റെ അടിസ്ഥാനത്തിലാണ് കോടതി നിലനിൽക്കുന്നതെന്ന് മഹാനായ ആർതർ ടി. വാണ്ടർ ബിൽറ്റ് പരാമർശിച്ചിട്ടുണ്ട്. ഒരു വിധിന്യായം പുറപ്പെടുവിക്കുമ്പോൾ പ്രായോഗികമായി അത് എങ്ങനെ നടപ്പാക്കാനാകുമെന്നത് പരിശോധിക്കപ്പെടേണ്ടതായിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടനെ ഹരിത ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവ് ഇത്തരത്തിൽ കാണേണ്ടതാണ്. ആ ഉത്തരവ് പ്രകാരം കേരളത്തിലെ ആറ് പട്ടണങ്ങളിൽ 10 വർഷത്തിലധികം പഴക്കമുള്ള ഡീസൽ വാഹനങ്ങൾ ഉപയോഗിക്കുന്നത് നിരോധിക്കുകയുണ്ടായി. 2000 സി.സി.യും അതിന് മുകളിലും എഞ്ചിൻ കപ്പാസിറ്റിയുള്ള ഡീസൽ വാഹനങ്ങളുടെ രജിസ്ട്രേഷനും നിർത്തലാക്കി. ആ വിധി ഉടൻതന്നെ നടപ്പിലാക്കിയാൽ കേരളത്തിലെ പൊതുനിരത്തുകളിൽനിന്ന് ഏകദേശം 1,11,000 വാഹനങ്ങൾ ഒറ്റയടിക്ക് അപ്രത്യക്ഷമാകും. അതിൽ 61,000 യാത്രാ വാഹനങ്ങളും 40,000 മറ്റ് ആവശ്യങ്ങൾക്കുവേണ്ടി ഓടുന്ന വാഹനങ്ങളും ഉൾപ്പെടുന്നു. ഹരിത ട്രിബ്യൂണലിന്റെ ഉത്തരവിന്റെ പ്രാധാന്യം പൂർണ്ണമായും ഉൾക്കൊള്ളുമ്പോൾ, പാരിസ്ഥിതികമായ ആകുലതകളെ ശരിവയ്ക്കുന്നതോടൊപ്പം, ഈ ഉത്തരവ് പെട്ടെന്ന്

നടപ്പാക്കുന്നതുമൂലമുണ്ടാകുന്ന സവിശേഷമായ സാഹചര്യം നമുക്ക് കാണാതിരിക്കാനാവില്ല. ഈ വിധിയിലേക്ക് നയിച്ച കാര്യങ്ങൾ ഗൗരവത്തോടെ പരിശോധിക്കുമ്പോൾ, ഒരു വിധിന്യായം പുറപ്പെടുവിക്കുമ്പോഴുണ്ടാകുന്ന അസാധാരണമായ സാഹചര്യവും സംസ്ഥാനത്തിനുണ്ടാകുന്ന അപരിഹാര്യമായ നഷ്ടവുമെല്ലാം പരിഗണിക്കപ്പെടേണ്ടതാണ്. ഇത് ഞാൻ സാന്ദർഭികമായി സൂചിപ്പിച്ചു എന്നുമാത്രം. പിരിച്ചെടുക്കേണ്ട നികുതികൾ സംബന്ധിച്ച് പലപ്പോഴും വമ്പിച്ച ഇളവുകൾ പ്രഖ്യാപിക്കുന്നതായി വിവിധ ബഡ്ജറ്റുകൾ അവതരിപ്പിക്കുന്ന ഘട്ടത്തിൽ കണ്ടിട്ടുണ്ട്. യൂണിയൻ ബഡ്ജറ്റിൽ ഒരു വർഷം അഞ്ച് ലക്ഷം കോടിയിൽപ്പരം രൂപയാണ് കോർപ്പറേറ്റ് ടാക്സിൽ ഇളവ് ചെയ്തുകൊടുക്കുന്നത്. എൻ.ഡി.എ. ഗവൺമെന്റും യു.പി.എ. ഗവൺമെന്റും അതേ രീതിയാണ് പിൻതുടർന്നിട്ടുള്ളത്. അഞ്ച് ലക്ഷം കോടിയെന്നുപറഞ്ഞാൽ ഒരു ശരാശരി മലയാളിയുടെ സാമാന്യ ഗണിതശാസ്ത്ര യുക്തികൾകൊണ്ട് നിർദ്ധാരണം ചെയ്യാൻ കഴിയാത്ത ഒരു ഭീമാകാരമായ സംഖ്യയാണെന്ന് നമുക്കറിയാം. 5 എന്നെഴുതി 12 പൂജ്യമിടുമ്പോഴാണ് അഞ്ച് ലക്ഷം കോടിയാവുക. വൻകിട കോർപ്പറേറ്റുകൾക്ക് യൂണിയൻ ബഡ്ജറ്റിൽ അഞ്ച് ലക്ഷം കോടിയിൽപ്പരം രൂപ ഇളവു ചെയ്തു കൊടുക്കുന്നു. അതിന്റെ ഏഴിലൊന്ന് പണമെങ്കിലും ഇന്ത്യൻ ജനതയ്ക്കുവേണ്ടി നീക്കിവച്ചിരുന്നെങ്കിൽ എ.പി.എൽ., ബി.പി.എൽ. ഭേദമില്ലാതെ ഒരു കിലോഗ്രാം അരിക്കും ഗോതമ്പിനും മൂന്ന് രൂപ നിരക്കിൽ കൊടുക്കാൻ കഴിയുമായിരുന്നുവെന്ന് ബഹുമാന്യനായ പി. സായിനാഥ് ആധികാരികമായ കണക്കുകളുടെ പിൻബലത്തോടുകൂടി സൂചിപ്പിച്ചു.എന്നാൽ ആ ദിശയിൽ കേന്ദ്ര സർക്കാർ ചിന്തിച്ചില്ല. ഈ രൂപത്തിൽ നികുതി ഇളവുചെയ്ത് കൊടുക്കുന്നതുമായി ബന്ധപ്പെട്ട് കോർപ്പറേറ്റുകളെ സഹായിക്കാനുള്ള നടപടികൾ പലപ്പോഴും ഉണ്ടായിട്ടുണ്ട്.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, ഇവിടെ അഞ്ച് ലക്ഷം കോടി രൂപയുടെ നികുതി ഇളവിനെക്കുറിച്ചൊക്കെ സംസാരിച്ചു. ഇങ്ങനെ നികുതി ഇളവുചെയ്ത് കൊടുക്കുന്നതിന് അവർ നിഘണ്ടുവിൽ Revenue forgone എന്നൊരു പുതിയ വാക്ക് കണ്ടെത്തിയിരുന്നു. Revenue forgone എന്നുപറഞ്ഞുകൊണ്ട് കോർപ്പറേറ്റുകൾക്ക് നികുതി ഇളവു ചെയ്തുകൊടുക്കുന്ന സംവിധാനം ഈ രാജ്യത്ത് പരിചയപ്പെടുത്തിയത് ആരാണെന്ന് ബഹുമാനപ്പെട്ട അംഗത്തിന് അറിയാമോ?

<u>ശ്രീ. എം. സ്വരാജ്</u>: സർ, ഈ സഭയിലിരിക്കുന്ന ചില ആളുകളുടെ ശിരസ് കുനിഞ്ഞുപോകുന്നുണ്ട്. അപ്പോൾ അതു സംബന്ധിച്ച് എല്ലാവർക്കും നല്ല ധാരണയുണ്ടാകുമെന്നാണ് ഞാൻ കരുതുന്നത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. വിജയ് മല്യയെപ്പോലെയുള്ളവർ നമ്മുടെ നാടിനെ കൊള്ളയടിച്ച് രക്ഷപ്പെടുന്നതും നമ്മൾ കണ്ടു. ഇവിടെ സവിശേഷമായ ഒരു സാഹചര്യമുണ്ടായിരിക്കുന്നു. സംസ്ഥാനത്തിന്റെ റോഡ് സുരക്ഷയ്ക്കും ക്ഷേമപ്രവർത്തനങ്ങൾക്കും വേണ്ടിയാണ് വാഹന നികുതിയിനത്തിൽ പിരിച്ചെടുക്കുന്ന പണം നാം ഉപയോഗിക്കുന്നത്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. വി. അബ്ദുൾ ഖാദർ]

ശ്രീ. പി. സി. ജോർജ്: സർ, ശ്രീ. എ. എൻ. ഷംസീർ പറഞ്ഞതിനോട് ഞാൻ യോജിക്കുകയാണ്. കോർപ്പറേറ്റുകളിൽനിന്നുള്ള നികുതി എഴുതിത്തള്ളുന്നുവെന്ന് പറയുന്നത് കണക്കിൽ കാണിക്കുന്നതേയുള്ളൂ. എന്നാൽ കക്ഷികളിൽനിന്ന് പണം തിരിച്ചുപിടിക്കുമെന്നുള്ള റിസർവ് ബാങ്കിന്റെ ഒരു സർക്കുലറുണ്ടായിരുന്നു. വൻകിട കോർപ്പറേറ്റുകളിൽനിന്നുള്ള തുക എഴുതിത്തള്ളുന്നുവെന്ന് ഔദ്യോഗികമായി രേഖ തരികയാണ്. എഴുതിത്തള്ളുന്നുവെന്ന് പറഞ്ഞുകൊണ്ട് അവരിൽനിന്നും അത് ഈടാക്കാതിരിക്കുന്നില്ല എന്നാണ് പറയുന്നത്. കണക്ക് അഡ്ജസ്റ്റ് ചെയ്യാൻ വേണ്ടിയാണ് എഴുതിത്തള്ളുന്നുവെന്ന് റിക്കോർഡിൽ കാണിക്കുന്നത്. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. സ്വരാജ്: സർ, റിസർവ് ബാങ്കിന്റെ സമീപകാലത്തുള്ള ചില അഭിപ്രായ പ്രകടനങ്ങളും നിലപാടുകളും എന്റെ സാമാന്യയുക്തിക്ക് നിരക്കുന്നതല്ല, എനിക്ക് മനസ്സിലാക്കാനും സാധിച്ചിട്ടില്ല. ആ മേഖലയിൽ ഞാൻ പണ്ഡിതനല്ലാത്തതു കൊണ്ടാണെന്നാണ് എനിക്ക് തോന്നുന്നത്. സമീപ ഭൂതകാലാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ നമ്മുടെ രാജ്യം ഭരിക്കുന്ന ആളുകൾ കോർപ്പറേറ്റുകൾക്ക് അനുകൂലമായ നിലപാട് സ്വീകരിക്കുകയും കോർപ്പറേറ്റ്വൽക്കരണത്തിലേയ്ക്ക് നാടിനെ നയിക്കുകയും ചെയ്യുന്ന കാഴ്ചയാണ് കാണുന്നത്. പതാകകളുടെ നിറഭേദങ്ങൾക്കപ്പുറം അതിനെതിരെ ഒരു ജനവികാരം ഉയർന്നുവരുന്നുണ്ട്. പട്ടിണികിടന്ന് മനുഷ്യർ മരിക്കുന്ന രാജ്യത്ത് ഇത്തരത്തിലുള്ള നിലപാടുകൾ സ്വീകരിക്കാൻ പാടുണ്ടോയെന്ന ചോദ്യവും ഉയർന്നു വരുന്നുണ്ട്. ആ ചോദ്യത്തിന്റെ മുനയെ അഭിമുഖീകരിക്കാൻ കഴിയാത്ത ഘട്ടത്തിൽ പറയുന്ന ചില സൂത്രങ്ങളായിട്ടാണ് ഞാനിതിനെ കണക്കാക്കുന്നതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

റോഡപകടങ്ങൾ വലിയ തോതിൽ വർദ്ധിച്ചുവരികയാണ്. നമ്മുടെ പാതകൾ അപകടം പതിയിരിക്കുന്ന പാതകളായി മാറിയിരിക്കുന്നു. ഓരോ ദിവസവും നമ്മുടെ രാജ്യത്തെ പാതകളിൽ ഒഴുക്കപ്പെടുന്നത് ഗാലൻ കണക്കിന് രക്തമാണ്. നമ്മുടെ രാജ്യത്ത് പ്രതിവർഷം ഒന്നര ലക്ഷം ആളുകളാണ് റോഡപകടങ്ങളിൽ കൊല്ലപ്പെടുന്നതായി കണക്കാക്കപ്പെട്ടിട്ടുള്ളത്. പരിക്കേറ്റവർ, അംഗഭംഗം വന്നവർ ഇങ്ങനെയുള്ള കണക്ക് പരിശോധിച്ചാൽ ഏതാണ്ട് 25 ലക്ഷത്തിലധികം വരുമെന്നാണ് ആധികാരികമായ വിവരം. കേരളത്തിലാകട്ടെ 2016-ൽ 4149 പേർ റോഡപകടങ്ങളിൽ മരണപ്പെട്ടുവെന്നാണ് കണക്ക്. 49329 അപകടങ്ങൾ ഈ കാലയളവിലുണ്ടായി. ആകെ ജനസംഖ്യയുമായി താരതമ്യം ചെയ്താൽ ഇത് ദേശീയ ശരാശരിയേക്കാൾ കൂടുതലാണെന്ന് കാണാൻ കഴിയും. ഇന്ത്യ-പാകിസ്ഥാൻ യുദ്ധത്തിൽ ഇരുഭാഗത്തുമായി മരണപ്പെട്ട സൈനികരുടെ കണക്ക് ഏകദേശം 6800 ആണത്രേ. ലോകത്തിലെ ഏത് യുദ്ധങ്ങളുടെ ചരിത്രമെടുത്ത്

പരിശോധിച്ചാലും അതിൽവന്ന ജീവഹാനിയേക്കാളേറെയാണ് നമ്മുടെ രാജ്യത്ത് ഓരോ വർഷവും റോഡിൽ പൊലിയുന്നതെന്ന് കാണേണ്ടതായിട്ടുണ്ട്. കേരളത്തിൽ ഒരു കോടി പതിമൂന്ന് ലക്ഷത്തിൽപ്പരം വാഹനങ്ങൾ ഇപ്പോൾ റോഡിൽ ഓടിക്കൊണ്ടിരിക്കുന്നുവെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇങ്ങനെ സവിശേഷമായൊരു സ്ഥിതിവിശേഷം നമ്മുടെ സംസ്ഥാനത്തും നിലനിൽക്കുകയാണ്. ഈ സ്ഥിതി വിശേഷത്തിൽ വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനും സുരക്ഷാ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി കൂടുതൽ പണം നീക്കിവയ്ക്കേണ്ടതായി വരും. റോഡ് സേഫ്റ്റിക്കുവേണ്ടി നീക്കിവയ്ക്കുന്ന പണത്തിലൊരുഭാഗം നികുതിയായി പിരിച്ചെടുക്കുന്ന പണമാണ്. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ പിരിച്ചെടുത്ത ഏഴ് കൊല്ലക്കാലത്തെ പണം തിരിച്ചുകൊടുക്കേണ്ടിവന്നാൽ നമ്മുടെ റോഡുകൾ കുരുതിക്കളമാക്കി മാറ്റുന്നതിലേയ്ക്ക് നയിക്കത്തക്ക വിധത്തിലുള്ള ഒരു സ്ഥിതി വിശേഷമുണ്ടാകുമെന്ന് നാം കാണണം. ഈ ഘട്ടത്തിൽ ഒരു കേന്ദ്ര നിയമം വരുന്നത് സംബന്ധിച്ച വാർത്തകൾ ഒരുപാട് ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തെ മുൻനിർത്തിക്കൊണ്ടുള്ള പണിമുടക്കിൽ രണ്ടേകാൽ കോടിയിലധികം മോട്ടോർ വാഹനത്തൊഴിലാളികൾ അണിചേർന്നതായിട്ടുള്ള വിവരങ്ങളും നമ്മുടെ മുമ്പിലുണ്ട്. അതു സംബന്ധിച്ച ആകുലതകൾ ഈ നാട് നന്നായി ചർച്ച ചെയ്യുന്നുണ്ട്. ഈ നിയമം നടപ്പിലായാൽ ഗതാഗത രംഗമാകെ കോർപ്പറേറ്റുകളുടെ കാൽക്കൽ അടിയറവയ്ക്കുന്ന സാഹചര്യം സൃഷ്ടിക്കുമെന്നാണ് പൊതുവായി വിലയിരുത്തപ്പെട്ടിട്ടുള്ളത്. രാജ്യത്തെ പൊതുമേഖലാ ട്രാൻസ്പോർട്ട് കോർപ്പറേഷനുകളെല്ലാം ഇല്ലാതാക്കുകയും അതെല്ലാം കോർപ്പറേറ്റുകളുടെ നിയന്ത്രണത്തിലാകുകയും ചെയ്യുന്ന സാഹചര്യം, മോട്ടോർവാഹന വകുപ്പുതന്നെ ഇല്ലാതാകുന്ന സ്ഥിതി, മോട്ടോർവാഹന നികുതി ഈടാക്കാനുള്ള ഭരണഘടനാപരമായ സംസ്ഥാന ഗവൺമെന്റുകളുടെ അധികാരം കവർന്നെടുക്കപ്പെടുന്ന സാഹചര്യം ഇതെല്ലാം കേന്ദ്രനിയമത്തിന്റെ ഭാഗമായി വരുമെന്നാണ് ഭയപ്പെടുന്നത്. അതിനെതിരെ വലിയ പ്രതിഷേധവും നമ്മുടെ രാജ്യത്ത് വളർന്നുവരുന്നുണ്ട്. അപകടമുണ്ടാകുന്ന സാഹചര്യങ്ങളിൽ ഇൻഷ്വറൻസ് കമ്പനികളുടെ ബാധ്യതയും പരിമിതപ്പെടുത്തുന്നതിനായി ഈ നിയമം വ്യവസ്ഥ ചെയ്യുന്നതായിട്ടാണ് കാണാൻ സാധിക്കുന്നത്. അത്തരത്തിലൊരു ഭീഷണി നമ്മുടെ മുമ്പിൽ വന്നു നിൽക്കുന്നുണ്ട്. ആ ഭീഷണി മുമ്പിൽ നിൽക്കുന്ന സാഹചര്യത്തിൽ ഹൈക്കോടതി വിധി നടപ്പാക്കപ്പെട്ടാൽ കൂടുതൽ അപകടകരമായ സ്ഥിതിയാണ് കേരളത്തിലുണ്ടാവുക. കേരളത്തിലെ റോഡുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനാവശ്യമായ നവീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്. അടിപ്പാതകളുടെയും മേൽപ്പാലങ്ങളുടെയും നിർമ്മാണം, ആധുനിക സിഗ്നൽ സംവിധാനം, ക്യാമറകൾ സ്ഥാപിച്ചുകൊണ്ട് സുരക്ഷാ സംവിധാനങ്ങൾ ഉറപ്പുവരുത്താനുള്ള നീക്കങ്ങൾ, അപകടങ്ങളിൽ പരിക്കുപറ്റിയവർക്കുള്ള ആധുനിക ചികിത്സാ സൗകര്യങ്ങൾ, ട്രോമാകെയർ സംവിധാനങ്ങൾ ഇവയെല്ലാം സമയബന്ധിതമായി സംസ്ഥാനത്ത്

നടപ്പാക്കേണ്ട കാര്യങ്ങളാണ്. ഇത്തരത്തിലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ധാരാളം പണം ആവശ്യമായി വരും. അതിനെല്ലാമുള്ള പണം കണ്ടെത്താനാകാത്ത സ്ഥിതി നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾത്തന്നെയുണ്ട്. ഈയൊരു ഘട്ടത്തിൽ മുൻകാല പ്രാബല്യത്തോടുകൂടി അടച്ച നികുതിയെല്ലാം തിരിച്ചുകൊടുക്കണമെന്ന സ്ഥിതി വന്നാൽ അത് നമ്മുടെ സംസ്ഥാനത്തിന് താങ്ങാനാവാത്തതും കേരളത്തിന്റെ പാതകൾ മുഴുവൻ മനുഷ്യജീവനുകൾ ഹോമിക്കത്തക്ക നിലയിൽ അപകടത്തിലാവുകയും ചെയ്യും.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, നമ്മൾ വാങ്ങിയിട്ടുള്ള ടാക്സ് റോഡിന്റെ വികസനത്തിനും മറ്റും ആവശ്യമാണെന്ന അങ്ങയുടെ പരാമർശം വളരെ കറക്ടാണ്. ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവന്നിട്ടുള്ള ഈ ബിൽ നിയമപരമായി നിലനിൽക്കുമോ എന്ന ഒരു സംശയം ഞാൻ അങ്ങയുടെ മുമ്പിൽ വയ്ക്കുകയാണ്. ഇതിലുള്ള പ്രധാന പോയിന്റ് എന്താണ്? 2007 മുതൽ 2014 വരെ ഒരു നിയമവുമില്ലാതെ പിരിച്ച ടാക്സ് തിരിച്ചുകൊടുക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞിരിക്കുകയാണ്. ഇതിൽ രണ്ടു ഗവൺമെന്റുകളുടെ കാലാവധിയുണ്ട്. ഞാൻ ഇതിനെ രാഷ്ട്രീയമായി കാണുന്നില്ല. 2007 മുതൽ 2014 വരെ ഒരു നിയമത്തിന്റെയും പിൻബലമില്ലാതെ പിരിച്ചെടുത്ത ടാക്സ് തിരിച്ചുകൊടുക്കണമെന്ന് 'ഫാത്തിമ ഷെറിൻ അഭി Vs ജോയിന്റ് ട്രാൻസ്പോർട്ട് ഓഫീസർ, കായംകുളം' എന്ന കേസിൽ ബഹുമാനപ്പെട്ട കോടതി പറഞ്ഞിരിക്കുകയാണ്. ഒരു കാലത്ത് നിലവിലുള്ള നിയമമനുസരിച്ചുള്ള ടാക്സ് കൊടുക്കാനേ ജനത്തിന് ബാധ്യതയുണ്ടായിരുന്നുള്ളൂ. അതിനൊരു നിയമമില്ലെങ്കിൽ പിൽക്കാല പ്രാബല്യത്തിൽ ഇത്തരം നിയമങ്ങൾ കൊണ്ടുവരാൻ പാടില്ലെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ തന്നെ നിരവധി റൂളിംഗുകളുണ്ട്. ഏതൊരു നിയമത്തിനും പ്രോസ്പെക്ടീവ് ഇഫക്ടാണ്. ഒരു നിയമം പാസ്സാക്കിയാൽ ഇന്ന് മുതൽ അത് പ്രാബല്യത്തിൽ വരികയാണ്. പഴയ ടാക്സിനെല്ലാം കൂടി ഇപ്പോൾ ഒരു നിയമം ഉണ്ടാക്കിയിട്ട് അതിന് പിൽക്കാല പ്രാബല്യമുണ്ടാകുമെന്ന് പറയുമ്പോൾ അത് കിട്ടാൻ പോകുന്നില്ലെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. ഈ ചർച്ചയിൽ അങ്ങയുടെ അഭിപ്രായം വ്യക്തമാക്കണമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. അതുകൊണ്ടുതന്നെ ഈ ബിൽ വെറുമൊരു അധര വ്യായാമമായി മാറുമെന്നാണ് എനിക്ക് തോന്നുന്നത്. കാരണം അന്ന് നിയമം നിലവിലില്ല. അതുകൊണ്ടാണ് പിരിച്ചെടുത്ത ടാക്സ് തിരിച്ചുകൊടുക്കണമെന്ന് കോടതി പറഞ്ഞത്. അങ്ങനെ പറഞ്ഞ സാഹചര്യത്തിൽ വീണ്ടും ഒരു നിയമം കൊണ്ടുവരുന്നതിന് പരിരക്ഷ കിട്ടുന്നില്ല. 2007 മുതൽ 2014 വരെ ടാക്സ് പിരിച്ചിട്ടില്ല. 2014-ൽ യു.ഡി.എഫ്. ഗവൺമെന്റാണ് ഒരു ബിൽ കൊണ്ടുവന്നത്. അതുകൊണ്ടാണ് 2014 മുതൽ അതിന്

ഇഫക്ട് കിട്ടിയത്. 2014 വരെ കിട്ടാതെ പോയതും അന്ന് നിയമമില്ലാത്തതു കൊണ്ടാണ്. ഇങ്ങനെയൊരു നിയമം പിൽക്കാല പ്രാബല്യത്തിൽ കൊണ്ടുവന്നാൽ നിയമപരമായി അത് നിലനിൽക്കില്ല എന്നാണ് എന്റെ അഭിപ്രായം. അതേക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ് ?

<u>ശ്രീ. എം. സ്വരാജ്:</u> സർ, ചില അസാധാരണമായ സാഹചര്യങ്ങളിൽ റിട്രോസ്പെക്ടീവ് ഇഫക്ടും വേണ്ടിവരും. അങ്ങ് ഇവിടെ പറഞ്ഞു, 2014-ൽ യു.ഡി.എഫ്. ഗവൺമെന്റിനാണ് ഈ ബിൽ കൊണ്ടുവരണമെന്ന തോന്നലുണ്ടായതെന്ന്. 2014-ലെ കേരള ഹൈക്കോടതിയുടെ വിധിന്യായത്തെ തുടർന്ന് അങ്ങനെ ചെയ്യേണ്ടതായി വന്നു; അത് ചെയ്തു. അതിന്റെ തുടർച്ചയായി അതുവരെ പിരിച്ചെടുത്ത ടാക്സ് സാധൂകരിക്കുന്നതിന് ഇങ്ങനെയൊരു നിയമനിർമ്മാണം നടത്താൻ അന്ന് തയ്യാറായില്ല. നിങ്ങൾ അന്ന് ചെയ്യേണ്ടിയിരുന്നതാണ്. ഞാൻ അത് കക്ഷി രാഷ്ട്രീയത്തിന്റെ അടിസ്ഥാനത്തിൽ കാണുന്നില്ല. മുൻ ഗവൺമെന്റ് 2014-ൽത്തന്നെ ചെയ്യേണ്ടിയിരുന്ന ഒരു കാര്യം, അന്ന് നിങ്ങൾ ചെയ്യാത്തതുകൊണ്ട് ഇന്ന് നമുക്കെല്ലാവർക്കും ഒരുമിച്ച് നിന്ന് ചെയ്യാം.

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> സർ, ............(മൈക്ക് ഓഫ്).............

<u>ശ്രീ. എം. സ്വരാജ്:</u> സർ, അങ്ങനെയാണെങ്കിൽ 2011-ൽ നിങ്ങൾ അധികാരത്തിൽ വന്നപ്പോൾ ചെയ്യാമായിരുന്നു. 2013-ലെ കേരള ഹൈക്കോടതി വിധി വന്നപ്പോഴാണ് നമ്മൾ ഇത് ശ്രദ്ധിച്ചത്. അതുവരെ ചെയ്യാതിരുന്നത് രണ്ടുകൂട്ടരുടെയും കുഴപ്പമല്ല. 2013-ലെ വിധി വന്ന സമയത്ത് നമുക്ക് മനസ്സിലായതിന്റെ അടിസ്ഥാനത്തിൽ 2014-ൽ അതിന്റെ പകുതിഭാഗം നിങ്ങൾ ചെയ്തു, ബാക്കി ചെയ്തില്ല. ഒരു കാര്യം ചെയ്യുമ്പോൾ അത് വൃത്തിയായും പൂർണ്ണമായും ചെയ്യണം. ഇനി ഭാവിയിലാണെങ്കിലും അങ്ങനെ ചെയ്യണമെന്ന് ഓർമ്മപ്പെടുത്തുന്നതു കൂടിയാണ് ഇപ്പോൾ ഈ നിയമനിർമ്മാണം എന്നാണ് അത് സംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്. ഇവിടെ അസാധാരണമായ ഒരു സാഹചര്യമുണ്ടായി എന്നാണ് നമ്മൾ കാണേണ്ടത്. 2007 മുതൽ ഈടാക്കിയ നികുതി പൂർണ്ണമായും ഹൈക്കോടതി വിധിയെ മാനിച്ചുകൊണ്ട് തിരിച്ചുകൊടുക്കുന്ന ഒരു സ്ഥിതി വന്നാൽ നമ്മുടെ സംസ്ഥാനം അഭിമുഖീകരിക്കുന്ന സാഹചര്യം എത്രമാത്രം അപകടകരമായിരിക്കുമെന്നാണ് മനസ്സിലാക്കേണ്ടത്. ആ സാഹചര്യം ഒഴിവാക്കാനാണ് സോദ്ദേശ്യ പൂർണ്ണമായി ഈ ബിൽ മന്ത്രി ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. അതിന് ഞാൻ അദ്ദേഹത്തെ പ്രത്യേകം അഭിനന്ദിക്കാനുംകൂടി ഈ അവസരം ഉപയോഗപ്പെടുത്തുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> സർ, ............(മൈക്ക് ഓഫ്).............

<u>ശ്രീ. എം. സ്വരാജ്:</u> സർ, നിങ്ങൾ അഭിനന്ദിക്കുന്നില്ലെങ്കിൽ വേണ്ട; ഞാൻ അഭിനന്ദിച്ചോട്ടെ.

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): സർ, നിയമപരമായി നിലനിൽക്കുകയില്ല എന്ന ആശങ്കയാണ് ശ്രീ. എൻ. ഷംസുദ്ദീൻ പ്രകടിപ്പിച്ചത്. 2014-ൽ ഈ വിധി ഉണ്ടായതിനെത്തുടർന്ന് കോടതിയെ സമീപിക്കുകയുണ്ടായി. ഇത്തരത്തിൽ ഒരു സാധൂകരണ ബിൽ പാസ്സാക്കുന്നതാണെന്ന് കോടതിയെ അറിയിക്കുകയും കോടതി സമ്മതിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിധി സ്റ്റേ ചെയ്തിരിക്കുകയുമാണ്. അപ്പോൾ കോടതിയിൽ നിന്നും അനുകൂലമായ ഒരു പ്രതികരണം ഉണ്ടായിട്ടുണ്ട്. ആ പശ്ചാത്തലം കൂടി കണക്കിലെടുക്കണമെന്നാണ് ഞാൻ പറയുന്നത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ):</u> സർ, 2014-ലെ ധനകാര്യ ആക്ടിൽ ഇത് ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

<u>ശ്രീ. എം. സ്വരാജ്:</u> സർ, ഞാൻ മന്ത്രിയെ അഭിനന്ദിക്കുന്നുവെന്ന് പറയാൻ കാരണം ഇക്കാര്യത്തിൽ മാത്രമല്ല, മോട്ടോർ വാഹന വകുപ്പ് ധാരാളം പരാതികളും വിമർശനങ്ങളും എല്ലാകാലത്തും ക്ഷണിച്ചുവരുത്തുന്ന ഒരു വകുപ്പായിരുന്നു. ഏതായാലും അവിടത്തെ സേവനങ്ങൾ സംബന്ധിച്ച് ഇപ്പോൾ കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങൾ അഭിനന്ദനാർഹമാണ്. അപേക്ഷിച്ച് കഴിഞ്ഞാൽ ഒരു ദിവസംകൊണ്ട് സാധാരണക്കാരായ ജനങ്ങൾക്ക് മോട്ടോർ വാഹന വകുപ്പിൽനിന്നും അവശ്യം വേണ്ടിവരുന്ന രേഖകളും സർട്ടിഫിക്കറ്റുകളുമെല്ലാം തപാലിൽ അയച്ചുകൊടുക്കുന്ന സമ്പ്രദായം ഇപ്പോൾ മോട്ടോർ വാഹന വകുപ്പിൽ സ്വീകരിച്ചിരിക്കുകയാണ്. ഇതുവഴി ഏജന്റുമാരെയെല്ലാം പടിക്കു പുറത്തുനിർത്തുകയാണ്. ഇടനിലക്കാരുടെയും ഏജന്റുമാരുടെയും ചൂഷണം ഇല്ലാതാക്കുകയാണ്. അതൊരു സുപ്രധാനമായ ചുവടുവയ്പാണ്. ഞാൻ ധരിക്കുന്നത്, മോട്ടോർ വാഹന വകുപ്പിനെ ശുദ്ധീകരിക്കാനും ശരിയായ ദിശയിൽ നടത്തിക്കാനുമുള്ള ഒരു ശ്രമമാണ് ബഹുമാന്യനായ മന്ത്രിയുടെയും വകുപ്പിന്റെയും ഭാഗത്തു നിന്നുണ്ടായിക്കൊണ്ടിരിക്കുന്നത് എന്നാണ്.

<u>ശ്രീ. പി. ഉബൈദുള്ള:</u> സർ, ആദ്യമായി കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കിയ ഡിപ്പാർട്ടുമെന്റാണ് മോട്ടോർ വാഹന വകുപ്പ്. ഭൂനികുതി, കെട്ടിട നികുതി എന്നിവ ഓൺലൈനായി അടയ്ക്കാനുള്ള സൗകര്യം നമുക്കുണ്ടായി. മോട്ടോർ വാഹന നികുതി മാത്രം ഓൺലൈനായി അടയ്ക്കാനുള്ള സംവിധാനം ഇപ്പോഴുമില്ല. അതുകൊണ്ടാണ് ആർ.ടി. ഓഫീസിന്റെ മുന്നിൽ രാവിലെ മുതൽ വൈകുന്നേരം വരെ ക്യൂ

നിൽക്കേണ്ടി വരുന്നത്. പലപ്പോഴും ഇതിന് സമയമില്ലാത്തതു കൊണ്ടാണ് ഏജന്റുമാരെ നികുതി അടയ്ക്കാൻ പല ആളുകളും ഏല്പിക്കുന്നത്. ഈ കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. സ്വരാജ്: സർ, അതാണ് സൂചിപ്പിച്ചത്. ഏജന്റുമാരുടെയും ഇടനിലക്കാരുടെയും ചൂഷണം അവസാനിപ്പിക്കുന്നതിനുള്ള നടപടി തുടങ്ങി എന്നതിലാണ് ഞാൻ അദ്ദേഹത്തെ അഭിനന്ദിച്ചത്. ആ മേഖലയിൽ നിൽക്കുന്ന ഏജന്റുമാരുടെ ചൂഷണം, ഇടനിലക്കാരുടെ ആധിക്യം ഇതെല്ലാം നമുക്കറിയാവുന്നതാണ്. ആ പ്രശ്നം പരിഹരിക്കുന്നതിനുള്ള മന്ത്രിയുടെ നീക്കത്തെയാണ് ഞാൻ അഭിനന്ദിച്ചത്. അതോടൊപ്പം ഈ രംഗത്ത് രണ്ട് വർഷം മുൻപുതന്നെ നാം കൊണ്ടുവരേണ്ടിയിരുന്ന ഒരു നിയമനിർമ്മാണം, ഇത്തിരി വൈകിയെങ്കിലും ആ ബാധ്യത ഏറ്റെടുക്കുകയും കോടതിയുടെ കൂടി കാഴ്ചപ്പാടുകൾക്കനുസൃതമായി ഈ പ്രശ്നം പരിഹരിക്കാനുള്ള ഒരു ചുവട് വയ്ക്കുകയുമാണ്. ഈ സാഹചര്യത്തിൽ ഈ ബില്ലിനെ അനുകൂലിച്ചു കൊണ്ട് ഞാൻ എന്റെ ചർച്ച അവസാനിപ്പിക്കുന്നു.

ശ്രീ. വി. ടി. ബൽറാം: സർ, 2016-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (സാധൂകരണം) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ബഹുമാന്യനായ മന്ത്രി പറഞ്ഞതുപോലെ ഒരു ചെറിയ ബില്ലാണിത്. ഒരു സാങ്കേതികത്വം പരിഹരിക്കുക, നടന്ന കാര്യങ്ങൾക്ക് സാധൂകരണം നൽകുക എന്നുള്ളതാണ് ഈ ബില്ലിന്റെ ഉദ്ദേശ്യം. അതുകൊണ്ടുതന്നെ ആ ഉദ്ദേശ്യശുദ്ധിയെ നമുക്കെല്ലാവർക്കും അംഗീകരിക്കേണ്ടതായി വരും. അതല്ലാതെ മറ്റു മാർഗ്ഗമില്ല. എനിക്ക് മുൻപ് സംസാരിച്ച ശ്രീ. എം. സ്വരാജ് പറഞ്ഞതുപോലെ, വാങ്ങിയ നികുതി മുഴുവൻ ഉടമകളെയും തേടിപ്പിടിച്ച് തിരിച്ചു നൽകുകയെന്നു പറഞ്ഞാൽ ഗവൺമെന്റിന് സാമ്പത്തികനഷ്ടം ഉണ്ടാകുന്നത് മാത്രമല്ല പ്രായോഗികമായി നടക്കാനും പോകുന്നില്ല. കാരണം 2007-2014 വർഷക്കാലംകൊണ്ട് പല ആളുകളിൽനിന്നും പല അവസരങ്ങളിലായി വാങ്ങിയ നികുതി മുഴുവൻ തിരിച്ചു കൊടുക്കുക എന്നുപറയുന്നത് പ്രായോഗികമായി നടക്കാത്ത കാര്യമാണെന്ന് കോടതിക്കും ബോധ്യപ്പെടേണ്ടതാണ്. അതുകൊണ്ടുതന്നെ ഇങ്ങനെയൊരു നിയമത്തിന്റെ അനിവാര്യത നാളെ ഒരിക്കൽ കോടതിയെ ബോധ്യപ്പെടുത്താൻ സർക്കാരിന് കഴിയുമെന്നുതന്നെയാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ആ സാങ്കേതികത്വം അങ്ങനെ മറികടക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. ഈ മേഖലയുമായി ബന്ധപ്പെട്ട് ഗവൺമെന്റും വകുപ്പും കാര്യങ്ങൾ കുറേക്കൂടി അവധാനതയോടുകൂടി ചെയ്യേണ്ടതുണ്ട് എന്നുള്ള വിലയിരുത്തലിലേയ്ക്ക് കാര്യങ്ങൾ എത്തിച്ചേരേണ്ടതുണ്ട്. ഫിനാൻസ്

ബിൽ ഏപ്രിൽ ഒന്നാം തീയതി നിലവിൽ വന്നു. അത് ഗസറ്റിൽ പബ്ലിഷ് ചെയ്തത് മാസങ്ങൾക്കുശേഷമാണ്. ആ കാലയളവിലെ കാര്യം എങ്ങനെ വേണമെന്നതിനെക്കുറിച്ചുള്ള ഒരു കൺഫ്യൂഷൻ ഇപ്പോഴും നിലനിൽക്കുന്നുണ്ട് എന്നാണ് എനിക്ക് തോന്നുന്നത്. അതോടൊപ്പം ഈ ബില്ലിലെ ചില വാചകങ്ങൾ, പല ബില്ലിലും അങ്ങനെയൊക്കെ കാണുന്നുണ്ട്; അതിന്റെയും കൂടി സാങ്കേതികത്വവും സാംഗത്യവും പൊതുവിൽ വിലയിരുത്തപ്പെടേണ്ടതായിട്ടുണ്ട് എന്നാണ് എനിക്ക് തോന്നുന്നത്. കാരണം സെക്ഷൻ (സി)യിൽ പറയുന്നത് 'അപ്രകാരം ഒടുക്കിയിട്ടുള്ള ഏതെങ്കിലും നികുതി തിരിച്ചുനൽകണമെന്ന് നിർദ്ദേശിച്ചുകൊണ്ടുള്ള ഏതെങ്കിലും ഡിക്രിയോ ഉത്തരവോ യാതൊരു കോടതിയും നടപ്പിലാക്കാൻ പാടില്ലാത്തതാണെന്ന് ഈ ബില്ലിൽത്തന്നെ പറഞ്ഞിട്ടുണ്ട്. കോടതിയുടെ അധികാരങ്ങൾ ഉപയോഗിക്കാൻ പാടില്ലെന്ന തരത്തിൽ ഒരു നിയമം പാസ്സാക്കിയാൽ അതിന് എത്രത്തോളം നിലനില്പുണ്ടെന്ന് പറയാൻ സാധിക്കില്ല. നിയമസഭ പാസ്സാക്കുന്ന ഏത് നിയമവും ജുഡീഷ്യൽ റിവ്യൂവിന് വിധേയമാക്കുക എന്നത് കോടതിയുടെ അധികാരമാണ്. പ്രത്യേകിച്ചും അതിൽ Fundamental Rights-ന്റെ വയലേഷനുണ്ടോ എന്ന ചോദ്യം നാളെകളിൽ കോടതികളിൽ ഉന്നയിക്കപ്പെടാവുന്നതാണ്. ഈ ഒരു പർട്ടിക്കുലർ സമയത്തിനുശേഷവും അതിനുമുമ്പും രണ്ടുതരം പരിഗണനകൾ വരുന്നുണ്ടല്ലോ; Fundamental Rights-ന്റെ വയലേഷൻ ഉണ്ടാകുന്ന ഘട്ടത്തിൽ കോടതിക്ക് writ entertain ചെയ്യാൻ സാധിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഭാവിയിൽ കോടതി ഇതുമായി ബന്ധപ്പെട്ട് ഒരു ഉത്തരവും നടപ്പിലാക്കരുത്, പുറപ്പെടുവിക്കരുത് എന്ന് നിയമത്തിൽ ഒരു ക്ലോസ് എഴുതിവച്ചാൽ നിയമപരമായി അതിന് എത്രമാത്രം നിലനിൽപ്പുണ്ടെന്ന കാര്യം നമ്മൾ പരിശോധിക്കേണ്ടതുണ്ട്. അതിന്റെ വേർഡിംഗ് നിലനിൽക്കുന്നതാണോ, അങ്ങനെ പറയാൻ നമുക്ക് സാധിക്കുമോ, കോടതിയുടെ അധികാരങ്ങൾ ഏകപക്ഷീയമായി റദ്ദ് ചെയ്യാൻ സാധിക്കുമോ എന്നുള്ള കാര്യങ്ങൾ സബ്ജക്ട് കമ്മിറ്റി പരിശോധിക്കേണ്ടതുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. മോട്ടോർ വാഹന വകുപ്പും അതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥ സംവിധാനവും സംബന്ധിച്ച് ജനങ്ങൾക്ക് നിരവധി പരാതികൾ ഉണ്ട്. അങ്ങനെയുള്ള ഒരു വകുപ്പെന്ന നിലയിൽ അതിനെ വളരെ ഗൗരവത്തോടെ കൈകാര്യം ചെയ്യാൻ കഴിയേണ്ടതുണ്ടെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അഴിമതി ഒരു വലിയ യാഥാർത്ഥ്യമായി ഇപ്പോഴും നിൽക്കുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം അത് വർദ്ധിച്ചോ, മുൻകാല ഗവൺമെന്റുകളുടെ കാലത്തായിരുന്നോ കൂടുതൽ ഉണ്ടായിരുന്നത് എന്നുള്ള തർക്കത്തിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. കേരളത്തിൽ ഏത് ഗവൺമെന്റ് ഭരിച്ചാലും ഏറ്റവും കൂടുതൽ അഴിമതി നടക്കുന്ന ഒരു സർക്കാർ ഡിപ്പാർട്ടുമെന്റായി മോട്ടോർ വാഹന വകുപ്പ് എത്രയോ പതിറ്റാണ്ടുകളായി മുന്നോട്ടുപോകുകയാണ്.

ഈ മേഖലയിൽ ട്രാൻസ്പോർട്ട് കമ്മീഷണറുടെ ഇടപെടലിന്റെ ഭാഗമായി കുറച്ചു കാര്യങ്ങൾ മുമ്പൊക്കെ നടന്നിരുന്നു. അങ്ങനെയൊരു പ്രതീതി പുറത്ത് ഉണ്ടായിരുന്നു. ഇപ്പോഴും ഏറ്റവും കൂടുതൽ അഴിമതി നടക്കുന്ന, എല്ലാ കാര്യങ്ങളുടെയും തീരുമാനമെടുക്കുന്നതിൽ കൈക്കൂലി പ്രധാന മാനദണ്ഡമാകുന്ന ഒരു വകുപ്പായി മോട്ടോർ വാഹന വകുപ്പ് നിലനിൽക്കുകയാണ്. അടുത്ത ദിവസം പത്രങ്ങൾ ചില വാർത്തകൾ പുറത്തുകൊണ്ടുവരികയുണ്ടായി. 23-1-2017 ജനുവരി മാസത്തിലെ കേരളകൗമുദി പത്രം അടക്കമുള്ള പല പത്രങ്ങളും ഫാൻസി നമ്പറുകളുടെ ലേലത്തിൽ വലിയ അഴിമതിയും ഒത്തുകളിയും ഉണ്ടാകുന്നുണ്ടെന്ന ആക്ഷേപം പുറത്തുവിട്ടിട്ടുണ്ട്. ഇഷ്ടപ്പെട്ട നമ്പർ ലേലം വിളിച്ചാണ് ആളുകൾ വാങ്ങുന്നത്. ഗവൺമെന്റ് ഒരു മിനിമം തുക നിശ്ചയിക്കും. അതിനുശേഷം കൂടുതൽ ആവശ്യക്കാരുണ്ടെങ്കിൽ ലേല തുക എത്രയെത്ര ഉയർന്നു പോകുന്നുവെന്നത് സാഹചര്യങ്ങൾക്കനുസരിച്ചാണ് തീരുമാനിക്കപ്പെടുന്നത്. സാധാരണ ഗതിയിൽ ഏഴും എട്ടും പത്തും ലക്ഷം രൂപ വരെ നൽകി ലേലത്തിൽ ഒന്നാം നമ്പർ പിടിക്കാനുള്ള സാഹചര്യം ഉണ്ടായിട്ടുണ്ട്. പക്ഷേ ഇപ്പോഴും ലേലത്തിന്റെ അടിസ്ഥാനമായി നിശ്ചയിച്ചിരിക്കുന്നത് ഒരു ലക്ഷം രൂപയാണ്. ചില സീരിസിൽ ഏഴ് ലക്ഷം, എട്ട് ലക്ഷം രൂപ വരെ കിട്ടുന്നു. ചില സീരീസിൽ ഇത് ഒരു ലക്ഷത്തിൽനിന്നും ഒരു ലക്ഷത്തി അയ്യായിരം രൂപ എന്നുപറഞ്ഞ് ഇവർ തമ്മിൽ ഒത്തുകളിച്ച് ലക്ഷങ്ങളുടെ വരുമാന നഷ്ടം സർക്കാരിന് ഉണ്ടാക്കുന്നുണ്ട്. ഉദ്യോഗസ്ഥരും ബന്ധപ്പെട്ട ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന ആളുകളും തമ്മിലുള്ള ഒത്തുകളിയാണെന്നാണ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്. അതുകൊണ്ട് ഒരു പരിഹാര നിർദ്ദേശമെന്ന നിലയ്ക്ക് മുന്നോട്ടുവയ്ക്കാനുള്ളത്, സമീപ മാസങ്ങളിലെ ആവറേജ് തുകകൂടി പരിശോധിച്ച് ഓരോ അവസരത്തിലും അടിസ്ഥാന തുക ഗണ്യമായി ഉയർത്താൻ സാധിക്കുമെങ്കിൽ ആ നിലയിലുള്ള ഒത്തുകളിയുടെ സാധ്യതകൾ പരിമിതപ്പെടുത്താനും സർക്കാരിന് ലക്ഷങ്ങളുടെ വരുമാന നേട്ടം ഉണ്ടാക്കാനും സാധിക്കും. ഗവൺമെന്റ് അതിന്റെ സാധ്യതകൾ പരമാവധി പരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കെ.എസ്.ആർ.ടി.സി.യുടെ മറ്റുകാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. ബിൽ ആയതുകൊണ്ടും താങ്കളുടെ വകുപ്പായതുകൊണ്ടും സാന്ദർഭികമായി പറയുകയാണ്, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി. പെൻഷൻ ഒരു മാസം മുടങ്ങിയപ്പോൾ ആകെ കുഴപ്പമാണെന്ന രീതിയിൽ വലിയ പ്രചരണവും അതിന്റെ ഭാഗമായി എല്ലാം ശരിയാക്കുന്ന ഒരു സർക്കാർ എന്ന നിലയിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വരികയും ചെയ്തു. മുൻകാലങ്ങളിൽ പെൻഷനായിരുന്നു തടസ്സമെങ്കിൽ ഇപ്പോൾ നേരാംവണ്ണം ശമ്പളം പോലും കൊടുക്കാൻ കഴിയാത്ത അവസ്ഥയിലേക്ക് കെ.എസ്.ആർ.ടി.സി.യിൽ പ്രതിസന്ധി നിലനിൽക്കുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, 1984-ൽ കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ ആരംഭിച്ചതിനുശേഷം കഴിഞ്ഞ ഗവൺമെന്റാണ് പെൻഷൻ ഫണ്ട് രൂപീകരിക്കാൻ തീരുമാനിച്ചതും കെ.എസ്.ആർ.ടി.സി.-യും ഗവൺമെന്റും തുല്യ വിഹിതമെടുത്ത് പെൻഷൻ നൽകുന്നതിനും തീരുമാനമെടുത്തത് എന്ന വിവരം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. വി. ടി. ബൽറാം: സർ, തീർച്ചയായിട്ടും. കഴിഞ്ഞ ഗവൺമെന്റ് ചെയ്ത കാര്യങ്ങൾ കൊണ്ടാണ് പെൻഷൻ വിതരണം ഇപ്പോഴും ഭംഗിയായി മുന്നോട്ടു പോകുന്നത്. അതിൽ പ്രത്യേക സമയത്തെ ഏതെങ്കിലും തരത്തിലുള്ള വീഴ്ചകൾ വലിയ രീതിയിലുള്ള രാഷ്ട്രീയ പ്രചരണത്തിന് അപ്പുറത്തുള്ള ആളുകൾ ഉപയോഗിച്ചിരുന്നുവെന്ന കാര്യമാണ് ഞാൻ ഓർമ്മപ്പെടുത്താൻ ആഗ്രഹിച്ചത്. പക്ഷെ ആ ആളുകൾ ഇപ്പോൾ ശമ്പളം പോലും കൊടുക്കാൻ കഴിയാത്ത അവസ്ഥയിൽ അതിനെ മുന്നോട്ടുകൊണ്ടു പോകുകയാണ്.

ശ്രീ. എം. വിൻസെന്റ്: സർ, കെ.എസ്.ആർ.ടി.സി.യെക്കുറിച്ച് പറഞ്ഞുകൊണ്ട് പറയുകയാണ്. ഇന്നിപ്പോൾ പതിനായിരം രൂപ വരുമാനമില്ലാത്ത ഷെഡ്യൂളുകൾ എല്ലാ സ്ഥലത്തും റദ്ദാക്കിക്കൊണ്ടിരിക്കുകയാണ്. സ്റ്റേ ബസ്സുകൾ പലതും റദ്ദാക്കുകയാണ്. ദൂരെ സ്ഥലങ്ങളിൽ പോയി വളരെ ലേറ്റായി വരുന്ന ആളുകൾക്ക് വീട്ടിലേയ്ക്ക് പോകാനുള്ള ഏകമാർഗ്ഗമാണ് സ്റ്റേ ബസുകൾ. പുലർച്ചെ വിദ്യാർത്ഥികൾക്കും യാത്രക്കാർക്കും റെയിൽവേ സ്റ്റേഷനിലും മറ്റു സ്ഥലങ്ങളിലേയ്ക്കും പോകാനുള്ള മാർഗ്ഗം ഈ സ്റ്റേ ബസുകളാണ്. അത് റദ്ദാക്കുന്നതുകൊണ്ട് വളരെ വലിയ പ്രത്യാഘാതങ്ങളാണുണ്ടാകുന്നത്. അതോടൊപ്പം ഓർഡിനറി ബസുകൾ ഓടിക്കൊണ്ടിരുന്ന സ്ഥലങ്ങളിലെല്ലാം അത് ഫാസ്റ്റ് പാസ്സഞ്ചറാക്കി ഓടിച്ചുകൊണ്ടിരിക്കുന്ന സാഹചര്യവുമുണ്ട്. ഇതുമൂലം വിദ്യാർത്ഥികൾക്ക് കൺസഷൻ ഉപയോഗപ്പെടുത്താനാകാത്ത സാഹചര്യം നിലനിൽക്കുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. വി. ടി. ബൽറാം: സർ, തീർച്ചയായിട്ടും. കെ.എസ്.ആർ.ടി.സി.-യെ കുറിച്ച് പറഞ്ഞു തുടങ്ങിയാൽ അതിനുവേണ്ടിമാത്രം മണിക്കൂറുകൾ നീക്കിവയ്ക്കേണ്ടി വരും. അദ്ദേഹം പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഞാനടക്കമുള്ള ആളുകൾ സമാന പരാതിയുള്ളവരാണ്. എന്റെ നിയോജകമണ്ഡലം ഒരു ഗ്രാമീണ പ്രദേശമാണ്. അവിടെ നിന്നും തൃശ്ശൂർ മെഡിക്കൽ കോളേജിലേയ്ക്കടക്കം വളരെ ലാഭകരമായി പ്രവർത്തിച്ചുകൊണ്ടിരുന്ന പല ഷെഡ്യൂളുകളും ഇപ്പോൾ നിർത്തലാക്കിയ സാഹചര്യമാണ്. ഇക്കാര്യത്തിൽ യാതൊരു പ്രെഡിക്ടബിലിറ്റിയും ഇല്ലാത്തതാണ് പ്രധാന പ്രശ്നം. സാമാന്യം ഭേദപ്പെട്ട രീതിയിൽ ആളുകൾ വിശ്വസിച്ച് ആശ്രയിച്ച് ജീവനക്കാരൊക്കെ അതിന്റെ സമയം കണക്കാക്കി പോകുകയും കാര്യങ്ങളൊക്കെ ചെയ്യുകയും ചെയ്യുന്ന പല ഷെഡ്യൂളുകളും ഒറ്റയടിക്ക് ശബരിമലയോ അല്ലെങ്കിൽ മറ്റേതെങ്കിലും കാര്യം

പറഞ്ഞ് സീസൺ സമയത്ത് റദ്ദാക്കുന്നു. രണ്ടുമാസം കഴിഞ്ഞ് ഇതേ ഷെഡ്യൂൾ വീണ്ടും ആരംഭിക്കുമ്പോൾ താളം തെറ്റുകയാണ്. കാരണം ആളുകൾ മറ്റ് ഓപ്ഷൻസ് തേടി പോകുകയാണ്. അങ്ങനെ അത് തിരിച്ചുവരുമ്പോൾ ഈ പറഞ്ഞ പഴയ ലാഭത്തിലേയ്ക്കെത്താൻ പിന്നെയും സമയമെടുക്കും. ഇത് ലാഭകരമല്ലെന്നും, കട്ട് ഓഫിൽനിന്നും താഴെപ്പോയി അതുകൊണ്ട് റദ്ദാക്കുകയാണെന്നും പറയുന്ന സാഹചര്യം പല സ്ഥലങ്ങളിലുമുണ്ട്. ഒരു ദിവസം ഇത്ര രൂപ കളക്ഷൻ വേണമെന്ന മാനദണ്ഡം നല്ലതാണ്. പക്ഷെ ആ മാനദണ്ഡം നിശ്ചയിക്കുമ്പോൾ സാമൂഹ്യ പ്രാധാന്യം കൂടി കണക്കിലെടുത്ത് പ്രത്യേകിച്ചും ഉൾപ്രദേശങ്ങൾ, ഗ്രാമീണ മേഖലകൾ, മറ്റ് വാഹന സൗകര്യം ഇല്ലാത്ത, സ്വകാര്യ വാഹനങ്ങൾ ഓപ്പറേറ്റ് ചെയ്യാത്ത സ്ഥലങ്ങൾ എന്നിവയ്ക്ക് ഒരു പ്രത്യേക പരിഗണന നൽകാൻ തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. എ. എൻ. ഷംസീർ: സർ, ബഹുമാനപ്പെട്ട അംഗം, ആടിനെപ്പറ്റിയാണ് പ്രബന്ധം. പക്ഷെ ആടിനെ കൊണ്ടുപോയി കെട്ടിയിട്ട തെങ്ങിനെപ്പറ്റിയാണ് എഴുതിക്കൊണ്ടിരിക്കുന്നത്. ഇവിടെ ബില്ലിനെക്കുറിച്ചല്ല ചർച്ച ചെയ്യുന്നത്. പകരം ഒരു സർക്കാരിനെ കുറ്റപ്പെടുത്താൻ വേണ്ടി കെ.എസ്.ആർ.ടി.സി.യിലേയ്ക്ക് പോയിരിക്കുകയാണ്. കെ.എസ്.ആർ.ടി.സി.യുടെ പ്രശ്നങ്ങളും പരിമിതികളും എന്തെല്ലാമാണെന്ന് ശ്രീ. വി. ടി. ബൽറാമിന് അറിയാമല്ലോ? അത് പരിഹരിക്കാൻ ലെഫ്റ്റും റൈറ്റും ഒന്നിച്ചു നിൽക്കേണ്ട അവസരത്തിൽ സർക്കാരിനെ കുറ്റപ്പെടുത്തി പോകുന്നത് എത്രമാത്രം ശരിയാകുമെന്നുള്ള കാര്യം കൂടി ചർച്ച ചെയ്യണം.

ശ്രീ. വി. ടി ബൽറാം: സർ, ഒരു ബിൽ ആകുമ്പോൾ അനുബന്ധ കാര്യങ്ങളൊക്കെ സ്വാഭാവികമായും ചർച്ചാവിഷയമാകും. സമയം ഒരുപാട് നീണ്ടു പോകുന്നുണ്ടെങ്കിൽ അത് നമുക്ക് പരിമിതപ്പെടുത്താവുന്നതേയുള്ളൂ. ഒരു വൈരാഗ്യ ബുദ്ധിയോടു കൂടിയല്ല, പൊതുവായിട്ടുള്ള ചർച്ച ഉയർന്നുവരട്ടെ. ആ ചർച്ചയ്ക്കുള്ളൊരു അവസരമായി ബഹുമാനപ്പെട്ട അംഗത്തിന് ഇതിനെ കാണാവുന്നതാണ്.

ശ്രീമതി യു. പ്രതിഭ ഹരി: സർ, ഒരു സിസ്റ്റത്തെയാകെത്തന്നെ നന്നാക്കാൻ കഴിയുന്ന രൂപത്തിലുള്ള ഒരു ചർച്ചയാണ് ഇവിടെ നടക്കുന്നത്. ശ്രീ. വി. ടി. ബൽറാം സംസാരിച്ചപ്പോൾ എനിക്കുണ്ടായ ഒരു ആശങ്ക പങ്കുവയ്ക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ പെൻഷൻ കിട്ടാതെ ആത്മഹത്യ ചെയ്ത ആളുകളെ സംബന്ധിച്ച് അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. വി. ടി. ബൽറാം : സർ, ഒറ്റപ്പെട്ട വിഷയങ്ങൾ വരുമ്പോൾ അതിനെതിരെ വലിയ കാമ്പയിനായിരുന്നു. സാഹചര്യങ്ങൾ അതിനെക്കാൾ ഭേദപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കണം. ആ നിലയിലുള്ള ചർച്ച ഈ ബില്ലിന് ഉപകാരപ്പെടുമെങ്കിൽ അത് പോസിറ്റീവായി ബഹുമാനപ്പെട്ട മന്ത്രിയും കാണുമെന്നാണ് എനിക്ക് തോന്നുന്നത്. എന്തായാലും മറ്റു വിഷയങ്ങളിലേക്ക്പോകുന്നില്ല. കെ.എസ്.ആർ.ടി.സി.യുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ വകുപ്പിന്റെ ശ്രദ്ധയുണ്ടാകണം എന്നുള്ളതുകൊണ്ടാണ് ഞാൻ പറയുന്നത്. ഇങ്ങനെയൊക്കെയാണല്ലോ നമുക്ക് പറയാനുള്ള സാഹചര്യം ഉണ്ടാകുന്നത്. കെ.എസ്.ആർ.ടി.സി.-യുടെ പല തീരുമാനങ്ങളിലും സ്വകാര്യ ബസ് മാഫിയ വലിയ രീതിയിൽ ഇടപെടുന്നുവെന്ന ആക്ഷേപമുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം മാത്രമാണെന്ന് ഞാൻ പറയുന്നില്ല. ഇതൊക്കെ കുറേ കാലമായിട്ടുള്ളതാണ്. ഈ സാഹചര്യത്തെ ഗവൺമെന്റ് പ്രത്യേകമായി കാണേണ്ടതുണ്ട്. പ്രത്യേകിച്ചും ദീർഘദൂര ബസ്സുകൾ വഴിയാണല്ലോ കെ.എസ്.ആർ.ടി.സി.-ക്ക് ലാഭമുണ്ടാക്കാൻ കഴിയുന്നത്. ദീർഘദൂര ഷെഡ്യൂളുകളുടെ അതേ റൂട്ടിൽ ഓടുന്ന സ്വകാര്യ ബസ്സുകളുമായിട്ടുള്ള ഒത്തുകളി, അത് മാധ്യമങ്ങളിലടക്കം വാർത്തയായിട്ടുള്ളതാണ്. ഇത്തരത്തിലുള്ള പല സ്വകാര്യബസ്സുകളും കോൺട്രാക്റ്റ് കാര്യേജായിട്ടാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. അവർക്ക് ഒരു സ്ഥലത്തുനിന്ന് ആളെടുത്ത് അടുത്ത സ്ഥലത്ത് കൃത്യമായി ഇറക്കാനുള്ള ലൈസൻസാണുള്ളത്, അല്ലാതെ ഇടയ്ക്കുനിന്നും ആളെ കയറ്റി, സ്റ്റേജ് കാര്യേജായി പ്രവർത്തിക്കാനുള്ള ലൈസൻസ് ഇല്ല. പക്ഷേ ഇപ്പോൾ തിരുവനന്തപുരത്തുനിന്നും മലബാറിലേയ്ക്കും തിരുവനന്തപുരത്തുനിന്നും ബാംഗ്ലൂരിലേയ്ക്കും സർവ്വീസ് നടത്തുന്ന സ്വകാര്യ സർവ്വീസുകളൊക്കെയും നിയമപ്രകാരം കോൺട്രാക്റ്റ് കാര്യേജുകളാണ്. എന്നാൽ അവയൊക്കെ പ്രവർത്തിക്കുന്നത് സ്റ്റേജ് കാര്യേജുകളായിട്ടാണ്.

മി. സ്പീക്കർ: കെ.എസ്.ആർ.ടി.സി. ഓടാതിരിക്കുക, കോൺട്രാക്ട് കാര്യേജിന്റെ പേരിൽ എവിടേയും നിർത്താതിരിക്കുക, ജനങ്ങൾ പിന്നെ എന്തുചെയ്യും ?

ശ്രീ. വി. ടി. ബൽറാം: സർ, ഇത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. ബഹുമാനപ്പെട്ട സ്പീക്കർ തന്നെ അതിന്റെ പ്രാധാന്യം മനസ്സിലാക്കിയിട്ടുണ്ട്. ഇതുതന്നെയാണ് ഞാനും പറയാൻ ഉദ്ദേശിക്കുന്നത്. ഇക്കാര്യം ഒരു രാഷ്ട്രീയ ആരോപണമായി കാണേണ്ടതല്ല. കെ.എസ്.ആർ.ടി.സി. നന്നാവണം, കെ.എസ്.ആർ.ടി.സി.-ക്ക് ലാഭമുണ്ടാകണം. കെ.എസ്.ആർ.ടി.സി. ലാഭത്തിൽ പ്രവർത്തിച്ചാൽ മാത്രമേ നഷ്ടത്തിലുള്ള ഗ്രാമീണ റൂട്ടുകളൊക്കെ അതുവച്ച് കോമ്പൻസേറ്റ് ചെയ്യാൻ സാധിക്കൂ. അതുകൊണ്ട് ഇക്കാര്യത്തിൽ ഒരു പൊതുവായ ചർച്ച ഉയർന്നുവരണമെന്നാണ് എനിക്ക് പറയാനുള്ളത്. ലാഭം കിട്ടുന്ന റൂട്ടുകളിൽ സ്വകാര്യ ബസ്സുകൾ ഓപ്പറേറ്റ് ചെയ്യുന്നതും അവിടെ കെ.എസ്.ആർ.ടി.സി.യുടെ ഷെഡ്യൂളുകൾ പല കാരണങ്ങളാൽ മുടക്കം വരുത്തുന്നതുമായ സാഹചര്യങ്ങൾ നമ്മൾ കാണേണ്ടതുണ്ട്. സ്റ്റേ സർവ്വീസുകളുടെ

കാര്യത്തിലും ഇതുപോലെയുള്ള പ്രശ്നം വരുന്നുണ്ട്. ആഴ്ച അവസാനം ധാരാളം മലയാളികൾ അങ്ങോട്ടും ഇങ്ങോട്ടും യാത്ര ചെയ്യുന്ന, കേരളത്തിന്റെ തൊട്ടടുത്തുള്ള പ്രധാനപ്പെട്ട മെട്രോകളിലേയ്ക്ക് കൂടുതൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ അനുവദിക്കാനും ഷെഡ്യൂളുകൾ മുടക്കം കൂടാതെ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനും നമുക്ക് കഴിയേണ്ടതായിട്ടുണ്ട്. ഈ രംഗത്ത് വലിയ രീതിയിലുള്ള ചൂഷണവും ഉണ്ടാകുന്നുണ്ട്. കൂടുതൽ ട്രെയിനുകൾ വേണമെന്ന് റെയിൽവേയോട് ആവശ്യപ്പെടാ മെന്നല്ലാതെ, ഒറ്റയടിക്ക് അത് നടന്നുകൊള്ളണമെന്നില്ല. സ്വകാര്യ ബസ്സുകളുടെ ചൂഷണത്തിന് അറുതി വരുത്താൻ കെ.എസ്.ആർ.ടി.സി.-യെ എങ്ങനെ ലാഭകരമായി ഓപ്പറേറ്റ് ചെയ്യാൻ സാധിക്കുമെന്നതിനെക്കുറിച്ച് നാം ആലോചിക്കേണ്ടതുണ്ട്. കെ.എസ്.ആർ.ടി. സി.യിൽ പല ഫെയറുകളാണ്. തിരുവനന്തപുരം-കോഴിക്കോട് ഏതാണ്ട് 650 രൂപയാണ് ഈടാക്കുന്നത്. പക്ഷേ സ്വകാര്യ ബസ്സുകൾ പല ദിവസങ്ങളിലും യാത്രക്കാരുടെ സൗകര്യത്തിനും ഡിമാന്റിനുമനുസരിച്ച് 850 രൂപ മുതൽ 1200 രൂപ വരെ ഈടാക്കുന്ന അവസ്ഥയുണ്ട്. ഇതൊക്കെ പരസ്യമായിട്ടാണ്. അവിടെയാണ് ഞാൻ ഗവൺമെന്റിന്റെ ഇടപെടൽ വേണമെന്ന് ആവശ്യപ്പെടുന്നത്. ഇവരൊക്കെ വെബ്സൈറ്റിലൂടെ ടിക്കറ്റ് ബുക്കിംഗ് നടത്തി പല സ്ഥലങ്ങളിൽ നിന്നും ബസ്സിൽ കയറാനുള്ള അവസരമുണ്ടാക്കുന്നു. സ്റ്റേജ് ക്യാരിയറായിട്ടാണ് അവ പ്രവർത്തിക്കുന്നതെന്ന് അവരുടെതന്നെ വെബ്സൈറ്റിലൂടെ വെളിപ്പെടുത്തുകയാണ്. എന്നിട്ടും ഈ നിയമലംഘനം വകുപ്പ് കയ്യുംകെട്ടി നോക്കിയിരിക്കുകയാണ്.

ശ്രീമതി വീണാ ജോർജ്ജ്: ബില്ലിന്മേലുള്ള ചർച്ച കാടുകയറി പോകുന്നുണ്ടെങ്കിലും ഇന്നലെ മലയാളത്തിലെ പ്രമുഖ ചാനൽ പുറത്തുകൊണ്ടുവന്ന ഒരു വാർത്ത സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. പത്തനംതിട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ഡ്രൈവർമാരും കണ്ടക്ടർമാരും സ്വകാര്യ ബസ്സിലെ കണ്ടക്ടർമാരോടും ഡ്രൈവർമാരോടും 'ഞങ്ങൾ പത്ത് മിനിട്ടിനുള്ളിൽ പുറപ്പെടും നിങ്ങൾ അതിനുമുമ്പ് പുറപ്പെട്ടോളൂ' എന്ന് പറയുന്ന ദൃശ്യങ്ങൾ പുറത്തുവന്നിട്ടുണ്ട്. രാഷ്ട്രീയം ആരോപിക്കുകയല്ല. രണ്ട് സംഘടനകളിൽ പെട്ടവരാണ് ഇതിൽ ഉൾപ്പെട്ടിട്ടുള്ളത്. വളരെ ശക്തമായ നടപടി ഇക്കാര്യത്തിലു ണ്ടാകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: പ്രസംഗിക്കുന്ന ആളുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

ശ്രീ. വി. ടി. ബൽറാം: സർ, ബഹുമാന്യയായ അംഗം പറഞ്ഞ വിഷയം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാനുള്ള എല്ലാ ശ്രമങ്ങളും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഇതുസംബന്ധിച്ച് പറഞ്ഞ കാര്യങ്ങൾ വളരെ ഗൗരവമുള്ളതാണ്. ബഹുമാന്യനായ സ്പീക്കറും അതിൽ പങ്കാളിയായിരിക്കുകയാണ്. എനിക്ക് പറയാനുള്ളത് കെ.എസ്.ആർ.ടി.സി. കൃത്യമായി സർവ്വീസ് നടത്തുന്നില്ലെന്നുള്ളതാണ്. ചില ദിവസങ്ങളിൽ സർവ്വീസ് നടത്തും, ചിലപ്പോൾ ഇല്ല. ഇങ്ങനെയായാൽ എങ്ങനെയാണ് കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിപ്പിക്കുന്നത്? കെ.എസ്.ആർ.ടി.സി.-യുടെ താഴെത്തട്ടിൽ കുത്തഴിഞ്ഞ അവസ്ഥയാണുള്ളത്. ഇക്കാര്യത്തിൽ ശക്തമായി ഇടപെടണം. അതുപോലെ നമ്മൾ കേരള ടാക്സിയിൽ കർണ്ണാടകത്തിലേയ്ക്ക് പോകുമ്പോൾ ഭീമമായ നികുതിയാണ് അവർ ഈടാക്കുന്നത്, ഒരു ദിവസം അങ്ങോട്ടും അവിടെ നിന്നും തിരിച്ചും വരണമെങ്കിൽ മോട്ടോർ ക്യാബിന് 700 രൂപ വേണം, ഒരുപക്ഷേ ഒന്നിൽ കൂടുതൽ ദിവസം നിന്നാൽ ഒരു വർഷത്തെ ടാക്സ് അടയ്ക്കേണ്ടിവരും. എന്നാൽ കർണ്ണാടകത്തിലെ ഒരു ടാക്സി കേരളത്തിൽ എത്തുമ്പോൾ അത്തരം ഒരു സ്ഥിതിയില്ല. ഇവിടത്തെ ടാക്സി ഡ്രൈവർമാർ ഇതുസംബന്ധിച്ച് വലിയ പ്രയാസം അനുഭവിക്കുകയാണ്. ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ വരേണ്ടതാണ്. കേരളത്തിലെ ടാക്സി ഡ്രൈവർമാരുടെ, മോട്ടോർ തൊഴിലാളികളുടെ ഈ വിഷയത്തിൽ സർക്കാർ ഇടപെടേണ്ടതല്ലേ! ഇതുസംബന്ധിച്ച് എന്താണ് അങ്ങയുടെ അഭിപ്രായം?

ശ്രീ. വി. ടി. ബൽറാം: സർ, തീർച്ചയായും, യാതൊരു സംശയവുമില്ല. കർണ്ണാടകത്തിൽ ഏത് പാർട്ടി ഭരിക്കുന്നുവെന്ന തരത്തിലുള്ള ചർച്ചകളിലേയ്ക്കൊന്നും പോകേണ്ട കാര്യമില്ല. കേരളത്തിലെ സാധാരണക്കാരായ ഡ്രൈവർമാരുടെ പ്രത്യേകിച്ച് അങ്ങോട്ടുപോയി രണ്ടോ മൂന്നോ ദിവസം കഴിഞ്ഞ് തിരിച്ചുവരേണ്ട സാഹചര്യമുണ്ടാകുന്ന ഡ്രൈവർമാരുടെ പ്രശ്നങ്ങൾ തീർച്ചയായും ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഗവൺമെന്റ് അക്കാര്യത്തിൽ കർണ്ണാടക സർക്കാരുമായി ബന്ധപ്പെട്ട് ഉചിതമായ നടപടി സ്വീകരിക്കാൻ തയ്യാറാകണം.

ശ്രീ. അൻവർ സാദത്ത്: സർ, ഏത് ഗവൺമെന്റ് വന്നാലും കെ.എസ്.ആർ.ടി.സി. ലാഭകരമാക്കണമെന്നാണ് നമ്മുടെയെല്ലാം ആഗ്രഹം. ലാഭകരമല്ല എന്ന കാരണത്താൽ ചില റൂട്ടുകൾ നിർത്തുന്ന സാഹചര്യം കെ.എസ്.ആർ.ടി.സി.യിൽ ഉണ്ട്. സ്ത്രീ സുരക്ഷ വലിയ പ്രശ്നമായിരിക്കുന്ന ഈ കാലഘട്ടത്തിൽ, വൈകുന്നേരം ഏഴുമണിക്കും എട്ടുമണിക്കും പോകുന്ന ബസ്സുകൾ ലാഭകരമല്ലെന്ന് പറഞ്ഞ് എന്റെ നിയോജക മണ്ഡലത്തിലെ ഒരു പ്രദേശത്തേയ്ക്ക് വരുന്ന ബസ് നിർത്തലാക്കാൻ കെ.എസ്.ആർ.ടി.സി. തീരുമാനിച്ചിരിക്കുകയാണ്. പ്രത്യേകിച്ച് സ്ത്രീകൾ ജോലി കഴിഞ്ഞുവരുന്ന സമയത്തുള്ള ബസ്സുകൾ ലാഭമില്ലെന്നു പറഞ്ഞ് നിർത്തലാക്കുന്ന സാഹചര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ ടി. വി. ഇബ്രാഹിം: സർ, ശ്രീ. വി. ടി. ബൽറാം അടക്കമുള്ള മെമ്പർമാർ ട്രാൻസ്പോർട്ട് രംഗത്തെ അഴിമതിയും മറ്റുകാര്യങ്ങളും സംബന്ധിച്ച് ഇവിടെ ചർച്ച ചെയ്തുകൊണ്ട് പറയുകയാണ്. ട്രാൻസ്പോർട്ട് മേഖലയിലെ അഴിമതിയും ഉദ്യോഗസ്ഥരുടെ നിരുത്തരവാദപരമായ പെരുമാറ്റവുമാണ് ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുന്നത്. ഈ കൂട്ടത്തിൽ ധാരാളം ട്രാൻസ്പോർട്ട് ഓഫീസുകൾ വേണമെന്ന ആവശ്യവും ഉയർന്നു വരുന്നുണ്ട്. പുതുതായി നിലവിൽവന്ന താലൂക്കുകളിലൊന്നും ആർ.ടി. ഓഫീസുകൾ സ്ഥാപിതമായിട്ടില്ല. ആർ.ടി. ഓഫീസുകൾ ആവശ്യത്തിനുണ്ടായാൽത്തന്നെ കുറേയൊക്കെ അഴിമതി കുറയ്ക്കാൻ സാധിക്കും. ട്രാൻസ്പോർട്ട് ഓഫീസുകളുണ്ടാക്കാനുള്ള നടപടി സ്വീകരിക്കുന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ജി. എസ്. ജയലാൽ: സർ, നമ്മൾ ചർച്ച ചെയ്യുന്നത് ഗതാഗത വകുപ്പിന്റെ വരുമാനവുമായി ബന്ധപ്പെട്ട വിഷയങ്ങളാണ്. അതിൽ കെ.എസ്.ആർ.ടി.സി. പ്രധാനപ്പെട്ട ഒരു ഐറ്റം ആണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇവിടെ വ്യക്തമാക്കപ്പെട്ട പൊതുവികാരം കെ.എസ്.ആർ.ടി.സി.യുടെ പരിഷ്കരണവുമായി ബന്ധപ്പെട്ട സർവ്വീസ് ക്യാൻസലേഷൻ സംബന്ധിച്ചാണ്. കെ.എസ്.ആർ.ടി.സി. സേവന തൽപ്പരതയിൽനിന്നും മാറിപ്പോകുന്നതിന് എതിരായിട്ടുള്ള അഭിപ്രായങ്ങളാണ് സഭയിൽ നമ്മൾ കേട്ടുകൊണ്ടിരിക്കുന്നത്. അതിൽത്തന്നെ എനിക്ക് സൂചിപ്പിക്കാനുള്ള ഒരു കാര്യം, സർവ്വീസ് പരിഷ്കരണത്തിന്റെ ഭാഗമായി പതിനായിരത്തിൽ താഴെ വരുമാനമുള്ള ഗ്രാമീണ മേഖലയിലെ റൂട്ടുകൾ ഒഴിവാക്കുകയും എന്നാൽ ശാസ്ത്രീയമായി നിശ്ചയിക്കുന്ന ചെയിൻ സർവ്വീസുകൾ ആറായിരം രൂപയ്ക്ക് ഓടുകയും ചെയ്യുന്ന സംവിധാനങ്ങൾ ഉണ്ടെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് അങ്ങ് തയ്യാറാകുമോ?

ശ്രീ. കെ. ബാബു: സർ, ഒരു സ്വകാര്യ സ്ഥാപനം കോടതി വിധിപ്രകാരം ഗവൺമെന്റിലേയ്ക്ക് അടച്ച പൈസ തിരിച്ചുവേണമെന്ന് ആവശ്യപ്പെട്ടപ്പോൾ ഗവൺമെന്റ് കോടതിയുടെ ശ്രദ്ധയിൽകൊണ്ടുവന്ന് അത് അവസാനിപ്പിക്കാനുള്ള നിയമപരമായ സാധുതയാണ് ഇവിടെ ചർച്ച ചെയ്യുന്നത്. പക്ഷേ ഇത്തരത്തിൽ ഗവൺമെന്റിലേയ്ക്ക് ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന നികുതിയുൾപ്പെടെ റൂട്ടിന്റെയും പെർമിറ്റിന്റെയും, അതുപോലെ കെ.എസ്.ആർ.ടി.സി.യെ തന്നെ ബാധിക്കുന്ന തരത്തിലേയ്ക്ക് കഴിഞ്ഞ യു.പി.എ. ഗവൺമെന്റ് ആലോചിക്കുകയും ഇപ്പോൾ നടപ്പിലാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന റോഡ് ട്രാൻസ്പോർട്ട് സേഫ്റ്റി ബിൽ എന്ന കോർപ്പറേറ്റ്വൽക്കരണ ബില്ലിനെ സംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ് ?

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, ധാരാളം മെമ്പർമാർ അവരുടെ അഭിപ്രായം പറഞ്ഞു. സഭയുടെ പൊതുവായ സെൻസ് ബഹുമാനപ്പെട്ട മന്ത്രിക്ക് മനസ്സിലാക്കാൻ വേണ്ടിയാണ് ഞാൻ വഴങ്ങിക്കൊടുത്തത്. ഈ പറഞ്ഞ പ്രശ്നങ്ങളൊക്കെ അതിന്റെ ഗൗരവത്തിൽ ഉൾക്കൊള്ളാൻ ഗവൺമെന്റിന് സാധിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇവിടെ ശ്രീ ടി. വി. ഇബ്രാഹിം പറഞ്ഞതുപോലെ ട്രാൻസ്പോർട്ട് ഓഫീസുകൾ എല്ലാ താലൂക്കിലും ഉണ്ടാവുക എന്ന് ഉറപ്പുവരുത്തുന്ന, വളരെ അടിയന്തര പ്രാധാന്യമുള്ള ഒരു ദൗത്യം നമുക്ക് ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. അതോടൊപ്പം സാധാരണക്കാരായ ഓട്ടോറിക്ഷാ തൊഴിലാളികൾക്ക് അവരുടെ മീറ്റർ ഇടയ്ക്കിടെ വാലിഡേറ്റ് ചെയ്യേണ്ട ആവശ്യമുണ്ട്. അതിന് പല സ്ഥലങ്ങളിലും ഇപ്പോഴും സൗകര്യമില്ല. എന്റെ മണ്ഡലത്തിലെ ആളുകൾക്കൊക്കെ ഇതിനുവേണ്ടി ഒറ്റപ്പാലം വരെ പോകേണ്ട അവസ്ഥയാണ്. പട്ടാമ്പിയിൽ ഇതിനുള്ള സൗകര്യമില്ല. പാവപ്പെട്ട ഓട്ടോറിക്ഷാ തൊഴിലാളികളൊക്കെ ഇതിനുവേണ്ടി വളരെ ദൂരം യാത്ര ചെയ്യേണ്ട അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കി, എല്ലാ താലൂക്കിലും ഇതിനുള്ള സജ്ജീകരണങ്ങൾ ഒരുക്കാൻ ഗവൺമെന്റ് തയ്യാറാവുകയാണെങ്കിൽ വളരെ നന്നായിരിക്കും എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മറ്റ് കാര്യങ്ങളൊന്നും ഞാൻ പറയുന്നില്ല. എന്റെ ഭേദഗതി ഞാൻ അവതരിപ്പിക്കുകയാണ്.

<u>മി. സ്പീക്കർ</u>: ശ്രീ. എം. സ്വരാജ്, അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. എം. സ്വരാജ്</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. എം. സ്വരാജ് അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ടി. ബൽറാം, അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. വി. ടി. ബൽറാം അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2016-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (സാധൂകരണം) ബിൽ പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ.............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

## (2) 2017-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ (ഭേദഗതി) ബിൽ

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, 2017-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വരനിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, 2017-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ (ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

### റൂളിംഗ്

മി. സ്പീക്കർ: 2017-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ (ഭേദഗതി) ഓർഡിനൻസിന് (2017-ലെ ഓർഡിനൻസ് നമ്പർ 1) പകരമായുള്ള ഒരു ബില്ലാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഇതുസംബന്ധിച്ച് പൊതുവായ ഒരു കാര്യം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്താൻ ചെയർ ആഗ്രഹിക്കുന്നു. നിയമസഭാ ചട്ടം 75(1)-ൽ ഇപ്രകാരം പറയുന്നു. "ഒരു ഓർഡിനൻസിന് പകരം വയ്ക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ട്, ഭേദഗതിയോടുകൂടിയതോ അല്ലാത്തതോ ആയ ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുമ്പോഴെല്ലാം ഓർഡിനൻസ് മുഖേന അടിയന്തര നിയമനിർമ്മാണം നടത്തേണ്ടതാവശ്യമാക്കിത്തീർത്ത സാഹചര്യങ്ങൾ വിശദീകരിച്ചു കൊണ്ടുള്ള ഒരു പ്രസ്താവന ബില്ലിനോടൊപ്പം നിയമസഭയുടെ മുമ്പാകെ വയ്ക്കേണ്ടതാണ്." മേൽപ്പറഞ്ഞ ചട്ടപ്രകാരം ഒരു വിശദീകരണക്കുറിപ്പ് സർക്കുലേറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. ചെയർ അത് വിശദമായി പരിശോധിക്കുകയുണ്ടായി. ഓർഡിനൻസിന് പകരമുള്ള ബില്ലിലെ "ഉദ്ദേശ്യകാരണങ്ങളുടെ വിവരണം" എന്ന ശീർഷകത്തിൻ കീഴിൽ പറഞ്ഞിരിക്കുന്ന വിശദീകരണമാണ് "ചട്ടം 75(1) പ്രകാരമുള്ള പ്രസ്താവന" എന്ന പേരിലും ലഭ്യമാക്കിയിട്ടുള്ളത്. ഇത് നിലവിൽ

തുടരുന്ന ഒരു രീതിയാണ്. ഇത് ശരിയായ നടപടിയാണെന്ന് ചെയർ കരുതുന്നില്ല. ഇത് രണ്ടും രണ്ടായിത്തന്നെ കാണേണ്ടതുണ്ട്. ഓർഡിനൻസ് പുറപ്പെടുവിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദമാക്കുന്നതായിരിക്കണം ചട്ടം 75 (1) പ്രകാരമുള്ള പ്രസ്താവന. അല്ലാതെ ബില്ലിനോടൊപ്പം ചേർക്കുന്ന ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിന്റെ കേവലമായ ഒരു ആവർത്തനം മാത്രമാകാൻ പാടില്ലാത്തതാണ്. നിയമനിർമ്മാണ പ്രക്രിയയുമായി ബന്ധപ്പെട്ട് സഭാംഗങ്ങളുടെ ഒരു അവകാശമാണിത്. അതുകൊണ്ട് നിലവിൽ തുടരുന്ന ഈ രീതി മാറേണ്ടതുണ്ട്. സഭാംഗങ്ങളുടെ അവകാശം പരിരക്ഷിക്കപ്പെടേണ്ടതുണ്ട്. മേലിൽ ഇക്കാര്യത്തിൽ ബന്ധപ്പെട്ടവർ അവധാനത പുലർത്തണമെന്ന് ചെയർ റൂൾ ചെയ്യുകയാണ്.

## നിയമനിർമ്മാണകാര്യം (തുടർച്ച)

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, 2013-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ബിൽ അവതരിപ്പിച്ച ഘട്ടത്തിൽ അന്നത്തെ ന്യൂനപക്ഷക്ഷേമ വകുപ്പുമന്ത്രി ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽ പരാമർശിച്ച ഒരു കാര്യമാണ് ഞാൻ ഇവിടെ ആദ്യം സൂചിപ്പിക്കുന്നത്. അതിന് ഉപോത്ബലകമായിട്ടാണ് ഇങ്ങനെ ഒരു ചെറിയ ഭേദഗതി കൊണ്ടുവരുന്നത്. 1992-ലെ ന്യൂനപക്ഷങ്ങൾക്കുവേണ്ടിയുള്ള ദേശീയ കമ്മീഷൻ ആക്ടിലെ 19-ാം കേന്ദ്ര ആക്ട് മാതൃകയിൽ ഒരു നിയമനിർമ്മാണം നടത്താൻ സർക്കാർ തീരുമാനിച്ചു. കേന്ദ്രനിയമത്തിൽ ഉപയോഗിച്ച അതേ വാക്ക് പ്രയോഗിക്കുക മാത്രമാണ് ഇപ്പോൾ ഈ ഭേദഗതിയിലൂടെ ചെയ്തിട്ടുള്ളത്. 1992-ലെ മൈനോറിറ്റി ആക്ട് 19 അനുസരിച്ച് ചേർക്കപ്പെട്ടിട്ടുള്ള വാചകം ഇങ്ങനെയാണ്. “ Provided that five members including the chairperson shall be from amongst the minority communities.” അതിന് ഉപോത്ബലകമായിട്ടാണ് "മറ്റൊരു" എന്നതിനുപകരം "ഒരു" എന്നുള്ള വാക്ക് സബ്സ്റ്റിറ്റ്യൂട്ട് ചെയ്തുകൊണ്ട് നിയമഭേദഗതിക്ക് മുതിരുന്നത്. ഇത് നമ്മുടെ നിയമം കേന്ദ്ര നിയമത്തോട് തുല്യമാക്കുന്നതിന് വേണ്ടിയുള്ളതാണ്, സദുദ്ദേശ്യത്തോടുകൂടിയുള്ളതാണ് എന്ന കാര്യവും അറിയിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: Sir, I move that “ This House resolves to disapprove The Kerala State Commission for Minorities (Amendment) Ordinance, 2017 (Ordinance No.1 of 2017).”

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. സണ്ണി ജോസഫ്]

ഓർഡിനൻസ് വളരെ അത്യാവശ്യമായ സമയങ്ങളിൽ അത്യപൂർവ്വമായി വളരെ ഗൗരവത്തോടുകൂടി ഇറക്കേണ്ടതാണ് എന്നുള്ളതടക്കമുള്ള റൂളിംഗ് ചെയറിന്റെ

ഭാഗത്തുനിന്നും വന്ന അവസരത്തിലാണ് ഞാൻ ഇവിടെ സംസാരിക്കുന്നത്. യാതൊരു ഗൗരവവും കൂടാതെയാണ് ഈ ഓർഡിനൻസും നിയമഭേദഗതിയും കൊണ്ടുവന്നിട്ടുള്ളത് എന്നാണ് എനിക്ക് ഈ സഭയുടെ മുമ്പാകെ പറയാനുള്ളത്. ഒരു നിയമമുണ്ടാകുന്നത് ഏത് സാഹചര്യത്തിലാണെന്ന് നമുക്കെല്ലാവർക്കുമറിയാം. ഒരു രാജ്യത്ത് നിലനിൽക്കുന്ന സാമൂഹികവും വിദ്യാഭ്യാസവും സാമ്പത്തികവും രാഷ്ട്രീയവുമായ സാഹചര്യങ്ങളിൽ നിന്നാണ് ഒരു നിയമം രൂപപ്പെട്ടുവരുന്നത്. ആ നിലയ്ക്ക് ഇന്ത്യയിലെ ന്യൂനപക്ഷങ്ങൾക്ക് അവരുടേതായ സമുദ്ധാരണത്തിനുവേണ്ടി നമ്മുടെ ഭരണഘടന നല്ല പ്രൊട്ടക്ഷനും പ്രൊവിഷനും നൽകിയിട്ടുണ്ട്. ഭരണഘടനയുടെ 29, 30 വകുപ്പുകൾ അതിനുവേണ്ടി പ്രത്യേകം മൗലികാവശങ്ങളിലുൾപ്പെടുത്തി ന്യൂനപക്ഷങ്ങൾക്ക് പരിരക്ഷ നൽകിയിട്ടുണ്ട്. എന്നാൽ ആ പരിരക്ഷയുടെ അടിസ്ഥാനത്തിൽ മാത്രം ന്യൂനപക്ഷങ്ങൾക്ക് അവരുടെ സമുദ്ധാരണം ഉറപ്പുവരുത്താൻ കഴിയില്ല എന്നുള്ളത് ഇന്ത്യയുടെ പ്രത്യേകമായ സാഹചര്യത്തിൽ ചർച്ചയ്ക്ക് വന്നപ്പോഴാണ് ഇതുപോലുള്ള ന്യൂനപക്ഷ കമ്മീഷനുകൾ രൂപീകൃതമായിട്ടുള്ളത്. 1978 ഫെബ്രുവരി 22-നാണ് ദേശീയ ന്യൂനപക്ഷ കമ്മീഷൻ നിലവിൽ വന്നിട്ടുള്ളത്. ഒരു ദേശീയ ന്യൂനപക്ഷ കമ്മീഷൻ സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ വളരെ നേരത്തെ ആവശ്യമായി വന്നുവെങ്കിലും അത് സംസ്ഥാനങ്ങളിലൂടനീളം പ്രത്യേകിച്ച് ബീഹാർ, ഉത്തർപ്രദേശ്, പശ്ചിമ ബംഗാൾ, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ രൂപീകൃതമായിട്ടുപോലും ദേശീയ തലത്തിൽ ന്യൂനപക്ഷ കമ്മീഷൻ രൂപീകരിക്കാത്ത ഒരു സാഹചര്യമുണ്ടായിരുന്നു. തുടർന്ന് 1978 ഫെബ്രുവരി 22-ന് ദേശീയ ന്യൂനപക്ഷ കമ്മീഷൻ രൂപീകരിക്കപ്പെട്ടു. എന്നാൽ കേരളത്തിൽ ഒരു ന്യൂനപക്ഷ കമ്മീഷൻ വേണമെന്നുള്ള ആവശ്യം അതിശക്തമായി നിലനിന്നിരുന്നുവെങ്കിലും കേരളത്തിന്റെ പ്രത്യേകമായ, സാമുദായിക സാഹചര്യത്തിൽ ഇത് രൂപീകരിക്കാൻ സംസ്ഥാന സർക്കാർ അറച്ചുനിന്നു. അതിനുശേഷം ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ ഇതുപോലുള്ള ആക്ടുകൾ നിലവിൽ വന്നിട്ടുണ്ട്. കേരളത്തിൽ ന്യൂനപക്ഷ കമ്മീഷൻ വേണമെന്നുള്ള ആവശ്യം ശക്തമായി വന്നുകൊണ്ടിരിക്കെ ദേശീയതലത്തിൽ 1992-ൽ ദേശീയ ന്യൂനപക്ഷ കമ്മീഷൻ നിയമവും ദേശീയ ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷനും കൂടി രൂപീകരിക്കുകയുണ്ടായി. അതിന്റെയടിസ്ഥാനത്തിൽ കേരളത്തിൽ ന്യൂനപക്ഷങ്ങളുടെ പരിരക്ഷ ഉറപ്പുവരുത്തുന്നതിനും അവർക്കാവശ്യമായ സാമുദായികവും വിദ്യാഭ്യാസവും സാമൂഹികവുമായ വളർച്ചയും പുരോഗതിയും ഉറപ്പുവരുത്തുന്നതിനുംവേണ്ടി ന്യൂനപക്ഷ കമ്മീഷൻ വേണമെന്നുള്ള ആവശ്യം അതിശക്തമായി ഉയരുകയുണ്ടായി. പക്ഷേ ഇങ്ങനെയുള്ള ഒരു സാഹചര്യമുണ്ടായിട്ടുപോലും കേരളത്തിൽ കമ്മീഷൻ രൂപീകരിക്കാൻ മാറിമാറിവന്ന ഗവൺമെന്റുകളുടെ കാലഘട്ടത്തിൽ ആരും മുന്നോട്ടുവന്നില്ല. 2009-ൽ ദേശീയ ന്യൂനപക്ഷ കമ്മീഷന്റെ ചെയർമാനായ ഷാഫി അൽ ഖുറേഷി അന്നത്തെ കേരളാ മുഖ്യമന്ത്രിയായിരുന്ന

ശ്രീ. വി. എസ്. അച്യുതാനന്ദന് താക്കീതിന്റെ സ്വരത്തിൽത്തന്നെ ഒരു കത്ത് നൽകുകയുണ്ടായി. ഇനി നീട്ടിക്കൊണ്ടുപോകാൻ പാടില്ല, ദേശീയ ന്യൂനപക്ഷ കമ്മീഷൻ 1978-ൽ രൂപീകരിച്ചിട്ടും കേരളത്തിന്റെ അയൽ സംസ്ഥാനമായ കർണ്ണാടക പോലെയുള്ള മറ്റ് സംസ്ഥാനങ്ങളിൽ ന്യൂനപക്ഷ കമ്മീഷൻ നിലവിൽ വന്നിട്ടും കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ നിലവിൽ വരാതിരിക്കുന്നത് ശരിയല്ലെന്ന് പറഞ്ഞാണ് ദേശീയ ന്യൂനപക്ഷ കമ്മീഷൻ അന്നത്തെ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്യുതാനന്ദന് കത്ത് നൽകിയത്.

1.00 PM]

ഈ ഭേദഗതി ആവശ്യമുണ്ടോയെന്നത് സഭ പരിശോധിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഈ ചരിത്രം ഇവിടെ പറയുന്നത്. 2009-ൽ ദേശീയ ന്യൂനപക്ഷ കമ്മീഷൻ ചെയർമാൻ നൽകിയ താക്കീതുപോലും അവഗണിച്ച് അത് അഗണ്യകോടിയിൽത്തന്നെ നിൽക്കുകയാണുണ്ടായത്. എന്നാൽ 2011-ൽ കേരളത്തിൽ അധികാരത്തിൽ വന്ന യു.ഡി.എഫ്. സർക്കാരിൽ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയായിരുന്നു ന്യൂനപക്ഷക്ഷേമ വകുപ്പ് കൈകാര്യം ചെയ്തിരുന്നത്. ആ വകുപ്പിനുകീഴിൽ ന്യൂനപക്ഷ കമ്മീഷൻ രൂപീകരിക്കുന്നതിനെക്കുറിച്ചുള്ള ആലോചന നടക്കുകയും 2013-ൽ അതിനുള്ള ബിൽ അവതരിപ്പിക്കുകയും ചെയ്തു. 2014-ലാണ് കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്ട് നിലവിൽ വന്നത്. ആ ആക്ടിലാണ് ഇപ്പോൾ ഭേദഗതി വരുത്തുന്നത്. എന്തിനാണ് ഈ ഭേദഗതിയിലേയ്ക്ക് പോകുന്നതെന്ന് സഭ ഗൗരവമായി ആലോചിക്കണം. ജനങ്ങൾ അവിടെയും ഇവിടെയും പറയുന്ന അജ്ഞാതനായ ഒരു വ്യക്തിയെ ന്യൂനപക്ഷ കമ്മീഷനിൽ അംഗമാക്കുന്നതിനുവേണ്ടി മാത്രം ഗവൺമെന്റ് ഒരു ഓർഡിനൻസ് പുറപ്പെടുവിക്കുന്നു. ആ ഓർഡിനൻസ് നിയമമാക്കുന്നതിന് സഭയിൽ കൊണ്ടുവന്ന് ഭേദഗതിയായി അവതരിപ്പിക്കുന്നു. ആ ഭേദഗതിക്കുവേണ്ടി സഭാംഗങ്ങളുടെ മുഴുവൻ സമയവും കളയുന്നു. ഈ സഭ അത്യാവശ്യമായി നിയമനിർമ്മാണം നടത്തേണ്ട ധാരാളം മേഖലകളുണ്ട്. ആ മേഖലകൾക്കൊന്നും പ്രയോറിറ്റി കൊടുക്കാതെ കേവലം ഏതോ ഒരു വ്യക്തിക്കുവേണ്ടിയുള്ള നിയമനിർമ്മാണവും ഭേദഗതിയുമാണ് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവന്നിട്ടുള്ളത്. തീർച്ചയായും ഇത് അംഗീകരിക്കാൻ കഴിയുന്നതല്ല.

ഈ ഭേദഗതി എന്തിനാണെന്ന് ആലോചിക്കുമ്പോൾ ഞാൻ ചരിത്രത്തിന്റെ പിന്നാമ്പുറത്തേയ്ക്ക് ഒന്നുകൂടി പോകുകയാണ്. 1978-ൽ ദേശീയ ന്യൂനപക്ഷ കമ്മീഷൻ രൂപീകരിച്ചുവെന്ന് ഇവിടെ ഞാൻ നേരത്തെ സൂചിപ്പിക്കുകയുണ്ടായി. 1978 ഫെബ്രുവരിയിലാണ് ദേശീയ ന്യൂനപക്ഷ കമ്മീഷൻ രൂപീകരിച്ചത്. അതിന്റെ ചെയർമാനായി അന്നത്തെ പ്രധാനമന്ത്രി മൊറാർജി ദേശായി നിയമിച്ചത് മിനു ആർ. മസാനിയെ ആയിരുന്നു. മിനു ആർ. മസാനി പാഴ്സി വിഭാഗത്തിൽപ്പെട്ടയാളായിരുന്നു. പാഴ്സികൾ

ഇന്ത്യൻ പോപ്പുലേഷനിൽ മൈക്രോസ്കോപിക് മൈനോറിറ്റിയെന്ന് പറയാവുന്ന രീതിയിൽ മാത്രമുള്ള സമുദായമായതുകൊണ്ട്, ഇന്ത്യയിൽ ന്യൂനപക്ഷങ്ങളിൽ മഹാഭൂരിപക്ഷമുള്ള മുസ്ലീങ്ങളും ക്രിസ്ത്യാനികളുമടക്കമുള്ള സമുദായത്തിൽനിന്നും എടുക്കാത്തതിന്റെ പേരിൽ അന്ന് മൊറാർജി ദേശായി ഏറെ വിമർശനം കേൾക്കേണ്ടിവന്നു. ആ വിമർശനം ഉൾക്കൊണ്ടുകൊണ്ട് 1978 ഫെബ്രുവരിയിൽ നിയമിക്കപ്പെട്ട ചെയർമാനെ മാറ്റി 5 മാസത്തിനുശേഷം 1978 ജൂലൈയിൽ മുസ്ലീം സമുദായത്തിൽ നിന്നും ജസ്റ്റിസ് എം. ആർ. അൻസാരിയെ നിയമിക്കുകയുണ്ടായി. ഇപ്പോഴത്തെ ഭേദഗതിയുമായി ബന്ധപ്പെട്ട വിഷയത്തിലേയ്ക്ക് വരുന്നതിനു വേണ്ടിയാണ് ഞാൻ ഇക്കാര്യങ്ങൾ പറയുന്നത്. ജസ്റ്റിസ് എം. ആർ. അൻസാരിയെ ചെയർമാനായി നിയമിച്ചുകൊണ്ടാണ് മൊറാർജി ദേശായി അത് തിരുത്തിയത്. എന്നാൽ ആ ഒരു പശ്ചാത്തലത്തിൽ നിന്നുകൊണ്ടാണ് കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ന്യൂനപക്ഷ കമ്മീഷൻ ആക്ട് കേരളത്തിൽ കൊണ്ടുവന്നത്. അങ്ങനെ ആക്ട് നിലവിൽ വന്നപ്പോൾ അതിനകത്ത് ഇപ്പോൾ ഭേദഗതി ചെയ്യാൻ പോകുന്ന വാക്ക് വളരെ കൃത്യമാണ്.

2. 3-ാം വകുപ്പിനുള്ള ഭേദഗതി.- 2014-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്ടിലെ (2014-ലെ 5) 3-ാം വകുപ്പ്, (2)-ാം ഉപവകുപ്പ്, (ബി) ഖണ്ഡത്തിൽ "മറ്റൊരു" എന്ന വാക്കിനുപകരം "ഒരു" എന്ന വാക്ക് ചേർക്കേണ്ടതാണ്. ഇങ്ങനെയാണ് മൂന്നാം വകുപ്പിനുള്ള ഭേദഗതി പറയുന്നത്. " ഒരു" എന്ന വാക്ക് ചേർക്കുന്നതിന് മുമ്പായി പറഞ്ഞിരിക്കുന്നത്,

ഈ കമ്മീഷനിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:-

(എ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, സംസ്ഥാനത്തെ ഒരു ന്യൂനപക്ഷ സമുദായത്തിൽപ്പെട്ടതും ന്യൂനപക്ഷവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പ്രത്യേക പരിജ്ഞാനമുള്ളതും നിയമ പരിജ്ഞാനമുള്ളതുമായ ഒരു ചെയർപേഴ്സൺ;

(ബി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, സംസ്ഥാനത്തെ മറ്റൊരു ന്യൂനപക്ഷ സമുദായത്തിൽപ്പെട്ടതും ന്യൂനപക്ഷവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പ്രത്യേക പരിജ്ഞാനമുള്ളതുമായ ഒരംഗം;

(സി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, സംസ്ഥാനത്തെ ന്യൂനപക്ഷ സമുദായത്തിൽപ്പെട്ടതും ന്യൂനപക്ഷവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പ്രത്യേക പരിജ്ഞാനമുള്ളതും അത്തരം കാര്യങ്ങളിൽ പ്രവർത്തന മികവ് തെളിയിച്ചിട്ടുള്ളതുമായ ഒരു വനിത.

ചെയർമാനായി വരുന്ന ന്യൂനപക്ഷ അംഗം കമ്മീഷനിൽ ഉണ്ടാകും. അതേ സമുദായത്തിൽ നിന്നുതന്നെ വീണ്ടും ഒരംഗം വരരുതെന്നുള്ളതിനാൽ കേരളത്തിന്റെ സാമുദായികവും സാമൂഹികവുമായ സഹാചര്യങ്ങളെല്ലാം ഉൾപ്പെടുത്തിക്കൊണ്ടാണ് അന്ന് ഈ നിയമനിർമ്മാണം നടത്തിയിട്ടുള്ളത്. ചെയർമാന്റെ അതേ സമുദായത്തിൽ നിന്നുതന്നെ മറ്റൊരു അംഗം വരേണ്ടതില്ല. മറിച്ച് മറ്റൊരു സമുദായാംഗം വരട്ടെയെന്നുള്ളതാണ് അന്നത്തെ ഈ ബില്ലിന്റെ താൽപ്പര്യമെന്നുള്ളത് ഈ ബിൽ നോക്കിയാൽ ആർക്കും അറിയാൻ സാധിക്കും. ഞാൻ അന്നത്തെ സഭയിലുള്ള ആളല്ല. ഞാനൊരു പുതിയ സാമാജികനാണ്. ഈ ബിൽ വായിച്ചാൽ അറിയാം ബില്ലിന്റെ താൽപ്പര്യമെന്താണെന്ന്. എന്നാൽ ഇന്നിതിന് ഭേദഗതി കൊണ്ടുവരുന്നത് എന്തിനാണെന്നുള്ളത് എല്ലാവരും ആലോചിക്കണം. ഭേദഗതി കൊണ്ടുവരുന്നത് "ഒരു" അംഗം എന്നുള്ളതിനാണ്. ആ ഒരംഗം ആരാണെന്ന് കോഴിക്കോട് അങ്ങാടിയിലൊക്കെ പറഞ്ഞുകേൾക്കുന്നുണ്ട്. ആ ഒരാൾക്കുവേണ്ടി "മറ്റൊരു" എന്നുള്ളത്.

ശ്രീ. പി. ടി. എ. റഹീം: സർ, അതാരാണെന്ന് പേര് പറയാമോ;

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ പറയുന്നില്ല, നിങ്ങൾക്കറിയാമല്ലോ; നിങ്ങൾതന്നെ പറഞ്ഞാൽ മതി. ഓർഡിനൻസ് എപ്പോഴാണ് പുറപ്പെടുവിക്കുക; അങ്ങ് ഒരു വക്കീലാണല്ലോ? അത്യപൂർവ്വമായ സന്ദർഭങ്ങളിൽ, സഭ ചേരാൻ വൈകുന്ന സമയത്ത്, അടുത്തൊന്നും സഭ കൂടാൻ കഴിയാത്ത സാഹചര്യത്തിൽ അടിയന്തരമായ സാഹചര്യമുണ്ടെങ്കിൽ എക്സിക്യൂട്ടീവിനുള്ള അധികാരമാണ് ഓർഡിനൻസ്. ആ ഓർഡിനൻസാണ് ഇവിടെ ദുരുപയോഗം ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി നിയമസഭയിൽ അംഗങ്ങളുടെ വിലപ്പെട്ട സമയം ഏതോ ഒരു വ്യക്തിക്കു വേണ്ടി,.........ഞാൻ വീണ്ടും വീണ്ടും ആവർത്തിക്കുകയാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, നിലവിലുള്ള ന്യൂനപക്ഷ കമ്മീഷൻ നിയമത്തിൽ അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെതന്നെ അതിന്റെ ചെയർമാൻ ഒരു സമുദായത്തിൽ നിന്നാണെങ്കിൽ, ന്യൂനപക്ഷ സമുദായങ്ങൾ ധാരാളമുള്ള കേരളത്തിൽ മറ്റൊരു സമുദായത്തിൽ നിന്നൊരാൾ വരണമെന്ന സുതാര്യമായ നിലവിലുള്ള നിയമം ഇവിടെ അട്ടിമറിക്കപ്പെടുന്നത് ചില ഗൂഢതാൽപ്പര്യങ്ങളുടെ പേരിലാണെന്നുള്ളത് യാഥാർത്ഥ്യമാണ്. ഈ നിയമഭേദഗതി വളരെ സിംപിളാണ്. മറ്റൊരു സമുദായമെന്നുള്ളതിന് പകരം ഒരു സമുദായമെന്ന് പറഞ്ഞാൽ പോരെ.

മി. ചെയർമാൻ: ശ്രീ. എൻ. ഷംസുദ്ദീൻ, please come to the point. നാല് പേർ സംസാരിക്കാനുണ്ട്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇതിന് പിന്നിലെന്താണെന്ന് വച്ചാൽ, ഗവൺമെന്റിന്റെ കയ്യിൽ ഒരാളുണ്ട്, അല്ലെങ്കിൽ മന്ത്രിക്ക് ഒരിഷ്ടക്കാരനുണ്ട്. അയാളെ വയ്ക്കാൻ നിലവിലുള്ള നിയമം തടസ്സമാകുമ്പോൾ ആ നിയമത്തിന് ഭേദഗതി വരുത്തുന്നതിൽ ഗൂഢതാൽപ്പര്യങ്ങളില്ലായെന്ന് പറഞ്ഞെങ്കിൽ ഇങ്ങനെയൊരു ഗൂഢതാൽപ്പര്യംകൂടി കാരണമായിട്ടാണെന്നല്ലേ അങ്ങ് അഭിപ്രായപ്പെടുന്നത്?

മി. ചെയർമാൻ: അതുതന്നെയാണ് അദ്ദേഹം പറഞ്ഞുവരുന്നത്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ പ്രസക്തമാണ്. അതുതന്നെയാണ് ഞാൻ ഊന്നിപ്പറഞ്ഞ കാര്യവും. ഓർഡിനൻസ് എപ്പോഴാണ് പുറപ്പെടുവിക്കേണ്ടതെന്ന് നമുക്കെല്ലാമറിയാം. ഒരു വ്യക്തിക്കുവേണ്ടി ഒരു ഓർഡിനൻസ് കൊണ്ടുവരുന്നു, ആ ഓർഡിനൻസ് ഭേദഗതിയിലൂടെ നിയമമായി കൊണ്ടുവരുന്നു, ഈ സഭയിലെ മുഴുവൻ അംഗങ്ങളുടെയും സമയം കളയുന്നു, വളരെ ലാഘവത്തോടുകൂടി സഭയെ സമീപിക്കുന്നു, സഭയുടെ വിലപ്പെട്ട സമയം കളയുന്നു, സഭയിലെ ബിസിനസ് നടത്തിക്കൊണ്ടുപോകേണ്ടത് എക്സിക്യൂട്ടീവും അതിന്റെ തലവനുമാണ്. ആ എക്സിക്യൂട്ടീവുതന്നെ ഈ സഭയെ നിസാരവത്കരിക്കുന്നതിന് കൂട്ടുനിൽക്കുന്നതിന് തുല്യമാണ് ഈ നിയമഭേദഗതി .

ശ്രീ. എം. ഉമ്മർ: സർ, ഈ നിയമം പാസ്സാക്കുമ്പോൾ അന്നത്തെ പ്രതിപക്ഷ ഉപനേതാവും ഇപ്പോഴത്തെ സി.പി.ഐ.(എം.) സംസ്ഥാന സെക്രട്ടറിയുമായ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഡിസന്റിംഗ് നോട്ടെഴുതി വളരെ പ്രസക്തമായ കുറെ കാര്യങ്ങൾ പറയുകയുണ്ടായി. അതിൽ പ്രധാനമായി പറഞ്ഞത്, ഈ കമ്മീഷന് വെറും അഡ്വൈസറി നേച്ചറേയുള്ളൂ, ഉപദേശം കൊടുക്കുകയെന്നല്ലാതെ ഫലപ്രദമായി ഇടപെടാൻ കഴിയില്ല എന്നാണ്. അതുകൊണ്ട് കുറെക്കൂടി ഇഫക്ടീവായി അധികാരമുള്ള വിധത്തിൽ വേണം ഈ ബിൽ അവതരിപ്പിക്കേണ്ടിയിരുന്നതെന്ന് സുദീർഘമായി പോസിറ്റീവായി സംസാരിച്ച ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ പ്രസംഗം ഞാൻ ഓർക്കുകയാണ്. അന്ന് ബഹുമാനപ്പെട്ട മന്ത്രിയും ഭേദഗതിയിൽ ഇടപെട്ട് കുറെ കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. ആ ഭേദഗതികളൊന്നുംതന്നെ ഇതിനകത്ത് കൊണ്ടുവരാതെ ഇവിടെ ഒറ്റ "ഒരു"-വിനുവേണ്ടിയാണ് ഇത് കൊണ്ടുവന്നത്. യഥാർത്ഥത്തിൽ ഇങ്ങനെയൊരു ഭേദഗതി കൊണ്ടുവരുമ്പോൾ ഈ ഒറ്റ "ഒരു"-വിനുപകരം അന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഫലപ്രദമായി പറഞ്ഞ കാര്യങ്ങൾകൂടി കൂട്ടിച്ചേർക്കേണ്ടിയിരുന്നില്ലേ എന്നത് ഒരു കുറവായി അങ്ങേയ്ക്ക് തോന്നുന്നുണ്ടോ;

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, കോഴിക്കോട് അങ്ങാടിയിലൂടെ ആരോ അലഞ്ഞുതിരിഞ്ഞു നടക്കുന്നു എന്ന് പറഞ്ഞുവല്ലോ. ഈ ഭേദഗതി ഇല്ലെങ്കിലും അദ്ദേഹത്തെ കൊണ്ടുവരാൻ സാധിക്കില്ലേ; ഈ നിയമപ്രകാരം ന്യൂനപക്ഷമല്ലാത്ത ഏതെങ്കിലുമൊരാളെ ഈ കമ്മീഷന്റെ അംഗമാക്കാൻ പറ്റുമോ?

മി. ചെയർമാൻ: Another minority community എന്നാണ് wording.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ചെയർമാൻ ഒരു കമ്മ്യൂണിറ്റിയിൽ നിന്നായാൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന ആൾ അതേ കമ്മ്യൂണിറ്റിയിലുള്ള ആളാണെങ്കിൽ ഇപ്പോഴുള്ള നിയമപ്രകാരം കൊണ്ടുവരാൻ സാധിക്കില്ല. അതാണ് പ്രശ്നം. അതുകൊണ്ട് 'മറ്റൊരു' എന്നത് മാറ്റിയിട്ട് 'ഒരു' ആക്കുകയാണ്. നിങ്ങളുടെ താൽപ്പര്യത്തിനുവേണ്ടി നിയമം മാറ്റുകയാണ്.

ശ്രീ. വി. ടി. ബൽറാം: സർ, ബഹുമാന്യരായ അംഗങ്ങൾ പറഞ്ഞതുപോലെ ഇത് ചെരുപ്പിനനുസരിച്ച് കാൽ മുറിക്കുന്ന ഏർപ്പാടാണ്. ഇത് ന്യൂനപക്ഷ കമ്മീഷനാണ്. ഇതിൽ ന്യൂനപക്ഷ സമുദായാംഗങ്ങളിൽപ്പെട്ട ഒരാളെയേ ഉൾപ്പെടുത്താൻ കഴിയുകയുള്ളൂ. അപ്പോൾ 'ഒരു' എന്ന് പറയേണ്ട കാര്യമില്ല.

സാന്ദർഭികമായി ഞാൻ ഒരു കാര്യംകൂടി ഇതിനോട് കൂട്ടിച്ചേർത്ത് ബഹുമാനപ്പെട്ട അംഗത്തിന്റെ അഭിപ്രായം അറിയാൻ ചോദിക്കുകയാണ്. അടിസ്ഥാനപരമായി ന്യൂനപക്ഷ സംരക്ഷണമാണല്ലോ ഇതിന്റെ ലക്ഷ്യം. കേരളത്തിൽ ഇന്ന് സവിശേഷമായ ചില സാഹചര്യങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. വളരെ ഗൗരവമായി നമ്മൾ പരിശോധിക്കേണ്ടൊരു കാര്യമാണ്.

മി. ചെയർമാൻ: Please make it short.

ശ്രീ. വി. ടി. ബൽറാം: സർ, വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. ന്യൂനപക്ഷ സമുദായാംഗമായി മാറി എന്നതിന്റെ പേരിൽ ഒരു വ്യക്തി കൊല ചെയ്യപ്പെടുന്ന സാഹചര്യം കേരളത്തിലുണ്ടായി.

മി. ചെയർമാൻ: നമ്മൾ വിവാദത്തിലേയ്ക്ക് കടക്കേണ്ട. Shri. V.T. Balram, don't make it controversial.

ശ്രീ. വി. ടി. ബൽറാം: സർ, ഇഷ്ടപ്പെട്ട മതം സ്വീകരിക്കാം എന്നുള്ളത് ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന അധികാരമാണ്, ആർട്ടിക്കിൾ 25. ഇസ്ലാം മതത്തിലേയ്ക്ക് മാറി എന്നതിന്റെ പേരിൽ കൊടിഞ്ഞിയിൽ ഫൈസൽ എന്നൊരു ചെറുപ്പക്കാരൻ കൊല ചെയ്യപ്പെട്ടപ്പോൾ ആ കൊലപാതകത്തിൽ സ്വാഭാവികമായും സമൂഹത്തിനും ഗവൺമെന്റിനും ഉത്തരവാദിത്വമുണ്ട്. എന്നാൽ ഫൈസലിന്റെ കുടുംബത്തിന് നഷ്ടപരിഹാരം നൽകില്ല എന്നൊരു തീരുമാനം സർക്കാർ എടുത്തതായി മാധ്യമങ്ങളിലൂടെ അറിയാൻ കഴിഞ്ഞു. ഇത് ഉചിതമാണോ; ഇത്തരത്തിലുള്ളൊരു സാഹചര്യം ആദ്യമായിട്ടാണ്. ഇഷ്ടപ്പെട്ടൊരു ന്യൂനപക്ഷ മതം കേരളത്തിൽ തെരഞ്ഞെടുത്തു എന്നതിന്റെ പേരിൽ ഒരു മനുഷ്യൻ ജീവിക്കാനുള്ള അവകാശം നഷ്ടപ്പെട്ട്, അതിക്രൂരമായി കൊല ചെയ്യപ്പെടുമ്പോൾ അതിൽ ഇടപെട്ട് ആ കുടുംബത്തെ

സഹായിക്കാനുള്ള ഉത്തരവാദിത്വം സർക്കാരിനുണ്ട് എന്ന് താങ്കൾ കരുതുന്നില്ലേ; പ്രത്യേകിച്ചും ആ ജില്ലയിൽ നിന്നുള്ള മന്ത്രി ആ വകുപ്പ് കൈകാര്യം ചെയ്യുമ്പോൾ, നഷ്ടപരിഹാരം വാങ്ങിക്കൊടുക്കുവാനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കണം എന്ന് താങ്കൾക്ക് അഭിപ്രായമില്ലേ?

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം, 17 മിനിട്ടായി. ഇനിയും 4 പേർ സംസാരിക്കാനുണ്ട്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഇത് ബില്ലിന്റെ ചർച്ചയാണ്. ഇതിൽ റസ്ട്രിക്ഷൻ കൊണ്ടുവന്നാൽ വലിയ ബുദ്ധിമുട്ടാണ്.

മി. ചെയർമാൻ: അത് അംഗീകരിച്ചുകൊണ്ടുതന്നെ, അങ്ങയുടെ പ്രസംഗം പരമാവധി ചുരുക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. കെ. ബാലൻ അടക്കമുള്ള ആളുകൾ പറഞ്ഞ കാര്യം തന്നെയാണ്. അദ്ദേഹം പറഞ്ഞ കാര്യത്തിന് ഇവിടെ ക്ലാരിഫിക്കേഷൻ വന്നു കഴിഞ്ഞു. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്ററും പറഞ്ഞു. ചെയർമാനായി ഒരാളെ തീരുമാനിച്ചു. അതേ സമുദായത്തിൽ നിന്നുതന്നെയാണ് അടുത്തയാളും വരേണ്ടതെന്ന് മന്ത്രിക്കും ഗവൺമെന്റിനും താൽപ്പര്യമുണ്ടെങ്കിൽ അതിനുവേണ്ടിയുള്ള ഭേദഗതിയാണ് ഇതെന്നുള്ളതാണ് ഞാൻ പറയുന്നത്. യാതൊരു സംശയവുമില്ല. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ പറഞ്ഞതിൽ അതിനുള്ള ഉത്തരമുണ്ട്. ശ്രീ. എം. ഉമ്മർ പറഞ്ഞത്, കേവലം 'ഒരു'വിന് വേണ്ടിയാണ് നമ്മൾ സമയം കളയുന്നതെന്നാണ്.

ശ്രീ. മുഹമ്മദ് മുഹസിൻ. പി: സർ, അങ്ങനെ ഗവൺമെന്റിന് ഒരാളെ താൽപ്പര്യമുണ്ടെങ്കിൽ അയാളെ ചെയർമാനാക്കിയാൽ മതിയായിരുന്നു. ഇനി അതല്ല, 'മറ്റൊരു' എന്നു പറയുന്ന ഒരേ സമുദായത്തിലുള്ള രണ്ടാളെ എന്നു പറഞ്ഞു. ഈ കമ്മിറ്റിയിൽ വരുന്ന മൂന്ന് ആളുകൾ മാത്രമേ വിവിധ മൈനോറിറ്റി കമ്മ്യൂണിറ്റിയിലുള്ള ആളുകളാകാൻ പറ്റുകയുള്ളൂ. അപ്പോൾ മറ്റു മൈനോറിറ്റി കമ്മ്യൂണിറ്റിയിലുള്ള ആളുകളെല്ലാവരും ഇതിൽ അംഗമാകണമെന്ന് നിങ്ങൾക്ക് പറയാൻ കഴിയുമോ?

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഇവിടെ ശ്രീ. വി. ടി. ബൽറാം പറഞ്ഞത് പ്രസക്തമായി. കേരളത്തിന്റെ സാമൂഹിക സാഹചര്യം എന്നുപറയുന്നത് അങ്ങേയറ്റം സങ്കീർണ്ണമാണെന്ന് ഞാൻ പറയേണ്ട കാര്യമില്ലല്ലോ. അന്നത്തെ പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണനടക്കം പ്രസംഗിച്ച സാഹചര്യം കേരളത്തിലുണ്ട്. മുസ്ലീം പഞ്ചായത്തും മുസ്ലീം ബ്ലോക്ക് പഞ്ചായത്തുകളും

ഉണ്ടാക്കിയ നാടാണ് എന്നുവരെ വ്യാഖ്യാനം കൊടുത്ത സംസ്ഥാനമാണിത്. ഡോ. ടി. എം. തോമസ് ഐസക് അടക്കമുള്ള ആളുകൾ അന്ന് പറഞ്ഞിരുന്നു. പോരാത്തതിന് 'അഞ്ചാം മന്ത്രി' വിവാദമുണ്ടാക്കിയ അതീവ സങ്കീർണ്ണമായ സാമൂഹിക, സാമുദായിക സാഹചര്യം കേരളത്തിൽ നിലവിലുള്ളതുകൊണ്ടാണ് അന്ന്......

ശ്രീ. എ. എൻ. ഷംസീർ: സർ, ഇവിടെ ഒരു സങ്കീർണ്ണതയെക്കുറിച്ച് പറഞ്ഞു. ഏതാണ്ട് 10 കൊല്ലം മുൻപാണെന്നു തോന്നുന്നു, കേരളത്തിന്റെ മുൻമുഖ്യമന്ത്രിയും ഇന്ത്യൻ രാഷ്ട്രീയത്തിന്റെ തലമുതിർന്ന നേതാവുമായ ശ്രീ. എ. കെ. ആന്റണി, ന്യൂനപക്ഷങ്ങൾ സംഘടിതശേഷി ഉപയോഗിച്ചുകൊണ്ട് അനർഹമായ പലതും നേടുന്നു എന്ന അഭിപ്രായം പറയുകയുണ്ടായി. ആ അഭിപ്രായത്തോട് ബഹുമാനപ്പെട്ട അംഗം യോജിക്കുന്നുണ്ടോ?

ശ്രീ. ടി. വി. ഇബ്രാഹിം: സർ, കഴിഞ്ഞ പ്രാവശ്യം ബഹുമാനപ്പെട്ട എ. കെ. ആന്റണിയുടെ പ്രസ്താവനയെക്കാളേറെ കേരളം ചർച്ച ചെയ്തത് ഇതുപോലെയുള്ള പ്രസ്താവനകളായിരുന്നു. നിരുത്തരവാദപരമായി പഞ്ചായത്തുകൾ രൂപീകരിച്ചപ്പോൾ പോലും മുസ്ലീം റോഡുകളും മുസ്ലീം പഞ്ചായത്തുകളും....

മി. ചെയർമാൻ: 20 മിനിട്ടായി. ബില്ലിൽ ഒതുങ്ങി സംസാരിച്ചാൽ നന്നായിരുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഇങ്ങനെയുള്ളൊരു സാഹചര്യത്തിൽ ഈ ബിൽ അന്നേ ഇനാക്ട്മെന്റിലേയ്ക്ക് പോയപ്പോൾ വളരെ കൃത്യമായി, സൂക്ഷ്മമായി പരിശോധിച്ചുകൊണ്ടാണ് ഇങ്ങനെയൊരു നിയമം കൊണ്ടുവന്നത്. ആ നിയമത്തെ അട്ടിമറിച്ച്, അതിനൊരു ഭേദഗതി കൊണ്ടുവന്ന് അജ്ഞാതനായ ആർക്കോവേണ്ടി നമ്മുടെ സമയം കളയുന്നത് ശരിയായില്ല. ഇത് പൊതുതാൽപ്പര്യത്തിനും സഭയുടെ താൽപ്പര്യത്തിനും എതിരാണ്. നമ്മുടെ എഥിക്സിന് യോജിക്കാൻ കഴിയാത്തതാണ്. അതുകൊണ്ടുതന്നെ ഞാൻ ഈ പ്രമേയത്തെ നിരാകരിക്കുന്നു. ഈ ഭേദഗതി നിരാകരിക്കണം എന്ന് ഞാൻ ആവശ്യപ്പെടുന്നു.

ശ്രീ. എൽദോസ് കുന്നപ്പിള്ളി: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച നിരാകരണ പ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. ബഹുമാനപ്പെട്ട ഗവർണറുടെ 2017-ലെ ആദ്യത്തെ ഓർഡിനൻസാണിത്. ഇത് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ സദുദ്ദേശ്യപരമല്ല, ദുരുദ്ദേശ്യപരമാണ് എന്നുള്ളത് ഏത് കൊച്ചുകുട്ടിക്കും മനസ്സിലാക്കാൻ കഴിയുന്നതാണ്. 2014-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്ടിന്റെ സദുദ്ദേശ്യത്തെയാണ് ഇത് അട്ടിമറിക്കുന്നത്.

ഒരുപക്ഷേ കേരള നിയമസഭയുടെ ചരിത്രത്തിലെ നിയമനിർമ്മാണ ഏടുകളിലെ ഒരു പൊൻതൂവലല്ല ഇതെന്നുള്ളത് സ്പഷ്ടമാവുകയാണ്. വ്യക്തിപരമായ താൽപ്പര്യം സംരക്ഷിക്കാൻ വേണ്ടിമാത്രം കൊണ്ടുവന്നിരിക്കുന്ന ഒരു ബില്ലായിട്ടാണ് ഇതിനെ കാണാൻ കഴിയുന്നത്. ഈ ബിൽ ആർക്കുവേണ്ടിയാണ് കൊണ്ടുവന്നിട്ടുള്ളതെന്ന് ഞാൻ പ്രത്യേകം പറയുന്നില്ല. ഇവിടെ മൂന്നാം വകുപ്പിലുള്ള ഭേദഗതിയിൽ 2014-ലെ കേരള ന്യൂനപക്ഷ ആക്ടിന്റെ മൂന്നാം വകുപ്പ് രണ്ടാം ഉപവകുപ്പ് (ബി) ഖണ്ഡികയിൽ 'മറ്റൊരു' എന്ന വാക്കിനു പകരം 'ഒരു' എന്ന വാക്ക് ചേർക്കേണ്ടതാണ് എന്നാണ് പറഞ്ഞിരിക്കുന്നത്. നമുക്ക് ഒറ്റ വായനയിൽ 'ഒരു' വാക്കിന്റെ മാറ്റം മാത്രമേയുള്ളൂ എന്ന് തോന്നും. വരികൾക്കിടയിൽ വായിക്കുമ്പോൾ ഈ 'ഒരു' മാറ്റം നിഗൂഢ ലക്ഷ്യത്തോടുകൂടിയാണ് കൊണ്ടുവന്നിട്ടുള്ളതെന്ന് മനസ്സിലാക്കാൻ സാധിക്കും. മൂല നിയമത്തിൽ ഏതെങ്കിലും കാതലായ മാറ്റങ്ങൾ വരുത്താൻ വേണ്ടിയാണ് ഈ ഓർഡിനൻസ് ഇവിടെ കൊണ്ടു വന്നിരിക്കുന്നതും ഈ ബിൽ അവതരിപ്പിക്കുന്നതും എന്നാണ് ഞാൻ ആദ്യം മനസ്സിലാക്കിയത്. പക്ഷേ ഇതിലൊരു ചെറിയ ഭേദഗതി മാത്രമാണ് കൊണ്ടുവന്നിട്ടുള്ളത്. ഇവിടെ മുൻപ് സൂചിപ്പിച്ചതുപോലെ അജ്ഞാതനായ, ഇഷ്ടക്കാരനായ ഒരാളെ ഈ സ്ഥാനത്ത് നിയമിക്കാൻ വേണ്ടി മാത്രമാണ് ഇത് കൊണ്ടുവന്നിട്ടുള്ളത്. നമ്മുടെ നിയമസഭയ്ക്ക് 60 വയസ്സ് പൂർത്തിയാകുന്ന കാലഘട്ടമാണിത്.

അറുപതിന്റെ യുവത്വം എന്നൊക്കെ പറഞ്ഞാലും സ്വാഭാവികമായും വായിച്ച് നോക്കുമ്പോൾ പ്രായാധിക്യം ചെന്ന, അറുപതിന്റെ ക്ഷീണവും തളർച്ചയും ബലക്കുറവുമുള്ള ഒരു ബില്ലാണെന്ന് ഭാവി തലമുറ പറയാൻ സാധ്യതയുണ്ടെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ അറുപതു വർഷത്തെ ഭേദഗതികളുടെ ചരിത്രത്തിൽ 1361 ഓർഡിനൻസുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ 1360-ാമത്തെ ഓർഡിനൻസാണ് ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. ഒരു ഓർഡിനൻസ് കൊണ്ടു വരേണ്ടത് ഭരണഘടനയുടെ ആർട്ടിക്കിൾ 213 പ്രകാരമാണെന്ന് നമുക്കറിയാം. അതിനുള്ള അധികാരം ഗവൺമെന്റിനുണ്ട്, ആ അധികാരത്തെ ചോദ്യം ചെയ്യുന്നില്ല. പക്ഷേ ചില വ്യവസ്ഥകൾ satisfy ചെയ്താൽമാത്രമേ അടിയന്തരഘട്ടത്തിൽ ഒരു ഓർഡിനൻസ് പുറപ്പെടുവിക്കേണ്ടതായിട്ടുള്ളൂവെന്ന് ബഹുമാനപ്പെട്ട മന്ത്രിക്കും നിയമസഭാംഗങ്ങൾക്കും അറിയാം. വളരെ അത്യാവശ്യമായ ഒരു കാര്യത്തിനായിരിക്കണം ഓർഡിനൻസ് പുറപ്പെടുവിക്കേണ്ടത്. അങ്ങനെയൊരു അത്യാവശ്യമുണ്ടെന്ന് ഈ ബില്ലിലൂടെ മനസ്സിലാക്കാൻ കഴിയുന്നില്ല. മറ്റൊന്ന്, നിയമസഭാ സമ്മേളനം നടക്കുമ്പോൾ ആയിരിക്കരുത് ഓർഡിനൻസ് കൊണ്ടുവരേണ്ടത്. നിയമസഭാ സമ്മേളനം നടക്കുമ്പോഴല്ല ഈ ഓർഡിനൻസ് കൊണ്ടുവന്നതെന്ന് പറയാമെങ്കിലും അതിന്റെ കാര്യങ്ങൾകൂടി ചർച്ച ചെയ്യപ്പെടേണ്ടതായിട്ടുണ്ട്. ബഹുമാനപ്പെട്ട ഗവർണർക്ക് അതിന്റെ ആവശ്യകത ബോദ്ധ്യപ്പെടണം. ഇവിടെ ബഹുമാനപ്പെട്ട ഗവർണർക്ക്

അതിന്റെ ആവശ്യകത ബോധ്യപ്പെട്ടിട്ടുണ്ടോയെന്ന കാര്യം സംശയമാണ്. ഈ വ്യവസ്ഥകളൊന്നും സാറ്റിസ്ഫൈ ചെയ്യാതെ പുറപ്പെടുവിച്ചിട്ടുള്ള ഈ ഓർഡിനൻസ് നിയമപരമായി പ്രാബല്യമുണ്ടാകാൻ പോകുന്ന ഒന്നല്ല. നിയമസഭ 23-ാം തീയതിയാണ് സമ്മേളിക്കുന്നതെന്ന കാര്യം തീരുമാനിച്ചത് ജനുവരി മാസത്തിലാണെന്ന കാര്യം നമുക്കെല്ലാപേർക്കുമറിയാം. ആ സാഹചര്യത്തിൽ ഫെബ്രുവരി മാസം 2-ാം തീയതി ഒരു വാക്കിൽ മാത്രം മാറ്റം വരുത്തുന്നതിനുവേണ്ടി ഗവൺമെന്റിനെ പ്രേരിപ്പിച്ച ചേതോവികാരം എന്താണെന്നറിയാൻ ഈ സഭയിലെ എല്ലാപേർക്കും താൽപ്പര്യമുണ്ട്. ഇതിന്റെ ഉദ്ദേശ്യകാര്യങ്ങളുടെ വിവരണം വായിച്ചാൽത്തന്നെ അത്ഭുതം തോന്നിപ്പോകും. ഒരു ഉദ്ദേശ്യകാരണവുമില്ല, ആക്ടിന്റെ 3-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ബി) - സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, സംസ്ഥാനത്തെ മറ്റൊരു ന്യൂനപക്ഷസമുദായത്തിൽപ്പെട്ടതും ന്യൂനപക്ഷവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പ്രത്യേകം പരിജ്ഞാനമുള്ളതുമായ ഒരു അംഗം ഉണ്ടായിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. ആ വ്യവസ്ഥയെ അട്ടിമറിക്കുന്ന രീതിയിൽ ഇപ്പോൾ പറയുന്നത് കമ്മീഷന്റെ സുഗമമായ പ്രവർത്തനത്തിനുവേണ്ടി പ്രസ്തുത വകുപ്പിലെ 'മറ്റൊരു' എന്ന വാക്കിനുപകരം 'ഒരു' എന്ന വാക്ക് ചേർത്തുകൊണ്ട് ഭേദഗതി ചെയ്യാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി എന്നാണ്. ഇതിൽ എങ്ങനെയാണ് 'മറ്റൊരു' ഒഴിവാക്കുമ്പോൾ സുഗമമായ പ്രവർത്തനമുണ്ടാകുന്നതെന്ന കാര്യം എത്ര ചിന്തിച്ചിട്ടും മനസ്സിലാക്കാൻ കഴിയുന്നില്ല. അതുകൊണ്ട് ഈ ബില്ലിന്റെ ലക്ഷ്യമെന്താണെന്നും ആർക്കും മനസ്സിലാക്കാൻ കഴിയുന്നില്ല. ഇവിടെ സൂചിപ്പിച്ചതു പോലെ എന്തോ ഒരു നിഗൂഢലക്ഷ്യമുണ്ടെന്ന് ഇത് വായിക്കുമ്പോൾത്തന്നെ മനസ്സിലാക്കാൻ കഴിയുന്നതാണ്. അത് അറിയാനുള്ള അവകാശമുണ്ട്. അക്കാര്യം ബഹുമാനപ്പെട്ട മന്ത്രി ഡോ. കെ. ടി. ജലീൽ ഈ സഭയെ അറിയിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. ബഹുമാനപ്പെട്ട മന്ത്രീ, അങ്ങൊരു ചെറുപ്പക്കാരനാണ്, എന്നേക്കാൾ കുറച്ച് പ്രായം കൂടുതലുണ്ടാകും. പക്ഷേ അങ്ങയുടെ പേരിൽ എഴുതിച്ചേർക്കാൻ പോകുന്ന ഈ ബിൽ ഭാവിതലമുറ കണ്ടാൽ അത്ഭുതപ്പെടാൻ ഇടയാകുമെന്നാണ് എനിക്ക് പറയാനുള്ളത്. ഒരു പ്രത്യേക പർപ്പസ് ഇല്ലാതെ കൊണ്ടുവന്ന ഈ ബിൽ കോടതിയിൽ ചോദ്യം ചെയ്താൽ അസാധുവാകാൻ ഇടയുണ്ടെന്നത് അങ്ങ് ശ്രദ്ധിക്കണം. ഒരു ഉദ്ദേശ്യകാര്യവും പറയാതെ ഒരു ബിൽ അങ്ങയെപ്പോലെ ഹൃദയവിശാലതയുള്ള ഒരു വ്യക്തി, പരിണിതപ്രജ്ഞനായ ഒരു മന്ത്രി കൊണ്ടുവരുന്നതിൽ എനിക്ക് അത്ഭുതവും സങ്കടവുമുണ്ടെന്ന കാര്യം ഞാൻ സൂചിപ്പിക്കുന്നു. നമ്മൾ അദ്ദേഹത്തിനെ കാണാൻ ചെല്ലുമ്പോൾ അനുജനെ കാണുന്നതുപോലെ, എടാ എന്നൊക്കെ വിളിച്ച് സംസാരിക്കുമ്പോൾ ജ്യേഷ്ഠ സഹോദരന്റെ സ്ഥാനത്തുള്ളതുകൊണ്ട് ഒരു അനിയൻ നൽകുന്ന ഉപദേശമായി മാത്രം ഇതിനെ കണ്ടാൽ മതിയെന്നാണ് എന്റെ ചെറിയൊരഭ്യർത്ഥന. പക്ഷെ അങ്ങ് നിയമ വിദഗ്ദ്ധരുമായിട്ടോ മറ്റുള്ളവരുമായിട്ടോ ഒരു കൂടിയാലോചന നടത്തിയ

ശേഷം മാത്രമേ ഈ ബില്ലിന്റെ മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കാവൂ. കാരണം 2017 ജനവരി മാസത്തിൽ ഓർഡിനൻസ് സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ എഴംഗ ബഞ്ചിന്റെ വിധി വന്നിട്ടുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകുമെന്ന് ഞാൻ കരുതുകയാണ്. ആ വിധിയിൽ ഏഴംഗ ബഞ്ചിലെ അഞ്ച് പേരും വിധിയെ അനുകൂലിച്ചിരുന്നു. ഒരു ഓർഡിനൻസ് ഇറക്കുമ്പോൾ ബഹുമാനപ്പെട്ട ഗവർണർക്ക് ഉത്തമ സാറ്റിസ്ഫാക്ഷനുണ്ടെങ്കിൽ അത് ചോദ്യം ചെയ്യാൻ മുമ്പ് കഴിയില്ലായിരുന്നു. പക്ഷേ ഈ വിധി വന്നശേഷം ബഹുമാനപ്പെട്ട ഗവർണർക്ക് ഉത്തമ സാറ്റിസ്ഫാക്ഷനുണ്ടെന്ന് ബോദ്ധ്യപ്പെട്ടാൽപോലും നിഗൂഢ ലക്ഷ്യമുണ്ടെന്ന് നമ്മൾ പോയിന്റൗട്ട് ചെയ്താൽ ആ സാറ്റിസ്ഫാക്ഷനെ ചലഞ്ച് ചെയ്യാനുള്ള അധികാരമുണ്ടെന്ന കാര്യം അങ്ങേയ്ക്ക് അറിയാം. ബഹുമാനപ്പെട്ട കോടതിയുടെ വിധിയിൽത്തന്നെ പറയുന്നുണ്ട്. The Court observed that the Apex Court would scrutinize whether the satisfaction of the President or the Governor to promulgate an ordinance was based on relevant material or whether it amounted to a fraud on power or was actuated by an oblique motive. 'മറ്റൊരു' എന്നത് 'ഒരു' ആക്കി മാറ്റുമ്പോൾ നിഗൂഢമായൊരു ലക്ഷ്യം ഒളിഞ്ഞ് കിടപ്പുണ്ടെങ്കിൽ ഈ ആക്ട് കോടതിയിൽ ചലഞ്ച് ചെയ്താൽ സ്വാഭാവികമായും ഇതിന് നിയമ പ്രാബല്യമുണ്ടാകാൻ കഴിയില്ലെന്നുള്ളതുകൊണ്ട് ഈ കാര്യങ്ങളിൽ വേണ്ടത്ര ചർച്ചയുണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ചെയർമാൻ ഉൾപ്പെടുന്ന ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന ഒരാളായിരിക്കരുത് മെമ്പറായി വരുന്നതെന്ന് ഉറപ്പുവരുത്തുന്നതിനും മറ്റൊരു സമുദായത്തിൽപ്പെട്ടയാൾ അംഗമായി വരുന്നതിനും വേണ്ടിയായിരിക്കാം അന്ന് സ്വാഭാവികമായും ഈ നിയമം കൊണ്ടുവന്നതെങ്കിൽ ഇവിടെ ഒറിജിനൽ നിയമത്തിൽ വിവക്ഷിച്ചിരിക്കുന്ന കാര്യത്തിന് വലിയ മാറ്റങ്ങൾ വരുന്നില്ലെങ്കിലും വ്യക്തി താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടിമാത്രം ഗവൺമെന്റ് ഇതുപോലെയുള്ള കാര്യങ്ങൾ കൊണ്ടുവരുമ്പോൾ അത് സത്യപ്രതിജ്ഞാ ലംഘനമാണോ എന്നത് പരിശോധിക്കേണ്ട കാര്യംതന്നെയാണ്. സ്വാഭാവികമായും ഒരു വ്യക്തിയെ ഗവൺമെന്റ് കണ്ടുപിടിച്ച് വച്ചിട്ടുണ്ടായിരിക്കാം ആ വ്യക്തിയെ വയ്ക്കുന്നതിന് മാത്രം ഇതുപോലുള്ള ഒരു നയം കൊണ്ടുവരുമ്പോൾ ന്യൂനപക്ഷങ്ങളോടുള്ള ഈ ഗവൺമെന്റിന്റെ നയമാണോയെന്ന് ഭാവിയിൽ ചോദ്യം ചെയ്യപ്പെടാൻ സാധ്യതയുണ്ടെന്ന കാര്യംകൂടി സൂചിപ്പിക്കുകയാണ്. സമയ പരിമിതി കാരണം കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. സ്വാഭാവികമായും ന്യൂനപക്ഷങ്ങളെ സംരക്ഷിക്കുന്നതിന് താൽപ്പര്യമുള്ള ഗവൺമെന്റ് ന്യൂനപക്ഷങ്ങൾക്കുവേണ്ടി പുതിയതൊന്നും ചെയ്യാതെ, ബില്ലിൽ ഏതെങ്കിലും പുതിയ കാര്യങ്ങളോ ഏതെങ്കിലും സേവനങ്ങളോ ഉൾപ്പെടുത്താതെ വ്യക്തിപരമായി ചിലരുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടിമാത്രം ഇതുപോലെ ഒരു ബിൽ കൊണ്ടുവരുന്നത് ഈ സഭയ്ക്ക് ചേരുന്ന ഒന്നല്ല എന്ന് ഞാൻ സൂചിപ്പിക്കുകയാണ്.

ഇത്തരം കാര്യങ്ങളിൽ ഗവൺമെന്റിന്റെ നയം ജനോപകാരപ്രദമായി മാറ്റണം. ജനോപകാര പ്രവർത്തനങ്ങളുടെ മാതൃകയുള്ള കേരള സംസ്ഥാനത്തിൽ സമൂഹത്തിന് ഉപകാരപ്രദമായ ഒരു മാറ്റവും ഈ ബിൽ കൊണ്ടുവരുന്നില്ലെന്നതുകൊണ്ടും ഈ ബില്ലിന്റെ നിഗൂഢലക്ഷ്യങ്ങൾ തിരിച്ചറിഞ്ഞതുകൊണ്ടും ഈ ബിൽ നിരാകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

ശ്രീ. കെ. മുരളീധരനുവേണ്ടി ശ്രീ അനൂപ് ജേക്കബ് : സർ, 2017-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഈ ബിൽ അന്നത്തെ വകുപ്പുമന്ത്രി ശ്രീ. മഞ്ഞളാംകുഴി അലി പൈലറ്റ് ചെയ്തപ്പോൾ ഇവിടെ സജീവമായ ചർച്ച നടന്ന സന്ദർഭം അങ്ങേയ്ക്കും ഓർമ്മയുണ്ടാകും. ഇന്ന് ഭേദഗതി അവതരിപ്പിക്കുന്ന ബഹുമാനപ്പെട്ട മന്ത്രിയടക്കം അന്ന് ധാരാളം ഭേദഗതികൾ കൊണ്ടുവന്നിരുന്നു. അന്നത്തെ പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ വളരെ പ്രസക്തമായ ഒരുപാട് കാര്യങ്ങൾ പറഞ്ഞു. അതിൽ അദ്ദേഹം പറഞ്ഞ ഒരു കാര്യം ഈ കമ്മീഷൻ തലയില്ലാത്ത ഒരു പ്രതിമയാണെന്നാണ്. എനിക്ക് ഗവൺമെന്റിനോട് ചോദിക്കാനുള്ളത് ഇവിടെ 'ഒരു' എന്ന ഭേദഗതി വന്നാൽ തലവരുമോയെന്നുള്ളതാണ്. അതിൽ അദ്ദേഹം പറഞ്ഞത് ഇതൊരു ഉപദേശക സമിതി മാത്രമാണ്, ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ കൊടുക്കാൻ കഴിയുമോ, ഇത് സർക്കാരിലേയ്ക്ക് റിപ്പോർട്ടുകൾ കൊടുക്കാൻവേണ്ടി മാത്രമാണ് എന്നൊക്കെയാണ്. അന്ന് പ്രതിപക്ഷത്ത് നിങ്ങൾ ഇരുന്നപ്പോൾ ഒട്ടനവധി കാര്യങ്ങൾ അവതരിപ്പിച്ചു. അതൊന്നും കൊണ്ടുവരാതെ ഈ 'മറ്റൊരു' എന്നത് മാറ്റി 'ഒരു' എന്ന ഭേദഗതി കൊണ്ടുവരികയാണെങ്കിൽ, അന്ന് നിങ്ങൾ ഇത്രമാത്രം ഭേദഗതികൾ അവതരിപ്പിച്ചതെന്തിനാണ്? ഇവിടെ വന്നിട്ടുള്ള 'ഒരു' മാറ്റം വരുമ്പോൾ ശ്രീ. ടി. വി. ഇബ്രാഹിം പറഞ്ഞതുപോലുള്ള സംശയം സ്വാഭാവികമായും വരികയാണ്, ഇത് ആർക്കോ വേണ്ടി ചെയ്യുന്ന എന്നതാണ്. അതുകൊണ്ടുതന്നെയാണ് അക്കാര്യം കൂടുതൽ ബലപ്പെടുത്തി നമുക്ക് സംസാരിക്കേണ്ടി വരുന്നത്. നമ്മുടെ ഭരണഘടന എല്ലാ അർത്ഥത്തിലും ഓരോ പൗരനും സംരക്ഷണം നൽകുന്നുണ്ട്. ഭാഷാ-ന്യൂനപക്ഷങ്ങളോ മത-ന്യൂനപക്ഷങ്ങളോ പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക വിഭാഗങ്ങളോ ആകട്ടെ അവർക്കെല്ലാം സംരക്ഷണം നൽകുന്ന എന്നത് നമ്മുടെ ഭരണഘടനയുടെ ഒരു വലിയ പ്രത്യേകതതന്നെയാണ്. അതുകൊണ്ട് ആ ഭരണഘടനയുടെ കൃത്യതയാണ് നമ്മുടെ രാജ്യം ഇന്നും തലയെടുപ്പോടെ ഒരു വികസിത രാജ്യമെന്ന നിലയിൽ മുന്നോട്ടു പോകാൻ കാരണം. നമ്മോടൊപ്പം സ്വാതന്ത്ര്യം കിട്ടിയ പല രാജ്യങ്ങളും പട്ടാള അട്ടിമറിയിലേയ്ക്കും ഏകാധിപത്യത്തിലേയ്ക്കും മാറിയപ്പോൾ ഇന്നും ജനാധിപത്യത്തിൽ നമുക്ക് മുന്നോട്ടു പോകാൻ കഴിയുന്നു.

മതേതരത്വത്തിൽ ഒരു വലിയ അർത്ഥം നമ്മുടെ രാജ്യത്ത് ലഭ്യമാക്കാൻ കഴിഞ്ഞു. ഒരു രാജ്യത്തിന്റെ പുരോഗതി കണക്കാക്കപ്പെടുന്നതിൽ തീർച്ചയായും അവിടത്തെ ന്യൂനപക്ഷങ്ങളുടെ ജീവിത സാഹചര്യങ്ങൾ പ്രധാനമായും അവലോകനം ചെയ്യപ്പെടും. ഇന്നിപ്പോൾ പാകിസ്ഥാൻ പോലുള്ള രാജ്യങ്ങളിൽ പലപ്പോഴും ന്യൂനപക്ഷങ്ങൾക്കു നേരെ ഉണ്ടാകുന്ന അതിക്രമങ്ങൾ ചെറുതായി കാണാൻ കഴിയുന്ന ഒന്നാണോ? അത്തരത്തിൽ സാഹചര്യങ്ങളുള്ള രാജ്യങ്ങളുണ്ടാകും. നമ്മുടെ രാജ്യത്ത് ഇല്ലെന്നല്ല പറയുന്നത്. നമ്മുടെ രാജ്യത്ത് ന്യൂനപക്ഷങ്ങൾ വലിയ ആനുകൂല്യങ്ങൾ നേടിയെടുക്കുന്നുവെന്ന തരത്തിലുള്ള തെറ്റായ പ്രചരണങ്ങൾ നൽകി രാഷ്ട്രീയ മുതലെടുപ്പ് നടത്തുന്ന ഒരു സംവിധാനമാണ് ബി.ജെ.പി., ആർ.എസ്.എസ്. അവരുടെ hidden agenda-യാണ് നമ്മുടെ രാജ്യത്ത് കണ്ടുകൊണ്ടിരിക്കുന്നത്. അതിന്റെ ബുദ്ധിമുട്ടുകളും തിക്താനുഭവങ്ങളും പല തരത്തിൽ ന്യൂനപക്ഷങ്ങളുടെ മേൽ അടിച്ചേൽപ്പിക്കപ്പെടുന്നു. ഇവിടെ പലപ്പോഴും ന്യൂനപക്ഷ പ്രീണനം എന്ന വാക്ക് ദുർവ്യാഖ്യാനം ചെയ്തുകൊണ്ട്..... ഇന്ന് ഈ കമ്മീഷൻ വന്ന സാഹചര്യങ്ങളിൽപോലും അത്തരത്തിലുള്ള പൊതുവായ ചർച്ചകൾ വന്നിരുന്നുവെന്നത് വിസ്മരിക്കാൻ സാധിക്കുകയില്ല. ന്യൂനപക്ഷ കമ്മീഷൻ 2014-ൽ രൂപീകരിക്കപ്പെട്ട സമയത്തുപോലും അത്തരത്തിലുള്ള വിമർശനങ്ങളും ചിന്തകളും ബോധപൂർവ്വം വരുത്തിവച്ചത് മറക്കാൻ കഴിയുന്ന ഒന്നല്ല. ഇത്തരത്തിലുള്ള സന്ദർഭങ്ങൾ കൊണ്ടുവരുന്നത് എന്തിനാണ്? അത് ബോധപൂർവ്വം രാജ്യത്ത് അരക്ഷിതാവസ്ഥ സൃഷ്ടിക്കാനും അതിൽ നിന്നും രാഷ്ട്രീയ മുതലെടുപ്പ് നേടി വോട്ട് ബാങ്കുകളാക്കി മാറ്റിയെടുക്കുന്നതിനും വേണ്ടിയാണ് എന്നു പറയുമ്പോൾ അതിനെ ചെറുതായി കാണാൻ കഴിയില്ല. ഇവിടെ ധാരാളം റിപ്പോർട്ടുകളും കമ്മീഷനുകളും ന്യൂനപക്ഷ സേവനത്തിനായും ന്യൂനപക്ഷ താല്പര്യത്തിനായും വന്നിട്ടുണ്ട്. സച്ചാർ കമ്മിറ്റി റിപ്പോർട്ട് 2006-ൽ പാർലമെന്റിൽ അവതരിപ്പിക്കപ്പെട്ടതാണ്. അതുൾപ്പെടെ നോക്കുമ്പോൾ ധാരാളം റിപ്പോർട്ടുകൾ....ഇതിനനുസൃതമായി ന്യൂനപക്ഷ സംരക്ഷണത്തിനുവേണ്ടി ധാരാളം കാര്യങ്ങൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ചെയ്യുമ്പോഴും ഇവിടെ പല സന്ദർഭങ്ങളിലും ന്യൂനപക്ഷങ്ങൾക്കുനേരെ അതിക്രമങ്ങൾ നടക്കുന്നു. നാഷണൽ ക്രൈം റിക്കാർഡ്സ് ബ്യൂറോയിൽ രാജ്യത്ത് ന്യൂനപക്ഷങ്ങൾക്കുനേരെ എത്ര അതിക്രമങ്ങൾ നടന്നിട്ടുണ്ടെന്ന ചോദ്യത്തിന് മറുപടി ഉണ്ടായില്ല. അങ്ങനെ ഒരു റിക്കാർഡ് എൻ.സി.ആർ.ബി.-യുടെ കൈവശമില്ല എന്നുള്ളത് വളരെ ഗൗരവമായി ചിന്തിക്കേണ്ട കാര്യമാണ്. എത്ര കേസ്സുകൾ ന്യൂനപക്ഷങ്ങൾക്കെതിരെ എടുത്തിട്ടുണ്ട്. Murder, rape പോലുള്ള സംഭവങ്ങൾ എത്രമാത്രം നടക്കുന്നുണ്ടെന്നും അത്തരത്തിലുള്ള സംഭവങ്ങളിൽ എത്ര കേസ്സുകൾ എടുത്തിട്ടുണ്ടെന്നതും സംബന്ധിച്ച് യാതൊരു റിക്കാർഡുകളുമില്ല. ന്യൂനപക്ഷങ്ങൾക്കെതിരെ നടക്കുന്ന അതിക്രമങ്ങളെ ഗൗരവമായി കാണുന്നതിനും അത് ആവർത്തിക്കാതിരിക്കുന്നതിനും ഗവൺമെന്റ് ആഗ്രഹിക്കുന്നുണ്ടെങ്കിൽ അതിനനുസൃതമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടത് ആവശ്യമാണ്.

ന്യൂനപക്ഷങ്ങൾ വലിയ ആനുകൂല്യങ്ങൾ നേടിയെടുക്കുന്നു എന്ന നിലയിൽ പ്രചരണം നടത്തുന്നത് ആരാണ്? ആർ.എസ്.എസ്.-ന്റെ ഒരു hidden agenda ആയി ഇതിനെ കാണേണ്ടതായിട്ടുണ്ട്. അത്തരത്തിലുള്ള ഫാസിസത്തിന്റെ വളരെ മോശമായ മുഖം നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. ഈ സന്ദർഭത്തിൽ അത് സൂചിപ്പിക്കാതിരിക്കാൻ സാധിക്കുന്നില്ല. അഹമ്മദ് സാഹിബ് നമുക്കെല്ലാവർക്കും ആദരണീയനായ വ്യക്തിയായിരുന്നു. അദ്ദേഹത്തിനുണ്ടായ ദുരനുഭവം നമുക്ക് അറിയാവുന്ന കാര്യമാണ്. രാഷ്ട്രീയ വ്യത്യാസമില്ലാതെ ഭരണപക്ഷവും അത് ഉയർത്തിക്കാട്ടിയിട്ടുണ്ട്. പാർലമെന്റിനകത്ത് ഒരു പാർലമെന്റംഗത്തിനുണ്ടായ ദുരനുഭവം എത്ര ഹൃദയ വേദനയോടെ നമുക്ക് കാണേണ്ടിവന്നു എന്നുള്ളതിനെക്കുറിച്ച് ചിന്തിക്കണം. അദ്ദേഹം ഒരു ന്യൂനപക്ഷാംഗമായതുകൊണ്ട് അങ്ങനെ വന്നു എന്ന് ഞാൻ പറയാൻ ആഗ്രഹിക്കുന്നില്ല. പക്ഷേ ഒരു പാർലമെന്റ് അംഗത്തിനുണ്ടായ ദുരനുഭവം, മൃതശരീരത്തോട് കാണിച്ച അനാദരവ് എത്ര ഭീകരമായിരുന്നു. അത് നമ്മുടെ രാജ്യത്തിന്റെ യശസ്സ് എത്രമാത്രം താഴ്ത്തിയിട്ടുണ്ട് എന്നത് കേന്ദ്ര സർക്കാർ തിരിച്ചറിയണം. നമ്മൾ തലകുനിച്ചു നിൽക്കേണ്ടിവന്നു. അര നൂറ്റാണ്ടോളം നിയമസഭയിലും പാർലമെന്റിലും ഉയർന്ന നിലയിൽ പ്രവർത്തിച്ചിട്ടുള്ള അംഗമെന്ന നിലയിൽ, യൂണിയൻ ക്യാബിനറ്റ് മിനിസ്റ്ററായിരുന്ന ഒരു വ്യക്തിക്കാണ് ഈ ദുരനുഭവം ഉണ്ടായത്. ഒരു സാധാരണ പൗരന് കേന്ദ്ര ഗവൺമെന്റിന്റെ കീഴിൽ എത്രമാത്രം സംരക്ഷണമുണ്ടാകും എന്നുള്ള ചോദ്യം ഇവിടെ നിന്നുയർന്നു കഴിഞ്ഞാൽ അതിനെ തെറ്റു പറയാൻ കഴിയുകയില്ല. അത്തരത്തിലുള്ള ചോദ്യങ്ങൾ സ്വാഭാവികമായും വരുന്നുണ്ട്.

2017-ലെ ന്യൂനപക്ഷ കമ്മീഷനിലെ ഭേദഗതിയെക്കുറിച്ച് പറയുകയാണെങ്കിൽ ഈ ബിൽ അന്നത്തെ യു.ഡി.എഫ്. സർക്കാർ കൊണ്ടുവരുന്ന സമയത്ത്, അതിനു ശേഷവും ഇത് നടപ്പിലാക്കാത്ത സംസ്ഥാനങ്ങൾ ഇൻഡ്യയിലുണ്ട്. ഗുജറാത്ത് ഉൾപ്പെടെ പത്തുണ്ടോളം സംസ്ഥാനങ്ങൾ ഇപ്പോഴും ഇത് നടപ്പിലാക്കിയിട്ടില്ല എന്നുവേണം മനസ്സിലാക്കാൻ. ന്യൂനപക്ഷങ്ങളുടെ സംരക്ഷണമെന്ന നിലയിൽ അവരോട് ചേർന്നുനില്ക്കാൻ കഴിയുമെന്ന നിലയിലായിരുന്നു യു.ഡി.എഫ്. സർക്കാർ ന്യൂനപക്ഷ കമ്മീഷനെ ഇവിടെ നിയോഗിക്കാനുള്ള തീരുമാനമെടുത്തത്. ഈ ബില്ലിൽ ഏറ്റവും പ്രധാനം ഈ ഭേദഗതികൊണ്ട് ഏതു തരത്തിലുള്ള മാറ്റം വരുന്നു എന്നതാണ്. ഈ ഭേദഗതിയിലുള്ളതെല്ലാം പേരന്റ് ആക്ടിനോട് ചേർന്ന് നിൽക്കണമെന്നു പറഞ്ഞാൽ അത് വ്യക്തമാക്കേണ്ട ഒരു വിഷയമാണ്. ഈ ബില്ലിൽ 2(ബി)-യിലാണ് ഈ ഭേദഗതി വരുന്നത്. 2(എ)-യിലും 2(സി)-യിലും രണ്ട് അംഗങ്ങൾ, ഒരു വനിതയും ഒരു ചെയർപേഴ്സണും. അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റ് ഈ ബിൽ പൈലറ്റ് ചെയ്ത് അവതരിപ്പിച്ചപ്പോൾ എല്ലാം ഒരു സമുദായത്തിൽ നിന്നാകരുതെന്ന് വളരെ കൃത്യമായി അതിനകത്ത് പറഞ്ഞിരുന്നു. ചെയർമാൻ ഒരു സമുദായത്തിൽ നിന്നും അംഗം മറ്റൊരു സമുദായത്തിൽനിന്നും......

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അങ്ങ് വളരെ സത്യസന്ധവും ആത്മാർത്ഥവുമായി ഈ ബില്ലിനെക്കുറിച്ച് സംസാരിച്ച് ഇതിലുള്ള കുറ്റം മാറ്റാനുള്ള ശ്രമം നടത്തുകയാണ്. ഈ ഗവൺമെന്റ് ഈ ബില്ലിനെ എങ്ങനെ എടുക്കുന്നു എന്നതിന്റെ ഏറ്റവും നല്ല പ്രകടമായ ഉദാഹരണമാണ്, സഭയുടെ മുൻനിരയിൽ ഒരു മന്ത്രിയുമില്ല എന്നത്. മന്ത്രിമാർ ഇല്ല എന്നു പറയുന്നില്ല. മന്ത്രിമാർ പുറകിൽ ഇരിപ്പുണ്ട്. ഇവിടെ അവതരിപ്പിക്കുന്ന ഈ ബില്ലിനെ സംബന്ധിച്ച്, ഗവൺമെന്റിന് ഒരു പൊളിറ്റിക്കൽ ബിൽ ഉണ്ടെങ്കിൽ അവർ അത് പ്രധാനമായി കാണണ്ടേ? മുസ്ലീംലീഗിന്റെ നേതാവ് ഇവിടെ ഇരിക്കുന്നുണ്ട്. അത് നിങ്ങൾ കാണുകയില്ല. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിനെ കാണാൻ നിങ്ങൾക്ക് കുറച്ചു ബുദ്ധിമുട്ടുണ്ട്. ഒരു ഗവൺമെന്റ് ബിൽ മൂവ് ചെയ്യുന്ന സമയത്ത് പ്രതിപക്ഷത്ത് ആരുണ്ടെന്നാണോ ചോദിക്കുന്നത്? അതെന്ത് ചോദ്യമാണ്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും രാഷ്ട്രപതി പങ്കെടുക്കുന്ന ചടങ്ങിൽ പോയതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അത് ആയിക്കോട്ടെ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പോകേണ്ടിവന്നാൽ പോകണം. ഒരാളിനെ ഇവിടെ ഇരുത്തരുതോ? ഗവൺമെന്റിന്റെ ഒരു പൊളിറ്റിക്കൽ ബില്ലാണ് ഇവിടെ അവതരിപ്പിക്കുന്നത്. ഇതെങ്ങനെയെങ്കിലും നടന്നു പോകട്ടെ എന്നാണോ. "മൂത്തപ്പന്റെ വഞ്ചി കുത്തുമ്പോൾ കുത്തും എത്തുമ്പോൾ എത്തും." അതാണ് നടപടിയെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. അനൂപ് ജേക്കബ്: സർ, ബഹുമാനപ്പെട്ട ചെയർ തന്നെ പല സന്ദർഭങ്ങളിലും സൂചിപ്പിച്ചിട്ടുള്ള കാര്യമാണ്. മന്ത്രിമാർക്ക് പല തിരക്കുകൾ ഉണ്ടാകും. പ്രധാനപ്പെട്ട വിഷയമാകുമ്പോൾ, പ്രത്യേകിച്ച് ഇതുപോലുള്ള പ്രധാനപ്പെട്ട ബില്ലുകളുടെ ചർച്ച നടക്കുമ്പോൾ മന്ത്രിമാരുടെ സാന്നിദ്ധ്യം സഭയിലുണ്ടാകേണ്ടത് ആവശ്യംതന്നെയാണ്. ഇതൊരു ചെറിയ ഭേദഗതിയായതുകൊണ്ടാണോ എന്ന് അറിയില്ല. 'മറ്റൊരു' എന്ന വാക്ക് മാറ്റി 'ഒരു' എന്നാക്കുന്ന ഭേദഗതിയാണ്. എന്തായാലും ഗവൺമെന്റ് ഈ കാര്യം ഔചിത്യത്തിൽ ചിന്തിക്കേണ്ട വിഷയമാണ്. 3(2)(എ)-യിലും (സി)-യിലും കൃത്യമായി ഒരു വനിതാ അംഗവും ഒരു ചെയർപേഴ്സണും വരണമെന്നുള്ളത് വളരെ വ്യക്തമായി പറഞ്ഞിരിക്കുന്നു. 2(എ)-യിൽ പറയുന്നത് 'സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, സംസ്ഥാനത്തെ ഒരു ന്യൂനപക്ഷ സമുദായത്തിൽപ്പെട്ടതും ന്യൂനപക്ഷവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പ്രത്യേക പരിജ്ഞാനമുള്ളതും നിയമ പരിജ്ഞാനമുള്ളതുമായ ഒരു ചെയർപേഴ്സൺ;' എന്നാണ്. അതേ വാക്കുതന്നെയാണ് 2(സി)-യിലും വരുന്നത്. 3(2)(ബി)- യിൽ പറയുന്നത് 'സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, സംസ്ഥാനത്തെ മറ്റൊരു ന്യൂനപക്ഷ സമുദായത്തിൽപ്പെട്ടതും ന്യൂനപക്ഷവുമായി ബന്ധപ്പെട്ട

കാര്യങ്ങളിൽ പ്രത്യേക പരിജ്ഞാനമുള്ളതുമായ ഒരു അംഗം;' എന്നാണ്. ആ നിലയിലാണ് ഗവൺമെന്റ് കഴിഞ്ഞ സന്ദർഭത്തിൽ ആക്ടിൽ കൊണ്ടുവന്നത്. അതിൽ നിന്ന് മാറ്റം വരുമ്പോൾ വളരെയേറെ ദുരുദ്ദേശ്യപരമാണ്. അതിന്റെ ആവശ്യമുണ്ടെന്ന് ഞാൻ കരുതുന്നില്ല. ഇതിനകത്ത് തുല്യ നീതി എന്ന നിലയാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നതെങ്കിൽ ഭരണഘടന വിഭാവനം ചെയ്യുന്നത് ജാതി-മത വ്യത്യാസമില്ലാതെ എല്ലാവർക്കും തുല്യ നീതിയുണ്ടാകണമെന്നാണ്. അതിൽനിന്ന് ഇവിടെ മാറ്റങ്ങൾ വരുന്നു. അതുകൊണ്ടുതന്നെ ആർട്ടിക്കിൾ 14 പ്രകാരം തുല്യ നീതി എന്ന വസ്തുതയ്ക്ക് യോജിക്കാത്ത നിലയിൽ മാത്രമേ ഈ ഭേദഗതിയെ ഇവിടെ കാണാൻ കഴിയുകയുള്ളൂ. അതുകൊണ്ടുതന്നെ ഈ ഭേദഗതിയെ ഞാൻ എതിർക്കുകയാണ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, 2017-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഏറ്റവും അവസാനം സംസാരിച്ച് നിർത്തിയ ശ്രീ. അനൂപ് ജേക്കബ് ഈ ബില്ലിനെക്കുറിച്ച് വേണ്ടത്ര പഠിക്കാതെ, വസ്തുതാപരമായി ശരിയായിട്ടുള്ള കാര്യങ്ങളല്ല പറഞ്ഞതെന്നാണ് എനിക്ക് തോന്നുന്നത്. ഈ ബില്ലിൽ ഭേദഗതി വരുന്നതോടുകൂടി അതിന്റെ സോഷ്യൽ ഘടനയിൽ ഏതെങ്കിലും തരത്തിൽ മാറ്റം വരുന്നില്ല എന്ന കാര്യം മറന്നിട്ടോ അല്ലെങ്കിൽ വേണ്ടത്ര ശ്രദ്ധിക്കാതെയോ ആണ് പറഞ്ഞത് എന്നാണ് എനിക്ക് തോന്നുന്നത്. ഇപ്പോഴത്തെ ന്യൂനപക്ഷ കമ്മീഷൻ ചെയർമാൻ ശ്രീ. പി. കെ. ഹനീഫയും മറ്റൊരംഗം അഡ്വ. ബിന്ദു തോമസുമാണ്. ഇതിൽ പുതിയൊരു അംഗം വരുന്നതോടുകൂടി നേരത്തെ ഉണ്ടായിരുന്ന, 2013-ലെ നിയമമനുസരിച്ചുള്ള സോഷ്യൽ ഘടനയിൽനിന്ന് ഒരു മാറ്റവും വരുന്നില്ല. ഭരണഘടനയുടെ നിർദ്ദേശത്തിന്

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

വിരുദ്ധമാണ് ഈ നിയമം എന്നൊക്കെ പറയുമ്പോൾ ഈ ബിൽ നോക്കാൻ തയ്യാറാകണമായിരുന്നു എന്നാണ് എനിക്ക് അദ്ദേഹത്തോട് പറയാനുള്ളത്. ഈ ബില്ലുമായി ബന്ധപ്പെട്ട് വളരെ ദീർഘമായി സംസാരിക്കേണ്ട കാര്യമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. കേന്ദ്ര ന്യൂനപക്ഷ കമ്മീഷന്റെ നിയമത്തിന് സമാനമാക്കുക മാത്രമേ ഇവിടെ ചെയ്യുന്നുള്ളൂ. ലീഗിന്റെ മെമ്പർ കൂടിയായ ശ്രീ. ടി. വി. ഇബ്രാഹിം എന്തിനുവേണ്ടിയാണ് വാദിച്ചതെന്ന് എനിക്കറിയില്ല. ഈ ബിൽ നിരാകരിക്കണമെന്ന പ്രമേയം അല്ലെങ്കിൽ ആ വാദം എന്തിനുവേണ്ടി ആയിരുന്നുവെന്ന കാര്യം അദ്ദേഹം ഓർക്കുന്നത് നന്നായിരിക്കും എന്നാണ് എനിക്ക് തോന്നുന്നത്. ഈ നിയമം കൊണ്ടുവരുന്ന സമയത്ത് അന്നത്തെ രാഷ്ട്രീയ പരിഗണന വച്ച് ചെയർമാൻ,

അംഗങ്ങൾ എന്നിവർക്ക് പറ്റിയതരത്തിലുള്ള ഒരു നിയമം കൊണ്ടുവന്നുവെന്നതല്ലാതെ പ്രളയകാലം വരെ നിലനിൽക്കാനുള്ള ഒരു ഘടനയാണ് അതെന്ന അർത്ഥത്തിലല്ല എന്ന് മനസ്സിലാക്കണം, അത്രേയുള്ളൂ. അതിന് ഈ ബിൽ ഭരണഘടനാ വിരുദ്ധമാണെന്നും ഇത് ദുരുദ്ദേശ്യത്തോടുകൂടിയാണ് കൊണ്ടുവന്നിരിക്കുന്നത് എന്നൊക്കെ പറയുന്നത് വസ്തുതകൾ കാണാതെയാണ് എന്നാണ് എനിക്ക് തോന്നുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് എല്ലാ വിഭാഗത്തിലെയും പ്രയാസമനുഭവിക്കുന്ന മനുഷ്യരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ശ്രമിക്കുന്നൊരു മുന്നണിയാണ്. പട്ടികജാതിക്കാരായാലും പട്ടികവർഗ്ഗക്കാരായാലും ന്യൂനപക്ഷ-അധഃസ്ഥിത വിഭാഗങ്ങളായാലും ഇതുതന്നെയാണ് ഞങ്ങളുടെ കാഴ്ചപ്പാട്. ഈ വിഭാഗങ്ങളിൽപ്പെട്ട ആളുകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്നും മുന്തിയ പരിഗണന നൽകിയിട്ടുള്ളത് മുസ്ലീംലീഗോ അതല്ലെങ്കിൽ അതുപോലെയുള്ള സാമുദായിക പാർട്ടികളോ അല്ല. ഇടതുപക്ഷ രാഷ്ട്രീയം, കമ്മ്യൂണിസ്റ്റ് രാഷ്ട്രീയം കൈകാര്യം ചെയ്യുന്ന പാർട്ടിയും മുന്നണിയുമാണ് ആ പ്രശ്നങ്ങൾ കൈകാര്യം ചെയ്തിട്ടുള്ളത് എന്നത് കാണാൻ സാധിക്കും. അതാണ് 1957 മുതലുള്ള കേരളത്തിന്റെ ചരിത്രം വ്യക്തമാക്കുന്നത്. അത് സാമുദായിക താൽപ്പര്യം മുന്നിൽവച്ചിട്ടല്ല, തികച്ചും ജനങ്ങളുടെ മതനിരപേക്ഷമായിട്ടുള്ള കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ്. 1957-ലെ ഇ.എം.എസ്. ഗവൺമെന്റാണ് കേരളത്തിന് എക്കാലത്തേയ്ക്കുമായിട്ടുള്ള, വളരെ ദീർഘവീക്ഷണത്തോടെയുള്ള കാർഷികബന്ധ ബില്ലും വിദ്യാഭ്യാസ ബില്ലുമൊക്കെ കൊണ്ടുവന്നത്. മുസ്ലീം വിഭാഗത്തെ അല്ലെങ്കിൽ ന്യൂനപക്ഷങ്ങളെ സംബന്ധിച്ച്, അവരുടെ ജീവിതത്തിനുവേണ്ടി ഏറ്റവും ശ്രദ്ധേയമായ കാര്യങ്ങൾ കൊണ്ടുവന്നത് ഇ.എം.എസ്. ഗവൺമെന്റാണ്. എം.എസ്.പി.-യിലെ മുസ്ലീംങ്ങളുടെ പ്രാതിനിധ്യം സംബന്ധിച്ചുള്ള വിഷയമെടുത്താലും പള്ളികൾ പുതുക്കി പണിയുന്നതുമായി ബന്ധപ്പെട്ട വിഷയമെടുത്താലും 1957-ലെ ഇ.എം.എസ്.-ന്റെ ഗവൺമെന്റാണ് വളരെ ഫലപ്രദമായ നടപടികൾ കൊണ്ടുവന്നത്. അതിനുശേഷം വി. എസ്. അച്ചുതാനന്ദന്റെ ഗവൺമെന്റ് അധികാരത്തിൽ വന്നു. ആ കാലഘട്ടത്തിലാണ് സച്ചാർ കമ്മീഷൻ റിപ്പോർട്ട് കേന്ദ്രത്തിൽ വരുന്നത്. അന്നത്തെ വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റ് എടുത്തത് വളരെ മാതൃകാപരമായ തീരുമാനമായിരുന്നു. സച്ചാർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ സാഹചര്യങ്ങൾക്കനുസരിച്ച് എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കണം, ശ്രീ. പാലോളി മുഹമ്മദ് കുട്ടിയുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയെ കേരളത്തിൽ നിയമിച്ചു. ആ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾക്ക് വിധേയമായി നിരവധി പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കി. നമുക്കറിയാം, ഐ.എ.എസ്. കോച്ചിംഗ് സെന്റർ ആയാലും ന്യൂനപക്ഷ കേന്ദ്രങ്ങളിലുള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങളായാലും, ആ കാലഘട്ടത്തിലെ ഗവൺമെന്റ് മുന്തിയ പരിഗണന നൽകുകയുണ്ടായി. ദൗർഭാഗ്യവശാൽ, അതിന്റെ ഒരു തുടർച്ച പിന്നീട് വന്ന യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഉണ്ടായില്ല എന്നത് ഒരു യാഥാർത്ഥ്യമാണ്. ഏത്

കാര്യമെടുത്താലും ഇതൊക്കെ കാണാൻ സാധിക്കും. ഉദാഹരണമായി, വഖഫ് ബോർഡിന്റെ കാര്യമെടുക്കാം. ഇത് സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട സമിതിയാണ്. സർക്കാർ സംവിധാനത്തിന്റെ ഭാഗമായ ഒരു സ്റ്റാറ്റ്യൂട്ടറി സംവിധാനമാണ്. വഖഫ് ബോർഡ് വഴി നടപ്പിലാക്കുന്ന സോഷ്യൽ വെൽഫെയർ സ്കീം, അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ് അടക്കമുള്ള കാര്യങ്ങളിലെല്ലാം ഇടതുപക്ഷ ഗവൺമെന്റുകളാണ് ഏറ്റവും മുന്തിയ പരിഗണന നൽകിയിട്ടുള്ളത്. നിങ്ങളുടെ ഗവൺമെന്റ് അധികാരത്തിലുണ്ടായിരുന്ന കാലത്ത് ഇതിനോടെല്ലാം അവഗണനാപരമായ നിലപാടായിരുന്നു സ്വീകരിച്ചിരുന്നത്. 2009 കാലഘട്ടത്തിൽ വെറും 25 ലക്ഷം രൂപയായിരുന്നു ഗ്രാന്റായി നൽകിയിരുന്നത്. ഡോ. ടി. എം. തോമസ് ഐസക് ആയിരുന്നു ആ ഗ്രാന്റ് വലിയ തോതിൽ വർദ്ധിപ്പിച്ചുനൽകിയത്. പിന്നീട് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും ശ്രീ. മഞ്ഞളാംകുഴി അലിയുമൊക്കെ ഈ വകുപ്പ് കൈകാര്യം ചെയ്തിരുന്ന സമയത്ത് നേരത്തെ നൽകിയിരുന്ന അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ് ഒരു ലക്ഷം രൂപയിൽ നിന്ന് കുറയ്ക്കുകയാണ് ചെയ്തത്. അതിന്റെ ബഡ്ജറ്റ് രേഖ എന്റെ കൈവശമുണ്ട്. എൽ.ഡി.എഫ്.-നെ സംബന്ധിച്ച് പ്രയാസമനുഭവിക്കുന്ന വിഭാഗം അത് ഏത് ജാതി, ഏത് മതം എന്നുള്ളതല്ല, വളരെ മതനിരപേക്ഷമായ, ശരിയായ കാഴ്ചപ്പാടോടുകൂടി ഇക്കാര്യങ്ങൾ കൈകാര്യം ചെയ്യുന്നൊരു മുന്നണി എന്ന നിലയിലാണ് ഞങ്ങൾ ഇക്കാര്യങ്ങളെ കാണുന്നത്. അതുകൊണ്ട് ഈ ബില്ലിലും ആ ഒരു കാഴ്ചപ്പാട് വളരെ പ്രകടമാണ്. അവിടെനിന്നും ചൂണ്ടിക്കാണിച്ച ഒരു അപകടവും ഇതിനകത്തില്ല.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, പാലോളി കമ്മിറ്റി ശിപാർശ ചെയ്ത നിരവധി കാര്യങ്ങൾ നടപ്പിലാക്കിയെന്ന് പറഞ്ഞു. ഇവിടെ ആകെ കോച്ചിംഗ് സെന്ററിന്റെ കാര്യമാണ് പറഞ്ഞത്. പാലോളി കമ്മീഷൻ ശിപാർശ ചെയ്തിട്ടുള്ള ബാക്കി കാര്യങ്ങൾ ഈ ഗവൺമെന്റ് നടപ്പിലാക്കണമെന്നുതന്നെയാണോ മെമ്പറുടെ അഭിപ്രായം; അത് അങ്ങനെ ഗവൺമെന്റിലേയ്ക്ക് ശിപാർശ ചെയ്യുമോ?

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ഇക്കാര്യത്തിൽ എന്താണ് സംശയം? ന്യൂനപക്ഷ കേന്ദ്രങ്ങൾ എന്നുപറയുന്ന സ്ഥലങ്ങളിൽ വിദ്യാഭ്യാസ രംഗത്തെ നവീകരണം, പെൺകുട്ടികൾ കൂടുതൽ പഠിക്കുന്ന സ്കൂളുകളിൽ സ്കോളർഷിപ്പ്, ശൗചാലയം തുടങ്ങിയ കാര്യങ്ങളാണ് പാലോളി കമ്മിറ്റിയിൽ ശിപാർശ ചെയ്തിരിക്കുന്നത്. ഇതിലെന്താണ് വ്യത്യാസം? അതേ കാഴ്ചപ്പാട് തന്നെയാണ് ഈ ഗവൺമെന്റ് തുടരുന്നത്.

ശ്രീ. പി. ടി. എ. റഹീം: സർ, പാലോളി കമ്മിറ്റിയുടെ ശിപാർശ അനുസരിച്ചാണ് മുസ്ലീം പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ് ഏർപ്പെടുത്തിയത്. പക്ഷേ കഴിഞ്ഞ ഗവൺമെന്റ് വന്നപ്പോൾ അതിന്റെ പേര് സി. എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ് എന്നാക്കി മാറ്റുകയാണ് അവർ ചെയ്തത്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീമതി പി. അയിഷാ പോറ്റി: സർ, മൈനോറിറ്റി വിഭാഗം താമസിക്കുന്ന സ്ഥലങ്ങളിൽ കുടിവെള്ളം കൊടുക്കാനുള്ള തീരുമാനം പാലോളി കമ്മിറ്റി വഴി വന്നിട്ടുണ്ട്. അങ്ങനെ എന്റെ മണ്ഡലത്തിലുള്ള രണ്ട് പ്രദേശങ്ങളിൽ ഇപ്പോൾ വലിയ തോതിൽ ഫണ്ട് അനുവദിച്ച് നൽകുകയുണ്ടായി. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. സി. മമ്മൂട്ടി: സർ, യഥാർത്ഥത്തിൽ കേന്ദ്രസർക്കാർ പ്രധാനമന്ത്രിയുടെ സ്കീമനുസരിച്ച് സംസ്ഥാനത്തിനുവേണ്ടി കണക്കാക്കിയ ഫണ്ട് ചെലവഴിക്കാൻ തീരുമാനിച്ചപ്പോൾ, പിന്നീട് വന്ന ഗവൺമെന്റ് ഇക്കാര്യങ്ങളെക്കുറിച്ച് പരിശോധിച്ച് നടപ്പാക്കുന്നതിനാണ് പാലോളി കമ്മിറ്റിയെ നിയമിച്ചത് എന്ന കാര്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, നിയമസഭ സച്ചാർ കമ്മിറ്റി റിപ്പോർട്ട് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ഗവൺമെന്റ് പാലോളി കമ്മിറ്റിയെ നിയോഗിക്കുന്നതും ആ കമ്മിറ്റിയുടെ ശിപാർശകൾ പരിഗണിക്കുന്നതും. അതിന്റെ അടിസ്ഥാനത്തിലാണ് അങ്ങ് ചൂണ്ടിക്കാണിച്ച ഈ പദ്ധതികളെല്ലാം നടപ്പിലാക്കുന്നത്.

ശ്രീ. പി. ടി. എ. റഹീം: സർ, മുസ്ലീങ്ങളുടെ വിഷയങ്ങൾ പഠിക്കാൻ വേണ്ടിയാണ് സച്ചാർ കമ്മീഷൻ റിപ്പോർട്ട് പ്രധാനമന്ത്രി നിശ്ചയിച്ചത്. അത് നടപ്പാക്കേണ്ട ഉത്തരവാദിത്വം കേന്ദ്രസർക്കാരിനാണ്. പക്ഷേ കേരളത്തിൽ അതിന്റെ അടിസ്ഥാനത്തിൽ എന്ത് നടപ്പാക്കണമെന്ന് ആലോചിക്കാൻ വേണ്ടിയാണ് പാലോളി കമ്മിറ്റിയെ നിശ്ചയിച്ചത്. പാലോളി കമ്മിറ്റിക്ക് സച്ചാർ കമ്മിറ്റിയുമായി ബന്ധമില്ല. സച്ചാർ കമ്മിറ്റി നടപ്പാക്കേണ്ടത് കേന്ദ്രസർക്കാരാണ്. കാരണം അതിന്റെ ഉത്തരവാദിത്വം കേന്ദ്രസർക്കാരിന് മാത്രമേയുള്ളൂ. സംസ്ഥാന സർക്കാരിന് ഇല്ല.

ശ്രീ. സി. മമ്മൂട്ടി: സർ, സച്ചാർ കമ്മിറ്റി റിപ്പോർട്ട് ആയാലും Central Government is implementing it through the State Governments. സംസ്ഥാന ഗവൺമെന്റ് മുഖേനയല്ലാതെ കേന്ദ്ര സർക്കാരിന് ഇത് നടപ്പാക്കാൻ കഴിയുകയില്ല. സംസ്ഥാന ഗവൺമെന്റുകൾക്ക് ഇത് നടപ്പാക്കുന്നതിനുള്ള ഫണ്ട് നൽകുന്നത് കേന്ദ്ര ഗവൺമെന്റാണ്. ബഹുമാനപ്പെട്ട പി. അയിഷാ പോറ്റി പറഞ്ഞതുപോലെ, ന്യൂനപക്ഷ വിഭാഗങ്ങൾ കേന്ദ്രീകരിക്കുന്ന മേഖലകളിൽ കുടിവെള്ളം, വിദ്യാഭ്യാസം തുടങ്ങിയ കാര്യങ്ങളെക്കുറിച്ചുള്ള പദ്ധതി നടപ്പിലാക്കേണ്ട ഇംപ്ലിമെന്റിംഗ് ഏജൻസി സംസ്ഥാന ഗവൺമെന്റ് മുഖേന ആയതുകൊണ്ടല്ലേ സംസ്ഥാനങ്ങളോട് ഇത് നടപ്പാക്കാൻ ആവശ്യപ്പെടുന്നത്. ഇതിനായുള്ള മുഴുവൻ ഫണ്ടും അനുവദിക്കുന്നത് കേന്ദ്രസർക്കാരല്ലേ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഷെഡ്യൂൾ 17 അനുസരിച്ച് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ വകുപ്പുകൾ ചേരുന്ന കൺകറന്റ് ലിസ്റ്റുണ്ട്. ഇന്ത്യാ ഗവൺമെന്റ് ഒരു കമ്മീഷനെ നിയമിച്ചാൽ ആ കമ്മീഷൻ റിപ്പോർട്ട് സംസ്ഥാനത്ത് നടപ്പാക്കുന്നതിനുള്ള പണവും കേന്ദ്രത്തിൽനിന്നുതന്നെ ലഭിക്കും. അതിന്റെ ഇംപ്ലിമെന്റിംഗ് ഏജൻസി സംസ്ഥാന ഗവൺമെന്റാണ്. പാലോളി കമ്മിറ്റിയെ നിയമിച്ചത് നിങ്ങളുടെ പൊളിറ്റിക്കൽ ഡിസിഷനാണ്. ഞാൻ അതിനെ ചോദ്യം ചെയ്യുന്നില്ല. നിങ്ങൾ ആ കമ്മിറ്റിയെ വച്ചില്ലെങ്കിൽപ്പോലും ഇതൊക്കെ ഇവിടെ നടക്കും. ഇതുപോലൊരു കമ്മിറ്റിയെ നിയമിക്കാത്ത മറ്റ് സംസ്ഥാനങ്ങളിലും ഇതുതന്നെ നടക്കും. ഇന്ത്യാ ഗവൺമെന്റ് നിയമിച്ച കമ്മീഷനെക്കാൾ വലുതാണോ പാലോളി കമ്മീഷൻ. പള്ളിയേക്കാൾ വലുതാണ് കുരിശുപള്ളി എന്നൊരു നിലപാടെടുക്കരുത്.

<u>ശ്രീ. എം. സ്വരാജ്</u>: സർ, രജീന്ദർ സച്ചാർ കമ്മീഷൻ റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ മുസ്ലീം ന്യൂനപക്ഷത്തിന്റെ സാമൂഹികാവസ്ഥ ആദിവാസികളുടേതിനെക്കാൾ പിറകിലാണെന്ന് കണ്ടെത്തുകയുണ്ടായി. അത് പരിഹരിക്കുന്നതിനും അവരെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനും വേണ്ടിയുള്ള നിർദ്ദേശങ്ങളാണ് മുന്നോട്ടുവച്ചത്. ആ നിർദ്ദേശങ്ങളുടെ ചുവടുപിടിച്ച് കേരളത്തിൽ പാലോളി അദ്ധ്യക്ഷനായി ഒരു കമ്മിറ്റി രൂപീകരിച്ചു. എന്നാൽ കോൺഗ്രസ്സും ബി.ജെ.പി.-യും ഭരിക്കുന്ന ഇന്ത്യയിലെ പ്രമുഖ സംസ്ഥാനങ്ങളിൽ രജീന്ദർ സച്ചാർ കമ്മീഷൻ ചൂണ്ടിക്കാണിച്ച ഉന്നതവിദ്യാഭ്യാസ സ്ഥാപനമുൾപ്പെടെയുള്ള വിഷയങ്ങളിൽ ഒരു ചെറുവിരലനക്കുകപോലും ചെയ്യാതെ നിശ്ശബ്ദത പാലിച്ച സാഹചര്യവും അങ്ങയുടെ ശ്രദ്ധയിലുണ്ടാകുമല്ലോ?

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, തീർച്ചയായും. ഇവിടെ പലരും വസ്തുതകൾ പൂർണ്ണമായി മനസ്സിലാക്കാതെയാണ് സംസാരിച്ചത്. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ പോലും അങ്ങനെയാണ് പറഞ്ഞത് എന്നാണ് തോന്നുന്നത്. നിയമസഭയിലെ വളരെ പരിണതപ്രജ്ഞനായ അങ്ങ് പണ്ഡിതോചിതമായി പല കാര്യങ്ങളും പറയാറുണ്ട്. എന്നാൽ ഈ വിഷയത്തിൽ അങ്ങ് പറഞ്ഞ കാര്യം വസ്തുതാപരമല്ല. ജസ്റ്റിസ് സച്ചാർ കമ്മീഷൻ റിപ്പോർട്ട് ഏതെങ്കിലുമൊരു മേഖലയുടെ മാത്രം പ്രശ്നമായിരുന്നില്ല. ഇന്ത്യയുടെ പൊതുമേഖലാ സ്ഥാപനങ്ങൾ, കേന്ദ്ര സർവ്വീസ് തുടങ്ങിയവയിലെ മുസ്ലീം പ്രാതിനിധ്യം തുടങ്ങി ധാരാളം മേഖലകളെക്കുറിച്ചുള്ള പഠനമാണ്. അതിന് ഒരു ഫണ്ട് കേന്ദ്രം അനുവദിക്കുകയെന്ന പ്രശ്നം ഇക്കാര്യത്തിലുണ്ടായിട്ടില്ല. മറ്റൊന്ന്, നോർത്ത് ഇന്ത്യയിലെ വളരെ പരിതാപകരമായ അവസ്ഥയുടെ അതേ പതിപ്പാണ് കേരളത്തിലെന്നുപറയാൻ കഴിയില്ല. എന്നാൽ കേരളത്തിന്റെ പ്രത്യേകമായ സാമൂഹിക സാഹചര്യത്തിൽ കമ്മീഷൻ റിപ്പോർട്ട്

ചൂണ്ടിക്കാണിക്കുന്ന കാര്യങ്ങൾ എങ്ങനെ നടപ്പിലാക്കാമെന്ന കാര്യമാണ് പരിശോധിച്ചത്. അതുകൊണ്ട് സച്ചാർ കമ്മീഷൻ റിപ്പോർട്ട് ഇന്ത്യയിലെല്ലായിടത്തും ബാധകമാണ്, അതിന്റെ ഭാഗമായി കേരളത്തിലും വന്നു എന്നുപറയാൻ കഴിയില്ല. കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ ഒട്ടേറെ കാര്യങ്ങൾ നടപ്പിലാക്കി. ഇന്ത്യയിൽ മറ്റേത് സംസ്ഥാനത്താണ് സച്ചാർ കമ്മീഷന്റെ കണ്ടെത്തലുകളുടെ ഭാഗമായുള്ള പരിഹാര നടപടികൾ നടപ്പിലാക്കിയത്. കാര്യമായി എവിടെയും നടപ്പിലാക്കിയിട്ടില്ല. അതാണ് ഞങ്ങൾ പറഞ്ഞത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങയുടെ ആർഗ്യുമെന്റിനെ ഞാൻ ചോദ്യം ചെയ്യുന്നില്ല, എന്റെ ചർച്ച പേഴ്സണലുമല്ല. അങ്ങ് പറഞ്ഞതായിരുന്നു ആർഗ്യുമെന്റെങ്കിൽ, ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് ന്യൂനപക്ഷത്തോടുള്ള കമ്മിറ്റ്മെന്റ് വളരെ കൂടുതലാണെന്ന് നിങ്ങൾക്ക് തോന്നിയിരുന്നെങ്കിൽ, സച്ചാർ കമ്മീഷൻ റിപ്പോർട്ടിന് മുമ്പ് നിങ്ങൾ ഭരണത്തിൽ വന്നപ്പോൾ എന്തുകൊണ്ട് ഇതുപോലൊരു പാലോളി കമ്മിറ്റി വയ്ക്കാൻ തോന്നിയില്ല. അപ്പോൾ ബേസ് അതല്ല, ബേസ് ഇവിടെയാണ്. ഈ ബേസിൽ നിന്ന് നിങ്ങളുടേതായ ഒരു അരുവി നിങ്ങൾ വെട്ടിയുണ്ടാക്കി. അതിൽ ഞാൻ തർക്കിക്കുന്നില്ല. പക്ഷേ ഇതെല്ലാം ഈ രൂപത്തിൽ മാത്രമാണെന്ന് അങ്ങ് പറയരുത്.

ശ്രീ. എസ്. ശർമ്മ: സർ, സച്ചാർ കമ്മീഷൻ റിപ്പോർട്ട് വന്നപ്പോൾ അത് സംസ്ഥാനത്ത് എങ്ങനെ നടപ്പാക്കുമെന്നത് സംബന്ധിച്ച് ഒരു സംസ്ഥാന ഗവൺമെന്റിന്റെ ഇൻഷ്യേറ്റീവിൽ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഇന്ത്യയിൽ ആദ്യമായി ഒരു കമ്മീഷനെ നിയമിച്ചത് കേരളത്തിലാണ്. പാലോളിയുടെ നേതൃത്വത്തിൽ ഒരു കമ്മീഷനെ നിയമിച്ചു എന്നുമാത്രമല്ല, ആ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിനുള്ള സമീപനം സ്വീകരിച്ച് ബഡ്ജറ്റിൽ ഫണ്ടും അലോട്ട് ചെയ്തിരുന്നു. ഇത് കേവലമായൊരു പൊളിറ്റിക്കൽ ഡിസിഷൻ മാത്രമായിരുന്നില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ നിങ്ങളുടെ താൽപ്പര്യത്തെ ചോദ്യം ചെയ്യുന്നില്ല, ഇക്കാര്യം ഞാൻ തുടക്കം മുതൽ പറയുന്നുണ്ട്. ഇന്ത്യയിൽ ന്യൂനപക്ഷ വിഭാഗങ്ങൾ ഏറ്റവും കൂടുതൽ അവശതയനുഭവിക്കുന്നത് വെസ്റ്റ് ബംഗാളിൽ ആണെന്നാണ് റിക്കോർഡുകൾ സൂചിപ്പിക്കുന്നത്. അവിടെയൊരു കമ്മീഷനെ വയ്ക്കാതിരുന്നത് എന്താണ്? അപ്പോൾ അത് നിങ്ങളുടേതായ രാഷ്ട്രീയ ലൈനാണ്. പക്ഷേ നിങ്ങൾ അങ്ങനെയൊരു നിലപാട് സ്വീകരിച്ചിരുന്നുവെങ്കിൽ ആദ്യം കമ്മീഷനെ നിയമിക്കേണ്ടിയിരുന്നത് ബംഗാളിൽ ആയിരുന്നില്ലേ; എന്തുകൊണ്ടാണ് അങ്ങനെ ചെയ്യാതിരുന്നത്?

ശ്രീ. എസ്. ശർമ്മ: സർ, ബംഗാളിൽ കമ്മീഷനെ നിയമിച്ചില്ല, കേരളത്തിൽ നിയമിച്ചു എന്നാണല്ലോ വിമർശനം. ഇന്ത്യയിൽ കോൺഗ്രസ് ഭരിക്കുന്ന ഏത് സംസ്ഥാനത്താണ് കമ്മീഷനെ നിയമിച്ചത്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, യു.പി.എ. സർക്കാർ തന്നെയാണ് സച്ചാർ കമ്മീഷനെ നിയോഗിച്ചത്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ഇവിടെ ജസ്റ്റിസ് സച്ചാർ കമ്മീഷനെ നിയമിക്കുന്ന സാഹചര്യം എങ്ങനെയാണുണ്ടായത്? ഒന്നാം യു.പി.എ. സർക്കാരിൽ ഇടതുപക്ഷം ചെലുത്തിയ ശക്തമായ സ്വാധീനത്തിന്റെ ഫലമായിട്ടാണ് ജസ്റ്റിസ് സച്ചാർ കമ്മീഷനെ നിയമിച്ചതെന്ന കാര്യം നിഷേധിക്കരുത്. സച്ചാർ കമ്മീഷന്റെ കണ്ടെത്തലുകൾ.......ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, എന്നെ സംസാരിക്കാൻ അനുവദിക്കൂ. അങ്ങയെപ്പോലൊരാൾ എന്നെ സംസാരിക്കാൻ അനുവദിക്കാതിരിക്കുന്നത് കഷ്ടമല്ലേ? സച്ചാർ കമ്മീഷൻ വരുന്നതിനുമുൻപ് ഇന്ത്യയിലെ സോഷ്യൽ സിറ്റുവേഷൻ എന്തായിരുന്നു എന്നതുസംബന്ധിച്ച് അങ്ങേയ്ക്കുമറിയാം. ആ കമ്മീഷന്റെ കണ്ടെത്തലിനെത്തുടർന്നാണ് ചില കാര്യങ്ങൾ നടപ്പിലാക്കണമെന്ന ധാരണയുണ്ടായത്. ആ കാര്യത്തിൽ കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റ് രചനാത്മകമായി മുന്നോട്ടു പോയി. അതാണ് ഞാൻ ചൂണ്ടിക്കാണിച്ചത്. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളാകട്ടെ ഇക്കാര്യത്തിൽ ഫലപ്രദമായൊരു നടപടി സ്വീകരിച്ചില്ല. ഈ കമ്മീഷനെ നിയോഗിച്ച യു.പി.എ. ഗവൺമെന്റുപോലും പിന്നീട് അതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. സാമൂഹിക പ്രശ്നങ്ങളെ സംബന്ധിച്ച് ഏറ്റവും ശരിയായ കാഴ്ചപ്പാട് പുലർത്തുന്ന പ്രസ്ഥാനം കമ്മ്യൂണിസ്റ്റുകാരുടേതും ഇടതുപക്ഷക്കാരുടേതുമാണെന്നാണ് ഞാൻ ചൂണ്ടിക്കാണിച്ചത്. ആ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് ഈ മാറ്റം വന്നത്.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഈ ബില്ലിന്റെ അവതരണവുമായി ബന്ധപ്പെട്ട് ചില ആക്ഷേപങ്ങൾ ബഹുമാനപ്പെട്ട ചില അംഗങ്ങൾ സൂചിപ്പിക്കുകയുണ്ടായി. 1992-ലാണ് ദേശീയ ന്യൂനപക്ഷ കമ്മീഷനുമായി ബന്ധപ്പെട്ട നിയമം പാസ്സാക്കപ്പെടുന്നത്. ആ നിയമം കേരളത്തിൽ നടപ്പിലാക്കുന്നതിന് ഇടതുപക്ഷ സർക്കാർ ശ്രമിച്ചില്ല, പിന്നീടു വന്ന യു.ഡി.എഫ്. സർക്കാരാണ് ശ്രമിച്ചതെന്ന് എന്റെ സുഹൃത്തുകൂടിയായ ബഹുമാനപ്പെട്ട അംഗം ടി. വി. ഇബ്രാഹിം പറഞ്ഞു. 1992-നുശേഷം, ഏകദേശം 20 വർഷങ്ങൾക്കുശേഷം 2013-ലാണ് ഇങ്ങനെയൊരു കമ്മീഷൻ രൂപീകരിച്ചതുമായി ബന്ധപ്പെട്ട ബിൽ കേരളത്തിൽ പാസ്സാക്കിയത്. ആ 20 വർഷത്തിൽ 10 വർഷം യു.ഡി.എഫ്. ആയിരുന്നു ഭരിച്ചത്. ഇങ്ങനെയൊരു ബിൽ കൊണ്ടുവരുന്നതിന് 10 വർഷം കാത്തിരുന്നത് എന്തിനാണ്? സച്ചാർ

കമ്മിറ്റിയുടെ ശിപാർശയനുസരിച്ച് കേരളത്തിൽ അതെങ്ങനെയാണ് നടപ്പിലാക്കേണ്ടത് എന്നതുസംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ബഹുമാന്യനായ പാലോളി ചെയർമാനായ കമ്മിറ്റിയെ അന്നത്തെ സർക്കാർ നിയോഗിച്ചു. സമയബന്ധിതമായി ആ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചു. ആ റിപ്പോർട്ടുപ്രകാരം എന്തുചെയ്തു എന്നാണ് എന്റെ ചില സ്നേഹിതന്മാർ ചോദിച്ചത്. ആ റിപ്പോർട്ടുപ്രകാരമാണ് സി.എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ സ്കോളർഷിപ്പ് എന്ന് പിന്നീട് യു.ഡി.എഫ്. പേരിട്ട സ്കോളർഷിപ്പിന് തുടക്കം കുറിച്ചത്. കേന്ദ്ര സർക്കാരിന്റെ എം.എസ്.ഡി.പി. എന്നൊരു പദ്ധതി മാത്രമാണ് മൈനോറിറ്റി ഡിപ്പാർട്ടുമെന്റിനുകീഴിൽ ഇപ്പോൾ പ്രവർത്തിക്കുന്നത്.

2.00 PM]

വയനാട് ജില്ലയും പൊന്നാനി നഗരസഭയും മാത്രമാണ് അതിലുൾപ്പെടുത്തി യിട്ടുള്ളത്. നിങ്ങൾ പറഞ്ഞ സ്കോളർഷിപ്പ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്നതാണ്. മൈനോറിറ്റി ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ഇപ്പോൾ നടക്കുന്ന പ്രവർത്തനങ്ങൾ വളരെ പ്രധാനമാണ്. ന്യൂനപക്ഷ വിഭാഗങ്ങൾക്ക് വേണ്ടിയുള്ള പരിശീലന കേന്ദ്രങ്ങൾ ന്യൂനപക്ഷ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്നു. സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ് ന്യൂനപക്ഷ ഡിപ്പാർട്ടുമെന്റിന്റെ കീഴിലാണ്; ഒരു കേന്ദ്ര സഹായവും അതിന് ലഭിക്കുന്നില്ല. സി.എ., ഐ.സി.ഡബ്ല്യു.എ., സി.എസ്. എന്നീ കോഴ്സുകളിൽ പഠിക്കുന്ന 1333 പേർക്ക് 15,000 രൂപ വീതം സ്കോളർഷിപ്പ് നൽകുന്നു.

അതുപോലെ ഇമ്പിച്ചി ബാവ ഭവന നിർമ്മാണ പദ്ധതി. .....പാലോളിയുടെ കാലത്ത് ഇടതുപക്ഷ സർക്കാർ ആരംഭിച്ച സ്കോളർഷിപ്പിന് സി.എച്ച്. മുഹമ്മദ് കോയയുടെ പേരിടാമെങ്കിൽ എന്തുകൊണ്ട് യു.ഡി.എഫ്.-ന്റെ കാലത്ത് തുടങ്ങിയ ഭവനനിർമ്മാണ പദ്ധതിക്ക് ഇമ്പിച്ചി ബാവയുടെ പേരിട്ടുകൂടേ? ഞങ്ങൾ ഇമ്പിച്ചി ബാവയുടെ പേര് മാത്രമല്ല ഇട്ടത്; പ്രൊഫ. ജോസഫ് എം. മുണ്ടശ്ശേരിയുടെ പേരിൽ ഒരു പുതിയ സ്കോളർഷിപ്പ് ഏർപ്പെടുത്തി. മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് എന്ന, ഒരുകാലത്തും ഉയിർത്തെഴുന്നേൽക്കരുതെന്ന് നിങ്ങൾ കരുതിയിട്ടുള്ള മഹത് വ്യക്തിയുടെ പേരിൽ മദ്രസ അദ്ധ്യാപകരുടെ പലിശ രഹിത ഭവന നിർമ്മാണ പദ്ധതി കൊണ്ടുവന്നു. ഞങ്ങൾ ഏതെങ്കിലും ഒരു പാർട്ടിയുടെ നേതാവിന്റെ പേര് മാത്രമല്ല പദ്ധതികൾക്ക് നൽകുന്നത്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, പോയിന്റ് ഓഫ് ഓർഡർ.....

<u>മി. സ്പീക്കർ</u>: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് ഒരിക്കലും ഉയിർത്തെഴുന്നേൽക്കരുതെന്ന് നിങ്ങൾ കരുതി എന്ന് ബഹുമാനപ്പെട്ട മന്ത്രി ഞങ്ങളെ നോക്കിയാണ് പറഞ്ഞത്. ഞങ്ങൾ അങ്ങനെ കരുതുന്നില്ല. മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ വഹിച്ച പങ്ക് ഞങ്ങൾ അംഗീകരിക്കുന്നു; അദ്ദേഹത്തെ ബഹുമാനിക്കുന്നു. ഞങ്ങൾ കരുതാത്ത കാര്യം ഞങ്ങളെക്കുറിച്ച് പറഞ്ഞത് ഓർഡറിലാണോ എന്നാണ് ചോദ്യം.

ഡോ. കെ. ടി. ജലീൽ: സർ, ശ്രീ. എൻ. ഷംസുദ്ദീനും കൂട്ടരും മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിനെ ഇന്നുവരെ അംഗീകരിക്കാൻ തയ്യാറായിട്ടില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഇങ്ങോട്ട് നോക്കി സംസാരിക്കൂ.

ഡോ. കെ. ടി. ജലീൽ: സർ,അതുകൊണ്ടാണ് ഈ ഗവൺമെന്റ് വിവിധ പദ്ധതികൾക്ക് മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ പേരുൾപ്പെടെ നൽകിയത്. കോൺഗ്രസ്സിനുപോലും ചെയ്യാൻ കഴിയാത്ത കാര്യം ഞങ്ങൾ ചെയ്തതിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉൾപ്പെടെയുള്ളവർ ഈ ഗവൺമെന്റിനെ അഭിനന്ദിക്കുകയാണ് വേണ്ടത്. എൽ.ഡി.എഫ്. ഗവൺമെന്റ് ആരംഭിച്ച സ്കോളർഷിപ്പ് പദ്ധതിയാണെങ്കിലും സി.എച്ച്. മുഹമ്മദ് കോയയുടെ പേര് മാത്രമാണ് ലീഗ് നൽകിയതെന്നതിൽ എനിക്ക് എതിർപ്പില്ല. പക്ഷേ, മറ്റുള്ളവർ അവഗണിക്കപ്പെട്ടുപോകരുത്. ന്യൂനപക്ഷ വിഭാഗങ്ങൾക്കും പൊതു സമൂഹത്തിനുംവേണ്ടി യത്നിച്ചിട്ടുള്ള വളരെ പ്രധാനപ്പെട്ടവർ അവഗണിക്കപ്പെട്ടുകൂടാ. അതുകൊണ്ടാണ് പ്രൊഫ. ജോസഫ് എം. മുണ്ടശ്ശേരിയുടെ പേരിൽ ഒരു പുതിയ സ്കോളർഷിപ്പ് പദ്ധതി ആരംഭിച്ചതും മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ പേര് ഒരു ഭവന പദ്ധതിക്ക് ഞങ്ങൾ നൽകിയതും. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 784 വിധവകൾക്കായിരുന്നു വീട് നൽകിയിരുന്നതെങ്കിൽ ഈ വർഷം ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന 1450 വിധവകൾക്കാണ് വീട് കൊടുക്കാൻ പോകുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അവസാനവർഷം വീട് കൊടുത്തത് 794 പേർക്കായിരുന്നെങ്കിൽ ഈ സർക്കാർ കൊടുക്കാൻ പോകുന്നത് 1420 പേർക്കാണ്. അതിന്റെ എണ്ണം വരുംവർഷങ്ങളിൽ ഇനിയും വർദ്ധിപ്പിക്കും.

ശ്രീ. എം. ഉമ്മർ: സർ, ബില്ലിൽ ഇടപെട്ട് നേരത്തെയും സംസാരിച്ചതാണ്. ഈ ന്യൂനപക്ഷ കമ്മീഷന് അധികാരമില്ല, അഡ്വൈസറി നേച്ചർ മാത്രമാണെന്നും അതുകൊണ്ട് ഇതിനൊരു സ്റ്റാറ്റ്യൂട്ടറി പദവി കൊടുക്കണമെന്നും ഇപ്പോഴത്തെ സംസ്ഥാന സെക്രട്ടറിയും അന്നത്തെ പ്രതിപക്ഷ ഉപനേതാവുമായ ശ്രീ. കോടിയേരി ബാലകൃഷ്ണൻ മുന്നോട്ടുവച്ച നിർദ്ദേശം വളരെ പ്രസക്തമാണ്. അതുകൊണ്ട് അത്തരത്തിലൊരു സ്റ്റാറ്റ്യൂട്ടറി അധികാരം കൊടുത്ത് ബില്ലിനെ കൂടുതൽ ശക്തിപ്പെടുത്തുന്ന കാര്യംകൂടി

ഭേദഗതിയോടൊപ്പം കൊണ്ടുവരാൻ സാധിക്കുമോ? അങ്ങ് സൂചിപ്പിച്ചതു പോലെ, കച്ചിമേമൻ, റാവുത്തർ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് സംവരണം കിട്ടുന്നില്ല, അവർക്ക് സംവരണാനുകൂല്യം കിട്ടുന്നത് സംബന്ധിച്ച ഒരു ഭേദഗതിയും കൂടി ഇക്കൂട്ടത്തിൽ കൊണ്ടുവരാൻ സാധിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, കച്ചിമേമൻ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് സംവരണം വേണമെന്ന് പാലോളി കമ്മിറ്റി ശിപാർശ ചെയ്തത് സംബന്ധിച്ച് അക്കാലത്ത് ഉത്തരവും പുറത്തിറങ്ങിയിരുന്നു. എൽ.ഡി.എഫ്. ഭരണത്തിന്റെ അവസാന കാലത്ത് വലിയ വിവാദമുണ്ടായത് ബഹുമാനപ്പെട്ട ഉമ്മർ സാഹിബ് ഓർക്കുന്നുണ്ടാകും. മലബാറിൽമാത്രം ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിച്ചുവെന്നുള്ളതായിരുന്നു ഏറ്റവും വലിയ വിമർശനം. അന്ന് മലബാറിൽമാത്രം ഹയർ സെക്കണ്ടറി സ്കൂൾ അനുവദിക്കാൻ കാരണം പാലോളി കമ്മിറ്റിയുടെ ശിപാർശ ആയിരുന്നു. മലപ്പുറം ജില്ലയിൽ അരീക്കോട് ഒരു ഗവൺമെന്റ് ഐ.ടി.ഐ. മാത്രമാണ് ഉണ്ടായിരുന്നത്. മലപ്പുറം ജില്ലയിൽ പാലോളി കമ്മിറ്റിയുടെ ശിപാർശപ്രകാരം മക്കരപ്പറമ്പിലും മാറഞ്ചേരിയിലും ചെറിയമുണ്ടത്തും മൂന്ന് ഗവൺമെന്റ് ഐ.ടി.ഐ.-കളാണ് അനുവദിച്ചത്. പാലോളി കമ്മിറ്റിയുടെ ശിപാർശ അനുസരിച്ചാണ് ആ ഗവൺമെന്റിന്റെ കാലത്ത് തീരുമാനങ്ങളെടുത്തതെന്ന് മറക്കരുത്.

ശ്രീ. എം. ഉമ്മർ : സർ, പാലോളിയും കോടിയേരിയും മഹാന്മാരായ നേതാക്കന്മാരാണെന്ന കാര്യത്തിൽ എനിക്ക് തർക്കമില്ല. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞ നല്ല നിർദ്ദേശം അങ്ങേയ്ക്ക് അധികാരം കിട്ടിയ ഈ അവസരത്തിൽ അംഗീകരിക്കാനും നടപ്പിലാക്കാനും സാധിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, ഇപ്പോൾ ചർച്ച ചെയ്യുന്നത് പാലോളി കമ്മീഷൻ റിപ്പോർട്ടിനെ സംബന്ധിച്ചാണ്. കോടിയേരി കമ്മീഷൻ റിപ്പോർട്ട് ഉണ്ടാകുമ്പോൾ തീർച്ചയായും അത് പരിഗണിക്കും.

ശ്രീ. എം. സ്വരാജ്: സർ, ബഹുമാനപ്പെട്ട മിനിസ്റ്റർ, അങ്ങ് വളരെ കാര്യമാത്ര പ്രസക്തമായും ചിലരെ പ്രയാസപ്പെടുത്തുന്ന രീതിയിലും കൃത്യമായി കാര്യങ്ങൾ പറയുമ്പോൾ മുസ്ലീംലീഗിലെ ബഹുമാന്യരായ അംഗങ്ങളാകെ അസഹിഷ്ണുക്കളാകുന്നതായി കാണുന്നു. അങ്ങ് ഇവിടെ ഈ കസേരയിൽ ഇരിക്കുന്നതും കാര്യങ്ങൾ ഭംഗിയായി ചെയ്യുന്നതും മുസ്ലീംലീഗിലെ സുഹൃത്തുക്കൾക്ക് വല്ലാത്ത അസ്വസ്ഥത ഉളവാക്കുന്നതായി തോന്നുന്നുണ്ടോ; അതിന്റെ കാരണമെന്താണ് എന്നതിനെക്കുറിച്ചറിയാമോ; മുസ്ലീംലീഗിന്റെ പരമോന്നതനായ നേതാവ് അങ്ങ് സംസാരിച്ചു കൊണ്ടിരിക്കുമ്പോൾ ഇറങ്ങിപ്പോവുകയും ചെയ്തു. ഇതൊക്കെ എന്തുകൊണ്ടായിരിക്കുമെന്നാണ് അങ്ങേയ്ക്ക് തോന്നുന്നത്?

ഡോ. കെ. ടി. ജലീൽ: സർ, അതിനെക്കുറിച്ച്..... ഈ ബില്ലിന്റെ ആധാരമെന്നുപറയുന്നത്, The National Commission Act, ആ മൂലനിയമത്തോട് താദാത്മ്യപ്പെടുക എന്നുള്ളത് മാത്രമാണ്. ഏതെങ്കിലും ഒരു വിഭാഗത്തെ ഉൾപ്പെടുത്താതിരിക്കാനല്ല ഞങ്ങൾ ഈ ഭേദഗതി കൊണ്ടുവരുന്നത്. 6 ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെടുന്നവർ ഇന്ത്യയിലുണ്ട്. അത് കണക്കാക്കി കേന്ദ്രനിയമം 1992-ൽ കൊണ്ടുവന്നപ്പോൾ എല്ലാ വിഭാഗങ്ങളുടെയും പേരെടുത്ത് പറഞ്ഞ് അവരിൽനിന്നും ഓരോ അംഗങ്ങൾ എന്നെഴുതിച്ചേർക്കാമായിരുന്നു. ഈ നിയമം കൊണ്ടുവന്നത് ഞങ്ങളാരുമല്ല. 1992-ൽ ഇന്ത്യ ഭരിച്ചതും ഈ ബിൽ ലോക സഭയിൽ പൈലറ്റ് ചെയ്തതും ആരാണ്? ആ വാക്കുകൾ ഒന്ന് ശ്രദ്ധിക്കുന്നത് നന്നായിരിക്കും, ...provided that five members including the Chairperson shall be from amongst the minority communities...നിങ്ങൾ പറയുന്നതാണ് ജനാധിപത്യമെങ്കിൽ എന്തുകൊണ്ടാണ് ആ ജനാധിപത്യം ഇതിന്റെ മൂലനിയമത്തിൽ ഉൾപ്പെടുത്താതിരുന്നത്? നാഷണൽ കമ്മീഷനിൽ കഴിഞ്ഞ പ്രാവശ്യം ആരൊക്കെയാണ് ഉണ്ടായിരുന്നത്? ഞാനതിന്റെ രാഷ്ട്രീയമൊന്നും പറയാൻ ഉദ്ദേശിച്ചതല്ല. പക്ഷേ, നിങ്ങൾ എന്നെക്കൊണ്ട് പറയിപ്പിക്കുകയാണ്. കഴിഞ്ഞതവണ ലീഗിനും കോൺഗ്രസ്സിനും കേരള കോൺഗ്രസ്സിനും വീതം വച്ചെടുക്കാനല്ലേ അത്തരത്തിലൊരു വ്യവസ്ഥ കൊണ്ടുവന്നത്. അഡ്വ. വീരാൻ കുട്ടി ചെയർമാൻ, അദ്ദേഹം ഡി.സി.സി.-യുടെ മുൻ പ്രസിഡന്റാണ്- കോൺഗ്രസ്. അഡ്വ. വി. വി. ജോഷി - കേരള കോൺഗ്രസ്, മാണി ഗ്രൂപ്പ്. അഡ്വ. മറിയുമ്മ - മുസ്ലീം ലീഗ്. നിങ്ങൾക്കിടയിലെ രാഷ്ട്രീയമായ വീതം വയ്പിനുവേണ്ടിയാണ് അങ്ങനെ "മറ്റൊരു" എന്നെഴുതി ചേർത്തത്. ഞങ്ങളെ സംബന്ധിച്ചിടത്തോളം അങ്ങനെയുള്ള താൽപ്പര്യത്തിന്റെ ആവശ്യമില്ല. മൈനോറിറ്റി കമ്മീഷൻ യഥാർത്ഥത്തിൽ മൈനോറിറ്റി കമ്മീഷനായത് ഈ ഗവൺമെന്റ് വന്നതിനുശേഷമാണ്. കാരണം ഒരു രാഷ്ട്രീയ നിറവും ഞങ്ങൾ കൊടുത്തിട്ടില്ല. മൈനോറിറ്റി കമ്മീഷന്റെ ഇപ്പോഴത്തെ ചെയർമാൻ—റിട്ടയേർഡ് വിജിലൻസ് ജഡ്ജ് ശ്രീ. പി. കെ. ഹനീഫയാണ്. ഇത്തരത്തിലുള്ള ഒരാളെയാണ് കമ്മീഷന്റെ ചെയർമാനാക്കേണ്ടത്, എന്നാലേ അതിന്റെ പ്രസ്റ്റീജ് ഉയരുകയുള്ളൂ. സത്യത്തിൽ യു.ഡി.എഫ്. ന്യൂനപക്ഷ കമ്മീഷൻ രൂപീകരിച്ചതിലൂടെ ആ കമ്മീഷന്റെ യശസ്സ് താഴ്ത്തുകയാണ് ചെയ്തത്. ഞങ്ങൾ ആ യശസ്സ് ഉയർത്തുകയാണ് ചെയ്തത്. അഡ്വ. ബിന്ദു തോമസ്, അവർ കൺസ്യൂമർ റിഡ്രെസ്സൽ ഫോറത്തിന്റെ മെമ്പറായിരുന്നു. നിയമപരിജ്ഞാനമുള്ളയാൾ, ഈ രണ്ടുപേരെ ഉൾപ്പെടുത്തിയാണ് ഞങ്ങൾ കമ്മീഷൻ കോൺസ്റ്റിറ്റ്യൂട്ട് ചെയ്തത്. ഇതിന്റെ യശസ്സുയർത്താനാണ് ഞങ്ങൾ ശ്രമിച്ചത്. അല്ലാതെ XXX* നടക്കുന്ന ആളുകളെ ഇതിന്റെ ചെയർമാൻ സ്ഥാനത്തേയ്ക്കോ മെമ്പർ സ്ഥാനത്തേയ്ക്കോ കൊണ്ടുവരാനല്ല ശ്രമിച്ചത്...... (ബഹളം).....

---

*ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഫ.നമ്പർ 957/ ഇ.ബി. /2017/നി.സെ. തീയതി 3-3-2017 പ്രകാരം രേഖയിൽനിന്നും നീക്കംചെയ്തു.

മി. സ്പീക്കർ: xxxx* എന്നുപറഞ്ഞാൽ 'അങ്ങോട്ടുമിങ്ങോട്ടും' എന്നാണ് അർത്ഥം.

ശ്രീ. സി. മമ്മൂട്ടി: സർ, പോയിന്റ് ഓഫ് ഓർഡർ. ഒരു ന്യൂനപക്ഷ കമ്മീഷന്റെ ചെയർമാനായിരുന്ന അഡ്വക്കേറ്റായ ഒരാൾ, ഈ സമൂഹത്തിൽ മാന്യമായ ഒരു സ്ഥാനം വഹിച്ചിരുന്ന ഒരാളെ അവഹേളിക്കുന്ന തരത്തിലുള്ള ഒരു പരാമർശം നടത്താൻ പാടില്ല. അത് ഓർഡറിൽ ആണോ. ആ പരാമർശം നീക്കം ചെയ്യേണ്ടതാണ്.

മി. സ്പീക്കർ: അവഹേളിക്കുന്ന പരാമർശമെന്താണ്;.......(ബഹളം)... xxx എന്നുപറഞ്ഞാൽ 'അങ്ങോട്ടുമിങ്ങോട്ടും' എന്നാണ് ചെയർ മനസ്സിലാക്കുന്നത്. അതിലപ്പുറമൊരു അർത്ഥമുണ്ടെങ്കിൽ പരിശോധിച്ച് നടപടി സ്വീകരിക്കാം. ... (ബഹളം)

ഡോ. കെ. ടി. ജലീൽ: സർ, ഞാനേതെങ്കിലും.... (ബഹളം).....

മി. സ്പീക്കർ: 'അങ്ങോട്ടുമിങ്ങോട്ടും' എന്നത് ഒരു വായ്മൊഴി എന്നാണ് ഞാൻ മനസ്സിലാക്കിയത്. അങ്ങു പറഞ്ഞതുപോലെ എന്തെങ്കിലും അർത്ഥമുണ്ടെങ്കിൽ പരിശോധിച്ച് നടപടി സ്വീകരിക്കാം...നിങ്ങൾ ദയവായി ഇരിക്കണം.

ശ്രീ. സി. മമ്മൂട്ടി: സർ, xxx എന്നുപറഞ്ഞാൽ 'അലഞ്ഞുനടക്കുന്നവൻ' എന്നാണ് അർത്ഥം വരുന്നത്.

മി. സ്പീക്കർ: അങ്ങനെ തെറ്റായ ഒരർത്ഥമുണ്ടെങ്കിൽ പരിശോധിച്ച് നടപടി സ്വീകരിക്കാം.... (ബഹളം)... ഞാൻ പറഞ്ഞല്ലോ, ഇരിക്കൂ. അത് പരിശോധിക്കാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അഡ്വ. ബീരാൻകുട്ടി എന്റെ കൂടെ കെ.എസ്.യു.-വിൽ പ്രവർത്തിച്ചിരുന്ന ആളാണ്. കൂടാതെ കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ഉന്നതതല സമിതിയിലുണ്ടായിരുന്ന ആളാണ്. വക്കീൽ പ്രൊഫഷനിൽ നന്നായി പ്രാക്ടീസ് ചെയ്തിരുന്ന ആളാണ്. ആ ആളിന്റെ പേര് പറഞ്ഞതിനുശേഷമാണ് ഈ വിശേഷണം വരുന്നത്. ആ ആളിന്റെ പേര് വായിച്ചു. വായിച്ചതിനുശേഷമാണ് പറയുന്നത്. xxxx എന്നുപറഞ്ഞാൽ 'തെക്ക് വടക്ക് നടക്കുക' എന്നുമാത്രമല്ല 'അലഞ്ഞുനടക്കുന്ന' എന്നുതന്നെയാണ്. അലഞ്ഞുനടക്കുന്നതാണോ വക്കീൽ. അലഞ്ഞുനടക്കുന്നതാണോ പൊതുപ്രവർത്തകൻ. ഇരിക്കുന്ന സ്ഥലത്ത് തുപ്പി വയ്ക്കുന്നത് ശരിയല്ല.

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഫ.നമ്പർ 957/ ഇ.ബി. /2017/നി.സെ. തീയതി 3-3-2017 പ്രകാരം രേഖയിൽനിന്നും നീക്കംചെയ്തു.

<u>മി. സ്പീക്കർ:</u> തെറ്റായ ഒരർത്ഥമുണ്ടെങ്കിൽ പരിശോധിക്കാമെന്ന് പറഞ്ഞല്ലോ.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, അതുകൊണ്ട് ഞാൻ പറയുന്നത് അങ്ങയുടെ റൂളിംഗിനെക്കാൾ ഭംഗി ഡോ. കെ. ടി. ജലീൽ അങ്ങ് ഇത് പിൻവലിക്കുന്നതാണ്. അങ്ങയുടെ മാന്യത വർദ്ധിക്കുകയേയുള്ളൂ. അങ്ങിത് പിൻവലിക്കണമെന്നതാണ് എന്റെ അഭിപ്രായം.

<u>മി. സ്പീക്കർ:</u> പ്ലീസ്.. പ്ലീസ്. ആ വിഷയത്തിന്മേൽ ഇനി വിശദീകരണം വേണ്ട. .... (ബഹളം).... ഞാൻ പരിശോധിക്കാമെന്നല്ലേ പറഞ്ഞത്.

<u>ശ്രീ. ഇ. കെ. വിജയൻ:</u> സർ, XXX* എന്നതിന്റെ അർത്ഥം 'അനന്തവിഹായസ്സിലേയ്ക്ക്' എന്നാണ്. അതിന് 'തെക്കുവടക്ക്' എന്നൊരു അർത്ഥമില്ല. ആ രീതിയിലാണ് ഞങ്ങൾ കാണുന്നത്. വളരെ മനോഹരമായ വാക്കാണ് ഇവിടെ അവതരിപ്പിച്ചത്...... (ബഹളം)

<u>മി. സ്പീക്കർ:</u> ഭാഷയുടെ ഒരു പണ്ഡിതസഭയല്ല ഇത്. അത് പരിശോധിച്ച് ചെയർ നിലപാട് സ്വീകരിക്കാം. തൽക്കാലം ഇരിക്കൂ. ഒരിക്കൽ റൂളിംഗ് നൽകിയാൽ റൂളിംഗ് നൽകിയത് തന്നെയാണ്. നാളെ മാറുകയില്ല.

<u>ഡോ. കെ. ടി. ജലീൽ:</u> സർ, ഞാൻ ആരെയും അവമതിക്കാൻവേണ്ടി ഒന്നും പറഞ്ഞിട്ടില്ല. ഏതെങ്കിലുമൊരു വ്യക്തിയെ സൂചിപ്പിച്ചും ഞാൻ പറഞ്ഞിട്ടില്ല. ഞാൻ മൂന്നുപേരുടെയും പേര് പറഞ്ഞല്ലോ; ഞാൻ പറഞ്ഞത് ഈ ഗവൺമെന്റ് മൈനോരിറ്റി കമ്മീഷന്റെ യശസ്സുയർത്തി. അതിന് യോജ്യരും യോഗ്യരുമായിട്ടുള്ള ആളുകളെ ആ സ്ഥാനത്ത് വച്ചു എന്നുള്ളതിൽ യഥാർത്ഥത്തിൽ അപ്പുറത്തിരിക്കുന്നവർ ഈ ഗവൺമെന്റിനെ അഭിനന്ദിക്കുകയാണ് വേണ്ടത്. ഞങ്ങൾ ഏതെങ്കിലും വിഭാഗത്തെ അപമാനിക്കാൻ വേണ്ടിയോ അവമതി ഉളവാക്കാൻവേണ്ടിയോ അല്ല പറഞ്ഞത്, അല്ലെങ്കിൽ ഇതിൽനിന്ന് ഒഴിവാക്കാൻ വേണ്ടിയുമല്ല ഈ ബിൽ കൊണ്ടുവരുന്നത്. അങ്ങനെയാണെങ്കിൽ ശ്രീ. ഹനീഫയെയും അഡ്വ. ബിന്ദു തോമസിനെയും ഞങ്ങൾ വയ്ക്കേണ്ട കാര്യമില്ലല്ലോ. കഴിഞ്ഞപ്രാവശ്യം നിങ്ങൾ വച്ചത് ആരെയാണ്; അതൊക്കെ ഞാൻ പറഞ്ഞല്ലോ. ആരെയും ഒഴിവാക്കാൻ വേണ്ടിയിട്ടല്ല. XXX എന്നുള്ള വാക്കിനോടാണ് നിങ്ങൾക്ക് അലർജിയെങ്കിൽ ഞാനത് പിൻവലിക്കുന്നു.

<u>മി. സ്പീക്കർ:</u> അങ്ങ് പൂർത്തീകരിക്കൂ.

---

*ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഫ.നമ്പർ 957/ ഇ.ബി. /2017/നി.സെ. തീയതി 3-3-2017 പ്രകാരം രേഖയിൽനിന്നും നീക്കംചെയ്തു.

ഡോ. കെ. ടി. ജലീൽ: സർ, കേന്ദ്ര സർക്കാർ കൊണ്ടുവന്നിട്ടുള്ള ബില്ലിനോട്..

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഇവിടെ ശ്രീ. വി. എസ്. അച്ചുതാനന്ദൻ എത്രയോ പ്രാവശ്യം XXX എന്നുള്ള പ്രയോഗം നടത്തിയിട്ടുണ്ട്. അപ്പുറത്തുള്ള ആൾക്കാരും XXX* എന്നുള്ള പ്രയോഗം നടത്തിയിട്ടുണ്ട്. ഇനിയിപ്പോൾ അഡ്വ. ബീരാൻകുട്ടിയെപ്പറ്റിയാണ് പറയുന്നതെങ്കിൽ ഞാനും അദ്ദേഹവുമൊക്കെ ഒരു കാലഘട്ടത്തിൽ വിദ്യാർത്ഥി സംഘടനകളിലുണ്ടായിരുന്ന ആളുകളാണ്. അദ്ദേഹം ആദ്യം ഫെർണാണ്ടസിന്റെ കൂടെയായിരുന്നു. പിന്നീട് കോൺഗ്രസിൽ വന്നു. ആ രൂപത്തിലും XXX തന്നെയാണ്. അത് പിൻവലിക്കേണ്ട യാതൊരാവശ്യവുമില്ല. .....(ബഹളം).....

ഡോ. കെ. ടി. ജലീൽ: സർ, കേന്ദ്ര നിയമത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് കൊണ്ടുവന്നിട്ടുള്ള ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു..... (ബഹളം)

മി. സ്പീക്കർ: പ്ലീസ് ഇരിക്കൂ. ദയവായി ചെറിയ കാര്യങ്ങളെപ്പറ്റി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെപോലെയുള്ള ആളുകൾ ഇത്രയും ബഹളമുണ്ടാക്കരുത്... പ്ലീസ് ഇരിക്കൂ.

ശ്രീ. എ. കെ. ബാലൻ: സർ, XXX എന്ന പ്രയോഗം ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ നടത്തിയിട്ടുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ....(മൈക്ക് ഓഫ്)... അങ്ങനെയൊരു പ്രയോഗമല്ല, ആളുകളുടെ പേര് പറഞ്ഞതിനുശേഷം പറഞ്ഞുവെന്നാണ് ഞാൻ പറഞ്ഞത്.

മി. സ്പീക്കർ: പ്ലീസ് ഇരിക്കൂ.. ചെയർ ഒരു കാര്യം കൃത്യമായി പറഞ്ഞല്ലോ. ചെയറിന്റെ ഒരു ഗ്രാഹ്യം പറഞ്ഞു. തെറ്റായ അർത്ഥമുണ്ടെങ്കിൽ പരിശോധിച്ച് പറയാം. നിങ്ങൾ പിന്നെയും ബഹളമുണ്ടാക്കേണ്ട കാര്യമില്ല. ഇരിക്കൂ. ഡോ. കെ. ടി. ജലീൽ പിൻവലിച്ചതുകൊണ്ട് അത് ഭാഷയിലെ മോശപ്പെട്ട പദമാകുന്നില്ല. ...(ബഹളം).. പ്ലീസ്.. ഇരിക്കൂ.

ശ്രീ. എ. കെ. ബാലൻ: സർ, റൂളിംഗ് കൊടുത്തുകഴിഞ്ഞാൽ ആ വാചകം പിന്നീട് ഉപയോഗിക്കാൻ പറ്റുകയില്ല. പ്രസംഗത്തിന്റെ ഇടയിൽ നിങ്ങൾക്കും ഞങ്ങൾക്കും ഉപയോഗിക്കാം. ആ കോംപ്രമൈസിന്റെ രൂപത്തിൽ നമുക്ക് അംഗീകരിക്കാം. നിങ്ങളുപയോഗിച്ചോളൂ.

---

*ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഫ.നമ്പർ 957/ ഇ.ബി. /2017/നി.സെ. തീയതി 3-3-2017 പ്രകാരം രേഖയിൽനിന്നും നീക്കംചെയ്തു.

മി. സ്പീക്കർ: ശ്രീ. ടി. വി. ഇബ്രാഹിം 2017-ലെ ഒന്നാം നമ്പർ ഓർഡിനൻസായ 2017-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. അനൂപ് ജേക്കബ്: സർ,ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ, അങ്ങയുടെ 1 (ബി) നമ്പർ ഭേദഗതി ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2017-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ (ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ഓർഡർ.... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2017 മാർച്ച് 3-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 2.20-ന് പിരിഞ്ഞു.)